# കേരളീയ മുസ്ലിം ജീവിതാവിഷ്കാരം ആധുനിക കഥാഖ്യാനത്തിൽ:
## ബി.എം.സുഹറയുടെ രചനകളെ മുൻനിർത്തിയുള്ള പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധം

**സജ്നമോൾ. ആമ്യൻ**

**മലയാളവിഭാഗം**
**ശ്രീനീലകണ്ഠ ഗവ. സംസ്കൃതകോളേജ്, പട്ടാമ്പി**
**കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗവേഷണകേന്ദ്രം**

**2022**

# LIFE OF KERALA MUSLIM IN MODERN FICTION NARRATION:
## A STUDY BASED ON THE WRITINGS OF B.M. SUHRA

**A Thesis submitted to the University of Calicut**
**for the Degree of Doctor of Philosophy**

**SAJNAMOL. AMIAN**

**DEPARTMENT OF MALAYALAM**
**SNGS COLLEGE**
**PATTAMBI**

**2022**

# സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി
തിയ്യതി:

**സജ്നമോൾ. ആമ്യൻ**

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച്.ഡി. ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **കേരളീയ മുസ്ലിം ജീവിതാവിഷ്കാരം ആധുനിക കഥാഖ്യാനത്തിൽ: ബി.എം.സുഹറയുടെ രചനകളെ മുൻനിർത്തിയുള്ള പഠനം** എന്ന ഈ പ്രബന്ധം **സജ്നമോൾ. ആമ്യൻ** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ചു പിഴവുകൾ തീർത്തു സമർപ്പിക്കുന്ന രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**സജ്നമോൾ ആമ്യൻ**
ഗവേഷക
എസ്.എൻ.ജി.എസ്. കോളേജ്
പട്ടാമ്പി

**ഡോ. പി. ഗീത**
മാർഗ്ഗദർശക
(അസോസിയേറ്റ് പ്രൊഫസർ റിട്ട.
മലയാളവിഭാഗം
എസ്.എൻ.ജി.എസ്. കോളേജ്
പട്ടാമ്പി)

പട്ടാമ്പി
തിയ്യതി :

# കൃതജ്ഞത

**"കേരളീയ മുസ്ലിം ജീവിതാവിഷ്കാരം ആധുനിക കഥാഖ്യാനത്തിൽ: ബി.എം. സുഹറയുടെ രചനകളെ മുൻനിർത്തിയുള്ള പഠനം"** എന്ന ഗവേഷണ പ്രബന്ധത്തിന്റെ രചനയിൽ ആത്മാർത്ഥമായി ഇടപെടുകയും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും പുസ്തകങ്ങളും മറ്റു സഹായസഹകരണങ്ങളും നൽകുകയും ചെയ്തുതന്ന മാർഗ്ഗനിർദ്ദേശക ഡോ. പി. ഗീതയോടുള്ള എന്റെ നന്ദിയും സ്നേഹവും കടപ്പാടും ഞാൻ അറിയിക്കുന്നു.

കൂടാതെ ഗവേഷണത്തിന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതന്ന പട്ടാമ്പി ശ്രീനിലകണ്ഠ ഗവ: സംസ്കൃത കോളേജ് മലയാളവിഭാഗം തലവൻ ഡോ. എച്ച്.കെ. സന്തോഷ്, കോ.ഗൈഡ്, ഡോ. തനുജ ജി. മറ്റദ്ധ്യാപകർ കോളേജിലെ മറ്റു ജീവനക്കാർ, കാലടി സംസ്കൃത സർവ്വകലാശാല അധ്യാപകൻ ഡോ. പി. പവിത്രൻ എന്നിവരോടുള്ള എന്റെ നന്ദി അറിയിക്കുന്നു.

വിവരശേഖരണത്തിന് സഹായിച്ച എഴുത്തുകാരി ബി.എം. സുഹറ, പട്ടാമ്പി കോളേജ് ലൈബ്രറി, തൃശൂർ കേരള സാഹിത്യ അക്കാദമി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, സി.എച്ച്. മുഹമ്മദ് കോയ സ്മാരക ലൈബ്രറി, ഗീതടീച്ചറുടെയും പവിത്രൻ മാഷിന്റെയും സ്വകാര്യ ലൈബ്രറി എന്നിവയോടും അവിടുത്തെ ജീവനക്കാരോടും ഡി.ടി.പി. ചെയ്തു സഹായിച്ച ബിന ഫോട്ടോസ്റ്റാറ്റ്, കൈരളി പ്രിന്റേർസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ജീവനക്കാരോടും എനിക്ക് ഏറെ നന്ദിയുണ്ട്. ഇതിൽ ഭാഗഭാക്കായ സമൂഹത്തിലെ ഓരോ വ്യക്തിയോടും എന്റെ നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കുന്നു. പ്രോത്സാഹനങ്ങളും സ്നേഹവും സഹായങ്ങളുമായി എനിക്കൊപ്പം നിന്ന കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരോട് നന്ദിയും സ്നേഹവുമുണ്ട്.

**സജ്നമോൾ. ആമ്യൻ**

# ഉള്ളടക്കം


| | | പുറം നമ്പർ |
|---|---|---|
| | **ആമുഖം** | 1 – 10 |
| **1.** | **ഇസ്ലാംമതം : കേരളീയ പരിസരം** | 11 – 81 |
| | 1.1. കേരളത്തിലേക്ക് ഇസ്ലാംമതത്തിന്റെ വരവിന്റെ ചരിത്രം | 11 |
| | 1.2. മുസ്ലിം വിശ്വാസങ്ങളും ആചാരങ്ങളും | 32 |
| | 1.3. കേരളീയമുസ്ലിം നവോത്ഥാനവുംജീവിതവും | 40 |
| | 1.4. ഭാഷയും ആവിഷ്കാരങ്ങളും | 56 |
| | 1.5. മുസ്ലിംജീവിതാവിഷ്കാരം മലയാളകൃതികളിൽ | 61 |
| | 1.6. മുസ്ലിംസ്ത്രീകളും സാഹിത്യവും | 75 |
| **2.** | **ബി.എം. സുഹറയുടെ കൃതികളിലെ മതപരമായ ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, ചടങ്ങുകൾ എന്നിവയുടെ ചിത്രീകരണം** | 82 – 176 |
| | 2.1 ആചാരാനുഷ്ഠാനങ്ങൾ | 82 |
| | 2.2. വിശ്വാസങ്ങൾ | 117 |
| | 2.3. വിശ്വാസപരമായ ആഘോഷങ്ങൾ | 149 |
| | 2.4. ഇതരവിശ്വാസങ്ങളും ആചാരങ്ങളും | 157 |
| | 2.5. വ്യക്തിനിഷ്ഠമായ പ്രാർത്ഥനകൾ | 172 |
| **3.** | **ബി.എം. സുഹറയുടെ കൃതികളിലെ മുസ്ലിംസാമുദായിക ജീവിതം/ജീവിതരീതികൾ** | 177 – 260 |
| | 3.1. ചടങ്ങുകൾ | 177 |
| | 3.2. വസ്ത്രധാരണം | 228 |
| | 3.3. പാചകരീതികൾ | 243 |

| | | |
|---|---|---|
| **4.** | **ബി.എം. സുഹറയുടെ കൃതികളിലെ ബന്ധചിത്രീകരണം** | 261 – 387 |
| | 4.1. അച്ഛൻ-മക്കൾ ബന്ധം | 261 |
| | 4.2. അമ്മ-മക്കൾ ബന്ധം | 283 |
| | 4.3. സാഹോദര്യബന്ധം | 314 |
| | 4.4. ഭാര്യ-ഭർത്തൃബന്ധം | 331 |
| | 4.5. മറ്റു ബന്ധങ്ങൾ | 355 |
| **5.** | **ബി.എം. സുഹറയുടെ കൃതികളിലെ ഭാഷയും അധികാരവും** | 388 – 435 |
| | 5.1. സ്ത്രീ-പുരുഷ ഭാഷകൾ | 388 |
| | 5.2. ഭാഷയിലെ സാമ്പത്തികാധികാരം | 401 |
| | 5.3. ശൈലികൾ പഴഞ്ചൊല്ലുകൾ | 407 |
| | 5.4. ഒപ്പനപ്പാട്ടുകൾ | 414 |
| | 5.5. താരാട്ടുപാട്ട് | 415 |
| | 5.6. മൗലൂദ് പാരായണം | 416 |
| | 5.7. സാമുദായിക സാങ്കേതിക പദങ്ങൾ | 417 |
| | 5.8. ചാർച്ചാപേരുകൾ | 420 |
| **6.** | **ബി.എം. സുഹറയുടെ കൃതികളിലെ സ്ത്രീസ്വത്വാവിഷ്കാരം** | 436 – 457 |
| | 6.1. വിധേയകളായ സ്ത്രീകൾ | 436 |
| | 6.2. സ്ത്രീകളുടെ സംഘർഷവും പൊരുതലും | 443 |
| | 6.3. സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ | 451 |
| **7.** | **നിരീക്ഷണങ്ങളും നിഗമനങ്ങളും** | 458 – 475 |
| | **ഗ്രന്ഥസൂചി** | 476 – 507 |
| | **പദസൂചി** | 508 – 510 |

# ആമുഖം

പത്തൊൻപതാം നൂറ്റാണ്ടോടുകൂടി ഇന്ത്യയൊട്ടുക്കു നവോത്ഥാനത്തിന്റെ ശക്തമായ മുന്നേറ്റം സാധ്യമായി. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ അനന്തര ഫലമായി വ്യക്തികളുടെ ചിന്തകളിലും പ്രവൃത്തികളിലും മാറ്റങ്ങൾ വന്നു. അച്ചടിയും പത്രങ്ങളും മാസികകളുമെല്ലാം അതിന് ആക്കംകൂട്ടി. സ്വാതന്ത്ര്യവും ഉയർച്ചയും കൊതിക്കുന്ന മധ്യവർഗ്ഗം പരമ്പരാഗത വിശ്വാസത്തെയും അനാചാരങ്ങളെയും ചോദ്യം ചെയ്തുതുടങ്ങി. കേരളത്തിലെ മുസ്ലിങ്ങൾക്കിടയിലും ഈ പരിവർത്തനങ്ങൾ നടന്നു. മുസ്ലിംജീവിതം പശ്ചാത്തലമാക്കി രചിക്കുന്ന കൃതികളിലും ആ മാറ്റങ്ങൾ കാണാൻ തുടങ്ങി.

ഇതരഭാഷകളിലേതുപോലെ മലയാളസാഹിത്യത്തിലും സാമൂഹിക ജീവിതത്തെ പ്രമേയമാക്കിക്കൊണ്ടുള്ള ധാരാളം നോവലുകൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം മുസ്ലിംജനവിഭാഗത്തിന്റെ ആന്തരികവും ബാഹ്യവുമായ യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുന്ന അനേകം നോവലുകളുമുണ്ടായി. മുസ്ലിംസാന്നിദ്ധ്യം ശ്രദ്ധേയമായവിധം മലയാളനോവലിൽ അവതരിപ്പിച്ചതു സി.വി.രാമൻപിള്ളയാണ്. *മാർത്താണ്ഡവർമ്മ* എന്ന നോവലിൽ കഥാനായകന് അഭയം നൽകുന്നവർ മുസ്ലിങ്ങളാണ്. രാജ്യസ്നേഹികളായ ഷംസുദ്ദീനെയും സുലൈഖയെയും ആ കൃതിയിൽ കാണാം. അതുപോലെ ഒ. ചന്തുമേനോന്റെ *ഇന്ദുലേഖ*യിൽ ആനുഷംഗികമായി ചിത്രീകരിക്കപ്പെട്ട ഷിയർ ആലിഖാൻ എന്ന സാങ്കല്പിക കഥാപാത്രം വിദ്യാസമ്പന്നനാണ്.

ആഗ്രഹിച്ചജീവിതം നിഷേധിക്കപ്പെട്ടു മറ്റാർക്കൊക്കെയോ വേണ്ടി ജീവിതം തള്ളിനീക്കുന്ന സ്ത്രീകഥാപാത്രങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമാണ് ഉറൂബിന്റെ ഉമ്മാച്ചു. സങ്കടത്തിൽ വെന്തു നീറുമ്പോഴും ദുരിതങ്ങളെ

ഒന്നൊന്നായിതള്ളിമാറ്റാൻ കഴിഞ്ഞ മുസ്ലിംപെണ്ണിന്റെ കരുത്തുറ്റ ചിത്രമാണ് ഉമ്മാച്ചുവിലുള്ളത്. ഉറൂബിന്റെ *സുന്ദരികളും സുന്ദരന്മാരി*ലെ ഖദീജയും എം. ടിയുടെ *പാതിരാവും പകൽവെളിച്ചവും* എന്ന നോവലിലെ ഫാത്തിമയും ശ്രദ്ധേയരായ കഥാപാത്രങ്ങളാണ്. ചെറുകാടിന്റെ *പ്രമാണി*യിലും അതിശക്തമായ മുസ്ലിംജീവിതചിത്രീകരണമുണ്ട്.

നാടകരംഗത്തും ഈ വിഷയം പ്രമേയമാക്കി ധാരാളം രചനകൾ നടന്നിട്ടുണ്ട്. ഇ.കെ. അയമുവിന്റെ *ജ്ജ് നല്ലൊരു മനിസനാകാൻ നോക്ക്*, കെ.ടി.മുഹമ്മദിന്റെ *ഇത് ഭൂമിയാണ്* എന്നിവ. ഇവയിലെല്ലാം സാമുദായിക അധികാരത്തിന്റെയും പുരുഷാധികാരത്തിന്റെയും ഇടയിൽപ്പെട്ട് ഉറക്കെ ശബ്ദിക്കാൻപോലുമാവാതെ ആജ്ഞാനുവർത്തികളായി കഴിയാൻ വിധിക്കപ്പെട്ടു മരണത്തേക്കാൾ വലിയ ദുരന്തത്തിന്റെ വേദനയുംപേറി കഴിയേണ്ടിവരുന്ന സ്ത്രീകളുടെ നീണ്ടനിരതന്നെ കാണാം.

കാലംകൊണ്ടു പല മാറ്റങ്ങളും കേരളത്തിലെ മുസ്ലിംജീവിതത്തിൽ സംഭവിച്ചു. കഥാപാത്ര ചിത്രീകരണങ്ങളിലും ആഖ്യാനശൈലിയിലും ആചാരാനുഷ്ഠാനങ്ങളിലും സ്ത്രീകഥാപാത്രങ്ങളിലുമെല്ലാം ആ മാറ്റം പ്രകടമാകുവാൻ തുടങ്ങി. ബി.എം.സുഹറയുടെ *കിനാവ്*, *ആകാശഭൂമികളുടെ താക്കോൽ*, സഹീറ തങ്ങളുടെ *റാബിയ*, ഖദീജ മുംതാസിന്റെ *ആതുരം*, നസീറയുടെ കൃതികൾ എന്നിവയിലെല്ലാം ആ മാറ്റങ്ങൾ കാണാം. മാപ്പിളപ്പെണ്ണിന്റെ വേറിട്ട ശബ്ദവും ചിന്തയും ഈ നോവലുകളിൽ വ്യക്തമാവുന്നുണ്ട്. മുഖ്യമായും മുസ്ലിംജനജീവിതത്തെ പ്രമേയമാക്കി എഴുതപ്പെട്ട ബി.എം.സുഹറയുടെ രചനകളെ പ്രഥമാകരസാമഗ്രിയായിസ്വീകരിച്ചുകൊണ്ടു മലയാളനോവലുകളിലെ കേരളീയമുസ്ലിംജീവിതാവിഷ്കാരത്തെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിലൂടെ നടക്കുന്നത്.

**പഠനത്തിന്റെ പ്രസക്തിയും ലക്ഷ്യവും**

കാലത്തിന്റെ മാറ്റം സാഹിത്യകൃതികളിലെ പ്രമേയങ്ങളിലും പ്രതിഫ ലിക്കും. നോവലുകളിലെ കഥാപാത്രങ്ങളിലും അവരടങ്ങിയ സാമൂഹിക ചുറ്റുപാടുകളിലും ഈ മാറ്റം പ്രതിഫലിക്കുന്നു. ആദ്യകാലമുസ്ലിം സമൂഹത്തിന്റെ കഥകൾ പറയുന്നനോവലുകളും ആധുനികകാലത്ത് എഴുത പ്പെട്ട അതേ പ്രമേയം വരുന്ന നോവലുകളും പരിശോധിക്കുമ്പോൾ അവയിലെ സ്ത്രീപുരുഷബന്ധം, ഭാഷാശൈലി പ്രയോഗങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, സാമൂഹികജീവിതം എന്നിവ വ്യത്യസ്തമാകുന്നതതുകൊണ്ടാണ്. ഇത്തരത്തിൽ കേരളീയമുസ്ലിംജീവിതവും അതിന്റെ പരിണാമഘട്ടങ്ങളും ബി.എം.സുഹറയുടെ നോവലുകളിൽനിന്നും കണ്ടെത്തുകയാണു പഠനലക്ഷ്യം. ഇതിന്റെ ഫലമായി ചരിത്രവും സാഹിത്യവും തമ്മിൽ പരസ്പരം ഇടപെടുന്നതിലൂടെ സംഭവി ക്കുന്ന ജീവിതമാറ്റങ്ങൾ അടയാളപ്പെടുത്താൻ കഴിയുന്നു. മുഖ്യധാര വിട്ടു പോയ ചരിത്രസംഭവങ്ങളെ പൂരിപ്പിക്കാൻ ഇത്തരം ബദൽ ചരിത്രങ്ങൾക്കു സാധ്യമാകുന്നു. ആഖ്യാനമാതൃകകളും ജീവിതവും തമ്മിലുള്ള പരസ്പര ബന്ധം വിശകലനം ചെയ്യുമ്പോൾ ഒരേസമയം ജീവിതത്തെയും സാഹിത്യ ത്തെയും പ്രശ്നവത്കരിക്കാൻ സാധിക്കുന്നു.

**പരികല്പന**

മുസ്ലിംജനവിഭാഗത്തിന്റെ ബാഹ്യവും ആന്തരികവുമായ ജീവിതപശ്ചാ ത്തലങ്ങൾ പ്രമേയമാക്കി അനേകം നോവലുകൾ രചിക്കപ്പെട്ടിട്ടുണ്ട്. അതതു കാലഘട്ടങ്ങളിലെ സാമൂഹികചുറ്റുപാടിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളവയാ യിരുന്നു അവ. എന്നാൽ കാലഘട്ടം സാഹിത്യസൃഷ്ടികളിൽ മാറ്റങ്ങൾ വരു ത്തിയതുപോലെ ആധുനികകാലത്തു മുസ്ലിംജീവിതം പ്രമേയമാക്കി എഴുത പ്പെട്ട നോവലുകളിലും ആ പരിവർത്തനങ്ങൾ സംഭവിക്കുകയുണ്ടായിട്ടുണ്ട് എന്ന പൂർവ്വസങ്കല്പനത്തിൽ നിന്നാണ് ഈ ഗവേഷണമാരംഭിക്കുന്നത്. ഏതു

സമൂഹത്തിലായാലും സ്ത്രീകൾ പറഞ്ഞുതുടങ്ങുമ്പോൾ ആ സമൂഹത്തിന്റെ ചരിത്രവും സാധ്യതയും മറ്റൊന്നായിമാറുന്നു. ബി.എം.സുഹറ എന്ന എഴുത്തുകാരിയുടെ കൃതികളിലും അതങ്ങനെത്തന്നെ ആയിരിക്കാനേ സാധ്യതയുള്ളൂ. ആ നിലക്ക് അവരുടെ നോവലുകളിലെ മുസ്ലിംജീവിതചിത്രീകരണം സ്ത്രീ അനുഭവങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുമെന്നതാണു പരികല്പന. അപ്പോൾ സ്ത്രീയുടെ ഭാഗത്തുനിന്നുള്ള പുതിയ സാമൂഹികസാംസ്കാരിക ചരിത്രമായിരിക്കും അത്.

**രീതിശാസ്ത്രം**

ബഹുസാംസ്കാരികവാദത്തിന്റെ വിശേഷിച്ചു സ്ത്രീവാദവിമർശനത്തിന്റെ സഹായത്തോടെയാണ് ഈ പഠനം മുന്നോട്ടുപോയിട്ടുള്ളത്. കേരളചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ആധുനികീകരണപ്രക്രിയയെ പരിശോധിക്കുന്ന നിലപാടുകൾ ഈ പഠനത്തിന് ഉപയോഗിക്കുന്നു.

**പഠനമേഖല**

മലയാളനോവലുകളിലെ മുസ്ലിംസാമൂഹ്യജീവിതത്തിനും മലയാളനോവലിന്റെ പ്രമേയത്തിനും കാലാനുസൃതമായി സംഭവിച്ച മാറ്റങ്ങൾ മനസ്സിലാക്കുന്നതിനായി ബി.എം.സുഹറയുടെ 2015 വരെ എഴുതപ്പെട്ട നോവൽ, ചെറുകഥകൾ, ലേഖനസമാഹാരം, അനുഭവക്കുറിപ്പുകൾ എന്നീ രചനകളിൽ ചിത്രീകരിക്കപ്പെട്ട കേരളീയമുസ്ലിംജീവിതമാണു പഠനവിധേയമാക്കുന്നത്. ആധുനികമലയാളകഥാഖ്യാനത്തിന്റെ ശക്തമായ മുസ്ലിംസ്ത്രീ പ്രതിനിധിയായാണു ബി.എം.സുഹറയെ ഈ പ്രബന്ധം പരിഗണിക്കുന്നത്. ആ നിലക്ക് അവരുടെ കൃതികളിൽ പ്രതിഫലിക്കുന്ന കേരളീയമുസ്ലിംജീവിതത്തെ കണ്ടെത്താൻ കഴിയുംവിധമാണു പഠനമേഖല ചിട്ടപ്പെടുത്തിയിരിക്കുന്നത്. മുസ്ലിംജീവിതാവിഷ്കാരങ്ങൾ അവതരിപ്പിച്ചിട്ടുള്ള ബി.എം.സുഹറയുടെ നോവലുകളായ *കിനാവ്, ഇരുട്ട്, മൊഴി, നിലാവ്, നിഴൽ, ആശാശഭൂമികളുടെ താക്കോൽ,*

*പ്രകാശത്തിനുമേൽ പ്രകാശം,* എന്നീ നോവലുകളും അതേ പ്രമേയമുൾക്കൊള്ളുന്ന ചെറുകഥകളായ *ബാവ, കളിത്തത്ത, കർമപുസ്തകം, നേർച്ചക്കാള, കരച്ചപ്പെട്ടി, ആകാശഭൂമികളുടെ താക്കോൽ, അസ്രായിൽ, ചോയിച്ചി, വത്തക്ക, കെട്ട്യോൻ, മൗനത്തിന്റെ അന്ത്യം, നേർച്ചക്കോഴികൾ, പേറ്റിച്ചി, സാക്ഷരത, നരകവാതിലുകൾ, കുഹൂ...കുഹൂ.., ആകാശപ്പറവകൾ, ഹാജ്യാരുടെ ഭാര്യ, അദൃശ്യങ്ങളെ അറിയുന്നവൻ, അവനെ നരകാഗ്നിയിൽ എരിക്കുവിൻ, ആത്മഹത്യയുടെ പൊരുൾതേടരുത്, ഒരിക്കൽക്കൂടി, അറബിപ്പുതിയാപ്ല, കദീശുമ്മ, പാവം അതൃമാൻകുട്ടി, ഇണ്ണേക്കൻ, പൊങ്ങച്ചപ്പാത്തുമാരുടെ ലോകം, യാത്രയിലെ ദുരിതങ്ങൾ, വെറുതേഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു* എന്നിവയും പഠനമേഖലയിൽ ഉൾപ്പെടുന്നു. കൂടാതെ ആശയപരമായ വ്യക്തതക്കു വേണ്ടി ബി.എം.സുഹറയുടെ *ആരോടു ചൊല്ലേണ്ടു നാം* എന്ന ലേഖനസമാഹാരവും *ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ* എന്ന അനുഭവക്കുറിപ്പും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ബി.എം.സുഹറയുടെ രചനകളിലധികവും കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മുസ്ലിംജീവിത ചിത്രീകരണമാണ് ഉള്ളത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും കൃതികളെ പഠിക്കുമ്പോൾ കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മുസ്ലിംജീവിത ചിത്രീകരണമാണു കടന്നുവരുന്നത്.

**പൂർവ്വകാലപഠനങ്ങൾ**

മലയാളസാഹിത്യത്തിലെ മുസ്ലിംജീവിതത്തെക്കുറിച്ചും കഥാപാത്രങ്ങളെക്കുറിച്ചും നോവലുകളിലെ സ്ത്രീകളുടെ അവസ്ഥകളെക്കുറിച്ചും സമുദായത്തിനകത്തു നടക്കുന്ന അനാചാരങ്ങളെക്കുറിച്ചുമെല്ലാം പഠനങ്ങൾ നടന്നിട്ടുണ്ട്. ജമാൽ കൊച്ചങ്ങടിയുടെ-*മുസ്ലിംസാമൂഹ്യജീവിതം മലയാളനോവലിൽ* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-1998) എന്ന പഠനത്തിന്റെ അവസാനഭാഗത്തു ബി.എം.സുഹറയുടെ നോവലുകൾ പരാമർശിച്ചുകാണുന്നുണ്ട്. *കിനാവ്* എന്ന

നോവലിനെക്കുറിച്ചാണു പരാമർശിച്ചിട്ടുള്ളത് (1998:109). *കിനാവെന്ന* നോവലിന്റെ അവതാരികയിൽ എൻ.പി.മുഹമ്മദ് നോവലിനെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട് (1990). അതുപോലെ നോവലിന്റെ വ്യത്യസ്തതലങ്ങളെക്കുറിച്ച് അവസാനഭാഗത്ത് 'ഒരു കിനാവ്' എന്ന പേരിൽ കെ. അയ്യപ്പപ്പണിക്കർ 1991 മെയ് 2-ന് കേരളകൗമുദി വീക്കെന്റ് മാഗസിനിൽ എഴുതിയ വിവരണം സൂചിപ്പിച്ചിട്ടുണ്ട് (പുറം.110-112). *ഇരുട്ട്* എന്ന നോവലിന്റെ അവതാരികയിൽ സുഹറയുടെ നോവലുകൾക്ക് ഒരാമുഖം എന്നപേരിൽ കെ.അയ്യപ്പപ്പണിക്കർ പഠനം നടത്തിയതായി കാണുന്നു. അതിൽ *കിനാവ്, ഇരുട്ട്, മൊഴി, ഭ്രാന്ത്* എന്നീ കൃതികൾ പരാമർശിച്ചിട്ടുണ്ട് (1998:ഇരുട്ട്). *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിന്റെ അവതാരികയിൽ എം. ലീലാവതി നോവലിനെക്കുറിച്ചു പഠനം നടത്തിയതായി കാണാം (2011). *കൂഹൂ.... കൂഹൂ* എന്ന ബി.എം.സുഹറയുടെ ചെറുകഥാസമാഹാരത്തിൽ പ്രിയദർശൻലാൽ അവരുടെ ചെറുകഥകളെക്കുറിച്ചു ചെറിയ രൂപരേഖ നൽകുന്നുണ്ട്.

ഷംഷാദ് ഹുസൈന്റെ *ന്യൂനപക്ഷത്തിനും ലിംഗപദവിക്കും ഇടയിൽ* കേരളത്തിലെ മുസ്ലിംസ്ത്രീകളെക്കുറിച്ചുള്ള പഠനം (2009) അവരുടെതന്നെ *മലബാറിലെ വാമൊഴിവഴക്കങ്ങൾ* എന്ന ഗവേഷണ പ്രബന്ധം (2005, കാലടി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല). ഹുദൈഫ റഹ്മാൻ.കെ 2016-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ സമർപ്പിച്ച *നവീന മാധ്യമീകൃത വാങ്മയകാലത്തെ മുസ്ലിം ആവിഷ്കാരങ്ങൾ സൈദ്ധാന്തിക പര്യാലോചനകൾ*, പി.കെ. മുംതാസ് 2018-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച *കേരളത്തിലെ മുസ്ലിം എഴുത്തുകാരികളുടെ പാരമ്പര്യവും പ്രതിനിധാനവും ഒരു വിമർശനാത്മക സമീപനം* എന്ന ഗവേഷണ പഠനപ്രബന്ധം, ഷഹന വി.കെ യുടെ 2019-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച *മുസ്ലിംസ്ത്രീ പ്രതിനിധാനങ്ങളും സ്വത്വസങ്കല്പങ്ങളും മലയാളസിനിമയിൽ തെരഞ്ഞെടുത്ത*

*സിനിമകളെ ആസ്പദമാക്കി വിമർശനാത്മക അന്വേഷണം* എന്ന ഗവേഷണ പ്രബന്ധം എന്നിവയിലും പരാമർശസൂചനകൾ ഉണ്ട്.

ഫാത്തിമ മെർനിസ്സിയുടെ *ഇസ്ലാമും സ്ത്രീകളും* (2009), ഫൗസിയ ഷംസിന്റെ *മുസ്ലിംസ്ത്രീ സംഭാഷണത്തിന്റെ അകവും പുറവും* (2020), *മുസ്ലിം വനിതാമാസികകൾ* (2015) റുഖിയ ഹിൽ അബ്ദുസ്സലാമിന്റെ *ഫെമിനിസം ഇസ്ലാം-ഒരു പാശ്ചാത്യൻ വിശകലനം,* എം.എൻ കാരശ്ശേരിയുടെ *പിടക്കോഴി കൂവരുത്* (2015), *ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹരജി* (2010) എന്നിവയും ഈ മേഖലയിൽ നടന്ന അന്വേഷണങ്ങളിൽ ചിലതാണ്. എന്നാൽ ഇവയൊന്നും ബി.എം.സുഹറയുടെ കൃതികളെ മുൻനിർത്തിയുള്ള പഠനങ്ങൾ അല്ല.

**പ്രബന്ധഘടന**

*കേരളീയമുസ്ലിംജീവിതാവിഷ്കാരം ആധുനികകഥാഖ്യാനത്തിൽ ബി.എം.സുഹറയുടെ രചനകളെ ആസ്പദമാക്കി ഒരു പഠനം* എന്ന ഈ പ്രബന്ധത്തിൽ ആറ് അദ്ധ്യായങ്ങളും നിഗമനങ്ങളും ഗ്രന്ഥസൂചിയും പദസൂചിയും അടങ്ങിയിട്ടുണ്ട്. ഒന്നാം അദ്ധ്യായം മുസ്ലിംമതം കേരളീയപരിസരം എന്നാണ്. ഈ അദ്ധ്യായത്തിൽ ഇസ്ലാംമതത്തിന്റെ കേരളത്തിലേക്കുള്ള വരവിന്റെ ചരിത്ര പശ്ചാത്തലമാണു വിശകലനം ചെയ്യുന്നത്. വ്യത്യസ്ത ചരിത്രകാരന്മാരുടെ കണ്ടെത്തലുകൾ പ്രാതിനിധ്യസ്വഭാവമനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്നു മുസ്ലിംവിശ്വാസങ്ങളും ആചാരങ്ങളും എന്ന ഭാഗത്ത് അവരുടെ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ആരാധനക്രമങ്ങൾ, ആരാധനാലയങ്ങൾ, ആഘോഷങ്ങൾ അതിൽത്തന്നെ പ്രാദേശികമായ ആഘോഷങ്ങൾ തുടങ്ങിയവയെക്കുറിച്ചു പരാമർശിക്കുന്നുണ്ട്.

തുടർന്നുള്ള ഭാഗത്തു കേരളീയമുസ്ലിം നവോത്ഥാനവും ജീവിതവും എന്ന ഉപശീർഷകത്തിനു കീഴിൽ മുസ്ലിം നവോത്ഥാനനായകരിൽ പ്രാതിനിധ്യസ്വഭാവമനുസരിച്ചു പത്തു വ്യക്തികളെക്കുറിച്ചും അവരുടെ പ്രവർത്തന

ങ്ങളെക്കുറിച്ചും വിശദീകരിച്ചിരിക്കുന്നു. നവോത്ഥാകാലത്തെ മുസ്ലിം സ്ത്രീസംഘടനകളെക്കുറിച്ചും നായികമാരെക്കുറിച്ചും സാമാന്യമായി അന്വേഷിക്കുന്നു. കൂടാതെ നവോത്ഥാനാനന്തരഘട്ടവും മുസ്ലിംസ്ത്രീസംഘടനകളും അവരുടെ പ്രവർത്തനങ്ങളും പരിശോധിക്കുന്നു.

ഭാഷയെയും ആവിഷ്ക്കാരങ്ങളെയും കുറിച്ചുള്ള അന്വേഷണമാണു പിന്നീട്. തുടർന്നു മുസ്ലിംജീവിതാവിഷ്ക്കാരം മലയാളകൃതികളിൽ എന്ന ഭാഗത്തു നവോത്ഥാനകാലഘട്ടങ്ങളിലും തുടർന്നുവന്ന ആധുനികതാവാദഘട്ടത്തിലുമുണ്ടായ മലയാളസാഹിത്യത്തിൽ മുസ്ലിംജീവിതം എങ്ങനെ അടയാളപ്പെട്ടു എന്നാണ് അന്വേഷിക്കുന്നത്. നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ, കവിതകൾ എന്നിവ പ്രാതിനിധ്യസ്വഭാവമനുസരിച്ച് ഈ ഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നു. മുസ്ലിംസ്ത്രീ എഴുത്തുകാരികളെക്കുറിച്ചും ഇതേ പ്രമേയത്തിൽ എഴുതപ്പെട്ട നോവലുകൾ, ചെറുകഥകൾ, കവിതകൾ എന്നിവയും ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

രണ്ടാം അധ്യായത്തിൽ ബി.എം.സുഹറയുടെ കൃതികളിലെ മതപരമായ ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, ചടങ്ങുകൾ എന്നിവയും അവയുടെ ചിത്രീകരണസ്വഭാവവുമാണു പരിശോധിക്കുന്നത്. ചില പ്രത്യേക ആചാരങ്ങളും വിശ്വാസങ്ങളും മുസ്ലിങ്ങൾക്കുണ്ട്. അവ കൃതികളിൽ അവതരിപ്പിച്ചിട്ടുള്ളതെങ്ങിനെയെന്ന് അന്വേഷിക്കുകയാണ് ഈ ഭാഗത്ത്. വിശ്വാസത്തിന്റെ ഭാഗമായതും വിശ്വാസത്തിന്റെ ഭാഗമല്ലാത്തതുമായ ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും അവതരിപ്പിച്ചിരിക്കുന്ന രീതി വിശകലനം ചെയ്യുന്നു. കൂടാതെ പ്രാദേശികമായി കൊണ്ടാടുന്ന ആഘോഷങ്ങൾ വിശ്വാസങ്ങൾ എന്നിവയും കൃതികളിൽനിന്നു കണ്ടെത്താൻ ശ്രമിക്കുന്നു.

മൂന്നാം അദ്ധ്യായത്തിൽ ബി.എം.സുഹറയുടെ കൃതികളിലെ മുസ്ലിംസമുദായത്തിനകത്തെ ജീവിതരീതി, അവയുടെ പ്രത്യേകതകൾ എന്നിവ

ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിൽ ചടങ്ങുകൾ എന്ന ഭാഗത്തു മുസ്ലിംസമുദായ ത്തിനകത്തു നടക്കുന്ന ഗർഭാവസ്ഥ മുതൽ മരണംവരെയുള്ള പ്രത്യേക വിശ്വാ സങ്ങളും ആചാരങ്ങളും ചടങ്ങുകളുമെല്ലാം വിശദമായി അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ ഗർഭാവസ്ഥ, ജനനം, ആർത്തവം, സുന്നത്ത് കല്യാണം, വിവാഹം, വിവാഹമോചനം, ബഹുഭാര്യത്വം എന്നിവയെല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്നു. തുടർന്നു വസ്ത്രധാരണത്തിലുള്ള പ്രത്യേകതകൾ ദൈനംദിന വസ്ത്രധാരണ രീതി, പ്രത്യേകദിനങ്ങളിലുള്ള വസ്ത്രധാരണം എന്നിവയെല്ലാം ഉൾക്കൊള്ളിച്ചി ട്ടുണ്ട്. കൂടാതെ പാചകരീതി, പ്രത്യേകവിഭവങ്ങൾ, ദൈനംദിനജീവിതത്തിലു പയോഗിക്കുന്ന ഭക്ഷണങ്ങൾ, വിശേഷാവസരങ്ങളിലുപയോഗിക്കുന്ന ഭക്ഷണ ങ്ങൾ, അവയുടെ സൂക്ഷിപ്പുരീതി എന്നിവയെക്കുറിച്ചെല്ലാം വിശദമാക്കുന്നു.

നാലാം അധ്യായത്തിൽ ബി.എം.സുഹറയുടെ കൃതികളിലെ ബന്ധചി ത്രീകരണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബി.എം.സുഹറയുടെ കൃതികളിൽ ചിത്രീകരിക്കപ്പെട്ട കുടുംബ ബന്ധങ്ങളെ വ്യത്യസ്ത ഉപഖണ്ഡങ്ങളായി വേർതി രിച്ചു പരിശോധിക്കുന്നു. അച്ഛൻ-മക്കൾ ബന്ധം, അമ്മ-മക്കൾ ബന്ധം പരിശോ ധിക്കുന്നു. അതിൽ പ്രത്യേക ഉപഖണ്ഡങ്ങളായി അവിവാഹിതരായ മക്കളും വിവാഹിതരായ മക്കളും വിവാഹമോചിതരായ മക്കളും ഭിന്നശേഷിക്കാരായ മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം സൂക്ഷ്മമായി വിശകലനം ചെയ്യുന്നുണ്ട്. തുടർന്നു സഹോദരീസഹോദരന്മാർ തമ്മിലുള്ള ബന്ധചിത്രീക രണം സാഹോദര്യതലത്തിലും സംഘർഷതലത്തിലും നടത്തിയിട്ടുള്ളതെങ്ങ നെയെന്നു പരിശോധിക്കുന്നു. ശേഷം ഭാര്യഭർത്തൃബന്ധചിത്രീകരണമാണ്. പൊരുത്തമുള്ള ഭാര്യഭർത്തൃബന്ധവും സംഘർഷമനുഭവിക്കുന്ന ഭാര്യഭർത്തൃ ബന്ധവും വിശകലനം ചെയ്യുന്നു. മറ്റു ബന്ധങ്ങൾ എന്ന ഭാഗത്ത് അമ്മായി അമ്മ മരുമകൾ മരുമകൻ ബന്ധം, അമ്മായി അച്ഛൻ മരുമകൾ, മരുമകൻ ബന്ധം, നാത്തൂൻമാർ തമ്മിലുള്ള ബന്ധം അവയെല്ലാം സാഹോദര്യത ലത്തിലും സംഘർഷതലത്തിലും ചിത്രീകരിച്ചിട്ടുള്ളത് എങ്ങനെയെന്നു വിശദീ

കരിച്ചിരിക്കുന്നു. തുടർന്നു കൃതികളിൽ അവതരിപ്പിച്ചിട്ടുള്ള സ്ത്രീസാഹോദര്യ ത്തിന്റെ വ്യത്യസ്ത തലങ്ങളാണു വിശകലനം ചെയ്തിട്ടുള്ളത്.

അഞ്ചാം അധ്യായത്തിൽ ബി.എം.സുഹറയുടെ കൃതികളിലെ അധികാ രവും ഭാഷയും എന്ന ഭാഗത്തു സ്ത്രീപുരുഷഭാഷകൾ എങ്ങനെയൊക്കെ യാണു കൃതികളിൽ അവതരിപ്പിച്ചിട്ടുള്ളത് എന്ന അന്വേഷണമാണ്. സാമ്പത്തി കാധികാരം ഭാഷയിൽ കടന്നുവരുന്നുണ്ടോ എന്നും ആ അധികാരം പ്രയോഗി ക്കുന്നവരും പ്രയോഗിക്കാത്തവരും കൃതികളിൽ ഉണ്ടോ എന്നും കണ്ടെത്താൻ ശ്രമിക്കുന്നു. മുതലാളിയും തൊഴിലാളിയും സംവദിക്കുമ്പോഴുള്ള ഭാഷയിലെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു. തുടർന്നു കൃതികളിൽ ഉപയോഗിച്ചി ട്ടുള്ള ശൈലികൾ, പഴഞ്ചൊല്ലുകൾ, ഒപ്പനപ്പാട്ടുകൾ, മൗലൂദുമായി ബന്ധപ്പെട്ട വരികൾ തുടങ്ങിയവ കണ്ടെത്താനും ശ്രമിക്കുന്നു. മതപരമായപദങ്ങൾ അറബി പദങ്ങൾ സാമുദായിക സാങ്കേതിക പദങ്ങൾ കൃതികളിൽനിന്നും കണ്ടെത്തുക യാണു ചെയ്യുന്നത്. കൂടാതെ മുസ്ലിംസമുദായത്തിനകത്തെ ചാർച്ചാപേരുകൾ കൃതികളിൽ അവതരിപ്പിച്ചിരിക്കുന്ന രീതിയും കണ്ടെത്താൻ ശ്രമിക്കുന്നു.

ആറാം അധ്യായത്തിൽ ബി.എം.സുഹറയുടെ കൃതികളിലെ സ്ത്രീസ്വ ത്വാവിഷ്കാരത്തെക്കുറിച്ചാണു പഠിക്കുന്നത്. അതിൽ വിധേയകളായ സ്ത്രീകളെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും സംഘർഷമനുഭവിക്കുന്ന സ്ത്രീകളെയും അവരുടെ ജീവിതാവസ്ഥകളെ കുറിച്ചും അന്വേഷിക്കുന്നു. തുടർന്നു കൃതികളിലെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീകളെക്കുറിച്ചും അവ രുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചിരിക്കുന്നു. ഏഴാം അദ്ധ്യായ ത്തിൽ പഠനത്തിൽനിന്നും കണ്ടെത്തിയ നിരീക്ഷണങ്ങളും നിഗമനങ്ങളും ക്രോഡീകരിച്ചിരിക്കുന്നു. ശേഷം ഗ്രന്ഥസൂചി, കൃതികളിൽ പൊതുവായി ഉപ യോഗിച്ച സാമുദായിക പദങ്ങളും അവയുടെ അർത്ഥവും ക്രമീകരിച്ചിട്ടുണ്ട്.

# 1. ഇസ്ലാംമതം: കേരളീയപരിസരം

കേരളീയപരിസരത്തിലേക്കുള്ള ഇസ്ലാംമതത്തിന്റെ കടന്നുവരവിന്റെയും തുടർന്നുള്ള വികാസപരിണാമങ്ങളുടെയും അതുമായി ബന്ധപ്പെട്ട സാഹിത്യാ വിഷ്കാരങ്ങളുടെയും സാമാന്യമായ അവലോകനമാണ് ഈ അധ്യായം കൊണ്ടുദ്ദേശിക്കുന്നത്. ഇസ്ലാംമതത്തിന്റെ കടന്നുവരവും വികാസപരിണാമങ്ങ ളുടെ ചരിത്രവും സംസ്കാരവും ഈ അധ്യായത്തിൽ സാമാന്യമായി അടയാള പ്പെടുത്തുവാൻ ശ്രമിക്കുന്നു. തുടർന്നു കേരളീയപശ്ചാത്തലത്തിലെ ഇസ്ലാംമതവും ജീവിതവും മലയാളസാഹിത്യത്തിൽ എങ്ങനെയൊക്കെ അടയാ ളപ്പെട്ടുകിടക്കുന്നുവെന്നതും സാമാന്യമായി അന്വേഷിക്കുന്നു. പ്രാതിനിധ്യ സ്വഭാവത്തോടെ ചില കൃതികൾ, കഥാപാത്രങ്ങൾ, എഴുത്തുകാർ എന്നിവരെ കേന്ദ്രീകരിച്ചാണ് ഈ അന്വേഷണം.

## 1.1 കേരളത്തിലേക്ക് ഇസ്ലാംമതത്തിന്റെ വരവിന്റെ ചരിത്രം

കേരളത്തിലേക്ക് ഇസ്ലാംമതത്തിന്റെ വരവിന്റെ വ്യത്യസ്തമായ കാഴ്ച പ്പാടുകൾ പരിശോധിക്കുകയാണ് ഈ ഭാഗത്ത്. വ്യത്യസ്ത ചരിത്രകാരന്മാരുടെ അഭിപ്രായങ്ങളാണ് അതിനായി അവലംബിച്ചിട്ടുള്ളത്.

### 1.1.1 ശൈഖ്സൈനുദ്ദീൻ മഖ്ദൂം-തുഹ്ഫത്തുൽ മുജാഹിദീൻ

ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ *തുഹ്ഫത്തുൽ മുജാഹിദീൻ* എന്ന കൃതിയിൽ കേരളത്തിലേക്കു മുസ്ലിങ്ങൾ വന്നുചേർന്നതിനെക്കുറിച്ചുള്ള പരാമർശമുണ്ട്. കൃതിയിലെ ഭാഗം രണ്ടിലെ മലബാറിലെ ഇസ്ലാംമത പ്രചാര ണാരംഭചരിത്രം എന്ന ഭാഗത്താണു പരാമർശിച്ചിട്ടുള്ളത്. (തുഹ്ഫത്തുൽ മുജാ ഹിദീൻ പരിഭാഷ, ശൈഖ് സൈനുദീൻ മഖ്ദൂം. പരിഭാഷയും വിശദീകരണവും സി.ഹംസ അൽഹുദാ ബുക്സ്റ്റാൾ, കോഴിക്കോട് (?:50). ഒരു കൂട്ടം മുസ്ലിങ്ങൾ

ശൈഖിന്റെ നേതൃത്വത്തിൽ ആദംമലയിലെ കാൽപാട് സന്ദർശിക്കാൻ പോവുന്ന സമയത്തു കൊടുങ്ങല്ലൂരിൽ ഇറങ്ങി. ഇവരെക്കുറിച്ചു കേട്ടറിഞ്ഞ കൊടുങ്ങല്ലൂർ രാജാവ് അവരെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു. അവരിൽനിന്നും പ്രവാചകനായ മുഹമ്മദിനെക്കുറിച്ചറിഞ്ഞു. ഇസ്ലാംമതത്തെക്കുറിച്ചു മനസ്സിലാക്കി. ചന്ദ്രൻ പിളർന്ന അത്ഭുതസംഭവത്തെക്കുറിച്ചും അറിഞ്ഞു. പ്രവാചക കഥ കേട്ടു രാജാവ് കാൽപാടു സന്ദർശിച്ചു മടങ്ങുമ്പോൾ കൊട്ടാരം വഴിതന്നെ തിരിച്ചുവരണമെന്നു പറഞ്ഞു. അവർക്കൊപ്പം അറേബ്യയിലേക്കു പോവാനായിരുന്നു അത്. ആ വിവരം മറ്റാരും അറിയരുതെന്നും അവരെ ഓർമ്മപ്പെടുത്തി. തെക്ക് കന്യാകുമാരിയും വടക്ക് കാസർഗോഡും അതിർത്തികളായുള്ള മലബാറിന്റെ മുഴുവൻ ഭരണാധികാരിയായിരുന്നു ഈ രാജാവ്. അദ്ദേഹം യാത്രയ്ക്കു മുമ്പ് അതിർത്തി നിർണ്ണയിച്ചു. അവിടെ ഭരിക്കേണ്ട വ്യക്തിയെ നാമനിർദ്ദേശം ചെയ്യുകയും ഭരണക്രമങ്ങളും നിയമവ്യവസ്ഥകളും ഏർപ്പെടുത്തുകയും ചെയ്തു. ഇവയെല്ലാം രേഖാമൂലം ചെയ്തു. ശേഷം ശൈഖിനോടൊപ്പം രാജാവ് യാത്രതിരിച്ചു. യാത്രാമദ്ധ്യേ ശഹർമുഖല്ലായിൽ രാജാവും ശൈഖിന്റെയും നേതൃത്വത്തിലുള്ള യാത്രാസംഘവും ദീർഘനാൾ താമസിച്ചു. അവിടെവെച്ചു മറ്റൊരുയാത്രാസംഘം അവർക്കൊപ്പം ചേർന്നു. മലബാറിൽ ഇസ്ലാംമതം പ്രചരിപ്പിക്കുവാനും പള്ളികൾ നിർമ്മിച്ചു പ്രവർത്തിക്കുവാനും വേണ്ടി പോവുന്നവരായിരുന്നു അവർ. അവിടെവച്ചു രാജാവ് രോഗബാധിതനാവുകയായിരുന്നു. രോഗം ഗുരുതരമായപ്പോൾ രാജാവ് മലബാറിലേക്കുപുറപ്പെട്ട സംഘത്തിലെ ശറഫ് ഇബ്നു മാലിക്ക്, അദ്ദേഹത്തിന്റെ സഹോദരൻ മാലിക് ഇബ്നു ദീനാർ, സഹോദരപുത്രൻ മാലിക്ക്ഇബ്നുഹബീബ് മുതലായവരെ വിളിച്ചു ഇപ്രകാരം പറഞ്ഞു.''ഈ രോഗത്തിൽ ഞാൻ മരണപ്പെട്ടാലും നിങ്ങൾ ഇന്ത്യയിലേക്കുള്ള യാത്ര വേണ്ടെന്നു വയ്ക്കരുത്.'' (പു.51). എന്നാൽ രാജാവിന്റെ രാജ്യം എവിടെയാണെന്നോ അധികാരത്തിന്റെ അതിർത്തി എത്രത്തോളമുണ്ടെന്നോ അറിയാത്തതിനാൽ ഞങ്ങൾ രാജാവിന്റെ കൂടെ വരാനാണ് ഉദ്ദേശി

ക്കുന്നതെന്നായിരുന്നു അവരുടെ മറുപടി. എന്നാൽ തന്റെ മരണം മുൻപിൽ കണ്ടുകൊണ്ടെന്നോണം രാജാവ് അവർക്കു മലയാളത്തിൽ ഒരെഴുത്തെഴുതി നൽകി. അതുമായി ധർമ്മടത്തോ പന്തലായിനിയിലോ കൊടുങ്ങല്ലൂരിലോ കൊല്ലത്തോ ഇറങ്ങാൻ രാജാവ് നിർദ്ദേശിച്ചു. തന്റെ രോഗാവസ്ഥയോ മരിച്ചാൽ ആ വിവരമോ മലബാറിൽ ആരെയും അറിയിക്കേണ്ടതില്ലെന്നും പ്രത്യേകം നിർദ്ദേശിച്ചു (പു.52).

രാജാവിന്റെ മരണം കഴിഞ്ഞു വർഷങ്ങൾക്കുശേഷം ശറഫ് ഇബ്നുമാലിക്ക്, മാലിക്ക് ഇബ്നു ദീനാർ, മാലിക്ക് ഇബ്നു ഹബീബ്, ഭാര്യ ഖുമരിയ്യ എന്നിവരും മക്കളും കൂട്ടുകാരും ചേർന്നു മലബാറിലേക്കു പുറപ്പെട്ടു. കൊടുങ്ങല്ലൂരിൽ ഇറങ്ങിയ അവർ രാജാവ് ഏൽപ്പിച്ച കത്ത് അപ്പോൾ ഭരണം നടത്തിയിരുന്ന ഭരണാധികാരിക്കു നൽകി. അദ്ദേഹം അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും ചെയ്തു. നിലങ്ങളും തോട്ടങ്ങളും അക്കൂട്ടത്തിൽ നൽകിയിരുന്നു. അവിടെ അവർ താമസിക്കുകയും പള്ളി പണിയുകയും ചെയ്തു.

മാലിക്ക് ഇബ്ദുദീനാർ കൊടുങ്ങല്ലൂരിൽതന്നെ താമസിച്ചു മതപ്രചാരണം നടത്തി. സഹോദരപുത്രനായ മാലിക്ക് ഇബ്നുഹബീബിനെ മലബാറിന്റെ ഇതരഭാഗങ്ങളിൽ പള്ളികൾ പണിയാനും ഇസ്ലാംമതം പ്രചരിപ്പിക്കാനും നിയോഗിക്കുകയും ചെയ്തു. അദ്ദേഹം കൊല്ലം, ഏഴിമല, ബർക്കൂർ, മംഗലാപുരം, കാസർഗോഡ്, ശ്രീകണ്ഠപുരം, ധർമ്മടം, പന്തലായിനി, ചാലിയം എന്നിവിടങ്ങളിലെല്ലാം പള്ളികൾ പണിയുകയും മാലിക്ക് ഇബ്നുദീനാറും കൂട്ടരും അവിടങ്ങളിൽ വന്നു നിസ്ക്കരിക്കുകയും ചെയ്തു (പു.52). ശേഷം യാത്രതിരിച്ച അദ്ദേഹം ഖുറാസാനിൽവെച്ചു മരണപ്പെട്ടു. മാലിക്ക് ഇബ്നുഹബീബ് കൊടുങ്ങല്ലൂരിൽ വെച്ചും മരണപ്പെട്ടു (പു.53).

മലബാറിൽ ഇസ്ലാംമതം പ്രചരിച്ച ഈ ചരിത്രത്തിന്റെ കാലം ഏതെന്നു തെളിവില്ലെന്നു പറയുന്നുണ്ടെങ്കിലും ഇത് ഹിജ്റ ഇരുനൂറാമാണ്ടിനു ശേഷമായിരിക്കാമെന്നാണു ഭൂരിപക്ഷാഭിപ്രായമെന്നു സൂചിപ്പിക്കുന്നു (പു.53).

### 1.1.2 എ. ശ്രീധരമേനോൻ : കേരളസംസ്കാരം

ഇബ്നുഖാസിന്റെ സിന്ധാക്രമണത്തോടുകൂടിയാണ് ഇന്ത്യയിൽ ഇസ്ലാംമതം പ്രചരിപ്പിച്ചതെന്നു ചില ചരിത്രപുസ്തകങ്ങളിൽ കാണുന്നു. (എ. ശ്രീധരമേനോൻ, 1996:108). എന്നാൽ ഇസ്ലാംമതം എന്നാണ്, എങ്ങനെയാണ് കേരളത്തിൽ എത്തിയത് എന്നതിനു വ്യക്തമായ തെളിവൊന്നും നൽകാൻ സാധ്യമല്ലെങ്കിലും ക്രിസ്ത്വാബ്ദം എട്ടാം നൂറ്റാണ്ടിൽ തന്നെ ഇസ്ലാംമതം കേരളത്തിൽ എത്തിയിട്ടുണ്ട് എന്നാണ് അഭിപ്രായം (പു.108). അറബികളും കേരളവും തമ്മിലുള്ള വാണിജ്യബന്ധമാണ് അതിനു കാരണം. വാണിജ്യാർത്ഥം ദക്ഷിണേന്ത്യയുടെ പടിഞ്ഞാറെ തീരങ്ങളിൽ എത്തിയിരുന്ന അറബികൾ ഇസ്ലാംമതം അവിടെ എത്തിച്ചിരുന്നുവെന്നു മലബാർ മാന്വലിൽ ലോഗൻ പറയുന്നുണ്ട് (പു.109). ഇങ്ങനെ എത്തിച്ചേർന്ന അറബികൾ മലബാർ തീരങ്ങളിൽ കുടിപാർക്കുകയും അവിടെയുള്ള സ്ത്രീകളെ വിവാഹം കഴിച്ച് അതുവഴി മാപ്പിളമാരുടെ ഒരു സങ്കരസമുദായത്തിന് അടിത്തറപാവുകയും ചെയ്തുവെന്നു ബുക്കാനനും പറഞ്ഞുവെക്കുന്നു (പു.109). ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ എ.ഡി.611-634 ൽ തന്നെ ഇസ്ലാംമതം കേരളത്തിലെത്തിപ്പെട്ടു എന്ന നിഗമനത്തിലെത്താം എന്ന് എ.ശ്രീധരമേനോൻ രേഖപ്പെടുത്തുന്നു (പു.109).

വഴിയരികിലുള്ള (മലബാർതീരം) എല്ലാ വിശ്രമകേന്ദ്രങ്ങളിലും മുസ്ലിം ഭവനങ്ങളുണ്ട്. ധർമ്മടം, കോഴിക്കോട്, കൊല്ലം തുടങ്ങിയ സ്ഥലങ്ങൾ മുസ്ലിം കേന്ദ്രങ്ങളായിരുന്നു. മുസ്ലിങ്ങൾ അധികാരത്തിന്റെയും ഐശ്വര്യത്തിന്റെയും ഉച്ചകോടിയിലായിരുന്നു. മാത്രമല്ല ഇതരമതവിഭാഗത്തിൽനിന്നും ധാരാളം പേർ

ഇസ്ലാമിലേക്കു പരിവർത്തനം നടത്തിക്കൊണ്ടിരുന്നു. 14-ാം നൂറ്റാണ്ടുമുതൽ സാമൂതിരിയുടെ ആധിപത്യകാലത്തു മുസ്ലിങ്ങൾ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിച്ചിരുന്നു. മാമാങ്കത്തിൽ സാമൂതിരിയുടെ പുരുഷസ്ഥാനം വഹിച്ചിരുന്നതു കോഴിക്കോട് കോയമാരായിരുന്നു. മാപ്പിളമാരുടെ മതനേതാവായിരുന്ന തങ്ങൾക്കു സാമൂതിരിയോടൊപ്പം പല്ലക്കിൽ യാത്ര ചെയ്യാനുള്ള അവകാശമു ണ്ടായിരുന്നു (1996:109). ഇത്തരത്തിൽ കേരളത്തിൽ ഇസ്ലാംമതം തഴച്ചുവളർന്നു. ഇസ്ലാംമതത്തിന്റെ പ്രചാരണത്തിനു മുമ്പു മതൽക്കേ അറബികളുമായി വ്യാപാ രബന്ധം ഉണ്ടായിരുന്നതുകൊണ്ടു പെട്ടെന്നുതന്നെ പുതിയ മതം കേരളത്തിൽ വ്യാപിച്ചു. കച്ചവടാവശ്യാർത്ഥം എത്തിയവർ അവരുടേതായ സ്വത്വം ഇവിടെ സ്ഥാപിച്ചെടുത്തു.

1498-ൽ വാസ്കോഡഗാമ കപ്പൽ ഇറങ്ങുന്ന സമയത്തു കോഴിക്കോ ടിന്റെ പ്രശസ്തി ഉച്ചകോടിയിൽ എത്തിയിരുന്നു (പു.10) മുസ്ലിങ്ങൾ അവരുടെ കപ്പലിൽ ചരക്കുകയറ്റാൻ പടിഞ്ഞാറൻ തീരത്തുള്ള മറ്റു തുറമുഖങ്ങളെക്കാൾ കോഴിക്കോടു തിരഞ്ഞെടുത്തതാണു കാരണം. പോർച്ചുഗീസുകാരിൽ നിന്നും പിന്നീടു ടിപ്പുസുൽത്താൻ പിടിച്ചെടുത്തു. ബ്രിട്ടീഷുകാരുടെ കാലമായ പ്പോൾ അവരുടെ അധികാരത്തിന്റെ മേൽക്കോയ്മയിൽ ചൂഷണവും നിയന്ത്രണ ങ്ങളും വർദ്ധിക്കുകയായിരുന്നു. തിരുവിതാംകൂർ ഭരിച്ചിരുന്ന മാർത്താണ്ഡവർമ്മ യുടെ കീഴിൽ സാമ്പത്തികമായി വികസിക്കാനുള്ള അവസരങ്ങൾ മുസ്ലി ങ്ങൾക്ക് കൈവന്നിരുന്നു (പു.10).

### 1.1.3 പി.എ. സെയ്തുമുഹമ്മദ്: കേരളമുസ്ലിം ചരിത്രം

ക്രിസ്ത്വാബ്ദം ഏഴാം നൂറ്റാണ്ടിൽത്തന്നെ കേരളത്തിൽ ഇസ്ലാംമതം പ്രചരിച്ചിരുന്നു എന്നാണു ചരിത്രാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മനസ്സി ലാക്കാൻ കഴിയുന്നത് എന്നാണു പി.എ. സെയ്തുമുഹമ്മദിന്റെ പക്ഷം (1951:45). ഇസ്ലാംമതം ഇന്ത്യയിലെത്തിയത് ഇബ്നുഖാസിമിന്റെ സിന്ധാക്രമണത്തോടുകൂ

ടിയാണെന്നു ചില ഇംഗ്ലീഷ് ചരിത്രങ്ങളിൽ കാണുന്നതും അദ്ദേഹം നിരീക്ഷിക്കുന്നു (പു.45).

മൂന്നാം ചേരവംശത്തിലെ അവസാനത്തെ പെരുമാളായ ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ചെന്നാണ് ഐതിഹ്യം (പു.49). ഇദ്ദേഹം ഇസ്ലാംമതത്തിൽ ചേർന്നു മക്കത്തു പോയി എന്നാണു കഥ. ചേരമാൻ പെരുമാൾ പ്രവാചകന്റെ കാലത്തുതന്നെ മക്കയിലേക്കു പോയിട്ടുണ്ടെന്നാണ് അറയ്ക്കൽ രാജസ്വരൂപത്തിൽ നിന്നു കിട്ടിയ അമൂല്യമായ ഗ്രന്ഥവരിയിൽനിന്നു വ്യക്തമാവുന്നത് എന്നു സെയ്തുമുഹമ്മദ് പറയുന്നു (പു.542).

അറേബ്യയിൽനിന്നും സിലോണിലെ ആദംമലയിലേക്കു പുറപ്പെട്ടുവന്ന തീർത്ഥാടകസംഘം യാത്രയിൽ കൊടുങ്ങല്ലൂർ തുറമുഖത്ത് ഇറങ്ങുകയും അവരിൽനിന്നും പ്രവാചകനെക്കുറിച്ചും ഇസ്ലാംമതതത്ത്വങ്ങളെക്കുറിച്ചും കേട്ടറിഞ്ഞ രാജാവ് മടക്കയാത്രയിൽ അവരോടൊപ്പം അറേബ്യയിലേക്കു പോയി. തിരിച്ചുള്ള യാത്രയിൽ രോഗബാധിതനായിത്തീർന്ന അദ്ദേഹം ഒരെഴുത്തു നൽകി. ആ എഴുത്തുമായി കേരളത്തിലേക്കു പോവാനും എഴുത്തു കൊടുങ്ങല്ലൂരിലോ പന്തലായിനിയിലോ ധർമ്മടത്തോ കൊണ്ടുപോയി കാണിച്ചാൽ അവർ സ്വീകരിക്കുമെന്നും തന്റെ സഹയാത്രികരായ ശറഫുബ്നു മാലിക്, മാലിക് ബിനുദീനാർ, മാലികുബ്നു ഹബീബ് എന്നിവരെ അറിയിച്ചു. രാജാവിന്റെ മരണശേഷം മാലിക്കുബ്നു ദീനാറും സംഘവും അറേബ്യയിലെ വിശിഷ്ടതരമായ കാഴ്ചവസ്തുക്കളും മറ്റും കേരളത്തിലെത്തിച്ചു. 13 മാർബിൾ കല്ലുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. ആ കല്ലുകളായിരുന്നു കേരളത്തിൽ സ്ഥാപിച്ച പള്ളികളുടെ ശിലാസ്ഥാപനത്തിനുവേണ്ടി ഉപയോഗിച്ചിരുന്നത്. മാലികുബ്നുദീനാറിന്റെ മതപ്രചാരണാർത്ഥമുള്ള ആദ്യത്തെ സംഘം ഹിജ്റ 21 റജബ്മാസത്തിൽ ആണ് കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങുന്നത്. ചേരമാൻ രാജാവ് ഏൽപിച്ച കത്തു കൊടുങ്ങല്ലൂർ രാജാവിനെ കാണിച്ചപ്പോൾ അദ്ദേഹം

യാത്രാസംഘത്തെ സ്നേഹത്തോടെ സ്വീകരിക്കുകയും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു (പു.57-59). കേരളത്തിലെത്തിയ യാത്രാസംഘം പള്ളികൾ സ്ഥാപിച്ചു. നാട്ടുരാജാക്കന്മാരുടെയും മറ്റും സഹായത്തോടെ മതപ്രചാരണം നടത്തി. സാമൂതിരിമാർ മുസ്ലിങ്ങൾക്കു നൽകിയ സഹായസഹകരണങ്ങൾ തന്നെയായിരുന്നു ഉത്തരകേരളത്തിൽ മുസ്ലിങ്ങൾക്കു പ്രാമുഖ്യം നൽകിയത്. പള്ളി പണിയുന്നതിനായി ഭൂമി ദാനം ചെയ്ത രേഖകൾ തെളിവുകളായി അവശേഷിക്കുന്നു. മാലികുബ്നു ദീനാറിന്റെ മതപ്രചാരണാർത്ഥമുള്ള ആദ്യസംഘം ഹിജ്റ 21 റജബ് മാസത്തിൽ കൊടുങ്ങല്ലൂർ കപ്പലിറങ്ങി എന്നും ഖലീഫ ഉമർ ലോകപ്രശസ്തിയാർജ്ജിച്ചു വാഴുന്ന എ.ഡി. 642 -43 വർഷങ്ങളാണ് ഇതെന്നും സെയ്ദ് മുഹമ്മദ് സൂചിപ്പിക്കുന്നുണ്ട് (പു.58). ചേരമാൻ പെരുമാളുടെ അറേബ്യൻയാത്ര കേരളത്തിൽ ഇസ്ലാംമതപ്രചാരണത്തിനു സുഖകരമായ ഒരു വഴിതുറക്കലായിരുന്നു (പു.57). മാലികുബ്നു ദീനാറിന്റെ നിർദ്ദേശത്തോടെ മാലികുബ്നുഹബീബ് കേരളത്തിൽ നിരവധി പള്ളികൾ സ്ഥാപിച്ചു. പള്ളികളോടൊപ്പം അവരുടേതായ കോളനികളും നഗരങ്ങളും ഉയർന്നുവന്നു. അറബികളുടെ സഹിഷ്ണുതാമനോഭാവം കണ്ട് ഇതരമതവിഭാഗങ്ങളും ഇസ്ലാംമതസ്ഥരെ സൗഹാർദത്തോടെ സ്വീകരിച്ചു. അറബികൾ നിരവധി പട്ടണങ്ങൾ ഉണ്ടാക്കി. വ്യാപാരങ്ങൾ അഭിവൃദ്ധിപ്പെട്ടു (പു.64).

### 1.1.4 പി.കെ.ഗോപാലകൃഷ്ണൻ: കേരളത്തിന്റെ സാംസ്കാരിക ചരിത്രം

പി.കെ.ഗോപാലകൃഷ്ണന്റെ *കേരളത്തിന്റെ സാംസ്കാരിക ചരിത്രം* എന്ന ഗ്രന്ഥത്തിൽ ഇസ്ലാംമതത്തിന്റെ ആഗമനത്തെക്കുറിച്ചു പ്രതിപാദിക്കുന്ന കാര്യങ്ങളാണ് ഇവിടെ വിശകലനം ചെയ്യുന്നത്. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഏഴാം നൂറ്റാണ്ടിൽത്തന്നെ ഇസ്ലാംമതം കേരളത്തിൽ എത്തിയിരുന്നു (1974:291). സംസ്ക്കാരവ്യാപനം നടന്നതു വ്യാപാരത്തിലൂടെ ആയിരുന്നു. റോമാസാമ്രാജ്യത്തിന്റെ സമുദ്രാധിപത്യം ആറാം നൂറ്റാണ്ടോടെ അവസാനിച്ചു.

അതോടെ അറബികൾ പൗരസ്ത്യ രാജ്യങ്ങളുമായുള്ള കപ്പൽ വ്യാപാരത്തിന്റെ മേഖലയിലേക്കു കടന്നു. കച്ചവടാവശ്യാർത്ഥം വന്നവർ അവർ പോയ സ്ഥലങ്ങളിലെല്ലാം ഇസ്ലാംമതത്തിന്റെ സന്ദേശം എത്തിച്ചു (പു.295). ഇന്ത്യയിൽ ആദ്യമായി ഇസ്ലാമിന്റെ സന്ദേശം എത്തിയതു മലബാർ തീരങ്ങളിലായിരുന്നു. അതായത് അറേബ്യയുമായി വ്യാപാരബന്ധം നിലനിന്നിരുന്നതു മലബാർ തീരങ്ങളിലെ തുറമുഖങ്ങളുമായിട്ടായിരുന്നു.

കോതമംഗലത്തുനിന്ന് ഉമയ്യാ ഖലീഫമാരുടെ (എ.ഡി.661-750) കാലത്ത് ഉപയോഗത്തിലുണ്ടായിരുന്ന നാല് സ്വർണ്ണനാണയങ്ങൾ ലഭിച്ചിട്ടുണ്ട് എന്നു ഷംസുല്ലാഖാദിരി തന്റെ പ്രാചീനമലബാർ, വി.അബ്ദുൽ ഖയ്യമിന്റെ പരിഭാഷ (പു.22) എന്ന ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ളതായി കാണുന്നുണ്ട് (പു.295). ഇസ്ലാമിനെക്കുറിച്ചു വ്യാപാരികളിൽനിന്നു കേട്ടറിഞ്ഞ സിലോണിലെയും മലബാറിലെയും ചിലർ അറേബ്യയിലേക്കു പുറപ്പെട്ടു. ഏ.ഡി.11-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട *അജാ ഇബുൽ ഹിന്ദ് (ഇന്ത്യയിലെ അത്ഭുതങ്ങൾ)* എന്ന പേർഷ്യൻ ഗ്രന്ഥത്തിലെ ചില നിരീക്ഷണങ്ങളും ഷംസുല്ലാഖാദിരി തന്റെ *പ്രാചീന മലബാർ* എന്ന കൃതിയിൽ സൂചിപ്പിക്കുന്നത് പി.കെ. ഗോപാലകൃഷ്ണൻ സ്വീകരിക്കുന്നു[1].

ഈ കാലഘട്ടത്തിൽത്തന്നെ ഒരു ചേരരാജാവ് ഇസ്ലാംമതം സ്വീകരിച്ചതായും ഐതിഹ്യമുണ്ട്. ശൈഖ് സൈനുദ്ദീൻ എഴുതിയ *തുഹ്ഫത്തുൽ മുജാഹിദീനിലും* (ഏ.ഡി. 16-ാം നൂറ്റാണ്ട്) *റിഹ്‌ലത്തുൽമുലൂക്ക്* എന്ന അറബിഗ്രന്ഥത്തിലും *കേരളോൽപ്പത്തി* (ഏ.ഡി.13-ാം നൂറ്റാണ്ട്)യിലും ഈ കഥ കാണാം. ഇതിനോടു പല ചരിത്രകാരന്മാർക്കും അഭിപ്രാവ്യത്യാസമുണ്ട്.

ഖുർആൻ മനഃപാഠമാക്കിയ 20 പേരും മറ്റു 24 പേരും അടങ്ങുന്ന 44 പേരുടെ ഒരു സംഘം ആളുകളാണു മാലിക്ഇബ്നുദീനാറിന്റെ സംഘത്തിൽ ഉണ്ടായിരുന്നത്. തിരുവിതാംകൂർ രാജ്ഞിയുടെ മകനും ചേരമാൻ പെരുമാ

ളിന്റെ മരുമകനുമായ കോഹിനൂർ രാജകുമാരനും ഇസ്ലാംമതം സ്വീകരിച്ചശേഷം സൈഫുദ്ദീൻ മുഹമ്മദാലി എന്നാക്കിയിരുന്നു പേര് (പു.226). മാലിക് ഇബ്നുദീനാറും സംഘവും കൊടുങ്ങല്ലൂരിൽ എത്തി. ചേരമാൻ പെരുമാളുടെ എഴുത്ത് രാജാവിനെ ഏൽപ്പിച്ചു. ഇതിനെത്തുടർന്നു രാജാവ് ക്ഷേത്രം പള്ളിയായി ഉപയോഗിക്കാൻ വിട്ടുകൊടുത്തു (പു.296).

*തുഹ്ഫത്തുൽ മുജാഹിദീനിലിൽ* പ്രസ്താവിച്ച കഥയും മാലിക്ക് ഇബ്ൻഹബീബ് പള്ളികൾ സ്ഥാപിച്ച കാര്യങ്ങളും പി.കെ.ഗോപാലകൃഷ്ണനും വിവരിക്കുന്നുണ്ട് (പു.297). ചരിത്രകാരന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണ് ഈ സംഭവങ്ങളെപ്പറ്റി ഉള്ളത്. പെരുമാളിന്റെ മുസ്ലിംമതപരിവർത്തനവുമായി ബന്ധപ്പെട്ടു ശൈഖ് സൈനുദ്ദീൻ വിവരിച്ച സംഭവങ്ങൾ നടന്നതു ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ (ഏ.ഡി.ഏഴാം നൂറ്റാണ്ടിൽ) തന്നെയാണെന്നും *താരീഖെഫിരിശ്ത്ത* എന്ന അറബി ചരിത്രഗ്രന്ഥത്തിൽ ഇത് പ്രസ്താവിച്ചിട്ടുണ്ടെന്നു ഷംസുല്ലഖാദിരി അഭിപ്രായപ്പെടുന്നു (പു.297). ഈ അഭിപ്രായം തന്നെയാണ് പി.എ. സെയ്തുമുഹമ്മദ് എന്ന ചരിത്രകാരനും. എന്നാൽ ഹിജ്റ 2-ാം നൂറ്റാണ്ടിലാണ് (ഏ.ഡി 8-ാം നൂറ്റാണ്ട്) പെരുമാളിന്റെ മതപരിവർത്തനവും മാലിക് ഇബ്നുദീനാറിന്റെ കേരള സന്ദർശനവും നടന്നത് എന്ന് *റിഹ്‌ലത്തുൽ മുലൂക്കിൽ* പ്രസ്താവിക്കുന്നുണ്ടെന്നും ഇതിനാണു കൂടുതൽ പ്രസക്തിയുള്ളതെന്നുമാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം (പു.298). കൂടാതെ ഏ.ഡി. ഒമ്പതാം നൂറ്റാണ്ടിൽ ഒരു സാമൂതിരിയും പതിനാലാം നൂറ്റാണ്ടിൽ ഒരു കോലത്തിരിയും ഇസ്ലാംമതം സ്വീകരിച്ചതു മതത്തിന്റെ പ്രചാരത്തെയും വികാസത്തെയുമാണു സൂചിപ്പിക്കുന്നതെന്നും പറയുന്നു (പു.298).

കച്ചവടാവശ്യാർത്ഥം വന്ന അറബികൾ ഇവിടത്തെ സ്ത്രീകളെ വിവാഹം കഴിക്കുകയും അവരിലൂടെ സന്താനങ്ങൾ ഉണ്ടാവുകയും പതിയെ ഇസ്ലാംമതം കൂടുതൽ പ്രചരിക്കുകയും ചെയ്തു. കേരളരാജാക്കന്മാർ അറബി

കൾക്കു കച്ചവടം നടത്തുന്നതിനായി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുത്തിരുന്നു. കച്ചവടാവശ്യാർത്ഥം വന്നവർ വളരെ സമാധാനപൂർവ്വമായി കച്ചവടം നടത്തുകയും അവരുടേതായ ഒരു അസ്തിത്വം ഇവിടെ ഉറപ്പിക്കുകയും ചെയ്തു.

### 1.1.5 എസ്. അച്യുതവാര്യർ: കേരളസംസ്കാരം

എസ്. അച്യുതവാര്യരുടെ *കേരളസംസ്കാരം* എന്ന ഗ്രന്ഥത്തിൽ ഇസ്ലാംമതം കേരളത്തിൽ എത്തിച്ചേർന്നതെങ്ങനെയും അതിന്റെ വികാസപരിണാമങ്ങൾ എങ്ങനെയൊക്കെ ആയിരുന്നു എന്നും രേഖപ്പെടുത്തിയതു പരിശോധിക്കുകയാണ് ഇവിടെ. നാനാത്വത്തിൽ ഏകത്വം എന്നതാണു ഭാരതീയസംസ്കാരത്തിന്റെ മുഖമുദ്ര. അതു കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ അർത്ഥവത്താണ്. അതിപ്രാചീനകാലം മുതൽക്കുതന്നെ മതങ്ങളുടെ സംഗമഭൂമിയായിരുന്നു കേരളം (2014:42). ഭാരതീയമായ ബുദ്ധ-ജൈനമതങ്ങൾ കേരളത്തിൽ പ്രചരിച്ചിരുന്നു. അതുപോലെ വൈദേശികമായ ക്രിസ്തു, ജൂത-ഇസ്ലാംമതങ്ങളും പ്രചരിച്ചു. അതതു ദേശങ്ങളിൽ അവ രൂപംകൊണ്ട കാലത്തുതന്നെ ആ മതങ്ങളുടെ സന്ദേശം കേരളത്തിലും എത്തിയിരുന്നു. വളരെ വേഗത്തിൽ ഈ മതങ്ങൾ കേരളത്തിൽ പ്രചരിക്കുകയും ചെയ്തു (പു.42).

ഇസ്ലാംമതം എന്നാണ് എങ്ങനെയാണു കേരളത്തിൽ എത്തിച്ചേർന്നത് എന്നതിനെക്കുറിച്ചു രേഖകളൊന്നും ലഭ്യമല്ല. ഏഴാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ അറേബ്യയിൽ പ്രവാചകനായ മുഹമ്മദ് തന്റെ ശ്രേഷ്ഠമായ സന്ദേശം ജനങ്ങൾക്കു നൽകിക്കൊണ്ടിരുന്ന കാലത്തുതന്നെ വ്യാപാരാർത്ഥം ദക്ഷിണേന്ത്യയുടെ പടിഞ്ഞാറെ തീരങ്ങളിൽ എത്തിയിരുന്ന അറബികൾ ഇസ്ലാംമതം ഇവിടെ എത്തിച്ചു എന്നു *മലബാർ മാനുവലിൽ* ലോഗൻ ചൂണ്ടിക്കാണിക്കുന്നതായി പറയുന്നു (പു.61). അറബികൾ ഇവിടെ എത്തുകയും നാട്ടുകാരായ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്തു. അവർ മലബാർ തീരങ്ങളിൽ

കുടിപാർക്കുകയും അതുവഴി മാപ്പിളമാരുടെ ഒരു സങ്കരസമുദായത്തിന് അടിത്തറപാകുകയും ചെയ്തതായി ബുക്കാനനും പറയുന്നതായി കാണുന്നു (പു.61). ഈ അഭിപ്രായങ്ങൾ സ്വീകാര്യമായാൽ നബിയുടെ കാലത്തുതന്നെ ഹിജ്റ ആദ്യവർഷങ്ങളിൽത്തന്നെ (ഏ.ഡി 611–634)-ൽ ഇസ്ലാംമതം കേരളത്തിലെത്തിപ്പെട്ടു എന്നനുമാനിക്കാം (പു.61). കേരളത്തിൽ ഇസ്ലാംമതത്തിന്റെ ആവിർഭാവം എങ്ങനെ ആയിരുന്നു എന്നതിനെക്കുറിച്ചുള്ള ചേരമാൻ പെരുമാളിന്റെ കഥ കൃതിയിൽ പരാമർശിച്ചുകാണുന്നുണ്ട്. കേരളോൽപ്പത്തിയിലും ഈ കഥ വിവരിച്ചിട്ടുണ്ടെന്നു പറയുന്നു. 16–ാം ശതകത്തിൽ ശൈഖ് സൈനുദ്ദീൻ *തുഹ്ഫത്തുൽ മുജാഹിദീനിലും* ലോഗൻ *മലബാർ മാനുവലിലും* ഈന്നീസ് *മലബാർ ഡിസ്ട്രിക്റ്റ് ഗസറ്റിയറിലും* ഈ കഥ പറയുന്നുണ്ടെന്ന് അച്യുതവാര്യർ സൂചിപ്പിക്കുന്നുണ്ട് (പു.62). ഒരു ശൈഖും കുറച്ചു മുസ്ലിംഫക്കീറന്മാരും കൊടുങ്ങല്ലൂരിൽ വന്നതും രാജാവ് അവരെ സ്വീകരിച്ചതുമാണു കഥ. രാജാവ് അവരിൽനിന്നും പ്രവാചകനെക്കുറിച്ചറിയുകയും മടക്കയാത്രയിൽ അവരോടൊപ്പം മക്കയിലേക്കു പോവുകയും ചെയ്തു. മരണാസന്നനായപ്പോൾ കൂടെ ഉള്ളവരോടു കേരളത്തിലെത്തി ഇസ്ലാംമതം പ്രചരിപ്പിക്കാൻ കൽപ്പിക്കുകയും ചെയ്തു. അവർ കൊടുങ്ങല്ലൂരിലെത്തി താമസിക്കുകയും ആദ്യത്തെ മുസ്ലിംപള്ളി നിർമ്മിക്കുകയും ചെയ്തു (പു.62). ഈ കഥയെ ബന്ധപ്പെടുത്തിതന്നെയാണ് പി.എ.സെയ്തുമുഹമ്മദ് എന്ന ചരിത്രകാരൻ തന്റെ *കേരളമുസ്ലിം ചരിത്രത്തിൽ* പരാമർശിക്കുന്നതെന്ന് അച്യുതവാര്യരും സൂചിപ്പിക്കുന്നു (പു.62). എന്നാൽ പോർച്ചുഗീസുകാരുടെ വരവിനു മുമ്പു കേരളം സന്ദർശിച്ചിട്ടുള്ള വിനോദസഞ്ചാരികളിലാരും തന്നെ പെരുമാൾ കഥ സൂചിപ്പിച്ചിട്ടില്ല എന്നാണു കെ.പി. പത്മനാഭമേനോൻ തന്റെ *കേരളചരിത്രം* എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാണ് അച്യുതവാര്യർ സൂചിപ്പിക്കുന്ന മറ്റൊരു കാര്യം (പു.62).

വഴിയരികിലുള്ള (മലബാർതീരം) എല്ലാ വിശ്രമകേന്ദ്രങ്ങളിലും മുസ്ലിം ഭവനങ്ങൾ ഉണ്ട്. ധർമ്മടം, കോഴിക്കോട്, കൊല്ലം തുടങ്ങിയ സ്ഥലങ്ങൾ മുസ്ലിം കേന്ദ്രങ്ങളായിരുന്നു. മുസ്ലിങ്ങൾ അധികാരത്തിന്റെയും ഐശ്വര്യത്തിന്റെയും ഉച്ചകോടിയിലായിരുന്നു. മാത്രമല്ല ഇതരമതവിഭാഗത്തിൽനിന്നും ധാരാളം പേർ ഇസ്ലാമിലേക്കു പരിവർത്തനം നടത്തിക്കൊണ്ടിരുന്നു. 14-ാം നൂറ്റാണ്ടുമുതൽ സാമൂതിരിയുടെ ആധിപത്യ കാലത്തു മുസ്ലിങ്ങൾ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിച്ചിരുന്നു. മാമാങ്കത്തിൽ സാമൂതിരിയുടെ രക്ഷാപുരുഷസ്ഥാനം വഹിച്ചിരുന്നതു കോഴിക്കോട് കോയമാരായിരുന്നു. മാപ്പിളമാരുടെ മതനേതാവായിരുന്ന തങ്ങൾ സാമൂതിരിയോടൊപ്പം പല്ലക്കിൽ യാത്രചെയ്യാനുള്ള അവകാശമുണ്ടായിരുന്നു. ഇത്തരത്തിൽ കാലക്രമേണ ഇസ്ലാംമതം കേരളത്തിൽ തഴച്ചുവളർന്നു. സൂഫിമാരുടെയും തങ്ങൾമാരുടെയും ശാന്തമായ പ്രവർത്തനങ്ങളാണ് ഇസ്ലാം മതം കേരളത്തിൽ പ്രചരിക്കാൻ കാരണം (പു.63). പള്ളികൾ കേന്ദ്രീകരിച്ചുകൊണ്ടാണു മുസ്ലിങ്ങൾ മതപ്രചാരണം നടത്തിയിരുന്നത്. ഏകദൈവവിശ്വാസവും സന്മാർഗ്ഗജീവിതവും സമത്വവും സാഹോദര്യവും ഉൾക്കൊള്ളുന്ന ഇസ്ലാംമതം കേരളത്തിൽ വ്യാപകമായി പ്രചരിച്ചു (പു.64). വ്യാപാരാവശ്യാർത്ഥവും മതപ്രചാരണാർത്ഥവും കേരളത്തിലെത്തിയ അറബികൾ ഇവിടെയുള്ള സ്ത്രീകളെ വിവാഹം കഴിക്കുകയും കുടുംബജീവിതം നയിക്കുകയും ചെയ്തു.

### 1.1.6 വേലായുധൻ പണിക്കശ്ശേരി-സഞ്ചാരികൾ കണ്ട കേരളം

വേലായുധൻ പണിക്കശ്ശേരി തന്റെ *സഞ്ചാരികൾ കണ്ട കേരളം* എന്ന ഗ്രന്ഥത്തിൽ *തുഹ്ഫത്തുൽ മുജാഹിദീനിലെ* കഥ തന്നെയാണ് ഈ വിഷയവുമായി ബന്ധപ്പെട്ടു വിവരിച്ചിട്ടുള്ളത്. അറബിഭാഷയിൽ അറിവുണ്ടായിരുന്ന ചരിത്രപ്രസിദ്ധനായ കേരളീയൻ അറബിയിൽ എഴുതിയ മഹത്തായ ഒരു കേരള ചരിത്രമാണു *തുഹ്ഫത്തുൽ മുജാഹിദീൻ* എന്നാണ് ഇദ്ദേഹം ഈ ഗ്രന്ഥത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളത് (വേലായുധൻ പണിക്കശ്ശേരി, 2001:281). ഇസ്ലാംമതപ്ര

ചാരണത്തിനെത്തിയ സംഘത്തിൽ ശറഫ് ഇബ്നുമാലിക്, മാലിക് ഇബ്നുദിനാർ, മാലിക് ഇബ്നുഹബീബ്, ഇബ്നുമാലിക്, അദ്ദേഹത്തിന്റെ ഭാര്യ ഖുമരിയ അവരുടെ മക്കൾ, അനുഗാമികൾ എന്നിവരാണ് ഉണ്ടായിരുന്നതെന്ന് രേഖപ്പെടുത്തിക്കാണുന്നുണ്ട്. കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ ഇവർ രാജാവിനെ കാണുന്നു. രാജാവ് ഇവർക്ക് താമസിക്കാനും മറ്റുമായി വീടും സ്ഥലവും വിട്ടുനൽകി. അവർ അവിടെ താമസിക്കുകയും പള്ളിപണിയുകയും ചെയ്തു. തുടർന്ന് മാലിക് ഇബ്നുഹബീബ് ഇബ്നുമാലിക്കിനെ മലബാറിന്റെ ഇതരസ്ഥലങ്ങളിൽ പള്ളികഴിപ്പിക്കാനും ഇസ്ലാംമതം പ്രചരിപ്പിക്കാനുമായി നിയോഗിച്ചു. അദ്ദേഹവും ഭാര്യയും മക്കളും കൊല്ലത്തെത്തുകയും അവിടെ പള്ളിയുണ്ടാക്കുകയും ചെയ്തു. ശേഷം ഹേലി മാറാവി (ഏഴിമല), ഫാക്കനൂർ (ബാർക്കൂർ), മഞ്ചറൂർ (മംഗലാപുരം), കാഞ്ചർക്കൂത്ത് (കാസർഗോഡ്) എന്നിവിടങ്ങളിലും പിന്നീട് ജൂർഫത്തൻ (ശ്രീകണ്ഠപുരം) ദഫ്ഫത്തൻ (ധർമ്മടം) ഫന്ദറീന (പന്തലായനി) ശാലിയാത്ത് (ചാലിയം) എന്നിവിടങ്ങളിലുമെല്ലാം സഞ്ചരിച്ചു പള്ളികൾ പണിതു (പു.283). ശേഷം കൊടുങ്ങല്ലൂരിൽത്തന്നെ തിരിച്ചെത്തി. മലബാറിൽ ഇസ്ലാംമതപ്രചാരണത്തിന്റെ ചരിത്രമാണ് ഇതിലൂടെ മനസ്സിലാക്കാനാവുന്നത്. ഇത് ഏതു കൊല്ലത്തിലാണ് നടന്നതെന്നു കൃത്യമായി പറയാൻ തെളിവില്ലെങ്കിലും ഹിജ്റ 200-ാമാണ്ടിനു ശേഷമായിരിക്കാനാണു സാധ്യതയെന്നു വേലായുധൻ പണിക്കശ്ശേരിയും അനുമാനിക്കുന്നു (പു.284).

പറങ്കികളുടെ ആഗമനത്തോടെ മുസ്ലിങ്ങൾക്ക് അവരുടെ സമാധാന ജീവിതം നഷ്ടപ്പെടുകയായിരുന്നു. കൊച്ചിയിൽ കടൽവ്യാപാരം നടത്തിയിരുന്നത് അന്നു മുസ്ലിങ്ങളായിരുന്നു. അതുകൊണ്ടുതന്നെ മുസ്ലിം വ്യാപാരികളെ അവർ അധികം വെറുക്കുകയും ഉപദ്രവിക്കുകയും ചെയ്തു. അവരുടെ വ്യാപാരസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എല്ലാം തകർക്കുകയും ചെയ്തു. ഇതുകാരണം കൊച്ചിവിട്ട് മുസ്ലിങ്ങൾ കോഴിക്കോട്ടേക്കു പോയി പറങ്കികളുടെ ശത്രുവായ സാമൂതിരിയെ ശരണം പ്രാപിച്ചു. മുസ്ലിങ്ങൾ കോഴിക്കോട് സ്ഥിരവാസമുറപ്പിച്ചു. മുസ്ലിങ്ങൾക്കും അവരുടെ പള്ളികൾക്കും എതിരെയുള്ള പറങ്കികളുടെ

ആക്രമണം വർദ്ധിച്ചപ്പോൾ പൊന്നാനിയിലെ മഖ്ദൂം തങ്ങന്മാർ പറങ്കികൾക്കെതിരെ വിശുദ്ധയുദ്ധത്തിന് ആഹ്വാനം ചെയ്യുകയും ധീരപുരുഷന്മാർ അതിൽ അണിനിരക്കുകയും ചെയ്തു. സാമൂതിരിയുടെ സൈന്യത്തിനു കീഴിലായിരുന്നു അത്. പോർച്ചുഗീസുകാർക്കെതിരെ ശക്തമായ പോരാട്ടം നടത്തിയിട്ടുള്ളത് കുഞ്ഞാലിമരക്കാന്മാരുടെ നേതൃത്വത്തിലുള്ള മരയ്ക്കാർവംശത്തിലെ ധീരന്മാരായിരുന്നു (പു.132).

### 1.1.7 എൻ.എം.നമ്പൂതിരി, പി.കെ.ശിവദാസ് (എഡി.): കേരളചരിത്രത്തിന്റെ നാട്ടുവഴികൾ

*കേരളചരിത്രത്തിന്റെ നാട്ടുവഴികൾ കേരളത്തിലെ പ്രാദേശിക ചരിത്രാന്വേഷണങ്ങളുടെ ആദ്യസമാഹാരം* എന്ന ഗ്രന്ഥത്തിൽ ഷംശുല്ലഖാദിരി ഇപ്രകാരം രേഖപ്പെടുത്തിയതായി കാണുന്നു. മാലിക് ഇബ്നു ഹബീബും ഭാര്യയും മക്കളും മലബാറിൽ താമസമാക്കിയതോടെ അവർ ഇവിടെ മുസ്ലിങ്ങളുടെ പുതിയ കേന്ദ്രങ്ങൾ ഉണ്ടാക്കി. അതിനുശേഷം അറേബ്യയിൽനിന്നും ഇറാഖിൽനിന്നും വ്യാപാരാവശ്യാർത്ഥം വന്ന മുസ്ലിങ്ങളും ഇവിടെ സ്ഥിരവാസമാക്കി. അതോടൊപ്പം ഇവരെല്ലാം അതാതു പ്രദേശങ്ങളിൽ ഇസ്ലാംമതം പ്രചരിപ്പിക്കുകയും ചെയ്തു. തദ്ദേശവാസികൾ പുതിയ മതത്തിൽ ആകൃഷ്ടരായി മതത്തിലേക്കു വന്നുകൊണ്ടിരുന്നു. അതോടെ മുസ്ലിംകേന്ദ്രങ്ങൾ അഭിവൃദ്ധി പ്രാപിച്ചു. ഹിജ്റ ഏഴാം നൂറ്റാണ്ടിൽ ഇബ്നുബത്തൂത്ത മലബാർ സന്ദർശിച്ചപ്പോൾ ഗോവ മുതൽ കൊല്ലം വരെയുള്ള മലബാർ തീരപ്രദേശത്തു പരക്കെ മുസ്ലിംകേന്ദ്രങ്ങൾ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു (2018:252)[2].

കേരളത്തിലെ പുലയവിഭാഗക്കാർക്ക് അവരുടെ അപമാനകരമായ ജീവിതത്തിൽനിന്നു രക്ഷപ്പെടുന്നതിനുള്ള ഒരു സങ്കേതമായിരുന്നു ഇസ്ലാം (പു.254). അവർ ഇസ്ലാംമതം സ്വീകരിച്ചുകഴിഞ്ഞാൽ സമുദായത്തിനകത്തു സമത്വം ലഭിച്ചിരുന്നു. മറ്റുള്ളവരെപ്പോലെ സമൂഹത്തിൽ അവർക്കും ബഹുമാനവും

ആദരവും ലഭിച്ചിരുന്നു. മലബാറിൽ ഇസ്ലാംമതപ്രചാരം വർദ്ധിക്കാൻ ഇതും ഒരു പ്രധാന കാരണമായി രേഖപ്പെടുത്തിക്കാണുന്നുണ്ട് (പു.254).

**1.1.8 എം.വിജയലക്ഷ്മി: മലബാറിലെ ആദ്യകാല മുസ്ലിം സമൂഹം, മലബാർ പൈതൃകവും പ്രതാപവും**

ഹിജ്റയുടെ ആദ്യശതകത്തിൽ തന്നെ ഇസ്ലാം കേരളത്തിൽ വളർന്നിരുന്നുവെന്നതിനു രേഖകൾ ഉണ്ട് (2014:102-103). കച്ചവടത്തിനും വാണിജ്യത്തിനും സാധ്യതകൾ നിലനിന്നിരുന്ന വർത്തകകേന്ദ്രങ്ങളിലാണു മുസ്ലിം സമൂഹം എന്ന 'സെറ്റിൽമെന്റ്' കേരളത്തിൽ രൂപപ്പെട്ടത് (പു.102-103). ഹിതകരമല്ലാത്ത സൈനികാക്രമണത്തിലൂടെയോ യുദ്ധത്തിലൂടെയോ അല്ല മലബാറിൽ ഇസ്ലാം പ്രചരിച്ചത്. കച്ചവടത്തിലൂടെയും വാണിജ്യപരമായ ഇടപെടലുകളിലൂടെയുമാണ്. വ്യത്യസ്ത സാംസ്കാരിക ജീവിതങ്ങൾ തമ്മിലുള്ള കൈമാറ്റവും കച്ചവടവും കേരളത്തിലെ സമുദായരൂപീകരണത്തിൽ വലിയ പങ്കു വഹിച്ചിട്ടുള്ള ഘടകങ്ങളാണ്.

ഇസ്ലാംമത പ്രചാരണം കേരളത്തിൽ നടന്നതു മതപരമായ ഉദ്ദേശ്യങ്ങളേക്കാൾക്കൂടുതൽ മതേതരവും കച്ചവടസംബന്ധിയുമായ ആവശ്യങ്ങൾക്കു വേണ്ടിയായിരുന്നുവെന്നു രാഘവവാര്യർ *അർബൻ എക്സ്പീരിയൻസ് ഇൻ മിഡീവൽ കേരള* എന്ന പഠനത്തിൽ സൂചിപ്പിക്കുന്നുണ്ട് (പു.103).

കേരളത്തിലെ പ്രധാനപ്പെട്ട രേഖകളിൽ തദ്ദേശീയരും വിദേശീയരുമായ മുസ്ലിം വർത്തകപ്രമാണിമാരുടെ പേരുകൾ പരാമർശിക്കപ്പെട്ടുകാണുന്നത് അക്കാലത്തു സമൂഹത്തിൽ അവർക്കുണ്ടായിരുന്ന അംഗീകാരവും പ്രാധാന്യവുമാണ്. ഇബ്നുബത്തൂത്ത, മാഹ്വാൻ, ബാർബോസ എന്നീ സഞ്ചാരികളുടെ കൃതികൾ എല്ലാംതന്നെ മലബാറിലെ തദ്ദേശീയരും വിദേശീയരുമായ മുസ്ലീങ്ങളുടെ വാണിജ്യത്തേയും ജീവിതത്തേയും കുറിച്ചു പരാമർശിക്കുന്നുമുണ്ട് (പു.102). വടക്ക് ഏഴിമല മുതൽ തെക്ക് കൊല്ലം വരെ തീരദേശമേഖലകൾ

കേന്ദ്രീകരിച്ചാണ് ഈ കച്ചവടസംഘം വളർന്നത്. ദക്ഷിണ അറേബ്യ യിൽനിന്നും പേർഷ്യൻ ഗൾഫ് മേഖലയിൽനിന്നുമാണു മുസ്ലിം വ്യാപാരികൾ കൂടുതലായികേരളത്തിന്റെ തീരപ്രദേശത്ത് എത്തിയത് (പു.102-03). ഇതിൽനിന്നും വ്യക്തമാകുന്നത് അറബിരാജ്യങ്ങളുമായി കേരളത്തിന്റെ വാണിജ്യമേഖലയ്ക്കുണ്ടായിരുന്ന അടുത്ത ബന്ധമാണ്. ചുരുക്കത്തിൽ മലബാറിൽ ഇസ്ലാംമതം വികസിച്ചതു മതപരമായ കാരണത്താലല്ല. കച്ചവടാവശ്യാർത്ഥം വന്ന അവർ ഇവിടെ സങ്കരമായ ഒരു മതം രൂപീകരിക്കുക യായിരുന്നു.

**1.1.9 എം.ടി. അൻസാരി:മലബാർ ദേശീയതയുടെ ഇടപാടുകൾ**

കച്ചവടാവശ്യാർത്ഥം മുസ്ലീങ്ങൾ കേരളത്തിലെത്തി. കേരളത്തിൽ അവ രുടേതായ ആധിപത്യം സ്ഥാപിച്ചെടുത്തു. കച്ചവടപരമായ പരസ്പരാശ്രിത ത്വവും വിശ്വാസപരമായ ആശയങ്ങളും ഏകത്വവും പുലർത്തുമ്പോൾത്തന്നെ അറബികളുടെ സാംസ്കാരിക ജീവിതശൈലിയെ കേരളക്കാർ അപ്പാടെ സ്വീക രിച്ചിരുന്നില്ല എന്നു ചരിത്രരേഖകളിൽനിന്നും മനസ്സിലാക്കാം (2008:33). കേരള ത്തിലെ തദ്ദേശീയരായ മുസ്ലിങ്ങൾ വാണിജ്യപരമായും മതപരമായും അറേബ്യൻ സംസ്കാരത്തെ സ്വീകരിച്ചെങ്കിലും വസ്ത്രം, ഭക്ഷണം മുതലായ കാര്യങ്ങളിൽ അവരുമായി വ്യത്യസ്തത പുലർത്തിപ്പോന്നു. ഒറ്റനോട്ട ത്തിൽത്തന്നെ തിരിച്ചറിയാൻ കഴിയും തരത്തിൽ തദ്ദേശീയമുസ്ലിംസമൂഹം മുസ്ലിം അതിഥികളിൽനിന്നു വ്യത്യസ്തമായിരുന്നു. അപ്പോൾ വ്യത്യസ്തമായ സാംസ്കാരിക സങ്കലനത്തിലൂടെയാണു മുസ്ലിംകേരളീയജീവിതത്തിൽ അവരു ടേതായ സ്വത്വം സ്ഥാപിച്ചെടുത്തത്. അവർക്കു രാഷ്ട്രീയമായോ ഭൂമിശാസ്ത്ര പരമായോ ഏകീകൃതസ്വഭാവം ഉണ്ടായിരുന്നില്ല. കേരളീയമായ ശൈലി യിൽത്തന്നെയായിരുന്നു അവർ ജീവിച്ചിരുന്നത്. പരസ്പരാശ്രിതത്വം നിലനിന്നി രുന്നുവെങ്കിലും അവർക്കിടയിൽ ധാരാളം വ്യത്യസ്തതകളും ഉണ്ടായിരുന്നു.

ക്രമേണ മുസ്ലിങ്ങൾ കേരളത്തിൽ സാമ്പത്തികസാമൂഹികരാഷ്ട്രീയ ഭരണപരമായ ഇടങ്ങളിലും അവരുടേതായ ഇടപെടലുകൾ സാധ്യമാക്കി. കോളനിവൽക്കരിക്കപ്പെട്ട കാലത്തു കൃഷി ഉപജീവനമായി കണ്ടിരുന്ന അവരെ സാമൂഹികവും സാമ്പത്തികവുമായി ചൂഷണം ചെയ്തപ്പോൾ അധിനിവേശശക്തികൾക്കെതിരെ അവർ സംഘടിക്കുകയും പോരാടുകയും ചെയ്തു. സ്വാഭാവികമായും കർഷകത്തൊഴിലാളികളായി മുസ്ലിങ്ങൾ പണിയെടുക്കുന്ന ഇടങ്ങളിൽ മുസ്ലിംനാമമുള്ളവർ നേതൃസ്ഥാനത്തു വന്നു. എന്നാൽ ഹിന്ദുക്കൾക്കെതിരെയുള്ള കലാപമായാണു ബ്രിട്ടീഷുകാർ അതിനെ അടയാളപ്പെടുത്തിയത്. കാർഷികവർഗ അടിത്തറയിൽ സംഘടിക്കപ്പെട്ട ജനങ്ങളെ ഒരു മതാത്മക വർഗ്ഗമെന്നസ്വത്വമായി ബ്രിട്ടീഷ് ഗവൺമെന്റ് അടയാളപ്പെടുത്തി. 1921-ലെ മലബാർ കലാപമടക്കം അതിന് ഉദാഹരണമായി ചരിത്രത്തിൽ കാണാം (2008:41). മലബാറിലെ ദേശീയസമരങ്ങളിലെല്ലാം മുസ്ലീങ്ങൾ നേതൃസ്ഥാനത്ത് ഉണ്ടായിരുന്നു. ഖിലാഫത്തുപ്രസ്ഥാനവും നിസ്സഹകരണപ്രസ്ഥാനവും മലബാറിൽ വൻതോതിൽ ഉണ്ടായിരുന്നു. ബ്രിട്ടീഷുഭരണത്തിനെതിരെ പത്രമാസികകളും ലേഖനങ്ങളും നോവലുകളും കവിതയും കഥയും നാടകങ്ങളുമെല്ലാം തന്നെ അവതരിപ്പിക്കയുണ്ടായിട്ടുണ്ട്.

**1.1.10** ഇന്നും ഈ വിഷയവുമായി ബന്ധപ്പെട്ടു പഠനങ്ങളും ഗവേഷണങ്ങളും നടക്കുന്നുണ്ട്. പല പുതിയ നിരീക്ഷണങ്ങളും വരുന്നുണ്ട്. ഉദാഹരണമായി *മുസ്ലിം സ്ത്രീ പ്രതിനിധാനങ്ങളും സ്വത്വസങ്കൽപങ്ങളും മലയാള സിനിമയിൽ തെരഞ്ഞെടുത്ത സിനിമകളെ ആസ്പദമാക്കി ഒരു പഠനം* എന്ന ഷഹനയുടെ (കാലിക്കറ്റ് യൂണിവേഴ്സിറ്റി) ഗവേഷണപ്രബന്ധത്തിലെ നിരീക്ഷണങ്ങൾ ഇപ്രകാരമാണ്. കോളനിഭരണത്തോടു ശക്തമായി പൊരുതിക്കൊണ്ടാണു മുസ്ലീങ്ങൾ മുന്നോട്ടുപോയിരുന്നത്. കേരളീയമുസ്ലിമിന്റെ വൈവിധ്യങ്ങളെയും ബഹുസ്വരതയെയും അവഗണിച്ചു മുസ്ലിമിന്റെ മുസ്ലിം എന്ന ഏകീകൃതസ്വത്വത്തെ സാംസ്കാരികമായി കേന്ദ്രത്തിൽ പ്രതിഷ്ഠിച്ചതു കൊളോണിയൽ ഭര

ണത്തിന്റെ യുക്തിയായിരുന്നു. വർഗപരമായും തൊഴിൽപരമായും സ്വത്വവും പ്രതിരോധവുമാർജ്ജിച്ച ജനതയുടെ പ്രതിനിധാനങ്ങൾ മതാത്മകമായി പ്രതി ഷ്ഠിച്ചായിരുന്നു 'മാപ്പിളമുസ്ലിം' എന്ന മതകർതൃത്വത്തെ കൊളോണിയൽ യുക്തികൾ നിർമ്മിച്ചെടുത്തതെന്ന അഭിപ്രായം നിലവിലുണ്ട് (ഗവേഷണ പ്രബന്ധം ഷഹന: 2019:140).

**1.1.11** ചുരുക്കത്തിൽ ഏഴ്, എട്ട് നൂറ്റാണ്ടോടെ കേരളത്തിൽ മുസ്ലിങ്ങൾ എത്തി ച്ചേർന്നുവെന്ന് അനുമാനിക്കാം. വ്യാപാരാവശ്യാർത്ഥം വന്നു കേരളതീരത്തെ ത്തിയ അറബികൾ ഇവിടെയുള്ള സ്ത്രീകളെവിവാഹംകഴിക്കുകയും കുടുംബ വുമായി ജീവിക്കാനും തുടങ്ങി. അതിഥികളായി എത്തിച്ചേർന്ന അറബികൾ അവരുടേതായ സ്വത്വം കേരളക്കരയിൽ സ്ഥാപിച്ചെടുത്തു. ഒമ്പതാം നൂറ്റാ ണ്ടോടെ ഇസ്ലാംമതം കേരളക്കരയാകെ വ്യാപിച്ചു എന്നുതന്നെ അനുമാനിക്കാം. ഒരു സങ്കരസംസ്ക്കാരമായി പിന്നീടങ്ങോട്ടു വ്യാപിക്കുകയായിരുന്നു എന്നു മന സ്സിലാക്കാം. കേരളത്തിലെസംസ്ക്കാരവുമായി കൂടിച്ചേർന്ന് ഒരു പുതിയ സംസ്കാരം രൂപീകരിച്ചെടുക്കുകയായിരുന്നു ആ സമൂഹം. കേരളീയസാമൂ ഹിക സാംസ്കാരിക രാഷ്ട്രീയ സാമ്പത്തിക മേഖലകളിലെല്ലാം തന്നെ അവർ അവരുടേതായ ഇടം കണ്ടെത്തി കേരളീയരായിത്തന്നെ ജീവിക്കുകയും ചെയ്തു.

**1.1.12** കേരളത്തിൽ അറബികൾ എത്തുകയും അവരുടേതായൊരു സംസ്കാരം ഇവിടെ സ്ഥാപിക്കുകയും ചെയ്തു. കേരളീയമുസ്ലീങ്ങൾ അറബി സംസ്കാ രവും കേരളീയമായ ആചാരാനുഷ്ഠാനങ്ങളും കൂടിച്ചേർന്ന ഒരു സംസ്കാര മാണു രൂപീകരിച്ചത്. എന്നാൽ അറബി സംസ്കാരത്തെ വേർത്തിരിച്ചറിയുക എളുപ്പമല്ല. കച്ചവടക്കാരും നാവികരുമായ അറബികളുമായി ആദ്യം ബന്ധപ്പെ ട്ടത് ഏതു സമുദായ വിഭാഗമായിരുന്നു എന്നു കണ്ടെത്തുക പ്രയാസമാണ്. താഴ്വഴിവഴക്കം അനുസരിക്കുന്ന നായന്മാർ, വടക്കെ മലബാറിലെ തിയ്യർ തുടങ്ങിയവരാകാം ആദ്യത്തെ മാപ്പിളസമുദായത്തിന്റെ അടിസ്ഥാനമായത്

എന്നു കരുതുന്നതാണു യുക്തിക്കു ചേരുക. പഴയ മാപ്പിളവിഭാങ്ങളിൽപ്പെട്ട കോയിമാർ, നഹമാർ, കോയമാർ തുടങ്ങിയവർ അടുത്തകാലം വരെ താഴ്‌വഴി വഴക്കക്കാരായിരുന്നുവെന്ന് ഈ ഊഹത്തെ ബലപ്പെടുത്തുന്നു. അതേ സമയ ത്തുതന്നെ ഇസ്ലാംമതം സ്വീകരിക്കുന്നതോടെ ഇവർ ഹിന്ദുസമൂഹത്തിന്റെ സംസ്കൃതസ്വാധീനത്തിൽ നിന്നകലുകയും ഏറെയും നാടോടി പാരമ്പര്യങ്ങ ളോട് ഇണങ്ങുകയും ചെയ്തു എന്നു കാണാം. നേർച്ചയുടെ ചടങ്ങുകൾ മാപ്പിളകലയുടെ രീതികൾ, മാപ്പിളപ്പാട്ടുകളുടെ ഭാഷ എന്നിവ ഇതാണു സൂചി പ്പിക്കുന്നത് (ഗംഗാധരൻ എം. മാപ്പിള പഠനങ്ങൾ - 2004 പു:85). പതിനാറാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും മലബാറിലെ ജനസംഖ്യയിൽ പത്തി ലൊന്നു മുസ്ലിങ്ങളായിരുന്നു എന്നു ശൈഖ് സൈനുദ്ധീൻ രേഖപ്പെടുത്തുന്നു ണ്ട് (പു:87). എന്നാൽ ഈ കാലത്ത് അറബികളുടേതായ കലാസാഹിത്യരൂപങ്ങൾ ഉണ്ടായിരുന്നില്ല. അന്നത്തെ മലബാറിലെ മുസ്ലിം പള്ളികൾക്ക് ആ പ്രദേശത്തെ പരമ്പരാഗത ഹിന്ദുശിൽപ മാതൃകയാണു ള്ളത് (പു:86-87).

കണ്ണൂരിലെ ആലി രാജകുടുംബത്തിനു മാത്രമാണു മലബാറിലെ മുസ്ലി ങ്ങൾക്കിടയിൽ ഭരണാധികാരം ഉണ്ടായിരുന്നത് (പു: 88). ഇവരുടെ രീതികളിൽ മലബാറിലെ പരമ്പരാഗത നാടുവാഴിത്തത്തിന്റെ സ്വാധീനമാണ് ഉള്ളത്. അറബി രാജാധിപത്യത്തിന്റെ സ്വഭാവം ഇല്ല. മാത്രമല്ല ഈ പ്രദേശത്തല്ലാതെ മറ്റൊരിടത്തും അറബികളോ തദ്ദേശീയ മുസ്ലീങ്ങളോ രാജാധികാരം നടത്തിയി രുന്നില്ല. അതുകൊണ്ടുതന്നെ ഇസ്ലാമികസംസ്കാരത്തിന്റേതായ ഭരണരീതിയോ രാഷ്ട്രീയസംസ്കാരരൂപീകരണമോ കേരളത്തിൽ ഉണ്ടായില്ല (പു: 88).

ശൈഖ് സൈനുദ്ധീന്റെ *തുഹ്ഫത്തുൽ മുജാഹിദീൻ* എന്ന ഗ്രന്ഥം അറ ബികളുടെ സ്വാധീനഫലമായി മലബാറിലെ മുസ്ലിം സമൂഹത്തിലുണ്ടായ ആദ്യത്തെ വിജ്ഞാനഗ്രന്ഥമാണ്. പതിനാറാംനൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തി

ലാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടതെന്നു കരുതപ്പെടുന്നു. ഈ ഗ്രന്ഥം പൂർണ മായും അറബിയിലാണ്.

അറബി-മലയാളലിപിയുടെ സംഭാവനയും എടുത്തുപറയേണ്ടതാണ്. മുഹമ്മദുബ്നു അബ്ദുൽ അസീസ് 1607 ൽ രചിച്ച *മുഹ്‌യുദ്ദീൻമാല*യാണ് അറ ബി-മലയാള സാഹിത്യ കൃതി. 16-17 നൂറ്റാണ്ടുകളിൽ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ, പൂന്താനം, മേൽപത്തൂർ ഭട്ടത്തിരി എന്നിവരുടെ കാവ്യങ്ങളിൽ കാണുന്ന ഭക്തിഭാവത്തോടു സത്തയിൽ സാമ്യമുള്ളതാണു *മുഹ്‌യുദ്ദീൻമാല യിൽ* ആവിഷ്കരിച്ചിരിക്കുന്ന ഭക്തി (പു:89). കേരളത്തിലെ മാപ്പിളമാർക്കിടയിൽ പ്രചാരമുള്ള കൃതിയാണ് ഇത്. അതുപോലെ സൂഫിരീതികൾക്കും അതിലെ തത്ത്വങ്ങൾക്കും ഏറെ പ്രാധാന്യമുണ്ടായിരുന്നു. ദിവ്യന്മാരുടെ ജാറങ്ങൾ, ദിവ്യ ന്മാരെ അനുസ്മരിക്കുന്ന നേർച്ചകൾ എന്നിവ അതിനു തെളിവുകളാണ്. മാപ്പിള മാരുടെ സാമൂഹികവും മതപരവുമായജീവിതത്തോടു ചേർന്നു നിൽക്കുന്നവയാണു നേർച്ചകൾ. കേരളീയസംസ്കാരവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നവയാണു നേർച്ചകൾ. നേർച്ചകളുടെ അടിസ്ഥാനപരമായ അനുഷ്ഠാനം ഏതെങ്കിലുമൊരു ശൈഖിന്റെയോ ശഹീദിന്റെയോ ശവകുടീര ത്തിൽ കാണിക്കയർപ്പിക്കുന്നതാണ്. ഇസ്ലാമിക സമൂഹത്തിന്റെ നേതാക്കന്മാരെ ന്നറിയപ്പെടുന്ന തങ്ങന്മാരാണു നേതൃത്വം നൽകുന്നത് (പു:116). ഇത് ഭക്തി നിർഭരമായ ഒരു അനുഷ്ഠാനമാണ്. നേർച്ചകളിലെല്ലാം കേരളീയമായ ചില ആചാരങ്ങളുടെ അംശങ്ങൾ കലർന്നിട്ടുണ്ട്. ദേശ്യമായ ആഘോഷ സമ്പ്രദായ ങ്ങളുപയോഗിച്ചു പുതിയവ സൃഷ്ടിച്ചതാവാം. ഏതായാലും നിലവിലുള്ള തെളിവുകൾ വെച്ചു നോക്കുമ്പോൾ വേലകൾ എന്നറിയപ്പെടുന്ന തികഞ്ഞ മല യാളി ആഘോഷങ്ങളെയോ അല്ലെങ്കിൽ പൂരങ്ങൾ എന്നു വിളിക്കപ്പെടുന്ന സാമാന്യേന കൂടുതൽ ബ്രാഹ്മണീയ സ്വഭാവവുമുള്ള വേലകളുടെ രൂപഭേദങ്ങ ളെയോ മാതൃകയാക്കിയുണ്ടാക്കിയവയാണു നേർച്ചകൾ എന്നതിനു സൂചനക ളുണ്ട് (പു:119). ആനകളുടെ എഴുന്നള്ളിപ്പ്, കരിമരുന്നു പ്രയോഗത്തിന്റെ

ഉപയോഗം, കാണിക്ക എഴുന്നള്ളിപ്പ് എന്നിവ ഉദാഹരണം. ചുരുക്കത്തിൽ കേരളീയ സംസ്കാരവുമായി കൂടികലർന്നാണു മുസ്ലിങ്ങളുടെ നേർച്ചകൾ രൂപം കൊണ്ടത്.

കേരളീയമായി ജീവിക്കുമ്പോഴും അറബിസ്വാധീനം മുസ്ലിങ്ങളിൽ കടന്നു വരുന്നുണ്ട്. മതപരമായ കാര്യങ്ങളിലാണ് അറബി സ്വാധീനം കൂടുതലായിട്ടുള്ള ത്. വ്യക്തികൾ തമ്മിൽ കാണുമ്പോൾ കെട്ടിപ്പിടിച്ചു സൗഹൃദം കാണിക്കൽ, സൽക്കാരപ്രിയം, ഭക്ഷണം കഴിക്കുമ്പോൾ വട്ടത്തിലിരുന്നു കഴിക്കൽ, തലമറക്കാനായി മലബാറിലെ മാപ്പിളസ്ത്രീകൾ 'മക്കന' ഉപയോഗിക്കുന്നത്, സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നത്, 'അറാക്കു' കൊണ്ടു പല്ലു തേക്കുന്നത്, ഏതുകാര്യത്തിനും വലതുവശത്തിനു പ്രാധാന്യം നൽകുന്നത്, പ്രത്യേക രീതി യിൽ നഖം മുറിക്കുന്നതു തുടങ്ങി നിരവധി കാര്യങ്ങൾ ഉദാഹരണങ്ങളാണ്.

വിവാഹചടങ്ങുകളിലും ഭക്ഷണരീതികളിലും അറബിസ്വാധീനം കാണാം. കെഹുവെ കാപ്പി, അലീസ എന്ന ഇറച്ചിക്കറി എന്നിവ ഉഹാഹരണമാ ണ്. മുസ്ലിങ്ങളുടെ വിവാഹചടങ്ങുകളിലും അതിനോടനുബന്ധി ച്ചുള്ള പാട്ടുകളിലും അറബി സ്വാധീനം കാണാം. കൂടാതെ പ്രവാചകന്റെ കാലത്തു നടന്ന ബദർ യുദ്ധത്തെ അനുസ്മരിച്ചു കൊണ്ടുള്ള പാട്ടുകളും ബദർയുദ്ധ രക്തസാക്ഷികളെ സ്മരിച്ചുകൊണ്ടുള്ള നേർച്ചയും മത സ്വാധീനത്തിന്റെ സ്വഭാവമുള്ളതാണെങ്കിലും അറേബ്യൻ പാരമ്പര്യവുമായി പ്രത്യേക ബന്ധമുള്ളതായി കാണാം. ഇന്നും ജോലി ആവശ്യാർത്ഥം അറബിനാ ടുകളിലെത്തിയ മുസ്ലീങ്ങൾ അറബികളുടെ സംസ്കാരം ജീവിതത്തോടു ചേർക്കുകയും ചെയ്യുന്നുണ്ട്.

### 1.2 മുസ്ലിം വിശ്വാസങ്ങളും ആചാരങ്ങളും

ഇസ്ലാംമതവും ഇസ്ലാംമതവിശ്വാസികളും ചില പ്രത്യേക വിശ്വാസപ്രമാണങ്ങളിലും അനുഷ്ഠാനങ്ങളിലും വിശ്വസിക്കുന്നവരാണ്. അവയെക്കുറിച്ചുള്ള അന്വേഷണമാണ് ഈ ഭാഗത്ത്.

## 1.2.1 ആചാരാനുഷ്ഠാനങ്ങൾ

മതകീയജീവിതത്തിന്റെ അടിസ്ഥാനം വിശ്വാസമാണ്. പ്രത്യേക വിശ്വാസങ്ങളോടോ പുരാവൃത്തങ്ങളോടോ ആചാരാനുഷ്ഠാനങ്ങളോടോ ഉള്ള വിശ്വാസത്തിൽനിന്നുമാണു മതം എന്ന സാമൂഹ്യസ്ഥാപനം രൂപംകൊള്ളുന്നത്. സകലതിനെയും സ്വീകരിക്കുന്ന ഒന്നല്ല മതം. മതത്തിൽ സ്വീകരിക്കാനും തിരസ്കരിക്കാനുമായി ധാരാളം കാര്യങ്ങൾ ഉണ്ടായിരിക്കും. ഇസ്ലാം മതവും ഇസ്ലാം മതവിശ്വാസികളും ചില വ്യവഹാരങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയുമാണു കടന്നുപോവുന്നത് (എൻ.പി. ഹാഫിസ് മുഹമ്മദ് 2021:10–15).

സാമാന്യമായി അഞ്ച് അടിസ്ഥാനതത്ത്വങ്ങളും ആറ് വിശ്വാസപ്രമാണങ്ങളും മുസ്ലിങ്ങൾക്കുണ്ട്.

#### 1.2.1.1 പഞ്ചതത്ത്വങ്ങൾ

ഇസ്ലാംമതവിശ്വാസികളെ സംബന്ധിച്ച് അനുഷ്ഠാനപരമായി അഞ്ചു കാര്യങ്ങളുണ്ട്.

1. പരമശക്തനായ ഏകദൈവമാണ് അല്ലാഹു. അവസാന പ്രവാചകൻ മുഹമ്മദ്നബിയാണെന്നുള്ള വിശ്വാസം. ഇതു മനസ്സിൽ ഉറപ്പിച്ചു നാവുകൊണ്ടു വെളിവാക്കി പറയേണ്ടകാര്യമാണ്.
2. അഞ്ചുനേരത്തെ നിസ്ക്കാരം/പ്രാർത്ഥന നിലനിർത്തൽ.
3. അറബിമാസമായ റമളാൻ മാസത്തിൽ നോമ്പനുഷ്ഠിക്കുക.

4. വരുമാനത്തിൽനിന്നും ഒരു നിശ്ചിതഭാഗം ദാനധർമ്മങ്ങൾക്കായി മാറ്റി വെക്കുക.

5. പണം കൊണ്ടും ആരോഗ്യംകൊണ്ടും സാധിക്കുമെങ്കിൽ മക്കയിൽ പോയി ഹജ്ജുകർമ്മം അനുഷ്ഠിക്കുക എന്നിവയാണവ.

**1.2.1.2 വിശ്വാസപ്രമാണങ്ങൾ ആറെണ്ണമാണ്**

1. ഏകദൈവമായ അള്ളാഹുവിലുള്ള വിശ്വാസം
2. ദൈവത്തിന്റെ മാലാഖമാരിലുള്ള വിശ്വാസം
3. പ്രവാചകന്മാരിലുള്ള വിശ്വാസം
4. കിത്താബുകളിലുള്ള വിശ്വാസം
5. അന്ത്യനാളിലുള്ള വിശ്വാസം
6. നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും ദൈവത്തിൽനിന്നു മുള്ളതാണെന്ന വിശ്വാസം

ഇസ്ലാംമതവിശ്വാസികൾ വിശുദ്ധഖുർആൻ ആണ് അടിസ്ഥാനമതഗ്രന്ഥമായി ഉപയോഗിക്കുന്നത്. അതു ദൈവത്തിന്റെമാലാഖമാർ മുഖാന്തിരം പലപ്പോഴായി പ്രവാചകനായ മുഹമ്മദ്നബിക്കു നേരിട്ടു ദൈവം ഇറക്കിക്കൊടുത്തതാണെന്നും തിരുത്തലുകൾ സാധ്യമാവാത്തവിധം അതു പൂർത്തീകരിക്കപ്പെട്ടതാണെന്നും മുസ്ലിംജനത വിശ്വസിക്കുന്നു. അതോടൊപ്പം നബിചര്യകളും മറ്റും രേഖപ്പെടുത്തിയിട്ടുള്ള ഹദീസ്ഗ്രന്ഥങ്ങളുമുണ്ട്. തിരുസുന്നത്തുകൾ എന്നാണ് അവ അറിയപ്പെടുന്നത് (ഹാഫിസ് മുഹമ്മദ് എൻ.പി, 2021:15).

**1.2.1.3 ആരാധനാലയങ്ങളും ആരാധനാക്രമവും**

പള്ളികളാണ് ആരാധനാലയങ്ങൾ, മതപ്രചാരണാർത്ഥം നിർമ്മിച്ചവ ആരാധനകേന്ദ്രങ്ങളായി മാറി. മുസ്ലിങ്ങൾ കൂട്ടമായി താമസിക്കുന്ന എല്ലാ

കേരളീയഗ്രാമങ്ങളിലും പള്ളികൾ ഉണ്ട്. പള്ളികളോടു ചേർന്നുതന്നെ മിക്കയിടങ്ങളിലും മതപഠനശാലകളും ഉണ്ടാവും. മദ്രസ്സ, ദർസ് എന്നാണ് അവ അറിയപ്പെടുക. മുസരിസ്സിൽ, ഇന്നത്തെ കൊടുങ്ങല്ലൂരിൽ കേരളീയമായ ശൈലിയിൽ കേരളത്തിലെ ആദ്യത്തെ മുസ്ലിംദേവാലയം നിർമ്മിക്കപ്പെട്ടിരുന്നു. ഇസ്ലാംമതവ്യാപനത്തോടെ ധാരാളം പള്ളികൾ നാനാഭാഗങ്ങളിലായി വ്യാപിച്ചു. അറേബ്യയിൽനിന്നു വന്ന മാലിക്-ഇബ്ന്ദിനാർ എന്ന മുസ്ലിം ദിവ്യൻ കൊടുങ്ങല്ലൂർ, കൊല്ലം, കാസർഗോഡ്, ശ്രീകണ്ഠപുരം, വളപട്ടണം, മാടായി, ധർമ്മടം, പന്തലായനി, കൊല്ലം, ചാലിയം എന്നീ ഒൻപതു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചിരുന്നുവെന്നു *തുഹ്ഫത്തുൽ-മുജാഹിദീനിൽ* പരാമർശിച്ചുകാണുന്നുണ്ട് (ശ്രീധരമേനോൻ, എ. 1996:110–13).

പള്ളികളിലാണു മതപരമായ കാര്യങ്ങൾ ചർച്ചചെയ്യുക. ഇസ്ലാംമതപരമായ കാര്യങ്ങളിൽ പഠനംനടത്തിയ മതപണ്ഡിതന്റെ ചുമതലയായിരിക്കും പള്ളിയുമായിബന്ധപ്പെട്ട കാര്യങ്ങൾ. മതപഠനത്തിനു വ്യവസ്ഥാപിതമായ ഒരു മാർഗ്ഗം ആദ്യകാലഘട്ടങ്ങളിൽ കേരളത്തിലെ മുസ്ലിങ്ങൾക്കിടയിൽ ഉണ്ടായിരുന്നില്ല. വീടുകളിൽവെച്ചും ഓത്തുപള്ളികളിലെ മൊല്ലാക്കമാരുടെ അടുത്തുനിന്നും ലഭിക്കുന്ന അനൗപചാരിക മതവിദ്യാഭ്യാസം മാത്രമായിരുന്നു ലഭിച്ചിരുന്നത്. പിന്നീടു കുറേ കഴിഞ്ഞതിനുശേഷമാണു മദ്രസ്സാസംവിധാനങ്ങൾ തുടങ്ങിയത് (ഹാഫിസ്മുഹമ്മദ്,എൻ.പി. 2021:11).

അനുഷ്ഠാനപരമായപ്രാർത്ഥനയ്ക്കു നേതൃത്വം നൽകുന്ന 'ഇമാം' പ്രഭാഷകനായ 'ഖലീഫ' സഹായകനായ 'മുക്രി' എന്നിവരും പള്ളിയിലുണ്ടായിരിക്കും. 'ജുമുഅ' എന്നറിയപ്പെടുന്ന വെള്ളിയാഴ്ച ദിവസത്തെ ഉച്ചനിസ്ക്കാരം മുസ്ലിങ്ങൾക്കു നിർബന്ധമാണ്. കാരണം കൂടാതെ മുസ്ലിം പുരുഷന്മാർക്കു ജുമുഅ ഒഴിവാക്കാൻ പാടുള്ളതല്ല. ഔപചാരികമായ പ്രാർത്ഥനകൾ നിർവഹിക്കുക അറബിഭാഷയിലായിരിക്കും. 'ഖുത്ത്ബ' എന്ന പേരിലാണ്

ഇത് അറിയപ്പെടുന്നത്. ഒരു മഹല്ലിനു കീഴിൽ ഒരു പള്ളിയും ആ മഹല്ലിൽ ഒരു പള്ളിക്കമ്മിറ്റിയും ഉണ്ടായിരിക്കും. വിവാഹം, മരണം, മഹല്ലിലെ വ്യക്തിക ളുടെ പ്രധാന പ്രശ്നങ്ങൾ എല്ലാം വെള്ളിയാഴ്ച ദിവസങ്ങളിൽ കമ്മറ്റികൂടിയി രുന്നു ചർച്ചചെയ്യും. കൂടാതെ മഹല്ലിൽ മതവിശ്വാസവുമായി ബന്ധപ്പെട്ടു നടപ്പാക്കേണ്ട കാര്യങ്ങൾകൂടി ആലോചിക്കുന്നതും ഈ കമ്മറ്റിയിൽ തന്നെ. ചുരുക്കത്തിൽ മുസ്ലിംസമുദായത്തിന്റെ സാമൂഹികവും അദ്ധ്യാത്മികവു മായ എല്ലാ കാര്യങ്ങളുടെയും കേന്ദ്രമാണ് ഒരു പള്ളി. ഒരു മഹല്ലിൽ ഒരു പള്ളി. ആ പള്ളിയിൽ ഒരു 'ഖാളി'. അങ്ങനെയാണ് അതിന്റെ രീതി. ചെറിയനിസ്ക്കാര പള്ളികൾ പ്രദേശങ്ങളിലുണ്ടാവാറുണ്ട്.അവിടത്തെകാര്യങ്ങൾ ചെയ്തുപോരിക ഇസ്ലാംമതവിജ്ഞാനീയത്തിൽ ഔപചാരികവിദ്യാഭ്യാസം ലഭിച്ച മൗലവിമാരും മുല്ലമാരുമായിരിക്കും. പ്രാർത്ഥനകൾക്കുനേതൃത്വം നൽകുന്ന ഇമാമുകൾക്കും മറ്റു പള്ളിയുമായി ബന്ധപ്പെട്ട അധികാരികൾക്കും എല്ലാവിധസഹായങ്ങളും നൽകിവരുന്ന മുക്രിമാരാണു പള്ളിയിലെ മറ്റു ജീവനക്കാർ. ഖാസി മാർക്കു പലതരം കർമ്മങ്ങൾ നിർവ്വഹിക്കാനുണ്ടായിരിക്കും. പള്ളിയിൽ മതപ്ര ഭാഷണങ്ങൾ നടത്തുക, പുണ്യവാളന്മാരുടെ വാർഷികങ്ങൾ ആഘോഷിക്കു ക, പള്ളിയുടെ പൊതുഭരണം നിർവ്വഹിക്കുക, വിവാഹം, നവജാതശുശ്രൂഷകൾ തുടങ്ങിയ സാമൂഹികചടങ്ങുകൾക്കു നേതൃത്വം കൊടുക്കുക എന്നിവ അവ യിൽ ചിലതാണ് (ഉമ്മർകുട്ടി,എ.എൻ.പി. 2013:102). പള്ളിക്കമ്മിറ്റിക്കകത്തുവെച്ചു തീർപ്പുകൽപ്പിക്കാൻ സാധിക്കാത്ത പ്രശ്നങ്ങളുടെ പരിഹാരത്തിനായി പ്രവാ ചകപിൻഗാമികളായ 'തങ്ങൾ'മാരെ (മുഹമ്മദ് നബിയുടെ വംശപരമ്പരയിൽപ്പെ ട്ടവർ) സമീപിക്കും.

### 1.2.2 ആഘോഷങ്ങൾ

#### 1.2.2.1 മതപരമായ ആഘോഷങ്ങൾ

ഹിജ്റവർഷത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണു മുസ്ലിങ്ങൾ തങ്ങളുടെ പ്രധാനപ്പെട്ട എല്ലാകാര്യങ്ങളും ക്രമീകരിക്കുന്നത്. മുഹറം, സ്വഫർ, റബീഉൽ അവ്വൽ, റബീഉൽആഖർ, ജുമാദുൽ ഊല, ജുമാദുൽ ഉഖ്റ, റജബ്, ശഅ്ബാൻ, റമളാൻ, ഷവ്വാൽ, ദുൽഖഅ്ദ, ദുൽഹിജ്ജ എന്നിവയാണ് അറബിമാസങ്ങൾ. ചന്ദ്രപ്പിറവിയുടെ അടിസ്ഥാനത്തിലാണ് ഈ മാസങ്ങൾ കണക്കാക്കുന്നത്. ഈ മാസങ്ങളിൽത്തന്നെയായിരിക്കും ഇവരുടെ ആഘോഷങ്ങളും കൊണ്ടാടുക.

##### 1.2.2.1.1 ചെറിയ പെരുന്നാൾ

ഇതരമതവിഭാഗങ്ങളെപ്പോലെത്തന്നെ മുസ്ലിങ്ങൾക്കിടയിലും ആഘോഷങ്ങളുണ്ട്. ചെറിയ പെരുന്നാൾ അതിൽപ്പെട്ട ഒന്നാണ്. അറബിമാസ ത്തിലെ റമളാൻ വ്രതാവസാനം മാസപ്പിറവി കണ്ടു ഷവ്വാൽ പിറന്നാൽ അന്നാണു ചെറിയപെരുന്നാൾ ആഘോഷിക്കുക. ഏറെ പവിത്രമായമാസമാണു മുസ്ലിങ്ങൾക്കു റമളാൻ. വിശ്വാസികൾ അന്നപാനീയങ്ങൾ ഒഴിവാക്കി ആരാധനാ കർമ്മങ്ങളിൽ വ്യാപൃതരാവുന്നു. പരിശുദ്ധമാക്കപ്പെട്ട ഖുർആൻ അവതരിപ്പിച്ച മാസമാണെന്നാണു വിശ്വാസം. അതുകൊണ്ടുതന്നെ പുണ്യംനേടുന്നതിനായി വിശ്വാസികൾ ദിവസംമുഴുവനും ഖുർആൻപാരായണവും പ്രാർത്ഥനയും നടത്തും. ദാനധർമ്മങ്ങൾ അധികരിപ്പിക്കും. വ്രതാനുഷ്ഠാനമാസം കഴിഞ്ഞാൽ മാനത്തുചന്ദ്രക്കലതെളിഞ്ഞാൽ ശവ്വാൽ പിറവിയായി. ശവ്വാൽ-1 നാണു ചെറിയപെരുന്നാൾ ആഘോഷിക്കുക. പുത്തൻവസ്ത്രങ്ങളും വിഭവസമൃദ്ധമായ ഭക്ഷണവും പ്രത്യേകനിസ്ക്കാരവും ധാന്യങ്ങൾ വിതരണവും ഉണ്ടാവും ഈ ദിനത്തിൽ. ബന്ധുവീടുകൾ സന്ദർശിക്കലും സ്നേഹംപങ്കുവെക്കലുമെല്ലാം പെരുന്നാളിന്റെ ഭാഗമായിട്ടുണ്ടാവും.

### 1.2.2.1.2 ബക്രീദ് (ബലിപെരുന്നാൾ)

മുസ്ലിങ്ങളുടെ മറ്റൊരു ആഘോഷമാണു ബക്രീദ്. പ്രവാചകനായ ഇബ്രാഹിം ദൈവകൽപ്പന അനുസരിച്ചു തന്റെ ഏകമകനായ ഇസ്മാഈൽ നബിയെ ബലിയർപ്പിക്കാനായി കൊണ്ടുപോവുകയും ദൈവകല്പ നപ്രകാരം പിന്നീട് ആടിനെ ബലിയർപ്പിക്കുകയും ചെയ്തു എന്ന കഥയുടെ അടിസ്ഥാനത്തിലാണ് ഈ ഓർമ്മ പുതുക്കൽ. സ്മരണ പുതുക്കലെന്നോണം ധനികരായ മുസ്ലിങ്ങൾ ആടിനെയോ കാളയേയോ അറുത്തു ബന്ധുമി ത്രാദികൾക്കും അയൽവാസികൾക്കും സാമ്പത്തികമായിപിന്നാക്കം നിൽക്കു ന്നവർക്കും വിതരണം ചെയ്യും. വിഭവസമൃദ്ധമായ സദ്യയും ആഘോഷങ്ങളും സ്നേഹസന്ദർശനങ്ങളും പ്രത്യേകപെരുന്നാൾനിസ്ക്കാരവും അന്നേദിവസം ഉണ്ടാവും.

### 1.2.2.1.3 നബിദിനം

മിലാദ്-ഇ-ഷെരീഫ് മുസ്ലിംമതാനുയായികളുടെ മറ്റൊരു ആഘോഷ പരിപാടിയാണ് അവസാന പ്രവാചകനായ മുഹമ്മദ് നബിയുടെ ജന്മദിനം. നബിയോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനും നബിയുടെ ഓർമ്മപുതുക്കുന്ന തിനും വേണ്ടിയാണു നബിദിനം ആഘോഷിക്കുന്നത്. കേരളത്തിന്റെ പലയിട ങ്ങളിലും ഇന്നു നബിദിനം വളരെ ആഘോഷപൂർവ്വം കൊണ്ടാടുന്നു. 'മൗലൂദ്' പാരായണമാണ് ഈ ദിനങ്ങളിലെ പ്രധാനപ്പെട്ട ഒരു രീതി. പ്രവാചകന്റെയോ മറ്റേതെങ്കിലും ദിവ്യവ്യക്തികളുടെയോ ജീവിതകഥകളും സംഭവങ്ങളും ഉപദേശനിർദ്ദേശങ്ങളും രേഖപ്പെടുത്തിവെച്ച അറബി ഗ്രന്ഥമാണു 'മൗലൂദ്.' മതപരമായ ആഘോഷങ്ങളിൽ ഉൾപ്പെട്ടതല്ല നബിദിനം.

അറബിമാസത്തിലെ റബി-ഉൽ-അവ്വൽ പന്ത്രണ്ടിനാണു നബി ജനിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. അന്നേദിവസം വളരെ വിപുലമായ രീതിയിൽ പള്ളികളിൽ മൗലൂദുപാരായണവും മതപ്രഭാഷണങ്ങളും

മധുരപലഹാരവിതരണവുമെല്ലാം ഉണ്ടായിരിക്കും. അതുപോലെ റബീഹുൽ അവ്വൽ 12-ന് മദ്രസ്സകളിൽ കുട്ടികളുടെ കലാപരിപാടികളും വിപുലമായ ആഘോഷപരിപാടികളും സമ്മാനവിതരണവുമെല്ലാം ഉണ്ടായിരിക്കും. ചിലർ ഈ മാസം അവസാനിക്കുന്നതുവരെയും മൗലൂദുപാരായണം നടത്താറുണ്ട്.

**1.2.2.2 പ്രാദേശികമായ ആഘോഷങ്ങൾ**

**1.2.2.2.1 നേർച്ചകൾ**

ആരാധനാലയമായ പള്ളികളോടുചേർന്നു മരണപ്പെട്ടവരെ അടക്കം ചെയ്യാനുള്ള സ്ഥലമുണ്ടായിരിക്കും. 'ഖബർസ്ഥാൻ' എന്നാണ് അറിയപ്പെടുന്നത്. മഹാന്മാരായ മതപണ്ഡിതന്മാരുടെയും തങ്ങന്മാരുടെയും മഖ്ബറകൾ പ്രസിദ്ധമാണ്. 'ജാറങ്ങൾ' എന്ന പേരിലും ഇവ അറിയപ്പെടുന്നുണ്ട്. ഇത്തരം ജാറങ്ങളെ പിൻപറ്റിയും അല്ലാതെയും നേർച്ചകൾ ഉണ്ടാവാറുണ്ട്. വിശുദ്ധ യുദ്ധങ്ങളിൽ ശഹീദായവരുടെ പേരിലും നേർച്ചകൾ നടത്താറുണ്ട്. അവയ്ക്കെല്ലാംതന്നെ കേരളത്തിലെ ഇതരമതവിഭാഗങ്ങളിലെ ആചാര അനുഷ്ഠാനങ്ങളുമായി സാമ്യമുള്ളതായികാണുന്നു. ആവശ്യപൂർത്തീകരണത്തിനും രോഗങ്ങളും ജീവിതപ്രയാസങ്ങളും മാറുന്നതിനുമെല്ലാം നോമ്പ്, നിസ്ക്കാരം, പണം, സ്വർണ്ണം, വെള്ളി, ആടുമാടുകളെ അറുത്തുദാനംചെയ്യൽ എന്നിവ നേർച്ചയായി നേരാറുണ്ട്.

മലബാർ ഭാഗത്തു പ്രാദേശിക ഉത്സവംപോലെ ജാറംനേർച്ചകൾ മാറാറുണ്ട്. പല്ലൻചാത്തന്നൂരെ തെരുവത്തുപള്ളി, പട്ടാമ്പിനേർച്ച ഒറ്റപ്പാലം പള്ളി, വെളിയംകോടുപള്ളി (പൊന്നാനി) മൂന്നാക്കൽ പള്ളിനേർച്ച, മമ്പുറംനേർച്ച എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. ജാതിമതവ്യത്യാസമില്ലാതെ ജനങ്ങൾ ഇതിൽ പങ്കെടുക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ഈ നേർച്ചകളിൽ ചിലതിൽ ഹൈന്ദവാചാരങ്ങളിലേതുപോലെ നെറ്റിപ്പട്ടം കെട്ടിയ ആനകളും വെടിക്കെട്ടും പെട്ടിവരവുകളും നിലവിളക്കുകത്തിക്കലും

മറ്റും കാണാം. ഏപ്രിൽ മാസത്തിൽ മലപ്പുറം പള്ളിയിൽ നടത്തുന്ന നേർച്ചയും കൊണ്ടോട്ടി, മമ്പുറം നേർച്ചകളും സംസ്ഥാനമൊട്ടാകെ വ്യാപിച്ചു. ഈ നേർച്ച കളിലെല്ലാം നാനാസ്ഥലങ്ങളിൽനിന്നും ജാതി,മതഭേദമന്യേ ആളുകൾ പങ്കെടു ക്കാറുണ്ട്.

കൊണ്ടോട്ടിയുടെ ദേശീയ ഉത്സവമാണു കൊണ്ടോട്ടിനേർച്ച. ഷിയാ മുസ്ലിങ്ങളുടെ പ്രധാന ആഘോഷമായ മുഹറം ആഘോഷങ്ങളുടെ ഭാഗമായാണു കൊണ്ടോട്ടിനേർച്ച ആരംഭിച്ചത്. മുഷ്താഖ്ഷാ ഒന്നാമനാണു കൊണ്ടോട്ടിനേർച്ചയ്ക്ക് ഉത്തരേന്ത്യൻ ഉത്സവച്ഛായ നൽകിയത്. വാദ്യസംഗീത മാണ് ഈ ഉത്സവത്തിന്റെ ജീവൻ. പിൽക്കാലത്ത് ഇതൊരു കാർഷിക ഉത്സവമായി പരിണമിക്കുകയാണ് ഉണ്ടായത് എന്ന അഭിപ്രായം ശ്രദ്ധേയമാണ് (സി.ആർ.രാജഗോപാലൻ, 2008:120-125). മാലിക് ഇബ്നുദീനാറിന്റെ വരവിനെ അനുസ്മരിച്ചുകൊണ്ടു കാസർഗോഡു ഭാഗത്ത് ഇന്നും നടക്കുന്ന പ്രാദേശിക ആഘോഷം ഉണ്ട്. അതുപോലെ ശബരിമല മകരവിളക്കു ദിവസം തന്നെ കാഞ്ഞിരമറ്റം പള്ളിയിൽ മകരമാസത്തിൽ (ഡിസംബർ-ജനുവരി) ഉത്സവം നടക്കുന്നു. ഈ പള്ളിയിൽ പ്രധാനമായും അന്നേദിവസം നൽകുന്നതു ചക്കര ക്കഞ്ഞിയാണ്. പല പള്ളികളിലും പലതരത്തിലുള്ള ഭക്ഷണപാനീയങ്ങളായി രിക്കും നേർച്ചദിവസം വിതരണം ചെയ്യുക.

ബീമാപള്ളിയിൽ (തിരുവനന്തപുരം) നടക്കുന്ന ചന്ദനക്കുടം ഉത്സവ സമാനമായ നേർച്ചയാണ്. ചന്ദനത്തിരി കത്തിച്ചു കുടത്തിന്റെ വായ്ഭാഗം തുണികൊണ്ടു മൂടി നിരനിരയായി പള്ളിപരിസരത്തെത്തുന്നു. ആ ദിവസം ഘോഷയാത്രയും ആനയകമ്പടിയോടെയുള്ള പഞ്ചവാദ്യമേളവും വെടിക്കെട്ടു മെല്ലാം ഉണ്ടായിരിക്കും. ഇതരമതവിഭാഗത്തിൽപ്പെട്ട ആളുകളും ഈ നേർച്ചക ളിൽ പങ്കാളികളാവാറുണ്ട്.

ബദൽശുഹതാക്കളുടെ നേർച്ചയാണു പ്രധാനപ്പെട്ട മറ്റൊരു നേർച്ച. അറബിമാസം റമളാനിൽ പ്രവാചകന്റെ കാലത്തു നടന്ന ബദർ യുദ്ധത്തിൽ കൊല്ലപ്പെട്ട നിരവധി മുസ്ലിങ്ങളെ സ്മരിച്ചുകൊണ്ടുനടക്കുന്ന നേർച്ചയാണിത്. പത്തിരിയും മാംസക്കറിയും ചോറുമൊക്കെ അന്നേ ദിവസം പള്ളിക്കു കീഴിൽ വിതരണം ചെയ്യും.

#### 1.2.2.2.2 മുഹറം പത്ത്

അറബിമാസത്തിലെ പ്രാരംഭമാസമായ മുഹറംമാസത്തിലെ പത്താം ദിവസം കൊണ്ടാടുന്ന ഒരു ഉത്സവമാണു 'മുഹറം പത്ത്.' മുസ്ലിംവിഭാഗത്തിൽത്തന്നെയുള്ള പഠാണികളാണ് ഇത് ആഘോഷിക്കുന്നത്. മുഹറം കാലത്തു തിരുവനന്തപുരം, തൃശ്ശൂർ തുടങ്ങിയ പലയിടങ്ങളിലും കാണുന്ന വിനോദമാണു 'കടുവാകളി.' ദേഹമാസകലം ചായംതേച്ചു കടുവയുടെവേഷം കെട്ടി ചെണ്ടമേളത്തിനൊത്തു ചുവടുവെച്ചുകളിക്കുന്ന സമ്പ്രദായമാണത് (എ. ശ്രീധരമേനോൻ, 1996:108).

## 1.3 കേരളീയമുസ്ലിം നവോത്ഥാനവും ജീവിതവും

നവോത്ഥാനപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ മുസ്ലിംസമുദായത്തിനകത്തു തനതുമാറ്റങ്ങൾ വരുത്തുന്നതിനു കാരണമായിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടുമുതൽ ലോകത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ എല്ലാ നവോത്ഥാന മുന്നേറ്റങ്ങളിലും യൂറോപ്പിലുണ്ടായ വിജ്ഞാനവിസ്ഫോടനത്തിന്റെ സ്വാധീനം കാണാൻ സാധിക്കും. നിരന്തരമായ ചലനാത്മകതയോടുകൂടിയതാണത്. അതുപോലെ പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ഫലമായി ഓരോ വ്യക്തിയിലും പരിവർത്തനങ്ങൾ സാധ്യമായിട്ടുണ്ട്. ആ പരിവർത്തനം അവരുടെ ചിന്തകളിലും തനതുമാറ്റങ്ങൾ സൃഷ്ടിച്ചു. ആ മാറ്റം അവരടങ്ങിയ സമൂഹത്തിലും സമുദായത്തിലും സാധ്യമായി. സ്വാതന്ത്ര്യവും ഉയർച്ചയും ആഗ്രഹിക്കുന്നവർ പരമ്പരാഗത ചിന്തകളെയും വിശ്വാസത്തെയും അനാചാരങ്ങളെയും

ചോദ്യംചെയ്തു. അച്ചടിയും പത്രമാധ്യമങ്ങളും മാസികകളും സാഹിത്യരചനകളുമെല്ലാം അതിനെ പ്രോൽസാഹിപ്പിക്കുകുയും ചെയ്തു. ആധുനികത അതുകൊണ്ടുതന്നെ അതുവരെ സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹികമൂല്യബോധങ്ങളെ തകർക്കുകയോ പരിഷ്ക്കരിച്ചെടുക്കുകയോ ചെയ്തു. ഇന്ത്യയൊട്ടുക്ക് ഈ പരിവർത്തനം നടന്നതുകൊണ്ടുതന്നെ അതിന്റെ ചലനങ്ങൾ സ്വാഭാവികമായും കേരളത്തിലുമുണ്ടായി. കേരളത്തിന്റെ എല്ലാ മേഖലകളിലും പ്രചരിച്ച നവോത്ഥാനാശയങ്ങൾ പരിവർത്തനങ്ങൾക്കു കാരണമായി.

വിദ്യാഭ്യാസത്തിന്റെകുറവാണു പല പ്രശ്നങ്ങൾക്കും കാരണമെന്നു തിരിച്ചറിഞ്ഞ നവോത്ഥാനനായകർ സമുദായത്തിനുള്ളിൽ പരിവർത്തനം നടക്കാൻ വ്യക്തികൾക്കു വിദ്യാഭ്യാസം നൽകേണ്ടത് ആവശ്യമാണെന്നു തിരിച്ചറിഞ്ഞു. ഒപ്പം അസമത്വത്തിനും ചൂഷണത്തിനും അടിച്ചമർത്തലുകൾക്കുമെതിരെ പൊരുതി. മുമ്പു നിർമ്മിച്ചുവെച്ചിട്ടുള്ള മതപരവും ജാതിപരുവമായ ചട്ടക്കൂടുകൾക്കെതിരെ പ്രവർത്തിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു. സ്ത്രീവിദ്യാഭ്യാസംനേടേണ്ടതു സാമൂഹ്യപുരോഗതിക്കും അവരുടെ തന്നെ പുരോഗതിക്കും കാരണമാവുമെന്നതിനാൽ സ്ത്രീവിദ്യാഭ്യാസത്തെയും പ്രോൽസാഹിപ്പിച്ചു.

ആധുനികതയുടെ പലനല്ലവശങ്ങളും സ്വാംശീകരിച്ചുകൊണ്ടു സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിൽ സ്വയംശാക്തീകരണം നേടുന്നതിനായി വ്യത്യസ്തമണ്ഡലങ്ങളിൽ നടന്ന ബഹുമുഖ പ്രവർത്തനങ്ങളാണ് ഇസ്ലാമികനവോത്ഥാനത്തിന്റെ സവിശേഷത (കെ.ടി.ഹുസൈൻ, 2013:37). ആധുനികതയിൽനിന്നും ആശയങ്ങൾ ഉൾക്കൊണ്ടു വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്തു നടപ്പിലാക്കുകയാണു ചെയ്തത്. മതത്തെ അടിമുടി പരിഷ്കരിച്ചെടുക്കുകയല്ല ഇസ്ലാമികനവോത്ഥാനത്തിനകത്തു സംഭവിച്ചത്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചോദ്യം ചെയ്യുകയും അവയ്ക്കുള്ളിലേക്കു പുത്തനുണർവ്വു കൊണ്ടുവരാൻ ശ്രമിക്കു

കയുമാണു ചെയ്തത്. മതത്തിൽ അടിഞ്ഞുകൂടിയിരുന്ന ചിന്താപരവും സാമൂഹികവുമായജീർണതകളെ ശുദ്ധീകരിക്കുകയായിരുന്നു. മതത്തെ അതിന്റെ ആദിമശുദ്ധിയിൽ നിലനിർത്തുകയും സമൂഹത്തെ അതിന്റെ വെളിച്ച ത്തിലേക്ക് എത്തിക്കുകയും അതിലൂടെമികച്ച സമൂഹത്തെ നിർമ്മിച്ചെടുക്കുക യായിരുന്നു ഇസ്ലാമിക നവോത്ഥാനനായകരുടെ ലക്ഷ്യം (മുജീബ് റഹ്മാൻ കിനാലൂർ 2010: 13).

പ്രാഥമികവിദ്യാഭ്യാസം ഇല്ലെങ്കിലും മതവിദ്യാഭ്യാസം ഉള്ളവരായിരുന്നു മുസ്ലിങ്ങൾ. അതിനവർ പ്രാധാന്യം നൽകിയിരുന്നു. അനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമാണ് അവർ അതിലൂടെ പഠിച്ചിരുന്നത്. എന്നാൽ നവോത്ഥാന നായകർ ആധുനിക വിദ്യാഭ്യാസത്തിലൂന്നിക്കൊണ്ടു മതവിദ്യാഭ്യാസരംഗത്തും ബൗദ്ധികവിദ്യാഭ്യാസരംഗത്തും പരിവർത്തനങ്ങൾ സാധ്യമാക്കി. നിരവധി മുസ്ലിംനവോത്ഥാനനായകർ ഉണ്ടായിട്ടുണ്ട്. പ്രാതിനിധ്യസ്വഭാവത്തോടെ പത്തു പേരുടെ ഇടപെടലുകൾ അടയാളപ്പെടുത്തുകയാണ്.

### 1.3.1 നവോത്ഥാന നായകർ

#### 1.3.1.1 സൈനുദ്ധീൻ മഖ്ദൂം ഒന്നാമൻ

1467-ൽ കൊച്ചിയിലെ ഖാസിയായിരുന്ന ഇബ്രാഹിം ഇബ്നു അഹ്മദ് അൽ മഅ്ബരിയുടെ സഹോദരൻ അലിയ്യുബ്നു അഹ്മദ് അൽ മഅ്ബരിയാണ് മഖ്ദൂമിന്റെ പിതാവ്. അറബിഭാഷാപണ്ഡിതനും കവിയും പ്രാസംഗികനും എഴുത്തുകാരനും സ്വാതന്ത്ര്യസമരപോരാളിയും മതപണ്ഡിതനുമായിരുന്നു മഖ്ദൂം ഒന്നാമൻ. പൊന്നാനി കേന്ദ്രമാക്കിയായിരുന്നു ഇദ്ദേഹത്തിന്റെ പ്രവർത്ത നങ്ങൾ. പൊന്നാനി ജുമുഅത്തുപള്ളിയുടെ സ്ഥാപകനാണ് ഇദ്ദേഹം. ദക്ഷിണേ ന്ത്യയിലെതന്നെ അറിയപ്പെടുന്ന ഇസ്ലാമികപാഠശാലയാണ് ഈ പള്ളി. 'കേരള ത്തിന്റെ മെക്ക' എന്നാണു പൊന്നാനി അറിയപ്പെടുന്നത്. 'പൊന്നാനി

യുടെ പിതാവ്' എന്നാണു സൈനുദ്ദീൻ മഖ്ദും ഒന്നാമൻ അറിയപ്പെട്ടിരുന്നത്.

സാമ്രാജ്യത്വശക്തികൾക്കെതിരെ പോരാടാൻ തന്റെ സമുദായത്തെ അദ്ദേഹം പ്രോൽസാഹിപ്പിച്ചു. വാസ്കോഡിഗാമ കോഴിക്കോടു കപ്പലിറങ്ങിയപ്പോൾ 'അവനെ സൂക്ഷിക്കുക' എന്നായിരുന്നു തന്റെ ജനങ്ങളോട് അദ്ദേഹം പറഞ്ഞത്. കേരളത്തിലെ മുസ്ലിങ്ങൾക്ക് അന്നു നന്നായി അറിയുന്ന അറബിഭാഷയിൽ വിപ്ലവഗാനങ്ങൾ രചിക്കുകയും ചെയ്തു. തന്റെ സമുദായത്തിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മാറ്റിയെടുക്കുന്നതിനായി പരിശ്രമിച്ചു. ഇസ്ലാമികവിജ്ഞാനശാഖക്കു പതിനഞ്ചു ഗദ്യകൃതികൾ അറബിഭാഷയിൽ മഖ്ദൂം സംഭാവനചെയ്യുകയുണ്ടായി. രണ്ടു പദ്യകൃതികളും അദ്ദേഹത്തിന്റെതായുണ്ട്. *അദ്കിയാ, ഉർജൂസ* എന്നിവയാണ് അവ. ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പ്രേരിപ്പിച്ചുകൊണ്ടു *തഹ്രീളു അഹ്ലിൽ ഈമാൻ അലാജിഹാദി അബദത്തിസ്സുൽബാൻ* (കുരിശാരാധകരോട് ധർമ്മയുദ്ധം ചെയ്യാൻ വിശ്വാസികളെ പ്രേരിപ്പിക്കൽ) എന്ന ഗ്രന്ഥവും രചിക്കുകയുണ്ടായി. 1522-ൽ മഖ്ദൂം ഒന്നാമൻ അന്തരിച്ചു. .

### 1.3.1.2 സൈനുദ്ധീൻ മഖ്ദൂം രണ്ടാമൻ

സൈനുദ്ധീൻമഖ്ദൂം ഒന്നാമന്റെ മരണം കഴിഞ്ഞ് ഒരുവർഷം കഴിഞ്ഞാണു മഖ്ദൂം രണ്ടാമൻ ജനിക്കുന്നത്. മഖ്ദൂം ഒന്നാമന്റെ ഇളയമകനായ ശൈഖ് മുഹമ്മദ് ഗസ്സാലിയായിരുന്നു സൈനുദ്ധീൻ മഖ്ദൂം രണ്ടാമന്റെ പിതാവ്. മാഹിക്കടുത്ത ചോമ്പാലിയിൽ 1524ലായിരുന്നു ജനനം. പിതാമഹനെപ്പോലെ പണ്ഡിതനും കവിയും പ്രാസംഗികനും എഴുത്തുകാരനും സ്വാതന്ത്ര്യസമരപോരാളിയും ആയിരുന്നു രണ്ടാമനും. ചരിത്രംനിർമ്മിക്കുകമാത്രമല്ല അതു രേഖപ്പെടുത്തുകയും ചെയ്തു ഇദ്ദേഹം. ബ്രിട്ടീഷാധിപത്യത്തോടു പോരാടാൻ കവിതയുടെ കാൽപനികത മാത്രം പോരെന്നു മനസ്സിലാക്കിയ അദ്ദേഹം

ഗദ്യഭാഷയിൽ രചനകൾ നടത്തി. ധർമയുദ്ധം (ജിഹാദ്) അതിൽ പ്രധാനപ്പെട്ട ഒന്നാണ്. മാത്രമല്ല കേരളത്തിലെ ആദ്യത്തെ ചരിത്രഗ്രന്ഥം തന്നെ സൈനുദ്ധീൻ മഖ്ദൂം രണ്ടാമന്റേതാണ്. ഇസ്ലാമിലെ നിസ്സാരതർക്ക പ്രശ്നങ്ങളും (മസ്അലകൾ) അന്ധവിശ്വാസങ്ങളിലുമായി ജീവിതം ജീവിച്ചു തീർക്കേണ്ടവരല്ല മുസ്ലിങ്ങൾ എന്നു മനസ്സിലാക്കി അദ്ദേഹം സമുദായത്തിനകത്തു പരിവർത്തനങ്ങൾ വരുത്തുന്നതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. ഇസ്ലാമികവിജ്ഞാനശാഖയ്ക്കു പതിനഞ്ചോളം ഗദ്യകൃതികൾ അറബിഭാഷയിൽ മഖ്ദൂം നൽകിയിട്ടുണ്ട്. ഏഴു പ്രമുഖ ഗ്രന്ഥങ്ങളാണു സൈനുദ്ധീൻ മഖ്ദൂം രണ്ടാമന്റെ സാഹിത്യസംഭാവന. ഇതിൽ ഏറെ പ്രസിദ്ധമാണു *ഫത്ത്ഹുൽ മുഈൻ.* കേരളത്തിലെ ആദ്യത്തെ ചരിത്രഗ്രന്ഥമായ *തുഹ്ഫത്തുൽ മുജാഹിദീൻ* (പോരാളികൾക്കുള്ള സമ്മാനം) 1583ലാണു രചിക്കപ്പെട്ടത്. സ്ത്രീ പുരുഷഭേദമെന്യേ പോർച്ചുഗീസ് ആധിപത്യത്തിനെതിരെ പോരാടാൻ ഈ ഗ്രന്ഥം പ്രേരിപ്പിക്കുന്നു.

#### 1.3.1.3 ഉമർഖാസി

അറിയപ്പെടുന്ന ഇസ്ലാംമതപണ്ഡിതനും സാമുദായികപരിഷ്ക്കർത്താവും സ്വാതന്ത്ര്യസമരപോരാളിയും കവിയും ആയിരുന്നു ഉഖർഖാസി. മലപ്പുറം ജില്ലയുടെ തീരപ്രദേശമായ പൊന്നാനിക്കടുത്തു വെളിയങ്കോട് 1765-ലാണു ജനിച്ചത്. പതിനേഴാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിലെത്തിയ ഒരു മുസൽമാൻ വെളിയങ്കോട്ടുള്ള കാക്കത്തറ ഇല്ലത്തുനിന്നും ഒരു ബ്രാഹ്മണസ്ത്രീയെ വിവാഹം കഴിക്കുകയും ആ സ്ത്രീയിൽപിറന്ന കുട്ടിയാണ് ഉമർ എന്നുമാണു കരുതപ്പെടുന്നത്. (മുഹമ്മദ്, എ.പി.(?): 41-57) പിതാവിൽനിന്നു ലഭിച്ച അറബിപാണ്ഡിത്യവും മാതാവിലൂടെ ലഭിച്ച സംസ്കൃതപാണ്ഡിത്യവും ഇദ്ദേഹത്തിനുണ്ടായിരുന്നു. അതോടൊപ്പം മുസ്ലിങ്ങൾക്കു മഹല്ലുമേധാവിയായ ഖാസിയായിരുന്നു. മതവിദ്യാർത്ഥികൾക്ക് ഉസ്താദും അമാനുഷിക കഴിവുള്ള

സിദ്ധനും (ഔലിയ) വൈദ്യശാസ്ത്രത്തിൽ അറിവുള്ള ആയുർവേദ ആചാര്യനുമായിരുന്നു ഉമർ. വെളിയങ്കോടു തൊട്ടു ചേറ്റുവാവരെയുള്ള കേരളതീരത്തെ പന്ത്രണ്ടു മഹല്ലുകളുടെ മേൽഖാസിയായിരുന്ന ഇദ്ദേഹം 'വെളിയങ്കോട് ഉമർഖാസി'യായി (ഒന്നിൽ കൂടുതൽ മഹല്ലുകളുടെ മതമേധാവി - മേൽഖാസി).

'നികുതി നിഷേധ'ത്തിലൂടെ – 1819 ൽ ബ്രിട്ടീഷുകാർക്കെതിരെ നിസ്സഹകരണം നടത്തി. ബ്രിട്ടീഷുകാർക്കെതിരെ നിലകൊള്ളുക എന്നതു മുസ്ലിങ്ങളുടെ കൂടി ബാധ്യതയാണെന്നു സ്വസമുദായത്തെ ബോധ്യപ്പെടുത്തിയിരുന്നു ഉമർഖാസി. അതിന്റെ പ്രചാരണാർത്ഥം *സഫുൽബത്താർ* (മൂർച്ചയേറിയ ഖഡ്ഗം) എന്ന പേരിൽ അറബിയിൽ ഗ്രന്ഥം എഴുതുകയും പള്ളികളിലെത്തിച്ച് അതു പരിഭാഷപ്പെടുത്തി വെള്ളിയാഴ്ച ദിവസങ്ങളിൽ (ജുമഅ) പ്രാർത്ഥനക്കു ശേഷം ഇമാമുമാർ (ഖത്തീബ്) ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യസമരചരിത്രത്തിലെ 'തുറന്നയുദ്ധം' എന്ന ആദ്യഘട്ടത്തിന്റെ വഴികാട്ടിയും പടനായകനുമായിരുന്നു ഉമർഖാസി (പു:45-48).

അറബിയും സംസ്കൃതവും അറിയാവുന്ന ഉമർഖാസിക്കു മലയാളത്തിൽ അറിവു കുറവായിരുന്നു. പൊതുവെ അറബിയായിരുന്നു ഉപയോഗിച്ചിരുന്നത്. ഫദ്‌വകളും (മതവിധി) കത്തുകളും കവിതകളും ആധാരങ്ങളും പ്രമാണങ്ങളുമെല്ലാം അറബിയിലാണു തയ്യാറാക്കിയിരുന്നത്. 'അറബിമലയാളം', 'മാപ്പിളമലയാളം' എന്നീ പേരുകളിൽ അറിയപ്പെടുന്ന ലിപി ഉണ്ടായിരുന്നുവെങ്കിലും ഉമർഖാസി അറബിയാണ് ഉപയോഗിച്ചിരുന്നത്.

#### 1.3.1.4 മക്തിതങ്ങൾ

1847-ൽ പൊന്നാനിയിലെ വെളിയങ്കോട് എന്ന സ്ഥലത്താണ് ഇദ്ദേഹം ജനിച്ചത്. ബ്രിട്ടീഷ് സർക്കാറിനുകീഴിൽ എക്സൈസ് ഇൻസ്പെക്ടർ ഉദ്യോഗസ്ഥനായിരുന്നു. ജോലി ഉപേക്ഷിച്ചു മതപ്രബോധനത്തിനും സമുദായപരിഷ്ക

രണപ്രവർത്തനങ്ങൾക്കും ഇറങ്ങി. 15-ാം നൂറ്റാണ്ടുമുതൽ ഇസ്ലാമിക പ്രവർത്തന ങ്ങളുടെ കേന്ദ്രമായിരുന്നു പൊന്നാനി. അക്കാലത്താണു മഖ്ദൂമുകൾ പൊന്നാനിയിൽ തുടക്കമിടുന്നത്. അവർ അറബിവംശജരും പൊന്നാനിയിൽ സ്ഥിരവാസമുറപ്പിച്ചവരും ആയിരുന്നു. സൈനുദ്ധീൻ ഇബിൻ ആലി (1467-1521) യുടെ വരവോടെയാണു പൊന്നാനി ഒരു വിദ്യാഭ്യാസകേന്ദ്രമായിമാറി യതെന്നും പറയപ്പെടുന്നു (അസ്ഖർ അലി എൻജിനീയർ, 1995: 25, 134) ആധുനികമുസ്ലിംസമൂഹത്തെ വിദ്യാഭ്യാസമേഖലയിലേക്ക് അടുപ്പിക്കുന്നതിൽ മക്തിതങ്ങൾ വളരെവലിയ പങ്കുവഹിച്ചിട്ടുണ്ട്. തന്റെ എഴുത്തുകളിലൂടെയും പ്രസംഗങ്ങളിലൂടെയും അദ്ദേഹം അതു സാധ്യമാക്കിക്കൊണ്ടിരുന്നു. മാതൃഭാഷ പഠിക്കാൻ മുസ്ലിങ്ങളെ പ്രചോദിപ്പിച്ചതു മക്തിതങ്ങളായിരുന്നു.

മലയാളത്തിൽ ഗദ്യമെഴുതിയ കേരളത്തിലെ ആദ്യത്തെ മുസ്ലിം മക്തിത ങ്ങളാണ് എന്നാണ് എം.ഗംഗാധരൻ രേഖപ്പെടുത്തിയിട്ടുള്ളത് (ഗംഗാധരൻ, എം. 2013: 15) വിശിഷ്ടമായ അറബിഭാഷ ഒഴികെ മറ്റു ഭാഷകൾ പഠിക്കുന്നതു പോലും തെറ്റാണെന്നു വിശ്വസിച്ചിരുന്ന ഒരു കാലഘട്ടത്തിൽ തന്റെ പ്രവർത്തന ങ്ങളിലൂടെ വലിയ മാറ്റമാണു സമുദായത്തിനകത്തു കൊണ്ടുവന്നത്. ശത്രു വിന്റെ ഭാഷയാണ് ആഗ്ലേയഭാഷയെന്നും നരകത്തിലെ ഭാഷയാണു മലയാള മെന്നും വിശ്വസിച്ചിരുന്ന തന്റെ സമുദായത്തിനകത്തെ സ്ത്രീയുടെ ആധുനിക വിദ്യാഭ്യാസത്തെക്കൂടി പ്രോൽസാഹിപ്പിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങളും നടപടികളുമാണു മക്തിതങ്ങൾ നടപ്പിലാക്കിയത്. വിദ്യാഭ്യാസം എല്ലാ സ്ത്രീപുരുഷന്മാരും നേടണമെന്നും മതപരവും ലോകപരവുമായ എല്ലാം അറി വാണെന്നും അവ സ്ത്രീപുരുഷ വ്യത്യാസമില്ലാതെ എല്ലാവരും നേടണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സ്ത്രീകൾ മുഖ്യമായും കുടുംബപരിപാലനവും ശുചിത്വവും ശിശുപരിപാലനവും ഗൃഹപരിശീലനവും മുഖ്യമായി കാണണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. (അബ്ദുൽകരീം, കെ.കെ. 1981: 662).

പെൺകുട്ടികൾക്കുമാത്രമായി വിദ്യാഭ്യാസസ്ഥാപനം തുടങ്ങുന്നതിനോട് അദ്ദേഹത്തിനു യോജിപ്പുണ്ടായിരുന്നില്ല. ആൺപെൺ വ്യത്യാസമില്ലാതെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളെ പറഞ്ഞയച്ചു പഠിക്കുകയാണു വേണ്ട തെന്നു മക്തിതങ്ങൾ നിർദ്ദേശിച്ചു. കൊളോണിയൽ ആധുനികതയോടും അതിന്റെ നിലപാടുകളോടും സംസ്കാരത്തോടും ഒരിക്കലും യോജിക്കാനാ വാത്ത നിലപാടായിരുന്നു മക്തിതങ്ങൾക്ക്. നവോത്ഥാനമൂല്യങ്ങളിലൂന്നി കൊണ്ടു മാറിയ ചിന്താഗതികളെക്കുറിച്ചു പഠിച്ച് അവക്കനുസൃതമായി മാറണ മെന്നും അതിലൂടെ മാത്രമെ  സാമുദായികപുരോഗതിയും സാമൂഹികപുരോഗ തിയും നേടിയെടുക്കാൻ കഴിയൂ എന്നു പറയുകയും അതിനായി പ്രവർത്തിക്കു കയും ചെയ്തു മക്തിതങ്ങൾ. (പുറം: 663).

### 1.3.1.5 ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി

പണ്ഡിതശ്രേഷ്ഠനായിരുന്ന മൗലാനാ ചാലിലകത്തു കുഞ്ഞഹമ്മ ദ്ഹാജി (1866-1919) മുസ്ലിംസമുദായത്തിനകത്തു നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസരീതിയിൽ തനതുമാറ്റങ്ങൾ വരുത്തി. ഓത്തുപള്ളികളിൽനിന്നും ലഭിക്കുന്ന മതപഠനങ്ങൾ മാത്രമായിരുന്നു ആദ്യകാലത്തെ മുസ്ലിംസമുദായ ത്തിനു ലഭിച്ചിരുന്ന വിദ്യാഭ്യാസം. ഔപചാരികവിദ്യാഭ്യാസം മുസ്ലിംസമുദായ ത്തിനകത്തെ ആണിനോ പെണ്ണിനോ ലഭിച്ചിരുന്നില്ല. ഈ നിലപാടുകൾക്കെ തിരെ ശക്തമായി പ്രതികരിക്കുകയും വിദ്യാഭ്യാസത്തിന്റെ ആവശ്യകത സ്വസമുദായത്തെ ബോധ്യപ്പെടുത്തുകയും ചെയ്തു. 'വാഴക്കാട് മദ്രസദാറുൽ ഉലും' എന്ന വിവിധ വിദ്യാലയനിയമങ്ങൾ എന്ന പേരിൽ 1913 -ൽ പുതിയ പാഠ്യപദ്ധതി തയ്യാറാക്കി അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. അറബിവ്യാകരണം, മലയാളം, വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങൾ, ഖുർആൻ വ്യാഖ്യാനം, ഹദീസ്, ഭൂമിശാസ്ത്രം, ചരിത്രം, വാനശാസ്ത്രം, ശിൽപവിദ്യ, കണക്ക് തുടങ്ങിയവയെല്ലാം അദ്ദേഹം

തന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. ആൺപെൺ വ്യത്യാസമില്ലാതെ ഏല്ലാവർക്കും വിദ്യാഭ്യാസം സാധ്യമാക്കി. തന്റെ പെൺമക്കളെ വിദ്യാലയങ്ങളി ലയക്കുകവഴി വലിയ മാതൃകയാണ് അദ്ദേഹം സമൂഹത്തിനു നൽകിയത്. 'കേരളത്തിലെ സർ സയ്യിദ്' എന്ന പേരിലറിയപ്പെടുന്ന ഇദ്ദേഹം മലയാളത്തിലെ എല്ലാ അക്ഷരങ്ങൾക്കുമായി വളരെ ലളിതമായ അറബിമലയാളലിപി ഉപ യോഗിച്ചു. ഇതു മുസ്ലിംസ്ത്രീകൾക്ക് ഉപകാരമായി.

### 1.3.1.6 വക്കം അബ്ദുൽ ഖാദർ മൗലവി

മുസ്ലിംസമുദായത്തിനുള്ളിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസ ങ്ങൾക്കും എതിരെ പ്രവർത്തിക്കുകയും വിദ്യാഭ്യാസത്തിലൂടെ സമുദായത്തെ ആധുനികവത്ക്കരിക്കാൻ ശ്രമിക്കുകയും ചെയ്ത മറ്റൊരുമഹാനാണു വൈക്കം അബ്ദുൽ ഖാദർ മൗലവി (1873-1932). വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഒരു സമുദായത്തിൽ പരിവർത്തനം സാധിക്കൂ എന്ന് ഇദ്ദേഹം വിശ്വസിച്ചു. അതു കൊണ്ടുതന്നെ സ്വന്തം സമുദായത്തിലുള്ളവരെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തു. 1873 ഡിസംബർ 28-ന് തിരുവിതാംകൂറിൽ പിറന്ന വക്കം മൗലവി യുടെ കുടുംബത്തിന് ആധുനികവിദ്യാഭ്യാസം ലഭ്യമാക്കാനുള്ള സാമൂഹ്യ ബോധവും സാമ്പത്തിക സൗകര്യങ്ങളുമുണ്ടായിരുന്നു (മുഹമ്മദ്, എ.പി.(?):74). ഇസ്ലാമിനെ കാലികമായിനവീകരിക്കണമെന്നുവാദിച്ച ലോകപണ്ഡിതന്മാരെ ശക്തിയായി പിന്തുണക്കുകയും അവരെ നിരന്തരം മലയാളത്തിനു പരിചയപ്പെ ടുത്തുകയും ചെയ്തു. ഇസ്ലാമിലെ സ്ത്രീപദവി ഉയർത്തിക്കാട്ടിക്കൊണ്ടാണു വക്കം മൗലവി തന്റെകാലത്തെ ദുരാചാരങ്ങളെനേരിട്ടത് (പു.83). കൂടാതെ മതമെന്നാൽ ആചാരാനുഷ്ഠാനങ്ങൾ മാത്രമല്ലെന്നും കലയും ശാസ്ത്രവും സാഹിത്യവും കായികാഭ്യാസവും എല്ലാം ഇസ്ലാമികമാണെന്നുമുള്ള ആശയം അദ്ദേഹം മുന്നേട്ടു വെച്ചിരുന്നു.

മുസ്ലിം, അൽ-ഇസ്ലാം, ദീപിക എന്നിവ ഇദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങളായിരുന്നു. സ്വസമുദായത്തിന്റെ അവസ്ഥ എഴുത്തിലൂടെ അദ്ദേഹം അവതരിപ്പിച്ചു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി. അക്ഷരങ്ങളായിരുന്നു വക്കം മൗലവിയുടെ ആയുധം. അറബി, അറബിമലയാളം ഭാഷകളിലൂടെ മുസ്ലിങ്ങൾക്കിടയിൽ പരിവർത്തനം സാധ്യമാക്കാൻ ശ്രമിച്ചു. അർത്ഥം മനസ്സിലാക്കാതെ ഖുർആനും ഹദീസും പഠിക്കുന്നതുകൊണ്ടും വായിക്കുന്നതുകൊണ്ടും ഫലമില്ലെന്നു മനസ്സിലാക്കിയ അദ്ദേഹം അറബിപാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുകയും അതിലൂടെ പള്ളികളുടെ അതിർത്തികളിൽനിന്ന് അറബിവിദ്യാഭ്യാസം പുറംലോകത്തേക്കുകൂടി എത്തിക്കുകയും ചെയ്തു (ജമാൽ മുഹമ്മദ്, ടി. 2013: 59).

ധാർമ്മികജീവിതമൂല്യങ്ങളിലൂന്നിക്കൊണ്ടു സ്ത്രീകൾവിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകത അദ്ദേഹം സമുദായത്തെ മനസ്സിലാക്കി കൊടുത്തു. സ്ത്രീയുടെനില കുടുംബത്തിനകത്തു മെച്ചപ്പെടണമെങ്കിൽ പുരുഷന്മാരും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ടെന്നും അവർക്കും പരിവർത്തനങ്ങൾ സംഭവിക്കേണ്ടത് ആവശ്യമാണെന്നും വക്കം അബ്ദുൽ ഖാദർ മൗലവി വിശ്വസിക്കുകയും തന്റെ മാസികകളിലൂടെ അതിനായി പ്രവർത്തിക്കുകയും ചെയ്തു. സ്ത്രീകളെ അവഗണിച്ചുകൊണ്ട് ഒരു സമൂഹത്തിനും മുന്നേറാനും പുരോഗതി നേടാനും കഴിയില്ലെന്നു വിശ്വസിക്കുകയും മുസ്ലിംസ്ത്രീകൾക്കുവേണ്ടി ശബ്ദമുയർത്തുകയും ചെയ്തു വക്കം അബ്ദുൽ ഖാദർ മൗലവി.

#### 1.3.1.7 ശൈഖ് ഹമദാനിതങ്ങൾ/ ശൈഖ് മുഹമ്മദ് മാഹിനി

ബഹുഭാഷാപണ്ഡിതനായിരുന്ന ശൈഖ് ഹമദാനി തങ്ങൾ മുസ്ലിംനവോത്ഥാന നായകരിൽ എടുത്തുപറയേണ്ട വ്യക്തിയാണ്. നല്ല പ്രാസംഗികനായിരുന്ന ഇദ്ദേഹം തന്റെ പ്രസംഗത്തിലൂടെ സ്വസമുദായത്തിനകത്തു പരിവർത്തനങ്ങൾ വരുത്തി. *ഇഫ്ത്തുൽ ഇസ്ലാം* ഇദ്ദേഹത്തിന്റെ പ്രസിദ്ധമായ ഗ്രന്ഥമാണ്.

സമ്പന്നരായ മുസ്ലിംതറവാട്ടുകാർക്കിടയിൽ തമ്മിൽ തല്ലും കലഹങ്ങളും പതിവായിരുന്ന കാലത്ത് അവരെ ഒന്നിപ്പിക്കാൻ ശ്രമിച്ചു. ഒന്നിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത സ്വസമുദായത്തെ അദ്ദേഹം ബോധ്യപ്പെടുത്തി. സമുദായത്തിന്റെ ഉന്നമനത്തിനും പുരോഗതിക്കുമായി 'ലജ്നത്തുൽ ഹമദാനി' സഭയും 'ലജ്നത്തുൽ ഇസ്ലാം സംഘവും' രൂപീകരിച്ചു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. 1922-ൽ അദ്ദേഹം മരണപ്പെട്ടു.

### 1.3.1.8 മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്

ജീവിതകാലമത്രയും സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾക്കായി മാറ്റി വെച്ച വ്യക്തിയാണു മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് (1898-1945). കുട്ടികളെ വിദ്യാലയങ്ങളിലേക്കയക്കേണ്ടതിന്റെ പ്രാധാന്യം മുന്നിൽകണ്ടു കൊണ്ട് 'കൊച്ചിൻ മുസ്ലിം എഡ്യുക്കേഷണൽ സൊസൈറ്റി' രൂപീകരിച്ചു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. മലബാർ കലാപാനന്തരം സമൂഹത്തിലെ സ്ത്രീകൾ അനുഭവിച്ചിരുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി.

മൗലാനാ ഷൗക്കത്തലിയുമായി ചേർന്നു 'മലബാർ റിലീഫ് കമ്മിറ്റി' എന്ന പേരിൽ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിച്ചു. അതാണു പിന്നീട് ജെ.ഡി.റ്റി എന്ന സ്ഥാപനമായി രൂപം പ്രാപിച്ചത്. ജെ.ഡി.റ്റി-യുടെ പ്രവർത്തനങ്ങൾ മലബാറിലെ മുസ്ലിം വിദ്യാഭ്യാസമേഖലയിൽ ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുണ്ട്.

മുസ്ലിംസമുദായത്തിനകത്തു നിലനിന്നിരുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പത്രമാധ്യമങ്ങളിലൂടെ അദ്ദേഹം ലേഖനങ്ങൾ എഴുതി. 'അൽ അമീൻ' പത്രവും 'അൽ അമീൻയുവജന സംഘവും' അദ്ദേഹം നേരിട്ടു നടത്തിയിരുന്നവയായിരുന്നു. മുസ്ലിംവിദ്യാർത്ഥിനികൾക്കു സ്കോളർഷിപ്പു നൽകുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഗവൺമെന്റുതലത്തിൽ

നടപ്പിലാക്കാൻ മുൻകൈയ്യെടുത്തു. നിർധനരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം പ്രോൽസാപ്പിക്കുന്നതിനായി നിരന്തരം പ്രവർത്തിച്ചു. സ്ത്രീ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കി. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തു കയും ചെയ്തു.

#### 1.3.1.9 കെ.എം. സീതിസാഹിബ്

കേരളത്തിലെ മുസ്ലിംനവോത്ഥാന നേതാക്കളിൽ പ്രധാനിയായിരുന്നു കെ.എം.സീതിസാഹിബ്. വിദ്യാഭ്യാസം നേടുകയാണ് ഒരു സമുദാ യത്തിന്റെ പുരോഗതിയുടെ ആദ്യപടിയെന്നു മനസ്സിലാക്കിയ കെ.എം.സീതിസാ ഹിബ് അതിനുവേണ്ടി പ്രവർത്തിച്ചു (1899-1961). ഏറനാട് വള്ളുവനാട് പ്രദേശ ങ്ങളിലെ വിദ്യാഭ്യാസപിന്നോക്കാവസ്ഥയ്ക്കു മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചു. മലപ്പുറം ഗവൺമെന്റ് സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തുന്നതിനായി പ്രവർത്തിച്ചു. 'മുസ്ലിം ഹൈസ്ക്കൂൾ' കമ്മിറ്റി എന്ന പേരിൽ സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു സ്കോളർഷിപ്പുനൽകാനായി കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിച്ചിരുന്നു. ഇത് പിന്നീടു 'മലബാർ മുസ്ലിം അസോ സിയേഷൻ' എന്ന പേരിലാണ് അറിയപ്പെട്ടത്. നിരവധി വിദ്യാലയങ്ങളും ട്രൈനിങ് സെന്ററുകളും സ്ഥാപിച്ചു. അനാഥവിദ്യാർത്ഥികളുടെ വിദ്യാഭ്യാ സത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രവർത്തിച്ചു. സ്ത്രീകൾ സാമ്പത്തിക സ്വാശ്രയത്വം നേടേണ്ടതിന്റെ ആവശ്യകത സമുദായത്തെ ബോധ്യപ്പെടുത്തി. യാഥാസ്ഥിതിക മുസ്ലിങ്ങളുടെ എതിർപ്പുകൾക്കിടയിലും സമുദായത്തിന്റെ ഉന്നമനവും സാമൂഹിക ഉന്നമനവും ലക്ഷ്യംവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ അദ്ദേഹം ആസൂത്രണം ചെയ്തുനടപ്പിലാക്കി. കേരളനിയമസഭാസ്പീക്കറായി രുന്നു ഇദ്ദേഹം.

### 1.3.1.10 സി.എച്ച്.മുഹമ്മദ് കോയ

കേരളത്തിന്റെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ഇദ്ദേഹം വിദ്യാഭ്യാസ രംഗത്തു സ്വസമുദായത്തിന്റെ പിന്നോക്കാവസ്ഥയും സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും മനസ്സിലാക്കി അവരുടെ ഉന്നമനത്തിനായി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. വ്യത്യസ്തങ്ങളായ സ്കോളർഷിപ്പുകൽ നൽകി. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും ട്രൈനിങ്സെന്ററുകളും സ്ഥാപിച്ചു.

**1.3.1.11** എല്ലാ നവോത്ഥാനനായകരുടെയും പ്രധാനലക്ഷ്യം സാമുദായിക നവീകരണവും അതുവഴി സാമൂഹികനവീകരണവും തന്നെയായിരുന്നു. സ്ത്രീവിദ്യാഭ്യാസം നേടുന്നതിലൂടെ കുടുംബത്തിനകത്തും അതിലൂടെ സമുദാ യത്തിലും സമൂഹത്തിലും പരിവർത്തനം സാധ്യമാവും എന്നു മനസ്സിലാക്കി യവർ സ്ത്രീവിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

### 1.3.2 നവോത്ഥാനകാലത്തെ മുസ്ലിം സ്ത്രീസംഘടനകളും നായികമാരും

നവോത്ഥാനാശയങ്ങൾ സമുദായത്തിൽ പരിവർത്തനങ്ങൾ സാധ്യമാക്കി. സ്ത്രീകളിലേക്കും ഇതിന്റെ ഫലം എത്തി. സ്ത്രീ മുന്നേറ്റത്തിന് ഇത് ആക്കം കൂട്ടി. സ്ത്രീക്കു തന്റെ അവകാശങ്ങളെക്കുറിച്ചു ബോധ്യമുണ്ടാവാനും അവ നേടിയെടുക്കുന്നതിനായി സംഘടിക്കാനും അതിനായി ശബ്ദമുയർത്താനും സാധിച്ചു. കൂടാതെ അവർ സംഘടിക്കുകയും മറ്റു സ്ത്രീകളിലേക്കുകൂടി ആശയങ്ങൾ എത്തിക്കാനും അവരെ കൂടെ കൂട്ടാനും സാധിച്ചു. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ സാധിച്ചു. നിരവധി സംഘട നകളും സമാജങ്ങളും അതിനുകീഴിൽ പത്രമാസികകളുമെല്ലാം സ്ത്രീകൾ നേരിട്ട് ഏറ്റെടുത്തു നടത്തിയിരുന്നു.

### 1.3.2.1 മുസ്ലിം വനിതാസമാജം

സാമൂഹ്യപ്രവർത്തകയും സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരുന്ന ടി.സി. കുഞ്ഞാച്ചുമ്മ. 1933-ൽ രൂപീകരിച്ച മുസ്ലിം വനിതാസമാജം മുസ്ലിംസ്ത്രീകളുടെ മുന്നേറ്റത്തിനു വലിയ പങ്കാണു വഹിച്ചിട്ടുള്ളത്. മുസ്ലിംസ്ത്രീകൾക്കു വിദ്യാഭ്യാസം നൽകുക എന്നതായിരുന്നു ഇവരുടെ പ്രാഥമികലക്ഷ്യം. സ്ത്രീകൾക്കു തൊഴിൽപരിശീലനം നൽകുക, കുടുംബാസൂത്രണബോധനവൽക്കരണം നൽകുക, സംഘടിതനിസ്ക്കാരം സംഘടിപ്പിക്കുക, സാമ്രാജ്യത്വശക്തികൾക്കെതിരെ സമരംചെയ്യുക, സാമൂഹ്യസേവനം സാധ്യമാക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങളായിരുന്നു ടി.സി. കുഞ്ഞാച്ചുമ്മയും മാളിയേക്കൽ മറിയുമ്മയും അവരുടെ മുസ്ലിംവനിതാസമാജം വഴിനടപ്പിലാക്കിയത്.

### 1.3.2.2 അഖില തിരുവിതാംകൂർ മുസ്ലിംസമാജം

എം.ഹലീമാബീവിയുടെ നേതൃത്വത്തിൽ 1938-ൽ തിരുവല്ലയിൽ സംഘടിച്ച അഖിലതിരുവിതാംകൂർ മുസ്ലിംമഹിളാസമാജം മുസ്ലിംസ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വയ്ക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തു. പ്രഭാഷണങ്ങളും സമ്മേളനങ്ങളും സംഘടിപ്പിച്ചു. മുസ്ലിംപെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്നു. നിർധനരായ വിദ്യാർത്ഥികൾക്കു ധനസഹായം നൽകിയിരുന്നു. മാത്രമല്ല ഗവൺമെന്റിൽനിന്നുള്ള സഹായങ്ങൾ സമയാസമയങ്ങളിലായി കുട്ടികൾക്ക് എത്തിച്ചുനൽകുന്നതിനായി അവരോടൊപ്പംനിന്നു സഹായിച്ചു. ഗവൺമെന്റ് ജോലിനേടിയെടുക്കേണ്ടതിന്റെ ആവശ്യകത സ്ത്രീകളെ ബോധ്യപ്പെടുത്തി. ആത്മാഭിമാനം വർദ്ധിക്കാൻ സ്വയംതൊഴിൽ സഹായിക്കുമെന്ന് അവർ മനസ്സിലാക്കുകയും സ്ത്രീകളെ അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൃത്യമായ അജണ്ട

കളോടും ആസൂത്രിതലക്ഷ്യത്തോടുംകൂടി സമുദായ ഉന്നമനത്തിനും സ്ത്രീകളുടെ ഉന്നമനത്തിനുമായി അവർ പ്രവർത്തിച്ചു.

നിരവധി പ്രസിദ്ധീകരണങ്ങളും വാരികകളും ഇറക്കി നവോത്ഥാന ആശയങ്ങൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിച്ചു. *മുസ്ലിം വനിത* (1938) *ഭാരത ചന്ദ്രിക* (1946) *ആധുനിക വനിത* (1970) തുടങ്ങിയവ പ്രസിദ്ധീകരണങ്ങളാണ്. മുസ്ലിംങ്ങളെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മോചിപ്പിച്ചു സ്വസമുദായത്തെ പുരോഗതിയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യ ത്തോടെയാണ് *മുസ്ലിം വനിത* പുറത്തിറക്കിയിരുന്നത്.

1946-ൽ *ഭാരതചന്ദ്രിക* എന്ന പേരിൽ ഹലിമാബീവി പ്രസിദ്ധീകരണം ഇറക്കിയിരുന്നു. സാഹിത്യരചനയ്ക്ക് ഏറെ പ്രാധാന്യം നൽകിയിട്ടുള്ളതാ യിരുന്നു ഈ പ്രസിദ്ധീകരണം. പ്രമുഖ എഴുത്തുകാർക്ക് അവരുടെ എഴുത്തുകൾ പ്രസിദ്ധീകരിക്കാൻ അവസരം നൽകിയിരുന്നു *ഭാരതചന്ദ്രികയിൽ*. കൂടാതെ സ്ത്രീകളുടെപ്രശ്നങ്ങളും സമകാലികരാഷ്ട്രീയപ്രശ്നങ്ങളും ബ്രിട്ടീഷുഭരണകൂടത്തിനെതിരെയും നിരന്തരംരചനകൾ ഭാരതചന്ദ്രികയിൽ ഉണ്ടാവുമായിരുന്നു. 1970-കളിൽ പെരുമ്പാവൂരിൽനിന്നും പ്രസിദ്ധീകരണം ആരംഭിച്ച ഹലീമാബീവിയുടെ തന്നെ മറ്റൊരു പ്രസിദ്ധീകരണമാണു *ആധുനിക വനിത* (1970) ഇതിൽ കഥ, കവിത, നോവൽ, ലേഖനം, ചരിത്രം, സമകാലീനസംഭവവികാസങ്ങൾ, സാമൂഹ്യപ്രശ്നങ്ങൾ തുടങ്ങി എല്ലാമേഖല കളും ഉൾച്ചേർന്നിരുന്നു. സ്ത്രീകളായിരുന്നു ഇതിന്റെ എല്ലാ മേഖലകളും കൈകാര്യം ചെയ്തിരുന്നത് എന്നതാണ് ഇതിന്റെ വലിയപ്രത്യേകത.മാനേജിങ്, എഡിറ്റിങ്, സഹപത്രാധിപർ, പ്രിന്റിങ്, പബ്ലിഷിങ് തുടങ്ങി എല്ലാ മേഖലയിലും സ്ത്രീകൾതന്നെ ഏറ്റെടുത്തുനടത്തി. വളരെ ഉയർന്ന ചിന്തകളോടെ തന്റെ സമൂഹത്തിന് ഉൾക്കാഴ്ചനൽകാൻ ഹലീമാബീവി ശ്രമിച്ചു. സ്ത്രീകൾ അനുഭ

വിച്ചിരുന്ന പ്രശ്നങ്ങളിൽ നിരന്തരം ഇടപെടുകയും ഇസ്ലാമിക പ്രമാണങ്ങളെ അടിസ്ഥാനമാക്കി അനീതിക്കെതിരെ ശബ്ദിക്കുകയും ചെയ്തു.

### 1.3.2.3 നവോത്ഥാനാനന്തര ഘട്ടവും മുസ്ലിം സ്ത്രീ-സംഘടനകളും

മതപരമായും രാഷ്ട്രീയപരമായും സാംസ്കാരികപരമായുമെല്ലാം സ്ത്രീകൾ ഒരുമിച്ചുകൂടുകയും സംഘടനകൾ രൂപീകരിച്ചു സാമുദായിക സാമൂഹ്യ സാംസ്ക്കാരിക ഉന്നമനത്തിനായും സ്ത്രീകളുടെ പുരോഗതിക്കായും പ്രവർത്തിച്ചിട്ടുണ്ട്. അവയിൽപെട്ട ചില മുസ്ലിംസ്ത്രീ സംഘടനകളെക്കുറി ച്ചുള്ള സാമാന്യവിവരണമാണു താഴെ.

ഒരുകൂട്ടം സ്ത്രീകളുടെ ഒത്തൊരുമയുടെ ഫലമായി 1963 – ൽ തിരുവനന്തപുരത്തു രൂപംകൊണ്ട സംഘടനയാണു 'വിമൻസ് അസോ സിയേഷൻ' അതേ വർഷത്തിൽ എറണാകുളം ജില്ലയിൽ രൂപീകൃതമായ വനി താസംഘടനയാണ് 'എറണാകുളംജില്ലാ മുസ്ലിംവിമൻസ് അസോസിയേഷൻ' സേവന തൽപരരായ ഒരു കൂട്ടം സ്ത്രീപുരുഷ കൂട്ടായ്മയിലൂടെയാണ് ഈ സംഘടന രൂപീകരിച്ചത്. 1984-ൽ രൂപീകരിച്ച മറ്റൊരു സംഘടനയാണു 'ഗേൾസ് ഇസ്ലാമിക് ഓർഗനൈസേഷൻ' എന്ന സംഘടന. 1950-കളിൽ രൂപം കൊണ്ട സ്ത്രീസംഘടനയായിരുന്നു'മുജാഹിദ് ഗേൾസ് മൂവ്മെന്റ്' എന്നത്. 1997-ൽ രൂപം കൊണ്ട 'നിസ' സ്വതന്ത്രസ്ത്രീ സംഘടനയാണ്. മതത്തിനു ള്ളിലെ സ്ത്രീകർതൃത്വം ഉറപ്പിക്കുകയായിരുന്നു നിസയുടെ ശ്രമം.

എല്ലാ മുസ്ലിംസ്ത്രീസംഘടനകളുടെയും ലക്ഷ്യം സ്ത്രീകളുടെ ഉന്നമനം തന്നെയായിരുന്നു. വിദ്യാഭ്യാസത്തിലൂന്നിയപ്രവർത്തനങ്ങൾക്കും സാമ്പത്തിക സുസ്ഥിരത വർദ്ധിപ്പിക്കാനും അവർ പദ്ധതികൾ ആസൂത്രണം ചെയ്തുനട പ്പിലാക്കി. സ്ത്രീശാക്തീകരണവും വിമോചനവും മാത്രമല്ല ജനാധിപത്യ

രാഷ്ട്രീയരംഗത്തു സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും ഈ സംഘ ടനകൾ ശ്രമിച്ചു. ജനസേവനമേഖലകളിലും അതുപോലെ തൊഴിൽരംഗത്തും സ്ത്രീകളെ സ്വയം പര്യാപ്തരാക്കാൻ ശ്രമം നടത്തി.

### 1.3.2.4 വനിതാ പ്രസിദ്ധീകരണങ്ങൾ

നിരവധി വനിതാപ്രസിദ്ധീകരണങ്ങളും കേരളീയമുസ്ലിംസമുദായത്തിന്റെ നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ആവശ്യാർത്ഥം നിലവിൽ വരികയുണ്ടായിട്ടുണ്ട്. *മുസ്ലിം മഹിള* മുസ്ലിംസമുദായത്തിനുള്ളിലെ അനാചാര ങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പ്രവർത്തിച്ചു. കേരളത്തിൽ ആദ്യമായി അറബിമലയാളത്തിൽ പ്രസിദ്ധീകൃതമായ മുസ്ലിംവനിതാമാസിക യാണ് *നിസാഉൽ ഇസ്ലാം* (മുസ്ലിം വനിത) കോമുക്കുട്ടി വൈദ്യരായിരുന്നു ഇതിന്റെ പത്രാധിപർ. ഇതിനു പുറമെ ധാരാളം മാസികകൾ ആ കാലഘട്ടത്തു നിലവിലുണ്ടായിരുന്നു *പൊന്നുമോൾ* 1972 - ഇടവജമാൽ, *പ്രിയസഖി* - (1974 - താമരശ്ശേരി മുഹമ്മദ്) *മല്ലിക* - (എം.ബഷീർ), *മാധുരി, സുറുമ* - (കെ.എ. മലയാളി) *മാപ്പിളപ്പെണ്ണ്* (എം.കെ പാവന്നൂർ) *സന്മാർഗ്ഗം* (അബ്ദുൽ ജലാൽ മൗലവി) ഇവയെല്ലാം പുരുഷമേൽനോട്ടത്തിൽ നിലനിന്നിരുന്ന ചില മാസികക ളായിരുന്നു *പുടവ.* (1989-99) *പൂങ്കാവനം* (1987) *സന്തുഷ്ടകുടുംബം* (2002), *മഹിളാചന്ദ്രിക* (1995) *നിസ* - (2004) എന്നിവയും മറ്റു ചില മുസ്ലിംവനിതാ പ്രസിദ്ധീകരണങ്ങളാണ്. സമകാലിക സംഭവങ്ങളെ കുറിച്ചുള്ള സാഹിത്യ സൃഷ്ടികൾ മുസ്ലിംവനിതാ പ്രസിദ്ധീകരണങ്ങൾ ചർച്ചചെയ്യാറുണ്ട്. ഇവയെല്ലാം സമുദായത്തിനകത്തെ ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. സ്വസമുദായ നവീകരണത്തിനായി പ്രവർത്തിക്കുന്നു.

### 1.4 ഭാഷയും ആവിഷ്കാരങ്ങളും

മതപ്രചാരണാർത്ഥം കേരളത്തിലെത്തിയവർക്ക് അറബിയല്ലാതെ മറ്റൊരു ഭാഷയും അറിയുമായിരുന്നില്ല. അറബി, അറബിമലയാളം തുടങ്ങിയ

ഭാഷയിലൂടെ അവർ ആശയവിനിമയം സാധ്യമാക്കിയിരുന്നു എന്നതിനു തെളിവാണ് ഈ ഭാഷകളിലെല്ലാം എഴുതപ്പെട്ട ഗ്രന്ഥങ്ങൾ. അത്തരം ആവിഷ്കാരങ്ങളെക്കുറിച്ചുള്ള സാമാന്യമായ സൂചനകളാണ് ഈ ഖണ്ഡത്തി ലുള്ളത്.

### 1.4.1 അറബികൃതികൾ

ഖുർആൻ രചിച്ചിട്ടുള്ളത് അറബിഭാഷയിലായതുകൊണ്ടു തന്നെ അറബി ഭാഷയ്ക്ക് ഏറെ പ്രാധാന്യം നൽകിയിരുന്നവരാണു മുസ്ലിങ്ങൾ. സെമിറ്റിക് ഭാഷകളിൽ ഏറ്റവും പ്രായംകുറഞ്ഞ ഭാഷ അറബിയാണ്. മത പരമായ വിശ്വാസാനുഷ്ഠാനങ്ങളും സാംസ്കാരികത്തനിമയും മാത്രമല്ല ഭാഷയും ഇതരസംസ്കാരങ്ങളുടെ ആക്രമണത്തിൽ ഇല്ലാതായിപ്പോ വാതിരിക്കാൻ ആദ്യകാലമുസ്ലിങ്ങൾ ശ്രദ്ധിച്ചിരുന്നു. അറബിഭാഷ കേരളത്തിലെ മുസ്ലിങ്ങൾക്കു നിത്യജീവിതത്തിൽ വ്യവഹാരത്തിനുള്ള ആശയവിനിമയ ഉപാധി ആയിരുന്നില്ല. അവരുടെ വിശുദ്ധഗ്രന്ഥം അവതരിപ്പിക്കപ്പെട്ട ദിവ്യഭാഷ യാണത്. അതുകൊണ്ടു ഭാഷയിൽ മറ്റൊന്നും കലരാൻ പാടില്ലെന്നു നിഷ്കർഷിച്ചു. നേരിയ ഉച്ചാരണ വ്യത്യാസംകൊണ്ടു വലിയ അർത്ഥഭേദം വരു ന്നവിധം സങ്കീർണ്ണമാണ് അറബി ഭാഷയുടെ ഘടന.

അറബിഭാഷാപണ്ഡിതർ കേരളത്തിൽ ഉണ്ടായിരുന്നു. (ജമാൽ കൊച്ച ങ്ങാടി, 1998: 35). അറബിരാജ്യങ്ങളിലും മറ്റു മുസ്ലിംരാജ്യങ്ങളിലുമില്ലാത്ത അനേകം ഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. (മുഹമ്മദ് മൗലവി, പി.എം. 1960:11-15) *പത്തുകിത്താബുകൾ* കേരളീയരുടെ സൃഷ്ടിയാണ്. ഫഖീഹ് ഹുസൈൻബുൻ അഹ്മദ് ഫത്താനി - രചിച്ച *ഖൈദുൽ ജാമിഅ്* ആണു കേരളീയനാൽ രചിക്കപ്പെട്ട ആദ്യത്തെ അറബി ഗ്രന്ഥമെന്നു കരുതപ്പെടുന്നു. (പു:11-15) പൊന്നാനി വലിയ സൈനുദ്ദീൻ മഖ്ദൂം (1468-1521) ഗദ്യപദ്യങ്ങൾ ഉൾപ്പെടെ വളരെയേറെ അറബികൃതികൾ രചിച്ചിട്ടുണ്ട്. ശൈഖ് സൈനുദ്ദീൻ

രണ്ടാമന്റെ *ഫത്തഹുൽ മുഇൗനും* സൈനുദ്ദീൻ മഖ്ദൂം എഴുതിയ *തുഹ്ഫത്തുൽ മുജാഹിദീനും* ബ്രിട്ടീഷ് ഗവൺമെന്റിനെതിരായി മമ്പുറം സൈദലവി തങ്ങളുടെ *അസ്സൈഫുൽബത്താറും* ഏറെ പ്രസിദ്ധമായവയാണ്.

### 1.4.2 അറബി മലയാളം

ഇസ്ലാംമതപ്രചാരണസമയത്ത് അറബിഭാഷയുടെ സങ്കീർണ്ണതകൾ കൊണ്ട് ഇസ്ലാംമതസന്ദേശങ്ങൾ ശരിയാംവിധം എത്തിക്കാൻ സാധിച്ചിരുന്നില്ല. അതുകൊണ്ട് ഒരു സങ്കരഭാഷ അവർ നിർമ്മിച്ചെടുക്കുകയുണ്ടായി. അറബിയും മലയാളവും ചേർന്ന സവിശേഷഭാഷാരീതിയാണ് അറബിമലയാളം. മലയളികളും അറബികളും തമ്മിലുണ്ടായിരുന്ന മതപരവും ചരിത്രപരവുമായ ബന്ധത്തിൽനിന്നാണ് ഈ ഭാഷ രൂപപ്പെട്ടത്. കേരളത്തിലെമുസ്ലിങ്ങൾ വർഷ ങ്ങളോളം ആവിഷ്ക്കരണമാധ്യമമായി തെരഞ്ഞെടുത്തത് അറബിമലയാള ഭാഷ ആയിരുന്നു. ചില അക്ഷരങ്ങൾക്ക് ഒന്നോ അതിൽ കൂടുതലോ പുള്ളികൾ നൽകിയും അകാരാദി ചിഹ്നങ്ങൾ നൽകിയും അറബികൾക്ക് അറബി ഭാഷ പഠിപ്പിക്കുവാനുള്ള ഒരു പദ്ധതി ഹജ്ജാജ് ഇബ്നുയൂസുഫ് എന്ന ഭരണാധികാരി ഹിജ്റ 60-ൽ പ്രചാരത്തിൽ വരുത്തിയിരുന്നു (അബ്ദുൽ റഹ്മാൻ പി.എം.(?):36).

#### 1.4.2.1. സബീന ഏടുകൾ

അക്ഷരമറിയാത്തമാപ്പിളപ്പെണ്ണു പഠിച്ചിരുന്നത് അറബിമലയാളം എന്ന സവിശേഷലിപിയിലാണ്. അറബിമലയാളം വായിക്കാനും എഴുതാനും അവർക്ക് അറിയാമായിരുന്നു. ഈ ലിപിയിൽ സൂക്ഷിച്ച ധാരാളം പാട്ടുകളും കുറിപ്പടികളും ഇന്നും പഴയവീടുകളിൽ കാണാൻ കഴിയും. സബീന ഏടുകൾ എന്നാണ് ഇവ അറിയപ്പെടുന്നത്. ഇത്തരം പുസ്തകങ്ങൾ മുസ്ലിംസ്ത്രീകൾക്കിടയിൽ പ്രചാരമുണ്ടായിരുന്നു (ഷംഷാദ് ഹുസൈൻ, 2009:13).

#### 1.4.2.2 മുഹിയുദ്ദീൻ മാല

കണ്ടെടുക്കപ്പെട്ടതിൽവെച്ച് ഏറ്റവും പഴക്കമുള്ള അറബിമലയാളകൃതി ഖാസി മുഹമ്മദിന്റെ *മുഹിയുദ്ദീൻ മാല*യാണ്. മുസ്ലിംവീടുകളിൽ *മുഹിയുദ്ദീൻ മാല* പാരായണം ചെയ്യാറുണ്ടായിരുന്നു. മാല ചൊല്ലാനറിയുന്ന പെൺകുട്ടി കളെയാണ് ഒരുകാലത്തു തെരഞ്ഞെടുത്തു വിവാഹം കഴിച്ചിരുന്നത്. *മുഹിയുദ്ദീൻ മാല*യിലെ പ്രധാനവിഷയം തന്നെ ശൈഖ് സൈനുദ്ദീൻ എന്ന ദിവ്യവ്യക്തിയുടെ അപദാനങ്ങളാണ്. ഇതിന്റെ ഈണവും താളവും സാഹിത്യ ഭംഗിയുമെല്ലാം മുസ്ലിങ്ങൾക്കിടയിൽ ഏറെ പ്രചാരം സൃഷ്ടിച്ചു.

*മുഹ്യുദ്ദീൻമാലയും നഫീസത്തുമാലയും* അറിയുകയും അവതരിപ്പിക്കു കയും ചെയ്യുന്നതു പെണ്ണിന്റെ വലിയഗുണഗണമായിട്ടാണു കരുതിയിരുന്നത്. വിവാഹാലോചനസമയത്തു *മുഹ്യുദ്ദീൻമാല* പാടാനറിയാത്ത പെണ്ണിനു വരനെ കിട്ടാൻ പോലും പ്രയാസമായിരുന്നുവെന്നു പി.കെ.മുഹമ്മദ്കുഞ്ഞി *മുസ്ലിങ്ങളും കേരളസംസ്കാരവും* (1982) എന്ന കൃതിയിൽ രേഖപ്പെടുത്തിയ തായി കാണുന്നു.

*മുഹിയുദ്ദീൻമാല*യെത്തുടർന്നു *രിഫായിഫാല, നഫീസത്തുമാല, വസൂരി മാല* തുടങ്ങിയ മാലപ്പാട്ടുകളും രൂപം കൊള്ളുകയുണ്ടായി. പ്രസവം എളുപ്പമാ വുന്നതിനായി പണ്ടുകാലത്തു പ്രസവമുറിക്കു പുറത്തു സ്ത്രീകൾ *നഫീസത്തു മാല* ചൊല്ലുന്നതു പതിവുണ്ടായിരുന്നു. കുഞ്ഞായീൻ മുസ്ലിയാരുടെ *കപ്പപ്പാട്ട്, നൂൽപ്പാട്ട്* എന്നിവയും പ്രധാനപ്പെട്ടവയാണ്. ഇവയെല്ലാം ഭക്തിപ്രാധാന്യമുള്ള രചനകളാണ്.

**1.4.2.3** അറബിമലയാളലിപിയിൽ ധാരാളം നോവലുകളും കൃതികളും ഉണ്ടായിട്ടുണ്ട്. എന്നാൽ നോവലുകളെക്കുറിച്ചുള്ള സങ്കല്പങ്ങളോടു ചേർന്നു പോവുന്നവയല്ല എന്നുമാത്രം. *അലാവുദ്ദീൻ, ഖമർസ്സമാൻ, ഉമറയ്യാർ,*

*അമീർഹംസ, ഗുൽസനോബർ, സുബൈദ, സൈനബ, ഖിളർനബിയെ കണ്ട നഫീസ* എന്നിവ പ്രധാനപ്പെട്ടവയാണ്. *ഖമർസ്സമാൻകിസ്സ, ഖിസ്സത്തുനൂർജഹാൻ, അമീർഹംസ, മന്ത്രികുമാരചരിത്രം, ബദറുൽമുനീർ ഹുസുനുൽജമാൻ* തുടങ്ങിയ കഥാകൃതികൾ രചിച്ച നാലകത്തു കുഞ്ഞിമൊയ്തീൻ കുട്ടിയെയും *വിക്രമാദിത്യൻ കഥകൾ* പുനരാഖ്യാനം ചെയ്ത മണ്ണുതൊടിക ചെറിയ കുഞ്ഞിപ്പോക്കരും *ഖിസ്സത്ത് അലാവുദ്ദീൻ* രചിച്ച എം.കുഞ്ഞാവമുസ്‌ലിയരേയും പോലുള്ളവരും ശ്രദ്ധിക്കപ്പെടേണ്ടവർ തന്നെ. 1965-ൽ തന്റെ 55-ാംമത്തെ വയസ്സിൽ പറമ്പിൽ കുഞ്ഞഹമ്മദ് മുസ്‌ലിയാർ മരിച്ചതിനുശേഷം കിട്ടിയ ഒരു നോവൽ *ആയിരത്തൊന്നുരാവുകളിലെ* കഥാപാത്രങ്ങളുമായി സാമ്യമുള്ളതായി കേരളമുസ്ലിം ഡയറക്ടറിയിൽ വ്യക്തമാക്കുന്നുണ്ട്.

### 1.4.3. മാപ്പിളപ്പാട്ടുകൾ

മാപ്പിളസാഹിത്യസൗന്ദര്യബോധം എടുത്തു കാണിക്കുന്നവയാണു പല മാപ്പിളപ്പാട്ടുകളും. കീർത്തനങ്ങളാണു മാലപ്പാട്ടുകൾ എന്നറിയപ്പെടുന്നത്. വീരപുരുഷന്മാരുടെ അൽഭുതസിദ്ധികളും അപദാനങ്ങളുമാണു മാലപ്പാട്ടുകളിലെ പ്രധാനപ്രമേയം. ആദ്യകാലത്ത് അറബിമലയാളത്തിലായിരുന്നു മാപ്പിളപ്പാട്ടുകൾ എഴുതിയിരുന്നത്. അറബിമലയാളത്തിലെ പദ്യസാഹിത്യമാണു മാപ്പിളപ്പാട്ടുകൾ. സാമൂഹ്യജീവിതത്തിന്റെ എല്ലാ ഭാഗങ്ങളെയും ബന്ധപ്പെടുത്തിയുള്ളതാണ് ഇത്. മാപ്പിളപ്പാട്ടുകൾക്കു മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, കിസ്സപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ, മദ്ഹ്പാട്ടുകൾ, ഉറുദി, വിരുത്തങ്ങൾ കെസ്സുപാട്ടുകൾ, കത്തുപാട്ടുകൾ, താരാട്ടുപാട്ട് എന്നീ തരംതിരിവുകൾ ഉണ്ട്. മുസ്ലിംജനവിഭാഗത്തിന്റെ ജീവിതാചാരങ്ങളുമായി വളരെ അടുത്ത ബന്ധം മാപ്പിളപ്പാട്ടുകൾക്കുണ്ട്. കല്യാണം, കാതുകുത്തു കല്യാണം, പ്രസവം കുട്ടിയുടെ മുടികളച്ചിൽ, വയറുകാണൽ തുടങ്ങി നിരവധി സന്ദർഭങ്ങളിൽ മാപ്പിളപ്പാട്ടുകൾ പാടാറുണ്ട്. മാപ്പിളപ്പാട്ടിന്റെ പ്രധാന സവിശേഷത അത് അവ

തരണത്തിനുവേണ്ടിയുള്ളതാണെന്നാണ്. മാപ്പിളപ്പാട്ട് അവതരണരംഗത്തും സ്ത്രീസാന്നിധ്യം സജീവമായിരുന്നു. കല്യാണം, കല്യാണരാവ്, മാർകക്കല്യാണം, കാതുകുത്തുകല്യാണം തുടങ്ങിയവയെല്ലാം പാട്ടവതരിപ്പിക്കാനുള്ള വേദികൂടിയായിരുന്നു.

മാപ്പിളസാഹിത്യത്തിലും മലയാളസാഹിത്യത്തിനും ഒരുപോലെ പ്രാധാന്യം നൽകിയ ഒന്നാണു മഹാകവി മോയിൻകുട്ടി വൈദ്യരുടെ രചനകൾ. മൂലപുരാൻ, സലീഖത്ത്, ഉഹദ്പടപ്പാട്ട്, മലപ്പുറംകിസ്സ, പടപ്പാട്ടുകൾ, മാപ്പിള ശുഹദാക്കൾ, ബദറുൽമുനീർ ഹുസുനുൽജമാൽ എന്നിവയെല്ലാം പേരുകേട്ടവയാണ്. അറബിമലയാളം അറിയുന്നതു കൊണ്ടു മാപ്പിളസ്ത്രീകൾ ആ ഭാഷയിൽ എഴുതിയും പാടിയും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ചിരുന്നു. എഴുതപ്പെട്ടവ അധികമില്ലെങ്കിലും വാമൊഴിയിലൂടെ പ്രചരിച്ചവ ധാരാളം ഉണ്ടായിരുന്നു. പുത്തൂർ ആമിന എസ്.എൻ, ജമീലാബീവി, സി.എച്ച്. കുഞ്ഞായിശ, പി.കെ.ഹലീമ, വി.ആയിശക്കുട്ടി, കെ.ടി.ആസിയ ടി.എ.റാബിയ, ബി.ആയിഷക്കുട്ടി തുടങ്ങിയവരെല്ലാം മാപ്പിളപ്പാട്ട് എഴുത്തുകാരികളിൽ ചിലരാണ്. അറബിമലയാളത്തിൽനിന്നു മലയാളത്തിലേക്കുള്ള പരിവർത്തനഘട്ടത്തെക്കൂടിയാണു പല മാപ്പിളപ്പാട്ടുകളും ഉദാഹരിക്കുന്നത്.

### 1.5 മുസ്ലിംജീവിതാവിഷ്ക്കാരം മലയാളകൃതികളിൽ

നവോത്ഥാനഘട്ടത്തിലും തുടർന്നുവന്ന ആധുനികതാവാദഘട്ടത്തിലുമുണ്ടായ മലയാള സാഹിത്യത്തിൽ മുസ്ലിംജീവിതം എങ്ങനെ അടയാളപ്പെട്ടുയെന്നതാണ് ഈ ഖണ്ഡത്തിൽ ചർച്ച ചെയ്യുന്നത്. നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ, കവിതകൾ എന്നിവ പ്രാതിനിത്യസ്വഭാവത്തോടെ പരിശോധിക്കുന്നു.

പത്തൊൻപതാംനൂറ്റാണ്ടോടുകൂടി ഇന്ത്യയൊട്ടുക്കു നവോത്ഥാനത്തിന്റെ മുന്നേറ്റം ഉണ്ടായി. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ അനന്തരഫലമായി ചിന്ത

കളിൽ മാറ്റങ്ങൾ വന്നു. അച്ചടിയും പത്രമാധ്യമങ്ങളും മാസികകളുമെല്ലാം അതിനു സഹായിച്ചു. കേരളത്തിലെമുസ്ലിങ്ങൾക്കിടയിലും സ്വാഭാവികമായി പരിവർത്തനങ്ങൾ നടന്നു. ആ മാറ്റങ്ങൾ മുസ്ലിംജീവിതത്തെ അടിസ്ഥാനമാക്കി രചിക്കുന്ന കൃതികളിലും അല്ലാത്ത കൃതികളിലും പ്രതിഫലിച്ചു തുടങ്ങി. പിന്നീടുണ്ടായ ആധുനികതയുടെ കാലത്തും മുസ്ലിം ജീവിതം പലമട്ടു ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. അവയും ഈ ഭാഗത്തു പരിഗണിക്കുന്നു.

**1.5.1 നോവലുകളിൽ**

**1.5.1.1** ഒ. ചന്തുമേനോന്റെ *ഇന്ദുലേഖയിൽ* മുസ്ലിംകഥാപാത്രചിത്രീകരണം ഉണ്ട്. *ഇന്ദുലേഖയിൽ* ആനുഷംഗികമായി ചിത്രീകരിക്കപ്പെട്ട 'ഷിയർ ആലിഖാൻ' എന്ന സാങ്കൽപിക കഥാപാത്രം വിദ്യാസമ്പന്നനാണ്. സി.വി. രാമൻപിള്ളയുടെ *മാർത്താണ്ഡവർമ്മ*' എന്ന നോവലിൽ കഥാനായകന് അഭയം നൽകുന്നവർ മുസ്ലിങ്ങളാണ്. *മാർത്താണ്ഡവർമ്മയിലെ* ഹക്കീം എന്ന കഥാപാത്രവും സുലൈഖ-ഷംസുദ്ദീൻ എന്നീ കഥാപാത്രങ്ങളും രാജ്യസ്നേഹികളാണ്. *ധർമ്മരാജായിലെ* പക്കീർസാ, *രാമരാജബഹദൂറിലെ* ടിപ്പു സുൽത്താൻ എന്നിവരും സി.വി.രാമൻപിള്ളയുടെ മുസ്ലികഥാപാത്രങ്ങളാണ്.

**1.5.1.2** മുസ്ലിംജനവിഭാഗത്തിന്റെ ബാഹ്യവും ആന്തരികവുമായ ജീവിതപശ്ചാത്തലങ്ങൾ ഉറൂബിന്റെ *ഉമ്മാച്ചു*വിൽ കാണാം. ആഗ്രഹിച്ചജീവിതം നിഷേധിക്കപ്പെട്ടു മറ്റാർക്കൊക്കെയോ വേണ്ടി ജീവിതം തള്ളിനീക്കുന്ന സ്ത്രീകഥാപാത്രങ്ങളിൽനിന്നും തികച്ചും വ്യത്യസ്തയാണ് ഉറൂബിന്റെ *ഉമ്മാച്ചു*. സങ്കടത്തിൽ വെന്തുനീറുമ്പോഴും ദുരിതങ്ങളെ ഒന്നൊന്നായി തള്ളിമാറ്റാൻ കഴിഞ്ഞ മുസ്ലിംപെണ്ണിന്റെ കരുത്തുറ്റ ചിത്രമാണ് *ഉമ്മാച്ചു*വിനുള്ളത്. തനിക്കിഷ്ടമില്ലാത്ത ഒരുത്തനോടൊപ്പം വീട്ടുകാരുടെ നിർബന്ധത്തിനുവേണ്ടി ജീവിക്കേണ്ട അവസ്ഥ. 'ഇസ്റ്റല്ലാത്ത കല്യാണോം ഉപ്പില്ലാത്ത കറീം ഒരു ചേലിക്കല്ലേ?' എന്ന്

ഉമ്മാച്ചു തന്റെ അനുഭവം പങ്കുവെയ്ക്കുന്നുണ്ട്. എങ്കിലും ജീവിതയാഥാർത്ഥ്യ ങ്ങളോടു പൊരുത്തപ്പെടാനും ദുരിതങ്ങളെ തള്ളിനീക്കാനുള്ള ആർജവവും കരുത്തും ഉമ്മാച്ചുവിനുണ്ട്.

1921-ലെ മലബാർകലാപത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിക്കുന്ന *സുന്ദരികളും സുന്ദരന്മാരിലും* മതചിന്തകൾക്കും സാമുദായിക പരിഗണ നകൾക്കുമപ്പുറം മനുഷ്യജീവിതത്തിന്റെ യഥാർത്ഥചിന്തയും ചരിത്രപശ്ചാത്ത ലവും കാണാം. മതമൂല്യങ്ങൾക്കു പകരം മാനവികതാമൂല്യങ്ങൾ ഉയർത്തിപ്പിടി ക്കുന്നതാണു *സുന്ദരികളും സുന്ദരന്മാരും.*

**1.5.1.3** മുസ്ലിം-ഹിന്ദു യുവാക്കളുടെ സൗഹൃദത്തിന്റെ കഥയാണു *മൂടുപടത്തിൽ* എസ്.കെ.പൊറ്റക്കാട് അവതരിപ്പിക്കുന്നത്. കേരളത്തിന്റെ ഇതര സ്ഥലങ്ങളിലെ മുസ്ലിങ്ങളിൽനിന്നും വ്യത്യസ്തമായ സവിശേഷതക ളുള്ളവരാണ് അവർ. മൗലികമായ ഇസ്ലാമികപ്രമാണങ്ങളിൽനിന്നും ജീവിതരീ തികളിൽനിന്നും വിഭിന്നമായ വിശ്വാസാചാരങ്ങളും സമ്പ്രദായങ്ങളും വെച്ചു പുലർത്തുന്നവരാണു റാവുത്തർമാർ. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇവർക്കിടയിലും ഉണ്ട്.

എസ്.കെ.പൊറ്റക്കാടിന്റെ *രണ്ടു നോവലുകൾ* എന്ന നോവലിലും മുസ്ലിംസമുദായത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. കാലിച്ചാക്കുകാരൻ മമ്മതിന്റെ മകൾ പാത്തുമ്മ ജമീലയെ പ്രസവിച്ച് 17-ാം നാൾ അയൽക്കാരി മാധവിയും ഒരു പെൺകുഞ്ഞിനെ പ്രസവിക്കുന്നു. 'തത്ത' മാധവിയുടെ മരണാനന്തരം അവളുടെ മകൾക്കു മുലപ്പാൽ കൊടുത്തു വളർത്തു ന്നതും പാത്തുമ്മയാണ്. ജാതിമതചിന്തകൾക്കതീതമായി ഒരു മാനുഷിക ബന്ധം പാത്തുമ്മയും തത്തയും തമ്മിൽ ഉടലെടുക്കുന്നുണ്ടു നോവലിൽ.

**1.5.1.4** 1944-ൽ വൈക്കം മുഹമ്മദ് ബഷീറിന്റെ *ബാല്യകാലസഖിയിലൂടെ* യാണു മുസ്ലിംസമുദായത്തിന്റെ അകത്തളങ്ങളും ജീവിതയാഥാർത്ഥ്യങ്ങളും

ആവിഷ്ക്കരിക്കപ്പെട്ടത്. മുസ്ലിംസമുദായത്തിന്റെ മാത്രം കഥയെഴുത്തുകാരൻ അല്ല ബഷീർ. മനുഷ്യജീവിതത്തിന്റെ പലതലങ്ങളും അനുഭവങ്ങളും സന്ദർഭങ്ങളും അവതരിപ്പിച്ചുകൊണ്ട് ഒരു കാലഘട്ടത്തെ മുഴുവനായും രചനകളിലൂടെ വ്യക്തമാക്കി ബഷീർ.

മലയാളസാഹിത്യത്തിന് അപരിചിതമായിരുന്ന ഒരു മേഖലയെ ആ മേഖലയിൽപ്പെട്ട ഒരാൾ ആവിഷ്ക്കാരവിധേയമാക്കുമ്പോൾ അതു സാമൂഹികവും സാംസ്കാരികവുമായ വിപ്ലവമായിത്തീരുന്നു. ബഷീർ നടത്തിയത് ഈ ദ്വിമുഖ കലാപമാണ് (ജമാൽ കൊച്ചങ്ങാടി, 1998:76) തന്റേതായ ഭാഷയിൽ തന്റെ സമുദായത്തിനകത്തെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ എഴുതി.

#### 1.5.1.4.1 ബാല്യകാലസഖി

ഒറ്റവായനയിൽ ദുഃഖപര്യവസായിയായ സ്നേഹകഥയായി *ബാല്യകാലസഖി* (1944) എന്ന നോവൽ തോന്നുമെങ്കിലും മുസ്ലിംസമുദായത്തിനുള്ളിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ബഹുഭാര്യത്വത്തിന്റെ പ്രശ്നങ്ങളും സ്ത്രീധനസമ്പ്രദായം മൂലം സ്ത്രീകളും സമുദായവും അനുഭവിക്കുന്ന ദുരിതങ്ങളുമാണു നോവലിന്റെ ഊന്നൽ. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റിയും നോവലിൽ പരാമർശിക്കുന്നുണ്ട്.

#### 1.5.1.4.2 ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു

ഇസ്ലാമിനകത്തെ മിത്തുകളും അന്ധവിശ്വാസങ്ങളുമെല്ലാം എപ്രകാരം സമുദായത്തിനകത്തു സ്വാധീനം ചെലുത്തിയിരുന്നുവെന്ന് അവതരിപ്പിക്കുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിദ്യാഭ്യാസത്തോടുള്ള വിമുഖതയും എപ്രകാരമെല്ലാം സ്വസമുദായത്തെ ബാധിക്കുന്നു എന്നതിനെക്കുറിച്ചും *ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു* എന്ന നോവലിൽ പരാമർശിക്കുന്നുണ്ട്. പഴമ

യുടെയും അന്ധവിശ്വാസങ്ങളുടെയും ഉള്ളറയിൽനിന്ന് ഒരു പെൺകുട്ടിയെ നോവൽ പുറത്തു കൊണ്ടുവരുന്നു. സമ്പത്തിനു മാത്രം വിലകൽപ്പിക്കുന്നവ രാണു പല കഥാപാത്രങ്ങളും. വിദ്യാഭ്യാസം നേടുന്നതു 'കാഫിറായി' ത്തീരാൻ കാരണമായിത്തീരുമെന്നു വിശ്വസിക്കുന്നവരാണവർ. കല്യാണംകഴിച്ചയക്കാത്ത മുസ്ലിംസ്ത്രീ വെറ്റിലതിന്നാൻ പാടില്ലെന്നു വിശ്വസിക്കുന്നവർ. നിലാവും നക്ഷത്രങ്ങളുമുള്ള രാത്രികാലങ്ങളിൽ പുറത്തിറങ്ങിയാൽ ആകാശത്തിലൂടെ പോവുന്ന ജിന്നും ശൈത്താനും മോഹിച്ചു ദേഹത്തു കടന്നു കൂടുമെന്നു വിശ്വസിക്കുന്നവരാണവർ. തലയിൽ പൂ ചൂടുന്നതു നിഷേധിക്കപ്പെട്ടവരുമുണ്ട്. എന്നാൽ നിസാർ അഹമ്മദും ആയിശയും വിദ്യാസമ്പന്നരും പുരോഗമന ചിന്താഗതിക്കാരുമാണ്. നവോത്ഥാനാശയങ്ങൾ സമൂഹത്തിലേക്കെത്തിക്കാൻ ബഷീർ എന്ന എഴുത്തുകാരൻ ഈ കഥാപാത്രങ്ങളെ ബോധപൂർവ്വം സൃഷ്ടി ക്കുകയായിരുന്നുവെന്നു തോന്നും. *ന്റുപ്പാപ്പായ്ക്കൊരാനേണ്ടാർന്നു* എന്ന് കുഞ്ഞിപാത്തുമ്മ പറയുന്നതിനെക്കാൾ അഭിമാനത്തോടെ ആയിശ പറയുന്നത് ഇങ്ങനെയാണ്. 'എന്റെ ഉപ്പൂപ്പായ്ക്ക് ഒരു കാളവണ്ടിയുണ്ടായിരുന്നു. അതിലദ്ദേഹം സാമാനങ്ങൾ കൂലിക്കു കയറ്റിക്കൊണ്ടുപോയി കടകളിലും വീടു കളിലും കൊടുക്കുമായിരുന്നു. ആവണ്ടികൊണ്ട് എന്റെ ബാപ്പയെ അദ്ദേഹം എം.എ വരെ പഠിപ്പിച്ചു. (1994: 592). സ്വത്തിനേക്കാൾ പ്രാധാന്യം വിദ്യാഭ്യാസ ത്തിനാണ്. ആ കാലഘട്ടത്തിലെ മുസ്ലിംസമുദായത്തിനുള്ളിലെ പലതരം പ്രശ്നങ്ങളെ കൈകാര്യം ചെയ്തുകൊണ്ടാണു നോവൽ അവസാനിക്കുന്നത്.

#### 1.5.1.4.3 പാത്തുമ്മായുടെ ആട്

ഇടത്തരം മുസ്ലിംകുടുംബത്തിലെ നിത്യജീവിതചിത്രങ്ങളാണു *പാത്തു മ്മയുടെ ആട്* എന്ന നോവൽ. ദാരിദ്ര്യവും അവഗണനയും സ്വാർത്ഥതയും കൗശലതന്ത്രങ്ങളും സ്നേഹോഷ്മളതയും കരുണയും വാൽസല്യവും സാഹോദര്യ സ്നേഹവും *പാത്തുമ്മയുടെ ആടിൽ* കാണാം. വീട്ടിലുള്ള പെണ്ണു

ങ്ങൾക്കെല്ലാം ഒരു നേരമെങ്കിലും വയറുനിറച്ചു ചോറുകൊടുക്കണമെന്നാണു കഥാകാരൻ ആഗ്രഹിക്കുന്നത്. സ്ത്രീയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിലൂന്നിയ വിമോചനം സാധ്യമാക്കിയാൽ മാത്രമെ അവർക്കു സ്വയം പര്യാപ്തരാവാൻ കഴിയൂ എന്ന വലിയ സന്ദേശം നോവൽ മുന്നോട്ടുവെയ്ക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെയും സ്ത്രീസ്വാതന്ത്ര്യത്തിന്റെയും ഇത്തരം ചിന്തകൾക്ക് അടിത്തറയായതു കേരളീയനവോത്ഥാനവും അതിന്റെ ഭാഗമായുണ്ടായ സാമുദായികപരിഷ്ക്കരണ മുന്നേറ്റവുമായിരുന്നു.

**1.5.1.5** പി.എ. മുഹമ്മദ്കോയ *സുൽത്താൻ വീട്ടിലൂടെയും* (1991) *സുറുമയിട്ട കണ്ണുകളി*ലൂടെയും മുസ്ലിംകുടുംബത്തിന്റെ ചിത്രീകരണം നടത്തുന്നു.

**1.5.1.5.1** മുസ്ലിംസമുദായത്തിന്റെ ജീവിതം പ്രമേയമാക്കിയുള്ള അന്നേവരെയുള്ള നോവലുകളിൽ ഐതിഹാസികമാനമുള്ള ആദ്യകൃതിയും ഏക കൃതിയുമാണു *സുൽത്താൻവീട്* എന്നു സാക്ഷ്യപ്പെടുത്തുന്നുണ്ടുനോവലിന്റെ അവതാരികയിൽ (1991:334). ഇടത്തരം മുസ്ലിംകുടുംബത്തിന്റെയും സമുദായത്തിനകത്തെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ആഡംബരങ്ങളെയും സ്ത്രീസമൂഹമനുഭവിക്കുന്ന ദൈന്യതകളെയും ഈ നോവൽ അവതരിപ്പിക്കുന്നുണ്ട്. കോഴിക്കോട്ടെ കോയമാരുടെ ജീവിതകഥയാണ് ഇത്. ഉമ്മർകോയയാണു നോവലിലെ പ്രധാനകഥാപാത്രം. തറവാടുകളുടെ സുൽത്താൻ എന്നാണു സുൽത്താൻവീട് അറിയപ്പെടുന്നത്. സ്വന്തം തറവാട്ടിൽനിന്നും സമുദായത്തിൽ നിന്നും ഉമ്മർകോയക്കു നേരിടേണ്ടിവരുന്ന ദുരിതങ്ങളും വെല്ലുവിളികളുമാണു നോവലിലെ പ്രധാനവിഷയം. ഒപ്പം സമുദായത്തിൽ സ്ത്രീകളനുഭവിക്കുന്ന ദുരിതങ്ങളും അവതരിപ്പിക്കുന്നുണ്ട്. പ്രത്യക്ഷത്തിൽ മരുമക്കത്തായ തറവാടിന്റെ പതനമാണു *സുൽത്താൻ വീട്ടിലെ* പ്രമേയം. മുസ്ലിംസമുദായത്തിനകത്തെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും വിശകലനം ചെയ്യുന്നുണ്ട്. സ്ത്രീധനസമ്പ്രദായം, കാതു

കുത്തുകല്യാണം, പ്രായപൂർത്തിയാവുന്നതോടെ സ്ത്രീകൾ അനുഭവിക്കുന്ന വിലക്കുകൾ എല്ലാംതന്നെ നോവലിൽ പ്രതിപാദ്യവിഷയമാവുന്നുണ്ട്. ഇടത്തരം മുസ്ലിംസമുദായത്തിനുള്ളിലെ സ്ത്രീകളും കുടുംബാംഗങ്ങളും അനുഭവിക്കുന്നതിലും കൂടുതൽ പ്രയാസങ്ങൾ സമ്പന്നകുടുംബത്തിലെ സ്ത്രീകൾ അനുഭവിക്കുന്നുണ്ടെന്ന യാഥാർത്ഥ്യവും സുൽത്താൻ വീട്ടിലൂടെ കാണാം.

**1.5.1.5.2 സുറുമയിട്ട കണ്ണുകൾ**

മുസ്ലിംസാമൂഹികജീവിതം അവതരിപ്പിച്ചുള്ള പി.എ.മുഹമ്മദ് കോയയുടെ മറ്റൊരു നോവലാണു *സുറുമയിട്ട കണ്ണുകൾ.* അറബിക്കല്യാണത്തിന്റെ നേർക്കാഴ്ചകളും ദുരിതങ്ങളും മുസ്ലിംസ്ത്രീയനുഭവിക്കുന്ന യാതനകളുമെല്ലാം *സുറുമയിട്ട കണ്ണു*കളിൽ കാണാം. കച്ചവടാവശ്യാർത്ഥം കോഴിക്കോടെത്തുന്ന അറബികൾ അവിടെ തങ്ങുന്നകാലത്തേക്കു മാത്രമായി ഇന്നാട്ടിലെ മുസ്ലിംസ്ത്രീകളെ വിവാഹം കഴിക്കുന്നു. ആവശ്യം കഴിഞ്ഞാൽ മടങ്ങിപ്പോവുന്നതിനു മുമ്പുതന്നെ അവരെ 'മൊഴി' ചൊല്ലുകയും ചെയ്യുന്നു. അറബി പോയിക്കഴിഞ്ഞാൽ മറ്റു പല ജോലികൾക്കുമായി ആ സ്ത്രീകൾ പോവുകയാണ് ചെയ്യുന്നത്. ഇനി ആ ബന്ധത്തിൽ കുട്ടികൾ പിറന്നാൽ അവർ അശരണരും തെരുവുകുഞ്ഞുങ്ങളുമായി മാറുന്നു. അറബി ഉപേക്ഷിച്ച പെണ്ണിനു വിലയിടിവാണ്. പിന്നീടു സ്ത്രീകൾ സമൂഹത്തിലും കുടുംബത്തിലും ദുരിതം അനുഭവിക്കേണ്ടിവരികയാണ്. ദാരിദ്ര്യവും സ്ത്രീധനം നൽകാൻ കഴിയാത്തതുമാണ് അറബിക്കല്യാണത്തിനു കാരണമെന്നു കാണുന്നു.

**1.5.1.6** എൻ.പി.മുഹമ്മദിന്റെ രചനകളിലും മുസ്ലിംജീവിത ചിത്രീകരണം കാണാം.

**1.5.1.6.1.** സാഹചര്യങ്ങളിൽപെട്ടു തടവുകാരിയായിത്തീർന്ന മാപ്പിളപ്പെണ്ണിന്റെ വേദനകളാണു *മരം* എന്ന നോവലിൽ. മനുഷ്യനെ മനുഷ്യനായി കാണാൻ

കഴിയാത്ത മതവും പൗരോഹിത്യവും ചോദ്യം ചെയ്യേണ്ടതാണ്ടെന്നാണു നോവലിന്റെ നിലപാട്.

**1.5.1.6.2** മാപ്പിളപ്പെണ്ണിന്റെയാതനയുടെ മറ്റൊരു ചിത്രമാണ് *എണ്ണപ്പാട*ത്തിലുള്ളത്. മതവിശ്വാസത്തിന്റെ പേരിൽ സമുദായത്തിനുള്ളിൽ നടന്നുകൊണ്ടിരിക്കുന്ന ചൂഷണങ്ങളിലേക്കു സൂക്ഷ്മമായി ഇടപെടലുകൾ നടത്തുകയും അവ തുറന്നെഴുതുകയുമാണ് *എണ്ണപ്പാട*ത്തിൽ. നേർച്ചകൾ, മന്ത്രതന്ത്രങ്ങൾ, ഉറൂസുകൾ ഹോമങ്ങൾ ഭൂതപ്രേതാദികളിൽ ഉള്ള അന്ധമായ വിശ്വാസങ്ങൾ എല്ലാം *എണ്ണപ്പാട*ത്തിൽ ചർച്ചചെയ്യുന്നുണ്ട്.

**1.5.1.6.3**യാഥാസ്ഥിതിക മുസ്ലിംകുടുംബത്തിലെ ഒരു കുട്ടിയും അവനുചുറ്റുമുള്ള ലോകവുമാണു *ദൈവത്തിന്റെ കണ്ണ്* (1993) എന്ന നോവലിൽ അവതരിച്ചിട്ടുള്ളത്. ആചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും ഇടയിൽപ്പെട്ടു വിങ്ങിപ്പൊട്ടുന്ന 'അഹമ്മദ്' എന്ന കുട്ടിയാണു മുഖ്യകഥാപാത്രമായിട്ടുള്ളത്.

**1.5.1.7** ധാർമികതയുടെയും ധീരതയുടെയും പ്രതിരൂപമെന്നോണമാണു എം.ടിയുടെ നോവലുകളിലെ മുസ്ലിംകഥാപാത്രങ്ങൾ. പടച്ചോന്റെ മുമ്പിൽ മാത്രം തല കുനിക്കുന്നവനാണു മരയ്ക്കാർ (പാതിരാവും പകൽ വെളിച്ചവും - 1996). മകൾ പിഴച്ചു പെറ്റതിന്റെ പേരിൽ നാട്ടുകാരും വീട്ടുകാരും ഒറ്റപ്പെടുത്തുമ്പോൾ ആരുടെ മുമ്പിലും തലകുനിക്കാതെ അധ്വാനിച്ചു ജീവിക്കുന്നു. അവഹേളനങ്ങൾ സഹിച്ചു ജീവിച്ച മരക്കാർ മരിക്കുമ്പോൾ ഭാര്യയായ 'ഫാത്തിമയ്ക്ക് കാവൽ 'ചാത്ത'നാണ്. എല്ലാ അർത്ഥത്തിലും മരക്കാരുടെ വിശ്വസ്തനായ ചെറുമനാണ് അവൻ. അസമയത്തു ദുഷ്ടചിന്തയുമായി മരക്കാരുടെ ഭാര്യയെ കുടിലിൽ അക്രമിക്കാനായി എത്തുന്ന മുക്രിയിൽനിന്നും (അസ്സൻകുഞ്ഞ്) അവരെ രക്ഷിക്കുന്നതും ചാത്തനാണ്.

എം.ടിയുടെ തന്നെ കൃതിയായ *അസുരവിത്തിലും* തന്റേടമുള്ള മുസ്ലിം കഥാപാത്രങ്ങളെ കാണാം. അതുപോലെ സാഹോദര്യസ്നേഹത്തിന്റെയും മത

സൗഹാർദ്ദത്തിന്റെയും കഥ പറയുന്നതുകൂടിയാണ് എം.ടിയുടെ *നാലുകെട്ട്* പ്രകൃതിക്ഷോഭങ്ങളും മറ്റു പ്രയാസങ്ങളും നേരിടുമ്പോൾ ജാതിമതഭേദങ്ങൾ മറന്ന് അവർ ഒന്നായി പ്രവർത്തിക്കുന്നു.

**1.5.1.8** എൻ.പി.മുഹമ്മദിന്റെ *മരം* എന്ന നോവലിനോടു സാമ്യമുള്ള നോവലാണു വി.പി.മുഹമ്മദിന്റെ *തേൻതുള്ളികൾ.* മതത്തിന്റെ കെട്ടുപാടു കൾക്കിടയിൽ കിടന്നു ദുരന്തമനുഭവിക്കേണ്ടിവരുന്ന 'ആമിന'യാണു നോവ ലിലെ സുപ്രധാന കഥാപാത്രം. ഭർത്താവായ 'അസീസ്' സിങ്കപ്പൂരിൽ പോവു കയും തിരിച്ചുവരാതിരിക്കുകയും ചെയ്യുമ്പോൾ ഭാര്യഭർത്താവിനെ 'ഫസ്ഖ്' (വിവാഹമോചനം) ചെയ്തു കളിത്തോഴനായിരുന്ന യൂസുഫിനെ വിവാഹം കഴിക്കാൻ നിർബന്ധിതയാവുന്നു. എന്നാൽ വൈകാതെ ആദ്യഭർത്താവു തിരിച്ചുവരുന്നു. എന്നാൽ ആമിനയക്കു യൂസുഫ് ഭർത്താവായിരിക്കെ ആദ്യ ഭർത്താവിനോടൊപ്പം പോവാൻ സാധിക്കുന്നില്ല. ജീവിതസാഹചര്യങ്ങളും മത നിയമങ്ങളും കാരണം ആമിന ധർമ്മസങ്കടത്തിലാവുകയാണ്. ഒടുവിൽ യൂസഫ് ആമിനയെ മൊഴിചൊല്ലി സ്ഥലം വിടുന്നു. ഈ കാലയളിൽ താൻ ഗർഭിണിയാ ണെന്നറിയുകയും വിവരം അസീസിനെ അറിയിക്കുകയും പ്രസവവേളയിൽ അവൾക്കു രക്തം നൽകികൊണ്ടു അസീസ് മരണത്തിനു കീഴടങ്ങുകയും ചെയ്യുന്നു. ജീവിതകാലമത്രയും ദുരിതമാണ് ആമിനക്കു കൂട്ട്. വിവാഹകാര്യങ്ങ ളിലോ വിവാഹമോചനസമയത്തോ സ്ത്രീയുടെ അഭിപ്രായമോ ഇഷ്ടാനി ഷ്ടമോ ആരും ചോദിക്കാറില്ല. പുരുഷൻ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് എല്ലാം നടപ്പിലാക്കുന്നു. മുസ്ലിംസമുദായത്തിലെ ഇത്തരം വ്യവസ്ഥകൾക്കും അനീതികൾക്കുമെതിരായാണു വി.പി.മുഹമ്മദ് രചനകൾ നടത്തിയത്.

**1.5.1.9** അറബിക്കല്യാണവും മൈസൂർകല്യാണവും ബഹുഭാര്യത്വവും പോലെ മുസ്ലിംസമുദായത്തിനുള്ളിൽ നിലനിന്നിരുന്ന ഒന്നാണു 'മൊഴി ചൊല്ലൽ'. പുരുഷൻ തന്റെ ഇഷ്ടാനുസരണം ഭാര്യയെ മൊഴിചൊല്ലി ഒഴിവാ

ക്കുന്ന രീതി. വിവാഹമോചനത്തിന് ഒട്ടനവധി 'മസ്അലകൾ' (വ്യാഖ്യാനങ്ങൾ) ഉണ്ടായിരുന്നിട്ടും അവയ്ക്കൊന്നും പ്രാധാന്യം നൽകാതെ പുരുഷാധിപത്യ പ്രവണത വിവാഹമോചനകാര്യങ്ങളെ നിയന്ത്രിച്ചു. ഇത്തരം വിവാഹമോചനങ്ങൾ, ബഹുഭാര്യത്വം തുടങ്ങി തന്റെ സമുദായത്തിനകത്തെ പൊള്ളത്തരങ്ങൾ ഏറ്റവുമധികം എഴുത്തിലൂടെ പുറംലോകത്തെ അറിയിച്ച എഴുത്തുകാരനായിരുന്നു മൊയ്തു പടിയത്ത്. അദ്ദേഹത്തിന്റെ *ഉമ്മ* എന്ന നോവൽ പുരുഷമേൽക്കോയ്മക്കകത്തുനിന്നു വീർപ്പുമുട്ടുന്ന മുസ്ലിംസ്ത്രീകളുടെ ദുരിതം വിവരിക്കുന്നു. സമുദായത്തിനകത്തെ അനാചാരങ്ങളെയും പൊള്ളത്തരങ്ങളെയുമെല്ലാം മൊയ്തു പടിയത്ത് നോവലിൽ അവതരിപ്പിച്ചു.

**1.5.1.10** പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ *സ്മാരകശിലകൾ'* ആധുനികതാവാദ കാലത്തെ പ്രധാന കൃതിയാണ്. *കലീഫ* എന്ന നോവലിൽ മുസ്ലിംസാമുദായിക മിത്തുകൾ അവതരിപ്പിച്ചിട്ടുണ്ട്. ജിന്നുകൾ, ശൈത്താൻ, റൂഹാനി, ശൈഖുമാർ എന്നിവരെല്ലാം ഇദ്ദേഹത്തിന്റെ നോവലുകളിൽ പരാമർശിക്കപ്പെടുന്നുണ്ട്. അറബിക്കല്യാണത്തിലൂടെ തന്റെ മകൾക്കുലഭിച്ച പണംകൊടുത്തു മകളെക്കാൾ പ്രായംകുറഞ്ഞ ബദവിപ്പെണ്ണിനെ കല്യാണം കഴിക്കുന്നതു *കന്യാവനങ്ങൾ* എന്ന നോവലിൽ കാണാം.

**1.5.1.11** യു.എ ഖാദറിന്റെ *ചങ്ങല*യിലും മുസ്ലിംസാമൂഹികജീവിത ചിത്രീകരണം കാണാം. ആർഭാടവും ആഘോഷങ്ങളും നിറഞ്ഞതാണു മുസ്ലിംവിഭാഗത്തിലെ പലരുടെയും വിവാഹച്ചടങ്ങുകൾ, തറവാട്ടുമഹിമ കാണിക്കാൻവേണ്ടി മാത്രം അനേകം ദിവസം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളായിരിക്കും അവ. കേസുനടത്തി തകർത്തുതരിപ്പണമായിപ്പോവുന്ന കുഞ്ഞിമരക്കാരാജി സ്വന്തം മകളെ മന്തുകാലനു കെട്ടിച്ചുകൊടുത്തു ബാധ്യത ഒഴിവാക്കുന്നതാണ് *ഒരു മാപ്പിളപെണ്ണിന്റെ ലോകം* എന്ന കഥ.

**1.5.2 ചെറുകഥകളിൽ**

**1.5.2.1** വൈക്കം മുഹമ്മദ് ബഷീറിന്റെ *വിശുദ്ധരോമം, അനൽഹഖ്, നീതിന്യായം ചിരിക്കുന്ന മരപ്പാവ* എന്നിവ ഇതേ പ്രമേയം വരുന്ന ചെറുകഥകളാണ്. വിശ്വാസപരമായ ചൂഷണത്തെ ചോദ്യം ചെയ്യുന്ന കഥയാണു *വിശുദ്ധ രോമം*. ഹജ്ജാജ് ഇബ്നുമൻസൂറിന്റെ ജീവിതകഥ പറയുന്ന *അനൽഹഖ്* എന്ന കഥയിൽ ബഷീറിന്റെ സൂഫി ചിന്തകൾ നിറഞ്ഞുനിൽക്കുന്നു.വ്യഭിചാരത്തിനും ബഹുഭാര്യത്വത്തിനുമെതിരെയുള്ള കഥയാണു *നീതിന്യായം, ചിരിക്കുന്ന മരപ്പാവ* എന്നിവ. വിദ്യാസമ്പന്നയായ റംലത്ത് ബീവി ഖുർആൻസൂക്തങ്ങൾ ഉദ്ധരിച്ചുകൊണ്ടു മമ്മുഹാജിയെ എതിർക്കുന്നുണ്ട്. ബഷീർകൃതികളിലെ കഥാപാത്രങ്ങൾ പലരും സ്വതന്ത്രചിന്താഗതിക്കാരാണ്.

**1.5.2.2** പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ *മലമുകളിലെ അബ്ദുള്ള* എന്ന ചെറുകഥ പ്രത്യേകം ശ്രദ്ധേയമാണ്. *പുനത്തിലിന്റെ 101 കഥകൾ* എന്ന കഥാസമാഹാരത്തിലും മുസ്ലിംസാമൂഹികജീവിതം പ്രമേയമാക്കിക്കൊണ്ടുള്ള ധാരാളം ചെറുകഥകൾ ഉണ്ട്. ഉദാ: *മായിൻകുട്ടി, സീതി, പരലോകം.*

**1.5.2.3** മതനിയമങ്ങളും പൗരോഹിത്യവും സമുദായത്തിനകത്തു വരുത്തുന്ന കൊള്ളരുതായ്മകളെക്കുറിച്ച് എൻ.പി.മുഹമ്മദിന്റെ *ചന്ദ്രക്കലയുടെ നിയമങ്ങൾ* എന്ന കഥയിൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ ഇത്തരം നിയമങ്ങൾ മുസ്ലിം സ്ത്രീകളെ എപ്രകാരമെല്ലാം ബാധിക്കുന്നുവെന്നും ചിത്രീകരിച്ചിരിക്കുന്നു. കോഴിക്കോടു ഭാഗത്ത് ഒരു കാലത്തു നിലനിന്നിരുന്ന അറബിക്കല്യാണത്തെ വിമർശിച്ചുകൊണ്ട് എഴുതിയ കഥയാണ് *ആനിക്കാഹും കഴിഞ്ഞു* എന്നത്.

**1.5.3 നാടകങ്ങൾ**

സാമുദായികപരിഷ്കരണം ലക്ഷ്യമാക്കി മലയാളത്തിൽ ശ്രദ്ധേയമായ പല നാടകങ്ങളും ഉണ്ടായിട്ടുണ്ട്. *അടുക്കളയിൽനിന്ന്*

*അരങ്ങത്തേക്ക്* എന്ന നാടകം നമ്പൂതിരി സമുദായത്തിനുള്ളിൽ വലിയ മാറ്റങ്ങ ളാണ് ഉണ്ടാക്കിയത്. മുസ്ലിംസമുദായത്തിലും നിലനിന്നിരുന്ന അനാചാര ങ്ങൾക്കും സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ പോരായ്മകൾക്കുമെതിരെ നാടകരചനകൾ നടക്കുകയുണ്ടായിട്ടുണ്ട്.

**1.5.3.1** ഇ.കെ അയമുവിന്റെ *ജ്ജ് നല്ലൊരു മനിസനാകാൻ നോക്ക്* എന്ന നാടകം ശ്രദ്ധേയമാണ്. കേരളീയമുസ്ലിം സമുദായത്തിനകത്തെ അനാചാരങ്ങൾ അന്ധവിശ്വാസങ്ങൾ നാടകത്തിൽ ഉൾക്കൊണ്ടിട്ടുണ്ട്. സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

**1.5.3.2** കെ.ടി.മുഹമ്മദിന്റെ *ഇത് ഭൂമിയാണ്* എന്ന നാടകവും ഏറെ ശ്രദ്ധേയ മാണ്. മുസ്ലിംസമുദായത്തിനകത്തെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നാട്ടുനടപ്പുകളുമെല്ലാം ഇതിൽ ഭാഗമാവുന്നുണ്ട്. മുസ്ലിംസ്ത്രീ വിമോചനത്തിനു വേണ്ടി മലയാളത്തിൽ എഴുതപ്പെട്ട നാടകമാണ് *ഇത് ഭൂമിയാണ്* എന്നത് (2010: 21).

### 1.5.4 കവിതകൾ

**1.5.4.1** ശ്രീനാരയാണഗുരു: ശ്രീനാരായണഗുരുവിന്റെ *അനുകമ്പാദശകം* എന്ന കവിതയിൽ സഹജീവികളോടും പ്രകൃതിജാലങ്ങളോടും ഉള്ള അനുകമ്പ എന്ന ഗുണം എടുത്തു പറയുന്നുണ്ട്. നബിതിരുമേനിയെക്കുറിച്ചുള്ള പരാമർശങ്ങളും കവിതയിൽ കാണാൻ കഴിയും.

**1.5.4.2** പണ്ഡിറ്റ് കറുപ്പൻ : പണ്ഡിറ്റ് കറുപ്പന്റെ *പ്രവാചകന്റെ മരണം*, *നബിജീ വിതം* തുടങ്ങിയവ ശ്രദ്ധേയമായവയാണ്. പ്രവാചകന്റെ മരണത്തിൽ വിലപിച്ചു കൊണ്ടെഴുതിയതാണു *പ്രവാചകന്റെ മരണം.* അതുപോലെ സർവ്വമനുഷ്യരു ടെയും സാഹോദര്യത്തിൽ ഊന്നുന്ന ഇസ്ലാമികദർശനം കവിയെ സ്വാധീനിക്കു

കയും ചെയ്തു. നബിയുടെ കരുണയും സ്നേഹവും എല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് എഴുതിയതാണു *നബിജീവിതം.*

**1.5.4.3** വള്ളത്തോൾ നാരായണമേനോന്റെ *പാംസുസ്നാന* ത്തിലെ മുഖ്യകഥാ പാത്രം തന്നെ മുഹമ്മദ് നബിയാണ്. സ്നേഹമൂർത്തിയും കാരുണ്യവാനുമായ പ്രവാചകന്റെ പ്രതിസന്ധികളാണു കവിതയിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. നിന്ദ്യവും നിരുത്തരവാദിത്വപരവുമായ ഖുറൈശി പീഢനങ്ങൾക്കിടക്കുള്ള പ്രവാചകസഹനം കവിതയിൽ കാണാം. *ജാതകം തിരുത്തി* എന്ന കവിതയും മുഹമ്മദ് നബിയെക്കുറിച്ചുള്ളതാണ്.

'*അല്ലാഹ്*' എന്ന കവിതയിൽ ഗ്രീഷ്മകാലത്തു മക്കയിൽനിന്നും മദീന യിലേക്കുള്ള പ്രവാചകന്റെ യാത്രയിൽ സംഭവിക്കുന്ന ആപത്തിനെക്കുറിച്ചും അതിനെ മറികടക്കുന്നതിനെക്കുറിച്ചും വിവരിക്കുന്നു.

*എന്റെ ഗുരുനാഥൻ* എന്ന പ്രസിദ്ധകവിതയിൽ ഗാന്ധിജിയുടെ സവിശേഷമഹിമകൾ വർണ്ണിക്കുന്നിടത്തു നബിയുടെ പരാമർശമുണ്ട്[3].

**1.5.4.4** ഇടശ്ശേരിയുടെ *ഇസ്ലാമിലെ വൻമല* രണ്ടു മതസംസ്കാരങ്ങളുടെ ചരിത്രപരമായ വളർച്ചയും സഹനവും സാഹോദര്യവും ഉൾക്കൊണ്ടുള്ളതാണ്.

**1.5.4.5** പി.കുഞ്ഞിരാമൻനായർ മുഹമ്മദ് അബ്ദുറഹ്മാനെക്കുറിച്ചു *വീരമുസൽമാൻ* എന്ന സ്മൃതികാവ്യം എഴുതിയതായി കാണുന്നുണ്ട്.

**1.5.4.6** ജി.ശങ്കരക്കുറുപ്പിന്റെ *ദിവ്യപുഷ്പം* എന്ന കവിതയിലും ഇസ്ലാംമതത്തെ ക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്.

**1.5.4.7** പന്മനരാമചന്ദ്രൻനായരുടെ *കനിവിന്റെ ഉറവ്* എന്ന കവിതയിൽ പെരുന്നാൾ ദിനത്തിൽ അഗതിയായ ഒരുകുഞ്ഞും നബിയും തമ്മിലുണ്ടായ ബന്ധത്തിന്റെ തലങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്.

**1.5.4.8** സമുദായത്തിനകത്തെ അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടിയ കവിയായിരുന്നു പുലിക്കോട്ടിൽ ഹൈദർ. ഒരു കാലഘട്ടത്തിന്റെ സാഹിത്യവും ജീവിതവും സംസ്കാരവും ഉൾച്ചേർന്നതായിരുന്നു പുലിക്കോട്ടിൽ ഹൈദറിന്റെ രചനകൾ. മതവും രാഷ്ട്രീയവും സമൂഹവും അദ്ദേഹത്തിന്റെ രചനയുടെ ഭാഗമായിരുന്നു. സമുദായത്തിനകത്തെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങ ളെയും എതിർത്തുകൊണ്ടും പരിഹസിച്ചുകൊണ്ടും എഴുതിയവയായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. *ദുരാചാലമാല, കലിയുഗം, കാതുകുത്തുമാല, സ്ത്രീമർദ്ദിതമാല, വിവാഹദോഷം, മാരൻമാരുടെ തകരാറ്, ഷൊർണൂർ യാത്ര, തിരൂർയാത്ര, കോലാർയാത്ര, മറിയക്കുട്ടിക്കത്ത്* എന്നിവ ഇദ്ദേഹത്തിന്റെ രചന കളിൽ ചിലതാണ്.

**1.5.4.9** മലയാളത്തിലും അറബിയിലും അറബിമലയാളത്തിലും രചനകൾ നടത്തിയിരുന്ന കവിയാണു ടി.ഉബൈദ്. പൊതുപ്രവർത്തനമേഖലയിലും സാഹിത്യരംഗത്തും ഒരുപോലെ പ്രവർത്തിച്ചിരുന്നു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അൽഅമീൻ പത്രത്തിലൂടെയാണു രചനാരംഗത്തെത്തുന്നത്. *നവരത്നമാലിക, ബാഷ്പധാര, സമുദായദുന്ദുഭി, രണ്ട് ഉദ്ബോധനങ്ങൾ* എന്നിവ ഇദ്ദേഹത്തിന്റെ കൃതികളിൽ ചിലതാണ്.

**1.5.4.10** *മാഹമ്മദം* എന്നപേരിൽ ഒരു മഹാകാവ്യം എഴുതിയ കവിയാണു പൊൻകുന്നം സെയ്ദ് മുഹമ്മദ്. *മാഹമ്മദം* എന്നാൽ മുഹമ്മദിനെ സംബന്ധി ച്ചത് എന്നാണ് അർത്ഥമാക്കുന്നത്. മൂന്ന് സർഗങ്ങളിലായിട്ടാണു ഈ കൃതി ഉള്ളത്. പൗരോഹിത്യത്തെ തന്റെ രചനയിലൂടെ കവി വിമർശിക്കുന്നുണ്ട്.

**1.5.4.11** കവിയും പാട്ടുകാരനുമായിരുന്ന യൂസുഫലികേച്ചേരിയുടെ രചനകൾ എടുത്തു പറയേണ്ടവയാണ്. *നബിസാർവഭൗമൻ, അക്ഷരാനുഗ്രഹം, പാട്ട്* എന്നിവ പ്രധാനപ്പെട്ടവയാണ്.

**1.5.4.12** റഫീഖ് അഹമ്മദിന്റെ രചനകളും എടുത്തു പറയേണ്ടവയാണ് ഉദാഹരണമായി *തോരാമഴ*

**1.5.4.13** നിലവിലും ധാരാളം ആളുകൾ ഇതേപ്രമേയത്തിൽ നോവലുകൾ, ചെറുകഥകൾ, കവിതകൾ എവുതുന്നവർ ഉണ്ട്. പി.കെ.പാറക്കടവ് (ഖോർഫുക്കാൻ കുന്ന്, ഗുരുവും ഞാനും), മുസ്തഫ കളത്തില് (ഒരു വിഷാദരോഗിയുടെ കുമ്പസാരം), ഫിറോസ്ഖാൻ പുത്തനങ്ങാടി (എന്റെ ഉമ്മ, കണ്ണീർക്കടലിലെ സ്നേഹതീരം, ചിറകൊടിഞ്ഞ സ്വപ്നങ്ങൾ, കൂരിരുട്ട്, യതീം), എം.കെ.കബീർ (ഈമൗവാ), കെ.സി.അബ്ദുള്ള (വേട്ടയാടപ്പെടുന്നവൻ) ശിഹാബുദ്ദീൻ പൊയ്തുകടവ് (ആലിലവൈദ്യൻ, നോവൽ), ആർക്കും വേണ്ടാത്ത ഒരു കണ്ണ്, കടൽ മരുഭൂമിയിലെ വീട് (കവിതാ സമാഹാരം), മഞ്ഞുകാലം, തല, ഈർച്ച, നല്ല അയൽക്കാരൻ (നോവലെറ്റ്) ഈസ്റ്റേഷനിൽ ഒറ്റയ്ക്ക് എന്നിവ ചിലത് മാത്രം.

## 1.6. മുസ്ലിംസ്ത്രീകളും സാഹിത്യവും

എഴുത്തുകാരികളെക്കുറിച്ചുള്ള പരാമർശങ്ങളൊന്നും എവിടെയും കാണാൻ കഴിയുന്നില്ല. പ്രത്യേകിച്ചു മുസ്ലിം എഴുത്തുകാരികൾ. ആദ്യകാലഘട്ടത്തിൽ പേരെടുത്തു പറയാൻ കഴിയുന്നത് എം.ഹലീമാബീവിയെ(1920-2000) മാത്രമാണ്. മുസ്ലിം എഴുത്തുകാരികളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ ഭാഗത്ത് നടത്താൻ ഉദ്ദേശിക്കുന്നത്.

### 1.6.1. നോവലുകൾ

**1.6.1.1.** തിരക്കുപിടിച്ച ജീവിതക്രമത്തിൽ തന്റെ മനസ്സിലുള്ളവ പങ്കുവെയ്ക്കാൻ വീട്ടകങ്ങളിൽ ഒതുങ്ങിക്കഴിയുന്ന സ്ത്രീക്കു പലപ്പോഴും അവസരങ്ങളുണ്ടാവുന്നില്ല. മനസ്സിലെ വിഭ്രമങ്ങളും വിഹ്വലതകളും സന്തോഷവും ദുഃഖവും ആരോടെങ്കിലും തുറന്നു പറഞ്ഞില്ലെങ്കിൽ തന്റെ മാനസികനില തെറ്റുമോ എന്നു ഭയന്നപ്പോഴാണ് അവ കടലാസ്സിൽ പകർത്തിയത്. ആധിയും വ്യഥയും

ഉള്ളിലെവിടെയോ അണയാതെ കിടന്നിരുന്ന തീപ്പൊരി ആളിക്കത്തിച്ചപ്പോഴായിരിക്കാം താൻ എഴുത്തുകാരിയായതെന്നു ബി.എം സുഹറ പറയുന്നത് (സുഹറ ബി.എം. ഞാൻ കഥാകാരിയായ കഥ, ഭ്രാന്ത്, 2010).

ഉള്ളിൽ നിറഞ്ഞുനിന്നിരുന്ന സാമൂഹിക അനീതിക്കെതിരെ അവർ രചനകളിലൂടെ പ്രതികരിക്കുകയായിരുന്നു. സമുദായത്തിനകത്തെ സ്ത്രീജീവിതയാഥാർത്ഥ്യങ്ങൾ തുറന്നു കാണിക്കുകയാണു ബി.എം.സുഹറ. സമകാലിക ലോകത്തു നിലനിൽക്കുന്ന അനീതികൾക്കും അക്രമണങ്ങൾക്കുമെതിരെ പ്രതികരിക്കാൻ അവർ കണ്ടെത്തിയ ഉപാധിയായിരുന്നു സാഹിത്യരചന.

'നോക്കെത്താദൂരത്തോളം ഇരുട്ടുമാത്രമേ കാണാനുണ്ടായിരുന്നുള്ളൂ. നന്മയുടെ നേരിയൊരുപ്രകാശകിരണം പോലും കാണാതാവുമ്പോൾ ഞാനെന്റെ ഉള്ളിലേക്കിറങ്ങിച്ചെല്ലുന്നു. തപ്പിത്തടഞ്ഞും ഉരുണ്ടുപിടഞ്ഞും മുന്നോട്ടു നീങ്ങുമ്പോൾ അങ്ങകലെ കാണുന്ന നേരിയ മിന്നൽ വെളിച്ചം എനിക്കു ആശ്വാസമാകുന്നു. ആ മിന്നൽ വെളിച്ചമാണ് എന്നെ സംബന്ധിച്ചിടത്തോളം എഴുത്ത്. മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ അനേകായിരം സ്ത്രീകളുടെ വിഹ്വലമുഖങ്ങൾ അപ്പോൾ എനിക്കു കാണാം. തങ്ങളുടെ ദുരിതങ്ങളും വിഹ്വലതകളും എന്തുകൊണ്ടു ലോകത്തെ അറിയിക്കുന്നില്ല എന്ന അവരുടെ ചോദ്യത്തിന് ഉത്തരം പറയാൻ വേണ്ടിയാണ് ഞാൻ എഴുതുന്നത്.

മതത്തിന്റെ കാവൽഭടന്മാരായി ചമഞ്ഞു നടന്നിരുന്നവർ മതതത്ത്വങ്ങളെയും പ്രവാചകവചനങ്ങളെയും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തു തങ്ങൾക്കനുകൂലമായി വ്യാഖ്യാനിച്ചു. ഇതിന്റെ ഫലമായി സമുദായത്തിലെ സ്ത്രീകൾ കൂടുതൽ ഇരുട്ടിലേക്കു തള്ളപ്പെട്ടു. ഇങ്ങനെ ഇരകളായിത്തീർന്ന സമുദായത്തിലെ സ്ത്രീകളുടെ ജീവിതത്തിലേക്കു കണ്ടും കേട്ടും സങ്കല്പിച്ചും പ്രവേശിച്ചു കഥകളും നോവലുകളും രചിക്കുന്നതിൽ ലളിതാംബിക അന്തർജ്ജനത്തിന്റെയും മറ്റു പുരോഗമനസാഹിത്യകാരികളു

ടെയും വീറ് രചനകളിൽ ജ്വലിപ്പിച്ച എഴുത്തുകാരിയാണ് ബി. എം. സുഹറ എന്നു ലീലാവതി. എം. അഭിപ്രായപ്പെട്ടിട്ടുണ്ട് (അവതാരിക, ആകാശഭൂമിക ളുടെ താക്കോൽ: 2011).

ബി. എം. സുഹറയുടെ കൃതികളെകുറിച്ചുള്ള വിശകലനമാണ് ഈ പ്രബന്ധം എന്നുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ട വിശദാംശങ്ങളാണ് വരും അദ്ധ്യായങ്ങളിൽ ഉള്ളത്.

**1.6.1.2** മതത്തെ സമകാലികമാക്കാനുള്ള ശ്രമങ്ങളാണു ഖദീജ മുംതാസിന്റെ കൃതികളിൽ കാണാൻ കഴിയുക. ഇസ്ലാമിക കാഴ്ചപ്പാടിൽ ജീവിതത്തെ ആവി ഷ്ക്കരിക്കാനുള്ള ശ്രമമാണു ഖദീജ മുംതാസിന്റെ *ബർസ*. മുസ്ലിംസ്ത്രീകളുടെ വികാരവിചാരങ്ങൾ *ബർസ* യിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നു. സമുദായ ത്തിനുള്ളിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചോദ്യം ചെയ്യു ന്നുണ്ട്. ഖുർആനും ഹദീസും സ്വാർത്ഥതാൽപര്യങ്ങൾക്കായി വ്യാഖ്യാനിച്ചു സ്ത്രീകൾക്കുമേൽ ആധിപത്യവും അധികാരവും സ്ഥാപിക്കാൻ ശ്രമി ക്കുന്ന പുരുഷാധിപത്യത്തെയും ചോദ്യം ചെയ്യുന്നുണ്ട്. സ്ത്രീക്ക് ഇസ്ലാമിലുള്ള സ്ഥാനത്തെക്കുറിച്ചു പരാമർശിക്കുന്നു. ബഹുഭാര്യത്വം, ഇദ്ദ എന്നിവയെക്കുറി ച്ചെല്ലാം നോവൽ ചർച്ചചെയ്യുന്നു. മതത്തിന്റെ പേരിൽ നടക്കുന്ന സ്ത്രീവിരുദ്ധ അനുഷ്ഠാനമായ ചേലാകർമ്മത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. അവയ്ക്ക് എതിരെ പ്രതികരിക്കുന്നുമുണ്ട്. സദാചാരമൂല്യങ്ങൾ മനുഷ്യന്റെ മനസ്സുക ളിൽനിന്നാണ് ഉടലെടുക്കേണ്ടതെന്ന് എഴുത്തുകാരി പറയുന്നു. ഏതു മതത്തിൽ വിശ്വസിച്ചാലും ലോകനന്മയാണ് എല്ലാറ്റിന്റെയും ലക്ഷ്യമെന്നും അതു മാത്ര മാണു മനുഷ്യന് അനുഗുണമാവുക എന്നും *ബർസ*യിലൂടെ അവതരിപ്പിച്ചിട്ടു ണ്ട്. അതുപോലെ മുസ്ലിംസ്ത്രീയുടെ ജീവിതത്തെ രാഷ്ട്രീയവും സാമൂഹി കവും ലിംഗപരവുമായ തലങ്ങളിൽ അന്വേഷണവിധേയമാക്കുന്ന നോവലാണ് *നീട്ടിയെഴുത്തുകൾ*. അയിഷു എന്ന സ്ത്രീകഥാപാത്രത്തിലൂടെയാണു നോവൽ കടന്നു പോവുന്നത്. ഖദീജ, മെഹർ, ദിയ എന്നിവരാണു മറ്റു സ്ത്രീകഥാപാത്ര ങ്ങൾ. ഇന്ത്യൻ ചരിത്രവും സാമുദായിക-സാംസ്കാരികാനുഭവങ്ങളും

മുസ്ലിംസ്ത്രീയുടെ അനുഭവങ്ങളിലൂടെ അവതരിപ്പിക്കാൻ *നീട്ടിയെഴുത്തുകളി ലൂടെ* എഴുത്തുകാരിക്കു സാധിച്ചിട്ടുണ്ട്.

**1.6.1.3** സമകാലികമുസ്ലിം ചുറ്റുപാടുകളെക്കുറിച്ചു രചനകൾ നടത്തിയ എഴുത്തു കാരിയാണു സഹീറതങ്ങൾ. കുടുംബവ്യവസ്ഥക്കുള്ളിൽപ്പെട്ടു ശബ്ദി ക്കാൻപോലുമാവാത്ത ഒരുപാടു സ്ത്രീസുഹൃത്തുക്കളുടെ കഥ അവർ അവതരി പ്പിച്ചു. മുസ്ലിങ്ങൾക്കിടയിൽതന്നെ ഏറെ ചർച്ചാവിഷയമാവാറുള്ള ബഹുഭാ ര്യത്വം, വിവാഹമോചനം തുടങ്ങിയവയെല്ലാം അവതരിപ്പിച്ചു. സഹീറ തങ്ങളുടെ പ്രധാനപ്പെട്ട നോവലാണു *റാബിയ*. ലിംഗനീതിക്കുവേണ്ടിയുള്ള സ്ത്രീശബ്ദം നോവലിൽ കേൾക്കാം. സ്വാർത്ഥതാൽപര്യങ്ങൾക്കായി മതനിയമ ങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു ബഹുഭാര്യത്വം ഇന്നും സമൂഹത്തിൽ നിലനിന്നുപോരുന്നതായി നോവലിൽ പരാമർശിച്ചിട്ടുണ്ട്. ഒരു സ്ത്രീയെ സംബന്ധിച്ചു വിദ്യാഭ്യാസം വലിയ സമ്പത്താണെന്ന സന്ദേശം *റാബിയ* നൽകുന്നു. വിദ്യാഭ്യാസത്തിലൂടെയും സ്വന്തമായി വരുമാനം നേടുന്നതിലൂ ടെയും സ്ത്രീക്കു സ്വാതന്ത്ര്യവും സുരക്ഷിതത്വവും അനുഭവപ്പെടുമെന്ന് അവർ വിശ്വസിക്കുന്നു. സ്ത്രീധനം, ബഹുഭാര്യത്വം, അനന്തരവകാശനിയമം എന്നിവയ്ക്കും സ്ത്രീചൂഷണങ്ങൾക്കുമെതിരെ നോവൽ പ്രതികരിക്കുന്നുണ്ട്. *വിശുദ്ധസഖിമാർ* എന്ന നോവലും എടുത്തു പറയേണ്ട ഒന്നാണ്.

**1.6.1.4** ഷെമിയുടെ *മലപ്പുറത്തിന്റെ മരുമകൾ* എന്ന നോവലിൽ മലപ്പുറം ഭാഷയിൽ മനുഷ്യബന്ധങ്ങളുടെ വൈചിത്ര്യവും സങ്കീർണ്ണതയും ചിത്രീകരിച്ചി രിക്കുന്നതായി കാണാം.

**1.6.1.5** പി.വി.സഹനയുടെ *സാമാന്തരികം* (2007) എന്ന നോവൽ ശ്രദ്ധേയമാണ്. ആമിന എന്ന കഥാപാത്രത്തിന്റെ ജീവിതമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഏഴാകാശവും കടന്നു സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും കടന്നു പറന്നുകൊണ്ടിരിക്കുന്ന ഒരു പൂമ്പാറ്റയെ ആമിന സ്വപ്നം കണ്ടിരുന്നു. മഴവിൽവർണങ്ങൾ വാർന്നുവീണ തന്റെ കിനാക്കളുടെ മണിച്ചെപ്പിൽ മാനം

കാണിക്കാതെ ഒരു മയിൽപ്പീലിതുണ്ടും കുറേ വളപ്പൊട്ടുകളും അവൾ കാത്തു വെച്ചിരുന്നു. എന്നാൽ ഓത്തുപള്ളിക്കൂടത്തിലെ മൊല്ലാക്കയിൽനിന്നേൽക്കേണ്ടി വരുന്ന പീഡനങ്ങൾ അവളുടെ ജീവിതത്തെ ബാധിക്കുന്നു. ബാല്യത്തിൽതന്നെ മുസ്തഫയുടെ രണ്ടാം ഭാര്യയാവേണ്ടിവരുന്ന ദുർവിധിയും ആമിനയുടെ ജീവിതത്തിൽ സംഭവിക്കുന്നു.

**1.6.1.6 സോഫിയാ ഹമീദിന്റെ –** *പാത്ത* എന്ന നോവലിൽ മദ്ധ്യകേരളത്തിലെ മുസ്ലിംസാമൂഹികകുടുംബബന്ധങ്ങളാണു ചിത്രീകരിച്ചിട്ടുള്ളത്.

**1.6.2 ചെറുകഥകളിൽ**

**1.6.2.1** സഹീറതങ്ങളുടെ *പ്രാചീനമായ ഒരു താക്കോൽ* എന്ന കഥാസമാഹാരത്തിലും മുസ്ലിംസമുദായചിത്രീകരണം ഉൾക്കൊണ്ട കഥകൾ ഉണ്ട്. *ഇദ്ദ, ജീവനാംശം, ഖബിൽതു* തുടങ്ങിയവ അവയ്ക്ക് ഉദാഹരണങ്ങളാണ്.

**1.6.2.2** സിൽവിവെള്ളനാടിന്റെ സ്നേഹത്തിന്റെയും സഹനത്തിന്റെയും കഥപറയുന്ന *'തീക്കടൽ'* എന്ന കഥയിൽ സ്ഫോടനം കൊണ്ടും പട്ടിണികൊണ്ടും ഉമ്മയും വാപ്പയും സഹോദരനും സഹോദരിയും നഷ്ടപ്പെടുന്നു. ഭീകര പ്രവർത്തകനായ ഒറ്റ മകൻ മരിക്കും മുൻപ് ഉമ്മ പറഞ്ഞ വാക്കുകൾ ഓർക്കുന്നു. പ്രതികാരമല്ല ക്ഷമയാണു മനുഷ്യനുണ്ടാവേണ്ടത്. അതാണു രാജ്യത്തിനും സഹജീവികൾക്കും ഗുണമാവുന്നത് എന്ന ആശയം കഥയിലൂടെ നൽകുന്നുണ്ട്.

**1.6.2.3** പുതിയ കാലത്തു കുറേയേറെ മുസ്ലിംസ്ത്രീകൾ ചെറുകഥാരംഗത്തേക്കു കടന്നുവന്നിട്ടുണ്ട്. ഉദാഹരണത്തിനു ഹാജറ കെ.എം. (കാണാച്ചിറക്), റൂബി നിലമ്പൂർ (പാതിപെയ്തനിലാവ്), മിറയത്ത്, സി.എച്ച്, കാലം മായ്ച്ച കാൽപ്പാടുകൾ (2008) എന്നിവർ. ഇവ ചില ഉദാഹരണങ്ങളാണ്.

### 1.6.3 കവിതകൾ

മലയാളകവിതയുടെ മുഖ്യധാരയിലേക്കു മുസ്ലിംസ്ത്രീയുടെ സാന്നിധ്യം കടന്നുവന്നിട്ടു കുറച്ചുകാലമേ ആയിട്ടുള്ളൂ. ആദ്യകാലത്തെ പാട്ടുകൾക്കു ശേഷം ആധുനികാനന്തരഘട്ടത്തിലാണു മുസ്ലിംസ്ത്രീകളെഴുതിയ കവിതകൾ പ്രകാശിപ്പിക്കപ്പെടുന്നത്. സമൂഹമാധ്യമങ്ങളുടെ കാലത്താണ് ഇത്തരം കവിതകൾ കൂടുതൽ ചർച്ചയാകുന്നത് എന്നതും ശ്രദ്ധേയമാണ്.

ഷിനാഹാഷിന്റെ *സമാഗമം* (2007) എന്ന കവിതയിൽ വിമോചനത്തിനായി പടപൊരുതുന്ന പലസ്തീനിലെയും ഇറാഖിലെയും കുഞ്ഞുങ്ങളുടെയും അവരുടെ ഉമ്മമാരുടെയും ദയനീയമായ അവസ്ഥയുണ്ട്. ശരീരങ്ങൾ മാലാഖമാർ കൊണ്ടുപോവുന്നതും അവർ അറിയുന്നു. രക്തസാക്ഷിയുടെ ഉമ്മയായി ഞാൻ കാത്തിരിക്കാം എന്നാണ് ഉമ്മ പറയുന്നത്. സുൾഫിയുടെ (വേനൽ നടന്ന വഴികൾ), ഹാരിഫ ഹൈദറിന്റെ (ഉള്ളാഴങ്ങളിൽ കാത്തുവെച്ചത്) നസീറ എം.എസ്ന്റെ (മക്കുവള്ളി) എന്നിവ ചില ഉദാഹരണങ്ങളാണ്.

## കുറിപ്പുകൾ

1. സിലോണിലെ ജനങ്ങൾ നബിതിരുമേനിയെപ്പറ്റി കേട്ടപ്പോൾ അദ്ദേഹത്തിന്റെ വാദങ്ങളെയും സന്ദേശങ്ങളെയും സംബന്ധിച്ച് നേരിട്ടന്വേഷിച്ചറിയാനായി അറേബ്യയിലേക്കു യോഗ്യനും ബുദ്ധിമാനുമായ ഒരാളെ നിയോഗിച്ചയച്ചു. മഹാനായ ഉമർ ഖലീഫ് സ്ഥാനത്തിരിക്കുന്നകാലത്താണ് (ഹിജ്റ 13-23, എ.ഡി. 634-644) അയാൾ അറേബ്യയിലെത്തിയത്. അയാൾ ഖലീഫയെ കണ്ടു നബിതിരുമേനിയുടെ വിവരങ്ങൾ ചോദിച്ചറിയുകയും അതിനുശേഷം സിലോണിലേക്കു മടങ്ങുകയും ചെയ്തു. എന്നാൽ മാർഗ്ഗമദ്ധ്യേ മക്കറാൻ എന്ന സ്ഥലത്തുവെച്ച് അയാൾ മരണപ്പെട്ടുപോയി. അയാളോടൊന്നിച്ച് ഇന്ത്യക്കാരനായ ഒരു തോഴനുണ്ടായിരുന്നു. അയാൾ സിലോണിലേക്കു മടങ്ങിവന്നു താൻ കണ്ടതും കേട്ടതുമായ വിവരങ്ങളെല്ലാം ജനങ്ങളെ അറിയിച്ചു (പുറം:296).

2. ''ശൈഖ് സൈനുദ്ദീൻമഅ്ബരി പറയുകയാണ്: മലബാറിൽ മുസ്ലിം രാജാവില്ല. മുസ്ലീങ്ങളെ ഭരിക്കുന്നത് ഇവിടത്തെ ഹിന്ദുരാജാക്കളാണ്. മുസ്ലീങ്ങൾ ആഭ്യന്തരമായ തർക്കങ്ങളും ആവശ്യങ്ങളും അവരുടെ മുമ്പാകെ സമർപ്പിക്കുകയും അവർ അതു പരിഹരിക്കുകയും ചെയ്യുന്നു. മലബാറിൽ പല സ്ഥലത്തും മുസ്ലീങ്ങൾ പാർപ്പുറപ്പിച്ചിട്ടുണ്ട്. അവിടെയെല്ലാം അവർ പള്ളികളും കെട്ടിടങ്ങളും പണിയിച്ചിട്ടുമുണ്ട്. അവർ സംതൃപ്തിയോടെയും സമാധാനത്തോടുകൂടിയും ജീവിതം നയിക്കുന്നു. ജുമുഅയും പെരുന്നാളും സസന്തോഷം ആഘോഷിക്കുന്നു. മുസ്ലിം കേന്ദ്രങ്ങളിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നു ഖാസിമാരെയും ബാങ്കുവിളിക്കാരെയും നിയമിച്ചിട്ടുണ്ട്. അവർക്ക് സർക്കാർ ഖജാനയിൽനിന്നാണ് ശമ്പളം കൊടുക്കുന്നത്. മതനിയമങ്ങളെല്ലാം കർശനമായി പാലിക്കപ്പെടുന്നു. ജുമുഅ ദിവസം പൊതുകഴിവാണ്. മുസ്ലീങ്ങൾ കൃഷിയും കച്ചവടവും ചെയ്യുന്നുണ്ട്. കൃഷിക്കാരിൽനിന്ന് ഗവണ്മെന്റ് യാതൊരുവിധമായ നികുതിയും വസൂലാക്കുന്നില്ല. കച്ചവടക്കാരിൽ ആദായത്തിന്റെ പത്തിലൊരു ഭാഗം മാത്രം വസൂലാക്കുന്നു. അവിടത്തെ ഹിന്ദുക്കൾ മുസ്ലീങ്ങളെ ബഹുമാനത്തോടുകൂടിയാണ് വീക്ഷിക്കുന്നത്. ഏതെങ്കിലും ഹിന്ദു ഇസ്ലാംമതം സ്വീകരിക്കുകയാണെങ്കിൽ അയോളോടും ബഹുമാനപൂർവ്വം പെരുമാറുന്നു. ഈ കാരണത്താൽ ഇവിടത്തെ നിവാസികൾ ഇസ്ലാംമതം സ്വീകരിക്കുന്നതിനു സ്വാഭാവികമായിത്തന്നെ പ്രേരിതമാവുന്നു'' (തുഹ്ഫത്തുൽ മുജാഹിദീൻ, മൂന്നാംഭാഗം).

3. ശ്രീ ഹരിശ്ചന്ദ്രനുള്ള സത്യവും മുഹമ്മദിൻ
സ്ഥൈര്യവും, മൊരാളില്ച്ചേ
ർന്നൊറത്തു കാണണമെങ്കിൽ
ചെല്ലുവിൻഭവാ? ആരെൻ ഗുരുവിൻ
നികടത്തിൽ
അല്ലായ്കിലവിടുത്തെ ചരിത്രം
വായിക്കുവിൻ.

(വള്ളത്തോൾ നാരായണമേനോൻ : എന്റെ ഗുരുനാഥൻ,
വള്ളത്തോൾ കവിതകൾ, 2003, കോട്ടയം, ഡി.സി. ബുക്സ്)

# 2. ബി. എം. സുഹറയുടെ കൃതികളിലെ മതപരമായ ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, ചടങ്ങുകൾ എന്നിവയുടെ ചിത്രീകരണം

## 2.1 ആചാരാനുഷ്ഠാനങ്ങൾ

അഞ്ച് അടിസ്ഥാനതത്ത്വങ്ങളിൽ വിശ്വസിച്ചുകൊണ്ടാണു മുസ്ലിംമതം മുന്നോട്ടു പോവുന്നത്. പഞ്ചധർമ്മങ്ങൾ എന്നാണ് ഇവ അറിയപ്പെടുന്നത്. ആറ് വിശ്വാസപ്രമാണങ്ങളും ഇവർക്കുണ്ട്. അവയെക്കുറിച്ചുള്ള വിവരണവും വിശകലനവും ഒന്നാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവ എങ്ങനെ യൊക്കെയാണു ബി.എം.സുഹറയുടെ നോവലുകളിലും ചെറുകഥകളിലും അനുഭവക്കുറിപ്പുകളിലും ലേഖനസമാഹാരത്തിലും ചിത്രീകരിച്ചിട്ടുള്ളത് എന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

### 2.1.1 കലിമ

അഞ്ച് അടിസ്ഥാനതത്ത്വങ്ങളിൽ ഒന്നാമത്തെയാണു കലിമ. ശഹാദത്തു കലിമ എന്നാണ് അറിയപ്പെടുന്നത്. ഇസ്ലാംമതം സ്വീകരിക്കുന്നതിന് ആദ്യമായി ചെയ്യേണ്ടതു വിശ്വാസപ്രഖ്യാപനമാണ്. ''അശ്ഹദുഅൻലാഹിലാഹഇല്ലള്ള-വ അശ്ഹദു അന്ന മുഹമ്മദ്റസൂലുള്ള'' അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നുമുള്ള തന്റെ വിശ്വാസപ്രഖ്യാപനം. ഇതു മനസ്സിലുറപ്പിച്ചു നാവുകൊണ്ടു വ്യക്തമാക്കി പറയേണ്ടുന്ന കാര്യമാണ്.

### 2.1.1.1 നോവലുകളിൽ

#### 2.1.1.1.1 കിനാവ്

*കിനാവി*ലെ നാട്ടുപ്രമാണിയായിരുന്ന ആലിക്കുട്ടിഹാജി ആശുപത്രിക്കിട ക്കയിൽ വെച്ചു മരണത്തിനു കീഴടങ്ങുമ്പോൾ ഭാര്യയായ ബീപാത്തു ഹജ്ജുമ്മ യാണു കലിമ ചൊല്ലിക്കൊടുക്കുന്നത്. കലിമ ചൊല്ലിക്കൊണ്ട് അയാൾ കണ്ണുക ളടയ്ക്കുന്നതായി പരാമർശിച്ചുകാണുന്നുണ്ട് (1990:74).

#### 2.1.1.1.2 ഇരുട്ട്

നോവലിലെ പ്രധാനകഥാപാത്രമായ ആമിനയുടെ ഉപ്പ ഹസ്സനാജിയുടെ മയ്യിത്തു മറവു ചെയ്യാൻ കൊണ്ടുപോവുമ്പോൾ ലാഹിലാഹഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്..... അള്ളാഹു ഒഴികെ മറ്റൊരു ഇലാഹുമില്ല. മുഹമ്മദ് അവന്റെ റസൂലാകുന്നു എന്നു ചൊല്ലിക്കൊണ്ടു പോവുന്നതായി പരാമർശമുണ്ട് (1995:105).

#### 2.1.1.1.3 ആകാശഭൂമികളുടെ താക്കോൽ

നോവലിലെ കുഞ്ഞായിഷ എന്ന കഥാപാത്രം പ്രസവിച്ചു കുട്ടിയെ ബന്ധുക്കൾക്കു നൽകുമ്പോൾ കുട്ടിയുടെകാതുകളിൽ ബാങ്ക് വിളിക്കുന്ന തായി പരാമർശിക്കുന്നുണ്ട്. ബാങ്കിൽ കലിമയുടെ വചനങ്ങൾ ഉള്ളതായി നോവലിൽ കാണാം. (2008:150-52).ഹജ്ജിന്റെ അനുഭവങ്ങൾ പരാമർശിക്കുന്നിട ത്തെല്ലാം തന്നെ ഏകദൈവത്തെക്കുറിച്ചും പ്രവാചകനായ മുഹമ്മദ് നബിയെ ക്കുറിച്ചും സൂചിപ്പിച്ചുകാണുന്നുണ്ട് (പു.113).

#### 2.1.1.1.4 നിലാവ്

*നിലാവെ*ന്ന നോവലിൽ ആയിശ എന്ന കഥാപാത്രത്തിന്റെ കുട്ടിയുടെ കരച്ചിൽ നിർത്തുന്നതിനായി താരാട്ടുപാട്ടിന്റെ ഈണത്തിൽ കലിമയുടെ

വാചകങ്ങൾ ചൊല്ലുന്നതായി കാണാം.'ലാഹില്ലാഹ ഇല്ലള്ളാഹ് മുഹമ്മദുറസൂ ലുള്ളാഹ് കുഞ്ഞിമോനുറങ്ങിക്കോ' എന്ന രീതിയിൽ പാട്ടിന്റെ രീതിയിൽ അവതരിപ്പിച്ചതായി കാണുന്നു (2007:43). അതുപോലെത്തന്നെ നസീമയുടെ വല്ലിപ്പയുടെ മരണസമയത്തു സ്വയം കലിമ ചൊല്ലിക്കൊണ്ടു മരിക്കുന്നതായി ചിത്രീകരിച്ചിട്ടുണ്ട് (പു.46).

**2.1.1.1.5 നിഴൽ**

നോവലിൽ റാബിയയുടെ മയ്യിത്തുമറവുചെയ്യാൻ കൊണ്ടുപോവുന്ന ഭാഗത്ത് ആളുകൾ കൂട്ടമായി ഒരേ സ്വരത്തിൽ കലിമ ചൊല്ലുന്നതായി കാണാം.'ലാഹിലാഹാ ഇല്ലല്ലാഹ്' എന്നു പറഞ്ഞുകൊണ്ടു മയ്യിത്തിനെ ആളു കൾ അനുഗമിക്കുന്നതായി കാണുന്നു (2012.256). മറ്റൊരു കഥാപാത്രമായ ഷഹീദിന്റെ ഉപ്പ ഹമീദ് പീരുക്കണ്ണി മരിച്ചു കിടക്കുമ്പോഴും മയ്യിത്തു മറവു ചെയ്യാനായി പള്ളിയിലേക്കു കൊണ്ടുപോവുമ്പോഴും ലാഹിലാഹാ ഇല്ലല്ലാഹ് മുഹമ്മദ് റസ്സുലുല്ലാഹ്.... എന്നു ചൊല്ലുന്നതായി കാണാം (പു.48,49).

**2.1.1.1.6 പ്രകാശത്തിനുമേൽ പ്രകാശം**

സത്യക്രിസ്ത്യാനിയായ സാറാമ്മയും മലപ്പുറത്തുകാരനായ മജീദും വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പു സാറ കലിമ ചൊല്ലി ക്കൊണ്ട് ഇസ്ലാമിലേക്കു വന്നതായി നോവലിൽ സൂചിപ്പിക്കുന്നുണ്ട് (2012:176). അതുപോലെത്തന്നെ നോവലിലെ കഥാപാത്രമായ സമീറയുടെ വീട്ടു ജോലിക്കാരൻ മുഹമ്മദ് എന്നു പേരുള്ള വ്യക്തിയുടെ കല്യാണവുമായി ബന്ധപ്പെട്ട ചില സൂചനകൾ ഉണ്ട്. അയാൾ തെക്കെങ്ങോ ഉള്ള വ്യക്തിയാ ണെന്നും അയാൾ മുസ്ലിമാണോ അല്ലയോ എന്നു തീർച്ചയില്ലാത്തതുകൊണ്ടും ഒരു മുസ്ലിംപെണ്ണിനെ വിവാഹം കഴിച്ചയയ്ക്കുമ്പോൾ ചെക്കൻ മുസ്ലിമായിരിക്ക ണമെന്നുള്ളതു നിർബന്ധമായതിനാൽ അവർ മയമാക്ക എന്നു പേരു വിളി

ക്കുന്ന മുഹമ്മദിനെ കലിമ ചൊല്ലിപ്പിച്ചു ദീനിൽ കൂട്ടിയ കഥ വിവരിച്ചിട്ടുണ്ട് (2012:169).

#### 2.1.1.2 ചെറുകഥകളിൽ

##### 2.1.1.2.1 ബാവ

അന്യമതത്തിൽപ്പെട്ട മൂന്നു പെൺകുട്ടികളെ സഹോദരതുല്യരായി നോക്കിവളർത്തുന്ന അലി എന്ന മുസ്ലിംചെറുപ്പക്കാരന്റെ കഥയാണു *ബാവ*. ജീവിതസഹചര്യങ്ങളാണ് അത്തരമൊരു ഘട്ടത്തിലേക്കു കൊണ്ടെത്തിക്കുന്ന തെന്നു കഥയിൽ കാണാം. മൈന എന്ന പെൺകുട്ടിയോടു കലിമ ചൊല്ലി ഇസ്ലാമായി അലിയുടെ ഭാര്യയാവാൻ അലിയുടെ ഉമ്മ ആവശ്യപ്പെടുന്നുണ്ടെ ങ്കിലും അലി അതിനു മുതിരുന്നില്ല എന്നു കാണാം (2014:12,13).

##### 2.1.1.2.2 കർമപുസ്തകം

തന്റെ മരണം മുഖാമുഖം കാണുന്ന ആയിശ എന്ന സ്ത്രീയുടെ കഥ യാണു *കർമപുസ്തകം* എന്നത്. ആശുപത്രിയിൽ മരണത്തോടു മല്ലടിച്ചു. കിടക്കുമ്പോൾ മരണവേദനക്കിടയിൽ ലാഹിലാഹാ....... ഇല്ലല്ലാഹ് ... മുഹമ്മദുറ സൂലുല്ലാഹ് എന്ന കലിമ ചൊല്ലുന്നതായി കാണാം. കൂടാതെ തന്റെ മുഖത്തു വെച്ച സാധനങ്ങളെല്ലാം എടുത്തുമാറ്റാനും തനിക്കു കലിമചൊല്ലണമെന്നും കലിമചൊല്ലി മരിച്ചാൽ മാത്രമെ കർമപുസ്തകം വലംകയ്യിൽ കിട്ടുകയൊള്ളു എന്നും അവർ പറയുന്നുണ്ട് (2014:24-26).

##### 2.1.1.2.3ആകാശപ്പറവകൾ

ആഗ്രഹങ്ങളെല്ലാം ബാക്കിയാക്കി ഖൈറു എന്ന ഭിന്നശേഷിക്കാരി പെൺകുട്ടിയെ മൂന്നു കഷ്ണം വെള്ളത്തുണിയിൽ പൊതിഞ്ഞു മയ്യിത്തു കട്ടിലിൽ കൊണ്ടുപോവുമ്പോൾ കൂടെ ഉള്ളവർ കലിമചൊല്ലി അനുഗമിക്കുന്ന തായി കാണുന്നു (പു.134).

#### 2.1.1.2.4 ആകാശഭൂമികളുടെ താക്കോൽ

ഭർത്താവിന്റെ ദുർനടപ്പു നേരിൽക്കണ്ടു രോഗിയായിത്തീരുന്ന സ്ത്രീ ആശുപത്രിയിലാവുകയും മരണത്തെ മുന്നിൽകാണുകയും ചെയ്യുമ്പോൾ ഉറക്കെ ചൊല്ലുന്നതു 'ലാഹിലാഹാ ഇല്ലല്ലാ... മുഹമ്മദുറസൂലുല്ലാഹ്...' എന്നാണ് (2014:58).

#### 2.1.1.2.5പേറ്റിച്ചി

*പേറ്റിച്ചി* എന്ന കഥയിൽ കുഞ്ഞിപ്പാത്തുവിന്റെ മയ്യിത്തുമറവുചെയ്യാനായി ആശുപത്രിയിൽനിന്നും കൊണ്ടുപോകുമ്പോൾ ഹാജിയും കൂട്ടരും ഉറക്കെ'ലാഹിലാഹാ ഇല്ലല്ലാഹ്...' എന്നു ചൊല്ലുന്നതായി അവതരിപ്പിച്ചിട്ടുണ്ട് (2014:101).

#### 2.1.1.2.6 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

മക്കളില്ലാത്തതിന്റെ പേരിൽ ഭർത്താവു രണ്ടാമതും വിവാഹം കഴിക്കാനായി മുതിരുന്നതറിഞ്ഞു സഹിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്യുന്ന സ്ത്രീ ആശുപത്രിക്കിടക്കയിൽ വെച്ച് ഉറക്കെ അവസാനമായി ലാഹി ലാഹാഇല്ലല്ലാഹ് എന്ന കലിമ വാചകം ചൊല്ലുന്നതായി പറയുന്നുണ്ട് (2014:114).

### 2.1.1.3 അനുഭവക്കുറിപ്പുകൾ

#### 2.1.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

*ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ* എന്ന അനുഭവക്കുറിപ്പിൽ വല്ലിപ്പയുടെ മരണവുമായി ബന്ധപ്പെട്ടു മയ്യിത്തുമറവുചെയ്യാനായി കൊണ്ടുപോവുമ്പോൾ ''ലാഹിലാഹാഇല്ലള്ളാഹ്....'' എന്നു ചൊല്ലിക്കൊണ്ടു പോവുന്നതായി എഴുത്തുകാരി അവതരിപ്പിച്ചിട്ടുണ്ട് (2015:28).

#### 2.1.1.4 ലേഖനസമാഹാരത്തിൽ

##### 2.1.1.4.1 പുണ്യംതേടി

ഹജ്ജുമായി ബന്ധപ്പെട്ട ഈ ലേഖനത്തിൽ ഹജ്ജിന്റെ ചടങ്ങുകൾക്കിട യിൽ ഏകദൈവത്തെ പ്രകീർത്തിച്ചുകൊണ്ടു ദൈവനാമങ്ങൾ ഉരുവിടുന്നതായി അവതരിപ്പിച്ചിട്ടുണ്ട് (2013:27).

##### 2.1.1.4.2 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി

അള്ളാഹു ഏകദൈവമാണെന്നും അവനാണ് ആരാധനക്കർഹനെന്നും മുഹമ്മദ് അവന്റെ പ്രവാചകനാണെന്നുമുള്ള വിശ്വാസത്തെ സംബന്ധി ച്ചുള്ള പരാമർശം ലേഖനത്തിലുണ്ട് (പു.97).

##### 2.1.1.4.3 ത്യാഗത്തിന്റെ നാളുകൾ

ഹജ്ജിനെക്കുറിച്ചു പരാമർശിക്കുന്നിടത്ത് ഏക ഇലാഹായ ദൈവത്തെ ക്കുറിച്ചും അന്ത്യപ്രവാചകനായ മുഹമ്മദ് നബിയെക്കുറിച്ചുമുള്ള വിശ്വാസ പരമായ കാര്യങ്ങൾ ലേഖനത്തിൽ സൂചിപ്പിച്ചിട്ടുണ്ട് (പു.103).

##### 2.1.1.4.4 മലബാറിലെ വിവാഹം മരണം

മരണവുമായി ബന്ധപ്പെട്ട ചടങ്ങുകളെ പരാമർശിക്കുന്നിടത്തു മയ്യിത്തെ ടുക്കുമ്പോൾ ദൈവനാമം ചൊല്ലിക്കൊണ്ടു പോവുന്നതിനെക്കുറിച്ചും സൂചന ഉണ്ട്. ഇന്നു ചില വിഭാഗക്കാർ മതനിരാസമായി അതിനെ കാണുന്നുണ്ട് എന്ന ചിന്തയും ലേഖനത്തിൽ പരാമർശിച്ചുകാണുന്നു(പു.109).

### 2.1.2 പ്രാർത്ഥന/നിസ്കാരം

അഞ്ചു സമയങ്ങളിലായി പ്രത്യേക നിസ്ക്കാരങ്ങൾ/ പ്രാർത്ഥന നിർവ്വഹിക്കുന്നവരാണു മുസ്ലിങ്ങൾ. പ്രായപൂർത്തിയും ബുദ്ധിയും ശുദ്ധിയുമുള്ള എല്ലാ മുസ്ലിങ്ങൾക്കും നിസ്ക്കാരം നിർബന്ധമാണ്. സുബഹ്,

ളുഹറ്, അസ്വർ, മഗ്രിബ് ഇശാ എന്നിവയാണ് അവ. ഇവ എങ്ങനെയൊക്കെയാണു നോവലുകളിലും ചെറുകഥകളിലും അനുഭവക്കുറിപ്പുകളിലും ലേഖനങ്ങളിലും അവതരിപ്പിച്ചിട്ടുള്ളത് എന്നാണിവിടെ അന്വേഷിക്കുന്നത്.

**2.1.2.1. നോവലുകളിൽ**

**2.1.2.1.1. കിനാവ്**

അഞ്ചുനേരത്തെ നിസ്ക്കാരത്തെകുറിച്ചു *കിനാവെ*ന്ന നോവലിൽ പരാമർശമുണ്ട്. ആലിക്കുട്ടിഹാജിയുടെ സ്വഭാവസവിശേഷതകൾ പറയുന്നിടത്താണു നിസ്ക്കാരത്തെക്കുറിച്ചു പറയുന്നത്. അഞ്ചു നേരത്തെ നിസ്ക്കാരം ഒഴിച്ചുള്ള കളി ആലിക്കുട്ടിഹാജിക്കില്ല. പുലർച്ചേ പള്ളിയിൽ ബാങ്കു വിളിക്കുന്നതിനു മുമ്പേ ഉണരും. സുബഹി നിസ്ക്കാരം കഴിഞ്ഞു ഖുറാൻ ഓതിയതിനു ശേഷമേ ഏതൊരു കാര്യത്തിനും ഇറങ്ങൂ എന്നു പരാമർശിച്ചു കാണുന്നു(1990:34). അതുപോലെ മൂത്തമകൻ കരീമിനു സുഖമില്ലെന്നറിയുമ്പോൾ നിസ്ക്കാരപ്പായയിൽ ഇരുന്നു കൈകൾ മേലോട്ടുയർത്തി പ്രാർത്ഥനയിൽ ഇരിക്കുന്ന ബീപാത്തുമ്മയെക്കുറിച്ചും സൂചനയുണ്ട് (1990:102).

**2.1.2.1.2 ഇരുട്ട്**

ആമിന സുബഹിബാങ്ക് വിളി കേട്ടു ഉണരുന്നതിനെക്കുറിച്ചും ഒളു എടുത്തു (അംഗശുദ്ധി) നിസ്ക്കരിക്കുന്നതിനെക്കുറിച്ചും നിസ്ക്കാരപ്പായയിലിരുന്ന് ഏറെ നേരം ഖുർആൻ ഓതി ദുആ ഇരക്കുന്നതിനെയുംക്കുറിച്ചു ചിത്രീകരിക്കുന്നുണ്ട്.

ആമിനയുടെ ഉപ്പ ഹസ്സൻഹാജി സുഖമില്ലാതിരുന്നിട്ടും നിസ്ക്കാരം മുറപോലെ നിർവ്വഹിക്കുന്നതായി നോവലിൽ പരാമർശിച്ചു കാണുന്നുണ്ട്. കൂടാതെ നിന്നു നിസ്ക്കരിക്കാൻ കഴിയാത്തതിനാൽ ഇരുന്നു നിസ്ക്കരിക്കുന്ന

തായും തലേദിവസങ്ങളിൽ നഷ്ടപ്പെട്ടുപോയ നിസ്ക്കാരങ്ങൾ കടംവീട്ടിയ തായും പ്രതിപാദിച്ചു കാണുന്നുണ്ട്. (1995:98).

**2.1.2.1.3 നിലാവ്**

നിസ്ക്കരിക്കാൻ മാത്രമായി മരക്കട്ടിൽ ഒരുക്കുന്നതായി നോവലിൽ കാണാം. പ്രത്യേക ഇടം നിസ്ക്കരിക്കാനായി വീട്ടുകാർ ഒരുക്കുന്നുണ്ട്. നിസ്ക്കാരക്കുപ്പായത്തെകുറിച്ചും പ്രതിപാദിച്ചു കാണുന്നു. വൈകുന്നേരത്തെ കുളികഴിഞ്ഞു നസീമയോടു വസ്ത്രം കട്ടിലിൽ എടുത്തുവെച്ചിട്ടുണ്ട് എന്നു പറയുന്നിടത്താണ് ഈ സൂചന ലഭിക്കുന്നത്.

''നിസ്ക്കരിക്കുന്ന കട്ടുമ്മല് കുപ്പായം എടുത്തു വച്ചിട്ടുണ്ട്. ഇട്ടിട്ട് അടികൂ ടാതെ അവിടെ ഇരുന്നു ദിക്കറ് ചൊല്ലിക്കോ''. മേൽ കഴുകി നിസ്ക്കാരത്തി നുള്ള ഒളുവും എടുത്തേ ഉമ്മ അകത്തെത്തൂ (2007:14).

കല്യാണത്തിരക്കിനിടയിലും അവിടെ കൂടിയിരിക്കുന്ന സ്ത്രീകൾക്കു കിഴക്കേത്തിണ്ണയിൽ നിറയെ പായവിരിച്ചു നിസ്ക്കരിക്കാനായി സ്ഥലം ഏർപ്പാടുചെയ്തതിനെകുറിച്ചു നോവലിൽ പ്രതിപാദിക്കുന്നുണ്ട് (പു.76). നിസ്ക്കാരത്തിലുള്ള ശ്രദ്ധയാണിതു കാണിക്കുന്നത്.

**2.1.2.1.4 ആകാശഭൂമികളുടെ താക്കോൽ**

ശുദ്ധിയുള്ളസ്ത്രീകൾക്കു മാത്രമാണു നിസ്ക്കാരം നിർബന്ധമെന്ന രീതിയുണ്ടു മുസ്ലിങ്ങൾക്കിടയിൽ. മാസമുറയുള്ള സ്ത്രീകൾ അതിൽനിന്നും മുക്തയാവുന്നതുവരെ നിസ്ക്കരിക്കേണ്ടതില്ല. അതുമായിബന്ധപ്പെട്ടു നോവ ലിൽ സൂചിപ്പിക്കുന്നുണ്ട് (2011:39).

ഈ നോവലിൽത്തന്നെ അഞ്ചുനേരവും മുസ്ലിങ്ങൾ നിസ്ക്കരിക്കുന്നതി നായി അഭിമുഖമായി നിൽക്കുന്ന കഅബയെക്കുറിച്ചു പരാമർശിച്ചു കാണു

ന്നുണ്ട്. സുബഹ്, മഗ്രിബ്, ഇശ നിസ്ക്കാരങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട് (പു.103).

നൂറു എന്ന കഥാപാത്രം വെള്ളിയാഴ്ചയിലെ ജുമുഅ നിസ്ക്കാരത്തിനായി പള്ളിയിൽ പോവുന്നതു നോവലിൽ സൂചനയുണ്ട് (പു.169-194)

**2.1.2.1.5 നിഴൽ**

ഇസ്ലാമികചിട്ടയിൽ നിസ്ക്കാരത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി ജീവിക്കുന്നവളാണു റാബിയ. എന്നാൽ മക്കൾക്കോ ഭർത്താവിനോ നിസ്ക്കാര കാര്യത്തിൽ ശ്രദ്ധയില്ല. ഭാര്യ നിർബന്ധിക്കുമ്പോൾ മാത്രമാണു ഭർത്താവു നിസ്ക്കാരത്തിനു തയ്യാറാവുന്നത് എന്നു നോവലിൽ പരാമർശിച്ചു കാണുന്നു (2012:60).

**2.1.2.1.6 പ്രകാശത്തിനുമേൽ പ്രകാശം**

നിസ്ക്കാരം ഇസ്ലാമിന്റെ നെടുംതൂണാണെന്നും അഞ്ചുനേരവും കൃത്യമായി നിസ്ക്കരിക്കാത്തവർക്കു സിജ്ജീന് (കത്തിയെരിയുന്ന നരക ഗർത്തം) അർഹരാണെന്നുമുള്ള സൂചന നോവലിൽ പ്രതിപാദിച്ചു കാണുന്നുണ്ട്. വെള്ളിയാഴ്ചയിലെ 'ജുമുഅ' നിസ്ക്കാരത്തെക്കുറിച്ചും നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (2012:196).

നോവലിലെ ഷംസുദ്ദീൻ വക്കീൽ വീട്ടിലുള്ളപ്പോൾ കൃത്യമായി നിസ്ക്കരിക്കുന്നു. എന്നാൽ ജോലിസ്ഥലത്ത് ഇടവേളകളുണ്ടാക്കി പള്ളിയിലേക്കു പോവുന്നരീതി അയാൾക്കില്ല. എന്നാൽ അയാൾ വെള്ളിയാഴ്ച ദിവസങ്ങളിലെ 'ജുമുഅ' നിസ്ക്കാരം ഒഴിവാക്കാറില്ല എന്നു പരാമർശിച്ചു കാണുന്നു (പു.196).

നിസ്ക്കാരത്തിനായി സ്ത്രീകൾ പള്ളിയിൽ പോവുന്നതിനെക്കുറിച്ചും വെള്ളിയാഴ്ചയിലെ ജുമുഅക്കു പോവുന്നതിനെക്കുറിച്ചും നോവലിൽ

പരാമർശിച്ചു കാണുന്നു(പു:164). ജോലികൾ എല്ലാം തീർത്തു പെട്ടന്നു പള്ളിയിലെത്തി ജുമുഅക്കു മുമ്പ് 'അൽകഹ്ഫ്' സൂറത്ത് (ഖുർആനിലെ ഒരധ്യായം) ഓതി ദുആ ഇരക്കണമെന്നു സെമീറ ചിന്തിക്കുന്നുണ്ട് (പു.165). അംഗശുദ്ധി വരുത്തി വസ്ത്രം ധരിപ്പിച്ചു തന്റെ മക്കളെയും അവർ പള്ളിയിൽ കൊണ്ടുപോവുന്നുണ്ട്. അതുപോലെ നന്മകൾ ചെയ്യുകയും നിസ്ക്കരിക്കുകയും ചെയ്യുന്ന പുരുഷനും സ്ത്രീക്കുമുള്ളതാണു താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗീയാരാമമെന്നു സൂചിപ്പിച്ചു കാണുന്നു (പു.148,47).

**2.1.2.1.7 മൊഴി**

ഫാത്തിമ ഇസ്ലാമികചിട്ടവട്ടമുള്ള കുടുംബത്തിലാണു ജീവിക്കുന്നത്. എത്ര നേരംവൈകി ഉറങ്ങിയാലും ഉപ്പയും ഉമ്മയും സഹോദരങ്ങളും നേരത്തെ ഉണരും. ഉമ്മയും ബാപ്പയും മക്കളും ഒന്നിച്ചാണു സുബഹിനിസ്ക്കാരം നിർവ്വഹിക്കാറ് എന്നുള്ള കാര്യങ്ങൾ നോവലിൽ പരാമർശിച്ചു കാണുന്നു(1999:15).

**2.1.2.2 ചെറുകഥകളിൽ**

**2.1.2.2.1 പാവം അത്യമാൻകുട്ടി**

വീട്ടുകാര്യങ്ങളിലും മതപരമായ കാര്യങ്ങളിലും ഏറെ ശ്രദ്ധിക്കുന്ന അത്യമാൻകുട്ടി എന്നും രാവിലെ സുബഹിക്കു മുൻപ് ഉണരുകയും സുബഹ് നിസ്ക്കാരം കഴിഞ്ഞു ഖുർആൻ പാരായണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ ചെയ്താൽ തന്റെ എല്ലാ പാപങ്ങളും പൊറുക്കപ്പെടുമെന്നും സ്വർഗ്ഗത്തിലേക്കു കടക്കാൻ എളുപ്പമാണെന്നും അയാൾ വിശ്വസിക്കുന്നു. മറ്റു നിസ്ക്കാരങ്ങൾ വല്ലപ്പോഴുമേ അത്യമാൻ ചെയ്യാറുള്ളൂ. അവ പടച്ചവൻ പൊറുക്കുമെന്നാണ് അയാളുടെ പക്ഷം (2014:243).

#### 2.1.2.2.2 കളിത്തത്ത

കുഞ്ഞലീമയും കുഞ്ഞാലിയും തമ്മിൽ കുഞ്ഞലീമയുടെ വേഷവിധാനത്തെപറ്റി പരസ്പരം വാക്കേറ്റത്തിലാവുമ്പോൾ തന്റെ ഉമ്മയും ഉമ്മാമ്മയുമെല്ലാം കാച്ചിയും കുപ്പായവും തട്ടവുമാണു ധരിച്ചിരുന്നതെന്നും അഞ്ചുനേരത്തെ പ്രാർത്ഥനയും സുന്നത്തുനിസ്ക്കാരവും അവർ നിർവ്വഹിച്ചിരുന്നുവെന്നും അവരെല്ലാം കറകളഞ്ഞ ഇസ്ലാമികളായിരുന്നുവെന്നും സൂചിപ്പിക്കുന്നുണ്ടു കുഞ്ഞലീമ (2014:17).

#### 2.1.2.2.3 അസ്രായിൽ

തന്റെ മരണത്തെ അഭിമുഖീകരിക്കുന്ന കഥാനായിക ആ സമയത്ത് ഉമ്മ പഠിപ്പിച്ച നിസ്ക്കാരത്തെക്കുറിച്ചും നിസ്ക്കാരശേഷം പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്നും രക്ഷനേടാൻ പ്രാർത്ഥിക്കാൻ ഓർമ്മിപ്പിക്കുന്നതിനെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട് (പു.64).

#### 2.1.2.2.4 അദൃശ്യങ്ങളെ അറിയുന്നവൻ

ഇസ്ലാംമതവിശ്വാസത്തിന്റെ ചിട്ടവട്ടങ്ങൾ തെറ്റിക്കാതെ ജീവിക്കുന്ന ഉമ്മയുടെ കഥയാണ് *അദൃശ്യങ്ങളെ അിറയുന്നവൻ*. അഞ്ചുനേരത്തെ നിസ്ക്കാരം മുറപോലെ നിർവ്വഹിക്കുന്നവൾ. ഖുർആൻ അർത്ഥമറിഞ്ഞു പാരായണം ചെയ്യാൻ ശ്രമിക്കുന്ന സ്ത്രീ. എന്തു പ്രയാസങ്ങൾ നേരിടുമ്പോഴും നിസ്ക്കരിച്ചും ഖുർആൻ പാരായണം ചെയ്തും പ്രാർത്ഥിച്ചും അവർ സമയം ചിലവഴിക്കുന്നു (പു.165).

'വേദഗ്രന്ഥത്തെ മുറുകെ പിടിക്കുകയും നിസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും നോമ്പു നോൽക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്തവരാരോ ആ സത്കർമ്മകാരികൾക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടു

ത്തികളയുകയില്ല.' എന്ന ഖുർആൻ വചനവും കഥയിൽ സൂചിപ്പിച്ചിട്ടുണ്ട് (പു 166).

#### 2.1.2.2.5 കർമ്മപുസ്തകം

അഞ്ചുനേരത്തെ നിസ്ക്കാരശേഷം കലിമചൊല്ലി മരിക്കാൻ കഴിയണ മെന്നും പാപം പൊറുക്കണമെന്നും ആയിശ പ്രാർത്ഥിക്കാറുള്ളതായി സൂചനയുണ്ട് (പു.26).

### 2.1.2.3 അനുഭവകുറിപ്പുകളിൽ

#### 2.1.2.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

അഞ്ചുനേരത്തെ നിസ്ക്കാരത്തിന് ഏറെ പ്രാധാന്യം നൽകിയവരായി രുന്നു എഴുത്തുകാരിയുടെ വീട്ടുകാർ. നിസ്ക്കരിക്കുന്നതിനായി പ്രത്യേകമുറി കളും അതിൽത്തന്നെ പ്രത്യേക ബെഞ്ചുകളും ഉണ്ടായിരുന്നതായി സൂചിപ്പിക്കു ന്നുണ്ട് (പു.23). ഒറ്റക്കു നിസ്ക്കരിക്കുന്നതിനെക്കുറിച്ചും ഉമ്മയോടൊപ്പം ഒരുമിച്ചു നിസ്ക്കരിക്കുന്നതിനെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട് (പു.23).

(അ) അഞ്ചുനേരത്തെ നിർബന്ധനിസ്ക്കാരത്തിനുപുറമെ രാത്രികാല ത്തുള്ള സുന്നത്തു നിസ്ക്കാരത്തെക്കുറിച്ചു കൃതിയിൽ പരാമർശമു ണ്ട്. പുലർച്ചെ സുബഹിബാങ്കിനു മുമ്പ് ഉണർന്നു തഹജ്ജുദും സുബഹിബാ ങ്കിനു ശേഷം സുബഹിയും നിസ്ക്കരിച്ചു ഖുർആൻ ഓതികൊണ്ടിരിക്കുന്ന ഉപ്പയെ എഴുത്തുകാരി ഓർമ്മിക്കുന്നുണ്ട് (പു.92).

### 2.1.2.4 ലേഖനസമാഹാരത്തിൽ

#### 2.1.2.4.1 പുണ്യം തേടി

പുണ്യം തേടി എന്ന ലേഖനത്തിൽ എഴുത്തുകാരിയുടെ ഉമ്മ ഭർത്താ വിന്റെ മരണശേഷം ഇദ്ദയിലിരിക്കുന്ന സമയത്തു വെള്ളവസ്ത്രം ധരിച്ചു മറ്റാ

ണുങ്ങളെ കാണാതെ ഖുർആൻ പാരായണത്തിലും നിസ്ക്കാരത്തിലും ശ്രദ്ധയൂന്നികൊണ്ടു കഴിഞ്ഞിരുന്നതായി പരാമർശിക്കുന്നുണ്ട്(2013:25).

#### 2.1.2.4.2 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി

നിസ്ക്കരിക്കുന്ന ആണിനും പെണ്ണിനും ഒരുപോലെ അനുഗ്രഹം ചൊരിയുന്നവനാണ് അല്ലാഹു എന്നു ഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് എഴുത്തുകാരി ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട് (പു.99).

### 2.1.3 സക്കാത്ത്

മുസ്ലിംമതവിശ്വാസികൾ നിർബന്ധമായും അനുഷ്ഠിക്കേണ്ട ഒന്നാണു സക്കാത്തു നൽകുക എന്നത്. സാമ്പത്തികമായി കഴിവുള്ളവർ കഴിവില്ലാത്തവർക്കു സക്കാത്തു കൊടുക്കൽ നിർബന്ധമാണ്. സക്കാത്തിനുള്ള അവകാശികളെ കണ്ടെത്തി അവർക്ക് എത്തിച്ചുകൊടുക്കുകയാണു വേണ്ടത്. കൊല്ലത്തോടുകൊല്ലം ചെലവു കഴിച്ചു പണം കെട്ടിയിരിപ്പുള്ളവർ സക്കാത്തു കൊടുക്കണം. പെട്ടിയിൽ ഉപയോഗിക്കാതെ വച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾക്കും സക്കാത്തു നിർബന്ധമാണ്.

#### 2.1.3.1. നോവലുകളിൽ

#### 2.1.3.1.1 കിനാവ്

ഉള്ളൂർക്കര ഗ്രാമത്തിലെ പുത്തൻപുര വീട്ടിൽ നോമ്പ് ഒന്നുമുതൽ സക്കാത്തു കൊടുക്കുന്നതായി കാണാം. വർഷത്തിലൊരിക്കൽ പണം കെട്ടിയിരിപ്പുള്ളവർ ദാനം ചെയ്യണമെന്നാണ് ഇസ്ലാമികനിയമമെന്നും ഉപയോഗിക്കാതെ വെച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾക്കും സ്വർണ്ണനാണയങ്ങൾക്കും സക്കാത്തു ബാധകമാണെന്നും നോവലിൽ സൂചിപ്പിക്കുന്നുണ്ട്. ഇസ്ലാമികനിയമങ്ങൾ മുറതെറ്റാതെ ആചരിക്കുന്നവരാണു സൈതൂട്ടിഹാജിയും ആലിക്കുട്ടിഹാജിയും (1990:41). നോമ്പിനു മുമ്പേതന്നെ കാര്യസ്ഥനെക്കൊണ്ടു സക്കാത്തിനുള്ള തുക

മാറ്റിവെപ്പിച്ചിരിക്കും. സ്വന്തം കുടുംബത്തിൽ സാമ്പത്തികമായി കഴിവു കുറഞ്ഞ വർക്കു മുൻഗണനന കൊടുത്തു സക്കാത്ത് അവരുടെ വീടുകളിലെത്തിക്കുമെന്നു നോവലിൽ പരാമർശമുണ്ട്. പെരുന്നാൾ രാവിന് അരി സക്കാത്തായി നൽകുന്ന തിനെയാണു 'ഫിത്തർസക്കാത്ത്' എന്നു പറയുന്നത്. റമളാൻ മാസ ത്തിൽ പുത്തൻപുരവീട്ടിൽ ജോലിക്കു നിൽക്കാൻ ആളുകൾ ആഗ്രഹിക്കുന്ന തായും സക്കാത്തു പണത്തിനു പുറമെ പണിക്കൂലിയും വസ്ത്രവും ധാന്യങ്ങളും ലഭിക്കുന്നതായും സൂചിപ്പിച്ചിട്ടുണ്ട് (പു.41-45).

#### 2.1.3.1.2 ഇരുട്ട്

ദാനം ചെയ്യേണ്ടതിന്റെ ആവശ്യകത ഇസ്ലാമികനിയമത്തെ മുൻനിർത്തി ആമിനയുടെ മകൾ നസീറ ഉമ്മയോടു പറയുന്ന ഭാഗമുണ്ടു നോവലിൽ. 'അന്യരുടെ മുന്നിൽ വലിപ്പം കാണിക്കാൻ പണം ചെലവാക്കിയാൽ പടച്ചോൻ പൊറുക്കില്ല. നമ്മൾ അനാവശ്യമായി ചെലവാക്കുന്ന ഓരോ പൈസയ്ക്കും പടച്ചവനോടു കണക്കു പറയേണ്ടിവരും' എന്ന് നസീറ ഉമ്മയെ ഓർമ്മിപ്പിക്കുന്നുണ്ട്. പണം പാവപ്പെട്ടവർക്കു നൽകുകയാണു വേണ്ടതെന്നും സൂചിപ്പിക്കുന്നുണ്ട് (1995:118).

#### 2.1.3.1.3 ആകാശഭൂമികളുടെ താക്കോൽ

സക്കാത്തു മേനികാണിക്കുന്നതിനുള്ള ഏർപ്പാടായി മാറിയതിനെക്കു റിച്ചു നോവലിൽ പരാമർശമുണ്ട്. എന്നാൽ പുത്തൻപണക്കാരായിട്ടുള്ള ആളുക ളാണു സക്കാത്തു നൽകി മേനിനടിക്കുന്നതെന്നാണു നോവലിൽ കാണുന്നത്. ഹാജിയാരും ഭാര്യയും സക്കാത്തു കൊടുക്കുന്നത് ആരും അറിയാത്തരീതിയി ലാണ് എന്നുകാണാം. എന്നാൽ പുത്തൻപണക്കാരനായ ഇരുമ്പു കച്ചവടക്കാ രൻ ജമാൽ നോമ്പുകാലത്തു കാർഡടിച്ചു നിർദ്ധനർക്ക് അരിയും മസാലസാധ നങ്ങളും തുണിത്തരങ്ങളും വിതരണം ചെയ്തും നോമ്പു ഇരുപത്തിയേ ഴിനു വാഹനഗതാഗതം മുടക്കുംവിധം ആൾക്കാരെ നിരത്തി സക്കാത്തു വിത

രണം ചെയ്തുമൊക്കെ ജനശ്രദ്ധ ആകർഷിക്കാനുള്ള ശ്രമം നടത്തിയതായി പ്രതിപാദിച്ചുകാണുന്നുണ്ട് (2011:209-10). ഇസ്ലാമിൽ ജാതി വ്യവസ്ഥയില്ല എന്നും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരവും അനുവദനീയമ ല്ലെന്നും അതില്ലാതാക്കാനാണു സക്കാത്തു നിർബന്ധമാക്കിയിട്ടുള്ളതെന്നും നോവലിൽ പരാമർശമുണ്ട് (പുറം.195).

**2.1.3.1.4 പ്രകാശത്തിനുമേൽ പ്രകാശം**

ധനംസമ്പാദിച്ച് അതിൽനിന്നും വളരെ കുറഞ്ഞ പണം മാത്രം സക്കാത്തു നൽകുന്നവരെക്കുറിച്ച് ഇപ്രകാരം നോവലിൽ പരാമർശിച്ചുകാണു ന്നു.'അള്ളാഹുവിനെ പറ്റിക്കാനെന്നപോലെ അതിൽനിന്നൊരു ചെറുവിഹിതം സക്കാത്തും കൊടുത്തു ഞങ്ങളാണു സ്വർഗാവകാശികളെന്നും പറഞ്ഞു നട ക്കുന്ന തലയിൽ കെട്ടുകാരുണ്ടല്ലോ, അവരാണു സിജ്ജീൻനിവാസികൾ' (2012:196).

പണം സ്വരുക്കൂട്ടി റമളാൻ മാസത്തിൽ സക്കാത്തു നൽകുന്ന രീതിയെ ക്കുറിച്ചു നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (പു.118).

'വരുമാനത്തിന്റെ തോതനുസരിച്ചു ഖുർആൻ നിർദ്ദേശിച്ചതുപോലെ സക്കാത്തു കൊടുക്കുന്നവരാണ് അവരെല്ലാം. സൈനുവിന്റെ മകൻ സത്താറാണ് ഇളംതലമുറക്കാരുടെ നേതാവ്. അവൻ പറഞ്ഞാൽ എതിർ വാക്കില്ല. സക്കാത്തും സദക്കയും എപ്പോഴും കൊടുക്കാമെങ്കിലും നോമ്പു കാലത്തെ ദാനധർമ്മങ്ങൾക്കു പ്രതിഫലമേറും എന്നാണു വിശ്വാസം. അതു കൊണ്ടു പലരും സക്കാത്തു കൊടുക്കുന്നതു റമളാനിലേക്കു മാറ്റിവയ്ക്കുക യാണു പതിവ് (പു.118).

സക്കാത്തിന്റെ അർഹരെ തേടി നേരത്തെ കണ്ടെത്തുമെന്നും ജാതിയും മതവുമൊന്നും അതിൽ പരിഗണിക്കാറില്ലെന്നും നോവലിൽ

പരാമർശിച്ചു കാണുന്നുണ്ട് (പു.118). ചികിത്സാസഹായം, വീടുനിർമ്മാണം, എന്തെങ്കിലും തൊഴിലിനുള്ളമാർഗ്ഗം എന്നിവയ്ക്കെല്ലാം തന്നെ അവർ സക്കാത്തു ഫണ്ടു നീക്കിവെക്കാറുണ്ടെന്നു നോവലിൽ കാണുന്നു (പു.118).

തന്റെ ഭാര്യയുടെ ആഭരണങ്ങളും പെരുമനടിക്കലും കണ്ടു താൻ സക്കാത്തു കൊടുക്കാറില്ലെങ്കിൽ കൊടുക്കണമെന്നു പറഞ്ഞു മൊലിയാർ മമ്മു ട്ടിയെ ഉപദേശിക്കുമ്പോൾ ആ വിവരം മമ്മുട്ടി ഭാര്യയോടു വന്നു പറയുന്നുണ്ട്. യഥാവിധി സക്കാത്തു കൊടുക്കാൻ. എന്നാൽ മൊയ്ലിയാർക്കു തന്നോട് അസൂയയാണെന്നും സക്കാത്തിന്റെ അഹ്ലുകാർ (അവകാശികൾ) ആരൊക്കെ യാണെന്നു തനിക്കറിയാമെന്നുമാണ് അവൾ (കുഞ്ഞാമി) പ്രതികരിക്കുന്നത് (2012:137). എന്നാൽ പെരുമനടിക്കൽ ഹറാമാണെന്ന കാര്യത്തിൽ വിവരമുള്ള ആർക്കും തർക്കമില്ലെന്നും പൊന്നിനു സക്കാത്തു കൊടുത്തില്ലെങ്കിൽ വിചാര ണനാളിൽ തീയാലുള്ള പണ്ടങ്ങളണിയിക്കുമെന്നു തനിക്കറിയാമെന്നും മമ്മുട്ടി കുഞ്ഞാമിയെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതായും നോവലിൽ കാണാം (2012:137).

നോമ്പും നിസ്ക്കാരവും സക്കാത്തും സദക്കയും നന്മ പ്രവർത്തിക്കലും തിന്മ തിരസ്ക്കരിക്കലും ആണിനും പെണ്ണിനും ഒരുപോലെ ഫർളാണ്(നിർബ ന്ധമായ അനുഷ്ഠാനം) എന്നു നോവലിൽ പറയുന്നുണ്ട് (പു.147).

**2.1.3.2 ചെറുകഥകളിൽ**

**2.1.3.2.1 വത്തക്ക**

സക്കാത്തു നൽകുന്നതിനെക്കുറിച്ചു കഥയിൽ പരാമർശമുണ്ട്. അറബി മാസത്തിലെ റമളാൻ മാസത്തിലാണു മുസ്ലിങ്ങളിൽ അധികപേരും സക്കാത്തു (നിർബന്ധിതദാനം) നൽകുന്നത്. അടുത്ത ബന്ധത്തിൽപ്പെട്ടവർ ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കാണ് ആദ്യം നൽകേണ്ടത്. സാമ്പത്തികശേഷി ഉള്ളവർ ഇല്ലാത്തവർക്കാണു നൽകേണ്ടത്. *വത്തക്ക* എന്ന ചെറുകഥയിൽ ഞങ്ങൾ

സക്കാത്തു കൊടുക്കുന്നവരാണെന്ന മേനികാണിക്കാനായി സക്കാത്തു നൽകുന്നതിനെക്കുറിച്ചു പരാമർശിച്ചുകാണുന്നുണ്ട് (2014:76). അതുകൊണ്ടു പ്രയോജനമില്ലെന്ന സാരമാണു കഥയിൽ പരാമർശിച്ചിട്ടുള്ളത്.

'ഇങ്ങളെന്തിനാ ഉമ്മ ഈ പിച്ചക്കായി മാങ്ങുന്നത്? ഈനെക്കൊണ്ട് ഒന്നും ആകൂല. ഇല്ലാത്തോർക്കു സക്കാത്തുകൊടുക്കാനാ പടച്ചോൻ പറഞ്ഞത് ഇബല് മാനം നേടാൻ ബേണ്ടിയാ സക്കാത്തു കൊടുക്കുന്നത്' എന്നായിരുന്നു ആ കുടുംബവീട്ടുകാരുടെ മറുപടി (പു.76-81).

#### 2.1.3.3 അനുഭവക്കുറിപ്പുകൾ

സക്കാത്തിനെക്കുറിച്ചുള്ളപരാമർശങ്ങൾ അനുഭവക്കുറിപ്പുകളിൽ കാണുന്നില്ല.

#### 2.1.3.4 ലേഖനസമാഹാരത്തിൽ

##### 2.1.3.4.1 വൻദോഷങ്ങൾ വർജ്ജിക്കുക

മനുഷ്യരെല്ലാം ദൈവത്തിന്റെ ദാസന്മാരാണെന്നും അവർക്കിടയിൽ അടിമ-ഉടമ വ്യത്യാസമില്ലെന്നും മനുഷ്യസമത്വം പൂർണ്ണമായും ഉറപ്പുവരുത്തണമെന്നും ഖുർആൻ അനുശാസിക്കുന്നതായും ഇല്ലാത്തവനും ഉള്ളവനും തമ്മിലുള്ള അന്തരം ഇല്ലാതാക്കുന്നതിനായിട്ടാണു സക്കാത്ത് ഇസ്ലാമിൽ നിർബന്ധമാക്കിയതെന്നും ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ അന്യരെ കാണിക്കാൻ വേണ്ടി ചെയ്യുന്ന ദാനധർമ്മങ്ങൾ പാഴായിപ്പോകുമെന്നും അവർ നരകാവകാശികളായിരിക്കുമെന്നും ലേഖനത്തിൽ കാണുന്നു (2013:49).

### 2.1.4 നോമ്പ്

അറബിമാസത്തിലെ റമളാൻ മുസ്ലിങ്ങൾക്ക് ഏറെ പുണ്യമാക്കപ്പെട്ട മാസമാണു നിസ്ക്കാരത്തെപ്പോലെത്തന്നെ പ്രായപൂർത്തിയും ബുദ്ധിയും

ശുദ്ധിയുമുള്ള എല്ലാ മുസ്ലിങ്ങൾക്കും നോമ്പനുഷ്ഠിക്കൽ നിർബന്ധമാണ്. നോമ്പിനെക്കുറിച്ചു കൃതികളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അന്വേഷിക്കുകയാണ് ഈ ഭാഗത്ത്.

#### 2.1.4.1 നോവലുകളിൽ

##### 2.1.4.1.1 കിനാവ്

ആകാശത്തു ചന്ദ്രക്കലകാണുന്നതിന്റെ അടിസ്ഥാനത്തിലാണു നോമ്പുറപ്പിക്കുന്നത്. മാസപ്പിറവി കാണാൻ സാധ്യതയുള്ള ദിവസം നാട്ടുപ്രമാണിമാരും പള്ളിയിലെഖാളിമാരും പുത്തൻപുരയ്ക്കൽ തറവാട്ടിൽ ഒന്നിച്ചു കൂടും. സൈതൂട്ടിഹാജിയും അവരോടൊപ്പം ഉണ്ടായിരിക്കും. എല്ലാവരും ചന്ദ്രക്കല മിന്നിമായുന്നോ എന്നു നോക്കിയിരിക്കും. രാത്രി പത്തുമണി വരെയും കണ്ടില്ലെങ്കിൽ എല്ലാവരും തിരിച്ചുപോവും. കോഴിക്കോട്ടോ കൊയിലാണ്ടിയിലോ മാസപ്പിറവി കണ്ടാലും ആളുകൾ സൈതൂട്ടിഹാജിയെ വിവരമറിയിക്കും. അതിനുശേഷം പള്ളിയിലെ മുക്രിയും തണ്ണികോരിയും ചേർന്നു ദഫ്മുട്ടി എല്ലാ വീട്ടിലും ചെന്നു നോമ്പായതായും റമളാൻ പിറന്നതായും അറിയിക്കും (1990:45,46).

അതുപോലെ റമളാനു മുന്നോടിയായി വീടൊരുക്കുന്നതിനെക്കുറിച്ചും നോവലിൽ പരാമർശിക്കുന്നുണ്ട് (പു.44). നോമ്പു തുടങ്ങുന്നതിന് ഒരാഴ്ച മുമ്പേ 'നനച്ചുകുളി' തുടങ്ങും. വീടു വൃത്തിയാക്കുന്നതും അടുക്കള തേച്ചുകഴുകലുമൊക്കെയായിരിക്കും പണി. വീട്ടുകാർക്കു നല്ല തിരക്കായിരിക്കും. വീടുവെള്ളവലിക്കുന്നതും പെയിന്റടിച്ചു റങ്കു പിടിപ്പിക്കുന്നതും നോമ്പിനു മുന്നേതന്നെയാണ്. വീട്ടിലുള്ള മേശ, കട്ടിൽ തുടങ്ങിയ വസ്തുക്കളെല്ലാം ചകിരിയും സോപ്പും ഉപയോഗിച്ചു വൃത്തിയാക്കും. നിലം വൃത്തിയാക്കും. കിടക്കയും തലയിണകളും വെയിലത്തു വെച്ച് ഉണക്കിയെടുക്കും. തുണിത്തരങ്ങളെല്ലാം കാരവും സോപ്പുമുപയോഗിച്ചു പുഴുങ്ങി അടിച്ചു തിരുമ്പും. പുതിയ

തഴപ്പായകൾ വാങ്ങി കഴുകിവൃത്തിയാക്കിവെക്കും. കൂടാതെ ചെമ്പു പാത്രങ്ങൾ ശരിയാക്കിവെക്കും. പുതിയ മൺചട്ടികൾ വാങ്ങി തയ്യാറാക്കി വെക്കും. നോമ്പുകാലത്തേക്കു മാത്രമായി നാലും അഞ്ചും ജോലിക്കാരെയും നിയമിക്കാറുണ്ടെന്നും നോവലിൽ സൂചിപ്പിക്കുന്നുണ്ട് (പു.44).

നോമ്പുകാലത്തെ പ്രത്യേകനിസ്ക്കാരമായ തറാവീഹ് നിസ്ക്കാരത്തെ ക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ഇതിനായി ആണുങ്ങൾ പള്ളിയിൽ പോവും. സ്ത്രീകളും അയൽപക്കക്കാരായ സ്ത്രീകളും ചേർന്നു വീടിനകത്തു പ്രത്യേകം സജ്ജീകരിച്ച നിസ്ക്കാരമുറിയിലാണു നിസ്ക്കരിക്കുക. നാട്ടിലെ പ്രധാനപണ്ഡിത കുഞ്ഞാമിനുമ്മയുടെ നേതൃത്വത്തിലായിരിക്കും നിസ്ക്കാരം (പു.45).

റമളാൻ മാസത്തിൽ സെയ്തൂട്ടിഹാജി മുസ്‌ലിയാക്കന്മാരെ വീട്ടിൽ കൊണ്ടുവരികയും ഖുർആൻ ഓതി അർത്ഥം പറഞ്ഞു കേൾപ്പിക്കുകയും ചെയ്യുന്നതു പതിവാണെന്നു നോവലിൽ പറയുന്നു. വീട്ടിലെസ്ത്രീകൾക്കു വേണ്ടിയാണ് അത് (പു.47).

നോമ്പിനു മുന്നോടിയായി ഭക്ഷണസാധനങ്ങൾ ഒരുക്കിവയ്ക്കുന്നതിനെ ക്കുറിച്ചു നോവലിൽ പറയുന്നുണ്ട്. റമളാനിൽ മാത്രമായി പ്രത്യേക ഭക്ഷണ രീതികൾ പിൻതുടരുന്നവരാണു മുസ്ലിങ്ങൾ. ചെറിയ നോമ്പുതുറ, വലിയ നോമ്പുതുറ, മുത്താഴം, അത്താഴം അങ്ങനെ നാലു സമയങ്ങളിലേക്കായി ഭക്ഷണം തയ്യാറാക്കുന്നതായി കാണുന്നു. ഇത്തരം കാര്യങ്ങൾ മൂന്നാം അധ്യാ യത്തിൽ വിശദീകരിച്ചിട്ടുണ്ട്.

നോമ്പു പതിനേഴാംരാവിന്റെ പ്രത്യേകതയെക്കുറിച്ചും അന്നേദിവസം ബദർയുദ്ധത്തിൽ മരണമടഞ്ഞ പോരാളികളെ ഓർക്കുന്നതും പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതും ആലിക്കുട്ടിഹാജി പള്ളിയിൽപോയി നാട്ടിലെ പാവപ്പെട്ടവർക്കു കഞ്ഞിയും പത്തിരിയും വയറുനിറച്ചു കൊടുക്കു

ന്നതും നോവലിൽ പരാമർശിക്കുന്നുണ്ട് (പു.:47). അതുപോലെത്തന്നെ ഇരുപത്തിയേഴാം രാവും മുസ്ലിങ്ങൾക്ക് ഏറെ പ്രധാനപ്പെട്ടതാണ്. ആയിരം രാത്രിയേക്കാൾ പ്രാധാന്യമുണ്ട് ആ ഒറ്റ രാവിനെന്ന് അവർ വിശ്വസിക്കുന്നു. അന്നു പ്രാർത്ഥനയും സക്കാത്തു വിതരണവും പാപമോചനപ്രാർത്ഥനകളും നടത്തും. അന്നാണു സൈതൂട്ടിഹാജിയുടെ നോമ്പു തുറപ്പിക്കൽ. അന്നേ ദിവസം രാത്രി ഉറക്കമൊഴിച്ചിരുന്നു ഖുർആൻ പാരായണം ചെയ്യുമെന്നും അവർക്കെല്ലാമുള്ളഭക്ഷണപാനീയങ്ങൾ പുത്തൻപുരയ്ക്കൽ തറവാട്ടിൽ നിന്നാണു കൊടുത്തയക്കാറുള്ളതെന്നും കാണുന്നു. കുടിയാന്മാർ പുത്തൻപുരയിലേക്കു കോഴി, നെയ്യ്, പഴക്കുല, വെറ്റില, പുകയില തുടങ്ങിയവ കാണിക്കയായി എത്തിക്കുന്നതായും നോവലിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.46,47).

#### 2.1.4.1.2 നിലാവ്

നസീമയുടെ വല്ലിമ്മയുടെ സുഖവിവരങ്ങൾ ആളുകൾ അന്വേഷിക്കുന്നിടത്ത് അവുള്ളാക്ക പറയുന്ന മറുപടി ''തീരെവയ്യ എന്നാലും നോമ്പും നിസ്കാരോം മുടക്കാറില്ല'' എന്നാണ് (2007:63). അനുഷ്ഠാനങ്ങൾക്ക് അവർ നൽകുന്ന പ്രാധാന്യമാണ് ഈ വാക്കുകളിൽനിന്നും മനസ്സിലാവുന്നത്.

#### 2.1.4.1.3 ആകാശഭൂമികളുടെ താക്കോൽ

നോവലിലെ മുപ്പത്തിയഞ്ചാം അധ്യായത്തിൽ നോമ്പിനെക്കുറിച്ചുള്ള വിവരണമാണ് ഉള്ളത്. നഗരത്തിലെ നക്ഷത്രഹോട്ടലിലെ ശിതീകരിച്ച മുറിക്കുള്ളിൽ ആഡംബരസൽക്കാരങ്ങളായിട്ടാണു നോമ്പുതുറയും മറ്റും നടക്കുന്നത്. പരിശുദ്ധമെന്നു വിശ്വസിക്കുന്ന നോമ്പും അതിനോടനുബന്ധിച്ച കാര്യങ്ങളും മേനികാണിക്കാനുള്ള സംഭവമാക്കി പണക്കാർകാണുന്നു. 'മുമ്പൊക്കെ നോമ്പുതുറ എന്നു പറയുമ്പോൾ സൗഹൃദം പങ്കുവെക്കാനും പുതുക്കാനുമുള്ള വേദിയായിരുന്നു. പ്രമുഖരെ മാത്രം വിളിച്ചു മേനികാ

ണിക്കുന്ന പരിപാടി അന്നില്ല. വളരെ വേണ്ടപ്പെട്ട ആളുകളെയും സുഹൃത്തുക്ക ളെയും മാത്രമേ വിളിക്കാറുള്ളൂ. മനുഷ്യനു പണത്തിനോട് ആർത്തികൂടിയ പ്പോൾ എല്ലാം നാട്യങ്ങളായി. അമിതലാഭക്കാർക്കും കള്ളക്കച്ചവടക്കാർക്കും കാര്യം കാണാനും പെരുമകാണിക്കാനുമുള്ള വേദികൂടിയായി ഇഫ്താർ വിരുന്ന് (2008:206-10). ഇത്തരത്തിൽ ഇഫ്താർ വിരുന്നായിമാറിയ നോമ്പുകാല ത്തെക്കുറിച്ചു നോവലിൽ സൂചിപ്പിക്കുന്നുണ്ട്.

#### 2.1.4.1.4 നിഴൽ

*നിഴൽ* എന്ന നോവലിലും നോമ്പുമായി ബന്ധപ്പെട്ട് അവരുടെ വീട്ടിലെ സംഭവവികാസങ്ങൾ പരാമർശിച്ചുകാണുന്നുണ്ട്. നോവലിലെ മുഖ്യകഥാപാത്ര മായ റാബിയ ഇസ്ലാമിക ചിട്ടവട്ടങ്ങൾക്കനുസരിച്ചു കുടുംബത്തെ കൊണ്ടു വരാൻ ശ്രമിച്ചു. കുട്ടിക്കാലത്ത് ഉമ്മ മക്കളെക്കൊണ്ടു നിർബന്ധമായും നോമ്പ് എടുപ്പിക്കുമായിരുന്നു. വീട്ടിലുള്ള ദിവസങ്ങളിൽ വാപ്പയും നോമ്പു പിടിക്കും. സുബഹിക്കുമുമ്പേ ഉമ്മ എഴുന്നേറ്റ് അടുക്കളയിൽ കയറി കാപ്പിയും പലഹാര ങ്ങളുമുണ്ടാക്കി എല്ലാവരെയും വിളിച്ചുണർത്തും. ചോറ് ആരും കഴിക്കില്ല. ആവി പറക്കുന്ന പലഹാരങ്ങളാണു പ്രിയം. അതിലൊന്നും ഉമ്മയ്ക്കു പരാതി യില്ല. ഭക്ഷണം കഴിഞ്ഞു പള്ളിയിൽ സുബഹി ബാങ്കുവിളിക്കുന്നതുവരെ ഖുർആൻ ഓതിക്കൊള്ളണം. വലിയാക്ക മാത്രം ഇറയത്തിരുന്നു ഖുർആൻ ഓതും. മറ്റുള്ളവർ ഉമ്മ കാണാതെ മുറിക്കകത്ത് ഉറക്കമായിരിക്കും. സുബഹ് നിസ്ക്കാരം കഴിഞ്ഞുകിടക്കുന്ന ഉമ്മ വൈകിയേ ഉണരൂ. നോമ്പുകാ ലത്തു പകൽ അടുക്കളയിൽ വിഭവങ്ങൾ ഉണ്ടാക്കില്ല. വൈകുന്നേരം മാത്രമെ ഭക്ഷണങ്ങൾ ഉണ്ടാക്കൂ. നോമ്പുപിടിക്കാത്ത ദിവസങ്ങളിൽ അസൈനാരുകുട്ടി അടുക്കളയിൽ കയറി ചായ ഉണ്ടാക്കിക്കുടിച്ചു കടയിൽ പോകും. ഇങ്ങനെയൊ ക്കെയായിരുന്നു നോമ്പുകാലവുമായി ബന്ധപ്പെട്ട് ആ വീട്ടിലെ വിശേഷങ്ങൾ (2012:48,60,61). അതുപോലെ കുട്ടികൾ നോമ്പെടുക്കുന്നതും ആരും കാണാതെ

വിശക്കുമ്പോൾ വെള്ളം കുടിക്കുന്നതും മിഠായിയും മറ്റും വാങ്ങിക്കഴിക്കുന്നതും നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (പു.205). നോമ്പും നിസ്ക്കാരവും നിർബന്ധമായും നിലനിർത്തണമെന്ന് ആവശ്യപ്പെട്ടു ഭാര്യ ഭർത്താവി നോടു പിണങ്ങുന്നതായും പരാമർശമുണ്ട് (പു.205).

**2.1.4.1.5 പ്രകാശത്തിനുമേൽ പ്രകാശം**

സ്വദേശത്തും വിദേശത്തുമുള്ള ആളുകളുടെ കഥ ഉൾപ്പെട്ട നോവലിൽ രണ്ടു ദേശത്തേയും നോമ്പിനെക്കുറിച്ചു പറയുന്നുണ്ട്. പഴയകാല ഓർമ്മകളും നോവലിൽ കടന്നുവരുന്നുണ്ട്. പഴയകാലത്തു നോമ്പിനു മുമ്പ് ഒരുക്കങ്ങൾ തുടങ്ങുമെന്നും പത്തിരിക്കുള്ളപൊടിയുണ്ടാക്കി മക്കളുടെ വീടുകളിലേക്കു കൊടുത്തയക്കുന്നതിനെക്കുറിച്ചും രണ്ടാഴ്ച മുമ്പേ അരിയും മറ്റു സാധനങ്ങളും ഇടിച്ചു പൊടിയാക്കുന്നതിനെക്കുറിച്ചും പറയുന്നുണ്ട്. അതുപോലെ നോമ്പുകാ ലത്തുള്ള രാത്രികാല ഉറക്കമൊഴിച്ചിലിനെക്കുറിച്ചും പ്രാർത്ഥനയും ഖുർആൻ പാരായണവും നിസ്ക്കാരവുമായി ദിനരാത്രങ്ങൾ തള്ളിനീക്കുന്നതി നെക്കുറിച്ചും പരാമർശിച്ചുകാണുന്നു(2012:146). രാത്രികാലങ്ങളിലെ പ്രാർത്ഥന യ്ക്കു പതിന്മടങ്ങാണു ഫലമെന്ന് അവർ വിശ്വസിച്ചിരുന്നു. നോമ്പു തുറക്കു മ്പോഴും അത്താഴത്തിനും ഓരോരുത്തർക്കും ഓരോ ഇഷ്ടങ്ങളാണെന്നും അവ ഉമ്മ വീട്ടിൽ മക്കൾക്ക് ഉണ്ടാക്കിനൽകാറുണ്ടെന്നും സ്മരിക്കുന്നുണ്ട് (പു.146). നോമ്പും നിസ്കാരവും സക്കാത്തും സദക്കയും നന്മപ്രവർത്തിക്കലും തിന്മ തിരസ്ക്കരിക്കലും ആണിനും പെണ്ണിനും ഒരുപോലെ ഫറളാണ്. (നിർബ ന്ധമായ അനുഷ്ഠാനം) എന്നാണ് അവരുടെ വിശ്വാസം (പു.147).

വിദേശത്തു പ്രത്യേകിച്ച് അറബിനാടുകളിൽ താമസിക്കുന്ന കുറേയേറെ കഥാപാത്രങ്ങൾ നോവലിലുണ്ട്. നിസ്ക്കാരസമയങ്ങളിൽ പള്ളിയിൽ പോകാതെ അലഞ്ഞുനടക്കുന്നവരെയും സംശയകരമായ സാഹചര്യങ്ങളിൽ കണ്ടുമുട്ടുന്ന സ്ത്രീപുരുഷന്മാരെയും നോമ്പുകാലങ്ങളിൽ പൊതുസ്ഥലത്തു

വെച്ചുഭക്ഷണം കഴിക്കുന്നവരെയുമൊക്കെ ശിക്ഷിക്കാൻ അറബിപോലീസു കാർക്ക് അധികാരമുണ്ടെന്നു രേഖപ്പെടുത്തിക്കാണുന്നു (പു.176).

നോമ്പുതുറക്കുന്നസമയത്തെ 'സർബത്തി'നെക്കുറിച്ചും വിദേശത്താ യാലും നോമ്പുതുറയ്ക്ക് അരിപ്പത്തിരിയും മീൻവരട്ടിയതും ഇറച്ചിക്കറിയും ഉണ്ടാക്കുന്നതിനെക്കുറിച്ചു നോവലിൽ സൂചിപ്പിക്കുന്നുണ്ട് (പു.191,158,159).

അനുഷ്ഠാനങ്ങളെല്ലാം ആർഭാടം കാണിക്കുന്നതിനുവേണ്ടി മാത്രമായി മാറുന്നതിനെക്കുറിച്ചും നോമ്പുതുറസൽക്കാരമായി മാറിയതിനെക്കുറിച്ചുമെല്ലാം നോവലിൽ സൂചിപ്പിക്കുന്നുണ്ട് (പു.159).

**2.1.4.2 ചെറുകഥകളിൽ**

**2.1.4.2.1 അദൃശ്യങ്ങളെ അറിയുന്നവൻ**

രോഗിയായിത്തീർന്ന ഒരു ഉമ്മയുടെ കഥയാണ് 'അദൃശ്യങ്ങളെ അറിയുന്നവൻ.' ഇസ്ലാമികചിട്ടവട്ടങ്ങൾക്കനുസരിച്ചു ജീവിക്കുന്നവളാണ് ഉമ്മ. ഖുർആനികവചനങ്ങൾ അർത്ഥമറിഞ്ഞു പാരായണം ചെയ്യാൻശ്രമിക്കുന്നവ രാണ് അവർ. കഥയിലുടനീളം ഖുർആൻസൂക്തങ്ങളും അവയുടെ അർത്ഥ ങ്ങളും കാണാം.

''വേദഗ്രന്ഥത്തെ മുറുകെപ്പിടിക്കുകയും നിസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും നോമ്പുനോൽക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്തവരാരോ ആ സത്കർമകാരികൾക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടുത്തി ക്കളയുകയില്ല'' എന്ന ഖുർആൻസൂക്തം കഥയിൽ പരാമർശിച്ചതായി കാണുന്നു (2014:66).

**2.1.4.2.2 കദീശുമ്മ**

പുത്തൻപുരക്കലെ ജോലിക്കാരിയും സൈനുവിന്റെ പോറ്റുമ്മയുമായ കദീശുമ്മ നോമ്പുകാലത്തു കോഴിക്കോട്ടേക്കു യാത്രപോവാറുണ്ട്. സൈനബ

നോമ്പിനു മാത്രമായി അവർക്കു പ്രത്യേകസാധനങ്ങൾ ഒരുക്കിവെക്കുന്നതായി കഥയിൽ പരാമർശിച്ചുകാണുന്നു. അവർക്കാവശ്യമായ അരി, പഞ്ചസാര, ചായപ്പൊടി, മുന്തിരിങ്ങ എന്നിവയുണ്ട് അതിൽ. നോമ്പു തുറക്കുമ്പോൾ തരിക്കഞ്ഞികുടിക്കണം എന്നു പറഞ്ഞു റാത്തല് തരീം, തേങ്ങയും കൊടുക്കുന്നുണ്ട് എന്നുള്ള കാര്യങ്ങൾ പരാമർശിച്ചു കാണുന്നു (പു.234).

#### 2.1.4.2.3 കളിത്തത്ത

നിർബന്ധമാക്കപ്പെട്ട നോമ്പിനു പുറമെ മറ്റു നോമ്പുകളെക്കുറിച്ചും കഥയിൽ പരാമർശിക്കുന്നുണ്ട്. കുഞ്ഞലീമ ജനിച്ചതും വളർന്നതും കേരളത്തിലെ മലയോരഗ്രാമത്തിലാണ്. അവിടെ ഉള്ളവരെല്ലാം റമളാൻ മാസത്തിലെ നോമ്പെടുക്കുമെന്നും അതിനുപുറമെ സുന്നത്താക്കപ്പെട്ട മിഹ്റാജ്, അറഫാ, ആശൂറാ നോമ്പുകളും നോൽക്കാറുണ്ടെന്നും സൂചിപ്പിച്ചു കാണുന്നുണ്ട് (പു.2014,17).

#### 2.1.4.2.4 വത്തക്ക

നസീമയുടെ ഇളയമ്മ നോമ്പു തുറക്കുമ്പോൾ കലക്കിക്കുടിക്കാൻ മുന്തിയജാതി ബത്തക്ക അവൾക്കും കുടുംബത്തിനുമായി നൽകുന്നു എന്ന സൂചനയുണ്ട്. (പു.80).

#### 2.1.4.2.5 അദൃശ്യങ്ങളെ അറിയുന്നവൻ

'വേദഗ്രന്ഥത്തെ മുറുകെപ്പിടിക്കുകയും നിസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും നോമ്പു നോൽക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്തവരാരോ ആ സത്കർമകാരികൾക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടുത്തിക്കളയുകയില്ല' എന്ന സത്യം ഖുർആൻവചനം ഉച്ചരിച്ചുകൊണ്ടു നോമ്പിന്റെ പ്രാധാന്യം വിവരിക്കുന്നതായി കഥയിൽ കാണാം (പു.166).

**2.1.4.3 അനുഭവക്കുറിപ്പുകൾ**

**2.1.4.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

റമളാൻമാസത്തിലെത്തന്നെ പ്രധാനപ്പെട്ട ഒരു രാവാണു 'ലൈലത്തുൽ ഖദ്ർ' റമളാനിലെ അവസാനപത്തിൽ ഒറ്റപ്പെട്ട രാവുകളിൽ ലോകമുസ്ലിംകൾ ഈ ദിനം പ്രതീക്ഷിക്കുന്നു. പ്രത്യേകം പുണ്യമാക്കപ്പെട്ട ദിവസ മാണുമുസ്ലിങ്ങൾക്കിത്. ലൈലത്തുൽ ഖദ്ർനെക്കുറിച്ച് *ഉമ്മക്കുട്ടിയുടെ കുഞ്ഞി ക്കിനാവുകൾ* എന്ന അനുഭവക്കുറിപ്പിൽ പരാമർശിക്കുന്നുണ്ട് (2015:89). അതു പോലെ രാത്രികാല 'വയളി'(മതപ്രഭാഷണം)നെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട് (പു.89).

റമളാൻമാസത്തിലെ ഇബാദത്തിനു പത്തെരട്ടിയാണു കൂലി. 'ലൈലത്തുൽ ഖദറിന്റെ രാവിനായി കാത്തിരിക്കിൻ കൂട്ടരേ...... ആയിരം മാസത്തെ പ്രതിഫലം കിട്ടുന്ന രാവിനായി കാത്തിരിക്കാനാണ് അള്ള പറഞ്ഞത്. ഇന്നാ അൻസലനാഹു ഫി ലൈലത്തുൽഖദ്ർ.... ലൈലത്തുൽ ഖദറി മിൻഅൽഫിശ്ശഹറ്....' (പു.85,89) എന്ന ഖുർആൻ വാചകം ഉദ്ധരിച്ചുകാണുന്നു (പു.89).

**2.1.4.4 ലേഖനസമാഹാരത്തിൽ**

**2.1.4.4.1 ആരോടു ചൊല്ലേണ്ടു നാം**

**2.1.4.4.1.1 റമളാൻ സ്മരണകൾ**

*ആരോടു ചൊല്ലേണ്ടു നാം* എന്ന ലേഖനസമാഹാരത്തിലെ 'റമളാൻ സ്മരണകൾ' എന്ന ലേഖനത്തിൽ കുട്ടിക്കാലത്തെ റമളാൻ ഓർമ്മകൾ കടന്നു വരുന്നുണ്ട്.

കുട്ടിക്കാലത്തു റമളാനെവരവേൽക്കാൻ ഒരുങ്ങുമ്പോൾ നോമ്പുതുറവേള കളിൽ ഉമ്മറത്തിണ്ണയിൽ വിരിച്ച സുപ്രയിൽ നിരത്തുന്ന കൊതിയൂറുന്ന

വിഭവങ്ങളാണ് അവരുടെ മനസ്സിലേക്കെത്തുന്നതെന്നും റമളാൻ മാസത്തിനു മുമ്പുള്ള 'ശഅബാൻ' മാസത്തിൽതന്നെ നോമ്പിനെ വരവേൽക്കുന്നതും വീട് അകവും പുറവും മാറാല അടിച്ചുവൃത്തിയാക്കുന്നതും ചുമരുകളിൽ ചുണ്ണാമ്പു പൂശി മനോഹരമാക്കുന്നതും നിലം തേച്ചുകഴുകി വൃത്തിയാക്കുന്ന തിനെക്കുറിച്ചുമെല്ലാം പരാമർശിച്ചിട്ടുണ്ട് (2013:91). നോമ്പുകാലത്തേക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ ഒരുക്കുക, നെല്ലുകുത്തി അരിയാക്കി തരം തിരിച്ചു പാത്രങ്ങളിലാക്കുക, പത്തിരിക്കും പുട്ടിനുമുള്ള അരിപ്പൊടിയുണ്ടാ ക്കുക, മല്ലിയും മുളകും പൊടിക്കുക തുടങ്ങിയ കാര്യങ്ങളും വിവരിക്കുന്നു (പു.90). നോമ്പുതുറ വിഭവങ്ങളുണ്ടാക്കാനുള്ള സാധനങ്ങളുമായി കോഴിക്കോ ട്ടുനിന്നു ചാത്തപ്പന്റെ കാളവണ്ടി തിക്കോടിയിലെ വീട്ടിലെത്തുന്നതോടെ ഒരുക്ക ങ്ങൾ പൂർത്തിയാക്കുന്നു. പനയോലവട്ടികളിലുള്ളത് നോമ്പു തുറക്കുള്ള പ്രത്യേകവിഭവങ്ങളാണ്. ഈത്തപ്പഴം, അത്തിപ്പഴം, അക്കറോട്ട്, അണ്ടിപ്പരിപ്പ്, ഉണക്കമുന്തിരി, ബദാം തുടങ്ങിയ സ്പെഷ്യൽ നോമ്പുതുറവിഭവങ്ങൾ (പു.90).

കുട്ടികൾക്ക് ഇഷ്ടപ്പെട്ടനോമ്പുതുറയെക്കുറിച്ച് ഇപ്രകാരം പരാമർശിച്ചി രിക്കുന്നു. കുട്ടികൾക്കേറ്റവുമിഷ്ടം ചെറിയനോമ്പുതുറയാണ്. ഉന്നക്കായ. കോഴിയട, ബജിയ എന്നിങ്ങനെ മൂന്നു നാലുതരം വിഭവങ്ങൾ എന്നും പതി വാണ്. കുടിക്കാനാണെങ്കിൽ ബദാംപാലിലരച്ചുകലക്കിയത്, കസ്കസ്, ഉണക്ക മുന്തിരി, ഇളനീർ തുടങ്ങിയ പാനീയങ്ങളും ഉണ്ടാകും. ഈത്തപ്പഴം, അത്തിപ്പഴം, അക്ക്റോട്ട് തുടങ്ങിയവയെക്കുറിച്ചും *റമളാൻ സ്മരണകൾ* എന്ന ലേഖന ത്തിൽ പരാമർശിച്ചുകാണുന്നു (പു.91).

ആണുങ്ങൾ നോമ്പുതുറ കഴിഞ്ഞാൽ പള്ളിയിലേക്കു തറാവീഹ് (റമളാൻ മാസത്തിലെ പ്രത്യേകനിസ്കാരം) നിസ്ക്കാരത്തിനായി പോവു ന്നതായി പറയുന്നു. സ്ത്രീകൾ തളത്തിലെ തിണ്ണയിൽ പായവിരിച്ചു നിസ്കരി

ക്കുന്നു. ഇരുപത്തിരണ്ടു റക്അത്തുകളായി തറാവീഹ് നിസ്കരിച്ചിരുന്നതായി എഴുത്തുകാരി സ്മരിക്കുന്നുണ്ട് (പു.91).

### 2.1.4.4.1.2 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി

'പ്രപഞ്ചനാഥാ, നീയല്ലാതെ ആരാധ്യനില്ല. ഞങ്ങളുടെ ചെറുതും വലുതുമായ പാപങ്ങൾ പൊറുത്തുതന്നു നീ ഞങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കണമേ' എന്ന് ഓരോവിശ്വാസിയും രാവും പകലുമില്ലാതെ പ്രാർത്ഥിക്കുന്നു. ഭക്തിയോടെ ഭക്ഷണമുൾപ്പെടെ ശാരീരികേച്ഛകളെയെല്ലാം ത്യജിക്കുന്നു. അങ്ങനെ നിസ്കാരവും ഖുർആൻപാരായണവുമായി കഴിയുന്നകാലവുമാണു നോമ്പുകാലം. പ്രാർത്ഥന ദൈവംസ്വീകരിക്കണമെങ്കിൽ വ്യക്തിയുടെ കർമ്മങ്ങൾ കുറ്റമറ്റതാവണമെന്നും സ്വന്തം ശരിതെറ്റുകൾ മനസ്സിലാക്കി പ്രവർത്തിക്കണമെന്നും അന്യർക്കുകൂടി ഉപകാരപ്രദമാവുന്ന രീതിയിൽ ജീവിക്കുകയും പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണമെന്നും എങ്കിലേ വ്രതം പൂർണ്ണമാവുകയുള്ളൂ എന്നും ലേഖനത്തിൽ പരാമർശിച്ചുകാണുന്നു (പു.96).

### 2.1.4.4.1.3 വൻദോഷങ്ങൾ വർജ്ജിക്കുക

ദാരിദ്ര്യംകാരണം ആഹാരത്തിനുവകയില്ലാതെ പ്രയാസപ്പെടുന്നവരുടെ അവസ്ഥ തിന്നുമദിക്കുന്ന ധനികരെ അറിയിക്കുന്നതിനു വേണ്ടികൂടിയാണു വർഷത്തിൽ മുപ്പതുനാൾ വ്രതം അനുഷ്ഠിക്കൽ നിർബന്ധമാക്കിയതെന്നു ലേഖനത്തിൽ സൂചിപ്പിച്ചിട്ടുണ്ട് (പു.49).

### 2.1.5 ഹജ്ജ്

ഇസ്ലാമതവിശ്വാസപ്രമാണങ്ങളിൽ അഞ്ചമാത്തെതാണു ഹജ്ജ്. പണവും ശരീരസുഖവും ഉള്ളവർ മക്കയിൽപോയി തീർത്ഥാടനം ചെയ്യണം. കൃതികളിൽ

ഹജ്ജുമായി ബന്ധപ്പെട്ടു വരുന്ന കാര്യങ്ങൾ അന്വേഷിക്കുകയാണ് ഈ ഭാഗത്ത്.

#### 2.1.5.1 നോവലുകളിൽ

##### 2.1.5.1.1 കിനാവ്

ബീപാത്തുഹജ്ജുമ്മയുടെ ഉപ്പ ആലിക്കുട്ടിഹാജിയുടെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (1990:35). ഹജ്ജനുഭവങ്ങൾ മക്കൾക്കു വായിക്കാനായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. അക്കാലത്തു ഹജ്ജിനു പോയിവരാൻ ആറു മാസമെങ്കിലും സമയമെടുക്കുമായിരുന്നു. കോഴിക്കോട്ടുനിന്നു മദ്രാസു വഴി ബോംബെ, ബോംബെയിൽനിന്നും ജിദ്ദയിലേക്കു കപ്പൽ കയറുന്നു. കപ്പൽ ജിദ്ദയിലെത്താൻ ഒരു മാസമെങ്കിലും എടുക്കും. അവിടെനിന്നും ഒട്ടകപ്പുറത്തു മക്കയിലേക്കും മദീനയിലേക്കും. ചുട്ടുപൊള്ളുന്നവെയിലത്തായിരിക്കും യാത്ര. അരിയും സാധനങ്ങളും ചുമക്കാൻ സഹായികൾ ഉണ്ടാകും. നീരുറവകളിൽനിന്നും വെള്ളം ശേഖരിച്ചു തോൽ സഞ്ചികളിലാക്കിസൂക്ഷിക്കും. കാട്ടറബികളുടെ കൊള്ളയിൽനിന്നും രക്ഷനേടാനും ശ്രദ്ധിക്കണമായിരുന്നു. നല്ലആരോഗ്യമുള്ള സമയത്തു പോയാലും തിരിച്ചെത്തി ഒരു മാസത്തോളം പനിപിടിച്ചു കിടപ്പിലായ കാര്യങ്ങളും മറ്റും നോവലിൽ വിശദമായി അവതരിപ്പിച്ചിട്ടുണ്ട് (പു.35).

അതുപോലെതന്നെ ബീപാത്തു ഹജ്ജുമ്മയുടെ അനിയൻ മൊയ്തു ഹജ്ജിനു പോവുന്നതിനുമുമ്പായി ബന്ധുമിത്രാദികളെക്കണ്ടു തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞു യാത്രചോദിക്കാൻ വരുന്ന രംഗവും നോവലിൽ ഉണ്ട് (പു.92). ആ സമയത്തു ബീപാത്തുഹജ്ജുമ്മ ഹജ്ജിനു പോയതു ചിന്തിക്കുന്നുണ്ട്. കപ്പലിലാണ് അവർ യാത്രപോയിരുന്നത്. മൊയ്തു വിമാനത്തിലാണു പോവുന്നത്. കപ്പൽയാത്രയിലെ പ്രയാസങ്ങൾ നോവലിൽ പരാമർശിക്കുന്നുണ്ട് (പു.93). ഇന്നു വിമാനത്തിലായതിനാൽ അത്ര പ്രയാസങ്ങളൊന്നും

യാത്രക്കുണ്ടാവില്ല എന്നും അവർ ചിന്തിക്കുന്നു. 'റൗളാശരീഫി'നെക്കുറിച്ചും (നബിയുടെ ഖബർസ്ഥാൻ) 'അള്ളാഹു അക്ബർ'(ദൈവം ശക്തനാണ്) എന്ന തക്ബീർ ധ്വനിയെക്കുറിച്ചും ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ അള്ളാഹു വിനെ മാത്രം ഓർത്തുകൊണ്ടു നിസ്ക്കാരവും പ്രാർത്ഥനയും ഓത്തുമായി കഴിയുന്നതിനെക്കുറിച്ചുമെല്ലാം ഹജ്ജുമ്മ ഓർമ്മിക്കുന്നുണ്ട് (പു.93-94).

ഹജ്ജിനായി ഇഹ്റാം കെട്ടുന്നതിനെക്കുറിച്ചു പരാമർശിച്ചു കാണുന്നുണ്ട് (പു.96). ഇഹ്റാം കെട്ടുന്നതിനായി കപ്പൽ നിർത്തുകയും ആണുങ്ങൾ താടിവടിക്കുകയും എല്ലാവരും നഖംവെട്ടി കുളിച്ചു മനസ്സും ശരീരവും ഒരുപോലെ ശുദ്ധമാക്കി വെള്ളവസ്ത്രം ധരിക്കുന്നു. ഈ ചടങ്ങാണ് 'ഇഹ്റാം' (പു.96). സ്ത്രീകൾ ദേഹംമുഴുവൻ മറയുന്ന വസ്ത്രം ധരിക്കും. മുൻകൈയും മുഖവും മാത്രമേ പുറത്തു കാണൂ. തലനാരിഴപോലും പുറത്തു കാണിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ആണുങ്ങൾ ഇഹ്റാം കെട്ടിയാൽ തുന്നിയ വസ്ത്രങ്ങൾ ധരിക്കാൻപാടില്ല. വെളുത്തമുണ്ട് ഉടുക്കും. ഒന്നു തോളത്തും ഉണ്ടാവും. അള്ളാഹുവിനു ധനികനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലെ ന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണു സൂചിപ്പിച്ചുകാണുന്നത് (പു.96). സ്ത്രീകളും പുരുഷന്മാരും ഒത്തുചേർന്ന് അള്ളാഹുവിന്റെ തിരുനാമങ്ങൾ ഉറക്കെ ചൊല്ലിക്കൊണ്ടാണു ജിദ്ദയിൽ കപ്പലിറങ്ങുക (പു.96).

'കഅ്ബ' വലയം വെക്കുന്നതിനെ തവാഫ് എന്നാണ് പറയുന്നത്. തവാഫിന്റെ സമയത്തു കഅ്ബയുടെ ഒരു മൂലയിലുള്ള 'ഹജറുൽ അസ്വദ്' എന്നു പേരുള്ള കല്ല് (സ്വർഗ്ഗത്തിൽ നിന്നും ലഭിച്ചതാണെന്നു വിശ്വസിക്കപ്പെ ടുന്നു) തൊട്ടുമുത്താൻ അവസരം കിട്ടുന്നതു വലിയപുണ്യമാണെന്നു വിശ്വസി ക്കുന്നുണ്ട്. ഏഴു പ്രാവശ്യമാണു 'കഅ്ബ'യെ വലയംവെക്കേണ്ടത്. അതു കഴിഞ്ഞു രണ്ടുറക്ക്അത്തു നിസ്ക്കരിച്ചു തലയിൽനിന്നും രണ്ടിഴമുടി വെട്ടിക്കള യണം. തുടങ്ങിയ ആചാരങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട് (പു.96).

മക്കയിലുള്ള ഇബ്രാഹിംമഖാം (ഇബ്രാഹീം നബിയുടെ കാലടയാളം) ഇത് ഒരു കണ്ണാടിപ്പെട്ടിയിൽ സൂക്ഷിച്ചിട്ടുണ്ട്. അതിനടുത്തുവെച്ചു പ്രത്യേകം പ്രാർത്ഥനനടത്താറുണ്ട് എന്നു സൂചിപ്പിച്ചുകാണുന്നു. മക്കയിലെ കഅ്ബ ദേവാലയമായ ഹറമിനെക്കുറിച്ചു പരാമർശമുണ്ട്. ഹറമിൽ പോയിട്ടാണ് അഞ്ചു നേരത്തെ നിസ്ക്കാരം നിർവ്വഹിക്കാറ് എന്നു പറയുന്നുണ്ട്. അവിടെവെച്ചുപാപ മോചനത്തിനായി പ്രാർത്ഥിക്കുമെന്നും സൂചനയുണ്ട് (പു.97).

അറബിമാസത്തിലെ അവസാനമാസമായ ദുൽഹജ്ജ് എട്ടിനാണു ഹജ്ജുൽ ഉംറ (പു.98). മക്കയിൽനിന്നും ഉംറ നിർവ്വഹിച്ചശേഷം മദീന എന്ന സ്ഥലത്തേക്കു പുറപ്പെടുന്നു. ദുൽഹജ്ജു ഒമ്പതാംരാവിലാണ് അറഫയിലേ ക്കുള്ള യാത്ര. അറഫ എന്നു പറയുന്നതു മരുഭൂമിയാണ്. അവിടെവെച്ച് എപ്പോഴും പ്രാർത്ഥനയാണ്. പ്രത്യേകപ്രാർത്ഥനയും കർമ്മങ്ങളും അവിടെ വെച്ച് ആളുകൾ നിർവ്വഹിക്കുന്നു. എത്ര വലിയപാപങ്ങൾ ചെയ്താലും അവിടെവെച്ചു പൊറുക്കപ്പെടും എന്നാണ് അവരുടെ വിശ്വാസം. അതിനെത്തു ടർന്നു 'മുസ്തലിഫ' എന്ന സ്ഥലത്തേക്കു പോവും ഹജ്ജാജിമാർ. മുസ്തലിഫ യിൽരാപാർക്കുക എന്ന കർമ്മം കൂടി അവർക്കു ചെയ്യാനുണ്ട്. ഒരുദിവസം അവിടെ താമസിച്ചു ചെകുത്താനെ എറിയാനുള്ള കല്ലുകളും ശേഖരിച്ചു മീനായിലേക്ക് എത്തും. അവിടെവെച്ചു മൂന്നുസ്ഥലങ്ങളിലായി ഏഴുതവണ തൂണിനെകല്ലെറിയും. ചെകുത്താനെയാണു കല്ലെറിയുന്നത് എന്നാണ് അവരുടെ വിശ്വാസം(പു.98). തുടർന്നു മൂന്നാംദിവസം മക്കയിൽ തിരിച്ചെത്തു കയും ബലികർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു. ആട്, ഒട്ടകം, കാള തുടങ്ങിയ മൃഗങ്ങളിൽ അവനവന്റെ കഴിവിനനുസരിച്ചു ബലിയർപ്പണം നടത്താം. അതിനുശേഷം കഅ്ബയെ വീണ്ടും വലയംചെയ്യുകയും സഫാമർവാ മലകൾക്കിടയിൽക്കൂടി ഏഴുപ്രാവശ്യം നടക്കുന്നു. തുടർന്നു പ്രാർത്ഥനകളും നിസ്ക്കാരവും നിർവ്വഹിക്കുകയും ചെയ്യും.

ഹജ്ജു കർമ്മങ്ങൾ കഴിയുന്നതോടെ ആ വ്യക്തി പിറന്നുവീണകുഞ്ഞിനെപ്പോലെ പരിശുദ്ധനായിരിക്കുമെന്നു നോവലിൽ സൂചിപ്പിച്ചതായി കാണുന്നു (പു.99). അതിനർത്ഥം അവർ ചെയ്ത ചെറുതും വലുതുമായ എല്ലാപാപങ്ങളും പൊറുക്കപ്പെടും എന്നാണ്. എല്ലാവരും അവിടെ പ്രാർത്ഥിക്കുന്നത് ഒരേ പ്രാർത്ഥനയാണെന്നു കാണാം. 'പാപം പൊറുത്തുതരണേ, നരകത്തീയിൽനിന്നു കരകയറ്റണേ' (പു.99) തുടങ്ങിയ കാര്യങ്ങൾ വളരെ വിശദമായി തന്നെ നോവലിൽ പ്രതിപാദിച്ചു കാണുന്നുണ്ട്.

പണ്ടു ഹജ്ജിനു രണ്ടുംകൽപിച്ചാണ് ഇറങ്ങുക. ആർക്കെങ്കിലും കടം കൊടുക്കാനുണ്ടെങ്കിൽ അതു കൊടുത്തുതീർക്കും. കഴിയാത്തകടമാണെങ്കിൽ ആ വ്യക്തിയെ കണ്ടുമാപ്പുപറയും. കൂടാതെ സ്വന്തക്കാരെയും ബന്ധുക്കളെയും ചെന്നുകണ്ടു തെറ്റുകുറ്റങ്ങൾക്കു മാപ്പുചോദിക്കും. ഹജ്ജിനുള്ളസമ്മതം ചോദിക്കും. ബന്ധുക്കളെവിളിച്ചു സൽക്കരിക്കും. ഇതിനെല്ലാം ഇന്നു മാറ്റങ്ങൾ വന്നിരിക്കുന്നുവെന്നും ഇന്നു ഹജ്ജിനു പോയിത്തിരിച്ചെത്തിയ ശേഷമാണു ബന്ധുക്കളിൽ പലരും വിവരമറിയാറുള്ളതെന്നും ഒരുമാസം തികയും മുമ്പേ പോയവർ തിരിച്ചെത്തുകയും ചെയ്യും. മാനംനേടാൻ വേണ്ടിയാണ് ഇന്ന് പലരും ഹജ്ജിനു പോവുന്നത്. പണം കൂടിയപ്പോൾ ഹജ്ജിനു പോവുന്നവരുടെ എണ്ണം ഏറിയതായും അതിന്റെ പവിത്രത നഷ്ടപ്പെട്ടതായും നോവലിൽ പരാമർശിക്കുന്നുണ്ട് (പു.100). *കിനാവിലെ* കഥാപാത്രങ്ങളായ സെയ്തൂട്ടിഹാജി, ആലിക്കുട്ടി ഹാജി, ബീപാത്തുഹജ്ജുമ്മ തുടങ്ങിയവരെല്ലാം ഹജ്ജു നിർവ്വഹിച്ചവരാണ്. അതുകൊണ്ടാണ് അവരുടെ എല്ലാം പേരിനോടൊപ്പം ഹാജി, ഹജ്ജുമ്മ എന്നൊക്കെ ചേർത്തിട്ടുള്ളത്.

#### 2.1.5.1.2 ഇരുട്ട്

*ഇരുട്ടെന്ന* നോവലിലെ ആമിനയുടെ ഉപ്പ ഹസ്സനാജി ഹജ്ജ് ചെയ്തിട്ടുണ്ട്. അതുകൊണ്ടാണുപേരിനൊപ്പം 'ഹാജി' എന്നുചേർത്തിരിക്കുന്നത്.

കൂടാതെ ഹജ്ജുമായിബന്ധപ്പെട്ടകാര്യങ്ങൾ വിവരിക്കുന്നില്ലെങ്കിലും ആമിന എന്ന കഥാപാത്രം തന്റെ ഇളയമകൾ നസീറയുടെ വിവാഹം കൂടി കഴിഞ്ഞുപ്രാരാംബ്ധങ്ങളും കുടുംബത്തിനോടുള്ള കടമയും കഴിഞ്ഞു ഹജ്ജിനു പോവണം എന്നു പറയുന്നതായി നോവലിൽ ഉണ്ട് (1995:118).

### 2.1.5.1.3 മൊഴി

നാട്ടിലെപ്രമാണിയായിരുന്ന മാളിയേക്കൽ വീട്ടിലെ മൊയ്തുഹാജി യെക്കുറിച്ചു പരാമർശമുണ്ട്. ഇദ്ദേഹത്തെയും ഹജ്ജുകർമ്മം അനുഷ്ഠിച്ചതു കൊണ്ടാണ് അങ്ങനെ വിളിക്കുന്നത്. ഹജ്ജുമായിബന്ധപ്പെട്ട മറ്റു കാര്യങ്ങ ളൊന്നും തന്നെ നോവലിൽ പ്രതിപാദിച്ചുകാണുന്നില്ല.

### 2.1.5.1.4 നിലാവ്

നോവലിൽ ധനികനും വീട്ടുകാരണവരുമായ മൂസ ഹാജിയെ പരാമർശിച്ചുകാണുന്നുണ്ട്. ഹജ്ജനുഷ്ഠിച്ചതുകൊണ്ടുതന്നെ യാണ് അദ്ദേഹത്തെയും മൂസഹാജി എന്നു വിളിക്കുന്നത്. എന്നാൽ ഹജ്ജു മായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ ഒന്നും പ്രതിപാദിച്ചുകാണുന്നില്ല.

### 2.1.5.1.5 ആകാശഭൂമികളുടെ താക്കോൽ

നോവലിലെ 17,18 അധ്യായങ്ങളിൽ ഹജ്ജുമായിബന്ധപ്പെട്ട കാര്യങ്ങളാണു പരാമർശിച്ചുകാണുന്നത്. 'കഅ്ബ'യെക്കുറിച്ചും 'തവാഫ്' ചെയ്യുന്നതിനെക്കുറിച്ചും 'ഹജറുൽ അസ്‌വദ്' എന്ന കല്ലിനെക്കുറിച്ചും 'ഇഹ്റാം' കെട്ടുന്നതിനെക്കുറിച്ചും അപ്പോഴെല്ലാം ചൊല്ലേണ്ടുന്ന ദിക്റുകളെ ക്കുറിച്ചും (മന്ത്രങ്ങൾ) വിവരണമുണ്ട് (2011:105). ജംറകളെയെറിയൽ, ബലി അർപ്പണം തുടങ്ങി ഹജ്ജിന്റെകർമ്മങ്ങളും നോവലിൽ വിവരിക്കുന്നുണ്ട് (പു.105). വളരെവിശദമായിത്തന്നെ *കിനാവെന്ന* നോവലിൽ പരാമർശിച്ചപോലെ

ഇവിടെയും അവതരിപ്പിച്ചിട്ടുണ്ട്. ഹുസൈൻ ഹാജിയും, ഐഷുമ്മ ഹജ്ജു മ്മയും വിമാനത്തിലാണു ഹജ്ജ്യാത്ര പോവുന്നത്. ഐഷാത്തയ്ക്കു ഹജ്ജു വളരെ പുണ്യമാക്കപ്പെട്ടതായിരുന്നു. ഏറെ ആശിച്ചാണ് അവർ യാത്രയ്ക്കുപുറപ്പെടുന്നത്. എന്നാൽ ഹുസൈൻഹാജി രണ്ടാമതു ഹജ്ജു ചെയ്യുന്നതു ഭാര്യയുടെ നിർബന്ധപ്രകാരമാണ്. കൂടാതെ ഭർത്താവു തന്റെകൂടെ പോരുന്നതിനും യാത്രയ്ക്കു ഭർത്താവിന്റെ സമ്മതം കിട്ടുന്നതിനും വേണ്ടി തന്റെപേരിലുള്ള പീടികവിറ്റ പണവും വീടും അയാളുടെ പേരിൽ എഴുതി കൊടുക്കുന്നതായും കാണാം (പു.125).

അതുപോലെ ഹജ്ജും ഉംറയും ഒരു ടൂർപാക്കേജായി മാറിയ തിനെക്കുറിച്ചും സുഖസൗകര്യങ്ങൾക്കനുസരിച്ചു പാക്കേജുകളിൽ മാറ്റം ഉള്ള തിനെക്കുറിച്ചും നോവലിൽ പരാമർശിക്കുന്നുണ്ട് (പു.85).

പണ്ടൊക്കെഹജ്ജിനു പോവുന്നവരുടെ എണ്ണം കുറവായിരുന്നുവെന്നും ഗൾഫു പണമാണു കേരളത്തിൽനിന്നും ഒരുപാടു പേർക്കു ഹജ്ജിനു പോവാനുള്ള അവസരം ഒരുക്കുന്നതെന്നും നോവലിൽ പറയുന്നുണ്ട് (പു.93).

ഹജ്ജിന്റെസമയങ്ങളിൽ ചൊല്ലേണ്ട ദിക്റുകളെക്കുറിച്ചും നോവലിൽ പരാമർശിക്കുന്നുണ്ട്. 'അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവിക്കൊണ്ടിരിക്കുന്നു. നിനക്കു യാതൊരു പങ്കുകാരനുമില്ല. എല്ലാ സ്തുതികളും അനുഗ്രഹവും രാജാധികാരവും നിനക്കുമാത്രം. നിനക്കു പങ്കുകാരില്ല' എന്നത് അറബിയി ലാണു ചൊല്ലുന്നത്. ദൈവത്തിന്റെ വിളിയാളം ലഭിച്ചവർക്കു മാത്രമാണു ഹജ്ജുചെയ്യാൻ കഴിയൂ എന്ന വിശ്വാസവും ഇവർക്കുണ്ട് (പു.98-113). അതുപോലെ ചൊല്ലുന്ന മറ്റൊരു ദിക്റാണു 'ലാഹിലാഹാ ഇല്ലാ അൻത സുബ്ഹാനക്ക ഇന്നീ കുൻതുമിനള്ളാലിമീൻ......' (നീയല്ലാതെ ഒരാരാധ്യനില്ല.

നീ ഏറെ പരിശുദ്ധനാണ്. നിശ്ചയം. ഞാൻ അക്രമികളിൽ പെട്ടിരിക്കുന്നു) (പു.113).

#### 2.1.5.2 ചെറുകഥകളിൽ

##### 2.1.5.2.1 ഹാജ്ജ്യാരുടെ ഭാര്യ

*ഹാജ്ജ്യാരുടെ ഭാര്യ* എന്ന കഥയിൽ ആയിശുമ്മയുടെ ഭർത്താവു ഹജ്ജുചെയ്തവ്യക്തിയാണ്. ഹാജ്ജ്യാർ എന്നാണ് അയാളെ അഭിസംബോധന ചെയ്യുന്നത്. കഥയിൽ ഒരിടത്തും അദ്ദേഹത്തിന്റെ പേരുപരാമർശിച്ചുകാണുന്നില്ല. അറുപതു വയസ്സായിട്ടുണ്ട് അയാൾക്ക്. രോഗിയായഭാര്യയെ ശുശ്രൂഷിക്കാൻ അയാൾക്കു മനസ്സില്ല. ഭർത്താവിന്റെ പരിഗണനയോ, സ്നേഹമോ ലഭിക്കാതെയാണ് അവർ രോഗിയായിത്തീരുന്നത്. അതുപോലും മനസ്സിലാക്കാതെ മറ്റൊരു വിവാഹം കഴിക്കുന്നതാണു കഥയിൽ കാണാനാവുക.

##### 2.1.5.2.2 കർമ്മപുസ്തകം

ആയിശ എന്ന സ്ത്രീ തന്റെ മരണം മുമ്പിൽ കണ്ടുകൊണ്ടു ചിന്തിക്കുന്ന കാര്യങ്ങളാണു കഥയിൽ പരാമർശിച്ചിട്ടുള്ളത്. താൻ ഹജ്ജിനു പോയപ്പോൾ മരിക്കുന്നസമയത്തു ലാഹിലാഹ ഇല്ലല്ലാഹ് മുഹമ്മദുറസൂലുല്ലാഹ് എന്നുള്ള കലിമചൊല്ലി മരിക്കാൻ കഴിയണമെന്നു പ്രാർത്ഥിച്ചതായി ഓർക്കുന്നുണ്ട്.(2014:26).

#### 2.1.5.3 അനുഭവകുറിപ്പുകളിൽ

*ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ* എന്ന അനുഭവക്കുറിപ്പുകളിൽ ഹജ്ജുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരാമർശിച്ചുകാണുന്നില്ല.

### 2.1.5.4 ലേഖനസമാഹാരത്തിൽ

### 2.1.5.4.1 ആരോടു ചൊല്ലേണ്ടു നാം

### 2.1.5.4.1.1 ത്യാഗത്തിന്റെ നാളുകൾ

ഹജ്ജിനെക്കുറിച്ചും അതിന്റെ ചടങ്ങുകളെക്കുറിച്ചും ബി.എം. സുഹറയുടെ *ആരോടു ചൊല്ലേണ്ടു നാം* എന്ന ലേഖനസമാഹാരത്തിലെ ത്യാഗത്തിന്റെ നാളുകൾ എന്ന ലേഖനത്തിൽ ഇപ്രകാരം പരാമർശിച്ചതായി കാണുന്നു. ഹജ്ജിന് ഒരുമാസം മുമ്പേ തീർത്ഥാടകർ മക്കയിലെത്തുകയും ഇഹ്റാംകെട്ടുകയും ചെയ്യും. ദുൽഹജ്ജു മാസം എട്ടു മുതൽ ലൗകികകാര്യങ്ങളെല്ലാം വെടിഞ്ഞു ഹജ്ജിലേക്കു പ്രവേശിക്കും. ദുൽഹജ്ജ് ഒമ്പതിന് അറഫാമൈതാനിയിൽ വിശ്വാസികൾ ഒരുമിച്ചുകൂടുന്നു.ത്വവാഫും സഇയും നിർവഹിക്കുന്നു. ഹജ്ജിനും ഉംറക്കും നിർബന്ധമായുംചെയ്യേണ്ട അനുഷ്ഠാനമാണ് ഇവ രണ്ടും. കൂടാതെ അറഫസംഗമവും ജംറകളെയെറിയലും എല്ലാം കഴിഞ്ഞു ബലിയർപ്പിക്കുകയും മുടികളയുകയും ചെയ്യുന്നതോടെ ഹജ്ജു പൂർത്തിയാവുകയാണു ചെയ്യുന്നത്.

ദുൽഹജ്ജു ഒമ്പതിന് അറഫാമൈതാനിയിൽ വിശ്വാസികൾ ഒരുമിച്ചുകൂടുന്നതിനെയാണ് 'അറഫദിനം' എന്നു പറയുന്നത്. കഅ്ബ ഏഴു തവണ വലയംവയ്ക്കുന്നതാണു 'ത്വവാഫ്'. അത് ആർക്കും എപ്പോഴും ചെയ്യാം. ഉംറയും ഹജ്ജും നിർവ്വഹിക്കുമ്പോൾ ത്വവാഫിനുശേഷം 'സഇയ്' നിർബന്ധമാണ്. സഫമർവ്വ കുന്നുകൾക്കിടയിലൂടെ നടക്കുന്നതിനെയാണു 'സഇയ്' എന്ന് പറയുന്നത് (2013:29).

'സംസം' വെള്ളത്തിന്റെ പവിത്രതയെക്കുറിച്ചു സൂചിപ്പിക്കുന്നു. ഹാജറ എന്ന മാതാവിന്റെയും മകൻ ഇസ്മായിലിന്റെയും കഥ ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട് (2013:105).

#### 2.1.5.4.1.2 പുണ്യം തേടി

ലൗകികമായകടമകളും ബാധ്യതകളും തീർത്തുമാത്രമെ ഹജ്ജിനു പോവാൻ പാടുള്ളൂ. നിസ്ക്കാരവും നോമ്പും ദാനധർമ്മങ്ങളും നന്മപ്രവർത്തിക്കലും തിന്മവെടിയലും ആൺ-പെൺ ഭേദമില്ലാതെ എല്ലാവർക്കും നിർബന്ധമാണ്. എന്നാൽ ഹജ്ജു ചെയ്യൽ ശാരീരികമായും സാമ്പത്തികമായും കഴിവുള്ളവർക്കു മാത്രമാണു നിർബന്ധം. ഇന്നു ഹജ്ജിനു പോവുന്നതു മേനിനടിക്കലായി മാറിയിട്ടുണ്ടെന്നും കുറ്റങ്ങളെല്ലാം പൊറുത്തു പിറന്നുവീഴുന്നകുഞ്ഞിനെപ്പോലെ ആയിരിക്കും ഹജ്ജു ചെയ്തുവന്നവർ എന്ന വിശ്വാസമുള്ളതുകൊണ്ടും പണക്കാർ നിരവധി ഹജ്ജു ചെയ്യുന്നതായും പരാമർശമുണ്ട്. കള്ളക്കച്ചവടം ചെയ്തും ചതിയിലൂടെയും പണമുണ്ടാക്കി ഹജ്ജു ചെയ്താൽ ആ പാവം പടച്ചവൻ പൊറുക്കാൻ സാധ്യതയില്ലെന്നാണ് എഴുത്തുകാരിയുടെ നിരീക്ഷണം. ഹജ്ജു ചെയ്തുവന്നതിനു ശേഷം തെറ്റുകൾ വീണ്ടും ആവർത്തിക്കുന്നത് അനിസ്ലാമികമാണെന്നും പറയുന്നുണ്ട് (പു.29). കൂടാതെ ദുൽഹജ്ജ് എട്ടുമുതൽ തുടങ്ങുന്ന ഹജ്ജിന്റെ ചടങ്ങുകളെക്കുറിച്ചും പ്രത്യേകതകളെക്കുറിച്ചുമെല്ലാം വളരെവിശദമായി ലേഖനത്തിൽ പരാമർശിച്ചിട്ടുണ്ട് (പു.28).

## 2.2 വിശ്വാസങ്ങൾ

### 2.2.1 മതപരമായ വിശ്വാസങ്ങൾ

മതപരമായ ആറു വിശ്വാസങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നവരാണു മുസ്ലിങ്ങൾ. 'ഈമാൻ' കാര്യങ്ങൾ എന്നാണ് ഇവ അറിയപ്പെടുന്നത്. വിശ്വാസപ്രമാണങ്ങളെക്കുറിച്ച് ഒന്നാം അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവിടെ വിശ്വാസപരമായ കാര്യങ്ങൾ എങ്ങനെയെല്ലാമാണു നോവലുകളിലും ചെറുകഥകളിലും അനുഭവക്കുറിപ്പുകളിലും ലേഖനങ്ങളിലും അവതരിപ്പിച്ചിട്ടുള്ളത് എന്നണു പരിശോധിക്കുന്നത്.

### 2.2.1.1 ഏകദൈവത്തിലുള്ള വിശ്വാസം

#### 2.2.1.1.1 നോവലുകളിൽ

##### 2.2.1.1.1.1 കിനാവ്

ബീപാത്തുഹജ്ജുമ്മ തന്റെ പഴയകാലജീവിതം നോവലിൽ അയവിറക്കുന്നതായി കാണാം. മാനാഭിമാനംനോക്കി ഉള്ളൂർക്കരയിൽ തന്നെ നിന്നിരുന്നുവെങ്കിൽ തന്റെ അവസ്ഥയും മക്കളുടെ അവസ്ഥയും എന്താവുമായിരുന്നുവെന്ന് അവർ ചിന്തിക്കുന്നുണ്ട്. തിരിഞ്ഞുനോക്കുമ്പോൾ അവർക്കു സങ്കടവും അഭിമാനവുമുണ്ട്. താൻവിശ്വസിക്കുന്ന 'റബ്ബ്' എന്നും കൂടെ ഉണ്ടായിരുന്നു. ഏതു വിഷമഘട്ടത്തിലും ഏകദൈവമായ അള്ളാഹു തന്റെ കൂടെ ഉണ്ടായിരുന്നു. ആ ഉറപ്പുള്ളതുകൊണ്ടാണ് എല്ലാം തരണം ചെയ്യാൻ സാധിച്ചത്. ഇനിയും കാത്തുകൊള്ളണമേ എന്ന് അവർ പ്രാർത്ഥിക്കുന്നതായും നോവലിൽ കാണാം (1990:19,55). അതുപോലത്തന്നെ മൂത്ത മകനായ കരീം രോഗിയായി ആശുപത്രിയിലാണെന്നറിയുമ്പോഴും 'അള്ളാ എന്റെ മോനിക്കു നീയേ തുണയുള്ളൂ റബ്ബേ...' (പു.102) എന്ന് ഉമ്മ പ്രാർത്ഥിക്കുന്നതായി കാണാം. നോവലിലെ മുഖ്യ കഥാപാത്രമായ ആലിക്കുട്ടിഹാജി മരിക്കുന്നസമയത്തും ഏകദൈവത്തെ സ്മരിച്ചുകൊണ്ടാണു മരണപ്പെടുന്നത് (പു.74).

##### 2.2.1.1.1.2 ഇരുട്ട്

മകൾ മരുമകനുമായി പിണങ്ങിവീട്ടിലേക്കു വരുന്നതു സ്ഥിരമാണ്. ഹസ്സനാജിക്കു മകൾ ആമിനയുടെ കാര്യത്തിൽ എന്നും ആധിയുമാണ്. ഒരിക്കൽ ജമാലും ആമിനയും തമ്മിൽ പിണങ്ങിയിരുന്നപ്പോൾ ജമാൽ തന്നെ വന്ന് ആമിനയെ സമാധാനിപ്പിക്കുകയും ഇനിയൊരിക്കലും താൻ തെറ്റാവർത്തിക്കുകയില്ലെന്നു സത്യം ചെയ്യുകയും ചെയ്തു. അതറിഞ്ഞ ഹസ്സനാജി സന്തോഷിച്ച് ഏകദൈവത്തെ സ്മരിക്കുന്നതായി കാണാം (1995:41). കൂടാതെ

മരണത്തിനുതൊട്ടുമുമ്പു കുഴഞ്ഞുവീഴാൻ പോകുന്നസമയത്തു ഹസ്സനാജി ഏകദൈവമായ ഇലാഹിനെ വിളിക്കുന്നു (പു.101).

#### 2.2.1.1.1.3 മൊഴി

ഭർത്താവിനെ ഉപേക്ഷിച്ചു മറ്റൊരുത്തന്റെ കൂടെ പോയതു തെറ്റാണെന്നു ഫാത്തിമക്കറിയാം. എന്നാൽ അതിനിടയായ സാഹചര്യം അവളനുഭവിച്ചതാണ്. അവളെ വിശ്വസിക്കാൻ ആരും തയ്യാറായിരുന്നില്ല. ഫാത്തിമ സർവശക്തനായ ഇലാഹിൽ (ദൈവത്തിൽ) അഭയം തേടുകയാണ്. ആരു പൊറുത്തില്ലെങ്കിലും നീ എന്നോടു പൊറുക്കണേ എന്നും നിനക്കറിയുന്നപോലെ എന്നെ മറ്റാർക്കും അറിയില്ല എന്നും അവൾ ദൈവത്തോട് അപേക്ഷിക്കുന്നതായി നോവലിലുണ്ട് (1999:37).

#### 2.2.1.1.1.4 നിലാവ്

നസീമയുടെ ഉമ്മയുടെ പിതാവു പള്ളിയിലേക്കിറങ്ങും വഴി തലമിന്നൽ വന്നു തിരിച്ചു വീട്ടിലേക്കു തന്നെ വരുന്ന സമയത്ത് ഉപ്പയ്ക്കെന്താ സംഭവിച്ചത് എന്നുപറഞ്ഞു'യാ...ഇലാഹി' എന്നു വിളിച്ചുകൊണ്ട് ഓടിവരുന്നതായി നോവലിൽ പരാമർശിച്ചിട്ടുണ്ട് (2007:46). ഏകദൈവത്തിലുള്ള വിശ്വാസമാണ് അതിലൂടെ അവർ പ്രകടമാക്കുന്നത് എന്നു കാണാം (പു.45). ഏകദൈവത്തെ വിളിച്ചുകൊണ്ടാണ് അദ്ദേഹം മരണപ്പെടുന്നത് (പു.46). നസീമയുടെയും അബ്ദുൽഖാദറിന്റെയും വിവാഹം ഉറപ്പിക്കുന്ന സമയത്തു കൂടിനിന്നവരെല്ലാം ദൈവത്തെസ്തുതിക്കുകയും എല്ലാം നല്ല നിലയിൽ നടത്തിത്തരുവാൻ വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നതായി നോവലിൽ കാണാം (പു.62, 64). നസീമയുടെ ഉമ്മാമ്മയുടെ മരണസമയത്തു മയ്യിത്തു കൊണ്ടുപോവു ന്നിടത്തും ഏകദൈവത്തെ സ്മരിക്കുന്നു (പു.79).

#### 2.2.1.1.1.5 ആകാശഭൂമികളുടെ താക്കോൽ

ഹുസൈനാജിയുടെസ്വഭാവദൂഷ്യങ്ങൾ ഓരോന്നായി ഉമ്മയോടു കാര്യസ്ഥൻ ബീരാൻ സൂചിപ്പിക്കുന്ന സമയത്ത് ഉമ്മ മകന്റെ കാര്യമോർത്തു ദൈവത്തിനെ വിളിക്കുന്നതും അവനിൽ കാര്യങ്ങൾ അർപ്പിക്കുന്നതും സൂചിപ്പി ക്കുന്നുണ്ട് (2008:49). നൂറു പഠിക്കാൻ ആഗ്രഹിക്കുന്നു. നല്ല ജോലി സമ്പാദിച്ച് ഉമ്മയെ നന്നായി പരിരക്ഷിക്കും എന്നൊക്കെ പറയുമ്പോൾ പടച്ചോൻ എല്ലാം നല്ല രീതിയിലാക്കി തരും എന്നു പറയണമെന്നു മോളോട് ഉമ്മ സൂചിപ്പിക്കുന്നു ണ്ട്. ദൈവത്തിലുള്ളവിശ്വാസമാണ് ഈ വാക്കുകളിൽ പ്രകടമാവുന്നത് (പു.65).

വേണ്ടത്ര ശാരീരികസുഖമില്ലെങ്കിലും ഹജ്ജിനു പോവാൻതയ്യാറെടു ക്കുന്ന ഐഷാത്ത അള്ളാഹുവിന്റെ വിളിയാളം വന്നത് ഇപ്പോഴാണെന്നും അവന്റെ വേണ്ടുകയുണ്ടായാൽ എല്ലാം നല്ലരീതിയിൽ കഴിയുമെന്നും എല്ലാവർക്കും അവിടെ എത്താൻകഴിയുമെന്നും പറയുന്നുണ്ട് (പു.91).

ഹജ്ജിനു പോയസമയത്തു ഹജ്ജാജിമാർ ചൊല്ലുന്ന തക്ബീർ ധ്വനിയിൽ ഏകദൈവവിശ്വാസത്തെ പ്രകീർത്തിച്ചുകാണാം. അതു വിശദമായി നോവലിൽ പരാമർശിച്ചിട്ടുണ്ട്. അത് ഇങ്ങനെയാണ്.

'അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു. നിന്റെ വിളി കേട്ടെത്തിയിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവിക്കൊണ്ടിരിക്കു ന്നു. നിനക്കു യാതൊരു പങ്കുകാരനുമില്ല. എല്ലാ സ്തുതിയും അനുഗ്രഹവും രാജാധികാരവും നിനക്കുമാത്രം. നിനക്കു പങ്കുകാരില്ല.'- ഏകദൈവത്തിലുള്ള വിശ്വാസമാണു വിശ്വാസിയായ കഥാപാത്രം ഇവിടെ ഉച്ചരിക്കുന്നത് (പു.113-98).

നൂറുവിനു തലയ്ക്കു പരിക്കുപറ്റി ആശുപത്രിയിലാവുമ്പോൾ ഉമ്മ അവളെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു. മകളുടെ അവസ്ഥ ഓർത്തു സങ്കടപ്പെ ടുന്ന ഉമ്മ എല്ലാം ഏകദൈവത്തിൽ സമർപ്പിക്കുന്നതായികാണുന്നുണ്ട്. ദൈവം

മാത്രമാണുതുണ. നീ കാക്ക് എന്ന് ആ ഉമ്മ ദൈവത്തോടു പ്രാർത്ഥിക്കുന്നു (പു.156). എല്ലാം പടച്ചോൻ ശരിയാക്കിത്തരട്ടെ എന്നാണ് ഓരോ ഘട്ടത്തിലും അവർ പറയുന്നത് (പു:159). അതുപോലെ നൂറുവിനെ ജീവിതത്തിലേക്കു തിരിച്ചുകിട്ടിയതു ഹാജിയാർ യഥാസമയം മരുന്നും മറ്റും എത്തിച്ചുകൊണ്ടാണെന്നു ഡോക്ടർപറയുമ്പോൾ തനിക്കൊരു കഴിവുമില്ലെന്നും എല്ലാം റബ്ബിന്റെ വേണ്ടുകയാണെന്നും ഹുസൈനാജിയും നോവലിൽ പറയുന്നുണ്ട് (പു.159).

**2.2.1.1.1.6 നിഴൽ**

ഹമീദ്പീരുകണ്ണിയുടെ മരണസമയത്ത് ആ വീട്ടിലും അതുപോലെ മയ്യിത്തുമറമാടാൻ കൊണ്ടുപോവുമ്പോഴും ഏക ഇലാഹിനെ സ്മിരിക്കുന്നതായി കാണാം (2012:48,49). കുടുംബത്തിൽപ്രയാസങ്ങൾ വരുമ്പോഴെല്ലാം റാബിയ ഭർത്താവായ അസൈനാരുകുഞ്ഞിനെ ഉപദേശിക്കാറുണ്ട്. നിസ്ക്കാരവും നോമ്പും നിർവ്വഹിക്കാതെ തോന്നിയപോലെ ജീവിച്ചാൽ പ്രയാസങ്ങൾ വന്നുചേരുമെന്ന്. എന്നാൽ അയാൾ അതൊന്നും മുഖവിലക്കെടുക്കാറില്ല. മകൻ ഷാഹുൽ പരിക്കുപറ്റി ആശുപത്രിയിലാണെന്നറിയുമ്പോൾ ഭാര്യയായ റാബിയ തലചുറ്റിവീഴുന്നുണ്ട്. ഈ സമയത്ത് അസൈനാർകുഞ്ഞ് അവളുടെ വാക്ക് ഓർക്കുന്നിടത്തും ഏകദൈവവിശ്വാസത്തിന്റെ സ്ഫുരണം കാണാം.

'പടച്ചോനെ മറന്നുള്ള കളിനന്നല്ല. പറഞ്ഞേക്കാം. ഒരാപത്തു വരുമ്പോൾ അവനല്ലാതെ ആരാ തുണ? നമ്മൾ കീടങ്ങൾ. അവന്റെ കരുണ കൊണ്ടു പിഴച്ചുപോകുന്നു' (പു.204). വീട്ടിലെ ദുരവസ്ഥകൾക്കിടയിൽ തന്റെ മകനായ മജീദിനെ വിളിച്ച് ഉമ്മയായ റാബിയ സമാധാനിപ്പിക്കുന്ന ഭാഗമുണ്ട്. മകനോട് അവർ പറയുന്നത് ഇപ്രകാരമാണ്. 'നീ സങ്കടപ്പെട്ടു ജീവിതംകഴിക്കരുത്. വീടിന്റെ തൂണാണു നീ. രണ്ടു കുടുംബം പുലർത്തേണ്ട ചുമതലനിനക്കുണ്ട്.' 'അള്ളാഹുവാണു വലിയവൻ. അവൻ ഒരു വഴികാണിച്ചുതരും'

(പു.217). കലഹങ്ങളെല്ലാം തീർന്നു നദീറയും കുട്ടികളും മജീദും വീണ്ടും ജീവിതം തുടങ്ങുമ്പോൾ റാബിയ അള്ളാഹുവിനെ മനസ്സറിഞ്ഞു സ്തുതിക്കു ന്നതായി പരാമർശിച്ചിട്ടുണ്ട് (പു219). നോവലിന്റെ അവസാനഭാഗത്തു റാബിയ യുടെ മയ്യിത്തു കൊണ്ടുപോകുന്നതായി അവതരിപ്പിച്ചിടത്തും ദൈവവചനം ഉരുവിടുന്നതായി കാണാം (പു.256).

#### 2.2.1.1.1.7 പ്രകാശത്തിനുമേൽ പ്രകാശം

നോവലിൽ റസീനയും റസാഖും വയനാട്ടിലേക്കു വാഹനമോടിച്ചു രാത്രിസമയത്തു പോവുമ്പോൾ വളവുതിരിഞ്ഞുവന്ന ലോറിയുടെ വെളിച്ചം കണ്ണിലടിച്ചു നിയന്ത്രണംവിട്ടവാഹനം മറിയാൻപോകുന്നസമയത്തു റസീന ഉറക്കെ 'യാ ഹഫീള്...അള്ളാഹുവേ നിന്റെ കാവൽ' എന്നു വിളിച്ചുപറയുന്ന തായി കാണാം (2012:51).

അള്ളാഹുവിന്റെ അനുഗ്രഹവും ഉമ്മയുടെ പ്രാർത്ഥനയുമാണു തന്നെ ജീവിതത്തിൽ വിജയിപ്പിച്ചതെന്നും ഖാദർ ചിന്തിക്കുന്നതായി നോവ ലിൽ പരാമർശിക്കുന്നുണ്ട് (പു.65). അതുപോലെ എന്റെ ക്ഷമയും അള്ളാഹു വിന്റെ അനുഗ്രഹവും കൊണ്ടാണു മക്കൾ നല്ലനിലയിലെത്തിയതെന്ന് ഉമ്മ പറയുന്നതും ഖാദർ ഓർമ്മിക്കുന്നുണ്ട് (പു.67). നോവലിലെ നബീസ എന്ന കഥാപാത്രം ഭർത്താവിന്റെ വീട്ടിൽ മകൾ സന്തോഷത്തോടെ ജീവിക്കുന്ന തിൽ ഏകദൈവമായ അള്ളാഹുവിനെ സ്മരിക്കുന്നതായി കാണാം (പു.124). അതുപോലെ സമീറയുടെ ഉമ്മ അനിയത്തി സഫീറയുടെ കാര്യമോർത്തു കരഞ്ഞുവിളിക്കുന്ന ഭാഗമുണ്ടുനോവലിൽ. ഉമ്മ കരയുന്നത് എന്തിനാണെന്നു മകളോടു പറയുന്നില്ല. തന്റെ വാപ്പയ്ക്ക് എന്തെങ്കിലും സംഭവിക്കുമോ എന്നാണു സമീറ ഭയക്കുന്നത്. വാപ്പയ്ക്ക് എന്താണു സംഭവിച്ചതെന്നു ചോദിക്കുമ്പോൾ സമീറയുടെ ഉമ്മയുടെ മറുപടി ഇപ്രകാരമാണ് 'അള്ളാഹു സഹായിച്ചു ഡാഡിക്കു സൂക്കേടൊന്നുമില്ല' (പു.161). വീട്ടിലെ കാര്യങ്ങ

ളോർത്തു സങ്കടപ്പെടുന്ന സമീറ ചിന്തിക്കുന്നതു പള്ളിയിൽപോയി നിസ്ക്കരിച്ചു മനമുരുകി പടച്ചവനോട് എല്ലാം പറയാം. അവൻ എല്ലാം കേൾക്കുന്നവനും കരുണാനിധിയുമാണല്ലോ എന്നാണ് (പു.165). ഏകദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ഈ ചിന്തകളിൽ പ്രകടമാവുന്നത്. അതുപോലെത്തന്നെ ആശുപത്രിയിൽപ്രവേശിപ്പിച്ച സൈനു ദിവസങ്ങൾക്കുശേഷം സംസാരിച്ചപ്പോൾ ഭർത്താവു ഷംസുദ്ദീൻ ദൈവത്തെ സ്തുതിക്കുന്നുണ്ട് (പു.238).

തന്റെ മകൻ ഷിഹാബിന്റെ വിവാഹം വേർപിരിഞ്ഞത് ആലോചിച്ചു വിഷമിക്കുന്ന ഭാര്യയോടു ഭർത്താവു പറയുന്നതു രണ്ടു ദിവസംകൊണ്ടു മരുമകൾ രോഗിയാണെന്നറിഞ്ഞു ബന്ധം വേഗത്തിൽ ഒഴിവാക്കാൻ സാധിച്ചതു തന്നെ വലിയ കാര്യമാണ് എന്നാണ്. അവർ ഒരുമിച്ചു ജീവിതം തുടങ്ങിയതിനു ശേഷമാണ് ഇങ്ങനെയൊക്കെ സംഭവിച്ചിരുന്നതെങ്കിൽ എന്താകുമായിരുന്നു മകന്റെ അവസ്ഥ. അതിനു സർവ്വശക്തനായ അള്ളാഹുവോട് അയാൾ നന്ദി പറയുന്നു (പു.241).

**2.2.1.1.2 ചെറുകഥകളിൽ**

**2.2.1.1.2.1 കർമ്മപുസ്തകം**

രക്തസമ്മർദ്ദം വർദ്ധിച്ചു മരണത്തെമുഖാമുഖം കാണുന്ന ആയിശ എന്ന കഥാപാത്രം ദൈവനാമം ഉച്ചരിച്ചു മരിക്കാനായി ആഗ്രഹിക്കുന്നതായി കഥയിൽ പരാമർശിച്ചിട്ടുണ്ട് (2014:26). അതുപോലെ ഖബറിലെചോദ്യം ചെയ്യലിൽ നിന്റെ ദീൻ ഏതെന്നു ചോദിക്കുമ്പോൾ 'ഏകദൈവത്തിൽ വിശ്വസിക്കുന്ന ഇസ്ലാം ദീൻ' എന്ന ഉത്തരം ആയിശ നൽകുന്നതായി കാണാം (പു.30).

#### 2.2.1.1.2.2 നേർച്ചക്കാള

മാനസികരോഗിയായ കുഞ്ഞിപ്പാത്തുവിനെനിയന്ത്രിക്കാൻ ഉമ്മയായ ഇയ്യാത്തുവിനു കഴിയാറില്ല. നാടുമുഴുവൻ ചുറ്റിനടന്നു പ്രശ്നങ്ങളുണ്ടാക്കുന്ന കുഞ്ഞിപ്പാത്തു ഉമ്മായ്ക്ക് എപ്പോഴും സങ്കടമാണുനൽകുന്നത്. ഏതുസ മയവും പുറത്ത് അലഞ്ഞുതിരിഞ്ഞു നടക്കുന്ന തന്റെ മോൾക്കു ദൈവമായ റബ്ബുമാത്രമാണു തുണയെന്നും നീ അവളെ കാത്തോളണേ....എന്നും ഉമ്മ പ്രാർത്ഥിക്കുന്നതായി കാണാം (2014:35).

#### 2.2.1.1.2.3 ആകാശഭൂമികളുടെ താക്കോൽ

ഭർത്താവിന്റെദുർനടപ്പിൽ വേദനിച്ചുമാനസികരോഗിയായിത്തീരുന്ന നായിക അള്ളാഹുവോടു തന്നെ പെട്ടെന്നു മരിപ്പിച്ചുതരാൻ ആവശ്യപ്പെടുന്ന തായി കാണാം. ഒടുക്കം ആശുപത്രിയിൽ വെച്ചു മരണത്തിനുകീഴടങ്ങുമ്പോൾ ദൈവവചനം ഉച്ചരിക്കുന്നതായും പ്രതിപാദിച്ചിട്ടുണ്ട് (2014:58).

#### 2.2.1.1.2.4 പേറ്റിച്ചി

പ്രസവത്തിലൂടെമരിക്കുന്ന കുഞ്ഞിപ്പാത്തുവിന്റെ ഭൗതികശരീരം മറവുചെയ്യുന്നതിനായികൊണ്ടുപോവുമ്പോൾ ദൈവനാമം ഉച്ചരിക്കുന്നതായി കാണാം (2014:114).

#### 2.2.1.1.2.5 ആകാശപ്പറവകൾ

ഭിന്നശേഷിക്കാരിയായ ഹൈറു എന്ന മകൾ ആഗ്രഹങ്ങളും ആശകളും ബാക്കിവെച്ചു വെറും മൂന്നു കഷണത്തുണിയിൽ പൊതിയപ്പെട്ടു. മയ്യിത്തുക ട്ടിലിൽ കിടത്തിക്കൊണ്ടുപോകുമ്പോൾ ആളുകൾ ദൈവനാമം ഉച്ചരിക്കു ന്നതായി കഥയിൽ അവതരിപ്പിച്ചിട്ടുണ്ട് (2014:134).

### 2.2.1.1.2.6 അദൃശ്യങ്ങളെ അറിയുന്നവൻ

ഏകദൈവമായ അള്ളാഹുവിനെക്കുറിച്ചുള്ള ഖുർആൻവാചകം ഉച്ചരിച്ചു കൊണ്ടു കഥയിൽ ഇപ്രകാരം പരാമർശിച്ചിട്ടുണ്ട്. 'ആധിപത്യത്തിന്റെ ഉടമസ്ഥ നായ അള്ളാഹുവേ നീ ഉദ്ദേശിക്കുന്നവർക്കു നീ ആധിപത്യംനൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽനിന്ന് ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്കു നീ പ്രതാപംനൽകുന്നു. നീ എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു. രാവിനെ നീ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ നീ രാവിലും പ്രവേശിപ്പിക്കുന്നു......' (2014:160). കൂടാതെ ദൈവം റഹ്മാനും റഹീമു മാണെന്ന (കരുണാനിധിയും കാരുണ്യവാനും) പ്രയോഗവും സൂചനയും കഥയിൽ ഉണ്ട് (പു.165).

### 2.2.1.1.2.7 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

ജീവനുതുല്യംസ്നേഹിക്കുന്ന ഭർത്താവു കുട്ടികളില്ലാത്തതിന്റെ പേരിൽ മറ്റൊരുവിവാഹം കഴിക്കാൻ പോവുന്നതറിയുമ്പോൾ ആത്മഹത്യചെയ്യുന്ന ഭാര്യയുടെ കഥയാണ് *അവനെ നരകാഗ്നിയിൽ എരിക്കുവിൻ* എന്നത്. എന്നാൽ ദൈവം തന്ന ജീവൻ തിരിച്ചെടുക്കാൻ ദൈവത്തിനു മാത്രമെ അവകാശമുള്ളൂ എന്നും ദൈവം റഹ്മാനും റഹീമുമാണെന്നും പൊറുക്കുന്നവനും ക്ഷമിക്കുന്ന വനുമാണെന്നും കഥയിലൂടെ വ്യക്തമാക്കുന്നുണ്ട്. ദൈവനാമം ഉച്ചരിച്ചുകൊണ്ട് അവർ മരണത്തിനു കീഴടങ്ങുന്നതായി കാണാം (പു.172).

### 2.2.1.1.2.8 വെറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

പേടിപ്പെടുത്തുന്നസ്വപ്നങ്ങൾ കാണുന്ന ഹസ്നബി ഖുർആൻ വച നങ്ങൾ ഓതി ഊതിക്കിടക്കുന്നതായും ഏകദൈവത്തിന്റെ തിരുനാമങ്ങൾ ഉറക്കം വരുന്നതുവരെ ഉരുവിടുന്നതായും കഥയിൽ പരാമർശിച്ചു കാണുന്നുണ്ട് (പു.300).

#### 2.2.1.1.3 അനുഭവക്കുറിപ്പുകൾ

##### 2.2.1.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

എഴുത്തുകാരിയുടെ വല്ലിപ്പയുടെ ഭൗതികശരീരം മറവുചെയ്യാൻ എടുക്കുമ്പോൾ ഏകദൈവത്തെ സ്മരിച്ചുകൊണ്ടു മന്ത്രംചൊല്ലുന്നതായി പരാമർശിച്ചുകാണുന്നുണ്ട് (2015:28). ജീവിതത്തിൽ ആരുഭൂമിയിൽ വെച്ചു നന്മചെയ്താലും അതിനുള്ള പ്രതിഫലം അള്ളാഹുവിന്റെ പക്കലിൽനിന്നും ലഭിക്കുമെന്ന വിശ്വാസത്തെക്കുറിച്ചു കൃതിയിൽ പരാമർശമുണ്ട് (പു.79). അതുപോലെ തെറ്റു ചെയ്യുകയോ പ്രവർത്തിക്കുകയോ പറയുകയോ ചെയ്താൽ അള്ളാഹുവോടു പാപമോചനംതേടിയാൽ അവനതുപൊറുത്തു മാപ്പാക്കിക്കൊടുക്കുന്നവനാണെന്നും സൂചിപ്പിച്ചുകാണുന്നുണ്ട് (പു.79). സർവ്വശക്തനായ അള്ളാഹു വിചാരിച്ചാൽ മാത്രമെ എന്തു കാര്യവും എളുപ്പത്തിലാവൂ എന്ന വിശ്വാസത്തെക്കുറിച്ചും കൃതിയിൽ കാണാം (പു.98). വീട്ടിൽവെച്ചു ഖുർആൻ പഠിക്കുന്നതിനെക്കുറിച്ചും ഇസ്ലാം കാര്യങ്ങളും ഈമാൻ കാര്യങ്ങളും പഠിപ്പിക്കുന്നതിനെക്കുറിച്ചും എഴുത്തുകാരി ഓർമ്മിക്കുന്നുണ്ട് (പു.104).

#### 2.2.1.1.4 ലേഖനസമാഹാരത്തിൽ

##### 2.2.1.1.4.1 ആരോടു ചൊല്ലേണ്ടു നാം

###### 2.2.1.1.4.1.1 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി

ഏകദൈവമായ അള്ളാഹുവിന്റെ നിർദ്ദേശപ്രകാരമാണു മാലാഖമാർ പ്രവാചകനായമുഹമ്മദിന്നു കിതാബായ (ഗ്രന്ഥം) ഖുർആൻ ഇറക്കിയത് എന്ന കാര്യം ലേഖനത്തിൽ സൂചിപ്പിച്ചു കാണുന്നുണ്ട് (2013:97). അള്ളാഹു ഏകദൈവമാണെന്നും അവനാണ് ആരാധനക്കർഹനെന്നും മുഹമ്മദ് നബി അവന്റെ പ്രവാചകനാണെന്ന വിശ്വാസവും സൂചിപ്പിച്ചുകാണുന്നുണ്ട് (പു.97).

#### 2.2.1.1.4.1.2 പുണ്യംതേടി

ഹജ്ജുമായിബന്ധപ്പെട്ട കാര്യങ്ങളാണു *പുണ്യംതേടി* എന്ന ലേഖനത്തിൽ പരാമർശിച്ചിട്ടുള്ളത്. ഹജ്ജിന്റെ ചടങ്ങുകൾക്കിടയിൽ ചൊല്ലേണ്ടുന്ന ദിക്റുകളെല്ലാംതന്നെ ഏകദൈവത്തെ പ്രകീർത്തിച്ചുകൊണ്ടുള്ളതാണെന്നു കാണാം (പു.27).

#### 2.2.1.1.4.1.3 ത്യാഗത്തിന്റെ നാളുകൾ

ഹജ്ജിന്റെ ചടങ്ങുകൾ ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. അത്തരം സന്ദർഭങ്ങളിലെല്ലാം ഏകദൈവത്തെ സ്മരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതായി കാണാം (പു.102-03).

#### 2.2.1.1.4.1.4 മലബാറിലെ വിവാഹം മരണം

മലബാറിലെ മുസ്ലിങ്ങളുടെ മരണാനന്തര ചടങ്ങുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുന്നിടത്ത് ഏകദൈവനാമം ചൊല്ലിക്കൊണ്ടു മയ്യിത്തു കൊണ്ടുപോകുന്നതിനെക്കുറിച്ചു പരാമർശമുണ്ട്. ഇന്നു പലരും അതു ചൊല്ലുന്നതിനെ എതിർക്കുന്നതായും ലേഖിക സൂചിപ്പിക്കുന്നുണ്ട് (പു.109).

### 2.2.1.2 മലക്കുകളിൽ ഉള്ള വിശ്വാസം/മാലാഖമാർ

#### 2.2.1.2.1 നോവലുകളിൽ

#### 2.2.1.2.1.1 കിനാവ്

മലക്കുകളെക്കുറിച്ചുള്ളപരാമർശം കാണുന്നില്ല

#### 2.2.1.2.1.2 ഇരുട്ട്

നന്മതിന്മകൾ രേഖപ്പെടുത്താനായി മനുഷ്യന് ഇരുപുറവും ദൈവദൂതന്മാരെ നിയോഗിച്ചതായി സൂചിപ്പിച്ചിട്ടുണ്ട് (പു.98).

#### 2.2.1.2.1.3 മൊഴി

പരാമർശസൂചനകൾ ഇല്ല.

#### 2.2.1.2.1.4 നിലാവ്

ഈ വിശ്വാസവുമായിബന്ധപ്പെട്ടു പരാമർശിച്ചു കാണുന്നില്ല.

#### 2.2.1.2.1.5 ആകാശഭൂമികളുടെ താക്കോൽ

പരാമർശങ്ങൾ ഇല്ല.

#### 2.2.1.2.1.6 നിഴൽ

റാബിയ എന്ന കഥാപാത്രം തന്റെ മരണത്തെപ്പറ്റിസംസാരിക്കുമ്പോൾ 'എല്ലായ്പ്പോഴും മരണത്തെ ഓർത്തതുകൊണ്ടൊന്നും മരണദൂതനായ അസ്രായിൽ നേരത്തെ വരികയില്ലെന്ന്' ഭർത്താവ് അസൈനാരുകുഞ്ഞു പറയുന്നതായി നോവലിലുണ്ട് (പു.198).

#### 2.2.1.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

ഇത്തരം വിശ്വാസവുമായി ബന്ധപ്പെട്ടസൂചനകൾ ഇല്ല.

#### 2.2.1.2.2 ചെറുകഥകളിൽ

#### 2.2.1.2.2.1 കർമപുസ്തകം

ആയിശ എന്ന സ്ത്രീ തന്റെ മരണംമുന്നിൽകാണുമ്പോൾ കലിമ ചൊല്ലി മരിക്കാൻ ആഗ്രഹിക്കുന്നു. മരണത്തിന്റെ മാലാഖ വരുന്നതും അവർ മറവി പറ്റാത്തവരാണെന്നും സൂചിപ്പിച്ചു കാണുന്നുണ്ട് (2014:24). കൂടാതെ നന്മതിന്മകൾ എഴുതിവെച്ചിട്ടുള്ള കർമ്മപുസ്തകത്തെക്കുറിച്ചും മുൻകർ, നകീർ എന്നീ മാലാഖമാർ ഖബറിൽവന്നു ചോദ്യംചെയ്യുന്നതിനെക്കുറിച്ചുമെല്ലാം പരാമർശിച്ചിട്ടുണ്ട് (പു.26).

#### 2.2.1.2.2.2 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

ഭർത്താവിന്റെ രണ്ടാംവിവാഹത്തിൽ മനംനൊന്ത് ആത്മഹത്യക്കു ശ്രമിക്കുന്നസ്ത്രീ ആശുപത്രിക്കിടക്കയിൽവെച്ചു തന്റെ മരണം മുഖാമുഖം കാണുകയാണ്. അവൾക്കറിയാം ആത്മഹത്യപാപമാണെന്ന്. അറിയാതെ ചെയ്തുപോയ തെറ്റിന്റെ പേരിൽ അവൾ അവിടെവെച്ചുപശ്ചാത്തപിക്കുകയും ദൈവത്തോടു പാപമോചനം തേടുകയും ചെയ്യുന്നുണ്ട്. ഒടുക്കം ദൈവത്തിന്റെ മരണമാലാഖവന്ന് അവളെ സന്തോഷത്തോടെ കൂട്ടിക്കൊണ്ടുപോവുന്നിടത്തു കഥ അവസാനിക്കുന്നു. മരണത്തിന്റെമാലാഖയിലുള്ള വിശ്വാസം ഇവിടെയും പ്രകടമാവുന്നുണ്ട് (പു.168).

#### 2.2.1.2.2.3 അസ്രായിൽ

രോഗിയായി ആശുപത്രിയിൽ കഴിയുന്ന ആയിശ മരണത്തിന്റെ മാലാഖയായ അസ്രായിലുമായി സംസാരിക്കുന്നതാണു കഥ. മാലാഖ ആയിശ യോടു പറയുന്നു താൻ മരണത്തിന്റെ മാലാഖയാണ്. ലോകത്തിലെ എല്ലാവരു ടെയും 'റൂഹ്' (ആത്മാവ്) പിടിക്കലാണു തന്റെ ചുമതല. മുസ്ലിംമതവിശ്വാസിക ളുടെ മലക്കുകളുമായിബന്ധപ്പെട്ട വിശ്വാസങ്ങളാണ് ഈ കഥയിലുടനീളം കാണാൻ കഴിയുന്നത് (2014:63,64,70). കഥയുടെ പേരുതന്നെ *അസ്രായിൽ* എന്നാണ്. മുഖ്യകഥാപാത്രവും അസ്രായിൽ തന്നെ. ഓരോ പ്രാവശ്യം ആയിശ യുടെ റൂഹു പിടിക്കാൻവരുമ്പോഴും അവൾ ഓരോ ഒഴിവുകഴിവുകൾ പറയുക യാണ്. എന്നാൽ താൻ ഇല്ലെങ്കിലും ബാക്കിയുള്ളവർ സന്തോഷത്തോടെ ജീവിക്കുമെന്നു മനസ്സിലാക്കിക്കൊടുക്കുകയാണ് അസ്രായിൽ. അതോടെ അസ്രായിലിനൊപ്പംപോവാൻ ആയിശ തയ്യാറാവുകയാണു ചെയ്യുന്നത് (പു.70).

#### 2.2.1.2.3 അനുഭവക്കുറിപ്പുകളിൽ

അനുഭവക്കുറിപ്പുകളിലൊന്നും തന്നെ മലക്കുകളെക്കുറിച്ചുള്ള പരാമർശ സൂചനകൾ ഇല്ല.

#### 2.2.1.2.4 ലേഖനസമാഹാരത്തിൽ

#### 2.2.1.2.4.1 ആരോടു ചൊല്ലേണ്ടു നാം

#### 2.2.1.2.4.1.1 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി

ദൈവത്തിന്റെ കൽപനപ്രകാരം 'ജിബിരീൽ' എന്ന മലക്ക് വേദഗ്രന്ഥ ത്തിലെസൂക്തങ്ങൾ മുഹമ്മദ്നബിയെ ഓതികേൾപ്പിച്ചതായി ലേഖ നത്തിൽ പരാമർശിക്കുന്നുണ്ട് (2014:96,97).

### 2.2.1.3 കിത്താബുകളിലെ വിശ്വാസം (വേദഗ്രന്ഥം)

#### 2.2.1.3.1 നോവലുകളിൽ

#### 2.2.1.3.1.1 കിനാവ്

അടിസ്ഥാനഗ്രന്ഥമായ ഖുർആനിനെക്കുറിച്ചും നിസ്ക്കാരശേഷം ഖുർആൻസൂക്തങ്ങൾ പാരായണംചെയ്യുന്നതിനെക്കുറിച്ചും നോവലിൽ സൂചന യുണ്ട് (1990:34). കുട്ടികളെ ഖർആൻപഠിപ്പിക്കുന്നതും പാരായണംചെയ്യിപ്പിക്കു ന്നതും നോവലിൽ വിവരിക്കുന്നു (പു.72). കൂടാതെ മരണാസന്നസമയത്തും മരിച്ചുകഴിഞ്ഞാലും ആളുകൾ ഖുർആൻസൂക്തങ്ങൾ ഉരുവിടുന്നതിനെക്കു റിച്ചും പരാമർശിച്ചുകാണുന്നു (പു.34,74).

#### 2.2.1.3.1.2 ഇരുട്ട്

ആമിനയുടെ ഉപ്പ ഹസ്സൻഹാജിയുടെ മയ്യിത്തിനുമുമ്പിലിരുന്നു ഖുർആ നിലെസൂക്തമായ യാസീൻ ഓതുന്നതായി പരാമർശിക്കുന്നു (1995:68). നിസ്ക്കാ

രത്തിനുശേഷവും മനഃപ്രയാസമുള്ളപ്പോഴും ഖുർആൻസൂക്തങ്ങൾ ഉരുവിടുന്നതായും നോവലിൽ പരാമർശമുണ്ട് (പു.68,105).

#### 2.2.1.3.1.3 മൊഴി

ആമിന എന്നകഥാപാത്രം നിസ്ക്കാരശേഷം ഖുർആൻ ഓതി തന്റെ പ്രയാസങ്ങൾ ദൈവത്തിലർപ്പിക്കുന്നു. ഉപ്പയായ ഹസ്സൻഹാജി മരിക്കാൻ കിടക്കുമ്പോൾ അദ്ദേഹത്തിന്റെ ചെവിയിൽ ദൈവനാമങ്ങൾ ഓതി കേൾപ്പിക്കുന്നതായും മരണശേഷം വീട്ടിൽ ഖുർആൻപാരായണം ചെയ്യുന്നതായും സൂചിപ്പിക്കുന്നുണ്ട് (1999:15,37,67).

#### 2.2.1.3.1.4 നിലാവ്

നസീമയെയും സഹോദരങ്ങളെയും ഖുർആൻപഠിപ്പിക്കുന്നതിനായി കുഞ്ഞാമു മൊല്ലാക്കയെ വീട്ടിൽവരുത്തുന്നതായും ചില സൂറത്തുകൾ കാണാതെ പഠിക്കാൻ നിർബന്ധിക്കുന്നതായും പരാമർശമുണ്ട് (2007:16,48). ദിവസവും നസീമയുടെ ഉപ്പയും ഉമ്മയും വല്ലിമ്മയും സുബഹിക്കു ഖുർആൻ ഓതുന്നതായി പറയുന്നുണ്ട്. വല്ലിപ്പയുടെ മരണസമയത്തു വല്ലിപ്പയുടെ ചെവിയിൽ ഖുർആൻസൂക്തങ്ങൾ ഓതിക്കൊടുക്കുന്നതായി കാണാം. മയ്യിത്തു വീട്ടിലുള്ളപ്പോഴും ഭക്തിയോടെ ഖുർആനോതുന്നുണ്ട്. മഗ്‌രിബുനിസ്ക്കാരാത്തിനു ശേഷം നസീമയുടെ ഉമ്മ അവളോടു ഖുർആൻ ഓതാൻ ആവശ്യപ്പെടുന്നതും ഉമ്മയും മക്കളും ഖുർആൻ ഓതുന്നതും നോവലിൽ പരാമർശിച്ചിട്ടുണ്ട് (പു.16,79).

#### 2.2.1.3.1.5 ആകാശഭൂമികളുടെ താക്കോൽ

ഹുസൈൻഹാജി ഒന്നിൽകൂടുതൽ പെണ്ണുകെട്ടുമ്പോൾ അതു തെറ്റാണെന്ന് ഒരുകിതാബിലും പറഞ്ഞിട്ടില്ലെന്നു വാദിക്കുന്നുണ്ട്. അതുപോലെ ഒരുകാരണവും കൂടാതെ റംലത്തിനെ മൊഴിചൊല്ലി ഒഴിവാക്കുമ്പോൾ ഒരു

തെറ്റും ചെയ്യാത്തപെണ്ണിനെ അവരുടെ സമ്മതംകൂടാതെ ഒഴിവാക്കാൻ ഏതു കിത്താബിലാണു പറഞ്ഞതെന്ന ചോദ്യം ചോദിക്കുന്നുണ്ടു നോവലിൽ (2008:163,252). നിസ്ക്കാരങ്ങൾക്കുശേഷം ഖുർആൻ ഓതുന്നതായും സൂചിപ്പിക്കുന്നുണ്ട്. ഹജ്ജിനു പുറപ്പെടുന്നതിനു മുമ്പു മുസ്‌ലിയാർ ഖുർആൻ ഓതി ദുആ ഇരക്കുന്നതും നോവലിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.252).

#### 2.2.1.3.1.6 നിഴൽ

തന്റെ കുട്ടികളെ ഖുർആൻ പഠിപ്പിക്കുകയും റമളാൻ മാസക്കാലത്തും അല്ലാത്തദിവസങ്ങളിലും ഖുർആൻ ഓതാൻ നിർബന്ധിക്കുകയും ചെയ്തിരുന്നു റാബിയ. കൂടാതെ കുട്ടികളെ പള്ളിപ്പുരയിലേക്കയച്ചു ഖുർആൻ മുപ്പതും ഓതിപഠിപ്പിച്ചതും ഓർക്കുന്നുണ്ട്. മാത്രമല്ല ഓരോ നിസ്ക്കാരത്തിനുശേഷവും ഖുർആൻസൂക്തങ്ങൾ പാരായണംചെയ്തു ദൈവത്തോടു തന്റെ സങ്കടങ്ങളും ആവശ്യങ്ങളും നിറവേറ്റിത്തരുന്നതിനായി കൈകളുയർത്തി ദുആ (പ്രാർത്ഥന) ചെയ്യുന്നതും കാണാം (2012:60,48). വിശേഷപ്പെട്ടസന്ദർഭങ്ങളിലെല്ലാം ഖുർആൻപാരായണം ചെയ്യുന്നതും സൂചിപ്പിക്കുന്നുണ്ട് (പു.129).

#### 2.2.1.3.1.7 പ്രകാശത്തിനുമേൽ പ്രകാശം

ഖുർആനിലെ സൂറത്തുകളുടെ അർത്ഥം പറഞ്ഞു വ്യാഖ്യാനിക്കുന്നതായും പുലർകാലങ്ങളിലും രാവിന്റെ അന്ത്യയാമങ്ങളിലും ഏകദൈവമായ അള്ളാഹുവിനെ സ്മരിക്കാൻ ഖുർആനിൽ പറയുന്നതായും നോവലിൽ സൂചിപ്പിക്കുന്നുണ്ട് (2012:185,165,196). കൂടാതെ റമളാൻ മാസത്തിൽ രാത്രികളിൽ കൂടുതൽ സമയം ഉറക്കമിളച്ചു ഖുർആൻ ഓതുന്നതായി സൈനബ എന്ന കഥാപാത്രത്തിലൂടെ സൂചിപ്പിക്കുന്നുണ്ട് (പു.146). അവർ ഖുർആനിന്റെ നിയമം അനുസരിച്ചു മക്കളെ വളർത്താനും ഓരോ പ്രവർത്തിയിലും ഖുർആൻ സൂക്തങ്ങൾ ഉരുവിടാനും മക്കളെ പ്രോത്സാഹിപ്പിക്കുന്നു (പു.95).

ഖുർആനിൽ പറഞ്ഞപ്രകാരം പാവപ്പെട്ടവർക്കു സക്കാത്തു കൊടുക്കണമെന്ന സൂചനയും ഉണ്ട് (പു.118).

#### 2.2.1.3.2 ചെറുകഥകളിൽ

##### 2.2.1.3.2.1 കളിത്തത്ത

ഉമ്മയുടെ കാലിൻചുവട്ടിലാണു സ്വർഗം എന്നു ഖുർആനിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും ഉമ്മയെ അതുകൊണ്ടുതന്നെ സങ്കടപ്പെടുത്താനോ വിഷമിപ്പിക്കാനോ പാടില്ല എന്നും കുഞ്ഞാലി കുഞ്ഞലീമയോടു പറയുന്ന സന്ദർഭമുണ്ടു കഥയിൽ (2014:19).

##### 2.2.1.3.2.2 കർമപുസ്തകം

ആയിശ എന്ന കഥാപാത്രം തന്റെ മരണം നേരിൽ കാണുന്നതും മരണത്തിനുശേഷം ഖബറിൽവെച്ചു മലക്കുകൾ വന്നു തന്നോടു ചോദ്യങ്ങൾ ചോദിക്കുന്നതും മറ്റുമായ കാര്യങ്ങളവതരിപ്പിച്ചുകൊണ്ടാണു *കർമപുസ്തകം* എന്ന കഥ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ ആയിശയോടു മലക്കുകൾ ചോദിക്കുന്ന പ്രധാനപ്പെട്ട ചോദ്യങ്ങളിലൊന്നു 'മൻ കിതാബുക്ക' എന്നതാണ്. അതിനുത്തരമായി ''ലോകർക്കു വെളിച്ചംവീശാനായി ജിബിരീൽ വഴി മുഹമ്മദ്നബിക്ക് അള്ളാഹു ഇറക്കിയ വേദഗ്രന്ഥമാണു ഖുർആൻ. നല്ലതു സ്വീകരിക്കാനും തിയ്യതു വെടിയാനും....'' എന്ന് പറയുന്നതായി കാണുന്നു (പു.30).

##### 2.2.1.3.2.3 വത്തക്ക

നസീമ എന്ന കഥാപാത്രം പുലർച്ചെവീടിന്റെ നടുവകത്തിരുന്നു ഖുർആൻ ഓതുന്നതായി കഥയിൽ അവതരിപ്പിച്ചിട്ടുണ്ട് (പു.80).

#### 2.2.1.3.2.4 ആകാശപ്പറവകൾ

വിവാഹംകഴിഞ്ഞു വർഷങ്ങൾക്കുശേഷം ബിയ്യാത്തു ഗർഭിണിയാവുന്നു. ഗർഭശുശ്രൂഷയുടെഭാഗമായി ഖുർആനിലെസൂക്തങ്ങൾ പ്ലേറ്റിൽ എഴുതി വെള്ളംകൊണ്ടു മായ്ച്ചു കുടിക്കുന്നതായി കഥയിൽ അവതരിപ്പിച്ചിട്ടുണ്ട് (പു.136).

#### 2.2.1.3.2.5 വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

രാത്രികാലങ്ങളിൽ പേടിപ്പെടുത്തുന്ന സ്വപ്നങ്ങൾകണ്ടു ഞെട്ടിയു ണർന്നു കരയുന്ന ഹസ്നബി. താൻ ഖുർആൻസൂക്തങ്ങൾ നെഞ്ചിലും മുഖത്തും ഊതിയിട്ടാണു കിടക്കാറുള്ളതെന്നു ഭർത്താവിനോടു പറയുന്ന ഭാഗ മുണ്ടു കഥയിൽ (2014:300).

#### 2.2.1.3.2.6 അദൃശ്യങ്ങളെ അറിയുന്നവൻ

കഥയിലുടനീളം ഖുർആൻവചനങ്ങളും അവയുടെ അർത്ഥങ്ങളുമാണ് ഉള്ളത്. ഓരോ സന്ദർഭത്തിലും കഥയിലെ ഉമ്മ ഖുർആൻ സൂക്തങ്ങൾ ഉരുവിടുന്നു. ഖുർആൻസൂക്തങ്ങൾ ഇടതടവില്ലാതെ ഉരുവിടുന്ന ഉമ്മയുടെ മുഖത്തുനോക്കി മരുമകൾ അന്തം വിട്ടിരിക്കുന്നതായും ചിത്രീകരിച്ചിട്ടുണ്ട്. 'വേദഗ്രന്ഥത്തെ മുറുകെ പിടിക്കുകയും നിസ്ക്കാരം മുറപോലെ അനുഷ്ഠിക്കു കയും നോമ്പുനോൽക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്തവരാരോ ആ സത്കർമകാരിക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടുത്തിക്കളയുകയില്ല' എന്ന ഖുർആൻവാക്യവും കഥയിൽ പരാമർശിച്ചിട്ടുണ്ട് (2014:166).

### 2.2.1.3.3 അനുഭവക്കുറിപ്പുകൾ

#### 2.2.1.3.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

അഞ്ചുനേരത്തെനിസ്ക്കാരത്തിലും സുബഹിക്കുശേഷവും മരണവീ ട്ടിലും മരണാനന്തരചടങ്ങുകളിലും ഖുർആൻസൂക്തങ്ങൾ ഓതുന്നതായി വിവരി

ച്ചിട്ടുണ്ട്. കൂടാതെ തന്റെ ഉമ്മയെ ഖുർആൻ മുപ്പതും ഓതി കാണാപ്പാഠം പഠിച്ച ഖുദ്സിതങ്ങളെ വെച്ചു കിത്താബ് ഓതിച്ചു പഠിപ്പിച്ചതും ഉമ്മ പറഞ്ഞുതന്ന തായി എഴുത്തുകാരി സ്മരിക്കുന്നുണ്ട്. എഴുത്തുകാരിയെ ഓത്തു പഠിക്കാനായി കുഞ്ഞാമിയുടെ അടുത്തേക്കയച്ചതും ഓത്തുപഠിപ്പിച്ചതും സൂചിപ്പിക്കുന്നു. തനിക്ക് അക്ഷരശുദ്ധിയോടെ ഖുർആൻ ഓതാൻ കഴിയുമെന്നും എന്നാൽ അതിലെന്താണു പറഞ്ഞിട്ടുള്ളതെന്നു തനിക്കും കുഞ്ഞാമിത്തയ്ക്കും അറിയില്ല എന്നും സൂചിപ്പിച്ചുകാണുന്നുണ്ട് (പു.103-105).

#### 2.2.1.3.4 ലേഖനസമാഹാരത്തിൽ

##### 2.2.1.3.4.1 ആരോടു ചൊല്ലേണ്ടു നാം

###### 2.2.1.3.4.1.1 നരകാവകാശികൾ

വേദപുസ്തകമായ ഖുർആനിൽ വിശ്വസിക്കുന്നവരും അതനുസരിച്ചു ജീവിക്കുന്നവരുമായ ആളുകൾ തെറ്റുചെയ്യുന്നതിനെ നിശിതമായി ആക്ഷേപിച്ചുകൊണ്ടാണു ലേഖനം തുടങ്ങുന്നത്. അതിലെ ആശയം ഉൾക്കൊണ്ടു ജീവിക്കുന്നവർക്കു തെറ്റുചെയ്യാൻ കഴിയില്ല എന്നാണ് എഴുത്തു കാരിയുടെ പക്ഷം (പു.15,16).

###### 2.2.1.3.4.1.2 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി

ഇസ്ലാംമതത്തിന്റെ ആധികാരികഗ്രന്ഥമാണു ഖുർആൻ. റമളാൻ മാസത്തിലാണു ഖുർആൻ അവതരിച്ചത്. ഏഴാം നൂറ്റാണ്ടിൽ അറേബ്യയിലാണ് അത് അവതരിച്ചത്. ഹീറാഗുഹയിൽ ഭജനമിരിക്കുന്ന മുഹമ്മദ് നബിക്കു ദൈവ ത്തിന്റെ കൽപനപ്രകാരം മലക്കു ജിബിരീൽ ആണു ഖുർആനിന്റെ ആയത്തുകൾ എത്തിച്ചുകൊടുത്തത്. അക്കാലത്തെ അറബികൾക്കിടയിലുണ്ടാ യിരുന്ന അനാചാരങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരായി ഘട്ടംഘട്ടമായാണ് ഖുർആൻ അവതരിച്ചത്. നൂറ്റിപ്പതിനാല് അധ്യായങ്ങളാണ് ഉള്ളത്. ജീവിതം,

മരണം, മരണാനന്തരജീവിതം, പരലോകം അങ്ങനെ എല്ലാറ്റിനെക്കുറിച്ചും ഖുർആനിൽ പരാമർശമുണ്ട്. നന്മനിർദ്ദേശിക്കാനും തിന്മ ഉപേക്ഷിക്കാനും ഖുർആൻ ആഹ്വാനംചെയ്യുന്നു. പിശാചിന്റെ ഉപദ്രവങ്ങളിൽനിന്നും രക്ഷ നേടാൻ വിശ്വാസിയെ ഓർമ്മിപ്പിക്കുന്നു. ക്ഷമിക്കുന്നവരോടൊപ്പം ദൈവമുണ്ടാവുമെന്നു ഖുർആനിൽ ആവർത്തിച്ചുപറയുന്നുണ്ട്. ദൈവത്തിന്റെ വചനമാണെന്നു വിശ്വസിക്കുന്നതിനാൽ തന്നെ ഏറെ പവിത്രമായി മുസ്ലിങ്ങൾ കരുതുന്ന ഒന്നാണു ഖുർആൻ (പു.96,100).

**2.2.1.4 പ്രവാചകന്മാരിലുള്ള വിശ്വാസം**

**2.2.1.4.1 നോവലുകളിൽ**

**2.2.1.4.1.1 കിനാവ്**

ആലിക്കുട്ടിഹാജി എന്ന കഥാപാത്രം തന്റെ മരണസമയത്ത് അവസാന പ്രവാചകനായ മുഹമ്മദ്നബിയുടെ നാമം ഉച്ചരിച്ചുകൊണ്ടു മരിക്കുന്നതായി നോവലിൽ പരാമർശിച്ചിട്ടുണ്ട് (1990:74,75). ഹജ്ജിനെക്കുറിച്ചു വിവരിക്കുന്നിടത്ത് ഇബ്രാഹിം നബിയെയും മകൻ ഇസ്മായിൽ നബിയെയും മുഹമ്മദ്നബിയെയും പരാമർശിക്കുന്നുണ്ട്. നബിദിനത്തെക്കുറിച്ചും പരാമർശമുണ്ട്.

**2.2.1.4.1.2 ഇരുട്ട്**

ആമിനയുടെ ഉപ്പ ഹസ്സൻഹാജിയുടെ മയ്യിത്തു കൊണ്ടുപോവുമ്പോൾ കൂടെ പോവുന്നവരെല്ലാം നബിയുടെനാമം ഉച്ചരിക്കുന്നതും സ്മരിക്കുന്നതുമായി നോവലിൽ പരാമർശിച്ചിട്ടുണ്ട് (1995:104,105).

**2.2.1.4.1.3 മൊഴി**

പ്രവാചകൻമാരെപ്പറ്റി പരാമർശമില്ല

#### 2.2.1.4.1.4 നിലാവ്

നസീമയുടെ ഇത്താത്ത ആയിശയുടെ കുട്ടിയെ താരാട്ടുപാടി ഉറക്കുന്ന സമയത്തു മുഹമ്മദ്നബിയുടെ പേര് ഈണത്തിൽ പാടിക്കൊണ്ടു കുട്ടിയെ ഉറക്കുന്നതായി കാണാം (2007:43). അതുപോലെ നസീമയുടെ ഉപ്പാപ്പ മരിക്കുന്ന സമയത്തും നബിയുടെ പേര് ഉച്ചരിച്ചുകൊണ്ടാണു മരണപ്പെടുന്നത് (പു.46).

#### 2.2.1.4.1.5 ആകാശഭൂമികളുടെ താക്കോൽ

ഹജ്ജിന്റെ ഓർമ്മകൾ പറയുന്നിടത്തു നബിമാരായ ഇബ്രാഹിം നബിയുടെയും മകൻ ഇസ്മാഈൽ നബിയുടെയും അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെയും ഓർമ്മകളും അവരുടെ കാലത്തെ സംഭവങ്ങളും ആയിശ വിവരിക്കുന്നുണ്ട് (2008:104). കൂടാതെ അറഫമലയുടെ പ്രാധാന്യം പറയുമ്പോൾ ആദ്യപിതാവും നബിയുമായിരുന്ന ആദംനബിയും ഭാര്യ ഹവ്വബീവിയും വർഷങ്ങൾക്കുശേഷം തമ്മിൽ കണ്ടുമുട്ടുന്ന കഥയും വിവരിച്ചതായി കാണുന്നുണ്ട് (പു.116).

#### 2.2.1.4.1.6 നിഴൽ

നോവലിലെകഥാപാത്രമായ ഹമീദ്പീരുകണ്ണിന്റെ മയ്യിത്തു മറവു ചെയ്യാൻ കൊണ്ടുപോവുമ്പോൾ ആളുകൾ കൂട്ടത്തോടെ അള്ളാഹുവിനെയും നബിയെയും സ്മരിക്കുന്നുണ്ട് (2012:49).

#### 2.2.1.4.1.7 പ്രകാശത്തിനുമേൽ പ്രകാശം

ഈ നോവലിൽ പ്രവാചകരെപ്പറ്റി പരാമർശിച്ചു കാണുന്നില്ല.

#### 2.2.1.4.2 ചെറുകഥകളിൽ

##### 2.2.1.4.2.1 കർമപുസ്തകം

ആയിശ തന്റെമരണം ആശുപത്രിക്കിടക്കയിൽവെച്ചു കാണുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് കഥയിൽ പരാമർശിച്ചിട്ടുള്ളത്. നബിയെയും അള്ളാഹുവിനെയും സ്മരിച്ചുകൊണ്ട് അവരുടെ പേരുകൾ ഉച്ചരിച്ചുകൊണ്ടു മരിക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അതുപോലെ മരണശേഷം ഖബറിൽ വെച്ചു മാലാഖമാരായ മുൻകർ, നകീർ 'മൻ റസൂലുക്ക'? നിന്റെ റസൂലാരാണെന്നു ചോദിക്കുമ്പോൾ ''അള്ളാഹുവിന്റെ അന്ത്യദൂതനായ മുഹമ്മദു മുസ്തഫ റസൂലുല്ലാഹി അലൈവ സല്ലം....'' (2014:26,30) എന്നും പറയുന്നതായി കാണുന്നു. അതുപോലെ മുഹമ്മദ് നബിക്കാണു ഖുർആൻ അള്ളാഹു ഇറക്കി കൊടുത്തതെന്നും പറയുന്നുണ്ട് (പു.26).

##### 2.2.1.4.2.2 ആകാശഭൂമികളുടെ താക്കോൽ

കഥയിലെനായിക ആശുപത്രിയിൽവെച്ചു മരണത്തോടു മല്ലിടുമ്പോൾ പ്രവാചകനാമം ഉരുവിടുന്നതായി അവതരിപ്പിച്ചിട്ടുണ്ട് (പു.58).

##### 2.2.1.4.2.3 കുഹൂ. . . .കുഹൂ . . . .

പക്ഷിമൃഗാദികളോടു സംസാരിക്കാൻ കഴിഞ്ഞിരുന്ന സുലൈമാൻനബിയെക്കുറിച്ചു കഥയിൽ പരാമർശിച്ചിട്ടുണ്ട് (പു.130).

#### 2.2.1.4.3 അനുഭവക്കുറിപ്പുകൾ

##### 2.2.1.4.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

മക്കൾക്കു കഥകൾ പറഞ്ഞുകൊടുക്കുന്നിടത്തു ഖുർആനിൽ പ്രതിപാദിച്ച യൂസുഫ്, യാക്കൂബ് നബിമാരുടെ കഥ ഉമ്മ പരാമർശിച്ചതായി കാണുന്നുണ്ട് (2015:100). റബീഹുൽ അവ്വൽ പന്ത്രണ്ടിനു പ്രവാചകനായ മുഹമ്മദ്നബിയുടെ ജന്മദിനമാണ്. നബിദിനത്തിൽ ചെയ്യാറുള്ള ചടങ്ങുകളെ

ക്കുറിച്ചും നബിയെ പ്രകീർത്തിച്ചുകൊണ്ടുള്ള മൗലൂദ് പാരായണത്തെക്കുറിച്ചു മെല്ലാം പ്രതിപാദിക്കുന്നുണ്ട് (പു.37).

**2.2.1.4.4 ലേഖനസമാഹാരത്തിൽ**

**2.2.1.4.4.1 ആരോടു ചൊല്ലേണ്ടു നാം**

**2.2.1.4.4.1.1 പുണ്യംതേടി**

*പുണ്യംതേടി* എന്ന ലേഖനത്തിൽ ഹജ്ജു യാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുന്നിടത്ത് ഇസ്മായിൽനബിയെക്കുറിച്ചും ഉമ്മ ഹാജറ ബീവിയെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട് (2013:27). കൂടാതെ അവസാനപ്രവാചക നായ മുഹമ്മദ്നബിയെക്കുറിച്ചും സൂചിപ്പിച്ചതായി കാണുന്നു (പു.26).

**2.2.1.4.4.1.2 വൻദോഷങ്ങൾ വർജ്ജിക്കുക**

വ്യത്യസ്തമായ സാമൂഹികചുറ്റുപാടിലും പ്രദേശങ്ങളിലും ജീവിച്ചവരാ യിരുന്നുവെങ്കിലും പ്രവാചകന്മാരെല്ലാം ദൈവത്തിന്റെ പ്രബോധനം മനുഷ്യരി ലേക്ക് എത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ടവരാണ്. നന്മചെയ്യുക, തിന്മ വെടിയാൻ പറയുക, എല്ലാവരെയും സ്നേഹിച്ച് ആരോടും വിദ്വേഷമോ പകയോ ഇല്ലാതെ ഏകദൈവവിശ്വാസികളായി ജീവിച്ച് അടിച്ച മർത്തപ്പെട്ടവരുടെയും നിരാലംബരുടെയും അവകാശങ്ങൾ നേടിക്കൊടുക്കുക തുടങ്ങിയവയായിരുന്നു പ്രവാചകന്മാരുടെ ലക്ഷ്യം എന്നു ലേഖനത്തിൽ സൂചിപ്പിച്ചതായി കാണുന്നുണ്ട്. കൂടാതെ പ്രവാചകന്മാരായ ഇബ്രാഹിം, നൂഹ്, മൂസ, ഈസ, മുഹമ്മദ്നബി എന്നിവരെക്കുറിച്ചും പരാമർശിക്കുന്നുണ്ട് (പു.49). അന്ത്യപ്രവാചകനായ മുഹമ്മദ്നബിയെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതദർശനങ്ങളെക്കുറിച്ചുമെല്ലാം ലേഖനത്തിന്റെ അവസാനഭാഗത്തു പരാമർശിച്ചിട്ടുണ്ട് (പു.51).

#### 2.2.1.4.4.1.3 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി

അന്ത്യപ്രവാചകനായ മുഹമ്മദ്നബിയെയും ഖുർആൻ അവതരിപ്പിച്ച സാഹചര്യത്തെയും അതിന്റെ പ്രാധാന്യത്തെയും കുറിച്ചു ലേഖനത്തിൽ പരാ മർശിക്കുന്നുണ്ട്. ഖുർആൻ ഇറക്കപ്പെട്ടതു മുഹമ്മദ്നബിക്കായിരുന്നു എന്നും സൂചിപ്പിക്കുന്നു. (പു.97).

#### 2.2.1.4.4.1.4 ത്യാഗത്തിന്റെ നാളുകൾ

ഹജ്ജ്, ഉംറ അതുമായി ബന്ധപ്പെട്ടചടങ്ങുകൾ എല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് എഴുതിയ ഈ ലേഖനത്തിൽ മുഹമ്മദ്നബി ആദ്യത്തെയും അവസാന ത്തെയും ഹജ്ജിനായി മക്കയിലെത്തിയതും അറഫയുടെ കുന്നിൽവെച്ചു വിടവാങ്ങൽപ്രസംഗം നടത്തിയതുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. പ്രവാചകനായ മുഹമ്മദ്നബി അവസാനത്തെ പ്രസംഗം നടത്തിയ കുന്നായതു കൊണ്ട് അറഫാകുന്നുകളുടെ പവിത്രത വർദ്ധിക്കുന്നതായും പരാമർശമുണ്ട് (പു.104).

### 2.2.1.5 അന്ത്യദിനത്തിലുള്ള വിശ്വാസം

#### 2.2.1.5.1 നോവലുകളിൽ

#### 2.2.1.5.1.1 കിനാവ്

'കിയാമം' അന്ത്യനാൾ - എന്ന പ്രയോഗം നോവലിന്റെ ആദ്യഭാഗത്തു പ്രയോഗിച്ചതായി കാണുന്നു (1990:15).

#### 2.2.1.5.1.2 ഇരുട്ട്

ആമിനയുടെ ചിന്തകളിലൂടെ അന്ത്യദിനത്തെക്കുറിച്ചുള്ളവിശ്വാസം നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. അത് ഇപ്രകാരമാണ്. 'ഓരോരുത്തരും ചെയ്യുന്ന നന്മതിന്മകളെക്കുറിച്ചു സർവ്വശക്തനായ തമ്പുരാനു സൂക്ഷ്മ

വിവരമുണ്ട്. നന്മതിന്മകൾ രേഖപ്പെടുത്തുവാനായി മനുഷ്യനിരുപുറത്തും ഓരോദൂതരെ നിയമിച്ചിട്ടുണ്ട്. അവർക്കു തെറ്റുപറ്റില്ല. അവസാനം ഒരുനാൾ ഈ ഭൂമിയാകെ മൈതാനം പോലെ പരന്നുപരന്ന്.... അന്ന് ആയിരമായിരം കൊല്ലങ്ങളായി മരിച്ചുമണ്ണടിഞ്ഞവരെ മുഴുവൻ അണിനിരത്തും. ഓരോരുത്തരെയായി ചോദ്യംചെയ്യും. നന്മകൾ വാഴ്ത്തപ്പെടും. ചെയ്യുന്ന ഓരോ തെറ്റിനും കൊടും ശിക്ഷയുണ്ട്' (1995:98).

**2.2.1.5.1.3 മൊഴി**

അന്ത്യദിനത്തിലുള്ള വിശ്വാസത്തെക്കുറിച്ചു പരാമർശിച്ചുകാണുന്നില്ല.

**2.2.1.5.1.4 നിലാവ്**

അന്ത്യദിനത്തിലുള്ള വിശ്വാസം സൂചിപ്പിക്കുന്നില്ല.

**2.2.1.5.1.5 ആകാശഭൂമികളുടെ താക്കോൽ**

ഹുസൈൻഹാജിയുടെ വീട്ടുജോലിക്കാരിയായ റുഖിയ്യയും കാര്യസ്ഥൻ ബീരാനും തമ്മിലുള്ള സംഭാഷണത്തിനിടയിൽ പണക്കാരനും പാവപ്പെട്ടവനും 'മഹ്ശറയിൽ' ഒരുപോലെ ആണെന്നും കൈക്കൂലി കൊടുത്തു സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ ആർക്കും കഴിയില്ലെന്നും പെണ്ണുങ്ങളോട് അന്യായം കാണിച്ചാൽ താൻ പ്രതികരിക്കുമെന്നും റുഖിയ്യ പറയുന്നുണ്ട് (200:131).

**2.2.1.5.1.6 നിഴൽ**

അസൈനാരുകുഞ്ഞിന്റെ ചിന്തകളിലൂടെ പരലോകത്തെക്കുറിച്ചും അവസാനനാളിനെക്കുറിച്ചും പരലോകത്തു വെച്ചു നടക്കുന്ന ശിക്ഷാവിധികളെ ക്കുറിച്ചുമെല്ലാം വിശദീകരിക്കുന്നുണ്ട് (2012:204,205).

#### 2.2.1.5.1.7 പ്രകാശത്തിനുമേൽ പ്രകാശം

സൈനബയുടെ ചിന്തകളിലൂടെ മുസ്ലിംമതവിശ്വാസികളുടെ ലോകാവസാന നാളിനെക്കുറിച്ചും വിചാരണദിനത്തെക്കുറിച്ചും അവനവന്റെ കർമപുസ്തകം നൽകുന്നതിനെക്കുറിച്ചുമെല്ലാം വിശദമായി പരാമർശിച്ചിട്ടുണ്ട് (2012:87,88).

#### 2.2.1.5.2 ചെറുകഥകളിൽ

#### 2.2.1.5.2.1 ആകാശപ്പറവകൾ

ഭിന്നശേഷിക്കാരിയായമകൾ ഖൈറുവിന്റെ മരണത്തിനുശേഷം അവളുടെ ഉമ്മ മരണത്തെക്കുറിച്ചും ലോകമവസാനിക്കുന്നതിനെക്കുറിച്ചും ചിന്തിച്ചുകൊണ്ട് അവളുടെ അറയുടെവാതിലടയ്ക്കുന്നുണ്ട്. കഥയിൽ ലോകാവസാനത്തെക്കുറിച്ച് ഇപ്രകാരം പരാമർശിച്ചുകാണുന്നു.

'ഒരുനാൾ ഇക്കണ്ട ജനങ്ങളെല്ലാം ചത്തും കൊന്നും അടങ്ങും. ഇക്കാണുന്ന എടുപ്പുകളെല്ലാം മണ്ണടിയും. ഭൂമി മൈതാനം പോലെ പരന്ന ങ്ങനെ കിടക്കും. അപ്പോൾ മരിച്ചു മണ്ണടിഞ്ഞ മനുഷ്യരെല്ലാം അവിടെ ഒത്തുകൂടേണ്ടിവരും. തലയ്ക്കു ഒരു ചാൺമീതെ തീപാറുന്ന സൂര്യൻ. മനുഷ്യർ വെന്തുരുകും' (2014:143).

#### 2.2.1.5.2.2 കർമപുസ്തകം

വിചാരണനാളിൽ നൽകപ്പെടുന്ന കർമപുസ്തകത്തെക്കുറിച്ചും അതു വലതുകൈയ്യിൽ കിട്ടുന്നതിനായി നന്മപ്രവർത്തിക്കണമെന്നും തിന്മവെടിയണ മെന്നും കഥയിൽ സൂചിപ്പിക്കുന്നുണ്ട്. വിചാരണദിനത്തിൽ കൈയ്യും കാലും നാവും സാക്ഷിപറയുമെന്നും പറയുന്നു (പു.26).

### 2.2.1.5.3 അനുഭവക്കുറിപ്പുകളിൽ

#### 2.2.1.5.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

വിദ്യാലയത്തിലിരിക്കുന്ന എഴുത്തുകാരി അപ്രതീക്ഷിതമായി പെയ്തിറങ്ങിയ മഴയിലും ഇടിമിന്നലിലും ഈ ലോകം അവസാനിക്കുന്നതായി ചിന്തിക്കുന്നുണ്ട്. ചിന്ത ഇങ്ങനെയാണ്,

''ഒടുക്കം നാളായ കിയാമം നാളിൽ സൂറെന്ന കൊമ്പൂതുമ്പോൾ ഭൂമി ഒട്ടാകെ വിറയ്ക്കും. മലകളായ മലകളെല്ലാം തവിടുപൊടിയാകും. ആകാശം പൊട്ടിപ്പിളരും. ഭൂമി വിണ്ടുകീറും. തോടുകൾ കരകവിഞ്ഞൊഴുകും. അപ്പോൾ 'യാനഫ്സീ' എന്നു പറഞ്ഞുകൊണ്ടു ജനം നെട്ടോട്ടമോടും'' (2015:74). അതു പോലെ മുസ്ലിയാക്കന്മാരുടെ പ്രാർത്ഥനാവേളകളിൽ ഒടുക്കം നാളായ കിയാമംനാളിൽ ദജ്ജാലിറങ്ങുമ്പോൾ നീ ഞങ്ങൾക്കു താങ്ങാകേണമേ, ഇബിലീസെന്ന പഹയന്റെ വലയിൽനിന്നും നീ ഞങ്ങളെ കാക്കേണമേ...... ഞങ്ങളുടെ ഖബറുകളിൽ വെളിച്ചം പകരേണമെ എന്ന ദുആ ചെയ്യാറുണ്ടെന്നും അതിനു ആമീൻ പറയാറുണ്ടെന്നും എഴുത്തുകാരി ഓർമ്മിക്കുന്നുണ്ട് (പു.90).

### 2.2.1.5.4 ലേഖനസമാഹാരത്തിൽ

#### 2.2.1.5.4.1 ആരോടു ചൊല്ലേണ്ടു നാം

##### 2.2.1.5.4.1.1 ത്യാഗത്തിന്റെ താളുകൾ

ഹജ്ജുമായിബന്ധപ്പെട്ട കാര്യങ്ങളും ചടങ്ങുകളും ചർച്ചചെയ്യുന്നിടത്ത് അറഫാദിനത്തെ പരാമർശിക്കുന്നുണ്ട്. മൈതാനിയിൽ ഒത്തുകൂടിയപ്പോൾ ഒടുക്കംനാളായ കിയാമം നാളിനെക്കുറിച്ചും വിചാരണക്കായി മഹ്ശറ മുറ്റത്ത് ഒരുമിച്ചു കൂടുമ്പോൾ തലയ്ക്കുമുകളിലായി കത്തിജ്വലിക്കുന്ന സൂര്യൻ താഴെ ചുട്ടുപഴുത്തമരുഭൂമി അവനവൻ ചെയ്ത നന്മതിന്മകളുടെ അടിസ്ഥാനത്തിൽ കർമ്മപുസ്തകം വലംകൈയ്യിൽ കിട്ടുന്നവർ ഭാഗ്യവാന്മാരാണെന്നും ഓരോരു ത്തരുടെയും കൈയ്യും കാലും കണ്ണും കാതും സാക്ഷിപറയുമെന്നും

നന്മചെയ്തവർക്കു സ്വർഗ്ഗവും തിന്മചെയ്തവർക്കു നരകവും നൽകുമെന്നും പരാമർശിച്ചുകാണുന്നു. ഒഴിവാക്കാനാവാത്ത ആ ദിനത്തെ ഓർത്തുകൊണ്ടുകൂടിയാണു വിശ്വാസികൾ അറഫാമൈതാനിയിൽ ഒരുമിച്ചു കൂടുന്നതും പ്രാർത്ഥിക്കുന്നതുമെന്നാണു ലേഖനത്തിൽ പരാമർശിച്ചു കാണുന്നത് (2013:103,104).

#### 2.2.1.5.4.1.2 പുണ്യം തേടി

ഒടുക്കം നാളിലെ വിചാരണദിനത്തെ ഓർമ്മിപ്പിക്കുന്നതാണു ഹജ്ജിന്റെ പ്രധാനചടങ്ങുകളിൽ ഒന്നായ അറഫദിനം എന്ന സൂചന ലേഖനത്തിൽ ഉണ്ട് (പു.28).

### 2.2.1.6 നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ നിന്നാണെന്നും അവന്റെ മുൻനിശ്ചയ പ്രകാരമാണെന്നുമുള്ള വിശ്വാസം

#### 2.2.1.6.1 നോവലുകളിൽ

#### 2.2.1.6.1.1 കിനാവ്

തന്റെ ജീവിതത്തിൽസംഭവിച്ച എല്ലാകാര്യങ്ങളും സർവ്വശക്തന്റെ മുൻ വിധിനിശ്ചയപ്രകാരമാണെന്ന ചിന്ത ബീപാത്തുഹജ്ജുമ്മയിലൂടെ അവതരിപ്പി ക്കുന്നതായി കാണുന്നു (1990:19).

#### 2.2.1.6.1.2 ഇരുട്ട്

ഈ വിശ്വാസത്തെപ്പറ്റി സൂചനയില്ല

#### 2.2.1.6.1.3 മൊഴി

ഈ വിശ്വാസത്തെപ്പറ്റിയുള്ള സൂചനകളില്ല.

### 2.2.1.6.1.4 നിലാവ്

ഈ വിശ്വാസവുമായി ബന്ധപ്പെട്ട സൂചനകൾ കാണാൻ കഴിയുന്നില്ല.

### 2.2.1.6.1.5 ആകാശഭൂമികളുടെ താക്കോൽ

നാൽപതുവയസ്സുപ്രായമുള്ള ഒരു ഭാര്യയുമായി കഴിയുന്ന ഹുസൈൻ ഹാജിയെക്കൊണ്ടു തന്റെ മകളെ വിവാഹംകഴിപ്പിക്കാൻ ഉമ്മാക്കു താൽപര്യമി ല്ലായിരുന്നു. ജീവിതസാഹചര്യങ്ങളാൽ ഉപ്പയുടെ ഇഷ്ടത്തിനു നിന്നു കൊടുക്കേണ്ടിവരികയാണു നൂറുവിനും അവളുടെ ഉമ്മയ്ക്കും. നിസ്സഹായ യായി നൂറുവിന്റെ ഉമ്മ ഇപ്രകാരം പ്രാർത്ഥിക്കുന്നതായി കാണാം.

'എന്റെ റബ്ബേ..... നീ എല്ലാം അറിയുന്നോനാ ... ഖൈറാണെങ്കിൽ (നന്മ) അടുപ്പിച്ചു താ. ശെർറാണെങ്കിൽ (തിന്മ) ദൂരെപ്പെടുത്തണേ... യാ അള്ളാ നീ കാക്ക്' (2008:27). ഉമ്മയുടെ വിശ്വാസമാണത്. അതുപോലെ നോവലിലെ ഐഷ എന്നകഥാപാത്രം തന്റെ മകൻ ചെറുപ്പത്തിലെ മരണപ്പെട്ടതും തനിക്കു പിന്നീടു കുഞ്ഞുങ്ങളെ തരാത്തതും ദൈവവിധിയാണെന്നു വിശ്വസി ക്കുന്നതായി കാണാം (പു.80). നൂർജഹാൻ വീണുപരിക്കുപറ്റി ആശുപത്രിയിലാ യതും അടുത്തൊന്നും എണീറ്റു നടക്കാൻ കഴിയില്ല എന്നതും 'പടച്ചോന്റെ കളികളാ'ണെന്നാണു റംലത്തിന്റെ പക്ഷം (പു.157). ദൈവവിധിയിൽ വിശ്വസി ക്കുന്ന കഥാപാത്രമാണു റംലത്ത് എന്നാണിതു വ്യക്തമാക്കുന്നത്.

ഹുസൈൻഹാജിയുടെ തോന്നുമ്പോഴുള്ള പെണ്ണുകെട്ടലിൽ ആ വീട്ടിലെ ജോലിക്കാർക്ക് അമർഷമുണ്ട്. എന്നാൽ അവർക്കതു തുറന്നുപറയാൻ സാധിക്കുന്നില്ല. ഹുസൈൻ ഹാജിയുടെ ഭാര്യമാരുടെ കാര്യമോർത്ത് എല്ലാ വർക്കും 'ബേജാറാണ്.' എന്നാൽ നമ്മളെക്കൊണ്ട് ഒന്നും ചെയ്യാൻ കഴിയി ല്ലെന്നും എല്ലാം അള്ളാഹുവിന്റെ കൽപനപ്രകാരമാണെന്നു സമാധാനിക്കാമെ ന്നുമാണു കാര്യസ്ഥനായ ബീരാൻ പറയുന്നത് (പു.131). ദൈവത്തിന്റെവിധി

നടപ്പാക്കുന്നതാണെന്ന് അവർ സമാശ്വസിപ്പിക്കുന്നതായും വിശ്വസിക്കുന്ന തായും നോവൽ വ്യക്തമാക്കുന്നു.

#### 2.2.1.6.1.6 നിഴൽ

ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവത്തിന്റെ മുൻനിശ്ചയപ്രകാര മാണെന്നും അതിലൊന്നും തളരാതെ ക്ഷമിച്ചു ജീവിക്കണമെന്നും മകൻ മജീദിനെ ഉമ്മ റാബിയ ഉപദേശിക്കുന്ന ഭാഗം നോവലിൽ കാണാം (2012:217).

#### 2.2.1.6.1.7 പ്രകാശത്തിനുമേൽ പ്രകാശം

മകളോടുള്ള സ്നേഹക്കൂടുതൽ കാരണം തന്റെ മകൾ എന്നും തന്നോ ടൊപ്പം വേണമെന്ന് ആഗ്രഹിച്ചിരുന്നു ബീപാത്തുഹജ്ജുമ്മ. എന്നാൽ വിവാഹ ശേഷം മകളെ ദൂരേക്ക് അയക്കേണ്ടിവരികയാണ്. അധികം വൈകാതെ മകളും മരുമകനും കോഴിക്കോട്ടേക്കു താമസം മാറുകയും ഉമ്മയെ അവരോടൊപ്പം താമസിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ സമയം അവർ പറയുന്നത് ഇങ്ങനെയാണ് 'അൽഹംദുലില്ലാഹ്... എന്റെ കുട്ടി ഇന്നിതാ എന്റൊപ്പരം തന്നെ കയീന്നു. എല്ലാം കുദ്റത്തുടയോന്റെ കുദ്റത്ത്' (2015:85). അതുപോലെ ത്തന്നെ മകളായ സൈനബ ചിന്തിക്കുന്നത് ഇപ്രകാരമാണ്. നന്മയും തിന്മയും അള്ളാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്നും മനുഷ്യൻ അതിനെക്കുറി ച്ചോർത്തു വേവലാതിപ്പെട്ടിട്ടു പ്രയോജനമില്ലെന്നും മക്കളെ ബോധ്യപ്പെടുത്തുക യാണു തന്റെ ഉമ്മ ചെയ്യുന്നത്. ഈമാൻ കാര്യത്തിലെ ഈ വിശ്വാസത്തെ മുൻനിർത്തിയുള്ള ചിന്തയാണു നോവലിൽ കാണുന്നത് (പു.85).

ഷംസുദ്ദീൻവക്കീൽ എന്ന കഥാപാത്രം തന്റെ ഭാര്യാസഹോദരനെ സമാശ്വസിപ്പിക്കുന്നിടത്തും വിധിയെ മുൻനിർത്തിയാണു സംസാരിക്കുന്നത്. എല്ലാം ദൈവനിശ്ചയമാണെന്നും ഇന്നയിന്ന വിധത്തിൽ ജീവിക്കണമെന്നു തലയിലെഴുതിയിട്ടാണ് ഓരോരുത്തരെയും ഭൂമിയിലേക്ക് അയക്കുന്നതെന്നും

മുകളിലിരിക്കുന്നവൻ കൽപിക്കുന്നത് അനുസരിക്കുകയാണു മനുഷ്യനു നല്ല തെന്നും പറയുന്നതായി കാണുന്നു (പു.65).

മകൻ ഷിഹാബിന്റെയും ഷബാനയുടെയും വിവാഹജീവിതത്തിനു രണ്ടു ദിവസത്തെ നീളം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എല്ലാവരും അതോർത്തു സങ്കട പ്പെടുന്ന സമയത്തു സൈനബ ഷിഹാബിനെ സമാധാനിപ്പിക്കുന്നതും വിധിയെ കൂട്ടുപിടിച്ചാണ്. നിന്റെ വിധി ഇതാണെന്നു നാലാംമാസത്തിൽ തലയിലെഴു തിയിട്ടുണ്ടാകുമെന്നാണ് അവർ പറയുന്നത് (പു.234). നന്മയും തിന്മയുമായ കാര്യങ്ങൾ ദൈവത്തിൽനിന്നു വന്നുചേരുന്നതാണെന്നു സ്വയംവിശ്വസിപ്പിക്കു കയും മകനെ പറഞ്ഞു ബോധ്യപ്പെടുത്തി സമാധാനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട് അവർ (പു.241).

അതുപോലെത്തന്നെ ക്രിസ്ത്യാനിയായിരുന്ന സാറാമ്മയും മുസ്ലിമായി രുന്ന മജീദും തമ്മിൽ കണ്ടുമുട്ടുന്നതും അടുക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാവുന്നതും വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നതുമെല്ലാം അള്ളാഹു വിന്റെ മുൻതീരുമാനപ്രകാരമാണെന്നാണു സാറ എന്നകഥാപാത്രം നോവലിൽ പറയന്നത് (പു.179).

#### 2.2.1.6.2 ചെറുകഥകളിൽ

##### 2.2.1.6.2.1 കർമപുസ്തകം

മരണക്കിടക്കയിൽ കിടന്ന് ആയിശാ എന്നകഥാപാത്രം തനിക്കു കലിമ ചൊല്ലി മരിക്കണമെന്നും എങ്കിൽ മാത്രമെ താൻ ചെയ്ത നന്മതിന്മകൾ രേഖപ്പെടുത്തിയ കർമപുസ്തകം വലംകയ്യിൽ തരികയെന്നും തനിക്കു സ്വർഗ്ഗം ലഭിക്കകയുള്ളൂ എന്നും ചിന്തിക്കുന്നതായികാണുന്നു (2014:26,29).

### 2.2.1.6.2.2 അദൃശ്യങ്ങളെ അറിയുന്നവൻ

ഖുർആൻസൂക്തങ്ങളുടെ അർത്ഥങ്ങൾ വിവരിച്ചുകൊണ്ടാണു കഥയിലെ ഓരോ ഭാഗങ്ങളും അവതരിപ്പിച്ചിട്ടുള്ളത്. തന്റെ ജീവിതത്തിൽ സംഭവിച്ച നല്ലതും ചീത്തയുമായകാര്യങ്ങൾ ദൈവത്തിന്റെ കൽപനപ്രകാരമാണെന്നും അവന്റെ വിധിയനുസരിച്ചേ എല്ലാകാര്യങ്ങളും സംഭവിക്കുകയുള്ളൂ എന്നുമുള്ള വിശ്വാസം കഥയിലുടനീളം അവതരിപ്പിക്കപ്പെടുന്നുണ്ട് (പു.160-66).

### 2.2.1.6.2.3 വത്തക്ക

സമ്പന്ന കുടുംബത്തിൽ പിറന്നവളായിരുന്നു നസീമ. എന്നാൽ ഉപ്പയുടെ രോഗത്തോടെ കുടുംബമൊന്നാകെ പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേക്കും കൂപ്പുകുത്തുകയാണു ചെയ്യുന്നത്. നസീമയ്ക്ക് എപ്പോഴും സംശയമാണ്. തന്റെ ഉപ്പ അഞ്ചുനേരം നിസ്ക്കരിക്കുകയും നോമ്പു മുപ്പതും നോൽക്കുകയും നോമ്പിനു കണക്കനുസരിച്ചു സക്കാത്തു കൊടുക്കുകയും ചെയ്തിട്ടും എങ്ങനെയാണ് ഉപ്പ പാപ്പരായത് എന്ന്. ഉമ്മയുടെ മറുപടി ഇപ്രകാരമാണ്. 'എല്ലാം ഓന്റെ കളി. മനിശനെ നന്നാക്കാനും ബെടക്കാക്കാനും ഓനിക്കു പെരുത്തു നേരം ബേണോ? രാജാവിനെഫക്കീറാക്കുന്നതും ഫക്കീറിനെ രാജാവാക്കാനും ഓനിക്കു ളഹറിട, നേരം മതി. ഓൻ വിധിക്കുന്നതെല്ലാം നമ്മൾ സഹിക്കണം' (പു.76,77).

### 2.2.1.6.3 അനുഭവക്കുറിപ്പുകൾ

### 2.2.1.6.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

തിക്കോടിയിലെ വീടും കുടുംബവും വിട്ടു മകളും കുട്ടികളും കോഴിക്കോട്ടേക്കും വീടു മാറിപ്പോവുന്നതും തന്റെ ജീവിതത്തിൽ ഇതുവരെ സംഭവിച്ചതുമെല്ലാം അള്ളാഹുവിന്റെ വിധിയാണെന്നും അവന്റെ വിധി

തടുക്കാൻ ആരെക്കൊണ്ടും കഴിയില്ല എന്നും ഉമ്മ ഇടയ്ക്കിടെപറയുന്നതായി കൃതിയിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട് (2015:23,33,79,93,139).

**2.2.1.6.4 ലേഖനസമാഹാരത്തിൽ**

**2.2.1.6.4.1 ആരോടു ചൊല്ലേണ്ടു നാം**

**2.2.1.6.4.1.1 ഖുർആൻ ജീവിതത്തിന്റെ വഴികാട്ടി**

നന്മയും തിന്മയുമായകാര്യങ്ങൾ ദൈവത്തിൽനിന്നുമുള്ളതാണെന്നും പിശാചിന്റെ വലയിലകപ്പെട്ടു തിന്മയിലേക്കു പോവാതെ നന്മയുടെ വഴിയിലൂടെ സഞ്ചരിക്കണമെന്നും ക്ഷമിക്കുന്നവരുടെ കൂടെ അള്ളാഹു ഉണ്ടായിരിക്കുമെന്നും ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട് (2013:97). കൂടാതെ മനുഷ്യന്റെ നന്മതിന്മകൾ എഴുതപ്പെട്ട കർമ്മപുസ്തകം മരണശേഷം നൽകുകയും നന്മപ്രവർത്തിച്ചവർക്കു സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ടെന്നും പരാമർശമുണ്ട് (പു.98).

**2.3 വിശ്വാസപരമായ ആഘോഷങ്ങൾ**

വിശ്വാസപരമായി ചില ആഘോഷങ്ങൾ ആചരിക്കുന്നവരാണ് മുസ്ലിങ്ങൾ. അവ എപ്രകാരമാണു കൃതികളിൽ ആവിഷ്കരിച്ചിരിക്കുന്നതെന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടക്കുന്നത്. ചെറിയപെരുന്നാൾ, ബലിപെരുന്നാൾ എന്നിവയാണ് അവ.

**2.3.1 ചെറിയ പെരുന്നാൾ**

**2.3.1.1 നോവലുകളിൽ**

**2.3.1.1.1 കിനാവ്**

ചന്ദ്രപ്പിറവികാണുന്നതിനനുസരിച്ചാണു മുസ്ലിങ്ങൾ പെരുന്നാൾ ആഘോഷിക്കുന്നത്. പുത്തൻപുരയ്ക്കലിൽനിന്നും സൈതൂട്ടിഹാജിയും കൂട്ടരും പള്ളിയിലെ ഖാളിയും മറ്റുള്ളവരും റമളാന്റെ അവസാനത്തിൽ

മാസപ്പിറവി കണ്ടു 'ഷവ്വാൽ' പിറന്നതായി പ്രഖ്യാപിച്ചാൽ പിറ്റേന്നാൾ പെരുന്നാളായി. നീണ്ടനാളത്തെ ഉപവാസത്തിനുശേഷമാണു പെരുന്നാൾ ആഘോഷിക്കുന്നത്. അന്നേദിവസം ഫിത്വർസക്കാത്തു നൽകുന്നതിനെ ക്കുറിച്ചും നോവലിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ പെരുന്നാൾ ദിനത്തിൽ വീട്ടിലുള്ള എല്ലാവർക്കും അതുപോലെ വീട്ടുജോലിക്കാർക്കും ആശ്രിതർക്കും പുതിയ തുണിത്തരങ്ങൾ എടുക്കുന്നതിനെക്കുറിച്ചും പറയു ന്നുണ്ട്. ബന്ധുമിത്രാദികൾ പരസ്പരം സന്ദർശിക്കുന്നതും സ്നേഹം കൈമാറു ന്നതും സൂചിപ്പിച്ചുകാണുന്നു. കുട്ടികൾക്കായി പടക്കം, പൂത്തിരി, കമ്പിത്തിരി, മത്താപ്പ്, മാലപ്പടക്കം എന്നിവ വാങ്ങിക്കൊടുക്കുന്നതായും കുട്ടികൾ ഏറെ സന്തോഷത്തോടെപുത്തൻവസ്ത്രങ്ങൾ ധരിച്ച് ആഘോഷിക്കുന്നതും നെയ്ച്ചോറും കോഴിക്കറിയും വെച്ചു വിളമ്പുന്നതുമെല്ലാം നോവലിൽ പരാ മർശിക്കുന്നുണ്ട്. പെരുന്നാൾ ആഘോഷിക്കാൻ പണമില്ലാത്തവർ അവനവന്റെ പേരിലുള്ളപറമ്പു ചാർത്തിക്കൊടുത്തെങ്കിലും അതിനുള്ള വക കണ്ടെത്തും എന്നുള്ള കാര്യങ്ങളും നോവലിൽ വിശദീകരിക്കുന്നുണ്ട് (1990:47).

#### 2.3.1.1.2 നിഴൽ

റമളാൻമാസത്തെ നോമ്പിനുശേഷം എല്ലാവരും പെരുന്നാൾ ആഘോഷി ക്കാറുണ്ടെന്നും അതിൽ നോമ്പു പിടിച്ചവരും പിടിക്കാത്തവരും സജീവ മായി പങ്കെടുക്കുമെന്നും കാണുന്നു. കൂടാതെ പ്രത്യേകവിഭവമായി നെയ്ച്ചോറും കോഴിക്കറിയും ധാരാളമായി ഉണ്ടാക്കുന്നതിനെക്കുറിച്ചും പരാമർശമുണ്ട്. ആളുകൾ പുത്തൻവസ്ത്രം ധരിക്കുന്നതും കുട്ടികൾ സന്തോഷപൂർവ്വം പെരുന്നാൾപള്ളിയിൽ പോവുന്നതുമെല്ലാം പരാമർശിച്ചതായി കാണുന്നു (പു.48).

#### 2.3.1.1.3 പ്രകാശത്തിനുമേൽ പ്രകാശം

പെരുന്നാൾദിനങ്ങളിൽ കുടുംബമൊന്നിച്ച് ഈദ്ഗാഹുകളിൽ പോയി നിസ്ക്കരിക്കുന്നതും ഈദുസന്ദേശങ്ങൾ കൈമാറുകയും ചെയ്യുന്നു. വിദേശ ത്തുള്ളവർ നാട്ടിലെത്തുന്നു. അവർ കുടുംബത്തോടൊപ്പം പെരുന്നാൾ ആഘോഷിക്കാൻ ആഗ്രഹിക്കുന്നതും അതിനായി തയ്യാറെടുപ്പുകൾ നടത്തുന്ന തുമെല്ലാം നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. പ്രത്യേകവിഭവങ്ങൾ തയ്യാറാക്കി കുടുംബസമേതം ഭക്ഷണംകഴിച്ചു സന്തോഷിക്കാറു ണ്ടെന്നും പുത്തൻവസ്ത്രം ധരിക്കാറുണ്ടെന്നും ബന്ധുവീടുകളിൽ പോയി ബന്ധംപുലർത്താറുണ്ടെന്നും നോവലിൽ പരാമർശിച്ചതായി കാണാം (2012:196).

### 2.3.1.2 ചെറുകഥകളിൽ

#### 2.3.1.2.1 വത്തക്ക

നസീമ എന്ന കഥാപാത്രത്തിലൂടെ അവളുടെ ചെറുപ്പകാലത്തെ പെരുന്നാൾ വിശേഷങ്ങൾ പങ്കുവെക്കുന്നുണ്ട്. സമ്പന്നരായിരുന്ന അവർ വാപ്പ കിടപ്പിലാവുന്നതിനുമുമ്പു നോമ്പു പത്താവുമ്പോഴേക്കും ധാരാളം തുണിത്തരങ്ങൾ വീട്ടിലെത്തിക്കും. വാപ്പ ഫോൺ വിളിച്ചു പറയുമ്പോഴേക്കു വസ്ത്രങ്ങളും ചെരിപ്പുകളുമെല്ലാം എത്തും. ഇഷ്ടാനുസരണം അവർക്ക് എല്ലാം തെരഞ്ഞെടുക്കാം. എന്നാൽ ഇന്ന് അവർ ദരിദ്രരാണ്. നസീമ ആകെ വിഷമത്തിലുമാണ്. കാരണം നാളെ പെരുന്നാളാണ്. എന്നാൽ തനിക്കും ഉമ്മാക്കും ഇത്താത്തമാർക്കുമൊന്നും പെരുന്നാൾകോടി വാങ്ങിച്ചിട്ടില്ല. ഉള്ളവ തന്നെ പഴകിയതും കീറിയവയുമായിരുന്നു എന്നും കഥയിൽ പരാമർശിച്ചിട്ടുണ്ട് (2014:76,77). അതുപോലെ തന്റെ കുടുംബത്തിലെ പണക്കാരായ ആളുകളെല്ലാം പുത്തൻവസ്ത്രങ്ങൾ എടുത്തതും പെരുന്നാൾദിനത്തിലേക്കായി അരിയും ഇറച്ചിയും പലചരക്കുസാധനങ്ങളും വാങ്ങിക്കൂട്ടിയതിനെക്കുറിച്ചു മെല്ലാം അവൾ സൂചിപ്പിക്കുന്നുണ്ട് (പു.77).

#### 2.3.1.2.2 യാത്രയിലെ ദുരിതങ്ങൾ

പെരുന്നാളിനു വസ്ത്രമെടുക്കുമ്പോൾ അരികിൽ പൂപ്പണിയുള്ളമക്കന വാങ്ങിത്തരണമെന്നു ഹൈറു എന്ന കഥാപാത്രം തന്റെ ഭർത്താവായ അൻവറി നോടുപറയുന്ന സന്ദർഭമുണ്ടു കഥയിൽ (പു.293).

#### 2.3.1.2.3 വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

പെരുന്നാൾ ആഘോഷിക്കുന്നവിഷയത്തിൽ സംഘടനകൾ തമ്മിൽ മത്സരവും തമ്മിൽപ്പോരും ഉണ്ടാവുന്നതും അവ കുടുംബബന്ധങ്ങളെ ബാധി ക്കാറുണ്ടെന്നും സൂചനയുണ്ട് (പു.302).

#### 2.3.1.3 അനുഭവക്കുറിപ്പുകളിൽ

പെരുന്നാൾദിവസങ്ങളിൽ പ്രത്യേകഭക്ഷണം തയ്യാറാക്കാറുണ്ട്. നെയ്ച്ചോറും കോഴിക്കറിയുമാണു പ്രധാനം. ബിരിയാണിയും ഉണ്ടാക്കാറുണ്ട്. എന്നാൽ ബിരിയാണിക്കാവശ്യമായ സാധനങ്ങൾ തിക്കോടിയിൽ ലഭിച്ചിരുന്നില്ല എന്ന സൂചന ഉണ്ട് (2015:46).

#### 2.3.1.4 ലേഖനസമാഹാരത്തിൽ

ലേഖനങ്ങളിൽ പെരുന്നാളുമായി ബന്ധപ്പെട്ട സൂചന ഇല്ല.

### 2.3.2 ബലിപെരുന്നാൾ/ബക്രീദ്

#### 2.3.2.1 നോവലുകളിൽ

#### 2.3.2.1.1 കിനാവ്

ദൈവഹിതമനുസരിച്ചു പ്രവാചകനായ ഇബ്രാഹീം തന്റെ ഏകപു ത്രനെ ബലിയർപ്പിക്കാൻ കൊണ്ടുപോവുകയും ഒടുവിൽ ദൈവകൽപ്പനപ്രകാരം തന്നെ ആടിനെ അറുക്കുകയും ചെയ്യുന്നതായി ബലിപെരുന്നാളുമായി ബന്ധപ്പെട്ട കഥയുണ്ട്. ഈ സംഭവത്തിന്റെ സ്മരണയ്ക്കാണു ലോകമുസ്ലിങ്ങൾ

അറബിമാസമായ ദുൽഹജ്ജുമാസത്തിൽ ബലിപെരുന്നാൾ ആഘോഷിക്കുന്നത്. സ്മരണപുതുക്കലെന്നോണം ധനികരായമുസ്ലിങ്ങൾ ആടിനെയോ കാളയേയോ അറുത്തു ബന്ധുമിത്രാദികൾക്കും അയൽവാസികൾക്കും സാമ്പത്തിക മായി പിന്നാക്കം നിൽക്കുന്നവർക്കും വിതരണം ചെയ്യും. വലിയപെരുന്നാൾ ദിനം ആടിനെയോ മൂരിയേയോ അറുത്തു ധാനം ചെയ്യുന്നതിനെക്കുറിച്ചും (ഒളിഹിയ്യത്ത്) അവ മൂന്ന് ഓഹരിയാക്കി ഒന്നു പാവങ്ങൾക്കും രണ്ടു ബന്ധുവീ ട്ടുകാർക്കും മൂന്നു സ്വന്തം വീട്ടാവശ്യത്തിനുമായി വീതം വെയ്ക്കുന്നതിനെക്കു റിച്ചുമെല്ലാം നോവലിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.47).

#### 2.3.2.1.2 ഇരുട്ട്

ബലിപെരുന്നാളിനെപ്പറ്റി സൂചന ഇല്ല

#### 2.3.2.1.3 മൊഴി

ബലിപെരുന്നാളെന്ന ആഘോഷവുമായിബന്ധപ്പെട്ട പരാമർശങ്ങൾ സൂചിപ്പിച്ചു കാണുന്നില്ല.

#### 2.3.2.1.4 നിലാവ്

ബലിപെരുന്നാളിനെപ്പറ്റി സൂചന ഇല്ല.

#### 2.3.2.1.5 ആകാശഭൂമികളുടെ താക്കോൽ

നോവലിൽ ഐഷാത്ത ഹജ്ജനുഭവങ്ങൾ വിവരിക്കുന്നസന്ദർഭത്തിൽ ബലിപെരുന്നാളിനു കാരണമായിത്തീർന്നപ്രവാചകന്മാരായ ഇബ്രാഹിം മകൻ ഇസ്മായിൽ എന്നിവരെ സ്മരിക്കുന്നുണ്ട്. ദൈവകൽപനപ്രകാരം ഇബ്രാഹിം മകനെ ബലികഴിപ്പിക്കാൻ കൊണ്ടുപോവുന്നതാണ് അത് (പു118).

2.3.2.1.6 നിഴൽ

പരാമർശസൂചനകൾ ഇല്ല.

2.3.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

പെരുന്നാൾദിനങ്ങളിൽ കുടുംബമൊന്നിച്ചു ഈദ്ഗാഹുകളിൽ പോവുന്നതും പുതുവസ്ത്രങ്ങൾ ധരിക്കുന്നതും കുട്ടികൾക്കൊപ്പമിരുന്നു ഭക്ഷണം കഴിക്കുന്നതും പരസ്പരം ബന്ധം പുതുക്കുന്നതുമെല്ലാം നോവലിൽ സൂചിപ്പിച്ചുകാണുന്നുണ്ട് (പു.96).

2.3.2 ചെറുകഥകളിൽ

ബലിപെരുന്നാളിനെക്കുറിച്ചുള്ള പരാമർശങ്ങൾ ചെറുകഥകളിൽ ഇല്ല.

2.3.2.3 അനുഭവക്കുറിപ്പുകളിൽ

പെരുന്നാൾദിനങ്ങളിൽ നെയ്ച്ചോറും കോഴിക്കറിയും ഉണ്ടാവാറുണ്ടെന്നും ചിലപ്പോൾ ബിരിയാണി വെക്കാറുണ്ടെന്നുമുള്ള പരാമർശം ഉണ്ട്. ബിരിയാണിവെക്കാൻ ആവശ്യമായസാധനങ്ങൾ തിക്കോടിയിൽനിന്നും ലഭ്യമല്ലായിരുന്നുവെന്നും അവർ ഓർമ്മിക്കുന്നുണ്ട് (2015:46).

2.3.2.4 ലേഖനസമാഹാരത്തിൽ

2.3.2.4.1 ആരോടു ചൊല്ലേണ്ടു നാം

2.3.2.4.1.1 ത്യാഗത്തിന്റെ നാളുകൾ

ഹജ്ജുമായിബന്ധപ്പെട്ട ചടങ്ങുകളെക്കുറിച്ചു പരാമർശിക്കുന്ന ലേഖനത്തിൽ ബലിയർപ്പിക്കുന്നതോടെ ഹജ്ജിന്റെ ചടങ്ങുകൾ കഴിയുന്നതായും ഇബ്രാഹീംനബിയുടെയും മകൻ ഇസ്മായിലിന്റെയും സ്മരണപുതുക്കലെന്നോണമാണെന്നുമുള്ളതാണിതെന്നും സൂചിപ്പിക്കുന്നു (പു.104).

### 2.3.3 നബിദിനം

മുസ്ലിങ്ങളുടെ ആഘോഷപരിപാടിയാണ് അവസാനപ്രവാചകനായ മുഹമ്മദ്നബിയുടെ ജന്മദിനം (മിലാദ്-ഇ-ഷെരീഫ്). ഇത് വിശ്വാസപരമായ ആഘോഷമല്ല. മൗലൂദ് പാരായണമാണ് ഈ മാസത്തെമുഖ്യമായ ആചാരം. പ്രവാചകന്റെയോ മറ്റേതെങ്കിലും ദിവ്യവ്യക്തിയുടെയോ ജീവിതകഥകളും സംഭവങ്ങളും ഉപദേശനിർദ്ദേശങ്ങളും രേഖപ്പെടുത്തി വെച്ച അറബിഗ്രന്ഥമാണു മൗലൂദ്. അറബി മാസത്തിലെ റബിഹുൽ അവ്വൽ 12-ന് ആണു നബി ജനിച്ചത് എന്നു മതവിശ്വാസികൾ കരുതുന്നു. ഈ മാസം ഒന്നു മുതൽ പന്ത്രണ്ടു ദിവസം വരെ ആരാധനാലയമായ പള്ളികളിൽ രാത്രികാലങ്ങളിൽ മതപ്രഭാഷണങ്ങളും മൗലൂദു പാരായണവും ഉണ്ടായിരിക്കും. മധുരപലഹാരവിതരണവും ഉണ്ടാകും. നബിദിനവുമായി ബന്ധപ്പെട്ടകാര്യങ്ങൾ എങ്ങനെയെല്ലാമാണെന്നു ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് എന്ന അന്വേഷണമാണ് ഈ ഭാഗത്ത്.

#### 2.3.3.1 നോവലുകളിൽ

##### 2.3.3.1.1 കിനാവ്

എല്ലാ റബിയുൽഅവ്വൽ (അറബിമാസം) പന്ത്രണ്ടിനും മൗലൂദ് പാരായണം നടത്തുന്നതിനെക്കുറിച്ചു *കിനാവിൽ* പ്രതിപാദിച്ചുകാണുന്നുണ്ട്. എല്ലാ വർഷവും റബിയുൽ അവ്വൽ മാസം ഒന്നുമുതൽ പന്ത്രണ്ടു ദിവസം പുത്തൻപുരയിൽ മൗലൂദുണ്ടാവും. കുഞ്ഞമ്മോട്ടിസീതിയും അവുള്ള മുസലിയാരും കരീമിക്കയുമാണു സ്ഥിരമായി മൗലൂദു പാരായണം ചെയ്യുന്നത്. റബിയുൽ അവ്വൽ പന്ത്രണ്ടിനാണു നബിദിനം. അന്നേദിവസമാണു തിരുനബിജനിച്ചത്. അന്നു വേറെയും പത്തിരുപത്തിയഞ്ചു മുസ്‌ലിയാക്കന്മാരുണ്ടാവും. തലേദിവസമേ ഒരുക്കങ്ങൾ തുടങ്ങിയിരിക്കും. മൗലൂദ് പാരായണം ചെയ്യുന്നവർക്കും നാട്ടുകാർക്കുമൊക്കെയായി പ്രത്യേകഭക്ഷണപാനീയങ്ങൾ തറവാട്ടിൽ ഒരുക്കുന്നതിനെക്കുറിച്ചു സൂചനയുണ്ട്.

'കാവ' എന്ന പ്രത്യേകകാപ്പി മൗലൂദ് ഓതുന്നവർക്കായി നൽകുന്നുണ്ട്. എരിവും നെയ്യും ചേർത്ത ഒരുതരം കാപ്പിയാണു കാവ എന്നു പറയുന്ന കഹ്വ. മൗലൂദ് ഓതിക്കൊണ്ടിരിക്കുന്നവർക്കു കാവ കൊടുക്കും. തൊണ്ട വേദനിക്കാതിരിക്കാനാണു കുരുമുളകും ചെറിയുള്ളിയും ചേർത്ത കാവ ഇടയ്ക്കിടെ കൊടുക്കുന്നത് എന്നു കാണാം. മൗലൂദ് പാരായണശേഷം നെയ്ച്ചോറും ഇറച്ചിക്കറിയും എല്ലാവർക്കും നൽകുന്നു. കുടുംബക്കാരെയും ബന്ധുമിത്രാദികളെയും നാട്ടുകാരെയുമെല്ലാം മൗലൂദിനും അന്നദാനത്തിനും പ്രത്യേകം ക്ഷണിക്കുന്നതായും അവർക്കെല്ലാം വയറുനിറയെ ഭക്ഷണം നൽകുന്നതായും കാണാം (പു.30).

വീടും പരിസരവും അലങ്കരിക്കുന്നതിനെക്കുറിച്ചുമുള്ള സൂചനകൾ ഉണ്ട്. വീടിന്റെ തിണ്ണമുതൽ മുല്ലമാലകൾകൊണ്ട് അലങ്കരിക്കും. പന്ത്രണ്ടുതട്ടുള്ള വലിയനിലവിളക്കു തേച്ചുമിനുക്കി സ്വർണ്ണനിറമാക്കി എണ്ണയും തിരിയുമിട്ടു കത്തിക്കും. ചന്ദനത്തിരിയും കുന്തിരിക്കവും പുകയ്ക്കും. ഭക്ഷണം കഴിക്കുന്നതിനായി പൂമുഖം കഴിഞ്ഞുള്ള പെരിയകത്ത് ഇരുവശത്തും തിണ്ണകൾ കെട്ടിയിട്ടുള്ള സ്ഥലം ഒരുക്കിവെയ്ക്കുന്നു തുടങ്ങിയകാര്യങ്ങളെല്ലാം ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു (പു:30,33). എന്നാൽ ഇന്നു ക്രമേണ അവയെല്ലാം ഇല്ലാതായിക്കൊണ്ടിരിക്കയാണ്. ഇന്നു കുട്ടികളെ പഠിപ്പിക്കാൻവരെ മുസ്ലിയാക്കന്മാരെ കിട്ടുന്നില്ല. പന്ത്രണ്ടിനു മൗലൂദ് ഓതാനും ആളെ കിട്ടാത്ത അവസ്ഥയാണ് (1990:33). നബിദിനത്തിന്റെ ഭാഗമായിട്ടല്ലെങ്കിലും ഉമ്മ മൗലൂദും റാത്തീബുമൊക്കെ ഓതിപ്പിക്കുന്നതിനെക്കുറിച്ചും നോവലിൽ സൂചന നൽകുന്നുണ്ട് (പു:83).

**2.3.3.2 ചെറുകഥകളിൽ**

നബിദിന സൂചനകൾ ചെറുകഥകളിൽ കാണുന്നില്ല.

### 2.3.3.3 അനുഭവക്കുറിപ്പുകളിൽ

#### 2.3.3.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

*ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ* എന്ന അനുഭവക്കുറിപ്പുകളിൽ വീട്ടിൽ മൗലൂദുപാരായണം ചെയ്യുന്നതിനെക്കുറിച്ചും കുത്തീറാത്തീബു നടത്തു ന്നതിനെപ്പറ്റിയും പരാമർശിക്കുന്നുണ്ട്. അറബിമാസമായ റബിയുൽ അവ്വൽ ഒന്നിനാണു മൗലൂദ് തുടങ്ങുന്നത്. മാസപ്പിറവി കണ്ടെന്നുറപ്പാകുന്നതോടെ മൗലൂദ് തുടങ്ങുന്നു. മാസം പന്ത്രണ്ടിനു നബിദിനം കേമമായിട്ട് ആഘോഷിക്കും (2015:37).

റാത്തീബ്-കുത്തീറാത്തീബ് വല്ലപ്പോഴുമേ നടത്താറൊള്ളൂ. റാത്തീബിനായി പ്രത്യേകം ആളുകളുണ്ടാകും. ദഫ്ഫുമുട്ടിക്കൊണ്ടാണു റാത്തീബ്. മൗലൂദായാലും റാത്തീബായാലും നടുവിൽ വലിയ നിലവിളക്കിൽ എണ്ണയിട്ടു തിരികത്തിച്ചിരിക്കും. റാത്തീബോതുമ്പോൾ കുന്തിരിക്കവും ചന്ദന ത്തിരിയുമൊക്കെ കത്തിച്ച് അന്തരീക്ഷം ഭക്തിസാന്ദ്രമായിരിക്കും. കുത്തീറാ ത്തീബു പാതിരാവേളകളിലാണു നടത്താറുള്ളത്. കവിളിലൂടെ കമ്പികുത്തിയിറ ക്കുന്നതും കണ്ണു ചൂഴ്ന്നെടുക്കുന്നതുമൊക്കെ കുത്തീറാത്തീബിന്റെ പ്രത്യേകത യാണ് എന്നും സൂചിപ്പിച്ചു കാണുന്നുണ്ട് (പു.38).

### 2.3.3.4 ലേഖനസമാഹാരത്തിൽ

നബിദിനവുമായിബന്ധപ്പെട്ട കാര്യങ്ങൾ ലേഖനങ്ങളിൽ പരാമർശിച്ചു കാണുന്നില്ല.

## 2.4. ഇതര വിശ്വാസങ്ങളും ആചാരങ്ങളും

തികച്ചും മതപരമായ വിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാന ങ്ങൾക്കും പുറമെ നിരവധി വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും ആചാരങ്ങളും കേരളീയമുസ്ലിങ്ങൾക്കിടയിൽ നിലവിലുണ്ട്. ഉദാ; കണ്ണേറ്,

ശകുനം എന്നിവ. അവ കൃതികളിൽ എങ്ങനെയൊക്കെ അവതരിപ്പിക്കപ്പെടുന്നു വെന്ന അന്വേഷണമാണ് ഈ ഖണ്ഡത്തിൽ.

### 2.4.1 കണ്ണേറും കൊതിയും

#### 2.4.1.1 നോവലുകളിൽ

##### 2.4.1.1.1 കിനാവ്

നോവലിലെ കുഞ്ഞാമിനുമ്മ എന്ന കഥപാത്രത്തിന്റെ പേരുതന്നെ മന്ത്രിക്കുന്ന കുഞ്ഞാമിനുമ്മ എന്നാണ്. ആ നാട്ടിലുള്ളവർ കണ്ണേറിനും കൊതിക്കും മറ്റും അവരെക്കൊണ്ടാണു മന്ത്രം ഓതി ഉഴിപ്പിക്കുന്നത്. ഉപ്പും മുളകും കടുകും മണ്ണും കടലാസിൽ പൊതിഞ്ഞു പ്രത്യേകമന്ത്രം ചൊല്ലി കുഞ്ഞാമിനുമ്മ തല ഉഴിഞ്ഞാൽ ഏതു കണ്ണേറും മാറുമെന്നാണ് ഉള്ളൂർക്കര ക്കാരുടെ വിശ്വാസം എന്നു നോവലിൽ പരാമർശിച്ചുകാണുന്നു (1990:32).

##### 2.4.1.1.2 പ്രകാശത്തിനുമേൽ പ്രകാശം

മകൻ ഷിഹാബും ആദ്യഭാര്യ ശബാനയും തമ്മിൽ നല്ല ചേർച്ചയുണ്ടാ യിരുന്നു എന്നും ആദ്യരാത്രി അവൾക്കു മാനസികരോഗം വന്നതും ബന്ധം പിരിയേണ്ടി വന്നതും കണ്ണു തട്ടിയതു കൊണ്ടാണ് എന്നാണു ഷിഹാബിന്റെ ഉമ്മ സൈനബയുടെ അഭിപ്രായം (2012:220).

##### 2.4.1.1.3 ഇരുട്ട്

ഭർത്താവുമായി പിണങ്ങി വീട്ടിലെത്തിയ ഫാത്തിമയെ കാണാൻ അയൽവാസി 'കദീശ' വീട്ടിൽ വരുന്നുണ്ട്. എന്നാൽ അപ്പോഴേക്കും ഫാത്തിമ തൃശ്ശൂരിലേക്കു പോവുകയായിരുന്നു. എന്തിനാണ് എന്നു കദീശ ചോദിക്കു മ്പോൾ ഫാത്തിമയുടെ ഉമ്മ പറയുന്നത് അവൾക്കു സുഖമില്ലെന്നും ഡോക്ടറെ കാണിക്കാനാണു പോയതെന്നുമാണ്. ഈ സമയത്തു കദീശ പറയുന്നത്, ഇത്ര

ചെറുപ്പത്തിലെ രോഗം വന്നതു ഫാത്തിമയ്ക്കു കണ്ണുതട്ടിയതുകൊണ്ടാണ് എന്നാണ് (1995:34).

**2.4.1.1.4 നിഴൽ**

നോവലിൽ കുറുങ്കാലി ഉമ്മുമ്മ എന്ന കഥാപാത്രത്തിന്റെ കണ്ണു തട്ടിയാൽ ഏതുസാധനവും നശിക്കുമെന്നാണു വിശ്വാസം. ഉദാഹരണമായി വീട്ടിൽ നട്ടുനനച്ചുണ്ടാക്കിയിരുന്ന നാരകത്തെ അവർ നോക്കിനിന്നു എന്നും മൂന്നാംദിവസം മരം കരിഞ്ഞുപോയി എന്നും നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (2012:123).

**2.4.1.1.5** മൊഴി, നിലാവ്, ആകാശഭൂമിയുടെ താക്കോൽ എന്നീ നോവലുകളിൽ കണ്ണേറും കൊതിയുമായും ബന്ധപ്പെട്ട വിശ്വാസങ്ങൾ ഇല്ല.

**2.4.1.2** ചെറുകഥകളിലും ഇത്തരം പരാമർശങ്ങൾ കാണുന്നില്ല.

**2.4.1.3 അനുഭവക്കുറിപ്പുകൾ**

**2.4.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

കണ്ണേറിൽ വിശ്വസിക്കുന്നവരായിരുന്നു എഴുത്തുകാരിയുടെ ബന്ധുക്കൾ എന്ന് അനുഭവക്കുറിപ്പിൽ സൂചനയുണ്ട്. പൊട്ടിക്കണ്ണൻ കുഞ്ഞമെതാജിനെ കണ്ടാൽ നിങ്ങൾ കൂട്ടംതെറ്റി നടക്കണമെന്നും അയാളുടെ കണ്ണുതട്ടിയാൽ പ്രശ്നമാണെന്നും കുട്ടികളെ ഉപദേശിക്കുന്നുണ്ട് ഉമ്മ (2018:100).

**2.4.1.4 ലേഖനസമാഹാരത്തിൽ**

**2.4.1.4.1 ആരോടുചൊല്ലേണ്ടു നാം**

ഇത്തരം വിശ്വാസങ്ങൾക്കെതിരായ നിലപാടാണ് ലേഖനത്തിലുള്ളത്.

**2.4.1.4.1.1 വൻദോഷങ്ങൾ വർജ്ജിക്കുക**

അനാചാരങ്ങളെ അടിമുടി എതിർത്ത മുഹമ്മദ്നബിയുടെ അനുയായികൾ അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും പോവുന്നതും നബിയുടെമേൽ അദ്ദേഹത്തിന്റെ ചര്യകളിലില്ലാത്ത കാര്യങ്ങൾ ഉണ്ടാക്കുന്നതും തെറ്റാണെന്ന് ഈ ലേഖനത്തിൽ പരാമർശിച്ചു കാണുന്നുണ്ട്. സമുദായത്തെ കാർന്നുതിന്നുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സ്ത്രീകളും പ്രവർത്തിക്കണമെന്നും പറയുന്നുണ്ട്(2013:50).

**2.4.2 വെള്ളത്തിൽ കൈ വെച്ചിരിക്കൽ**

**2.4.2.1 നോവലുകളിൽ**

**2.4.2.1.1 കിനാവ്**

മനസ്സിനു സ്വസ്ഥതലഭിക്കാൻ കൈ വെള്ളത്തിൽ മുക്കിയിരുന്നാൽ മതിയെന്ന വിശ്വാസം നോവലിൽ പരാമർശിച്ചു കാണുന്നു. കുട്ടികളെ സുന്നത്തു കഴിപ്പിക്കാനായി ഒത്താൻ കൊണ്ടുപോവുമ്പോൾ മക്കളുടെ കരച്ചിൽ കേൾക്കാനാവാതെ ചെവിപൊത്തി സങ്കടപ്പെട്ടിരിക്കുന്ന സമയത്തു പണിക്കാരി ഉമ്മമ്പിയുമ്മ ഒരുകിണ്ണത്തിൽ വെള്ളവുമായി വന്ന് അതിൽ കൈ വച്ചിരിക്കാൻ പറയുന്നുണ്ട് (1990:29).

**2.4.2.1.2** മറ്റുള്ള നോവലുകളിൽ ഇത്തരമൊരു വിശ്വാസത്തെക്കുറിച്ചു പരാമർശമില്ല.

**2.4.2.2** ചെറുകഥകളിൽ ഈ വിശ്വാസത്തെപ്പറ്റി സൂചനയില്ല.

**2.4.2.3** അനുഭവക്കുറിപ്പുകളിൽ ഈ വിശ്വാസത്തെപ്പറ്റി കാണുന്നില്ല.

**2.4.2.4** ലേഖനസമാഹാരത്തിൽ ഇത്തരമൊരു വിശ്വാസത്തെക്കുറിച്ചു പരാമർശിക്കപ്പെടുന്നില്ല.

### 2.4.3 ശകുനം

### 2.4.3.1 നോവലുകളിൽ

#### 2.4.3.1.1 കിനാവ്

ഉള്ളൂർക്കരയിലെ പുത്തൻവീടു ശകുനമില്ലാത്ത വീടാണെന്നാണു പണി ക്കാരൻ മമ്മദിന്റെ വിശ്വാസം. അതുകൊണ്ടാണ് എന്നും ആ വീട്ടിൽ പ്രശ്ന ങ്ങൾ നടക്കുന്നത്. മരുമകൻ ആലിക്കുട്ടിഹാജിയും സൈതൂട്ടിഹാജിയും തമ്മിൽ വഴക്കുനടക്കുന്നതും ആലിക്കുട്ടിഹാജി കച്ചവടത്തിൽ പൊളിയുന്നതു മെല്ലാം ആ വീടിന്റെ പ്രശ്നംകൊണ്ടാണെന്നാണു പറയുന്നത് (1990:68). അതു പോലെ സ്ത്രീകൾക്കു പ്രസവിച്ചുകിടക്കാൻ ഉണ്ടാക്കിയിക്കിയിട്ടുള്ള മുറി സ്ഥാനം ശരിയല്ലാത്തിടത്താണെന്നും അതുകൊണ്ടാണു കുട്ടികൾ മരിക്കുന്ന തെന്നും ഉള്ള വിശ്വാസം കഥയിൽ പരാമർശിച്ചു കാണുന്നുണ്ട് (പു.49).

#### 2.4.3.1.2 നിലാവ്

ഒറ്റ മൈനയെ കാണുന്നതു ഭാഗ്യക്കേടാണെന്നും രണ്ടു മൈനയെ കാണുന്നതു സന്തോഷവും ഭാഗ്യവും കൊണ്ടുവരുമെന്നും നസീമ എന്ന കഥാ പാത്രം വിശ്വസിക്കുന്നതായി പരാമർശമുണ്ട്. ഒറ്റ മൈനയെ കാണിച്ചു നസീമയെ പേടിപ്പിക്കുന്നതു സഹോദരൻ കുഞ്ഞീക്കയുടെ ഇഷ്ടവിനോദമായി രുന്നു എന്നും നോവലിൽ കാണുന്നു (2007:32).

#### 2.4.3.1.3 നിഴൽ

രാഹുകാലത്തിൽ വിശ്വസിക്കുന്നവരായിരുന്നു *നിഴലിലെ* കഥാപാത്രങ്ങൾ. റംലത്തിന്റെ പ്രസവവുമായി ബന്ധപ്പെട്ട് ഏഴാം മാസത്തിൽ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോവുന്നചടങ്ങുണ്ട്. അതിനായി അവളുടെ ഉമ്മയും ബന്ധുക്കളും എത്തിയപ്പോൾ ഭർത്താവിന്റെ വീട്ടിൽനിന്നും രാഹുകാലത്തിന്

ഇറങ്ങണമെന്നു പറഞ്ഞു തിടുക്കപ്പെടുന്നതായി കാണാം. അല്ലെങ്കിൽ ദോഷമാണെന്ന് അവർ വിശ്വസിക്കുന്നു.(2012:145).

വിവാഹദിനത്തിൽ മണവാട്ടിയെ ആരതി ഉഴിഞ്ഞു വീട്ടിൽ പ്രവേശിപ്പി ക്കുന്ന രീതിയും നോവലിൽ കാണുന്നു. ആരതി ഉഴിഞ്ഞു കഴിഞ്ഞാൽ മണവാട്ടി ആരതിയിൽ ഊതണം. ആരതി കെട്ടുപോയാൽ അപശകുനമാണെ ന്നാണു വിശ്വാസം. അസീസിന്റെ ഭാര്യ സീനത്തു മണവാട്ടിയായി ആരതിയിൽ ഊതിയപ്പോൾ വിളക്കുകെട്ടുപോയി. 'വന്നതും വെളിച്ചം പൊലിഞ്ഞല്ലോ' എന്ന് ആളുകൾ കുറ്റപ്പെടുത്തുന്നതായും നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (പു.113). കൂടാതെ വിവാഹം പോലെയുള്ള മംഗളകാര്യങ്ങൾ നടക്കുമ്പോൾ വിധവകളായസ്ത്രീകളെ മാറ്റി നിർത്തണമെന്നും നോവലിൽ പരാമർശിക്കു ന്നുണ്ട്. ഷാജിയുടെ വിവാഹദിനത്തിൽ മൂത്തസഹോദരങ്ങളുടെ കാൽതൊട്ട് അനുഗ്രഹം വാങ്ങുന്നരീതിയും നോവലിൽ പരാമർശിക്കുന്നു (പു.242,243). അതുപോലെ ആൺകുട്ടികൾ അടുക്കളയിൽ കയറുന്നത് അപശകുനമാണെ ന്നാണു റാബിയയുടെ വിശ്വാസം (പു.183). തന്റെ ആൺമക്കളെ അവർ അടുക്കളയിൽ കയറാൻ അതുകൊണ്ടു സമ്മതിക്കാറുണ്ടായിരുന്നില്ല.

#### 2.4.3.1.4 പ്രകാശത്തിനുമേൽ പ്രകാശം

മംഗളകരമായകാര്യങ്ങൾ ജീവിതത്തിൽ നടക്കുമ്പോൾ മരണം പോലെ യുള്ള വാർത്തകൾ കേൾക്കേണ്ടിവരുന്നത് അപശകുനമാണെന്നു വിശ്വസിക്കു ന്നതായി കാണുന്നു(2012:271). റുക്സാനയുടെയും ഷിഹാബിന്റെയും വിവാഹ സൽക്കാരത്തിനിടയിൽ ബന്ധത്തിൽപ്പെട്ട ഒരാൾ മരണപ്പെട്ടതായി വിവരം ലഭിക്കുമ്പോൾ റുക്സാനയുടെ ഉപ്പ ഇക്കാര്യം ഇപ്പോൾ ബന്ധുക്കൾ അറിയാൻ ഇടവരരുതെന്നും അറിഞ്ഞാൽ അപശകുനമാണെന്നു മകളെ പഴിക്കുമെന്നും ഭയക്കുന്നതായി നോവലിൽ കാണുന്നു(പു.271).

#### 2.4.3.2 ചെറുകഥകളിൽ

##### 2.4.3.2.1 വത്തക്ക

നസീമയുടെ വീട്ടിൽ ദാരിദ്ര്യവും പട്ടിണിയുമാണ്. കൂടാതെ അവളുടെ ഉപ്പ ക്യാൻസർ ബാധിച്ചു രോഗിയായി കിടക്കുകയാണ്. അതിനെല്ലാം കാരണം ഇളയമകളായ നസീമയുടെ പിറവിയാണെന്നാണ് എളാമ മറിയബിയുടെ വിശ്വാസം. അതു പറഞ്ഞ് എളാമ നസീമയെ കുറ്റപ്പെടുത്തുന്നുമുണ്ട് (2014:78 –81).

#### 2.4.3.3. ലേഖനസമാഹാരത്തിൽ

##### 2.4.3.3.1 ആരോടുചൊല്ലേണ്ടു നാം

##### 2.4.3.3.2 വൻദോഷങ്ങൾ വർജ്ജിക്കുക

ശകുനവുമായിബന്ധപ്പെട്ട വിശ്വസങ്ങൾ പരാമർശിക്കുന്നില്ല. എല്ലാ തരത്തിലുമുള്ള അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽനിന്നും സമുദായത്തെ മാറ്റിയെടുക്കാൻ സ്ത്രീകൾ മുന്നിട്ടിറങ്ങണമെന്നു ലേഖനത്തിലുണ്ട്. മുഹമ്മദ്നബിയുടെ പേരിൽ ഇല്ലാത്തചര്യകൾ ഉണ്ടാക്കിപറയുന്നതും ചെയ്യുന്നതും തെറ്റാണെന്നും പരാമർശമുണ്ട്(2013 :50).

#### 2.4.3.4 അനുഭവക്കുറിപ്പുകൾ

അനുഭവക്കുറിപ്പുകളിൽ സൂചന ഇല്ല.

### 2.4.4 നിലവിളക്ക് കൊളുത്തൽ

#### 2.4.4.1 നോവലുകളിൽ

##### 2.4.4.1.1 കിനാവ്

മുഹമ്മദ്നബിയുടെ ജന്മദിനമായ റബീഹുൽ അവ്വൽ മാസം പന്ത്രണ്ടിനു രാത്രി പന്ത്രണ്ടു തട്ടുള്ള വലിയ നിലവിളക്കു തേച്ചുമിനുക്കി സ്വർണ്ണനിറമാക്കി എണ്ണയും തിരിയുമിട്ടു കത്തിക്കുന്നതായും ചന്ദനത്തിരിയും കുന്തിരി

ക്കവും പുകയ്ക്കുന്നതായും നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (1990:32). മറ്റുള്ള നോവലുകളിൽ പരാമർശം ഇല്ല.

**2.4.4.2.** മറ്റുള്ള ചെറുകഥകളിലോ അനുഭവക്കുറിപ്പുകളിലോ ലേഖനങ്ങളിലോ ഇത്തരം വിശ്വാസം കാണുന്നില്ല.

**2.4.5 മാരണം ചെയ്യൽ**

**2.4.5.1 നോവലുകളിൽ**

**2.4.5.1.1 കിനാവ്**

ഉള്ളൂർക്കരയിലെ പുത്തൻവീടു ക്ഷയിക്കാൻകാരണം കുടുംബത്തി ലാരോ മാരണംചെയ്തു തകിടു കുഴിച്ചിട്ടതു കൊണ്ടാണെന്നാണു മമ്മദ് വിശ്വസിക്കുന്നത്(1990:68).

**2.4.5.1.2 ഇരുട്ട്**

ആമിന ഭർത്താവായ ജമാലിനെ ലഹരിയിൽനിന്നും രക്ഷിക്കാനായി ഡോക്ടറുടെ നിർദ്ദേശപ്രകാരം ആശുപത്രിയിൽ ചികിത്സിക്കുകയാണ്. ഈ സമയം ആശുപത്രിയിൽവന്നു ജമാലിന്റെ ഉമ്മ പറയുന്നതു മകന് ആരോ കടുത്ത മാരണംചെയ്തിട്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നാണ്. അതിനു മറുമരുന്നു ചെയ്യുകയാണു വേണ്ടതെന്നും അവർ പറയുന്നു (1995:68). കൂടാതെ എന്തിനും ഏതിനും ജമാലിന്റെ ഉമ്മ മന്ത്രവാദചികിത്സ ചെയ്യുന്നതായി നോവലിൽ പരാമർശമുണ്ട്. ജമാലിന് ആമിനയോടു പ്രിയമില്ലാത്തതു ജമാലിന്റെ ഉമ്മ മാരണംചെയ്തതു കൊണ്ടാണെന്ന വിശ്വാസമാണു പണിക്കാരത്തി കദീശുവിന്. അത് അവർ ആമിനയോടു പറയുന്നുമുണ്ട് (പു.23).

**2.4.5.1.3 നിലാവ്**

നിലാവിലെ മമ്മദ് എന്ന കഥാപാത്രം കോളേജു പഠനകാലത്തു മാനസികരോഗിയായിത്തീരുന്നതു പരാമർശിച്ചു കാണുന്നുണ്ട്. നിരവധി

ചികിത്സകൾ ചെയ്തുവെങ്കിലും രോഗം ഭേദമാകുന്നില്ല. വല്ലിപ്പയുടെ ശത്രുക്കളാരോ മാരണംചെയ്തിട്ടാണു മകനു മാനസികരോഗം വന്നത് എന്നാണു വീട്ടുകാർ ചിന്തിക്കുന്നത്. അതിനായി പല മന്ത്രവാദചികിത്സയും ചെയ്തതായി സൂചിപ്പിക്കുന്നുണ്ട്(2007 :32).

**2.4.5.1.4** മറ്റുനോവലുകളിൽ പരാമർശങ്ങൾ ഇല്ല.

**2.4.5.2 ചെറുകഥകളിൽ**

**2.4.5.2.1 നേർച്ചക്കാള**

കഥയിലെ കുഞ്ഞിപ്പാത്തുവിനു ഭ്രാന്തായിരുന്നു. ഒരു രോഗവുമില്ലാത്ത കുഞ്ഞിപ്പാത്തു വിദേശത്തു ജോലി ചെയ്യുന്നതിനിടക്കാണു മാനസികരോഗിയാവുന്നത്. നാട്ടിൽ തിരിച്ചെത്തിയ അവൾ മുഴുഭ്രാന്തിയായി നാടുമുഴുവൻ നടക്കലാണു പണി. ഇതു കണ്ട കുഞ്ഞിപ്പാത്തുവിന്റെ അയൽക്കാരി റുഖിയ്യ അവളുടെ ഉമ്മയോടു പറയുന്നുണ്ട് ഇതാരോ സിഹ്റു ചെയ്തതാണ്. അതിനുള്ള ചികിത്സ നൽകണമെന്ന് (2014 :33).

**2.4.5.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശസൂചനകൾ ഇല്ല.

**2.4.5.4 ലേഖനസമാഹാരത്തിൽ**

**2.4.5.4.1 ആരോടുചൊല്ലേണ്ടു നാം**

**2.4.5.4.2 വൻദോഷങ്ങൾ വർജ്ജിക്കുക.**

നബിചര്യയിലില്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കണമെന്ന സൂചന ലേഖനത്തിൽ കാണുന്നു (2013:50).

### 2.4.6 ചരടുമന്ത്രിക്കലും ഏലസ്സും

#### 2.4.6.1 നോവലുകളിൽ

##### 2.4.6.1.1 കിനാവ്

*കിനാവിലെ* കുഞ്ഞാമിനുമ്മയുടെ പേരു മന്ത്രിക്കുന്ന കുഞ്ഞാമിനുമ്മ എന്നാണ്. കണ്ണേറിനും കൊതിക്കൂതാനുമെല്ലാം ഉള്ളൂർക്കരയിലുള്ളവർ സമീപിക്കുന്നതു കുഞ്ഞാമിനുമ്മയെയാണെന്നു സൂചനയുണ്ട് (1990:32).

##### 2.4.6.1.2 ഇരുട്ട്

ഐഷക്കുട്ടി എന്ന കഥാപാത്രം എതാവിശ്യത്തിനും മന്ത്രവും തന്ത്രവും പ്രയോഗിക്കുന്നവരാണെന്നും ജമാലിനെയും ആമിനയെയും പിരിക്കാനും മുനീറയുടെ കല്യാണംമുടക്കാനുമെല്ലാം അവർ ശ്രമിക്കുന്നതായും നോവലിൽ പല ഇടങ്ങളിലായി സൂചനയുണ്ട് (1995:22,23,77).

##### 2.4.6.1.3 മൊഴി

മകൾ ഫാത്തിമ ഭർത്താവിൽനിന്നു പിരിഞ്ഞു നാട്ടിൽ വന്നത് അവൾക്കു ശൈത്താൻ കൂടിയതാണെന്നും മാറ്റൽകഴിപ്പിച്ചാൽ സുഖപ്പെടുമെന്നുമാണ് ഉമ്മ യുടെ പക്ഷം. എന്നാൽ മകളുടെ ശൈത്താനെഒഴിവാക്കാൻ മറ്റൊന്നും ചെയ്യേണ്ടതില്ലെന്നും 'ഒരത്തപെണ്ണിന് പരത്ത വടി' എന്നു കേട്ടിട്ടില്ലെ അതുമതി എന്നാണ് അവളുടെ ഉപ്പയുടെ പക്ഷം (1999:29).

##### 2.4.6.1.4 ആകാശഭൂമികളുടെ താക്കോൽ

ഹുസൈൻഹാജിയുടെ മൂന്നാംഭാര്യയായ റംലത്തു ഭർത്താവിന്റെ സ്നേഹം പിടിച്ചുപറ്റാനായി ഏലസ്സുകെട്ടുന്നതും ഭർത്താവിനു പാലിൽ ഒരു വെളുത്തപൊടി കലക്കിക്കൊടുക്കുന്നതായും നോവലിൽ പരാമർശിക്കുന്നുണ്ട് (2008:171).

#### 2.4.6.1.5 നിഴൽ

അസുഖമായികിടക്കുന്നവരെ മന്ത്രിച്ചൂതാൻ നാട്ടിൽ കുരുടി എന്ന സ്ത്രീ ഉണ്ടായിരുന്നതായും അവർ റാബിയ്യക്കു പനിവന്നപ്പോൾ മന്ത്രിച്ചൂതാൻ വീട്ടിൽ വന്നതും ഖുർആൻ ഓതാൻ പോലുമറിയാത്ത അവരെക്കൊണ്ടു മന്ത്രിച്ചൂതാൻ സമ്മതിക്കാത്തതുമായ സംഭവം നോവലിൽ സൂചിപ്പിച്ചുകാണുന്നുണ്ട് (2012:123).

**2.4.6.1.6** മറ്റു നോവലുകളിൽ പരാമർശങ്ങൾ ഇല്ല

### 2.4.6.2 ചെറുകഥകളിൽ

#### 2.4.6.2.1 കരച്ചപ്പെട്ടി

എല്ലായ്പ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു പെൺകുട്ടിയുടെ കഥ യാണു *കരച്ചപ്പെട്ടി.* കരച്ചിൽ മാറണമെങ്കിൽ 'ഒരു ചരട് മന്ത്രിച്ച് ഊതിക്കെട്ടു കയോ ബസി എയ്തികുടിക്കുകയോ വേണം' മുട്ടത്തോടിലു മന്തിരം എയ്തി ഒരു മാറ്റലു കയിപ്പിച്ചാലും കരച്ചിലു മാറും എന്നാണു പണിക്കാരി കദീശു വിന്റെ അഭിപ്രായം (2014:40-45).

#### 2.4.6.2.2 നേർച്ചക്കാള

മാനസികരോഗിയായ കുഞ്ഞിപ്പാത്തുവിനെ കണ്ട് അയൽക്കാരി റുഖിയ്യ അവളുടെ ഉമ്മയോടു മോൾക്ക് ആരോ മാരണം ചെയ്തതാണെന്നും മന്ത്രിച്ച് ഊതിയ ചരടു കെട്ടിയാൽ സുഖപ്പെടുമെന്നും ഉപദേശിക്കുന്നുണ്ടു കഥയിൽ (2014:33).

#### 2.4.6.2.3 ആകാശഭൂമികളുടെ താക്കോൽ

ഭർത്താവും ജോലിക്കാരി കുഞ്ഞാമിനയും തമ്മിലുള്ള അവിഹിതബന്ധം കണ്ട് അന്ധാളിച്ചു രോഗിയായിത്തീരുന്ന ഭാര്യക്കു മാനസികരോഗമാണെ ന്നാണു ഭർത്താവിന്റെ പക്ഷം. എന്നാൽ ഇരുട്ടിൽ എന്തോ കണ്ടു പേടിച്ചതാ

ണെന്നും അതുകൊണ്ടാണ് ഇടയ്ക്ക് അപസ്മാരമിളകുന്നതെന്നും ഒരു ചരടു മന്ത്രിച്ചൂതിക്കെട്ടിയാൽ രോഗം സുഖപ്പെടുമെന്നും വിശ്വസിക്കുന്നവരായിരുന്നു കുടുംബത്തിൽ മറ്റുള്ളവർ (2014:46,48).

**2.4.6.2.4. ആകാശപ്പറവകൾ**

ഗർഭിണിയായ ബിയ്യാത്തുവിനു പ്രയാസങ്ങൾ ഇല്ലാതിരിക്കാൻ മുസലിയാർ മന്ത്രിച്ചു ഊതിയ ചരടും ഏലസ്സും കെട്ടുന്നതിനെക്കുറിച്ചു പരാമർശിച്ചുകാണുന്നുണ്ട് (പു.52).

**2.4.6.3 അനുഭവക്കുറിപ്പുകൾ**

**2.4.6.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

കുഞ്ഞാമിന എന്ന സ്ത്രീ തറവാട്ടിൽനിന്നും ജിന്നിനെക്കണ്ടു പേടിച്ചു എന്നും അതിനുശേഷം എന്നും തലവേദനയാണെന്നും പറയുന്നുണ്ട്. അമ്മായി 'മന്തിരിച്ച വെള്ളം' കുടിച്ചതിനുശേഷമാണു സുഖമായതെന്നുള്ള വിശ്വാസം പരാമർശിച്ചു കാണുന്നു (2015:131).

**2.4.6.4 ലേഖനസമാഹാരത്തിൽ**

**2.4.6.4.1 ആരോടു ചൊല്ലേണ്ടു നാം**

**2.4.6.4.1.1 വൻദോഷങ്ങൾ വർജ്ജിക്കുക**

അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പ്രവർത്തിക്കണമെന്നു ലേഖനത്തിൽ എഴുത്തുകാരി സൂചിപ്പിക്കുന്നതായി കാണുന്നുണ്ട് (2010:50).

### 2.4.7 കരിനാക്കും നാവേറും

#### 2.4.7.1 നോവലിൽ

##### 2.4.7.1.1 മൊഴി

നാട്ടിലെ കുഞ്ഞാമു എന്ന ആൾക്കു കരിനാക്കുണ്ടെന്നു വിശ്വസിക്കുന്ന വരാണു ഫാത്തിമയും വീട്ടുകാരും. നിറയെ തേങ്ങയുള്ള തെങ്ങു നോക്കി കുഞ്ഞാമു എന്തോ പറഞ്ഞുവെന്നും അന്നുതന്നെ ആ തെങ്ങ് ഇടിവെട്ടിപ്പോ യെന്നും നോവലിൽ പരാമർശമുണ്ട് (1994:64). മാത്രമല്ല പൊട്ടക്കണ്ണൻ എന്നാണു കുഞ്ഞാമുവിനെ നാട്ടുകാരും വിളിക്കുന്നത് (പു.64).

##### 2.4.7.1.2 നിഴൽ

കരിനാക്കിലും നാവേറിലും വിശ്വസിക്കുന്നവരാണു റാബിയയുടെ കുടുംബക്കാർ. അതുകൊണ്ടുതന്നെ കുറുങ്കാലി ഉമ്മുമ്മയെ അവർക്കു ഭയമാണ്. അവർ നാവെടുത്ത് എന്തു പറഞ്ഞാലും തട്ടുമെന്നാണു വിശ്വാസം. മകൻ അസീസു കോളേജിലേക്കിറിങ്ങിയപ്പോൾ 'പെറകണ്ടതുപോലുണ്ടല്ലോടാ' എന്നു പറഞ്ഞു എന്നും കുറച്ചു സമയം കഴിഞ്ഞപ്പോൾ ബസ്സിൽനിന്നും ആരോ തുപ്പിയപ്പോ വെറ്റിലത്തുപ്പലു മുഴുവൻ വസ്ത്രത്തിലായെന്നും പറഞ്ഞു തിരിച്ചു വീട്ടിലേക്കുവന്നതും അവർ ഓർക്കുന്നുണ്ട്. 'തള്ളേടെ നാക്കിത്തിരി മോശമാ'ണെന്നു റാബിയയുടെ ഉമ്മ പറയുന്നതും അവർ ഓർമ്മിക്കുന്നുണ്ട് (2012:1-23).

##### 2.4.7.1.3 പ്രകാശത്തിനുമേൽ പ്രകാശം

നോമ്പിന്റെ മുന്നോടിയായി എഴുത്തുകാരി വീടു വൃത്തിയാക്കുന്നതി നിടയിൽ കയറിവന്ന പണിക്കാരി ദേവി ''ഏച്ചീ വയസ്സായെന്നു മറക്കണ്ട. അതുമ്മന്നു മറിഞ്ഞുകെട്ടി വീണു പണിയുണ്ടാക്കല്ലേ'' എന്നു പറയുമ്പോൾ ''കരിനാവുകൊണ്ട് ഓരോന്നു പറയല്ലേ.'' എന്നു പ്രതികരിക്കുന്നതായി

കാണുന്നു. കരിനാക്കിലുള്ള വിശ്വാസമാണ് ഈ വാക്കുകളിലൂടെ പ്രകടമാവുന്നത് (2012:141).

**2.4.7.2 ചെറുകഥകളിൽ**

കരിനാക്ക്, നാവേറ് തുടങ്ങിയ വിശ്വാസങ്ങളെക്കുറിച്ചു സൂചനയില്ല.

**2.4.7.3 അനുഭവക്കുറിപ്പുകൾ**

**2.4.7.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

കരിനാക്കിലും നാവേറിലും ഉള്ള വിശ്വാസം അനുഭവക്കുറിപ്പിൽ പരാമർശിച്ചുകാണുന്നുണ്ട്. 'പൊട്ടിക്കണ്ണൻ കുഞ്ഞാമതാജിനെ കണ്ടാൽ ഇങ്ങള് ഒന്നിച്ചുനടക്കാതെ വെവ്വേറെ നടന്നോളന്നെ മക്കളേ അയാളുടെ വായിന്ന് എന്തെങ്കിലും വീണാ മുസീബത്തുറപ്പാ' എന്ന് ഉമ്മ മക്കളോടു പറയുന്ന സന്ദർഭം ഉണ്ട്. നാവേറിലുള്ള ഉമ്മയുടെ വിശ്വാസം കാണിക്കുന്ന വാക്കുകളാണ് ഇവ (2015:100).

**2.4.7.4 ലേഖനസമാഹാരത്തിൽ**

**2.4.7.4.1 ആരോടു ചൊല്ലേണ്ടു നാം**

**2.4.7.4.1.1 വൻദോഷങ്ങൾ വർജ്ജിക്കുക**

ലേഖനത്തിൽ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പ്രതികരിക്കാൻ എഴുത്തുകാരി ആവശ്യപ്പെടുന്നുണ്ട് (2013:50).

**2.4.8 ആർത്തവം**

**2.4.8.1 നോവലുകളിൽ**

**2.4.8.1.1 നിലാവ്**

ആർത്തവമുള്ള സ്ത്രീകൾ മറ്റുള്ളവരുമായി ഇടപെടാതെ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ഇരുട്ടുമുറിയിൽ ഏഴുദിവസം ഇരിക്കണമെന്നും പരാ

മർശിച്ചു കാണുന്നു. നിലാവിലെ നസീമ എന്ന കഥാപാത്രത്തിന് ആർത്തവമു ണ്ടാവുന്ന സമയത്ത് ഉമ്മ അവളെ ഇരുട്ടുമുറിയിൽ ഇരുത്തുന്നുണ്ട് (2007:52-54).

**2.4.8.1.2 ആകാശഭൂമികളുടെ താക്കോൽ**

ആർത്തവമുള്ള സ്ത്രീകൾ തുളസിനുള്ളാൻ പാടില്ലെന്ന വിശ്വാസം നോവലിൽ പരാമർശിച്ചുകാണുന്നു (2011:29).

**2.4.8.1.3** മറ്റുള്ള നോവലുകളിൽ ഇത്തരം പരാമർശങ്ങൾ കാണുന്നില്ല

**2.4.8.2 ചെറുകഥകളിൽ**

**2.4.8.2.1.ആകാശപ്പറവകൾ**

ഖൈറു എന്ന ഭിന്നശേഷിക്കാരി കുട്ടിക്ക് ആർത്തവരക്തം വരുന്നതും അതുകണ്ടു പേടിച്ചു മുറിക്കകത്ത് ഒറ്റക്ക് ഏഴു ദിവസം കഴിഞ്ഞുകൂടിയതുമായ കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട് (പു.135).

**2.4.8.3** അനുഭവക്കുറിപ്പുകളിൽ പരാമർശ സൂചനകൾ ഇല്ല

**2.4.8.4** ലേഖനസമാഹാരത്തിൽ പരാമർശസൂചനകൾ കാണാൻ കഴിയുന്നില്ല.

**2.4.9 ജിന്ന്**

**2.4.9.1 നോവലുകളിൽ**

ജിന്നുമായി ബന്ധപ്പെട്ട വിശ്വാസാചാരങ്ങൾ നോവലുകളിൽ സൂചിപ്പിച്ചു കാണുന്നില്ല.

**2.4.9.2 ചെറുകഥകളിൽ**

**2.4.9.2.1 കരച്ചപ്പെട്ടി**

ഏതുസമയത്തും കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു കഥാപാത്രം കഥയിൽ ഉണ്ട്. കുട്ടിയുടെകരച്ചിലിനു പലകാരണങ്ങളാണു പലരും പറയുന്നത്. പണി

ക്കാരി കദീശുവിന്റെ അഭിപ്രായത്തിൽ കുട്ടിക്കു ജിന്നു കൂടിയതാണ് എന്നാണ്. (2014:45).

**2.4.9.3 അനുഭവക്കുറിപ്പുകളിൽ**

**2.4.9.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

ഭൂമിയിലെ അദൃശ്യശക്തികളായ ജിന്നുകളുമായി സംസാരിക്കുന്നതിനെക്കുറിച്ചും ജീവിതപ്രയാസങ്ങളിൽ അവരോടു സഹായം തേടുന്നതിനെക്കുറിച്ചും കൃതിയിൽ വിശദമായി പരാമർശിച്ചുകാണുന്നുണ്ട് (2015:94,98,99).

**2.4.9.4 ലേഖനസമാഹാരത്തിൽ**

**2.4.9.4.1 ആരോടു ചൊല്ലേണ്ടു നാം**

**2.4.9.4.1.1 വൻദോഷങ്ങൾ വർജ്ജിക്കുക**

അനാചാരങ്ങളെ അടിമുടി എതിർത്ത മുഹമ്മദ്നബിയുടെ അനുയായികൾ അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും പോവുന്നതും നബിയുടെമേൽ അദ്ദേഹത്തിന്റെ ചര്യകളിലില്ലാത്ത കാര്യങ്ങൾ ഉണ്ടാക്കുന്നതും തെറ്റാണെന്നു ലേഖനത്തിൽ പരാമർശിക്കുന്നുണ്ട് (2013:50). സമുദായത്തെ കാർന്നുതിന്നുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സ്ത്രീകളും പ്രവർത്തിക്കണമെന്നും പറയുന്നു (പു.50).

**2.5 വ്യക്തിനിഷ്ഠമായ പ്രാർത്ഥനകൾ**

വ്യക്തിപരമായപ്രാർത്ഥനയുടെ ഭാഗമായി വ്യത്യസ്തങ്ങളായ നേർച്ചകൾ മുസ്ലിങ്ങൾ ആചരിക്കുന്നതായി കാണുന്നു. അവയെക്കുറിച്ചുള്ള അന്വേഷണമാണ് ഈ ഭാഗത്ത്.

### 2.5.1 നേർച്ചകൾ

പള്ളിനേർച്ചകളും മഹാന്മാരുടെപേരിൽ നടത്തിപ്പോരുന്നനേർച്ചകളും കേരളത്തിലെമുസ്ലിങ്ങൾക്കിടയിൽ സർവ്വസാധാരണമാണ്. ഇതുകൂടാതെ വ്യക്തിപരമായ പ്രാർത്ഥനയുടെഭാഗമായി വ്യത്യസ്തങ്ങളായ നേർച്ചകൾ ആചരിക്കുന്നവരാണ് മുസ്ലിങ്ങൾ. ആവശ്യങ്ങൾ സാധിക്കുന്നതിനായും നേർച്ച നേരാറുണ്ട്. നേർച്ചയുമായിബന്ധപ്പെട്ട സാമാന്യവിവരണം ഒന്നാം അധ്യായ ത്തിൽ ചേർത്തിട്ടുണ്ട്. നേർച്ചയെക്കുറിച്ചു നോവലുകളിലും ചെറുകഥകളിലും അനുഭവക്കുറിപ്പുകളിലും ലേഖനസമാഹാരത്തിലും വിവരിച്ചിട്ടുള്ള കാര്യങ്ങൾ വിശകലനം ചെയ്യുകയാണ് ഇവിടെ.

#### 2.5.1.1 നോവലുകളിൽ

##### 2.5.1.1.1 നിലാവ്

ഔലിയാക്കളുടെ പേരിൽ നേർച്ച നേരുന്നതിനെക്കുറിച്ചുള്ള പരാമർശം നോവലിലുണ്ട്. അസുഖംമാറാനും മറ്റുമായി പണവും സ്വർണ്ണവും നേർച്ച നേർന്നു കൊടുത്തയക്കുന്ന രീതിയാണു നോവലിൽ കാണുന്നത് (2007:38).

##### 2.5.1.1.2 ആകാശഭൂമികളുടെ താക്കോൽ

ഐഷയുടെ പ്രസവവുമായിബന്ധപ്പെട്ടു ഹുസൈൻഹാജിയുടെ ഉമ്മ വ്യത്യസ്തങ്ങളായ നേർച്ചകൾ നേരുന്നതായി നോവലിൽ ഉണ്ട്. യത്തീംഖാന യിലെ കുട്ടികൾക്കു ഭക്ഷണംനൽകൽ, വിധവകളായസ്ത്രീകൾക്കു വസ്ത്രം നൽകൽ, വിവാഹപ്രായമായ പാവപ്പെട്ടകുട്ടികളെ കല്യാണം കഴിപ്പിച്ചയയ്ക്കു മ്പോൾ പൊന്നു കൊടുക്കൽ തുടങ്ങി നിരവധി നേർച്ചകളാണ് അവർ നേരുന്നത് (2011:50).

അതുപോലെ നൂറു എന്ന കഥാപാത്രം വീണു കാലൊടിഞ്ഞു കിടക്കുന്ന സമയത്തു പെട്ടെന്നു സുഖപ്പെട്ടു നടക്കാനായി ഐഷാത്ത ഒരു കന്യക്കുട്ടി യുടെ കല്യാണം നടത്തിക്കൊടുക്കാമെന്നു നേരുന്നതു നോവലിൽ

പ്രതിപാദിക്കുന്നുണ്ട് (പു.140). റംലത്ത് എന്ന കഥാപാത്രം സിയാറത്തിനും ആണ്ടുനേർച്ചകൾക്കും പോവുന്നതായും നോവലിൽ സൂചനയുണ്ട് (പു.169-170).

#### 2.5.1.1.3 നിഴൽ

ആവശ്യങ്ങൾനിറവേറ്റുന്നതിനായും രോഗമുക്തിക്കായും പ്രധാനപ്പെട്ട ആരാധനാലയങ്ങളിലേക്കു പണം നേർച്ച നേരുന്ന രീതി ഉള്ളതായി നോവലിൽ കാണുന്നുണ്ട്. അസൈനാരുകുഞ്ഞിനോടു മകൾ മുംതാസ് അഞ്ഞൂറു രൂപ ആവശ്യപ്പെടുന്നുണ്ട്. തന്റെ കുട്ടിക്കു പനിപിടിച്ചപ്പോൾ സുഖപ്പെടാനായി ആറ്റിങ്കരച്ചെന്നു നേർച്ച നടത്താമെന്ന് അവൾ ഏറ്റിരുന്നതായാണു കാരണം പറയുന്നത് (2012:36). മജീദിന്റെയും നദീറയുടെയും പിണക്കം തീർന്ന് ഒന്നിക്കാനായി മുത്താരമ്മൻ കോവിലിൽ നെയ്പ്പായസം കഴിപ്പിക്കാമെന്നു മജീദിന്റെ ജോലിക്കാരനും സുഹൃത്തുമായ രാജപ്പൻ നേർന്നിരുന്നു എന്നു കാണുന്നു. അതുപോലെ ''ഈയാണ്ടത്തെ ഭീമാപ്പള്ളി നേർച്ചയ്ക്കു നദീറാത്തയേം അണ്ണനേം കൂട്ടിക്കൊണ്ടു ചെല്ലണമെന്ന്'' ഞാനും നേർന്നിട്ടുണ്ടെന്നു നസീറെന്ന കഥാപാത്രവും പറയുന്നതായി കാണാം (പു.223).

#### 2.5.1.1.4 പ്രകാശത്തിനുമേൽ പ്രകാശം

ആവശ്യങ്ങൾനിറവേറുന്നതിനും പ്രശ്നപരിഹാരങ്ങൾക്കുമായി പാതിരാത്രി ഉറക്കമുണർന്നു സുന്നത്തുനിസ്ക്കാരം നിർവ്വഹിക്കുന്നതിനെക്കുറിച്ചും വ്യാഴാഴ്ചകളിൽ സുന്നത്തു നോമ്പു നോൽക്കുന്നതിനെക്കുറിച്ചും നോവലിൽ പ്രതിപാദിച്ചുകാണുന്നുണ്ട് (2012:86).

### 2.5.1.2 ചെറുകഥകളിൽ

#### 2.5.1.2.1നേർച്ചക്കാള

കഥയുടെ തലക്കെട്ടു സൂചിപ്പിക്കുംപോലെത്തന്നെ നേർച്ചക്കാളയുമായി ബന്ധപ്പെട്ട വിശ്വാസമാണു കഥയിൽ ഉള്ളത്. ബുദ്ധിസ്ഥിരതയില്ലാത്ത കുഞ്ഞിപ്പാത്തു സ്വയം കൊട്ടേലെകുട്ടനാണു താനെന്നും അവൾ പറയുന്നുണ്ട്.

കാണുന്നവരോടെല്ലാം കഴുത്തിലെകുടമണി അഴിച്ചുതരാനും ആവശ്യപ്പെടുന്നുണ്ട്. നേർച്ചക്കാളയായ തന്നെ നോവിച്ചാൽ കൊട്ടേലെ ഔലിയ പൊറുക്കൂല (2014:34) എന്നാണ് അവൾ പറയുന്നത്. മുസ്ലിംസമുദായത്തിനകത്തെ വ്യത്യസ്തങ്ങളായ നേർച്ചകളുമായി ബന്ധപ്പെട്ട വിശ്വാസത്തിന്റെ ഭാഗമാണ് ഈ നേർച്ചക്കാളയുടെ വിശ്വാസം എന്നു കാണാം.

**2.5.1.2.2ആകാശപ്പറവകൾ**

ആറ്റുനോറ്റും അനേകായിരം നേർച്ചകൾ നടത്തിയുമാണു ഹൈറുവിനെ താൻ ഗർഭം ധരിച്ചതെന്നു ഹൈറുവിന്റെ ഉമ്മ ഓർമ്മിക്കുന്നുണ്ടു കഥയിൽ (2014:135).

**2.5.1.2.3 ആകാശഭൂമികളുടെ താക്കോൽ**

കഥയിലെനായികയുടെ കല്യാണത്തിനു ബാൻഡും കോൽക്കളിയും ഒപ്പനപ്പാട്ടും ഉണ്ടായിരുന്നു. ഇതു മമ്പുറം നേർച്ചയെ ഓർമ്മിപ്പിക്കുന്നു എന്ന ചിന്ത കഥയിൽ അവതരിപ്പിച്ചിട്ടുണ്ട് (പു.55).

**2.5.1.3 അനുഭവക്കുറിപ്പുകളിൽ**

**2.5.1.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

ആവശ്യപൂർത്തീകരണത്തിനും രോഗംഭേദമാവുന്നതിനും പ്രശ്നപരിഹാരങ്ങൾക്കുമായി അജ്മീരിൽ പോയി നേർച്ച നടത്തുന്നതിനെക്കുറിച്ച് അനുഭവക്കുറിപ്പിൽ പരാമർശിച്ചുകാണുന്നുണ്ട് (2015:63).

**2.5.1.4 ലേഖനസമാഹാരത്തിൽ**

നേർച്ചകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ കാണാൻ കഴിയുന്നില്ല.

**2.5.1.5** മുസ്ലിംജീവിതപശ്ചാത്തലം ചിത്രീകരിച്ചിട്ടുള്ള വൈക്കം മുഹമ്മദ് ബഷീറിന്റെ *ബാല്യകാലസഖിയിലും* ആ കാലഘട്ടത്തിലെ മുസ്ലിം സമുദായത്തിലെ ആചാരാനുഷ്ഠാനങ്ങൾ, അന്ധവിശ്വാസങ്ങൾ, ചടങ്ങുകൾ,

എന്നിവ അവതരിപ്പിച്ചിട്ടുണ്ട്. സമുദായത്തിനുള്ളിലെ അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ എന്നിവയെക്കുറിച്ചു *ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു* എന്ന നോവലിലും ഇസ്ലാമിനകത്തെ അന്ധവിശ്വാസങ്ങളും മിത്തുകളും അവതരിപ്പിച്ചിട്ടുണ്ട്. ചെറുകഥകളായ *അനൽഹഖ്, വിശുദ്ധരോമം* എന്നിവയും ശ്രദ്ധേയമാണ്. വിശ്വാസപരമായ ചൂഷണത്തെ ചോദ്യം ചെയ്യുന്ന കഥയാണ് *അനൽഹഖ്.* അതുപോലെ പി. എ മുഹമ്മദ് കോയയുടെ *സുൽത്താൻ വീട്* എന്ന നോവലിലും മുസ്ലിംസമുദായത്തിനകത്തെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചടങ്ങുകളും അവതരിപ്പിച്ചിട്ടുണ്ട്. പൗരോഹിത്യവും മതനിയമങ്ങളും സമുദായത്തിനകത്തു വരുത്തുന്ന കൊള്ളരുതായ്മ കളെക്കുറിച്ച് എൻ. പി മുഹമ്മദിന്റെ *ചന്ദ്രക്കലയുടെ നിയമങ്ങൾ* എന്ന കഥയിൽ പ്രതിപാദിക്കുന്നുണ്ട്. ആധുനികതാവാദകാലത്തു പുനത്തിൽ കുഞ്ഞബ്ദുള്ള രചിച്ച കൃതിയാണു *സ്മാരകശിലകൾ.* അതുപോലെ *കലീഫ* എന്ന നോവലിലും മുസ്ലിംസമുദായത്തിനകത്തുള്ള ഇതര വിശ്വാസങ്ങളെക്കുറിച്ചും ജിന്നുകൾ ശൈത്താൻ റൂഹാനി ശൈഖുമാർ എന്നിവയെക്കുറിച്ചെല്ലാമുള്ള അവതരണം ഉണ്ട്.

ജനനം മുതൽ മരണം വരെ നിരവധി ആചാരാനുഷ്ഠാനങ്ങൾ കൊണ്ടാടുന്നവരാണു മുസ്ലിങ്ങൾ എന്നാണു ബി.എം. സുഹറയുടെ കൃതികൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. അതുമായിബന്ധപ്പെട്ട നിരവധി വിശ്വാസങ്ങളും ആചാരങ്ങളും മുസ്ലിങ്ങൾക്കുണ്ട്. ബി.എം.സുഹറക്കു മുമ്പും ശേഷവുമുള്ള ഇതേ വിഷയം പ്രമേയമാക്കി എഴുതിയ കൃതികളിലും ഇവ കാണാം. സ്ത്രീരചനകൾ ആദ്യകാലഘട്ടത്തിൽ കുറവാണ്. എന്നാൽ ആധുനികകാലഘട്ടത്തിൽ മുസ്ലിംജീവിതം പ്രമേയമാക്കി സ്ത്രീകൾ രചനകൾ നടത്തിയിട്ടുണ്ട്. ഇസ്ലാമികകാഴ്ചപ്പാടിൽ മുസ്ലിംജീവിതത്തെ ആവിഷ് കരിക്കാനുള്ള ശ്രമമാണു ഖദീജ മുംതാസിന്റെ *ബർസ* എന്ന നോവൽ.

# 3. ബി.എം. സുഹറയുടെ കൃതികളിലെ മുസ്ലിംസാമുദായിക ജീവിതം/ജീവിതരീതികൾ

മുസ്ലിംജീവിതവുമായി ബന്ധപ്പെട്ടചടങ്ങുകൾ ആഘോഷങ്ങൾ എന്നിവ യുടെ ചിത്രീകരണസ്വഭാവം പരിശോധിക്കുന്നു. അതോടൊപ്പം വസ്ത്രധാരണ രീതി സവിശേഷപാചകരീതികൾ എന്നിവ എങ്ങനെ ആവിഷ്ക്കരിക്കപ്പെടുന്നു വെന്നും അന്വേഷിക്കുന്നു.

**3.1 ചടങ്ങുകൾ**

മുസ്ലിംസമുദായത്തിനകത്തെ വ്യത്യസ്തചടങ്ങുകളെക്കുറിച്ചാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്. ജനനം, ജീവിതം, വിവാഹം, മരണം തുടങ്ങിയ സന്ദർഭങ്ങളിലെ പ്രധാനപ്പെട്ട ചടങ്ങുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശകലനം ചെയ്യുന്നു.

**3.1.1. ജനനവുമായി ബന്ധപ്പെട്ട ചടങ്ങുകൾ**

**3.1.1.1 ഗർഭാവസ്ഥ**

**3.1.1.1.1 നോവലുകളിൽ**

**3.1.1.1.1.1 കിനാവ്**

നോവലിലെ ബീപാത്തുഹജ്ജുമ്മ അവരുടെ ഗർഭകാല അവസ്ഥ ചിന്തിക്കുന്ന ഭാഗമുണ്ട് ആറാം അദ്ധ്യായത്തിൽ. അഞ്ചുമാസം പൂർത്തിയായാൽ അന്നുള്ളസ്ത്രീകൾ ആരും പുറത്തിറങ്ങാറില്ലെന്ന് അവർ പറയുന്നു. ഏഴാം മാസത്തിൽ ഗർഭിണികൾ അവരുടെ വീട്ടിലേക്കു പോവും. ആദ്യത്തെ പ്രസവ ത്തിന്. പിന്നീടു തൊണ്ണൂറു കഴിഞ്ഞാണു വരിക. (1990:49-51). ഗർഭിണിയായിരു ന്നപ്പോൾ ബീപാത്തുവിനെ നല്ലനിലയിലാണ് ഉപ്പ ശ്രദ്ധിച്ചിരുന്നത്. അവർക്കു നാലുമാസം തികഞ്ഞാൽ ഉപ്പയെ വിവരമറിയിക്കണം എന്നാണ്. വൈദ്യരെ

വീട്ടിൽ നിർത്തിക്കൊണ്ടു ഗർഭിണിക്കുനൽകേണ്ട കഷായവും കുഴമ്പും ഗുളികയും എല്ലാം തയ്യാറാക്കിനൽകും. ഏഴാംമാസം മുതൽ തേച്ചുകുളി തുടങ്ങും. അവളെ ശ്രദ്ധിക്കുന്നതിനായി ഉപ്പയുടെ അടുത്തുള്ള മുറിയിലേക്കു കിടത്തം മാറ്റും. പാത്തുമ്മയും കറുത്താമിനയും എപ്പോഴും കൂടെയുണ്ടാവും. പ്രസവമടുത്താൽ കുട്ടികളെ എടുക്കാൻവരെ സമ്മതിക്കാതെ ഉപ്പ കൂടെ ശ്രദ്ധി ച്ചുകൊണ്ടു നടക്കും (പു.50). തുടങ്ങിയ കാര്യങ്ങളെല്ലാം വിശദമാക്കി അവതരി പ്പിച്ചിട്ടുണ്ട്.

**3.1.1.1.1.2 ഇരുട്ട്**

ഗർഭാവസ്ഥയുടെ ചിത്രീകരണം ഇല്ല.

**3.1.1.1.1.3 മൊഴി**

ഗർഭാവസ്ഥയുമായി ബന്ധപ്പെട്ടകാര്യങ്ങൾ പരാമർശിച്ചു കാണുന്നില്ല.

**3.1.1.1.1.4 നിഴൽ**

ജനനവുമായിബന്ധപ്പെട്ടു നടത്തുന്ന വയറ്റുനേർച്ച ചടങ്ങിനെക്കുറിച്ചു നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. വയറുകാണൽ ചടങ്ങാണ് ഇത്. റാബിയയുടെ വയറ്റുനേർച്ചയ്ക്കു വ്യത്യസ്ത അപ്പത്തരങ്ങൾ ഉണ്ടാക്കി ബന്ധു മിത്രാദികൾ പെണ്ണിനെകാണാൻ വരികയും പെണ്ണിനു നൽകുകയും ചെയ്യുന്നു. മധുരപ്പണ്ടം നോക്കി കുട്ടി ആണോ പെണ്ണോ എന്നു മനസ്സിലാക്കാൻ സാധിക്കുമെന്ന വിശ്വാസവും അവർക്കിടയിലുള്ളതായി കാണുന്നു (2012:150). മാത്രമല്ല പേറ്റുനേർച്ചയുടെ മാമൂലുകൾ വിവരിക്കുന്നുണ്ട്. പേറ്റുനേർച്ച യ്ക്കുള്ള പലഹാരങ്ങൾ തലേദിവസം തയ്യാറാക്കി വെക്കും. പുലർച്ചെ പെൺകുട്ടിയെ കുളിപ്പിച്ചു പുത്തൻകോടി ഉടുപ്പിച്ചു കസേരയിലിരുത്തി കൈയ്യിൽ മൈലാഞ്ചിയണിയിച്ച് അവളുടെ മുമ്പിൽ കുട്ടനിറയെ നെയ്യപ്പം കൊണ്ടുവന്നു വെയ്ക്കും. കുറെ വെറ്റിലയുമുണ്ടാകും. ഓരോ വെറ്റിലയെടുത്തു

രണ്ടു നെയ്യപ്പവും പിച്ചിപ്പൂവും വച്ചു പെണ്ണിനെക്കൊണ്ട് ഏഴ് സുമംഗലി കൾക്കും ശേഷം ഏഴു കന്യകമാർക്കും കൊടുക്കുന്ന ചടങ്ങും ഉണ്ട്. ശേഷം മുസലിയാർ യാസീൻ സൂറത്ത് ഓതി ദുആ ഇരന്നു ചടങ്ങുകൾ അവസാനി പ്പിക്കും. വന്നവർക്കെല്ലാവർക്കു ഭക്ഷണവും നൽകും (പു.151).

ഷാഹുലും റംലത്തും തങ്ങളുടെ രണ്ടാമത്തെഗർഭം അലസിപ്പിക്കാനായി ശ്രമം നടത്തുന്നു. അതറിഞ്ഞു റാബിയ അതിനെ നിരുത്സാഹപ്പെടുത്തുന്നതും ശേഷം റംലത്തു സന്തോഷത്തോടെ ഗർഭം ധരിക്കുന്നതും പരാമർശിക്കുന്നുണ്ട്. റംലത്തിന്റെ വയറ്റുനേർച്ച വലിയ ആഘോഷമായി നടത്തണമെന്നും ഇതോടെ പ്രസവം നിർത്തണമെന്നും ഷാഹുൽ ചർച്ച ചെയ്യുന്നതായി കാണാം. മറ്റൊരു ചടങ്ങാണ് ഏഴാം മാസത്തിൽ ആദ്യപ്രസവത്തിനായി പെണ്ണു സ്വന്തംവീട്ടി ലേക്കു പോവുന്നത്. പെണ്ണിനെ കൂട്ടാൻവരുന്നവർ പലഹാരങ്ങൾ കൊണ്ടുവരി കയും വരുന്നവർക്കു വീട്ടിൽ ബിരിയാണി ഒരുക്കുകയും ചെയ്യുന്നു. പ്രസവം കഴിഞ്ഞു തൊണ്ണൂറുദിവസം കഴിഞ്ഞേ പെണ്ണു ഭർത്താവിന്റെ വീട്ടിലേക്കു തിരിച്ചുപോവുകയുള്ളൂ എന്നും നോവലിൽ സൂചിപ്പിച്ചുകാണുന്നുണ്ട് (പു.128 –129).

#### 3.1.1.1.2 ചെറുകഥകളിൽ

##### 3.1.1.1.2.1 ആകാശപ്പറവകൾ

ജനനവുമായിബന്ധപ്പെട്ടു കഥയിൽ ചില ചടങ്ങുകൾ വിവരിക്കുന്നുണ്ട്. വിവാഹജീവിതത്തിന്റെ ഏറെ നാൾ കഴിഞ്ഞാണു ബിയ്യാത്തു ഗർഭിണിയാവു ന്നത്. ഏറെനാളത്തെ പ്രാർത്ഥനയും നേർച്ചകൾക്കും ശേഷം ഗർഭിണിയാണെ ന്നറിയുന്ന സമയംമുതൽ അവർക്കു പ്രത്യേകശുശ്രൂഷയും ശ്രദ്ധയുമാണു വീട്ടുകാർ നൽകുന്നത്. മുസലിയാർ മന്ത്രിച്ചൂതിയ ചരടും ഏലസും കെട്ടുന്നതി നെക്കുറിച്ചും വീട്ടിൽ ദിവസവും നേർച്ചയും മൗലൂദും ഓതുന്നതിനെക്കു റിച്ചും പരാമർശിച്ചുകാണുന്നു. കൂടാതെ ഖുർആൻസൂക്തങ്ങൾ പിഞ്ഞാണത്തി

ലെഴുതി വെള്ളംകൊണ്ടു കഴുകി രാവിലെയും വൈകുന്നേരവും ഗർഭിണിയെ കുടിപ്പിക്കുന്നതിനെക്കുറിച്ചും കഥയിൽ പറയുന്നുണ്ട്.

**3.1.1.1.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശസൂചനകൾ ഇല്ല.

**3.1.1.1.4 ലേഖനസമാഹാരം**

ഗർഭാവസ്ഥയുമായി ബന്ധപ്പെട്ടകാര്യങ്ങൾ സൂചിപ്പിച്ചു കാണുന്നില്ല.

**3.1.1.2 പ്രസവം**

**3.1.1.2.1 നോവലുകളിൽ**

**3.1.1.2.1.1 കിനാവ്**

ബീപാത്തുഹജ്ജുമ്മയുടെ ഓർമ്മകളിലൂടെ അവരുടെ പ്രസവവുമായി ബന്ധപ്പെട്ടകാര്യങ്ങൾ നോവലിൽ പരാമർശിക്കുന്നുണ്ട്. ഓരോവീട്ടിലും പ്രസവ മുറികൾ ഉണ്ടായിരിക്കും. പ്രസവിക്കാനായാൽ നാട്ടിലെ പ്രധാനപ്പെട്ട പേറ്റിച്ചി മാത വീട്ടിലെത്തുകയും അവരെ പ്രസവമുറിയിൽ കിടത്തുകയും ചെയ്യും. പ്രസവമുറിക്കു പുറത്തു മൊല്ലാക്കയെക്കൊണ്ടു സൈതൂട്ടിഹാജി പ്ലേറ്റിൽ മഷി കൊണ്ടു ഖുർആൻവാക്യങ്ങൾ എഴുതിച്ചു വെള്ളംകൊണ്ടു കഴുകി പേറ്റുനോവ് അനുഭവിക്കുന്നവൾക്കു കുടിക്കാൻ കൊടുക്കും. പുറത്തു മൊഹിയുദ്ദീൻ മാല ഓതും. അത് ഓതിത്തീരുന്നതിനു മുമ്പു പ്രസവം കഴിഞ്ഞിരിക്കും. പ്രസവാനന്തരം കുട്ടിയെ കുളിപ്പിക്കും. പാളയിൽവെച്ചാണു കുട്ടിയെ കുളിപ്പിക്കുക. മറുപിള്ള മറ്റൊരു പാളയിലാക്കി കാര്യസ്ഥൻ മമ്മദിനെ ഏൽപി ക്കും. കുളിപ്പിച്ചുകഴിഞ്ഞു കറുത്താമിന (ജോലിക്കാരി) കുട്ടിയെ സൈതൂട്ടി ഹാജിയുടെ കയ്യിൽക്കൊടുത്തു വലതുചെവിയിൽ ബാങ്കും ഇടതു ചെവിയിൽ ഇഖാമത്തും കൊടുക്കും (1990:53). പേറ്റിച്ചിയായ മാതയ്ക്കു വെള്ളിരൂ പയും പനയോലവട്ടിനിറയെ സാധനങ്ങളും നൽകും. പേരിടുന്നതിലും

പ്രത്യേകം ശ്രദ്ധിക്കുന്നതായി കാണുന്നു. മതപരമായി നല്ല അർത്ഥമുള്ള പേരുകൾ കിത്താബുകളിൽ നോക്കിക്കണ്ടെത്തി അറിവുള്ള ആളുകളോട് അന്വേഷിച്ചുമാണു പേരിടുക. പ്രസവംകഴിഞ്ഞു മൂന്നാംപക്കം പേറ്റുമരുന്നും ലേഹ്യവും ഉണ്ടാക്കുന്നതു സൂചിപ്പിച്ചിട്ടുണ്ട്. നല്ലഭക്ഷണവും ശുശ്രൂഷയും നൽകുന്നതായും പരാമർശമുണ്ട് (പു.50).

ഇപ്പോഴത്തെകുട്ടികൾ മാസം ഒന്നാവുമ്പോഴേക്ക് ആശുപത്രിയിൽ പോയി ഡോക്ടറെ കാണാനും മരുന്നു കുടിക്കാനും തുടങ്ങും. എന്നിട്ടും വേദനയും ബുദ്ധിമുട്ടും കൂടുകയല്ലാതെ കുറയുന്നില്ല. കുട്ടികൾക്കു മനസ്സിന് ഉറപ്പില്ലെന്നാണു ബീപാത്തുവിന്റെ പക്ഷം. താൻ പത്ത് പ്രസവിച്ചതും വീട്ടിൽവെച്ചാണെന്നും അവർ പറയുന്നുണ്ട്.

പ്രസവം നിർത്തുന്നതിനെക്കുറിച്ചും അടുത്തടുത്തു പ്രസവമുണ്ടാവാതി രിക്കാൻ ഗുളികകഴിക്കുന്നതുമൊന്നും ഇസ്ലാമിൽ അനുവദനീയമല്ലെന്നും പടച്ച വൻ വിധിച്ചതെല്ലാം അനുഭവിക്കുകയാണു വേണ്ടതെന്നുമാണു ബീപാത്തു ഹജ്ജുമ്മയുടെ പക്ഷം. എന്നാൽ പ്രസവവുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ പെൺകുട്ടികൾക്ക് അവർക്കു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നറിയു മ്പോൾ ഹജ്ജുമ്മയ്ക്ക് അത്ഭുതമാണ് (പു.51). താൻ നാൽപതാം വയസ്സിൽ ഗർഭിണി ആയപ്പോഴും ഡോക്ടർ ഗർഭം അലസിപ്പിക്കാൻ പറഞ്ഞപ്പോഴും താൻ വിധിയിൽവിശ്വസിച്ച് എല്ലാവർക്കും ധൈര്യം കൊടുത്തു സൈനബയെ പ്രസവി ച്ചതും അവർ ഓർക്കുന്നുണ്ട് (പു.52).

### 3.1.1.2.1.2 നിലാവ്

നസീമയുടെ ഇത്താത്ത ആയിശ പ്രസവമുറിയിൽ പ്രസവിച്ചുകിടക്കു കയാണ്. പ്രത്യേകം സജ്ജീകരിച്ച മുറിയാണത്. ഉയരംകുറഞ്ഞ വീതിയുള്ള കട്ടിലിലാണു കിടപ്പ്. കട്ടിൽ നേർത്തതുണികെട്ടി മറച്ചിട്ടുണ്ട്. ആയിശയുടെ ദേഹത്തു മഞ്ഞളും എണ്ണയും പുരട്ടിയിട്ടുണ്ട്. കണ്ണിൽ കൺമഷി

എഴുതിയിട്ടുണ്ട്. വെള്ളവസ്ത്രമാണു ധരിച്ചിട്ടുള്ളത്. അതിലും മഞ്ഞളിന്റെ അംശം കാണാം. പ്രസവിച്ചു കിടക്കുന്ന ഒരു സ്ത്രീയെയാണ് എഴുത്തുകാരി ഇവിടെ ചിത്രീകരിച്ചിട്ടുള്ളത് (2007:19).

#### 3.1.1.2.1.3 ആകാശഭൂമികളുടെ താക്കോൽ

ഹുസൈനാജിയുടെ ആദ്യഭാര്യ ഐഷയുടെ പ്രസവം ആശുപത്രിയിൽവെച്ചാണ്. ഓപ്പറേഷൻ ആയിരുന്നു. പ്രസവശേഷം നല്ലപ്രസവരക്ഷയും ശുശ്രൂഷയും നൽകുന്നതായി സൂചിപ്പിക്കുന്നുണ്ട്. ആദ്യത്തെ പ്രസവമായിരുന്നിട്ടും ഐഷയേയും കുഞ്ഞിനേയും അവരുടെ വീട്ടിലേക്ക് അയച്ചിരുന്നില്ല അവരുടെ അമ്മായിയമ്മ. അവളെ നല്ലതുപോലെ ശുശ്രൂഷിക്കാനായിരുന്നു അതെന്ന് ഐഷ ഓർമ്മിക്കുന്നുണ്ട്. പ്രസവാനന്തരമുള്ള നാൽപതുകുളി ചടങ്ങിനെക്കുറിച്ച് ഇപ്രകാരം വിവരിച്ചുകാണുന്നു. നാൽപതുകുളി കഴിഞ്ഞ് അടുക്കളവാതിലിലൂടെ മുറ്റത്തേക്കിറങ്ങണം. എന്നിട്ടു കായ്ച്ചുനിൽക്കുന്ന തെങ്ങിൻമുകളിലേക്കു നോക്കണം. ശേഷം ഉമ്മയും പരിവാരങ്ങളും പാട്ടുകാരികളും ആവേശത്തോടെ പെണ്ണിനെ ആനയിച്ച് അകത്തേക്കു കൊണ്ടുപോവും. വെള്ളംനിറച്ച മൺകുടം മുകളിലത്തെ വരാന്തയിൽനിന്നും താഴേക്കിടും. അതു പെണ്ണിന്റെ മുമ്പിൽവന്നുവീണുടയും. ശേഷം ഉമ്മറവാതിലിലൂടെ അകത്തേക്കു പ്രവേശിച്ചു നടുവകത്തെ കസേരയിലിരുത്തി പുത്തൻ സാരിയും ആഭരണങ്ങളും അണിയിച്ചു ചമയിച്ച് ഒപ്പനപ്പാട്ടോടെ സന്തോഷങ്ങൾ പങ്കുവെക്കുന്നതായും കാണുന്നു. ഇത് ഒരു സമ്പന്നകുടുംബത്തിലെ പ്രസവാനന്തര ചടങ്ങാണെന്നു മനസ്സിലാക്കാം (2011:51-53).

പ്രസവാനന്തരം കുട്ടിയുടെ 'മുടികളച്ചിൽ' ചടങ്ങിനെക്കുറിച്ചുള്ളപരാമർശങ്ങൾ നോവലിലുണ്ട്. പ്രസവിച്ചു ഏഴാം ദിവസമാണു മുടികളച്ചിൽ ചടങ്ങു നടത്തുക. 'ഒസ്സാൻ' വന്നാണു മുടികളച്ചിൽ നടത്തുക. മുടികളയുമ്പോൾ കുട്ടിയെ മടിയിലിരുത്തുക ഈറ്റച്ചിയുടെ അവകാശമാണ്. മുടി കളഞ്ഞുകൊ

ണ്ടിരിക്കുന്ന സമയം തൊടിയിൽ മൂരിക്കുട്ടന്മാരെ ഒന്നൊന്നായി അറുത്ത് ഇറച്ചി യാക്കി ബന്ധുക്കൾക്കും അയൽവാസികൾക്കും നൽകുന്നു. അതുപോലെ ത്തന്നെ കുട്ടിയുടെ മുടിയുടെ തൂക്കത്തിന്നനുസരിച്ചു സ്വർണ്ണം ധാനം നൽകു ന്നതായും അതിന്റെ തൂക്കത്തിൽനിന്നും അണുവിട വ്യത്യാസം വന്നാൽ അതു കുട്ടിയെ ദോഷകരമായി ബാധിക്കുമെന്നും അവർ വിശ്വസിക്കുന്നതായി കാണുന്നു (പു.51,53). മുടികളഞ്ഞ കുട്ടിയെ കുളിപ്പിക്കുന്നതിനു മുമ്പേ തലയിൽ ഉമ്മയുടെ മുലപ്പാൽതേയ്ക്കുന്നതായി സൂചനയുണ്ട്. അതിനു ശേഷം പുതിയവസ്ത്രം ധരിപ്പിച്ചു പേരിടുന്നു. സ്വർണ്ണാഭരണങ്ങൾ ഇട്ടുകൊടു ക്കുന്നു. തുടർന്നു ചടങ്ങിൽ പങ്കെടുത്തവർക്കെല്ലാം വയറുനിറച്ചു ഭക്ഷണം നൽകി പിരിയുന്നതായും പരാമർശിച്ചുകാണുന്നു (പു.52).

കുഞ്ഞായിഷു എന്ന കഥാപാത്രത്തിന്റെ പ്രസവവും നോവലിൽ പരാ മർശിച്ചിട്ടുണ്ട്. അത് ആശുപത്രി പ്രസവമാണ്. ഓപ്പറേഷനാണ്. പ്രസവാനന്തരം കുട്ടിയെ ആൺവീട്ടിലെ തലമുതിർന്ന പുരുഷൻ ഏറ്റുവാങ്ങുകയും ചെവികളിൽ ബാങ്കും ഇഖാമത്തും കൊടുക്കുകയും ചെയ്യുന്നു. അത് ആൺവീട്ടുകാരുടെ അവകാശമാണെന്നു പരാമർശിച്ചതായി കാണുന്നുണ്ട്. ആശുപത്രിയിൽ കൂടിയ വർക്കെല്ലാം മിഠായിവിതരണം ചെയ്യുന്നതായും നോവലിൽ കാണാം (പു.150–52).

പ്രസവമെടുക്കുന്നപേറ്റിച്ചികൾക്കു ചില അധികാരങ്ങളും അവകാശങ്ങ ളുമുള്ളതായി കാണുന്നു. മുടികളയുമ്പോൾ കുട്ടിയെ പിടിച്ചുകൊടുക്കുന്നത് അവരാണ്. അന്നു പണമായി ഒരു നിശ്ചിതസംഖ്യ അവർക്കു കൊടുക്കണം. 'കുട്ടീനെ കണ്ട പൈസ' വേറെയും. തുണിയും കുപ്പായവും മുന്തിയ ഇനം കൊടുക്കണം. കുട്ടിയെയും ഉമ്മയെയും നാൽപതുദിവസം ശുശ്രൂഷിക്കുന്നത് അവരാണ്. ഇപ്പോഴത്തെ പേറ്റിച്ചികൾക്കു ജോലി ഒന്നുമില്ലെങ്കിലും ഇതെല്ലാം നൽകണമെന്നുസൂചിപ്പിക്കുന്നുണ്ട്.

'ഇപ്പളത്തെ ഈറ്റിച്ച്യേക്ക് പണ്ടത്തോലെ പണിയൊന്നുമില്ല. വെള്ളം ചൂടാക്കണ്ട. അടിത്തുണി തിരുമ്പണ്ട.' എല്ലാവരും 'പാമ്പേഴ്സ്' ആണ് ഇപ്പോൾ ഉപയോഗിക്കുന്നത് എന്നു സൂചിപ്പിച്ചതായി കാണുന്നുണ്ട് (പു.154).

**3.1.1.2.1.4 മൊഴി**

ഫാത്തിമയുടെ രണ്ടാമത്തെപ്രസവം സിസേറിയൻ ആയിരുന്നു. കുട്ടിയോ തള്ളയോ എന്നു ഡോക്ടർ മുമ്പേ സംശയം പ്രകടിപ്പിക്കുകയും അപകടമുള്ളതിനാൽ സിസേറിയൻ നടത്തുകയുമായിരുന്നുവെന്നും കഥയിൽ പറയുന്നുണ്ട്. ശാരീരികപ്രയാസം കാരണം ഡോക്ടർ പറഞ്ഞതിനനു സരിച്ചു പ്രസവം നിർത്തിയതിനു ഭർത്താവായ ഷറഫ് ഫാത്തിമയെ ചീത്ത പറ യുന്നതായും നോവലിൽ കാണാം (1999:92).

**3.1.1.2.1.5 പ്രകാശത്തിനുമേൽ പ്രകാശം**

നബീസയുടെ മകൾ ലിയാനയുടെ പ്രസവവുമായിബന്ധപ്പെട്ടു പ്രസവ ശുശ്രൂഷയ്ക്ക് ആളെ കണ്ടെത്തുന്ന ശ്രമകരമായ കാര്യത്തെക്കുറിച്ചു പരാമർശ മുണ്ട് (2012:113).

**3.1.1.2.2 ചെറുകഥകളിൽ**

**3.1.1.2.2.1 പേറ്റിച്ചി**

മാത എന്ന ചെറുപ്പക്കാരി അച്ഛനില്ലാത്ത കുഞ്ഞിനെ ഒറ്റയ്ക്കുപ്രസവിച്ച തോടെ ആ നാട്ടിലെ പേറ്റിച്ചിയായി മാറി. ഹാജിയാരിൽ നിന്നും ബലാൽക്കാരമായി ഗർഭംധരിക്കേണ്ടിവന്ന കുഞ്ഞിപാത്തുവിനെ ശുശ്രൂഷിക്കു ന്നതും മാതയാണ്. എന്നാൽ രക്തം വാർന്നുപോയതിനാൽ വേഗത്തിൽ ആശു പത്രിയിലേക്കെത്തിച്ചെങ്കിലും അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ച് ആശുപത്രിയിൽ വെച്ചു മരണമടയുകയാണു ചെയ്യുന്നത് (2014:101).

#### 3.1.1.2.3 അനുഭവക്കുറിപ്പുകളിൽ

പ്രസവവുമായി ബന്ധപ്പെട്ടസൂചനകൾ ഇല്ല.

#### 3.1.1.2.4 ലേഖനസമാഹാരത്തിൽ

##### 3.1.1.2.4.1 ആരോടു ചൊല്ലേണ്ടു നാം

###### 3.1.1.2.4.1.1 സന്മനസ്സുള്ളവർക്ക് സമാധാനം

ഇന്നത്തെ കാലത്തു പ്രസവത്തിനേക്കാളും സിസേറിയൻ പ്രോത്സാഹിപ്പിക്കുന്നതായി ലേഖനത്തിൽ പറയുന്നുണ്ട്. പള്ളേലുള്ളപ്പോൾ മുതൽ തടിയനങ്ങാതിരിക്കുന്നതുകൊണ്ടാണ് ഓപ്പറേഷൻ വേണ്ടിവരുന്നതെന്നും അതിനു കുറ്റം പറയുന്നതു ഡോക്ടർമാരെയാണെന്നും ലേഖനത്തിൽ ഒരു സ്ത്രീ പരാമർശിക്കുന്നുണ്ട് (2013:31).

### 3.1.2 സുന്നത്തുകല്യാണം

#### 3.1.2.1 നോവലുകളിൽ

ഒരേയൊരു നോവലിൽ മാത്രമാണു സുന്നത്തുകല്യാണത്തിന്റെ ചടങ്ങുകൾ വിവരിച്ചുകാണുന്നത്.

##### 3.1.2.1.1 കിനാവ്

സൈനുവിന്റെ മകൻ റഫീഖിന്റെ സുന്നത്തുകല്യാണവുമായി ബന്ധപ്പെട്ട ചടങ്ങുകൾ നോവലിൽ കടന്നുവരുന്നുണ്ട്. രണ്ടുതലമുറകളിലെ ചടങ്ങുകൾ നോവലിൽ കാണാം. റഫീഖിന്റെ സുന്നത്ത് സ്കൂൾപ്പൂട്ടിന്റെ സമയത്തുനടത്താൻ സൈനബയും ഷംസുദ്ദീനും ഉദ്ദേശിക്കുമ്പോൾ നാലാളെ അറിയിച്ചുകൊണ്ടു നടത്താനാണു ബീപാത്തുഹജ്ജുമ്മ മകളോട് ആവശ്യപ്പെടുന്നത്. എന്നാൽ പുതിയ തലമുറയിൽപ്പെട്ട മോൾക്കും മരുമോനും അതിനുതാൽപര്യമില്ലെന്നുകാണാം. ആദ്യകാല സുന്നത്തുകല്യാണത്തെക്കുറിച്ചു ഹജ്ജുമ്മ ചിന്തിക്കുന്നുണ്ട്. മൂന്നുദിവസത്തെ അടിയന്തരമായിട്ടാണ് അവരുടെ മക്കളുടെ

സുന്നത്തുകല്യാണം നടത്തിയത്. 'മൂത്തമകൻ കരീമിന്റെയാണ് ഏറ്റവും ആഘോഷമായിട്ടു നടത്തിയ സുന്നത്തു കല്യാണം. രണ്ടു ചാക്ക് അരിയുടെ നെയ്ച്ചോറുവെച്ചു. രണ്ടു മുട്ടനാടിനെയും അറുത്തു. അന്നുതന്നെ രണ്ട് അനാഥക്കുട്ടികളുടെ സുന്നത്തും നടത്തിക്കൊടുത്തു. തലശ്ശേരിയിൽനിന്നു കൊണ്ടുവന്ന ജീരകശാല അരികൊണ്ടുചോറു വെക്കുകയും മദ്രസ്സയിലെ കുട്ടികൾക്കു ചോറുകൊടുക്കുകയും ചെയ്തു. ക്ഷണിക്കപ്പെട്ടവർക്കെല്ലാം ചോറുകൊടുത്തതിനു ശേഷമാണു സുന്നത്തുനടത്തുന്നത്' (1990:29).

സുന്നത്തടിയന്തരത്തിന് ഒപ്പനക്കാരും കോൽക്കളിക്കാരുമൊക്കെ ഉണ്ടാ യിരിക്കും. മാർക്കക്കുട്ടിയെ പുതിയ തുണിയും കുപ്പായവും അണിയിച്ചു തലയിൽ പട്ടുറുമാലും കെട്ടിച്ചു നടുവകത്തെ കസേരയിലിരുത്തി പാട്ടുകാരി കൾ ഒപ്പനമുട്ടി. മുറ്റത്തെ പന്തലിൽ മമ്മദുഗുരുക്കളും സംഘവും അരങ്ങു തകർത്തു. മലബാറിലെ ഏറ്റവും മികച്ച കോൽക്കളി സംഘമാണു മമ്മദ് ഗുരുക്കളുടേത്. ഒസ്സാൻ അവ്വോക്കരാണു മക്കളുടെയെല്ലാം സുന്നത്തു നടത്തിയത്. അവ്വോക്കർ നല്ല കൈപ്പൊരുത്തമുള്ളവനാണ്. അവ്വോക്കർ സുന്നത്തുനടത്തിയാൽ ഏഴുദിവസം കൊണ്ട് ഉണങ്ങുമെന്നത് അച്ചട്ടാണ്. കുട്ടികളെ അവ്വോക്കരെ ഏൽപ്പിച്ചുകൊടുക്കുന്നത് അവരുടെ ഉപ്പയാണ്. കുട്ടികളെ അകത്തേക്കുകൊണ്ടുവന്നു നടുവകത്തുനിർത്തിയിട്ടു ക്ഷണിക്ക പ്പെട്ടവരുടെ സമ്മതം ചോദിച്ചുകൊണ്ടു പടിഞ്ഞാറെ വരാന്തയിലെ കളത്തിൽ വെച്ചുസുന്നത്തുകഴിക്കുന്നു. ഉടുത്ത കോടിമുണ്ടഴിച്ച് ഉരലിൽ ഇരുത്തുന്നതോടെ കുട്ടികൾ ഉറക്കെ കരയും. കാര്യസ്ഥൻ മമ്മദാണു കുട്ടികളെ പിടിച്ചുകൊടുക്കുക (പു.30). ഈ സമയം 'മങ്കൂസ്' മൗലൂദ് ഓതുന്ന തായും നോവലിൽ പരാമർശിക്കുന്നുണ്ട് (പു.30).

സുന്നത്തു കഴിഞ്ഞാൽ ബന്ധുവീടുകളിൽനിന്ന് ആളുകൾ കാണാൻ വരും. കാണാൻ വരുന്നവർ പലഹാരങ്ങൾ സ്വർണ്ണാഭരണങ്ങൾ, പണം എന്നിവ കുട്ടികൾക്കു നൽകുന്ന പതിവുമുണ്ട് (പു:30).

സുന്നത്തുകഴിച്ചുകിടക്കുന്ന കുട്ടികൾക്കു നൽകുന്ന ഭക്ഷണരീതിയിലും വ്യത്യാസമുണ്ട്. രാവിലെ ചായയും മുട്ടയും പശുവിൻനെയ്യിൽ പൊരിച്ചെടുത്ത നേന്ത്രപ്പഴവും കൊടുക്കും. തുടർന്ന് ഒമ്പതു മണിയോടെ തേങ്ങാപ്പാലും നെയ്യും പുരട്ടിയ അരിപ്പത്തിരിയും കരളോ ഇറച്ചിയോ പൊരിച്ചതും. ഉച്ചയ്ക്കു പശുവിൻനെയ്യിൽ വെച്ച നെയ്ച്ചോറ്. കോഴിസൂപ്പു മൂന്നു മണി സമയത്ത്. വൈകുന്നേരം വീണ്ടും ചായയും പലഹാരവും. രാത്രി കോഴിപൊരിച്ചതും പത്തിരിയും തേങ്ങാപ്പാലൊഴിച്ച പൊടിയരിക്കഞ്ഞിയും. കുട്ടികൾക്കു ഭക്ഷണമുണ്ടാക്കാനായി മാത്രം ആളെ നിർത്തുന്ന രീതിയും കാണാം (പു:31).

സുന്നത്തുകഴിഞ്ഞ് ഏഴാംനാൾ ഒസ്സാൻ കുട്ടിയെ കുളിപ്പിച്ചു പുതുവസ്ത്രം ധരിപ്പിച്ച് അണിയിച്ചൊരുക്കി തലയിൽ പട്ടുറുമാലും കാലിൽ പുത്തൻ ചെരിപ്പുമെല്ലാം ധരിപ്പിച്ചു പള്ളിയിലേക്കുപോവും. അന്നും വീട്ടിൽ സൽക്കാരം നടത്തുന്ന രീതിയും ഉണ്ട്. കുട്ടിയ്ക്കിടാനുള്ള വസ്ത്രവും മറ്റു സാധനങ്ങളും എത്തിക്കേണ്ടത് ഉമ്മയുടെ ആങ്ങളമാരാണ്. കൂടാതെ ഒസ്സാനു പുതിയ മുണ്ടും കുപ്പായവും പണവും കൊടുത്തുസന്തോഷിപ്പിച്ചയയ്ക്കുകയും ചെയ്യും. ഇന്ന് ഇത്തരം കാര്യങ്ങളൊന്നും ഇല്ലെന്നും സൈനുവിന്റെ രണ്ടു മക്കളുടെയും സുന്നത്തുകല്യാണം ആരെയുമറിയിക്കാതെയാണു നടത്തിയതെന്നും ആശുപത്രിയിൽപോയി ചെയ്തു വളരെപെട്ടെന്ന് ഉണങ്ങുകയും ചെയ്തു എന്നു ചിന്തിക്കുന്നുണ്ടു ബീപാത്തുഹജ്ജുമ്മ (പു.31).

#### 3.1.2.2 ചെറുകഥകളിൽ

ചെറുകഥകളിലൊന്നും സുന്നത്തുകല്യാണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ കാണാൻ കഴിയുന്നില്ല.

#### 3.1.2.3 അനുഭവക്കുറിപ്പുകൾ

പരാമർശങ്ങൾ ഇല്ല

### 3.1.2.4 ലേഖനസമാഹാരത്തിൽ

ലേഖനസമാഹാരത്തിലും പരാമർശങ്ങൾ ഇല്ല

### 3.1.3 ആർത്തവം

### 3.1.3.1 നോവലുകളിൽ

### 3.1.3.1.1 നിലാവ്

നെച്ചുവെന്നു വിളിപ്പേരുള്ള നസീമയുടെ ആർത്തവകാല അനുഭവങ്ങൾ നോവലിൽ വിവരിക്കുന്നുണ്ട്. വയസ്സറിയിക്കൽ അല്ലെങ്കിൽ ആർത്തവം എന്താണെന്ന് അവൾക്ക് അറിവില്ലായിരുന്നു. 'ബാല്യക്കാരത്തിയാവും' എന്ന് അവളുടെ ഉമ്മ അവളെ ഓർമ്മിപ്പിച്ചുകൊണ്ടേ ഇരുന്നിരുന്നു. ബാല്യക്കാരത്തി യായാൽ ഒരുപാടുവിലക്കുകൾ അവൾക്കുണ്ടാവുമെന്ന് അറിയുന്നതിനാൽ പ്രായപൂർത്തി ആവാതിരിക്കാൻ അവൾ ആഗ്രഹിച്ചു, പ്രാർത്ഥിച്ചു. എന്നിട്ടും ഒരു ദിവസം രാവിലെ അവളുടെ വസ്ത്രത്തിൽ രക്തക്കറ കണ്ടു. വയസ്സ റിയിച്ചതോടെ നെച്ചിയെ നസീമയിലേക്കുമാറ്റാനുള്ള ശ്രമമായിരുന്നു പലർക്കും. അതോടെ അവളുടെ ചുറ്റിക്കറക്കവും തുള്ളിച്ചാട്ടവും കളിയും സ്കൂളിൽ പോക്കുമെല്ലാം നിന്നു.

ആദ്യമാദ്യം സ്കൂളിൽ പോവാൻ മടിയായിരുന്ന നസീമ എഴുത്തും വായനയും പഠിച്ചതോടെ സ്കൂളിൽ പോവാൻ കൊതിച്ചു. എന്നാൽ വയസ്സ റിയിച്ചതോടെ മകളെ ഇരുട്ടുമുറിയിലേക്ക് ആനയിക്കുകയാണ് അവളുടെ ഉമ്മ ചെയ്യുന്നത്. പല തറവാട്ടുകളിലും ആർത്തവസമയത്തുസ്ത്രീകളെ കിടത്താനായി മുറികൾ ഉണ്ടായിരുന്നു (2007:52-54). സ്വന്തം സഹോദരങ്ങളോ ടൊപ്പം സ്കൂളിൽ പോവാനോ അവരോടൊപ്പം കളിക്കാനോ അവൾക്കു സാധിക്കുന്നില്ല. സഹോദരങ്ങൾ ചോദിക്കുമ്പോൾ ഉമ്മയുടെ മറുപടി ഇപ്രകാരമാണ്. 'ഓളിപ്പം ബാല്യക്കാരത്തിയായി. ഇനി അടങ്ങിയൊതുങ്ങി നട ക്കണം' (2007: 54).

#### 3.1.3.1.2 ആകാശഭൂമികളുടെ താക്കോൽ

ആർത്തവമുള്ള സ്ത്രീക്കു നിസ്ക്കരിക്കാൻ പാടില്ലെന്ന സൂചന നോവലിൽ കാണാൻ കഴിയുന്നു. അതുപോലെ ആർത്തവമുള്ള സ്ത്രീ തുളസി നുള്ളാൻ പാടില്ല. അതു കരിഞ്ഞുപോവുമെന്ന പരാമർശവും നോവലിലുണ്ട് (2008:39).

### 3.1.3.2 ചെറുകഥയിൽ

#### 3.1.3.2.1 ആകാശഭൂമികളുടെ താക്കോൽ

ഉമ്മയില്ലാതെ ഉപ്പ വളർത്തുന്ന മോളാണു കുഞ്ഞായിശു. അവൾ വയസ്സറിയിച്ചപ്പോൾ ഉപ്പയുടെ സഹോദരി വിലക്കുകൾ ഏർപ്പെടുത്തുന്നതായി കഥയിൽ കാണാം. ഉമ്മയുടെ മരണശേഷം അവൾ ഉപ്പയുടെ ശിക്ഷണത്തിലും അമ്മായിയുടെ ശിക്ഷണത്തിലുമാണു കഴിയുന്നത്. എല്ലാസന്തോഷത്തോടെയും കൊഞ്ചിത്തുള്ളിക്കളിച്ചുനടന്ന അവൾ പെട്ടെന്നു ബുലൂഖാവുകയാണ് (പ്രായപൂർത്തിയെത്തിയ സ്ത്രീ). അതോടെ അവളുടെ എല്ലാ സ്വാതന്ത്ര്യങ്ങൾക്കും സന്തോഷങ്ങൾക്കും അവസാനമാകുന്നു. വളരെപെട്ടെന്നുതന്നെ അവളെ വിവാഹം കഴിപ്പിച്ചയക്കുകയും ചെയ്യുന്നു വീട്ടുകാർ. ബുലൂഖായ (പ്രായപൂർത്തിയെത്തിയ) പെണ്ണുകൊഞ്ചിത്തുള്ളി നടക്കാൻ പാടില്ലെന്നും അടക്കത്തിലും ഒതുക്കത്തിലും കഴിയണമെന്നും അവളുടെ അമ്മായി അവളെയും ഉപ്പയെയും ഓർമ്മിപ്പിച്ചുകൊണ്ടേ ഇരിക്കുന്നുണ്ട് (2014:55).

#### 3.1.3.2.2 ആകാശപ്പറവകൾ

ഭിന്നശേഷിക്കാരിയായ ഹൈറുവിന്റെ കഥയാണ് ആകാശപ്പറവകൾ. ശരീരം വളർന്നിട്ടും മനസ്സുവളരാത്ത പെൺകുട്ടിയാണു ഹൈറു. പതിനാറു വയസ്സായപ്പോൾ അവൾ ഒത്തപെണ്ണായി. ആർത്തവരക്തം കണ്ട് അവൾ കരഞ്ഞു ബഹളം വെക്കുകയാണുചെയ്യുന്നത്. എല്ലാ സ്ത്രീകൾക്കും ഇങ്ങനെ

സംഭവിക്കുമെന്നുപറഞ്ഞു സമാധാനിപ്പിച്ചിട്ടും അവൾക്കു സമാധാനം ലഭിച്ചിരുന്നില്ല. ആരോടും മിണ്ടാതെ അവളുടെ അറയ്ക്കുള്ളിൽ ഏഴു ദിവസം ഒരേ കിടപ്പുകിടന്നു. അടുത്ത മാസം അതെ തിയ്യതി വന്നപ്പോൾ ആ ഉമ്മയ്ക്കു മനസ്സിൽ തീയായിരുന്നുവെന്നുകഥയിൽ പരാമർശിച്ചിട്ടുണ്ട് (പു.137,138).

**3.1.3.3 അനുഭവക്കുറിപ്പുകളിൽ**

**3.1.3.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

ബുലൂഖാവുന്നതിനുമുമ്പു മകളെ ഖുർആൻ മുഴുവൻ ഓതാൻ പഠിപ്പിച്ചി ല്ലെങ്കിൽ അതിന്റെ നാണക്കേട് ഉമ്മമാർക്കാണെന്നു കൃതിയിൽ പറയുന്നുണ്ട് (2015:102). അതുകൊണ്ടു പ്രായപൂർത്തിയാവുന്നതിനുമുമ്പു ഖുർആൻ ഓതി പഠിക്കുന്നതിനായി മകളെ മൊയില്യാർ കുഞ്ഞാമിനുവിന്റെ അരികിലേക്ക് അയക്കുന്നതു സൂറ ഓർത്തെടുക്കുന്നുണ്ട്. ഉമ്മ നിരന്തരം ഓർമ്മിപ്പിക്കുന്ന 'ബുലൂഖാകൽ' അഥവാ പ്രായപൂർത്തിയാകൽ അവൾ ഭയന്നിരുന്നു. കുട്ടിയായി രിക്കുമ്പോൾത്തന്നെ അവർക്ക് ഒരുപാടു വിലക്കുകൾ കുടുംബത്തിൽ ഉണ്ടായി രുന്നു. പ്രായപൂർത്തിയാവുന്നതോടെ ഇനിയും എന്തൊക്കെ വിധിവിലക്കുകളാ യിരിക്കും ഉമ്മ തന്നിൽ ചാർത്താൻ പോവുന്നതെന്ന ചോദ്യം അവരുടെ മനസ്സി ലുണ്ടായിരുന്നതായും പറയുന്നുണ്ട് (പു.103).

**3.1.3.4 ലേഖനസമാഹാരത്തിൽ**

ആർത്തവവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഇല്ല.

**3.1.4 വിവാഹം**

**3.1.4.1 നേവലുകളിൽ**

**3.1.4.1.1 കിനാവ്**

*കിനാവ്* എന്ന നോവലിൽ ബീപാത്തുഹജ്ജുമ്മയുടെ ഓർമ്മകളിലൂടെ ആദ്യകാലമുസ്ലിം സമ്പന്നകുടുംബത്തിലെ വിവാഹരീതി, പെണ്ണുകാണൽ

ചടങ്ങ് എന്നിവ കടന്നുപോകുന്നതായി പരാമർശിക്കുന്നു. കുടുംബത്തിലെ മുതിർന്ന കാരണവൻമാർ തമ്മിൽ കൂടിയിരുന്നു വിവാഹംനിശ്ചയിക്കുന്ന രീതിയാണ് ഉള്ളത്. ചെക്കനും പെണ്ണും തമ്മിൽ കാണുന്നുപോലുമില്ല. സമ്പന്നകുടുംബക്കാർ സമ്പന്നകുടുംബത്തിലേക്കു വിവാഹം കഴിപ്പിച്ചയക്കുകയും തിരിച്ചും സമ്പന്നർ സമ്പന്നകുടുംബത്തിൽ നിന്നു മാത്രമാണുവിവാഹം കഴിക്കുന്നതും (1990: 20-25).

ബീപാത്തുഹജ്ജുമ്മയും കാര്യസ്ഥനും തമ്മിലുള്ള സംഭാഷണത്തിലൂടെയാണു വിവാഹവുമായിബന്ധപ്പെട്ട ചർച്ചകൾ കടന്നുവരുന്നത്. വിവാഹം നിശ്ചയിച്ച പിറ്റേന്നാൾ മുതൽ പെണ്ണിനുനൽകാനുള്ള സ്വർണ്ണപ്പണി വീട്ടിൽത്തന്നെ വെച്ചുചെയ്യിപ്പിക്കുമെന്ന് അവർ ഓർക്കുന്നുണ്ട്. ശരീരം മുഴുവൻ മൂടുന്നതരത്തിൽ നിറയെ സ്വർണ്ണാഭരണങ്ങൾ നൽകിക്കൊണ്ടാണു സമ്പന്ന വീട്ടിലെ പുതുനാരി ഇറങ്ങുക എന്ന് അവരുടെ സംഭാഷണത്തിൽ കാണാം.

ഏഴു ദിവസത്തെ കല്യാണമായിട്ടാണ് ആദ്യകാലങ്ങളിൽ സമ്പന്ന മുസ്ലിംകുടുംബങ്ങളിൽ വിവാഹച്ചടങ്ങുകൾ നടന്നിരുന്നതെന്ന് *കിനാവ്* എന്ന നോവലിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.24,25). ഏഴു ദിവസങ്ങളിലായി നടക്കുന്നപരിപാടിയിൽ ഒരു ദിവസം നാട്ടിലെ പാവപ്പെട്ടവർക്കു മാത്രം നെയ്ച്ചോറും ഇറച്ചിയും വിളമ്പുമെന്നും സൂചനയുണ്ട്. അതുപോലെ മൈലാഞ്ചി, പുതുക്കം, സൽക്കാരം എന്നിവയ്ക്കു പ്രത്യേകം വിഭവങ്ങളും ഒരുക്കും.

നാൽപതു കാറിലാണുപെണ്ണിനെ പുതുക്കം കൂട്ടിക്കൊണ്ടുവരാൻ സ്ത്രീകൾ പോവുന്നത്. പുതിയപെണ്ണിനെ കയറ്റാനുള്ള കാർ പൂമാലകൊണ്ട് അലങ്കരിച്ചിരിക്കും. നിക്കാഹുകഴിഞ്ഞു പുതിയാപ്ല വീട്ടിൽ തിരിച്ചെത്തിയാൽ പുതിയപെണ്ണിനെ വിളിക്കാൻ വരന്റെ ബന്ധത്തിലും സ്വന്തത്തിലുംപെട്ട പെണ്ണുങ്ങൾ വരും. പെണ്ണിന്റെ കൂടെ അവരുടെ ആളുകളും എത്തുന്നു. രണ്ടിടത്തും കേമമായി സദ്യ ഒരുക്കിയിരിക്കും. ഈ

ചടങ്ങാണു പുതുക്കം (പു.25). വിവാഹവുമായിബന്ധപ്പെട്ട ചടങ്ങുകളും നോവലിൽ പരാമർശിച്ചു കാണുന്നുണ്ട്.

പുതുപ്പെണ്ണിനെയും കൂട്ടരെയും പുതിയാപ്ലയെയും സ്വീകരിക്കുന്ന രീതി നോവലിൽ പരാമർശിക്കുന്നത് ഇപ്രകാരമാണ്. പുതിയപെണ്ണും കൂട്ടരും എത്തിയപ്പോൾ അരിയും പൂവുമെറിഞ്ഞു പനിനീർ കുടഞ്ഞുമാണ് അവരെ എതിരേൽക്കുന്നത്. പുതുപ്പെണ്ണിനെ വരന്റെ സഹോദരി മുല്ലമാല അണിയിച്ച് അകത്തേക്കിരുത്തും. പെണ്ണിന്റെകൂടെ വരുന്നവരെയും അത്തരത്തിൽ അകത്തേക്കുകൈപിടിച്ചു സ്വീകരിക്കും. അതിനുവേണ്ടി അമ്മായിമാരും ഇത്താത്തമാരും കാത്തുനിൽക്കും. പാട്ടും മുട്ടും ഒപ്പനയും കളിയുമെല്ലാം ഉണ്ടായിരിക്കും. അതുപോലെ പുതിയാപ്ലയെയും പുതിയാപ്ലയുടെ കൂടെവരുന്നവരെയും കസവുമാലയിട്ടുസ്വീകരിക്കുന്നതായി കാണുന്നു. അപ്പോഴും ഒപ്പനയും ദഫ്ഫും പാട്ടുമെല്ലാം ഉണ്ടായിരിക്കും (പു.26).

**3.1.4.1.2 ഇരുട്ട്**

*ഇരുട്ടെ*ന്ന നോവലിലെ മുഖ്യകഥാപാത്രങ്ങളായ ജമാലും ആമിനയും വിവാഹജീവിതത്തിലേക്കുകടക്കുന്നതു പെണ്ണുകാണൽ ചടങ്ങു നടത്തിക്കൊണ്ടല്ല. വിവാഹത്തിന്റെ അന്നാണ് അവർ പരസ്പരം കാണുന്നത്. എന്നാൽ അവരുടെ മകൾ മുനീറയുടെ വിവാഹത്തിനു മുഹമ്മദ് മുനീറയെ വീട്ടിൽവന്നു പെണ്ണുകാണുന്നുണ്ട്. അവർ തമ്മിൽ സംസാരിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തശേഷമാണു വിവാഹത്തിലേക്കു കടക്കുന്നത്. ആമിനയുടെ വിവാഹത്തിനു സ്വർണ്ണവും പണവും ധാരാളമായി നൽകിയിരുന്നു. എന്നാൽ മുഹമ്മദിന്റെ വീട്ടുകാർ പറയുന്നതു പെണ്ണിനുഞങ്ങൾ മഹറുനൽകും. മറ്റുള്ള കാര്യങ്ങളെക്കുറിച്ചുസംസാരിക്കാൻ താൽപര്യമില്ല എന്നാണ്.

വിവാഹദിവസം പെണ്ണുങ്ങൾക്കുമാത്രമായും ആണുങ്ങൾക്കുമാത്രമായും പന്തലിടുന്നതായി കാണുന്നു. മണവാട്ടിയെ ഇരുത്തുന്ന പന്തലിൽ

രണ്ടടി ഉയരത്തിൽ സ്റ്റേജു കെട്ടിയിട്ടുണ്ട്. അവിടെ മുല്ലപ്പൂമാലകൊണ്ട് അലങ്കരിച്ചിട്ടുണ്ട്. സ്വർണ്ണവർണ്ണാഭമായ ബൾബുകൾ കത്തുന്നുണ്ട്. 'മയിലാഞ്ചി' കല്യാണത്തിനായി പ്രത്യേകം ഒരുക്കിയിട്ടുള്ളതാണ് ആ ഭാഗം എന്നും നോവലിൽ പരാമർശിച്ചുകാണുന്നു (പു.14). മൈലാഞ്ചി ആദ്യം അണിയിക്കേണ്ടത് ഉപ്പയുടെ വീട്ടുകാരാണെന്നും പരാമർശമുണ്ട്. പുതിയാപ്ലക്ക് ഇരിക്കാനും നിക്കാഹു നടത്തുന്നതിനുമുള്ള സ്ഥലം പ്രത്യേകം അലങ്കരിച്ചൊരുക്കിയതായി നോവലിൽ പരാമർശിക്കുന്നുണ്ട് (പു.15).

മുസ്ലിംവിവാഹവുമായി ബന്ധപ്പെട്ടുവളരെ പ്രധാനപ്പെട്ട ഒന്നാണു നിക്കാഹ്. വരനും പെണ്ണിന്റെ ഉപ്പയും മഹല്ലിലെ മുഖ്യപുരോഹിതനും രണ്ടു സാക്ഷികളും ചേർന്നാണു നിക്കാഹുകർമ്മം നിർവ്വഹിക്കേണ്ടത് എന്നാണ്. എന്നാൽ *ഇരുട്ടെ*ന്ന നോവലിൽ മുനീറയുടെ വിവാഹച്ചടങ്ങിന് ഉപ്പ ജീവിച്ചിരുന്നിട്ടും നിക്കാഹിനു കൈകൊടുക്കാൻ വരുന്നില്ല. ഉമ്മയും ഉപ്പയും പിരിഞ്ഞുകഴിയുകയും ഉപ്പയ്ക്കു സുഖമില്ലാതിരിക്കുകയും ചെയ്യുന്നതാണുകാരണം. വക്കാലത്തിൽ ഒപ്പിട്ടു നൽകി ആമിനയുടെ ഉപ്പയാണു മുനീറയുടെ വിവാഹത്തിനു കൈകൊടുക്കുന്നത്.

#### 3.1.4.1.3 മൊഴി

*മൊഴി*യെന്ന നോവലിലെ ഫാത്തിമയുടെ ഉപ്പ കോയക്കുട്ടി മാഷ് പുരോഗമന ചിന്താഗതിക്കാരനാണ്. അദ്ദേഹത്തിന് ആർഭാടക്കല്യാണങ്ങളോടോ, സ്ത്രീധനം കൊടുക്കുന്നതിനോടോ, വിവാഹശേഷമുള്ള രണ്ടും മൂന്നും ദിവസം വെച്ചു നടത്തുന്ന സൽക്കാരത്തിനോടോ താൽപര്യമില്ല. അതുകൊണ്ടുതന്നെ മകളുടെകല്യാണം വളരെ ലളിതമായ രീതിയിലാണു നടത്തുന്നത് (1999:24-25). എന്നാൽ വിവാഹം കഴിയുന്നതിനുമുമ്പു ഫാത്തിമയ്ക്കും അബ്ദുള്ളയ്ക്കും തമ്മിൽക്കണ്ടു സംസാരിക്കാനോ ഇഷ്ടാനിഷ്ടങ്ങൾ പങ്കുവെക്കാനോ അവസരം ഉണ്ടായിരുന്നില്ല.

### 3.1.4.1.4. നിലാവ്

*നിലാവെ*ന്ന നോവലിൽ നെച്ചു എന്ന നസീമ വളരെ ചെറുപ്പത്തിലേ വിവാഹിതയാവുകയാണ്. അവളുടെ ഇഷ്ടാനിഷ്ടങ്ങൾക്കു കുടുംബം വിലക ല്പിക്കുന്നില്ല. വിവാഹം കഴിക്കാൻ പോവുന്ന പുരുഷനെ കാണാനോ തന്റെ ഇഷ്ടാനിഷ്ടങ്ങൾ തുറന്നുപറയാനോ അവൾക്കു സ്വാതന്ത്ര്യമില്ല. എന്നാൽ അവളുടെ വീട്ടിൽത്തന്നെ പുരോഗമനപരമായി ചിന്തിക്കുന്നവരും ഉണ്ട്. ഇത്രനേരത്തെ വിവാഹം കഴിപ്പിച്ചയക്കുന്നതിനോടു വല്ലിക്ക പ്രതികരിക്കു ന്നുണ്ട്. തന്റെ അഭിപ്രായത്തിൽ അവളെ കല്യാണം കഴിപ്പിച്ചയയ്ക്കാൻ ആയിട്ടി ല്ലെന്നും കാലം മാറിയത് ഉമ്മയും ഉപ്പയും മനസ്സിലാക്കേണ്ടതാണെന്നും സഹോദരങ്ങൾ പറയുമ്പോഴും പഴയതലമുറയിൽപ്പെട്ടവർ പഴയ രീതികൾ പിൻതുടർന്നുപോവാൻ ശഠിക്കുകയാണെന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കുന്നു. ആണുങ്ങൾ ചേർന്നിരുന്നു പെണ്ണിന്റെ വീട്ടിൽവച്ചു വിവാഹ നിശ്ചയചടങ്ങു നടത്തുന്നതായും നോവലിൽ സൂചിപ്പിക്കുന്നുണ്ട് (2007:62). വിവാഹദിനത്തിൽ 'സത്യക്കൊട' ചൂടിക്കൊണ്ടു പുതിയാപ്ലയെ വരവേൽക്കുന്ന തായി നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. കുടുംബത്തിലെ മുതിർന്ന കാര ണവത്തിയായ വല്ലിമ്മയുടെ നിർബന്ധവും നിർദ്ദേശവും പ്രകാരമാണു തട്ടിൻമുകളിൽ നിന്നും സത്യക്കൊട പൊടിതട്ടിയെടുക്കുന്നത്. കൂടാതെ പുതുപ്പെണ്ണിനെ അണിയിച്ചൊരുക്കുന്നതിനായി ബന്ധുമിത്രാദിക ളോടു സമ്മതം ചോദിക്കുകയും അവരൊക്കെ പുതുപ്പെണ്ണിന്റെ നെറുകയിൽ കൈവച്ച് അനുഗ്രഹിക്കയും ഒരുക്കാൻ സമ്മതം നൽകുകയും ചെയ്യുന്ന ചടങ്ങും നോവലിൽ പരാമർശിച്ചുകാണുന്നു.

*നിലാവി*ൽ പുതിയാപ്ലയ്ക്കു സ്ത്രീധനത്തോടു താൽപര്യമില്ലെങ്കിലും കാരണവർമാർക്കു നാട്ടുനടപ്പനുസരിച്ചു കിട്ടാനുള്ളതുകിട്ടണം എന്നാണു കരുതുന്നത്. വിവാഹമുറപ്പിക്കാനായി പെൺവീട്ടിലെത്തിയവർ കാരണവരുടെ

ചെവിയിൽ സ്വകാര്യംപറയുന്നതായി കാണാം. പുതിയതലമുറ സ്ത്രീധനത്തെ എതിർത്തുപറയുമെങ്കിലും കുടുംബത്തിന്റെ നിലയ്ക്കും വിലയ്ക്കുമനുസരിച്ച് എല്ലാ കാര്യങ്ങളും നടന്നോട്ടെ എന്നും നാട്ടുനടപ്പുപ്രകാരം കിട്ടേണ്ടതുകിട്ടണ മെന്നും അവർ ആവശ്യപ്പെടുന്നുണ്ട്. കൂടാതെ വിവാഹത്തിന് ഒപ്പനയും കോൽക്കളിയും മൈലാഞ്ചികല്യാണവും വേണമെന്നു വല്യുമ്മ നിർബന്ധം പിടിക്കുന്നുണ്ട്. നാട്ടുനടപ്പുപ്രകാരം ഏഴുദിവസം ഇല്ലെങ്കിലും നെച്ചിയുടെ വിവാഹം രണ്ടു ദിവസമായി ആർഭാടത്തിൽ നടത്തണമെന്ന് ആഗ്രഹിക്കുന്നുണ്ട്.

#### 3.1.4.1.5 ആകാശഭൂമികളുടെ താക്കോൽ

ധനികനും നാട്ടുപ്രമാണിയും വിവാഹിതനും നാല്പതുകാരനുമായ ഹുസൈൻഹാജി സ്കൂൾവിട്ടുവരുന്ന വഴിക്കുവെച്ചു കണ്ട നൂറു എന്നു വിളി ക്കുന്ന നൂർജഹാനെ വിവാഹം കഴിക്കുന്നതും തുടർന്നുള്ള സംഭവവികാസങ്ങ ളുമാണ് *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിലുള്ളത്. ചെറുപ്പം വിട്ടു മാറാത്ത അവൾ കളിചിരിയുമായി കഴിയുന്നതിനിടയിൽ പെട്ടെന്നു തന്റെ ഉപ്പ യുടെ പ്രായമുള്ള ഒരാളുടെ ഭാര്യയാവേണ്ടിവരികയാണ്. തമ്മിൽ കാണുകയോ അവളുടെ ഇഷ്ടാനിഷ്ടങ്ങൾ അന്വേഷിക്കുകയോ ചെയ്യാൻ അവരാരും മുതിരു ന്നില്ല. ഇവർ തമ്മിലുള്ള നിക്കാഹു നടക്കുന്നതു ഹുസൈൻഹാജിയുടെ ഏതോ ഗസ്റ്റ്ഹൗസിൽ വിളിച്ചുവരുത്തിയാണ്. ഖാസികളും സാക്ഷികളും അവിടെ ഹാജരുണ്ട് അയാൾക്കൊപ്പം.

'എന്റെ മകൾ നൂർജഹാൻ എന്നവളെ അഞ്ചുപവൻ മെഹറിനു പകര മായി നിങ്ങൾക്കു ഞാൻ ഇണയാക്കിത്തന്നു. നിക്കാഹു ചെയ്തുതന്നു. നിങ്ങ ളുടെ മകൾ നൂർജഹാൻ എന്നവളെ അഞ്ചുപവൻ മെഹറിനു പകരമായി നിങ്ങൾ എനിക്ക് ഇണയാക്കിത്തന്നതു നിക്കാഹു ചെയ്തുതന്നതു ഞാൻ കബൂ ലാക്കി പൊരുത്തപ്പെട്ടു സ്വീകരിച്ചിരിക്കുന്നു' എന്നു രണ്ടുപേരും ചെക്കനും

പെണ്ണിന്റെ ഉപ്പയും സാക്ഷികൾ കേൾക്കേ വാക്കാൽ കരാർ ചെയ്തതോടെ നൂറു ഹുസൈൻഹാജിയുടെ ഭാര്യയായി.

സ്ത്രീധനം നൽകാൻ കഴിവില്ലാത്തതിനാലാണു നൂറുവിന്റെ ഉപ്പ മകളെ നാൽപത്തിയഞ്ചു വയസ്സു പ്രായമുള്ള ഹുസൈൻഹാജിയെക്കൊണ്ടു വിവാഹം കഴിപ്പിക്കുന്നത്. അയാളുടെ മൂന്നാം ഭാര്യയായ റംലത്തിനെ വിവാഹംകഴിക്കു ന്നതും അയാളുടെ ഏതോ ഒരു ബംഗ്ലാവിൽവെച്ചാണ്. ഖാളിയും രണ്ടുസാക്ഷി കളും പെണ്ണിന്റെ ഉപ്പയും ചെക്കനും മഹറും ഉണ്ടായാൽ മുസ്ലിംനിയമപ്രകാരം വിവാഹം കഴിക്കാം.

**3.1.4.1.6 നിഴൽ**

വിവാഹത്തിന്റെമുന്നോടിയായിട്ടുള്ള പെണ്ണുകാണൽച്ചടങ്ങിനെക്കുറിച്ചു നോവലിൽ പരാമർശിക്കുന്നുണ്ട്. കഥാപാത്രങ്ങളായ ഷാഹുൽ, നദീറ എന്നിവ രുടെ വിവാഹാലോചനയുമായി ബന്ധപ്പെട്ടാണത്. പെണ്ണിനെ പെണ്ണിന്റെ വീട്ടിൽ പോയി കാണുകയാണ്. മാലയിട്ട് ഉറപ്പിക്കട്ടെ എന്നു സഹോദരി ചോദി ക്കുമ്പോൾ, പെണ്ണിനോട് ഒറ്റയ്ക്കു സംസാരിക്കണമെന്നും അവളുടെ ഇഷ്ട മറിയണമെന്നും ഷാഹുൽ ആവശ്യപ്പെടുന്നുണ്ട്. നദീറയുടെ വീട്ടുകാരും അതിനു സമ്മതം നൽകുന്നുണ്ട്. രണ്ടുപേരും സംസാരിച്ചു സമ്മതത്തോടെ യാണു വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നത്.

എന്നാൽ ഇതേ നോവലിലെ മറ്റു കഥാപാത്രങ്ങളായ റംലയും-മജീദും തമ്മിൽ കാണുന്നുണ്ട്. റംലത്തിനു മജീദിനെ ഇഷ്ടപ്പെടുന്നില്ല. എന്നാൽ പെണ്ണിന്റെ ഇഷ്ടം തറവാട്ടിൽ ആരും ചോദിക്കാറില്ലെന്നു പറഞ്ഞ് അവളെ മജീ ദിനെക്കൊണ്ടു വിവാഹം കഴിപ്പിക്കുകയാണു ചെയ്യുന്നത്. അതു പോലെ പുതുപ്പെണ്ണു ഭർത്താവിന്റെവീട്ടിലേക്കു കടന്നുവരുമ്പോൾ പെണ്ണിനെ മുറ്റത്തുനിർത്തി ആരതി ഉഴിയുന്ന ചടങ്ങിനെക്കുറിച്ചു *നിഴലിൽ* സൂചിപ്പിക്കുന്നുണ്ട്.

റാബിയയുടെയും അസൈനാരുകുഞ്ഞിന്റെയും ഏകമകൾ മുംതാസിന്റെ വിവാഹത്തിന് ഇരുപത്തയ്യായിരം രൂപയും ഇരുപത്തഞ്ചു സെന്റു സ്ഥലവും അൻപതുപവന്റെ ആഭരണങ്ങളും ഭർത്താവിന്റെ വീട്ടുകാർ ചോദിച്ചു വാങ്ങുന്ന തായി നോവലിൽ കാണാം. മകളുടെ വിവാഹത്തിനായി നേരത്തെ പണം സ്വരുക്കൂട്ടിയ കാര്യങ്ങൾ വിവരിക്കുന്നുണ്ട്. ആഭരണങ്ങൾ വാങ്ങാൻ റാബിയ മുടങ്ങാതെ ചിട്ടിയിൽ കൂടും. ചിട്ടിപിടിക്കുന്നതോടെ ബാപ്പയെക്കൊണ്ടു പവൻ വാങ്ങിപ്പിക്കുന്നതും കാശിമാല, പാദസരം, നെറ്റിക്കുറി എന്നിവ പണികഴിപ്പിക്കു ന്നതും കാണാം. വിവാഹത്തിനു വളരെ മുമ്പു തന്നെ അവർ ഒരുക്കങ്ങൾ തുട ങ്ങുന്നുണ്ട് എന്നർത്ഥം. പെണ്ണിന്റെ വീട്ടുകാരിൽനിന്നും സ്ത്രീധനം വാങ്ങി അഞ്ചുപവന്റെ താലിയും വിലകൂടിയ സാരിയും മുംതാസിനു ഭർത്താവു നൽകുന്നു.

### 3.1.4.1.7 പ്രകാശത്തിനുമേൽ പ്രകാശം

*പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലേക്കെത്തുമ്പോൾ മറ്റു നോവലുകളിൽ നിന്നും വ്യത്യസ്തമായി സ്ത്രീയും പുരുഷനും വിവാഹ കാര്യത്തിൽ അഭിപ്രായം പറയാനും അതിൽ ഉറച്ചു നിൽക്കാനും സാധിക്കുന്നു ണ്ട്. സാബിറയും ഹബീബും ഇന്റർനെറ്റിലൂടെയാണു വിവാഹാലോചനയുമായി മുന്നോട്ടുപോവുന്നത്. അവർ പരസ്പരം ഇഷ്ടപ്പെടുകയും വിവാഹജീവിതത്തി ലേക്കു പ്രവേശിക്കുകയും ചെയ്യുന്നു. എന്നാൽ ഹബീബിന്റെ ഉമ്മാക്ക് അത് അംഗീകരിക്കാൻ കഴിയുന്നില്ല. തലമുറകൾ തമ്മിലുള്ള വ്യത്യാസം നമുക്ക് ഇവിടെ പ്രകടമായി കാണാം. മാത്രമല്ല പെൺകുട്ടി തന്റെ അഭിപ്രായങ്ങൾ തുറന്നുപറയുന്നതുപോലും തന്നിഷ്ടമാണെന്നും വിനയമില്ലായ്മയാണെന്നും അവർ വിശ്വസിക്കുന്നു. പതിനേഴിൽ കൂടുതൽ പ്രായമായാൽ പെണ്ണിന്റെ വിവാഹപ്രായം ഏറെയായി എന്നാണ് അവർ വിശ്വസിക്കുന്നത്. എന്നാൽ നോവലിലെ സ്ത്രീകൾ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുന്നുണ്ട്.

റസീന എന്ന കഥാപാത്രം അവരുടെ പെണ്ണുകാണൽച്ചടങ്ങിനെക്കുറിച്ചു ചിന്തിക്കുന്നുണ്ട്. ഭർത്താവായ റസാഖ് അവരെ കാണുന്നതു കടപ്പുറത്തു വെച്ചാണ്. പെണ്ണുകാണലിന് അവരുടെ കാലത്തുപ്രാധാന്യം ഇല്ലായിരുന്നു. വീട്ടുകാർ നിശ്ചയിക്കുന്ന വിവാഹത്തിനു സമ്മതം മൂളുക മാത്രമായിരുന്നു അവരുടെ ധർമ്മം. ആ ധർമ്മം തെറ്റിക്കുന്ന ആണിനെയും പെണ്ണിനെയും കുരുത്തം കെട്ടവരായിട്ടാണു കുടുംബവും സമുദായവും സമൂഹവും കണ്ടിരുന്ന തെന്നു നോവലിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ തന്റെതന്നെ മകൾ റൈന അവളെ പെണ്ണുകാണാൻ വരുന്ന ചെറുക്കന്മാരെ പുളുന്തൂസ്സൻ, മണങ്ങോടൻ എന്നൊക്കെ പറഞ്ഞ് ആലോചനകൾ വേണ്ടെന്നുവെക്കുമ്പോൾ സന്തോഷ ത്തോടൊപ്പം അസൂയയും തോന്നിയതായി റസീന ചിന്തിക്കുന്നുണ്ട്. തലമുറകൾ തമ്മിലുള്ള മാറ്റങ്ങൾ കാണാം. കൂടാതെ രണ്ടു ദേശത്തുള്ളവർ, രണ്ടു ഭാഷക്കാർ തമ്മിൽ സ്നേഹിക്കുന്നതും വിവാഹം കഴിക്കുന്നതുമായ സൂചനയുണ്ട്. കൂടാതെ മിശ്രവിവാഹത്തെക്കുറിച്ചു പരാമർശമുണ്ട്. ഭാഷയിലും വേഷത്തിലും ഭംഗിയിലുമല്ല പരസ്പരവിശ്വാസത്തിലും മനപ്പൊരുത്തത്തിലു മാണു വിവാഹജീവിതത്തിന്റെ വിജയമെന്ന വലിയപാഠം നോവലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിവാഹാലോചനയുടെ തുടക്കത്തിൽ സ്ത്രീധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരത്തിൽ വരുന്നില്ലെങ്കിലും കാര്യത്തോടടുക്കുമ്പോൾ തന്റെ മകൾക്ക് ഇത്ര കൊടുത്താണു താൻ വിവാഹം കഴിപ്പിച്ചതെന്നും അതിനാൽ അതിൽക്കുറയാത്ത സ്വർണ്ണവും പണവും ആവശ്യപ്പെടുകയും ചെയ്യുമ്പോൾ സാബിറയ്ക്ക് അത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ചന്തയിൽ ആടിനും മാടിനും വില പറയുന്നതുപോലെ പെണ്ണിനു വിലപറയുമ്പോൾ അവൾക്കു വല്ലാത്ത അസ്വസ്ഥതയാണ് ഉണ്ടാവുന്നത്. തന്റെ ഭർത്താവാകാൻ പോവുന്ന ഹബീബിനെ വിളിച്ച് അവൾ അക്കാര്യം അറിയിക്കുകയും ചെയ്യുന്നുണ്ട്.

മുസ്ലിംവിവാഹത്തിന്റെ പ്രധാനപ്പെട്ട ചടങ്ങാണു നിക്കാഹ്. നോവലിൽ നിക്കാഹിനു പ്രാധാന്യം നൽകുന്നുണ്ട്. നിക്കാഹിന്റെ ചടങ്ങുകൾക്ക് ഇതര നോവലുകളിൽനിന്നും മാറ്റം പ്രകടമായി കാണാം. വിവാഹിതരാവാൻ പോകുന്ന പെണ്ണിനും തന്റെ നിക്കാഹിൽ പങ്കുചേരാനുള്ള അവസരമുണ്ട്. കോഴിക്കോടുള്ള ഷംസുദ്ദീൻ, സൈനബ ദമ്പതികളുടെ മകൻ ഷിഹാബും ഹൈദരാബാദിലെ ഹാജി ഈസയുടെയും നിലോഫറിന്റെയും മകൾ റുക്സാനയും തമ്മിലുള്ള വിവാഹമാണ് ഇവിടെ നടക്കാൻ പോകുന്നതെന്നും നിങ്ങളെല്ലാം അവർക്കു നന്മനേരണമെന്നും ഷിഹാബിനെ വിവാഹം കഴിക്കാൻ നിനക്കു സമ്മതമാണോ റുക്സാനാ എന്നു മൗലവിയും ഒപ്പം പെണ്ണിന്റെ ഉപ്പയും പുതുപ്പെണ്ണിനോടു സമ്മതം ചോദിക്കുന്നതും കാണാം. പെണ്ണിന്റെ സമ്മതം കേട്ടതിനുശേഷമാണു നിക്കാഹു നടക്കുന്നത്. ഇവിടെ സ്ത്രീക്കും പുരുഷനും തന്റെ നിക്കാഹിൽ സമ്മതമറിയിക്കാനും ആദ്യാവസാനം വരെ ചടങ്ങുകളിൽ പങ്കെടുക്കാനുമുള്ള അവസരമുണ്ട്.

സത്യക്രിസ്ത്യാനിയായ സാറാമ്മയെ മതംമാറ്റി മലപ്പുറത്തുകാരനായ മജീദ് ഇസ്ലാമികനിയമപ്രകാരം വിവാഹം കഴിക്കുന്നതും നോവലിൽ പരാമർശിച്ചിട്ടുണ്ട്. അതുപോലെ റോഷ്നയും റഫീഖും ഫെയ്സ്ബുക്കിലൂടെ പരിചയപ്പെട്ടു ജീവിതത്തിലേക്കു കടക്കുന്നതിനോടു റഫീഖിന്റെ വീട്ടുകാർക്ക് അതൃപ്തി ഉള്ളതായി കാണുന്നുണ്ട്. അവർക്ക് അംഗീകരിക്കാൻ പ്രയാസമുണ്ടെങ്കിലും അങ്ങനെ സംഭവിക്കുന്നുണ്ട്. അതു കാലത്തിന്റെ മാറ്റമാണ്.

#### 3.1.4.2 ചെറുകഥകളിൽ

##### 3.1.4.2.1 വത്തക്ക

സ്ത്രീധനം നൽകാനില്ലാത്തതിന്റെ പേരിൽ വീട്ടിലിരിക്കുന്ന പെൺകുട്ടികളുടെയും അവരുടെ ഉമ്മമാരുടെയും സങ്കടം *വത്തക്ക* എന്ന ചെറുകഥയിൽ കാണാം. മക്കൾക്കു നല്ല ആലോചന കൊണ്ടുവരാൻ സഹോദരങ്ങളോട്

അപേക്ഷിക്കുമ്പോൾ അവർ പ്രതികരിക്കുന്നത് ഇപ്രകാരമാണു 'പിയാപ്ലോരു ണ്ട്. ഇന്റേല് പൊന്നും ശിരിതനോം റെഡിക്കുണ്ടോ' എന്നാണ്. സ്വർണ്ണവും പണവും കൊടുക്കാൻ കഴിയുമെങ്കിൽ മാത്രമേ പെൺകുട്ടികൾക്കു വിവാഹാലോചനകൾ നടക്കുകപോലും ചെയ്യുകയുള്ളൂ എന്നു *വത്തക്ക* എന്ന ചെറുകഥയിൽ പരാമർശിച്ചുകാണുന്നുണ്ട് (2014: 78).

**3.1.4.2.2 കളിത്തത്ത**

*കളിത്തത്ത*യിലെ കുഞ്ഞലീമയെ കുഞ്ഞാലി വിവാഹം കഴിക്കുന്നത് കുഞ്ഞലീമ പശുവിനെതീറ്റുന്ന സ്ഥലത്തുവെച്ച് അവിചാരിതമായി കണ്ടുമുട്ടിയ തിനുശേഷമാണ്. എന്നാൽ കുഞ്ഞലീമ കല്യാണത്തിനുമുമ്പു കുഞ്ഞാലിയെ കാണുകയോ സംസാരിക്കുകയോ ചെയ്യുന്നില്ല. അവളുടെ ഉപ്പയും അയാളും തമ്മിൽ ഉറപ്പിച്ചു വിവാഹം നടത്തുകയായിരുന്നു (2014: 20).

**3.1.4.2.3 ആകാശഭൂമികളുടെ താക്കോൽ**

ഭർത്താവിന്റെ അവിഹിതബന്ധം കണ്ടറിഞ്ഞു രോഗിയായിത്തീരുന്ന കുഞ്ഞായിശു. ഭർത്താവിനു മാത്രമാണ് ആ കാര്യം അറിയുന്നത്. എന്നിട്ടും അയാൾ ഭാര്യക്കുവേണ്ടി നിലകൊള്ളാതെ യഥേഷ്ടം മറ്റൊരു വിവാഹം കഴി ക്കുന്നതായി കഥയിൽ കാണാം(2014:50).

**3.1.4.2.4 കെട്ട്യോൻ**

സ്ത്രീധനമായിലഭിച്ച വീടും പുരയിടവും ഭർത്താവിന്റെ പേരിലേക്കു മാറ്റിയെഴുതി കൊടുക്കാത്തതിനാൽ രണ്ടാമതും വിവാഹംകഴിച്ചു വീട്ടിലേക്കു കയറിവരുന്ന കെട്ട്യോനെ, *കെട്ട്യോൻ* എന്ന ചെറുകഥയിൽ കാണാം. ആദ്യ ഭാര്യയുടെ സമ്മതമോ ഇഷ്ടമോ കൂടാതെയാണ് അയാൾ വീണ്ടും വിവാഹം കഴിക്കുന്നത്.(2014:85)

#### 3.1.4.2.5 ഹാജ്യാരുടെ ഭാര്യ

ഭർത്താവിൽനിന്നും വേണ്ടത്ര സ്നേഹമോ പരിഗണനയോ ലഭിക്കാതെ വരുമ്പോൾ രോഗിയായിത്തീരുന്ന ഭാര്യയെയും ഭാര്യയുടെ അറിവോ സമ്മതമോ ഇല്ലാതെ മരുമകളേക്കാൾ പ്രായം കുറഞ്ഞ ഒരു സ്ത്രീയെ തന്റെ ഇഷ്ടാനുസരണം വിവാഹംകഴിക്കുന്ന ഭർത്താവു ഹാജ്യാരെയും കഥയിൽ കാണാം(2014:157).

#### 3.1.4.2.6 അറബിപ്പുതിയാപ്ല

ദാരിദ്ര്യവും കുടുംബപ്രയാസവും കാരണം സാബിറ എന്ന പെൺകുട്ടിക്ക് ഊരും പേരുമറിയാത്ത ധനികനായ അറബിയെ വിവാഹം കഴിക്കേണ്ടിവരികയും ദുരന്തത്തിലായിത്തീരുകയും ചെയ്യുന്ന കഥയാണ് *അറബിപ്പുതിയാപ്ല.* കുടുംബത്തിന്റെ പട്ടിണിയും ദുരിതവും മാറ്റുന്നതിനുവേണ്ടി മാത്രമാണ് ഇവിടെ സാബിറയുടെയും അറബിയുടെയും വിവാഹം നടക്കുന്നത്. എന്നാൽ ആദ്യരാത്രിതന്നെ വയസ്സനായ അറബി മരണത്തിനു കീഴടങ്ങുകയാണ് (2014: 48).

### 3.1.4.3 അനുഭവക്കുറിപ്പുകളിൽ

#### 3.1.4.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

എഴുത്തുകാരിയുടെ മൂത്തഇത്താത്തയുടെ വിവാഹം നാൽപതു ദിവസത്തെ അടിയന്തരമായി നടത്തിയതായി കാണുന്നു. അതിന് അമ്പത് ആടിനെ ഓശാരം കിട്ടിയതും നെയ്യും ജീരകശാല അരിയും വാഴക്കുലകളും ധാരാളമായി ലഭിച്ചതിനെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട് (2014:29). പഠിച്ചു വലിയ ആളായി വക്കീലാവണമെന്ന് എഴുത്തുകാരി പറയുമ്പോൾ പെണ്ണുങ്ങളു പഠിച്ചു പണികിട്ടിയാലല്ല വലിയ ആളാവുന്നതെന്നും നല്ല മാലും മുതലും മൊഞ്ചും സീനത്തുമുള്ള പിയ്യാപ്ളനെ കിട്ടുമ്പോഴാണു വലിയ

ആളാവുക എന്നും ഉമ്മ പറയുന്നതായി കാണുന്നുണ്ട് (പു.32). തന്റെ താത്തയ്ക്കും ഭർത്താവിനുമായി തിക്കോടിയിലെ മാപ്പിളസ്ക്കൂൾ സ്ത്രീധന മായി കൊടുത്തകഥയും എഴുത്തുകാരി സ്മരിക്കുന്നുണ്ട് (പു.33). എഴുത്തുകാ രിയുടെ സഹോദരന്റെ കല്യാണത്തിനു റിക്കോർഡു പ്ലയറും ഒരുകെട്ടു റെക്കോർഡുകളും കൊണ്ടുവന്നു പ്രവർത്തിപ്പിച്ചിരുന്നതായും പരാമർശിക്കു ന്നുണ്ട് (പു.91).

അദ്ധ്യാപികയും തുന്നൽക്കാരിയുമായ മറിയടീച്ചർ വിവാഹംകഴിക്കാതെ സ്വന്തമായി അധ്വാനിച്ചു ജീവിക്കുന്നുണ്ടെന്നും കുടുംബം പോറ്റുന്നുണ്ടെന്നും സൂറ പറയുമ്പോൾ ഉമ്മയുടെ മറുപടി, ''തലതിരിഞ്ഞ വർത്തമാനമല്ലാതെ നിന്റെ വായിന്നു വരൂലാ-മൂധേവീ. എന്തറിഞ്ഞിട്ടാ നീയിങ്ങനെ ഓരോന്നു പറ യുന്നത്. പെണ്ണുങ്ങളെ അള്ള പടച്ചത് ആണിനൊതുങ്ങി ജീവിക്കാനാ. മംഗലം കയിക്കാണ്ട് എങ്ങനാണെ ഇദ്ദുനിയാവിലു കയിഞ്ഞു കൂടുന്നത്?'' എന്നാണ്. വിവാഹം ഒരു അവിഭാജ്യഘടകമാണ് എന്നാണ് ഉമ്മ അവളെ ഓർമ്മിപ്പിക്കുന്നത് (പു.149).

### 3.1.4.4 ലേഖനസമാഹാരത്തിൽ

#### 3.1.4.4.1 ആരോടു ചൊല്ലേണ്ടു നാം

##### 3.1.4.4.1.1 വൻദോഷങ്ങൾ വർജ്ജിക്കുക

സ്ത്രീധനം നിയമവിരുദ്ധമാണെങ്കിലും ഇന്നും സ്ത്രീധനം ആവശ്യപ്പെ ടുന്നവരുണ്ട്. ബോളിവുഡ് സിനിമയുടെ രീതിയിലേക്കു മുസ്ലിംവിവാഹങ്ങൾ മാറിയിട്ടുണ്ട്. വരൻ വധൂഗൃഹത്തിലേക്ക് ഒട്ടകപ്പുറത്തും കുതിരപ്പുറത്തുമൊക്കെ എത്തുന്നതിനെക്കുറിച്ചും ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. ലക്ഷങ്ങൾ മുടക്കി വിവാഹവസ്ത്രവും ഭക്ഷണസാധനങ്ങളും അലങ്കാരവസ്തുക്കളും വിവാഹവേദിയും ഒരുക്കുന്നതിനു എഴുത്തുകാരി വിമർശിക്കുന്നുണ്ട് (2013:49 -50).

### 3.1.4.4.1.2 കോരനു കഞ്ഞി കുമ്പിളിലുമില്ല

ഗൾഫുകാരുടെ വരവിനെ ആശ്രയിച്ചാണു കേരളത്തിൽ പല കുടുംബങ്ങളും പെണ്ണുകാണൽ, വിവാഹം, സൽക്കാരം തുടങ്ങിയവ നിശ്ചയിക്കുന്നത്. സാമ്പത്തികശേഷി അനുസരിച്ചു ഹോട്ടലുകളിലും വിവാഹമണ്ഡപങ്ങളിലുമാണു വിവാഹം നടത്തുന്നത്. വീടുകളിൽ വെച്ചു നടത്തുന്ന പതിവു താരതമ്യേന കുറഞ്ഞിരിക്കുന്നുവെന്നും പരാമർശിച്ചുകാണുന്നുണ്ട്.

### 3.1.4.4.1.3 മലബാറിലെ വിവാഹം മരണം

അവരവരുടെ പ്രൗഢി കാണിക്കുന്നതിനുള്ള വേദിയായി വിവാഹം മാറിയതിനെക്കുറിച്ചും ഹിന്ദി സിനിമാസീരിയലുകളുടെ സ്വാധീനം വിവാഹചടങ്ങുകളിൽ കാണാൻ കഴിയുന്നതിനെക്കുറിച്ചും ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. സൽക്കാരപ്രിയരായ വടക്കേമലബാറുകാർക്കു വിവാഹം അന്നും ഇന്നും ആഘോഷമാണ്. പഴയകാലത്തു ദിവസങ്ങളോളം നീണ്ടുനിന്ന വിവാഹചടങ്ങുകൾ ഇന്നു മൂന്നു ദിവസമായി ചുരുങ്ങിയെങ്കിലും വർണ്ണപ്പകിട്ടിനു മങ്ങലേറ്റിട്ടില്ലെന്ന സൂചന ലേഖനത്തിലുണ്ട്. ആദ്യകാലത്തു നിക്കാഹ് രാത്രിയായിരുന്നു നടന്നിരുന്നത് എന്ന സൂചനയുണ്ട്. റാന്തലും ദഫ്മുട്ടും പടക്കംപൊട്ടിക്കലുമൊക്കെയായി ആഘോഷത്തോടെയായിരിക്കും പുതിയാപ്ലവരവ്. ''എന്റെ മകളെ ഇത്ര പവൻ മെഹറിനു നിനക്കു ഹലാലായ ഇണയാക്കിത്തന്നിരിക്കുന്നു.'' എന്ന് ബാപ്പയും ''നിങ്ങൾ എനിക്ക് ഇണയാക്കിത്തന്ന നിങ്ങളുടെ മകളെ ഞാൻ പൂർണ്ണമനസ്സോടെ സ്വീകരിച്ചിരിക്കുന്നു'' എന്നു വരനും പറയുന്നതോടെ വിവാഹം പൂർണമാവുന്നു. മഹല്ലിലെ മുഖ്യ പുരോഹിതനാണു നിക്കാഹിനുള്ള വാചകങ്ങൾ ചൊല്ലിക്കൊടുക്കുന്നത് എന്നും ലേഖനത്തിൽ പറയുന്നുണ്ട് (പു.107).

### 3.1.5 ബഹുഭാര്യത്വം

#### 3.1.5.1 നോവലുകളിൽ

##### 3.1.5.1.1 ഇരുട്ട്

ആമിന എന്ന ഭാര്യയെ മൊഴിചൊല്ലാതെ ജമാൽ മറ്റൊരു വിവാഹം കഴിക്കാൻ തയ്യാറെടുക്കുന്നതായി നോവലിൽ സൂചനയുണ്ട് (1990:89).

##### 3.1.5.1.2 മൊഴി

ഫാത്തിമയും അബ്ദുള്ളയും വിവാഹമോചനം നേടിയതിനുശേഷം ഫാത്തിമ ഷറഫിനെയും വിവാഹം ചെയ്യുന്നു. അബ്ദുള്ള മറ്റൊരു വിവാഹവും കഴിക്കുന്നു. അതുപോലെ ഫാത്തിമയെ മൊഴിചൊല്ലി ഷറഫ് ഷക്കീല എന്ന സ്ത്രീയെ വിവാഹം കഴിക്കുന്നതും നോവലിൽ പരാമർശമുണ്ട്. ഇവ വിവാഹ മോചന ശേഷമാണു നടക്കുന്നത്. ഭാര്യമാർ നിലനിൽക്കേ മറ്റൊരു വിവാഹം കഴിക്കുന്നതായി നോവലിൽ പരാമർശമില്ല.

##### 3.1.5.1.3 നിലാവ്

മാളികവീട്ടിലെ ജോലിക്കാരനായ അവുള്ളാക്ക എന്ന കഥാപാത്രം നിലവിൽ ഭാര്യ ഉണ്ടായിരിക്കെ കൂടെ ജോലിചെയ്യുന്ന കദീശുവുമായി ഇഷ്ട ത്തിലാവുകയും ആദ്യഭാര്യ അറിയാതെ അവരെ വിവാഹംകഴിക്കുകയും ചെയ്യുന്നതായി നോവലിൽ പരാമർശിക്കുന്നുണ്ട് (2007:57).

##### 3.1.5.1.4 ആകാശഭൂമികളുടെ താക്കോൽ

ബഹുഭാര്യത്വത്തിന്റെ യാതനകൾപേറുന്ന ഒരുപറ്റം സ്ത്രീകഥാപാത്ര ങ്ങളെ ഈ നോവലിൽ കാണാം. ഹുസൈൻഹാജിയുടെ ഒന്നാം ഭാര്യയാണ് ഐഷ. അവരുടെ ഇഷ്ടമോ സമ്മതമോ ഇല്ലാതെയാണു പതിനാറു വയസ്സു മാത്രം പ്രായമുള്ള നൂർജഹാനെ വിവാഹംകഴിക്കുന്നത്. അവർക്കു സുഖമില്ലാ താവുന്നതോടെ റംലത്ത് എന്ന സ്ത്രീയെ വിവാഹം കഴിക്കുന്നുണ്ട്. ഇത്തര

ത്തിൽ ഒരാൾതന്നെ മൂന്നു വിവാഹംകഴിക്കുന്ന അവസ്ഥ നോവലിൽ പരാമർശി ച്ചുകാണുന്നുണ്ട്. അതിനു കാരണമായി അയാൾ പറയുന്നതു പടച്ചോനു നിരക്കാത്തതായി താൻ ഒന്നും ചെയ്തിട്ടില്ലെന്നും ഒന്നിൽ കൂടുതൽ പെണ്ണുകെ ട്ടുന്നതു തെറ്റാണെന്ന് ഒരു കിത്താബിലും പറഞ്ഞിട്ടില്ല എന്നുമാണ് (2008:163). രണ്ടു കുട്ടികളാവുമ്പോഴേക്കു ഭർത്താവു വേറെ പെണ്ണു കെട്ടുന്നതിനെക്കുറിച്ചു നോവലിൽ പരാമർശമുണ്ട് (പു.232). മൊഴിചൊല്ലിയും ചെയ്യാതെയും ഭർത്താ ക്കന്മാർ രണ്ടാം വിവാഹം കഴിക്കുന്നതിനെക്കുറിച്ചും സൂചനയുണ്ട്. സാഹിറ എന്ന സ്ത്രീയുടെ ദുരിതവും നോവലിൽ സൂചിപ്പിക്കുന്നുണ്ട് (പു.254). ഭർത്താവിന്റെ രണ്ടാം വിവാഹം നടക്കരുത് എന്ന ആവശ്യവുമായാണ് ആ പെൺകുട്ടി നൂർജഹാനെ സമീപിക്കുന്നത്. അതുപോലെ ചോനക്കാപ്പറമ്പു വീട്ടിലെ ജോലിക്കാരിയായ റുഖിയ്യ എന്ന സ്ത്രീയും ബഹുഭാര്യത്വത്തിന്റെ ഇര യാണ്. പക്ഷെ അവൾ അതോർത്തു തളരുന്നില്ല. ആണൊരുത്തനില്ലാതെ ഒറ്റയ്ക്കു ജീവിക്കാൻ പ്രാപ്തയാണ് ആ സ്ത്രീ. 'മാപ്പള രണ്ടാമതു കെട്ടീന്നു കേട്ടപ്പം ഇരുപത്തിനാലാമത്തെ വയസ്സില് അക്കുടി വിട്ട് എറങ്ങീതാ ഞാൻ. കൊല്ലം പത്തിരുപതായി. ഒരാളേം എടങ്ങാറാക്കാണ്ടെ ഞാൻ കയിഞ്ഞുകൂട ണില്ലേ? അയിനു കരളൊറപ്പുമേണം'(പു.137). എന്നായിരുന്നു റുഖിയ്യ യുടെ പക്ഷം. അതുപോലെ പണക്കാർക്ക് ഒന്നിൽക്കൂടുതൽ കല്യാണം കഴിക്കാം എന്നു കാര്യസ്ഥൻ ബീരാൻ പറയുമ്പോഴും അവർ എതിർക്കുന്നുണ്ട്. അങ്ങനെ ഒരു കിത്താബിലും പറഞ്ഞിട്ടില്ലെന്നും ഉള്ളോനും ഇല്ലാത്തോനും പോകുമ്പം മൂന്നുകണ്ടം തുണിമാത്രമെ കൊണ്ടുപോവൂ എന്നും. സ്ത്രീകളോട് അന്യായം കാണിച്ചാൽ താൻ പ്രതികരിക്കുമെന്നെല്ലാം റുഖിയ്യ പറയുന്നുണ്ട് (പു.137).

**3.1.5.1.5 നിഴൽ**

ബഹുഭാര്യത്വവുമായിബന്ധപ്പെട്ട കാര്യങ്ങൾ *നിഴലിൽ* സൂചിപ്പിക്കുന്നില്ല.

#### 3.1.5.1.6 പ്രകാശത്തിനുമേൽ പ്രകാശം

സാബിറയും ഹബീബും മൊഴിചൊല്ലാതെ വേർപെട്ടു കഴിയുന്നവരാണ്. എന്നാൽ വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ഹബീബ് വീണ്ടും വിവാഹിതനാവുന്നുണ്ട്. ഏറെ നാൾ നീണ്ടുനിൽക്കുന്നതിനു മുമ്പേ അയാൾക്കു രണ്ടാം ഭാര്യയെ മൊഴിചൊല്ലി ഒഴിവാക്കേണ്ടിയും വരുന്നു. ഒടുക്കം സാബിറയുമായി ത്തന്നെ ഒരുമിച്ചു ജീവിക്കാൻ തയ്യാറാവുന്നതായും കാണാം. മൊഴിചൊല്ലി ഒഴിവാക്കാത്തതിനാൽ ഏതു നിമിഷവും ഭാര്യാഭർത്താക്കന്മാരായി ജീവിക്കാൻ അവർക്കു സാധിക്കും (2012:261).

### 3.1.5.2 ചെറുകഥകളിൽ

#### 3.1.5.2.1 കളിത്തത്ത

കുഞ്ഞാലി ഭാര്യ കുഞ്ഞലീമയോടു തന്റെ മുതലാളിക്കു നാലുഭാര്യമാർ ഉണ്ടെന്ന കാര്യം പറയുന്ന ഭാഗം കഥയിൽ ഉണ്ട് (2014:20).

#### 3.1.5.2.2 ആകാശപ്പറവകൾ

വിവാഹംകഴിഞ്ഞ് ഏറെനാൾ കഴിഞ്ഞിട്ടും മക്കളില്ലാത്തതിനാൽ മൊഴി ചൊല്ലാതെ താൻ മറ്റൊരു വിവാഹം കഴിക്കട്ടേ എന്നു ഭാര്യയോടു സമ്മതം ചോദിക്കുകയും അവൾക്കവിടെ ഒന്നിനും ഒരു കുറവും വരുത്തില്ലെന്നു വാക്കു കൊടുക്കുകയും ചെയ്യുന്ന ഭർത്താവിനെ *ആകാശപ്പറവകൾ* എന്ന കഥയിൽ കാണാം (പു.135).

#### 3.1.5.2.3 ആകാശഭൂമികളുടെ താക്കോൽ

ഭർത്താവിന്റെ അവിഹിതബന്ധം നേരിൽക്കണ്ടു മാനസികരോഗിയായി ത്തീരുന്ന ഭാര്യയെ മൊഴിചൊല്ലാതെ ഭർത്താവു വീണ്ടും വിവാഹം കഴിക്കുന്ന

തായി കഥയിൽ പരാമർശിക്കുന്നുണ്ട്. ആദ്യഭാര്യക്കും മകനും ചിലവിനു കൊടുക്കുന്നതായും കഥയിൽ പറയുന്നുണ്ട് (പു.50).

#### 3.1.5.2.4 വത്തക്ക

കഥയിലെ മുഖ്യകഥാപാത്രമായ നസീമയുടെ ഇത്താത്തയാണു ബിച്ചുത്ത. ബിച്ചുത്തയുടെ ഭർത്താവു രണ്ടാമതും വിവാഹം കഴിച്ചിട്ടുണ്ട്. അതിനു കാരണം ഭർത്താവിന്റെ ഉപ്പയും അവളുടെ ഉപ്പയും തമ്മിലുള്ള പിണക്കമായിരുന്നു വെന്നു കഥയിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.78).

#### 3.1.5.2.5 കെട്ട്യോൻ

പാത്തുമ്മയ്ക്കു സ്ത്രീധനമായികിട്ടിയ വീടും പുരയിടവും ഭർത്താവിന്റെ പേരിൽ എഴുതിക്കൊടുക്കാത്ത കാരണത്താൽ മറ്റൊരു വിവാഹം കഴിച്ച് ആ സ്ത്രീയുമായി കുടുംബത്തിലേക്കു കയറിവരുന്ന കെട്ട്യോനെയാണു *കെട്ട്യോൻ* എന്ന കഥയിൽ കാണാൻ കഴിയുന്നത് (പു.85).

#### 3.1.5.2.6 നേർച്ചക്കോഴികൾ

സൈനബ മാമിയോടൊപ്പം തന്റെ ഭർത്താവിനെ അന്വേഷിച്ചിറങ്ങിയതായിരുന്നു. ഏറെ പ്രതീക്ഷയോടെയാണ് അവർ വണ്ടികയറുന്നത്. എന്നാൽ ഭർത്താവിനോടൊപ്പം മറ്റൊരു പെണ്ണിനെക്കൂടി കാണുന്നതോടെ അവൾ ആകെ തകർന്നുപോവുന്നുണ്ട്. 'നാടാകെ പെണ്ണുകെട്ടി നടക്കുന്ന എമ്പോക്കിയാണ് ഇവനെന്നു' മാമി വിളിച്ചുപറയുമ്പോൾ ആളുകൾ കൂട്ടംകൂടുന്നു. ഇത്തരം ആളുകൾ ധാരാളം ഉണ്ട് നാട്ടിലെന്ന് ആൾക്കൂട്ടത്തിനിടയിൽ ആരോ പറയുന്നുണ്ടായിരുന്നു (പു.99).

#### 3.1.5.2.7 ഹാജ്യാരുടെ ഭാര്യ

എല്ലാ സുഖങ്ങൾക്കിടയിലും മാനസികമായി ഒറ്റപ്പെട്ടുപോയ ആയിശുമ്മ ക്രമേണ രോഗിയായിത്തീരുകയാണ്. മൂന്നു ആൺമക്കളും ഭർത്താവും ഉണ്ടെങ്കിലും വേണ്ടത്ര പരിഗണനയോ സ്നേഹമോ ലഭിക്കുന്നില്ല അവർക്ക്. നിത്യരോഗിയായഭാര്യയെ സംരക്ഷിക്കാനോ ശുശ്രൂഷിക്കാനോ സ്നേഹിക്കാനോ ഭർത്താവിനു കഴിയുന്നില്ല. ഹാജിയാർ തന്റെ മരുമകളേക്കാൾ പ്രായംകുറഞ്ഞ ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചതറിഞ്ഞു രോഗം മൂർച്ഛിച്ചു മരണത്തിനു കീഴടങ്ങുകയാണ് ആ സ്ത്രീ (പു.157,158).

#### 3.1.5.2.8 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

വിവാഹംകഴിഞ്ഞു നാളുകൾക്കുശേഷം മക്കളില്ലാത്തതിന്റെ പേരിൽ ഭർത്താവു മറ്റൊരു വിവാഹം കഴിക്കാൻ തീരുമാനിച്ചതറിഞ്ഞു തീക്കൊളുത്തി ആത്മഹത്യ ചെയ്യുന്ന ഒരു പെൺകുട്ടിയെയാണ് *അവനെ നരകാഗ്നിയിൽ എരിക്കുവിൻ* എന്ന ചെറുകഥയിൽ കാണാൻ കഴിയുന്നത് (പു:169,172). സ്ത്രീകളെ വേദനിപ്പിക്കാൻ ഒരുമതവും പറയുന്നില്ലെന്നും പുരുഷന്മാർ മതരീതികളെ മാറ്റി മറിച്ച് അവർക്കനുകൂലമാക്കിയതാണെന്നും പെണ്ണിന് എവിടെയും നീതിലഭിക്കുന്നില്ലെന്നും കഥയിൽ സൂചിപ്പിക്കുന്നുണ്ട് (പു.69).

#### 3.1.5.2.9 അറബിപ്പുതിയാപ്ല

ചികിത്സയ്ക്കു വന്ന അറബിയെക്കൊണ്ടു സാബിറ എന്ന പെൺകുട്ടിയെ വിവാഹം കഴിപ്പിക്കുകയും രോഗം മൂർച്ഛിച്ച് ആദ്യരാത്രി തന്നെ അറബി മരണപ്പെടുകയും ചെയ്യുന്നു. അറബിയുടെ രണ്ടാം ഭാര്യയാവേണ്ടിവരികയും ഒപ്പം വിധവയാവേണ്ടിവരികയും ചെയ്യുന്ന ദുരവസ്ഥയാണു സാബിറയ്ക്കു ജീവിതത്തിൽ നേരിടേണ്ടിവരുന്നത് (പു.196,98).

#### 3.1.5.2.10 വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

സമൂഹത്തിലെ അനീതിയും അക്രമണങ്ങളും കാണുമ്പോൾ പ്രതികരിക്കുന്നതും ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു ജീവിക്കാത്തതും രാത്രികാലങ്ങളിൽ പേടിസ്വപ്നങ്ങൾ കണ്ട് അലറിവിളിക്കുന്നതുമായിരുന്നു കഥയിലെ അസ്നബി എന്ന ചെറുപ്പക്കാരിയുടെ പ്രശ്നം. ഇതിൽ അരിശം മൂത്തു ഭർത്താവ് അവളെ അവളുടെ വീട്ടിൽ കൊണ്ടുചെന്നാക്കി. മകളെ അനുസരണ പഠിപ്പിക്കാനും അയാൾ അവളുടെ രക്ഷിതാക്കളോടു പറയുന്നു. ഇനിയും ഇതെല്ലാം ആവർത്തിച്ചാൽ തന്റെ 'നെറം മാറും' എന്നും മരുമകൻ ഉമ്മയോടു പറഞ്ഞിട്ടുണ്ട് (പു.304). ഇതുകേട്ട് ഉമ്മ അസ്നബിയെ ഉപദേശിക്കുന്നത് ഇപ്രകാരമാണ്.

''ആണുങ്ങളെ മനസ്സ് എപ്പളാ പിടിവിട്ടുപോവ്വാന്നു നിശ്ചയല്ലട്ടോ. മൂപ്പരിക്ക് ഇനിയും രണ്ടോ മൂന്നോ പെണ്ണുകെട്ടാനുള്ള താക്കത്തുണ്ടെന്ന് ഇന്റാള് മറക്കണ്ട. കെട്ടിച്ചുകൊടുക്കാൻ തയ്യാറുള്ള തന്തമാരുമുണ്ട്'' എന്നാണ് (പു.304).

### 3.1.5.3 അനുഭവക്കുറിപ്പുകളിൽ

ബഹുഭാര്യത്വവുമുയി ബന്ധപ്പെട്ട സൂചനകൾ ഇല്ല.

### 3.1.5.4 ലേഖനസമാഹാരത്തിൽ

#### 3.1.5.4.1 ആരോടു ചൊല്ലേണ്ടു നാം

##### 3.1.5.4.1.1 സന്മനസ്സുള്ളവർക്ക് സമാധാനം

സപത്നിയുടെ സുഖപ്രസവത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന സ്ത്രീയെ ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട് (2013:31). ഭർത്താവിന്റെ മൂന്നാം ഭാര്യയെയാണു പ്രസവത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നത്. ഇന്നും സമൂഹത്തിൽ ബഹുഭാര്യത്വം നിലനിൽക്കുന്നുണ്ടെന്നും വിവാഹ

മോചനവും പുനർവിവാഹം കഴിക്കലും എളുപ്പമുള്ള കാര്യമല്ലെന്നും മാനസിക മായും ശാരീരികമായും സാമ്പത്തികമായും ഭാര്യമാരോടു തുല്യനീതി കാണിക്കാൻ കഴിയുമെങ്കിൽ മാത്രമേ ഒന്നിലധികം വിവാഹം കഴിക്കാവൂ എന്നും ഖുർആനിൽ പറയുന്നുണ്ടെന്നും ലേഖനം ഓർമ്മിപ്പിക്കുന്നു. പുരുഷന് ഒന്നിലധികം സ്ത്രീകളെ തുല്യനീതിയോടെ പുലർത്തിപ്പോറ്റുക എളുപ്പമ ല്ലെന്നും സൂചിപ്പിക്കുന്നുണ്ട്. അതോടൊപ്പം ആദ്യകാലത്ത് അശരണകളായ സ്ത്രീകളുടെ രക്ഷയ്ക്കായിട്ടാണ് അനേകം ഉപാധികളോടെ ബഹുഭാര്യത്വം അനുവദിച്ചതെന്നും ഇന്ന് ആ നിയമം സ്ത്രീകളെ പീഡിപ്പിക്കാനുള്ള പഴുതായി ഉപയോഗിക്കുന്നുണ്ടെന്നും അതിന് അറുതി വരുത്തേണ്ടതു സന്മനസ്സുള്ള പുരു ഷന്മാരാണെന്നും ലേഖനത്തിൽ പറയുന്നുണ്ട് (പു.32).

### 3.1.6 വിവാഹമോചനം

#### 3.1.6.1 നോവലുകളിൽ

##### 3.1.6.1.1 കിനാവ്

ബീപാത്തുവും ആലിക്കുട്ടിഹാജിയും തമ്മിലുള്ള വിവാഹബന്ധം വേർപെടുത്താൻ ഉപ്പയായ സൈതൂട്ടിഹാജി ശ്രമിക്കുന്നതായി നോവലിൽ പരാമർശമുണ്ട്. എന്നാൽ ബീപാത്തുഹജ്ജുമ്മ അതിനെ എതിർക്കു കയാണു ചെയ്യുന്നത് (1990:38).

##### 3.1.6.1.2 ഇരുട്ട്

ഭർത്താവിന്റെ ദുഃസ്വഭാവങ്ങളിൽ മനംനൊന്തു സ്വന്തം വീട്ടിലെത്തുക യാണ് ആമിന. അവൾക്കു ഭർത്താവിനെ പ്രിയം തന്നെയാണ്. പക്ഷെ ജമാ ലിന്റെ ദുർന്നടപ്പു നേരിൽ കാണുന്നതോടെ അയാളെ വെറുത്തു സ്വന്തം വീട്ടിലെത്തുന്നു. താനുമായുള്ള ബന്ധം വേർപെടുത്താതെ മറ്റൊരു വിവാഹം കഴിക്കാൻ തയ്യാറാവുന്ന ജമാലിനോട് ആമിന തന്റെ മൊഴി ആവശ്യപ്പെടു

ന്നുണ്ട് (1995:90). എന്നാൽ അയാൾ മൊഴി നൽകാൻ തയ്യാറാവുന്നില്ല. നോവലിലുടനീളം അവർ പിരിഞ്ഞു ജീവിക്കുന്നതാണു കാണുന്നത്.

**3.1.6.1.3 മൊഴി**

രണ്ടു പ്രാവശ്യം മൊഴി ചൊല്ലപ്പെട്ടു ജീവിതം നരകതുല്യമായി ജീവിക്കുന്ന കഥാപാത്രമായാണു ഫാത്തിമയെ നോവലിൽ സൂചിപ്പിച്ചിരിക്കുന്നത്. ഒരുതെറ്റും ചെയ്യാതെ തന്നെ തെറ്റിദ്ധരിക്കുകയും നാട്ടിലേക്കയക്കുകയും ചെയ്ത ഭർത്താവ് അബ്ദുള്ളയോട് അവൾ മൊഴി ആവശ്യപ്പെടുന്നതായി കാണാം. അയാൾ മൊഴി അയച്ചുകൊടുത്തതോടെ അവർ ഭാര്യഭർത്താക്കന്മാരല്ലാതായി (1999:28). പിന്നീടു ഷറഫിനെ വിവാഹം കഴിച്ചു ജീവിക്കുകയാണു ഫാത്തിമ. എന്നാൽ കാലക്രമേണ അയാൾക്ക് അവളെ മടുക്കുന്നു. വളരെ നല്ല രീതിയിൽ വീട്ടിൽനിന്നും പിരിഞ്ഞ അയാൾ അവളെ മൊഴിചൊല്ലിക്കൊണ്ടുള്ള കത്ത് അയക്കുകയാണ്. ഭർത്താവു മൊഴിചൊല്ലിയതോടെ അവൾ തീർത്തും ഒറ്റപ്പെട്ടുപോവുന്നു. (പു.137).

**3.1.6.1.4 നിലാവ്**

വിവാഹമോചനവുമായിബന്ധപ്പെട്ട സൂചനകൾ ഇല്ല.

**3.1.6.1.5 ആകാശഭൂമികളുടെ താക്കോൽ**

റംലത്ത് എന്ന ഹുസൈൻഹാജിയുടെ മൂന്നാം ഭാര്യയെ ഒരു കാരണവും കൂടാതെയാണ് അയാൾ മൊഴിചൊല്ലിയത്. അതിനെതിരെ അവർ പ്രതികരിക്കുന്നുവെങ്കിലും സാക്ഷികൾ മുഖാന്തിരം മൊഴിചൊല്ലിയാൽ വിവാഹബന്ധം വേർപെട്ടു എന്ന സത്യം അവർ മനസ്സിലാക്കുകയാണ് (2008:252-53). നൂർജഹാൻ തന്റെ സാമൂഹ്യപ്രവർത്തനങ്ങൾക്കിടയിൽ സാഹിറ എന്ന പെൺകുട്ടിയെ പരിചയപ്പെടുന്ന ഭാഗമുണ്ട്. ആ പെൺകുട്ടിക്കു സംഭവിക്കുന്നതും മറ്റൊന്നല്ല. പ്രണയിച്ചു വീട്ടുകാരുമായി പിണങ്ങി വിവാഹിതരായവർ.

ഭർത്താവ് ഒരു കാരണവും കൂടാതെ ബാപ്പയെ വിളിപ്പിച്ചു സാക്ഷികൾ മുഖാന്തിരം ത്വലാഖു ചെയ്തിരിക്കയാണ് (പു.255). വളരെ സങ്കടത്തോടെയാണു സാഹിറ നൂറുവിനെ സമീപിക്കുന്നത്. അതുപോലെ പാവപ്പെട്ട ഒരു ഉമ്മയുടെ പരാതിയും നൂറു ഏറ്റെടുക്കുന്നുണ്ട്. അവരുടെ മകളെയും ഭർത്താവു കാരണംകൂടാതെ ഉപേക്ഷിച്ചു മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചിരിക്കയാണ് (പു.226). വളരെ ദുസ്സഹമായിരുന്നു ആ സ്ത്രീയുടെ അവസ്ഥയും. സ്ത്രീധനത്തിന്റെ പേരുപറഞ്ഞു മകനെയും മരുമകളെയും തെറ്റിക്കാനും വിവാഹബന്ധം വേർപെടുത്താനുമാണു നോവലിലെ മറ്റൊരു സ്ത്രീ ശ്രമിക്കുന്നത്. റംലത്തിന്റെ മകൾ സുൽഫത്തിനാണ് ഈ ഗതി വരുന്നത് (പു.227). എന്നാൽ ഭർത്താവിന്റെ ഉമ്മ ചോദിച്ച പണവും സ്ഥലവും നൽകി അവളെ ഭർത്താവിന്റെ അടുത്തേക്ക് അയയ്ക്കുകയാണു ചെയ്യുന്നത് (പു.227).

#### 3.1.6.1.6 നിഴൽ

വിവാഹമോചനവുമായിബന്ധപ്പെട്ട സൂചനകൾ ഇല്ല. എന്നാൽ ഭർത്താവുമായി പിരിഞ്ഞുകഴിയുന്ന നദീറ എന്ന കഥാപാത്രം ഉണ്ട്. തെറ്റൊന്നും ചെയ്യാതെ തന്നെ വീട്ടിൽനിന്നും ഇറക്കിവിടുമ്പോൾ നദീറ സ്വന്തം വീട്ടിൽ അഭയം തേടുന്നു. അവൾക്ക് അവിടെയും സാന്ത്വനം ലഭിക്കുന്നില്ല. സ്വന്തമായി കൂരപണിത് അധ്വാനിച്ചു ജീവിക്കുകയാണ് അവൾ. അവസാനഭാഗത്തു മജീദും നദീറയും ഒരുമിച്ചുജീവിക്കാനും ശ്രമിക്കുന്നുണ്ട്.

#### 3.1.6.1.7 പ്രകാശത്തിനുമേൽ പ്രകാശം

സന്തോഷത്തോടെ വിവാഹജീവിതത്തിലേക്കു കടക്കുന്ന ഷിഹാബും ഷബാനയും. ആദ്യരാത്രിയിൽത്തന്നെ ഭാര്യ മാനസികരോഗിയാണെന്ന സത്യം ഷിഹാബും കുടുംബവും മനസ്സിലാക്കുകയാണ്. അതോടെ ഇഷ്ടമില്ലെങ്കിലും ഷബാനയെ നിയമത്തിന്റെ വഴിയിലൂടെ വിവാഹബന്ധം വേർപെടുത്തുകയാണു

ചെയ്യുന്നത് (2012:242). ആ സംഭവത്തിനുശേഷം ഷിഹാബിന്റെ ഉമ്മ ഏറെ സങ്കടപ്പെടുകയും രോഗിയായിത്തീരുകയും ചെയ്യുന്നുണ്ട്.

#### 3.1.6.2 ചെറുകഥകളിൽ

##### 3.1.6.2.1 ആകാശഭൂമികളുടെ താക്കോൽ

ഭർത്താവിന്റെ അവിഹിതബന്ധം കണ്ടു മനോരാഗിയായിത്തീരുന്ന ഭാര്യ യുടെയും ഭർത്താവിന്റെയും കഥയാണ് *ആകാശഭൂമികളുടെ താക്കോൽ*. വിവാഹമോചനംനേടാതെ വേർപെട്ടു കഴിയുന്നവരാണ് അവർ. ഭർത്താവുമായി യോജിച്ചുപോവാൻ ആ സ്ത്രീക്ക് കഴിയുന്നില്ല. ഭർത്താവു മറ്റൊരു വിവാഹം കഴിക്കുന്നുണ്ട്. എന്നാൽ വിവാഹമോചനംനേടി സ്വതന്ത്രയാവാനും കഴിയു ന്നില്ല (2014:57).

##### 3.1.6.2.2 നരകവാതിലുകൾ

കല്യാണത്തിന്റെ ആദ്യദിനത്തിൽ തന്നെ മനോരോഗിയാണു ഭാര്യ യെന്നു ഹുസൈൻകുട്ടി തിരിച്ചറിയുകയാണ്. സാബിറയോടു പ്രിയമുണ്ടെങ്കിലും വീട്ടുകാരുടെ നിർബന്ധം കാരണം അയാൾക്ക് അവളെ മൊഴിചൊല്ലേണ്ടിവരിക യാണ്. അമ്മാവൻ ആലിക്ക നൽകിയ കടലാസിൽ ഒപ്പിട്ടു വിവാഹബന്ധം വേർപെടുത്തുകയും ചെയ്യുന്നു. ശേഷം അവളെ കാണാനായി പോവുന്ന ഹുസൈൻക്കുട്ടിയോട് 'ഇനി നീ ഓളെ കാണാമ്പാടില്ല..' എന്നാണ് അമ്മാവൻ പറയുന്നത് (പു.125).

##### 3.1.6.2.3 കൂഹൂ....കൂഹൂ

മക്കളില്ലാത്തതിന്റെ പേരിൽ ഭാര്യയെ മൊഴിചൊല്ലി മറ്റൊരു വിവാഹം കഴിക്കാൻ അത്യമാൻകുട്ടിയോട് അയാളുടെ ഉമ്മ നിരന്തരം ഉപദേശിക്കുന്നുണ്ട്. എന്നാൽ തനിക്കാണു തകരാറെന്ന് അയാൾക്കറിയാം. അതുകൊണ്ടു

മാത്രമാണു കുഞ്ഞാമിയെ മൊഴിചൊല്ലാത്തതെന്ന് അയാൾ പറയുന്നുണ്ട് (പു.127).

**3.1.6.2.4 ആകാശപ്പറവകൾ**

കുട്ടികളില്ലാത്തതിന്റെപേരിൽ മരുമകളെ ഒഴിവാക്കി മകനെക്കൊണ്ടു മറ്റൊരു വിവാഹംകഴിപ്പിക്കാൻ മുതിരുന്ന ഒരു ഉമ്മയെ *ആകാശപ്പറവകളി*ൽ കാണാം. എന്നാൽ മരുമകൾ ഗർഭിണിയാണെന്നറിയുന്നതോടെ അവർ അതിൽനിന്നു പിന്മാറുന്നു (പു.135). ഒരുപക്ഷേ താൻ ഗർഭിണിയാവുമായിരുന്നില്ല എങ്കിൽ തന്നെ മൊഴിചൊല്ലിയേക്കാം എന്നു ബിയ്യാത്തു ഭയപ്പെടുന്നുണ്ട് (പു.136).

**3.1.6.3** അനുഭവക്കുറിപ്പുകളിൽ വിവാഹമോചനവുമായിബന്ധപ്പെട്ട സൂചനകൾ ഇല്ല.

**3.1.6.4 ലേഖനസമാഹാരത്തിൽ**

**3.1.6.4.1 ആരോടു ചൊല്ലേണ്ടു നാം**

**3.1.6.4.2 സന്മനസ്സുള്ളവർക്ക് സമാധാനം**

*സന്മനസ്സുള്ളവർക്കു സമാധാനം* എന്ന ലേഖനത്തിൽ വിവാഹമോചനവും പുനർവിവാഹവും അത്രയെളുപ്പമുള്ള കാര്യമല്ലെന്നും ഖുർആൻ അർത്ഥമറിഞ്ഞു വായിക്കുന്ന ഏതൊരാൾക്കും അതിന്റെ കാര്യങ്ങൾ മനസ്സിലാവും എന്നു സൂചനയുണ്ട് (2013:32).

**3.1.6.5** ആദ്യകാലമുസ്ലിംസാമൂഹ്യജീവിതം ഉൾക്കൊള്ളുന്ന രചനകളിലും വിവാഹവുമായിബന്ധപ്പെട്ട ചിത്രീകരണം ഉണ്ട്. വൈക്കം മുഹമ്മദ് ബഷീറിന്റെ *ബാല്യകാലസഖിയിൽ* സ്ത്രീധനം നൽകാനില്ലാത്തതിന്റെ പേരിൽ വിവാഹം കഴിപ്പിച്ചയക്കാൻ കഴിയാതെ വീട്ടിൽ ഒതുങ്ങിക്കൂടേണ്ടി വരുന്ന സ്ത്രീകളെ കാണാം. ബഹുഭാര്യത്വവും ബഷീറിന്റെ

രചനകളിൽ കടന്നുവരുന്നുണ്ട്. പി.എ. മുഹമ്മദ്കോയയുടെ *സുൽത്താൻവീട്ടിലും* സ്ത്രീധനസമ്പ്രദായം, കാതുകുത്തുകല്യാണം, പ്രായപൂർത്തിയാകുന്നതോടെ മുസ്ലിംസ്ത്രീകൾ കുടുംബത്തിൽ നിന്നും അനുഭവിക്കുന്ന വിലക്കുകൾ എന്നിവയും അവതരിപ്പിച്ചിട്ടുണ്ട്. പി. എ. മുഹമ്മദ് കോയയുടെ *സുറുമയിട്ട കണ്ണുകൾ* എന്ന നോവലിലും അറബികല്യാണത്തിന്റെയും സ്ത്രീധനസമ്പ്രദായത്തിന്റെയും പ്രയാസങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. യു. എ. ഖാദറിന്റെ *ചങ്ങല* എന്ന കൃതിയിൽ ആർഭാടവും ആഘോഷങ്ങളും നിറഞ്ഞ മുസ്ലീങ്ങളുടെ വിവാഹചടങ്ങുകളെ കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. താറവാട്ടുമഹിമ കാണിക്കുന്നതിനു വേണ്ടി മാത്രമാണത്. എൻ. പി മുഹമ്മദ് *ചന്ദ്രക്കലയുടെ നിയമങ്ങൾ, ആ നിക്കാഹും കഴിഞ്ഞു* എന്നിവയിലും അറബികല്യാണത്തിന്റെ ദുരന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മൊയ്തുപടിയത്തിന്റെ *ഉമ്മ* എന്ന നോവലിലും മുസ്ലിംസമുദായത്തിന്റെ വിവാഹം, വിവാഹമോചനങ്ങൾ, ബഹുഭാര്യത്വം തുടങ്ങിയ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ബി. എം സുഹറയുടെ രചനകളും ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. ബഹുഭാര്യത്വം, മൊഴിചൊല്ലൽ, സ്ത്രീധന സമ്പ്രദായത്തിലൂടെ മുസ്ലിംപെൺകുട്ടികൾ അനുഭവിക്കുന്ന പീഡനങ്ങൾ എല്ലാം വ്യക്തമായി അവതരിപ്പിക്കുന്നു. സ്ത്രീകളെ മുഖ്യകഥാപാത്രങ്ങളാക്കി കഥാരചന നടത്തിയതുകൊണ്ടുതന്നെ സമൂഹത്തിലും സമുദായത്തിലും അവർ അനുഭവിക്കുന്ന അവസ്ഥകൾ വ്യക്തമായി മനസ്സിലാക്കാനും സാധിക്കുന്നു.

### 3.1.7 മരണം

മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നവരാണു മുസ്ലിങ്ങൾ. അതു കൊണ്ടുതന്നെ മരണവുമായിബന്ധപ്പെട്ടു നിരവധി വിശ്വാസങ്ങളും ആചാര ങ്ങളും ചടങ്ങുകളും മുസ്ലിങ്ങൾക്കുണ്ട്.

### 3.1.7.1 നോവലുകളിൽ

#### 3.1.7.1.1 കിനാവ്

*കിനാവിൽ* സൈതൂട്ടിഹാജിയുടെ മരണം വിവരിക്കുന്നുണ്ട്. എൺപത്തി രണ്ടു വയസ്സായെങ്കിലും ആരോഗ്യവാനായിരുന്ന സൈതൂട്ടിഹാജി മരണപ്പെട്ടതു നിനച്ചിരിക്കാതെയാണ്. പെട്ടെന്നു കുഴഞ്ഞുവീഴുകയായിരുന്നു. കുഴഞ്ഞുവീണ അദ്ദേഹത്തെ ഓടിക്കൂടിയവരെല്ലാരും ചേർന്ന് ഉമ്മറത്തെ ചാരു കസേരയിലിരുത്തി ഉടുമുണ്ടുമാറ്റി വെള്ളം കൊടുത്തു. ശേഷം അകത്തെ മുറി യിൽ കട്ടിലിൽ കിടത്തി. ആകെ തളർന്നുപോയ അദ്ദേഹം ഉറക്കെ എന്തൊ ക്കെയോ ഓതി ക്രമേണ ആ കണ്ണുകൾ എന്നെന്നേക്കുമായി അടയുകയായിരു ന്നു. മുഖം അപ്പോഴും ശാന്തമായിരുന്നു. രാജാവായി വാണു. അതുപോലെ മടങ്ങുകയും ചെയ്തു എന്നാണു സൈതൂട്ടിഹാജിയുടെ മരണത്തെക്കുറിച്ചു നോവലിൽ പരാമർശിച്ചിട്ടുള്ളത് (1990:48).

ബീപാത്തുവിന്റെ മുത്തമകൻ കരീമിന്റെ മരണവും നോവലിൽ പരാ മർശിക്കുന്നുണ്ട്. മരിക്കുന്ന സമയത്തു കരീം മദ്രാസിലായിരുന്നു. മറ്റുള്ളവ രെല്ലാം നാട്ടിലും. മകന്റെ മയ്യിത്തു പെട്ടെന്നു മറവുചെയ്യണമെന്നും മയ്യിത്തിനെ അധികസമയം വച്ചു പ്രയാസപ്പെടുത്തരുതെന്നുമാണ് ആ ഉമ്മ പറയുന്നത് (പു.104).

സൈതൂട്ടിഹാജിയുടെ ഭാര്യയുടെമരണവും നോവലിൽ പരാമർശിക്കു ന്നുണ്ട്. അവർ മരണം മുന്നിൽ കണ്ടതുപോലുള്ള സംസാരങ്ങൾ നടത്തുന്നുണ്ട്. മകനോടും കാര്യസ്ഥനോടും മറ്റുമെല്ലാം തന്റെ മരണാസന്നതയെക്കുറിച്ചു സൂചിപ്പിക്കുന്നു. മകളുടെ കല്യാണശേഷം പൂർണ്ണമായും കിടപ്പിലാവുകയും ദിവസങ്ങൾക്കുള്ളിൽ മരണപ്പെടുകയും ചെയ്തു.

ആലിക്കുട്ടിഹാജിയുടെ മരണം ആശുപത്രിയിൽ വെച്ചാണ്. വലിവിന്റെ അസുഖമായിരുന്നു അവർക്ക്. കുറച്ചു ദിവസത്തോളം ആശുപത്രിയിൽ കിടന്നു

ഭാര്യയിൽനിന്നു വെള്ളം വാങ്ങിക്കുടിച്ചു കലിമചൊല്ലി മരിക്കുകയായിരുന്നു അവർ.

ബീപാത്തുഹജ്ജുമ്മയുടെ മൂത്തമകൻ കരീമിന്റെ മരണം നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. രണ്ടാമതും ഹൃദയാഘാതം വന്ന് ആശുപത്രിയിലെത്തു കയും അവിടെവെച്ചു മരണമടയുകയുമാണ് അദ്ദേഹം. കൊളസ്ട്രോൾ, ഷുഗർ തുടങ്ങിയ അസുഖങ്ങൾ എല്ലാമുണ്ടായിരുന്നു. അവരുടെ മരണം ആ ഉമ്മയെ വല്ലാതെ തളർത്തുന്നതായി കാണാം.

**3.1.7.1.2 ഇരുട്ട്**

ആമിനയുടെ ഉപ്പയുടെ മരണം നോവലിൽ പരാമർശിക്കുന്നുണ്ട്. ഭർത്താ വിൽനിന്നു മകൾക്കു നേരിടേണ്ടിവരുന്ന യാതനകൾ നേരിൽക്കണ്ടു മനസ്സു തകർന്നാണ് അദ്ദേഹം മരണപ്പെടുന്നത്.

''എന്റെ കുട്ടി എക്കാലവും ഇങ്ങനെ സങ്കടപ്പെട്ടു തുണയില്ലാതെ....'' ഓർത്തപ്പോൾ ഇടനെഞ്ചിൽ സങ്കടം അണപൊട്ടി. പെട്ടെന്നു കരളിലൊരു കൊളുത്തിവലി. ഇടതുകൈയ്ക്കുതരിപ്പ്,വേദന. ആകെ ഒരു വെപ്രാളം. ശ്വാസം മുട്ടുന്നു (1995:101). ''മോളെ... വയ്യല്ലോ....ബാപ്പാക്ക്...യാ.. ഇലാഹീയ?...റസൂൽ. നാവു കുഴയുന്നു'' (പു.101) എന്നു പറഞ്ഞുകൊണ്ട് അയാൾ മരണത്തിനു കീഴടങ്ങുകയായിരുന്നു എന്നു കാണാം.

**3.1.7.1.3 മൊഴി**

ഫാത്തിമയുടെദുർനടപ്പാണു ഭർത്താവിൽനിന്നും വേർപിരിയാൻ കാരണ മായതെന്നു മനസ്സിലാക്കിയ അവളുടെ ഉപ്പ മാനസികമായും ശാരീരികമായും തളർന്നു മരണപ്പെടുന്നു. അള്ളാഹുവിന്റെ തിരുനാമങ്ങൾ ബാപ്പയുടെ ചെവിയിൽ ഓതിക്കൊടുത്തുകൊണ്ടു മുസലിയാർ അടുത്തുണ്ടായിരുന്നു.

വൈദ്യർ നാഡി പിടിച്ചുകൊണ്ട് അടുത്തുതന്നെ ഇരുന്നു. ഉമ്മ നിലവിളി നിർത്തി ബാപ്പയുടെ കൈയ്യും പിടിച്ച് അടുത്തിരുന്നു. മക്കയിലെ പുണ്യവെള്ള മായ സംസം മരണമെത്തുമ്പോൾ രോഗിയുടെ വായിൽ കൊടുക്കുന്ന പതിവു മുസ്ലിങ്ങൾക്കിടയിലുണ്ട്. അഷ്റഫും ഉമ്മയും സംസം വാപ്പയ്ക്കു കൊടുത്തു കൊണ്ടിരുന്നു. വെള്ളം വായിലിറക്കാതെ ചുണ്ടിലൂടെ കവിളിലേക്കൊലിച്ച തോടെ എല്ലാവരും കൂട്ടനിലവിളിയായി. ഉപ്പയുടെ മരണം സ്ഥിരീകരിക്കുകയും ചെയ്യുന്നു. മാഷിന്റെ കണ്ണുകൾ മുസ്ലിയാർ തിരുമ്മി അടയ്ക്കുകയും കൈകൾ മാറത്തു വെച്ചു താടി അമർത്തി അടച്ചുകൊടുക്കുകയും ചെയ്തു (1999:67-68). ഇങ്ങനെയായിരുന്നു കോയക്കുട്ടി മാഷിന്റെ മരണം. ഫാത്തിമയുടെ ഉമ്മയും അവളുടെ ജീവിതമോർത്തു പ്രയാസപ്പെട്ടാണു മരിക്കുന്നത്. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നുവെങ്കിലും പെട്ടെന്നു മരണത്തിനു കീഴടങ്ങുകയായിരുന്നു.

#### 3.1.7.1.4 നിലാവ്

നസീമയുടെ ഉപ്പാപ്പയുടെ മരണരംഗം നോവലിൽ കാണാം. മഗ്രിബു നിസ്ക്കരിക്കാനായി പള്ളിയിലേക്കിറങ്ങിയ അദ്ദേഹം പെട്ടെന്നു കുഴഞ്ഞു വീഴുകയാണ്. ആജ്ഞകൾ മാത്രം പുറപ്പെടുവിക്കുന്ന അവരുടെ സ്വരം ഇടറി ക്കൊണ്ടായിരുന്നു പിന്നീട്. മുറിക്കകത്ത് അറയിലെ കട്ടിലിൽ അവരെ കിടത്തി. ഉമ്മാമ്മ ഉപ്പാപ്പയുടെ തലയ്ക്കൽ ചെന്നിരുന്നു കൈപിടിച്ചു സമാശ്വസിപ്പിക്കു ന്നുണ്ട്. കലിമചൊല്ലിക്കൊണ്ടു സംസം വെള്ളം ഭാര്യയും നെച്ചിയുടെ ഉമ്മയും ഉപ്പാപ്പയുടെ വായിൽ ഒഴിച്ചുകൊടുത്തു. പെട്ടെന്നു ശ്വാസതടസ്സം ഏറുന്നു. എല്ലാവരും നോക്കിക്കൊണ്ടിരിക്കെ ഉപ്പാപ്പയുടെ കണ്ണുകൾ മേലോട്ട് ഉയർന്നു. നെച്ചിയുടെ ഉപ്പ ചൊല്ലിക്കൊടുക്കുന്നവ അയാൾ ഓതിക്കൊണ്ടേയിരുന്നു. അത് ഏറ്റു ചൊല്ലുംവിധം ചുണ്ടുകൾ ചലിപ്പിച്ചുകൊണ്ടു കണ്ണുകളടച്ച് അദ്ദേഹവും മരണത്തിനു കീഴടങ്ങി (2007:45-47).

### 3.1.7.1.5 നിഴൽ

നോവലിലെ മുഖ്യകഥാപാത്രമായ റാബിയയുടെ മരണം അവർ തന്റെ മരണം മുന്നിൽ കാണുന്നപോലെയായിരുന്നു. ചെറിയ മകൻ ഷാജിയുടെ വിവാഹശേഷം കുടുംബത്തിൽ അകന്നുനിന്നവരെയെല്ലാം ഒന്നിപ്പിച്ച് ഒറ്റ മേശ പ്പുറത്തിരുന്ന് അവർ യാത്രപറയുംപോലെ സംസാരിച്ചു മരിക്കുകയാണ്.

'ഉമ്മാക്കിതു മതി മക്കളേ. എന്നും ഇങ്ങനെ വേണം നിങ്ങളു കഴിയാൻ മോനേ. അസീസേ ഇവിടെ ഏതു കാര്യത്തിനും നീ വേണം അമരത്ത്. ഇവർക്കു താങ്ങായി. ഷാഹുവിന്റെ കാര്യത്തിൽ നിങ്ങളു രണ്ടുപേരും സഹായ ത്തിനുണ്ടാകണം. റംലത്തേ, എന്റെ മോനെ നോക്കിക്കോളണേ! നദിറാ, നീയാ ഈ വീടിന്റെ താങ്ങ്. എന്റെ സ്ഥാനമാ നിനക്ക്. വല്യാക്കയോട് ആലോചിച്ചു വേണം നിങ്ങള് അനിയന്മാരു തീരുമാനങ്ങളെടുക്കാൻ ഷാജിയോടു ഞാൻ എല്ലാം പറഞ്ഞിട്ടുണ്ട്. വാപ്പായെ നോവിക്കരുത്.' ഇത്രയും പറഞ്ഞുകൊണ്ടു മേശപ്പുറത്തു മുഖം കുത്തിക്കൊണ്ട് അവർ മരണപ്പെടുകയാണ് (2012:253).

ഭാര്യയുടെ ഭൗതികശരീരം അടക്കംചെയ്യാൻ കൊണ്ടുപോവുന്ന സമയത്ത് ആംബുലൻസിൽ കുഴഞ്ഞുവീണു മരിക്കുകയാണ് അസൈനാരുകു ഞ്ഞും. ഒരുമിച്ചു ജീവിച്ചവർ ഒരുമിച്ചു യാത്രയാവുകയാണു നോവലിന്റെ അവസാനഭാഗത്ത് (പു.256).

### 3.1.7.2 ചെറുകഥകളിൽ

### 3.1.7.2.1 ആകാശപ്പറവകൾ

അവിചാരിതമായി ഉമ്മയുടെപ്രഹരമേറ്റ് ആശുപത്രിയിൽ പ്രവേശിക്കേ ണ്ടിവരികയാണു ഭിന്നശേഷിക്കാരിയായ മകൾ ഖൈറുവിന് ഒരാഴ്ചയോളം മിണ്ടാട്ടവും അനക്കവുമില്ലാതെ അവൾ ആശുപത്രിയിൽ കിടക്കുന്നു ണ്ട്. പുലർച്ചെ അവൾ കണ്ണുതുറന്ന് ഉമ്മയോടും ഇത്താത്തയോടും സംസാരി

ക്കുകയും മരണം മുന്നിൽ കണ്ടുകൊണ്ടെന്നോണം ആരോ എന്നെ ഏഴാനാകാശത്തുനിന്നും വിളിക്കുന്നുണ്ടെന്നു പറഞ്ഞു മരണത്തിനു കീഴടങ്ങുകയും ചെയ്തു.

#### 3.1.7.2.2 കർമപുസ്തകം

രക്തസമ്മർദ്ദം വർദ്ധിച്ചു ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട ആയിശ എന്ന കഥാപാത്രം തന്റെ മരണം മുന്നിൽ കാണുകയാണ്. കലിമചൊല്ലി മരിക്കാനായി തന്റെ ശരീരത്തിൽ കുത്തിവെച്ചിട്ടുള്ള ഉപകരണങ്ങൾ എടുത്തു മാറ്റിനൽകാൻ അവർ ആവശ്യപ്പെടുകയും മരിക്കുമ്പോൾ കലിമചൊല്ലിയാലെ താൻ കർമപുസ്തകം വലതുകൈയ്യിൽ തരുന്നവരുടെ കൂട്ടത്തിൽ പെടുകയുള്ളൂ എന്നും അവർ പറയുന്നുണ്ട്. മരണവുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും മരണാനന്തരം ഖബറിലും തന്റെ ഖബർ ജീവിതത്തിലും നടക്കുന്ന സംഭവങ്ങളും കഥയിൽ പരാമർശിച്ചുകാണുന്നുണ്ട്.

#### 3.1.7.2.3 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

ഭർത്താവു രണ്ടാമതും വിവാഹംകഴിക്കുന്നതു സഹിക്കാനാവാതെ ആത്മഹത്യചെയ്യുന്ന കഥാനായിക ആശുപത്രിക്കിടക്കയിൽ വെച്ചു മരണദൂതനായ മലക്കിനോടൊപ്പം ലാഹിലാഹഇല്ലല്ലാഹ് എന്നു ചൊല്ലിക്കൊണ്ടു യാത്രയാവുന്നതായി കഥയിൽ പരാമർശിച്ചു കാണുന്നു (2014:172).

### 3.1.7.3 അനുഭവക്കുറിപ്പുകളിൽ

#### 3.1.7.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

എഴുത്തുകാരിയുടെ ഉമ്മയുടെ ഉപ്പയുടെ (വല്ലിപ്പ) മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തിയതായി കാണുന്നു. മഗ്രിബു നിസ്ക്കാരത്തിനായി അംഗശുദ്ധിയെടുക്കാൻ പോയ വല്ലിപ്പയുടെ ഉറക്കെയുള്ള നിലവിളിയാണു വീട്ടിലുള്ളവർ കേൾക്കുന്നത്. അകത്തെ മുറിയി

ലേക്കു താങ്ങിപ്പിടിച്ചു കിടത്തിയപ്പോഴേക്കും മരണത്തിന്റെ വക്കിലേക്ക് അദ്ദേഹം എത്തിയിരുന്നു. ഉമ്മയും ഉമ്മാമ്മയും സംസം വെള്ളം വായിലേക്കു നൽകുന്നുണ്ടായിരുന്നു. അള്ളാഹുവിനെ വിളിച്ചുകൊണ്ടു പതുക്കെ ശ്വാസം നിലയ്ക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (2015:17,19).

**3.1.7.4 ലേഖനസമാഹാരത്തിൽ**

പരാമർശസൂചന ഇല്ല

**3.1.8 മരണാനന്തരചടങ്ങുകൾ**

**3.1.8.1 നോവലുകളിൽ**

**3.1.8.1.1 കിനാവ്**

ഭർത്താവിന്റെമരണാനന്തരം ഭാര്യ ഇദ്ദ ഇരിക്കുന്ന രീതി മുസ്ലിങ്ങൾക്കിട യിൽ ഉണ്ട്. ആലിക്കുട്ടിഹാജിയുടെ മരണശേഷം ബീപാത്തു ഇദ്ദ അനുഷ്ഠിക്കു ന്നുണ്ട്. ഭർത്താവു മരിച്ചാൽ മുസ്ലിംസ്ത്രീകൾ നാലുമാസവും പത്തുദിവസവും മുറിക്കകത്തിരിക്കണം. വെള്ളവസ്ത്രമാണു ധരിക്കേണ്ടത്. അന്യപുരുഷന്മാരെ കാണാതെ ശബ്ദംകേൾക്കാതെ ലൗകികകാര്യങ്ങളൊന്നും ശ്രദ്ധിക്കാതെ അവർ പ്രാർത്ഥനയും ഖുർആൻപാരായണവുമായി കഴിഞ്ഞുകൂടും. സുഖത്തിലും ദുഃഖത്തിലും കൂടെയുണ്ടായിരുന്ന ഭർത്താവിന്റെ മരണത്തിൽ ദുഃഖമാചരിച്ചു കൊണ്ടു കഴിയും. ആഭരണങ്ങളുപയോഗിക്കുകയില്ല. സ്വരംപുറത്തു കേൾക്കാതെ പതുക്കെ സംസാരിച്ചും ആവശ്യത്തിനു മാത്രം ഭക്ഷണം കഴിച്ചും അവർ മുറിക്കുള്ളിൽ കഴിഞ്ഞുകൂടുന്നതായി നോവലിൽ പരാമർശിക്കുന്നുണ്ട് (1990:75).

**3.1.8.1.2 ഇരുട്ട്**

ആമിനയുടെ ഉപ്പയുടെ മരണശേഷം മരണാനന്തരച്ചടങ്ങുകൾ നടക്കുന്ന തായി നോവലിൽ കാണാം. ഉപ്പയുടെ ഭൗതികശരീരം കുളിപ്പിക്കാനായി

സമ്മതം ചോദിക്കുന്നുണ്ട്. നടുവകത്ത് ഒത്ത നടുവിലായിട്ട ബെഞ്ചിൽ ബാപ്പയെ കിടത്തിയിട്ടുള്ളത്. കട്ടിലിന്റെ നാലുകാലിനു ചുറ്റു ഉറുമ്പു കയറാതിരിക്കാൻ നനഞ്ഞതുണി ചുറ്റിയിട്ടുണ്ട്. ചുറ്റുമിരുന്നു മുസലിയാക്കന്മാർ ഖുർആൻ ഓതുന്നുണ്ട്. കുന്തിരിക്കത്തിന്റെയും ചന്ദനത്തിരിയുടെയും പുക റൂമിലാകെ പരന്നിട്ടുണ്ട്. കുറച്ചുകഴിഞ്ഞു ബാപ്പയെ കുളിമുറിയിലേക്ക് എടുത്തു കൊണ്ടുപോയി കുളിപ്പിക്കൽ കഴിഞ്ഞ് ഉപ്പയെ പായയിലേക്കു കിടത്തി. ഒത്ത നടുവിലായിരുന്നു പായവിരിച്ചിരുന്നത്. പായയിൽ കോടിത്തുണി വിരിച്ചിട്ട് അതിൽ നിറയെ കർപ്പൂരം വിതറി പനിനീർ തളിക്കുന്നു. കുളിപ്പിച്ചു കോടിഉടുപ്പിച്ചുകൊണ്ടുവന്ന ബാപ്പയെ കോടിത്തുണിയിൽ കിടത്തി. കൈ മാറത്തു വെച്ചു താടി കെട്ടിയിട്ടുണ്ട്. അത്തർ ശരീരമാസകലം പൂശിയിട്ടുണ്ട്. എല്ലാ ദ്വാരങ്ങളിലും മടക്കുകളിലുമായി പഞ്ഞിവെച്ച് അടച്ചിട്ടുണ്ട്. അവസാന കാഴ്ചയും കണ്ടു മുഖം മൂടി തലഭാഗത്തും കാലിലും വയറ്റിലും മൂന്നു കെട്ടുകെട്ടി മയ്യിത്തുകട്ടിലിൽ കിടത്തി. മീതെ കസവുതട്ടം വിരിച്ചു ഫാത്തിഹസൂറത്തും മറ്റു സൂറത്തുകളും ഓതി ദുആ ഇരന്ന് എല്ലാവരും ആമീൻ പറഞ്ഞു ദിക്കർ ചൊല്ലിക്കൊണ്ടു മയ്യിത്തു ഖബറടക്കുന്നതിനായി കൊണ്ടുപോയി. ഇത്തരത്തിൽ മുസ്ലിംപുരുഷന്റെ മയ്യിത്തുപരിപാലനം നോവലിൽ സൂചിപ്പിച്ചിട്ടുണ്ട് (1995:103-105).

### 3.1.8.1.3 മൊഴി

ഫാത്തിമയുടെ ഉപ്പ കോയക്കുട്ടിമാഷിന്റെ മരണശേഷം അദ്ദേഹത്തിന്റെ താടികെട്ടുകയാണ് ആദ്യം ചെയ്യുന്നത്. പിന്നീടു കാലിന്റെ പെരുവിരൽ കൂട്ടിക്കെട്ടി വെള്ളത്തുണികൊണ്ടു ദേഹമാസകലം മൂടുകയും ചെയ്യുന്നു. അദ്ദേഹം നിസ്ക്കരിക്കാറുള്ള ബെഞ്ചു നടുവകത്തു കിഴക്കുപടിഞ്ഞാറായി തിരിച്ചാണു കിടത്തിയത്. ചന്ദനത്തിരിയുടെയും ഉലുവാന്റെയും മണം വീടെങ്ങും പരക്കുന്നുണ്ടായിരുന്നു. ഇതേസമയം തന്നെ ഭാര്യയുടെ കാതിലെ ചിറ്റുകൾ ഓരോന്നായി

ഊരുകയും മറ്റുള്ള എല്ലാ സ്വർണ്ണാഭരണങ്ങളും ഊരിവെച്ച് ഇദ്ദ ഇരിക്കുന്നതിനായി തയ്യാറാവുകയും ചെയ്യുന്നുണ്ട് (1999:68).

### 3.1.8.1.4 ആകാശഭൂമികളുടെ താക്കോൽ

ഹുസൈനാജി തന്റെ മരണം സ്വപ്നംകാണുന്നതായി നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. വീടിന്റെ ഉള്ളിലെ അകത്തളത്തിൽ തന്റെ മയ്യിത്തു കിടത്തിയിരിക്കുന്നു. നടുവകത്ത് ആൾക്കൂട്ടമുണ്ട്. കുന്തിരിക്കത്തിന്റെയും ചന്ദനത്തിരിയുടെയും മണം ചുറ്റിലും. ഖുർആനിലെ യാസിൻ സൂറത്ത് ഈണത്തിൽ മയ്യിത്തിനരികിലിരുന്നു പാരായണം ചെയ്യുന്നുണ്ട്. വീടിനകത്തുനിന്നും കരച്ചിലുകൾ കേൾക്കാം. ആരുടെ ചീട്ടാണു കീറിയതെന്നും ഏതു ഇലയാണു പൊഴിഞ്ഞതെന്നും ചിന്തിച്ചു പെട്ടെന്ന് ഉറക്കം വിട്ട് ഉണരുകയാണ് അയാൾ (2008:201).

### 3.1.8.1.5 നിഴൽ

*നിഴലെ*ന്ന നോവലിൽ മുംതാസിന്റെ അമ്മോസനും ഷഹീദിന്റെ ഉപ്പയുമായ ഹമീദുകണ്ണിന്റെ മരണവുമായി ബന്ധപ്പെട്ടു മരണാനന്തരചടങ്ങുകൾ വിവരിക്കുന്നുണ്ട്. മരണമടഞ്ഞാൽ കട്ടിലിൽകിടത്തി പടിഞ്ഞാറുഭാഗത്തേക്കു ചെരിച്ചുകിടത്തും. പിന്നീട് ഉടുത്തിരുന്ന വസ്ത്രങ്ങളെല്ലാം മാറ്റി ഒറ്റമുണ്ടു കൊണ്ടു ശരീരമാസകലം മൂടും. അതു വെള്ളതുണി കൊണ്ടായിരിക്കും. ചന്ദനത്തിരി കത്തിച്ചു മുറിക്കുള്ളിൽ വെക്കും. മയ്യിത്തിനടുത്തിരുന്നു ഖുർആൻപാരായണം ചെയ്യുന്നതും ആദ്യത്തെ കുളികുളിപ്പിച്ചു മയ്യിത്തു കിടത്തുന്നതുമെല്ലാം പരാമർശിച്ചുകാണുന്നുണ്ട്. മയ്യിത്തിനെ കഫം ചെയ്യാനുള്ള തുണി അളിയന്മാരാണു കൊണ്ടുവരേണ്ടതെന്ന വിശ്വാസവും അവർക്കിടയിലുണ്ട്. മാത്രമല്ല രണ്ടാംകുളി കുളിപ്പിക്കുന്നതിനു മുമ്പായി മയ്യിത്തിനെ കുളിപ്പിക്കാൻ ബന്ധുമിത്രാദികളോടു സമ്മതം ചോദിക്കുന്നതായും മയ്യിത്ത് പരിപാലനത്തിനായി മുറ്റത്തു പെരകെട്ടുന്ന (മറച്ചുകെട്ടുക) രീതിയും നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. മയ്യിത്തിനുവേണ്ടി ദിക്റു (മന്ത്രം) ചൊല്ലുന്നതും ഖുർആൻ ഓതി (പാരായണം ചെയ്യുക)

ദുആ ഇരക്കുന്നതും ദിക്റുചൊല്ലി ഖബറടക്കുന്നതിനായി മയ്യിത്തു കൊണ്ടു പോവുന്നതും നോവലിൽ വിവരിക്കുന്നുണ്ട് (2012:43,44,48).

### 3.1.8.2 ചെറുകഥകളിൽ

#### 3.1.8.2.1 കർമപുസ്തകം

മുസ്ലിംമതവിശ്വാസത്തിൽപ്പെട്ട മരണാനന്തരം നൽകപ്പെടുന്ന കർമ്മപുസ്തകത്തെപ്പറ്റി കഥയിൽ പരാമർശിച്ചുകാണുന്നുണ്ട്. മരണത്തോടു മല്ലടിച്ചു കിടക്കുന്ന കഥാനായിക തന്റെ മരണവും മരണാനന്തരം തന്റെ ബന്ധു മിത്രാദികളിൽ ഉണ്ടാവുന്ന സംഭവങ്ങളും ഖബറിലെ ചോദ്യം ചെയ്യലുകളും അവർ അനുഭവിക്കുന്നതായി പരാമർശിച്ചുകാണുന്നുണ്ട്. ഖബറിൽവെച്ചു മുൻകർ, നകീർ എന്നീ മലക്കുകളുടെ ചോദ്യം ചെയ്യലുകളിൽ ശരിയായ ഉത്തരം പറയുകയും ചെയ്യുമ്പോൾ വിശ്വാസപ്രമാണങ്ങൾ അനുസരിച്ചു ജീവിച്ചവർക്കു വലതുകയ്യിൽ കിതാബ് (അവരവർ ജീവിതത്തിൽ ചെയ്ത പ്രവർത്തികൾ അടങ്ങിയ പുസ്തകം) നൽകപ്പെടും. അല്ലാത്തവർ നരകാഗ്നിയി ലേക്ക് എറിയപ്പെടുകയും ചെയ്യുന്നതായി പറയുന്നു. ആശുപത്രിക്കിടക്കയിൽ വെച്ച് അവർ മരണം നേരിൽ കാണുകയും ഖബറിലെ അവസ്ഥകൾ ചിന്തിക്കു കയും ചെയ്യുന്നു.

#### 3.1.8.2.2 അസ്രായിൽ

മുസ്ലിംമതവിശ്വാസപ്രകാരം മരണദൂതനാണ് അസ്രായിൽ. ലോകത്താക മാനമുള്ളവരുടെ റൂഹ് (ആത്മാവ്) പിടിക്കലാണ് ഈ മാലാഖയുടെ ചുമതല. കഥാനായിക മാലാഖയുമായി സംസാരിക്കുന്ന രീതിയിലാണു കഥ എഴുതിയിട്ടു ള്ളത്. തന്റെ റൂഹു പിടിക്കാൻ മാലാഖ എത്തുമ്പോൾ ഒഴിവുകഴിവു കൾ പറഞ്ഞു തിരിച്ചയക്കുകയാണ് അവർ ചെയ്യുന്നത്. എന്നാൽ താൻ ഇല്ലെ ങ്കിലും കുടുംബവും ബന്ധുക്കളും ഭർത്താവും മക്കളുമെല്ലാം സുഖത്തോടെ

ജീവിക്കുമെന്നു തിരിച്ചറിയുമ്പോൾ മരണമാലാഖയ്ക്കു തന്റെ ശരീരം പിടിക്കാൻ അനുമതി നൽകുകയാണ് അവർ.

### 3.1.8.2.3 അദൃശ്യങ്ങളെ അറിയുന്നവൻ

ഏകദൈവവിശ്വാസത്തിൽ അടിയുറച്ചു വിശ്വസിച്ചുജീവിക്കുന്ന ഒരു കുടുംബത്തെയാണു ചെറുകഥയിൽ പരാമർശിച്ചിട്ടുള്ളത്. ഖുർആൻ, ഖുർആനിലെ സൂക്തങ്ങൾ അതിന്റെ അർത്ഥതലങ്ങൾ മുഖാമുഖം കാണുന്ന നായിക. മരണാനന്തരജീവിതത്തിലുള്ള മുസ്ലിങ്ങളുടെ വിശ്വാസവും കഥയിൽ പരാമർശിച്ചിരിക്കുന്നു.

### 3.1.8.2.4 ഒരിക്കൽകൂടി

മരണവും മരണാനന്തരചടങ്ങുകളും അതുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും *ഒരിക്കൽകൂടി* എന്ന ചെറുകഥയിൽ അവതരിപ്പിച്ചിരിക്കുന്നു. മരണത്തിന്റെമണമായാണു കുന്തിരിക്കത്തിന്റെ മണം ജമീലയ്ക്കു അനുഭവപ്പെടുന്നത്. മയ്യിത്തു കുളിപ്പിച്ചുകഴിഞ്ഞാൽ ഭാര്യയുടെ മയ്യിത്തിൽ ഭർത്താവിനും ഭർത്താവിന്റെ മയ്യിത്തിൽ ഭാര്യയ്ക്കും തൊടാൻ പാടില്ല എന്ന വിശ്വാസം മുസ്ലിങ്ങൾക്കിടയിൽ നിലനിന്നുപോരുന്നതായി കഥയിൽ പരാമർശിച്ചുകാണുന്നു.'പിയ്യാപ്ലേ ഒളുവുള്ള മയ്യിത്താ, നിങ്ങൾ തൊട്ടാ ഒളുമുറിയൂലേ?' എന്നു മൊല്ലാച്ചി പറയുന്നുണ്ടു കഥയിൽ (2014:184).

മയ്യിത്തുകുളിപ്പിക്കാൻ അനുമതിചോദിക്കുന്നുണ്ടു കഥയിൽ. കുളിപ്പിക്കൽ കഴിഞ്ഞു മേലാകെ തുവർത്തിച്ചു. ദേഹത്ത് അത്തർ പൂശി, കോടിമുണ്ട് ഉടുപ്പിച്ചു. നിസ്ക്കാരക്കുപ്പായവും മക്കനയും ഇടുവിച്ചു നടുവകത്തു വിരിച്ച പുൽപ്പായയിലെകോടിത്തുണിയിൽ കിടത്തി. അത്തർകുപ്പി അപ്പാടെ ദേഹത്തുകമഴ്ത്തി എങ്ങും പരിമളം. മൂക്കിലും ചെവിയിലും പഞ്ഞിവച്ചു.

ഇത്തരത്തിൽ മുസ്ലിംസമുദായത്തിലെ മയ്യിത്തു പരിപാലനത്തെക്കുറിച്ചു കഥയിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.179).

**3.1.8.3 അനുഭവക്കുറിപ്പുകളിൽ**

**3.1.8.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

തന്റെ വല്ലിപ്പയുടെ മരണവുമായിബന്ധപ്പെട്ട ചിന്തകൾ *ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ* എന്ന കൃതിയിൽ ബി.എം. സുഹറ സ്മരിക്കുന്നുണ്ട്. അതിൽ പ്രത്യേകമായി പരാമർശിച്ചുകാണുന്നതു സ്ത്രീകളുടെ ശവശരീരം കുളിപ്പിക്കൽ കഴിഞ്ഞാൽ അന്യ ആണുങ്ങളും പുരുഷന്റെശരീരം അന്യസ്ത്രീകളും കാണാൻ പാടില്ല എന്നുള്ളതാണ് (2015:28). അതുപോലെ ശരീരം മറവു ചെയ്യാൻ കൊണ്ടുപോവുമ്പോൾ ലാഹിലാഹ ഇല്ലള്ളാഹ് എന്നു ചൊല്ലുന്നതായും കാണാം. മയ്യിത്തു വീട്ടിലുള്ളപ്പോൾ ആ വീട്ടിൽ നിന്നും അന്നം കഴിക്കാൻ പാടില്ലെന്നുള്ള വിശ്വാസമുള്ളതായും കൃതിയിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.20). അതുപോലെ വല്ലിമ്മ നാലുമാസവും പത്തുദിവസവും മറയിലിരിക്കുന്നതായും പരാമർശിച്ചിട്ടുണ്ട് (പു.26).

**3.1.8.4 ലേഖനസമാഹാരത്തിൽ**

**3.1.8.4.1 ആരോടു ചൊല്ലേണ്ടു നാം**

**3.1.8.4.1.1 പുണ്യം തേടി**

എഴുത്തുകാരിയുടെ ഉപ്പ മരിച്ചതിനുശേഷം ഉമ്മ ആഭരണങ്ങളെല്ലാം അഴിച്ചുവെച്ചു വെള്ളവസ്ത്രം ധരിച്ചു മറ്റാണുങ്ങളെ കാണാതെ നിസ്കാരവും ഖുർആൻപാരായണവുമായി നാലുമാസവും പത്തുദിവസവും ഇരുട്ടുമുറിക്കകത്തു മറയിലിരുന്നതായിട്ടുള്ള ഓർമ്മ രേഖപ്പെടുത്തിക്കാണുന്നുണ്ട് (2013:25).

#### 3.1.8.4.1.2 മലബാറിലെ വിവാഹം മരണം

ലേഖനത്തിൽ മരണാനന്തരചടങ്ങുകളെക്കുറിച്ചു പരാമർശിച്ചുകാണുന്നു. മരണശേഷം എല്ലാവർക്കും മൂന്നുതുണിക്കഷ്ണം മാത്രമാണ് ഉള്ളത്. മയ്യിത്തിനെ തറയിൽകിടത്തുന്ന പതിവില്ല. ആറടി നീളമുള്ള ബെഞ്ചിലായിരിക്കും കിടത്തുക. ചിലയിടങ്ങളിൽ (തെക്കൻ കേരളത്തിൽ) മരിച്ചാലുടൻ മയ്യിത്തു കുളിപ്പിക്കൽ ഉണ്ടെങ്കിലും പലയിടത്തും അങ്ങനെ അല്ല. പള്ളിയിലേക്കു മറവു ചെയ്യാൻ കൊണ്ടുപോലുന്ന സമയത്തിനനുസരിച്ചായിരിക്കും കുളിപ്പിക്കുക. മയ്യിത്തിനരികിലിരുന്നു ഖുർആൻപാരായണം ചെയ്യാറുണ്ട്. ഇന്നു ചിലർ അതിനെതിരെ വാദിക്കുന്നതായും കാണുന്നുണ്ട്. മരിച്ച ആളിന്റെ അടുത്ത ബന്ധുക്കളാണു മയ്യിത്തു കുളിപ്പിക്കാൻ നേതൃത്വം കൊടുക്കുക. ഭക്തിയോടെ ദൈവനാമങ്ങളും പ്രത്യേകപ്രാർത്ഥനകളും ചൊല്ലിക്കൊണ്ടാണ് അതു നിർവ്വഹിക്കുക. കുളിപ്പിച്ചതിനുശേഷം വിലകുറഞ്ഞസാധാരണ പരുത്തി കൊണ്ടു ശരീരംമുഴുവൻ മറയ്ക്കും. സ്ത്രീകൾക്കു നിസ്ക്കാരക്കുപ്പായവും അടിവസ്ത്രവും ഉടുത്തു കൊടുക്കും. വസ്ത്രങ്ങളെല്ലാം ധരിപ്പിച്ചു മൂന്നു തുണിക്കഷ്ണത്തിലേക്കു കിടത്തും. മയ്യിത്തിന്റെ വസ്ത്രത്തിൽ സുഗന്ധദ്രവ്യങ്ങൾ ധാരാളം പൂശിയിട്ടുണ്ടാവും. മൈലാഞ്ചി ഇലയും കർപ്പൂരവും തൂവി അത്തർപൂശിയ തുണിയിൽ മയ്യിത്തിനെ കിടത്തുന്നു. കാണേണ്ടവർക്ക് അവസാനമായി കാണാൻ അവസരമൊരുക്കിയശേഷം പഞ്ഞികൊണ്ടു ദ്വാരങ്ങളെല്ലാം അടച്ചു മുഖംമൂടി അവസാനകെട്ടായ മൂന്നു കെട്ടും കെട്ടി പള്ളിയിലേക്കു കൊണ്ടുപോകും. പുരുഷന്മാർ മാത്രമാണു മയ്യിത്തിനെ അനുഗമിക്കുന്നത്. പുരുഷന്മാർ പള്ളിയിൽവെച്ചും സ്ത്രീകൾ വീട്ടിൽവെച്ചും മയ്യിത്തു നിസ്ക്കാരം നിർവ്വഹിക്കും. നിസ്ക്കാരവും പ്രാർത്ഥനയും കഴിഞ്ഞ് അടുത്ത ബന്ധുക്കളല്ലാത്തവരെല്ലാം പിരിഞ്ഞുപോകും. മരിച്ചതിനുശേഷം 3-ാം ദിവസം ബന്ധുമിത്രാദികൾ മരണപ്പെട്ട ആളുടെ വീടു സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും

പ്രത്യേകദുആയും പ്രാർത്ഥനയും നടത്തി ഭക്ഷണത്തോടെ പിരിഞ്ഞുപോവുകയും ചെയ്യുന്നതായി കാണുന്നു (2013:109).

### 3.2 വസ്ത്രധാരണം

മുസ്ലിംസമുദായത്തിനകത്തെ വസ്ത്രധാരണരീതിയെക്കുറിച്ചാണ് ഇവിടെ അന്വേഷിക്കുന്നത്.

#### 3.2.1 വിശേഷാവസരങ്ങളിൽ

വിവാഹം, സൽക്കാരങ്ങൾ, മരണാനന്തരച്ചടങ്ങുകൾ, മറ്റ് ആഘോഷങ്ങൾ എന്നിവയാണു വിശേഷാവസരങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

##### 3.2.1.1 നോവലുകളിൽ

###### 3.2.1.1.1 കിനാവ്

*കിനാവെ*ന്ന നോവലിൽ ബീപാത്തുഹജ്ജുമ്മയുടെ ഓർമ്മകളിലൂടെ ആദ്യകാലമുസ്ലിം സമ്പന്നതറവാടുകളിലെ വിവാഹദിനങ്ങളിൽ അണിഞ്ഞിരുന്ന വസ്ത്രധാരണരീതിയെകുറിച്ചു പരാമർശങ്ങൾ കാണാം. പുതുപ്പെണ്ണിന് ഉടുക്കാൻ കസവുപൂക്കളുള്ള പട്ടുതുണി. 'മാത്താവ്' എന്നറിയപ്പെടുന്ന പട്ടുതുണിയിൽ നിറയെ കസവു പൂക്കളുണ്ടായിരിക്കും. മാറത്തും കൈകളിലും കസവുപണി ചെയ്ത പട്ടുകുപ്പായം, തലയിലെ തട്ടവും പട്ടുതന്നെ. കാലിൽ മിന്നുന്ന കസവു ചെരുപ്പ്, അരയിലും കാലിലും കഴുത്തിലുമെല്ലാം പൊന്ന് ഇതായിരുന്നു മണവാട്ടിയുടെ വേഷം (1991:65).

ആൺകുട്ടികളുടെ സുന്നത്തു കല്യാണത്തിനു കോടിമുണ്ട് ഉടുപ്പിച്ചാണ് കുട്ടികളെ സുന്നത്തു കഴിപ്പിക്കാനായി കൊണ്ടുപോവുന്നത് എന്നു നോവലിൽ കാണുന്നു. അതുപോലെ ഏഴാം ദിവസം കുട്ടികളെ കുളിപ്പിച്ചു പുതുവസ്ത്രം ധരിപ്പിച്ചു തലയിൽ പട്ടുറുമാലും കാലിൽ പുത്തൻ ചെരിപ്പും അണിയിച്ചു പളളി

യിൽ കൊണ്ടുപോവുന്നു. ഒസ്സാന് പുതിയമുണ്ടും കുപ്പായവും പണവും നൽകുന്നതായും പരാമർശിച്ചു കാണുന്നു(പു.31).

പെരുന്നാൾദിനങ്ങളിൽ പുതിയതുണിവാങ്ങുകയും ഉടുക്കുകയും ചെയ്യുന്നതായി നോവലിൽ സൂചിപ്പിച്ചിട്ടുണ്ട്(പു.46).

ഭർത്താവു മരണപ്പെട്ടപ്പോൾ ബീപാത്തുഹജ്ജുമ്മ വെള്ളവസ്ത്രം ധരിച്ചു നാലുമാസവും പത്തുദിവസവും മുറിക്കകത്ത് ഇരുന്നിരുന്നതായി പരാമർശമുണ്ട് (പു.74).

**3.2.1.1.2 ഇരുട്ട്**

മുനീറ എന്ന കഥാപാത്രത്തിന്റെ വിവാഹവുമായി ബന്ധപ്പെട്ടു പ്രത്യേക വസ്ത്രധാരണരീതി അവതരിപ്പിച്ചിട്ടുണ്ട്. ധാരാളം ഞൊറികളുള്ള ഇളം ചുവപ്പുപട്ടുപാവാട. അരികിനു വീതിയുള്ള കസവു ബോർഡർ. പാവാടയിൽ നിറയെ കസവുപൂക്കൾ. അതേ നിറത്തിലുള്ള ബ്ലൗസിനും മാറത്തും കൈകളിലും കസവുപണി. തലയിൽ നാലരികിലും കസവുഞൊറികളുള്ള ചുവന്ന നെറ്റ്. നെറ്റിൽ നിറയെ കസവുപൊട്ടുകൾ കാലിലിടാൻ കസവ് ചെരുപ്പ്. മണവാട്ടിയെ അണിയിച്ചൊരുക്കാൻ ബ്യൂട്ടീഷനും ഉണ്ട് (2008:14). വിവാഹത്തിനിടാൻ മറ്റൊരുവസ്ത്രവും വാങ്ങിയിട്ടുണ്ട്.

**3.2.1.1.3 നിലാവ്**

*നിലാവെ*ന്ന നോവലിൽ നസീമയെന്ന കഥാപാത്രത്തിന്റെ വിവാഹത്തോടനുബന്ധിച്ച് അവരുടെ വിവാഹവസ്ത്രത്തെക്കുറിച്ചും ആഭരണങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. ഉമ്മയുടെ കാലത്ത് ഉപയോഗിച്ചിരുന്ന ബനാറസിൽ നിറയെ പൂക്കളുള്ള പട്ടുതട്ടവും അവൾക്കു നൽകുന്നതായി പറയുന്നുണ്ട്. അതു ധരിച്ചുകൊണ്ടാണ് അവൾ മണവാട്ടി ആകുന്നത്. അതുപോലെ വിവാഹദിനത്തിൽ നസീമയുടെ ഉമ്മാമ്മയും ബന്ധത്തിലെ ഇതര സ്ത്രീകളും മനോഹ

രമായി കാച്ചിയും മുണ്ടും കസവുകരതട്ടവുമിട്ടു നന്നായി അണിഞ്ഞൊരുങ്ങിയതായി പരാമർശിച്ചു കാണുന്നു. കഴുത്തിലും പതിവായി ധരിക്കുന്ന മാല കൂടാതെ രണ്ടു ചുറയുള്ള മണിമാലയും മുല്ലമൊട്ടുമാലയും ഉപയോഗിച്ചിട്ടുള്ളതായും കാണുന്നു(2012:71).

നസീമയുടെ താത്ത പ്രസവിച്ചുകിടക്കുന്നതായും അവർ വെളുത്ത വസ്ത്രം ധരിച്ചു പ്രസവമുറിയിൽ കഴിയുന്നതായും സൂചനയുണ്ട്.

### 3.2.1.1.4 ആകാശഭൂമികളുടെ താക്കോൽ

പ്രസവംകഴിഞ്ഞ് ഐഷാത്തയുടെ നാൽപതു കുളിക്കു ശേഷം പുതിയ പട്ടുസാരിയും ആഭരണങ്ങളും അണിയിച്ചു പുതുനാരിയെപ്പോലെ കൊണ്ടുവന്നിരുത്തി ഒപ്പനക്കാരികൾ ഒപ്പനകളിക്കുന്നതായും നോവലിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ കുട്ടിക്കു മുടികളഞ്ഞു പുത്തൻ വസ്ത്രവും സ്വർണ്ണാഭരണങ്ങളും ധരിപ്പിക്കുന്നതായും കാണാം (2011:51,53). പേറ്റിച്ചിക്കും മുടികളയുന്ന ഒസ്സാനും പുതിയവസ്ത്രങ്ങൾ വാങ്ങിനൽകുന്നുമുണ്ട്.

### 3.2.1.1.5 നിഴൽ

റാബിയയുടെ പേറ്റുനേർച്ച സമയത്തു കോടിയുടുപ്പിച്ചു കസേരയിലിരുത്തിയാണു മൈലാഞ്ചി അണിയിക്കുന്നതും മറ്റു ചടങ്ങുകൾ നടത്തുന്നതും.ഷാജിയുടെ വിവാഹദിനത്തിൽ പട്ടുജുബ്ബയും കസവുകരമുണ്ടുമായിരുന്നു അവന്റെ വേഷം. അതുപോലെ മറ്റാണുങ്ങൾ ഷർട്ടും മുണ്ടും സ്ത്രീകൾ പട്ടുസാരിയും കുട്ടികൾ ഉടുപ്പുമാണുധരിച്ചിരുന്നതെന്നു നോവലിൽ കാണുന്നു (2012:242).

### 3.2.1.1.6 പ്രകാശത്തിനുമേൽ പ്രകാശം

വിവാഹവുമായിബന്ധപ്പെട്ടു *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവ

ലിലെത്തുമ്പോൾ വേഷവിധാനങ്ങളിൽ വ്യത്യാസം പ്രകടമായി കാണുന്നുണ്ട്. പലരും പലതരത്തിലുള്ള വസ്ത്രങ്ങളാണു ധരിച്ചിട്ടുള്ളത്. കസവുമുണ്ടും ഖാദിസിൽക്കിന്റെ ഷർട്ടുമായിരുന്നു ഷംസുദ്ദീൻ വക്കീലിന്റെ വേഷം. ഖാദർ സൂട്ടാണുധരിച്ചിരുന്നത്. സൈനു ചന്ദനനിറത്തിൽ ചുവപ്പു ബോർഡറുള്ള സിൽക്കുസാരി. വരനോടൊപ്പം വരുന്നവരിൽ പ്രായം ചെന്നവർ സൂട്ടും കോട്ടുമണിഞ്ഞെത്തിയപ്പോൾ ചെറുപ്പക്കാർ മാറത്തു കസവുപണികളുള്ള ഷെർവാണിയായിരുന്നു ധരിച്ചിരുന്നത്. പുതുമാരനായ ഷിഹാബ് മെറൂൺ നിറത്തിലുള്ള ഷെർവാണിയും ക്രീം നിറത്തിലുള്ള പൈജാമയും മാറത്തൊരു കസവുഷാളും തലയിൽ റോസ് നിറത്തിലുള്ള തലപ്പാവും ധരിച്ചിരുന്നു. ചെറുപ്പക്കാരികളെല്ലാം ഇളം മഞ്ഞ നിറത്തിലുള്ള കസവു പണിചെയ്ത ലഹങ്കയായിരുന്നു ധരിച്ചിരുന്നത്. കുട്ടികളായ നാദിയയും നയിമയും പച്ചനിറത്തിലുള്ള മിന്നിത്തിളങ്ങുന്ന ലാച്ചയായിരുന്നു വേഷം. സ്ത്രീകളെല്ലാം പട്ടിലും പൊന്നിലും തിളങ്ങിയതായും പരാമർശമുണ്ട് (2012:266,267). ഇളം മഞ്ഞലാച്ചയായിരുന്നു റുക്സാനയുടെ വേഷം. അതിൽനിറയെ കസവുപണികളുണ്ടായിരുന്നു. കൂടാതെ അവളുടെ മുഖം പട്ടുദുപ്പട്ടയാൽ മറച്ചിരുന്നു എന്നും സൂചിപ്പിച്ചു കാണുന്നുണ്ട്. ലഹങ്ക, ലാച്ച എന്നീ പുതിയതരം വസ്ത്രങ്ങളുടെ കടന്നു വരവു വളരെ കൃത്യമായി ഈ നോവലിൽ രേഖപ്പെടുത്തിയിരിക്കുന്നു. പരമ്പരാഗത വസ്ത്രധാരണരീതിയിൽ നിന്നു കേരളീയമുസ്ലിംയുവതികൾ മാറുന്നതിന്റെ സൂചനയായി ഇതിനെ അടയാളപ്പെടുത്താം.

#### 3.2.1.2 ചെറുകഥകളിൽ

##### 3.2.1.2.1 ആകാശപ്പറവകൾ

ഖൈറു എന്ന ഭിന്നശേഷിക്കാരിയായ കഥാപാത്രം കല്യാണത്തിനു തനിക്കു പട്ടുചേല വാങ്ങിത്തരണമെന്ന് ഉമ്മയോടു പറയുന്നതായി കഥയിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അവളുടെ മരണസമയത്തുവെറും മൂന്നുകഷണം

വെള്ളത്തുണിയിൽ തന്റെ മകൾ യാത്രപോവുന്നതു കണ്ണീരോടെ ഉമ്മ നോക്കി നിൽക്കുന്നതായും അവതരിപ്പിച്ചിട്ടുണ്ട് (2014:134).

**3.2.1.2.2 അറബിപ്പുതിയാപ്ല**

സാബിറയെ വിവാഹം കഴിക്കാൻ പോവുന്ന അറബി അവൾക്കു ധരിക്കാനായി ലങ്കുന്ന ചുരിദാർ രണ്ടെണ്ണം കൊടുത്തയച്ചതായി കഥ യിൽ പരാമർശിച്ചു കാണുന്നു (2014:195).

**3.2.1.2.3 പൊങ്ങച്ചപ്പാത്തുമ്മമാരുടെ ലോകം**

കഥാനായികപങ്കെടുത്ത ഒരു വിവാഹസൽക്കാരത്തിൽ വരൻ സൂട്ടും കോട്ടും ധരിച്ചു വിയർപ്പിൽ മുങ്ങി നിൽക്കുന്നതായി പറയുന്നു. സൽക്കാരത്തിൽപങ്കെടുക്കുന്ന സ്ത്രീകളാകട്ടെ വിലകൂടിയ പട്ടുസാരി, സിൽക്കുസാരി, കാശ്മീർ സിൽക്കു കൊണ്ടുള്ള സാരി എന്നിവയെല്ലാം ധരിച്ചി രിക്കുന്നതായി സൂചനയുണ്ട് (2014:272,73).

**3.2.1.3 അനുഭവക്കുറിപ്പുകളിൽ**

വസ്ത്രധാരണരീതികൾ പരാമർശിക്കപ്പെടുന്നില്ല.

**3.2.1.4 ലേഖനസമാഹാരത്തിൽ**

**3.2.1.4.1 ആരോടുചൊല്ലേണ്ടു നാം**

**3.2.1.4.1.1 പുണ്യം തേടി**

ഉപ്പയുടെ മരണശേഷം ഉമ്മ വെള്ളവസ്ത്രം ധരിച്ച് ഇദ ഇരുന്നിരുന്ന തായി ലേഖനത്തിൽ സൂചിപ്പിച്ചു കാണുന്നുണ്ട് (2013:25).

**3.2.1.4.1.2 വൻദോഷങ്ങൾ വർജ്ജിക്കുക**

വിവാഹദിനത്തിൽ ധരിക്കാൻ വാങ്ങുന്ന വസ്ത്രങ്ങൾക്കു ലക്ഷങ്ങൾ

വിലവരുന്നതായും ധരിക്കുന്ന വസ്ത്രത്തിന്റെ തരം നോക്കി വീട്ടുകാരുടെ പദവി നിർണ്ണയിക്കുന്നതായും ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട്. ലക്ഷങ്ങൾ വിലമതിക്കുന്ന വസ്ത്രങ്ങൾക്കു ചുളിവുപോലും പറ്റുകയില്ലെന്നും കാണാം (2013:50).

**3.2.1.5** ആദ്യകാലമുസ്ലിംസാമൂഹ്യജീവിതം പശ്ചാത്തലമാക്കിയുള്ള രചനകൾ പരിശോധിക്കുമ്പോഴും ബി. എം. സുഹറയുടെ കൃതികൾ പരിശോധിക്കുമ്പോഴും വിവാഹത്തിനും വിവാഹവുമായിബന്ധപ്പെട്ട ചടങ്ങുകൾക്കും പ്രാധാന്യം നൽകുന്നതായി കാണാം. സ്ത്രീകളുടെ വസ്ത്രധാരണരീതിക്കു കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. പി. എ. മുഹമ്മദ് കോയയുടെ *സുൽത്താൻ വീട്, സുറുമയിട്ട കണ്ണുകൾ* എന്നീ കൃതികളിൽ മണവാട്ടിമാർ വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും അണിയുന്നതായി പരാമർശമുണ്ട്. തറവാടുമഹിമ കാണിക്കാൻ വേണ്ടിയാണ് അത്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരാണ് ഇത്തരത്തിൽ കാണിക്കുന്നത്. ബി. എം. സുഹറയുടെ രചനയിലും ഇവ പ്രകടമായികാണുന്നുണ്ട്.

### 3.2.2 ദൈനംദിനവസ്ത്രധാരണം

#### 3.2.2.1 നോവലുകളിൽ

##### 3.2.2.1.1 കിനാവ്

കാച്ചിയും കുപ്പായവുമാണു സ്ത്രീകളുടെ പ്രധാനപ്പെട്ട സാധാരണ വേഷം എന്നു *കിനാവ്* എന്ന നോവലിൽ പരാമർശിച്ചു കാണുന്നുണ്ട്. കൂടാതെ ഉടുപ്പ്/ചേലകുപ്പായം എന്ന വസ്ത്രത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. എന്നാൽ രണ്ടാംക്ലാസു കഴിഞ്ഞതിൽ പിന്നെ ചേലകുപ്പായമിടാൻ ഉമ്മ സൈനുവിനെ അനുവദിക്കുന്നില്ല. മുട്ടു മറയ്ക്കാത്ത കുപ്പായമിടുന്നതു ഹറാമാണെന്നതായിരുന്നു അതിനു കാരണം. പകരം കാച്ചിയും കുപ്പായവും തട്ടമുമിട്ടാണു സ്കൂളിൽ പോയിരുന്നത്. വൈക്കം മുഹമ്മദ് ബഷീറിന്റെ *പാത്തുമ്മായുടെ ആട്,*

*ബാല്യകാലസഖി* തുടങ്ങിയ നോവലുകൾ പരിശോധിക്കുമ്പോഴും ഇതേ പ്രമേയമുള്ള മറ്റു എഴുത്തുകാരുടെ രചനകൾ പരിശോധിക്കുമ്പോഴും കാച്ചിയും കുപ്പായവുമിട്ട സ്ത്രീ കഥാപാത്രങ്ങളെയാണു കാണാൻ കഴിയുക.

**3.2.2.1.2 മൊഴി**

ജനിച്ചുവളർന്ന ഉൾഗ്രാമത്തിൽ ചുരിദാറും കമ്മീസും ധരിച്ചു നടന്നിരുന്ന ഫാത്തിമയ്ക്ക് ഭർത്താവിനോടൊപ്പം വിദേശത്തെത്തിയതോടെ തന്റെ വസ്ത്രധാരണരീതിയിൽ മാറ്റം വരുത്തേണ്ടി വരികയാണ്. ഭർത്താവിന്റെ നിലക്കും വിലയ്ക്കുമനുസരിച്ചു സാരി ധരിക്കാൻ അവൾ നിർബന്ധിതയാവുന്നു. പതുക്കെ അവൾ അതിനോടുയോജിച്ചു പോവുകയും ചെയ്യുന്നതായി നോവലിൽ കാണാം.

ഫാത്തിമയുടെ ഉപ്പ ഒരു സ്കൂൾ അധ്യാപകനായിരുന്നു. അദ്ദേഹം നിത്യവും വെള്ളമുണ്ടും വെള്ള ഫുൾകൈ ഷർട്ടുമാണുധരിച്ചിരുന്നതെന്നു നോവലിൽ പരാമർശിക്കുന്നുണ്ട്(2007:166).

ഉമ്മ കാച്ചിത്തുണിയും കുപ്പായവും തട്ടവുമാണു സാധാരണയായി ധരിച്ചിരുന്നതെന്നും പ്രത്യേകമെന്തെങ്കിലും വിശേഷമുണ്ടായാൽ കാച്ചിത്തുണിയും കുപ്പായവും കസവുതട്ടവും ധരിച്ചിരുന്നുവെന്നും നോവലിൽ പരാമർശിച്ചു കാണുന്നുണ്ട്(പു.198,67).

**3.2.2.1.3 ഇരുട്ട്**

നോവലിലെ പുരുഷന്മാരെല്ലാം ഷർട്ടും മുണ്ടുമാണു ധരിച്ചിരിക്കുന്നത്. ധനികനായ കീരിയാടൻ മൊയ്തുഹാജി മകനെ കോളേജിൽ ചേർക്കാൻ പോവുമ്പോൾ മകനെകൊണ്ടു മുഴുകയ്യൻ ഷർട്ടും ഒറ്റമുണ്ടും തലയിൽ ജിന്നാത്തൊപ്പിയും ധരിപ്പിച്ചതായി കാണുന്നു(2008:86). കുപ്പായവും കാച്ചിയും തട്ടവും ധരിക്കുന്നവരും സാരി, ചുരിദാർ എന്നിവ ധരിക്കുന്നവരുമായ സ്ത്രീകളെ

*ഇരുട്ടിൽ* ചിത്രീകരിച്ചിട്ടുണ്ട്. ആമിന സാധാരണയായി വീട്ടിൽ ഉപയോഗിക്കുന്നതു സാരിയാണ്. അവളുടെ ഇത്താത്തയും സാരിതന്നെയാണ് ഉടുക്കുന്നത്(പു.62). അതുപോലെ റംലത്ത് എന്ന ജമാലിന്റെ വേലക്കാരിയും സാരിയാണ് ഉടുത്തിരുന്നത് എന്നു കാണുന്നുണ്ട് (പു.80). ജമാലിന്റെ ഉമ്മ കാച്ചിയും കുപ്പായവുമാണു വീട്ടിൽ സ്ഥിരം വേഷം. ജമാൽ വാങ്ങിച്ചുകൊടുത്തിരുന്ന സാരികൾ വലിച്ചുവാരി എറിയുന്നതായും പരാമർശമുണ്ട് (പു.92). അതുപോലെ പഠിക്കാനായി ഹോസ്റ്റലിൽ ചേർത്തസമയത്തു ജമാൽ വേഷം പരിഷ്ക്കരിച്ചതായി പറയുന്നുണ്ട്. മുണ്ടുമാറ്റി പാന്റിട്ടതും മുടി വളർത്തി നേതാവായി നടന്നതുമെല്ലാം പരാമർശമുണ്ട് (പു.86,87).

#### 3.2.2.1.4 നിലാവ്

നസീമ എന്ന പെൺകുട്ടിയുടെ ചിന്തകളിലൂടെയാണു *നിലാവ്* എന്ന നോവൽ കടന്നു പോവുന്നത്. അവരുടെ ജീവിതകാലത്തെ വസ്ത്രധാരണ രീതിയെക്കുറിച്ചു നോവലിൽ പരാമർശിക്കുന്നുണ്ട്. മുതിർന്ന തലമുറയിൽപ്പെട്ട സ്ത്രീകൾ കാച്ചിയും കുപ്പായവും തട്ടവുമായിരുന്നു ധരിച്ചിരുന്നത്. നസീമയ്ക്കു പാവാടയും കുപ്പായവും തട്ടവുമായിരുന്നു വേഷം. അവളുടെ ഉമ്മ കാച്ചിത്തുണിയും കുപ്പായവും തട്ടവും തന്നെയാണുധരിച്ചിരുന്നത്(2013:76). ആർഭാടകാലത്തു വിലകൂടിയ വസ്ത്രങ്ങളായിരുന്നെന്നും പ്രതാപംകുറഞ്ഞതോടെ വസ്ത്രങ്ങൾക്കും മങ്ങലേറ്റു എന്നും നോവലിൽ പരാമർശിക്കുന്നുണ്ട്(പു.48).

#### 3.2.2.1.5 ആകാശഭൂമികളുടെ താക്കോൽ

രണ്ടുതലമുറകളിലെ വസ്ത്രധാരണയുമായിബന്ധപ്പെട്ടകാര്യങ്ങൾ *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിൽ പരാമർശിക്കുന്നുണ്ട്. ലുങ്കിയും കുപ്പായവും തലയിൽ പുള്ളിത്തട്ടവുമാണു പ്രായമായ സ്ത്രീകളുടെ വേഷം. അതുപോലെ ഐഷ എന്ന കഥാപാത്രം കല്യാണം കഴിപ്പിച്ചയക്കും

വരെ പാവാടയും ബ്ലൗസും ഉപയോഗിച്ചു. അതിനുശേഷം അവൾക്കു ഭർത്താവിന്റെ ഇഷ്ടാനുസരണം സാരിയിലേക്കു മാറേണ്ടിവരികയാണ്. പരിഷ്ക്കാരത്തിന്റെ ഒരു അടയാളമായിരുന്നു സാരി. കല്യാണത്തിനുധരിച്ച പട്ടുസാരി അഴിച്ച് ഒരു നൈലക്സ് സാരിയും ബ്ലൗസും കൈയ്യിൽ കൊടുക്കുമ്പോൾ സാരിയുടുക്കാൻ എനക്കറീല എന്ന് ഐഷാത്ത പ്രതികരിക്കുന്നുണ്ട് (2008:46). കൂടാതെ അവൾക്കു ധരിക്കാനായി മദിരാശിയിൽ നിന്നും പൈജാമയും കുപ്പായവും കൊണ്ടുവന്നിട്ടുണ്ടെന്നും ഭർത്താവായ ഹുസൈൻഹാജിയ്ക്കു ഭാര്യ അതുധരിക്കുന്നത് ഇഷ്ടമാണെന്നും ഉമ്മയെക്കൊണ്ട് അതിടുന്നതിനു സമ്മതം വാങ്ങിക്കാമെന്നും പറയുന്നുണ്ടു നോവലിൽ(2008:47). അക്കാലത്തു സർവ്വസാധാരണയായി മുസ്ലിംപെൺകുട്ടികൾ പാവാടയും ബ്ലൗസും തട്ടവുമായിരുന്നു ധരിച്ചിരുന്നത്. പരിഷ്ക്കാരികളായ ചിലസ്ത്രീകൾ കാലിൽ ഒട്ടിപ്പിടിച്ചുകിടക്കുന്ന പൈജാമയും ശരീരവടിവ് എടുത്തുകാണിക്കുന്ന മുട്ടുവരെ എത്തുന്ന കുപ്പായവും ധരിക്കുന്നതായി നോവലിൽ കാണാം. അവർ ദുപ്പട്ടകൊണ്ടു മാറും തലയും മറയ്ക്കും. സ്കൂളിൽ കൂടെ പഠിച്ചിരുന്ന ഷംഷാദും ഷഹനയും ആ വേഷമായിരുന്നു ധരിച്ചിരുന്നത് അവരുടെ വാപ്പ ഡോക്ടറായിരുന്നു. അത്തരം വസ്ത്രങ്ങൾ തനിക്കും വേണമെന്ന് ഐഷ ശാഠ്യം പിടിക്കുമ്പോൾ ഉമ്മ മറുപടി പറയുന്നത് ഇപ്രകാരമാണ്. 'മംഗലം കയിന്നതുവരെ അടക്കത്തിലും അമർച്ചയിലും വേണം നടക്കാൻ. അതു കഴിഞ്ഞാപിയ്യാപ്ലന്റെ ഇഷ്ടംപോലെ ആയിക്കോട്ടെ' (പു.48) എന്നായിരുന്നു.

വീട്ടിൽ ഇത്താത്തമാർ കല്യാണം കഴിയുന്നതുവരെ കാച്ചിയും കുപ്പായവുമായിരുന്നു ഇട്ടിരുന്നത്. കല്യാണം കഴിഞ്ഞിട്ടും ഐഷയുടെ ഇത്താത്തമാരും ഐഷയും ഉമ്മയെപോലെ കാച്ചിയും ഫുൾകൈകുപ്പായവും തട്ടവുമാണു ധരിച്ചിരുന്നത്. മുസ്ലിംസ്ത്രീകളുടെ ഇടയിൽ സാരി പ്രചരിച്ചു വന്നതേ ഉണ്ടായിരുന്നുള്ളൂ എന്ന് ഐഷ ഓർക്കുന്നുണ്ട്(പു.48). എന്നാൽ കാലം മാറിയതോടെ വസ്ത്രധാരണത്തിൽ സമൂലമായ മാറ്റം വന്നു. യാത്രക്കിടയിൽ

റോഡിൽ സ്കാർഫ് കെട്ടിയ പെൺകുട്ടികളുടെപട റംലത്തു കാണുകയാണ്. അതിൽ പർദ്ദയിട്ടവരുണ്ട് അവർ ഒരു പറ്റം ആൺകുട്ടികളോടു കിന്നാരം പറഞ്ഞുകൊണ്ടു നടന്നു നീങ്ങുകയാണ്. ചില പെൺകുട്ടികൾ ബുർഖ ധരിച്ചിട്ടുണ്ട്. പണ്ടാണെങ്കിൽ വലിയവീട്ടിലെ ബീവിമാർ മാത്രമാണു പർദ്ദയും ബുർഖയും ധരിച്ചിരുന്നത്. എന്നാൽ ഇന്ന് ഉള്ളവനും ഇല്ലാത്തവനും പർദ്ദ തന്നെ. ഈ വേഷം സ്വാതന്ത്ര്യത്തിന്റെ അടയാളം എന്നു ചിന്തിക്കുകയാണു നോവലിലെ കഥാപാത്രമായ റംലത്ത് (പു.93-194).

### 3.2.2.1.6 നിഴൽ

രണ്ടുദേശത്തെ മനുഷ്യരുടെ കഥപറയുന്ന നോവലാണു *നിഴൽ*. റാബിയ എന്ന കഥാപാത്രത്തിലൂടെയും അവരുടെ കുടുംബജീവിതത്തിലൂടെയുമാണു നോവൽ കടന്നു പോവുന്നത്. റാബിയ എന്ന കഥാപാത്രത്തിന്റെ സാധാരണ വസ്ത്രധാരണം മുണ്ടും കുപ്പായവും തട്ടവുമാണ്. അവളുടെ കുടുംബത്തിലെ സ്ത്രീകളെല്ലാം ധരിക്കുന്ന വേഷവും അതുതന്നെ. കല്യാണം കഴിച്ചെത്തിയ വീട്ടിലും വേഷത്തിനു മാറ്റമൊന്നും ഉണ്ടായിരുന്നില്ല. സാരി ഉടുക്കുന്നതിനെക്കുറിച്ചു റാബിയക്കു ചിന്തിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. ഓണത്തിന്റെ ദിവസം ഭർത്താവായ അസൈനാരുകുഞ്ഞു സാരി സമ്മാനമായി നൽകുമ്പോൾ മുസ്ലീങ്ങളുടെ വേഷം തട്ടവും മുണ്ടും കുപ്പായവുമാണ്. സാരി ഹിന്ദുക്കളുടെ വേഷമാണെന്നാണ് അവർ പ്രതികരിക്കുന്നത്. എന്നാൽ കാലക്രമേണ അവരുടെ തന്നെ മക്കളുടെ ഭാര്യമാർ സാരി ധരിക്കുന്നതായി നോവലിൽ സൂചിപ്പിക്കുന്നുണ്ട് (പു.48).

സമ്പന്നതറവാട്ടുകാരിയായ റാബിയ അവരുടെ ഉമ്മയുടെ വേഷവിധാനത്തെക്കുറിച്ചു നോവലിൽ ഒരിടത്തു സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്. വെള്ളപ്പട്ടിന്റെ കുപ്പായവും മിനുമിനുത്ത വെള്ളത്തുണിയും കസവുകരത്തട്ടവുമാണ് ഉമ്മയുടെ നിത്യവേഷം. പുറത്തിറങ്ങുമ്പോൾ ഉടുക്കാൻ ബനാറസ്പട്ടിന്റെ

തുണിയും കസവുപണിയുള്ള കുപ്പായവും. കൈയിലും കാതിലും കഴുത്തിലും നിറയെ പൊന്ന്. ഉമ്മ പോകുന്ന വഴിയിൽ അത്തറിന്റെ നറുമണം. കൂടെ എപ്പോഴും രണ്ടു പണിക്കാരികൾ. ഒരു കാലഘട്ടത്തിലെ സമ്പന്നകുടുംബ ത്തിലെ മുസ്ലിംസ്ത്രീയുടെ വസ്ത്രധാരണയും അലങ്കാരവുമാണിത്.

**3.2.2.1.7 പ്രകാശത്തിനുമേൽ പ്രകാശം**

പുത്തൻതലമുറയുടെകഥപറയുന്ന നോവലായ *പ്രകാശത്തിനുമേൽ പ്രകാശത്തിൽ* പലതരത്തിലുള്ള വസ്ത്രം ധരിക്കുന്നതിനെക്കുറിച്ചു പരാമർശമു ണ്ട്. കഥാപാത്രങ്ങൾ അവർക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാൻ സ്വാതന്ത്ര്യമു ള്ളവരായി. മിന്നിത്തിളങ്ങുന്ന ചുരിദാറുകളും പർദയും ബുർഖയും കുപ്പായങ്ങ ളുമെല്ലാം ധരിക്കാൻ യഥേഷ്ടം സ്ത്രീക്കു സ്വാതന്ത്ര്യം ഉള്ളതായി കാണാം. പുരുഷന്മാർ പുറത്തു സൂട്ടും കോട്ടും പാന്റ്സുമൊക്കെ ധരിച്ചു നടക്കു ന്നതായും വീട്ടിൽ ലുങ്കിയും ബനിയനും ധരിക്കുന്നതായും കാണാം. കുപ്പാ യവും മുണ്ടും മാത്രം ധരിച്ചിരുന്ന പുരുഷന്മാരിൽനിന്നും കാലാനുസൃതമായ മാറ്റം ഇവിടെ സംഭവിക്കുന്നു (2012:137,38).

നോവലിലെ സമീറ എന്ന കഥാപാത്രം വീട്ടിൽ സാധാരണയായി ചുരി ദാറാണു ധരിക്കുന്നത് (പു.164). വിദേശനാട്ടിലായതിനാൽ അവർ പള്ളിയിൽ പോവുമ്പോൾ ചുരിദാറിനുമുകളിൽ അബായയിടുന്നുണ്ട്. അറബിസ്ത്രീ കളെപ്പോലെ സ്കാർഫ് ധരിക്കുന്നുണ്ട്. അതുപോലത്തന്നെ വിദേശത്തു ജനിച്ചുവളർന്ന റോഷീന ജീൻസും ടോപ്പും സാധാരണ വേഷമായി ഉപയോഗി ക്കുന്നതായി നോവലിൽ കാണാം (പു.181).

അതുപോലെ ആധുനികകാലത്ത് എഴുതപ്പെട്ട നോവലുകളായ ഖദീജ മുംതാസിന്റെ *ബർസ*, സഹീറ തങ്ങളുടെ *റാബിയ* എന്നീ കൃതികളിലെ സ്ത്രീകളുടെ വസ്ത്രധാരണ രീതിയിലും കാലാനുസൃതമായ മാറ്റങ്ങൾ

വന്നിട്ടുണ്ട്. ഫ്രോക്ക്, സാരി, ചുരുദാർ, സ്കാർഫ്, ജീൻസും ടോപ്പും, കുർത്ത തുടങ്ങിയവയെല്ലാം ഉപയോഗിക്കുന്നുണ്ട്.

**3.2.2.2 ചെറുകഥകളിൽ**

**3.2.2.2.1 കളിത്തത്ത**

*കളിത്തത്ത* എന്ന ചെറുകഥയിൽ കുഞ്ഞലീമ എന്ന കഥാപാത്രത്തിലൂടെ രണ്ടു തലമുറകളിലെ വസ്ത്രധാരണത്തെക്കുറിച്ചു പരാമർശിച്ചതായി കാണുന്നുണ്ട്.

കുഞ്ഞലീമ ജനിച്ചതും വളർന്നതും കേരളത്തിലെ മലയോരഗ്രാമത്തിലാണ്. പാവാടയും ബ്ലൗസും തലയിൽ തട്ടവുമിട്ടു മറ്റു മുസ്ലിംപെൺകുട്ടികളെപ്പോലെയാണ് അവളും സ്കൂളിൽ പോയിരുന്നത്. ഇസ്ലാമാകണമെങ്കിൽ കറുത്ത കുപ്പായമിടണമെന്ന് അന്നാരും പറഞ്ഞുകേട്ടില്ല അവൾ. അവളുടെ ഉമ്മയും ഉമ്മാമ്മയുമൊക്കെ കാച്ചിയും കുപ്പായവും തലയിൽ തട്ടവുമിട്ടിരുന്നു. പുറത്തിറങ്ങുമ്പോൾ തട്ടംകൊണ്ടു മാറുമറയ്ക്കും എന്നാലും അവരെല്ലാം കറകളഞ്ഞ ഇസ്ലാമീങ്ങളായിരുന്നു. വിദേശത്തേക്കെത്തിയതോടെ അവൾക്കു മാറേണ്ടതായി വരുന്നുണ്ട്. മുഖവും ശരീരവും മറച്ചുകൊണ്ടു ജീവിക്കാൻ നിർബന്ധിതയാവുന്നുണ്ട്. ഭർത്താവിനും എത്തിപ്പെട്ട സ്ഥലത്തെ നിയമങ്ങൾക്കും വിധേയപ്പെട്ടു ജീവിക്കേണ്ടിവരുന്നു. ഭർത്താവുമായി വസ്ത്രസ്വാതന്ത്ര്യത്തെപ്പറ്റി അവൾ നിരന്തരം തർക്കത്തിലേർപ്പെടുന്നുണ്ട്. പക്ഷേ ആ തർക്കത്തിൽ അവൾ വിജയിക്കാറുണ്ടായിരുന്നില്ല (2014:17-18).

**3.2.2.2.2 ചോയിച്ചി**

*ചോയിച്ചി* എന്ന ചെറുകഥയിലും മുസ്ലിംസമുദായത്തിനകത്തെ സ്ത്രീകളുടെ വസ്ത്രധാരണയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഇസ്ലാമീങ്ങൾ മാത്ര

മാണു കുപ്പായമിടുന്നതെന്നും ഹിന്ദുക്കൾ റൗക്കയാണ് ഉപയോഗിക്കുന്ന തെന്നും പരാമർശിച്ചുകാണുന്നുണ്ട് (പു.71).

#### 3.2.2.2.3 വത്തക്ക

സാമ്പത്തികമായി മുന്നോക്കംനിൽക്കുന്ന കുടുംബത്തിനകത്തെ വസ്ത്ര ധാരണരീതിയെക്കുറിച്ചു *വത്തക്ക* എന്ന ചെറുകഥയിൽ പരാമർശിച്ചതായി കാണുന്നുണ്ട്. കാതിൽ അലിക്കത്തും കൈകളിൽ നിറയെ വളകളും കഴുത്തിൽ ഞാലിച്ചവടിയും ഇല്ലാതെ സ്ത്രീകൾ നടക്കാറുണ്ടായിരുന്നില്ല. മിന്നുന്ന പട്ടുകു പ്പായവും റങ്കുള്ള തട്ടവുമായിരുന്നു വീടിനകത്തുപോലും ധരിച്ചിരുന്നതെന്നും സമ്പത്തില്ലാതായതോടെ എല്ലാം ഇല്ലാതായെന്നും കഥയിൽ പരാമർശിച്ചുകാ ണുന്നു. അതായതു സമ്പത്തു വസ്ത്രധാരണരീതിയെ നിർണയിക്കുന്ന പ്രധാന ഘടകം തന്നെയാണെന്ന സൂചന കഥ നല്കുന്നു (പു.76).

#### 3.2.2.2.4 പൊങ്ങച്ചപാത്തുമ്മമാരുടെ ലോകം

ഈ കഥയിൽ - സ്ത്രീകൾ തമ്മിലുള്ള 'ബഡായി' പറച്ചിലിനിടയിൽ വിലപിടിച്ച സാരി, ആടയാഭരണങ്ങൾ എന്നിവയെല്ലാം ചേർത്തുകൊണ്ടുള്ള പൊങ്ങച്ചപ്പറച്ചിലുകൾ കടന്നുവരുന്നുണ്ട് (പു.269).

#### 3.2.2.2.5 'യാത്രയിലെ ദുരിതങ്ങൾ'

പർദ്ദ ഫാഷനായി മാറിയതോടെ തനിക്കു വ്യത്യസ്തങ്ങളായ പർദയും മക്കനയും വാങ്ങിത്തരണമെന്നു ഹൈറു എന്ന കഥാപാത്രം ഭർത്താവായ അൻവറിനോട് ആവശ്യപ്പെടുന്നതായി കാണാം (പു.293). അതുപോലെ സാരി, മാക്സി എന്നിവ സാധാരണമായി സ്ത്രീകൾ ഉപയോഗിച്ചുവരുന്ന വസ്ത്രങ്ങ ളാണെന്നും കഥയിൽ പരാമർശിച്ചുകാണുന്നുണ്ട്.

#### 3.2.2.2.6 പാവം അത്യമാൻകുട്ടി

കുഞ്ഞിബി തന്റെ മകളെ ദുബായിക്കാരനെക്കൊണ്ടു വിവാഹം കഴിപ്പി ക്കാനാണ് ആഗ്രഹിക്കുന്നത്. അതിനുകാരണം പറയുന്നതു മകളെ കെട്ടിച്ച് അവളുടെ ഭർത്താവു ദുബായിൽനിന്നു കൊണ്ടുവരുന്ന ഫോറിൻ സാരിയും ചൈനാസിൽക്കിന്റെ സാരിയും നിറയെ കസവുള്ള മിന്നുന്ന ബ്ലൗസും ധരി ക്കാൻ വേണ്ടിയാണ് എന്നാണ്. അവളുടെ ഇത്താത്ത അത്തരം വേഷങ്ങളാണു ധരിക്കുന്നത് (2014:244).

### 3.2.2.3 അനുഭവക്കുറിപ്പുകളിൽ

#### 3.2.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

മുതിർന്നസ്ത്രീകൾ കാച്ചിത്തുണിയും കുപ്പായവും തട്ടവും ധരിക്കുന്ന തായും പുരുഷൻമാർ ഷർട്ടും മുണ്ടും ധരിക്കുന്നതായും സൂചിപ്പിച്ചിട്ടുണ്ട്. എഴുത്തുകാരിയുടെ ഉമ്മയുടെ പ്രായമുള്ളവർ സാധാരണയായി സാരിയാണു ധരിച്ചിരുന്നത്. പുറത്തുപോവുമ്പോൾ പർദ്ദയും ബുർഖയും ധരിച്ചിരുന്നതായി സൂചിപ്പിക്കുന്നുണ്ട്. കുട്ടികൾ കുപ്പായവും ട്രൗസറും പെൺകുട്ടികൾ അരപ്പാവാടയും ബ്ളൗസുമാണു ധരിക്കുന്നത്. ചിലർ തട്ടം ധരിക്കും തട്ടത്തിനു രണ്ട് അറ്റത്തും പിന്നുകൊണ്ടു കുത്തിവെക്കും. പുതിയ സ്കൂളിൽ പോയപ്പോൾ അരപ്പാവാടയും ബ്ളൗസുമാണു യൂനിഫോം എന്നറിഞ്ഞപ്പോൾ ഉമ്മ വഴക്കുപറ യുകയും പഠനം നിർത്താൻ ആവശ്യപ്പെടുകയും ചെയ്യുന്നതു സ്മരിക്കുന്നുണ്ട് (2018: 148). പഠനം നിർത്താതിരിക്കാൻ പ്രത്യേക അനുവാദത്തോടെ പൈജാ മയും കുപ്പായവും ഇടുന്നുണ്ട് (പു:73,138,148).

#### 3.2.2.4 ലേഖനസമാഹാരത്തിൽ

#### 3.2.2.4.1 ആരോടുചൊല്ലേണ്ടുനാം

#### 3.2.2.4.1.1 നമ്മുടെ സംസ്ക്കാരവും വേഷവും

വേഷംകൊണ്ടും ഭാവംകൊണ്ടും തങ്ങളുടെ ജാതിപ്രകടിപ്പിക്കുന്നവർക്കേ സ്വന്തം സമുദായത്തിൽ നിലനിൽപ്പൊള്ളൂ എന്ന ചിന്ത ജനങ്ങളിൽ വന്നിട്ടുണ്ട്. അതുകൊണ്ടു വസ്ത്രധാരണത്തിലൂടെ സമൂഹത്തെയും സമുദായത്തെയും ബോധ്യപ്പെടുത്താൻ ആളുകൾ നിർബന്ധിതരാവുകയാണ്. വസ്ത്രധാരണം മൗലികാവകാശമാണ്. അതു നിർബന്ധിക്കാൻ പാടുള്ളതല്ല എന്നും ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതുപോലെ കാലാവസ്ഥക്കനുയോജ്യമായ വസ്ത്രധാരണമാണ് ആദ്യകാലങ്ങളിൽ ആളുകൾ ഉപയോഗിച്ചിരുന്നത്. കാച്ചിയും പെങ്കുപ്പായവും തട്ടവുമായിരുന്നു മുസ്ലിംസ്ത്രീകളുടെ വേഷം. വീട്ടിലാകുമ്പോൾ തട്ടം തലയിൽ ചുറ്റിക്കെട്ടുകയാണു പതിവ്. പുറത്തിറങ്ങുമ്പോൾ തട്ടംകൊണ്ടു മാറുമറക്കും. കാലംമാറിയതോടെ പരമ്പരാഗതവേഷം മാറി സാരിയും ചുരിദാറും ഉപയോഗിക്കാൻ തുടങ്ങി. നഗ്നത വെളിപ്പെടുത്താതെയുള്ള വസ്ത്രധാരണരീതിയാണു മാന്യമായ വേഷമെന്നും എഴുത്തുകാരി പറയുന്നുണ്ട്. നിങ്ങളുടെ ശിരോവസ്ത്രങ്ങൾ മാറിലേക്കു താഴ്ത്തിയിടുകയും ശരീരഭാഗങ്ങൾ വേണ്ടരീതിയിൽ മറക്കുകയും ചെയ്യണമെന്ന ഖുർആൻവാചകത്തെയും അവർ പ്രതിപാദിക്കുന്നുണ്ട്.

എഴുത്തുകാരിയുടെ കുട്ടിക്കാലത്തു ചേലക്കുപ്പായമെന്നറിയപ്പെടുന്ന ഉടുപ്പു ധരിച്ചിരുന്നു. മുതിർന്നപ്പോൾ പാവാടയും തട്ടവും ധരിക്കാൻ തുടങ്ങി. അറുപതുകളുടെ തുടക്കത്തോടെ ഉത്തരേന്ത്യൻ വേഷമായ സൽവാർക്കമ്മീസ് കേരളത്തിലും പ്രചരിച്ചുതുടങ്ങിയെന്നും പാവാടയെക്കാൾ ശരീരംനന്നായി മറയ്ക്കുന്നതുകൊണ്ടു മുസ്ലിംപെൺകുട്ടികൾ സൽവാർ ധരിച്ചു എന്നാണ് എഴുത്തുകാരിയുടെ പക്ഷം. സ്കൂളിൽ പോയിരുന്ന സമയത്തു ഷോർട്ട് സ്കർട്ടിനും

ബ്ലൗസിനും പകരമായി പ്രത്യേക അനുവാദത്തോടെ സൽവാർ കമ്മീസു ധരിച്ചിരുന്നതായും അവർ ഓർമ്മിപ്പിക്കുന്നുണ്ട്. കേരളത്തിൽ ഏറെക്കാലം സൽവാർക്കമ്മീസ് മുസ്ലിംസ്ത്രീകളുടെ വേഷമായിരുന്നുവെന്നും പിന്നീടെപ്പോഴോ അതിനു ജാതിയില്ലാതായിത്തീർന്നു എന്നും അവർ പറയുന്നു.

വിവാഹത്തോടെ സ്ത്രീകൾ പ്രത്യേകിച്ചു നഗരത്തിൽ താമസിക്കുന്നവർ സാരി ഉടുക്കുന്നതായി പരാമർശിച്ചുകാണുന്നു. 1971–ൽ എഴുത്തുകാരി തിരുവനന്തപുരത്ത് എത്തുമ്പോൾ അവിടെയുള്ള പ്രായംചെന്ന സ്ത്രീകൾ മുണ്ടും നേര്യേതും വയറുമറയുന്ന ഇറക്കമുള്ള ബ്ലൗസും ധരിച്ചിരുന്നു. നേര്യേതുകൊണ്ടു മാറത്തുകൂടി ചുറ്റി തലമറക്കുന്നരീതിയും ഉണ്ടായിരുന്നതായി കാണുന്നു. ചെറുപ്പക്കാരികൾ തലമറക്കുന്നതു വളരെ അപൂർവ്വമായിരുന്നുവെന്നും പ്രതിപാദിക്കുന്നുണ്ട്. ഗൾഫ് സംസ്ക്കാരത്തിന്റെ ഭാഗമെന്നോണമാണു പർദ്ദയും സ്കാർഫും ധരിച്ചുതുടങ്ങിയതെന്നും സൂചനയുണ്ട്. ഉപഭോഗസംസ്ക്കാരത്തിന്റെ ഭാഗമായിട്ടാണു പർദ്ദ കേരളത്തിൽ സാർവ്വത്രികമായത് എന്നവർ അഭിപ്രായപ്പെടുന്നു. സ്ത്രീകൾ ഗൾഫു നാടുകളിലേക്കു പോകാൻ തുടങ്ങിയതോടെ കേരളത്തിൽ പർദ്ദക്കു പ്രിയമേറുകയും ചെയ്തു എന്നും എഴുത്തുകാരി പറഞ്ഞുവെക്കുന്നു (2013:115).

### 3.3 പാചകരീതികൾ

കൃതികളിൽ ചിത്രീകരിച്ചിട്ടുള്ള പാചകരീതികളെക്കുറിച്ചാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്. വിശേഷപ്പെട്ടദിനങ്ങളിലും സാധാരണദിനങ്ങളിലും ഉള്ള ഭക്ഷണരീതികൾ, ഭക്ഷണസൂക്ഷിപ്പുരീതികൾ എന്നിവയാണ് ഉദാഹരണങ്ങളായി സ്വീകരിച്ചിരിക്കുന്നത്.

### 3.3.1 വിശേഷാവസരങ്ങളിൽ

#### 3.3.1.1 നോവലുകളിൽ

##### 3.3.1.1.1 കിനാവ്

*കിനാവിൽ* നോമ്പുകാല ഭക്ഷണരീതിയെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. അത്താഴത്തിന്റെ സമയത്തേക്കായി നെല്ലു പുഴുങ്ങി ഉണക്കിക്കുത്തി പൊടിയരിയാക്കി സൂക്ഷിച്ചുവെക്കും. പുട്ടിനും പൊടിപ്പത്തിരിക്കുമുള്ള അരിപ്പൊടിയുണ്ടാക്കാൻ ഉണങ്ങലരി ശരിയാക്കി വെക്കും. അതു നോമ്പുതുറസമയത്തേക്കാണ്. ഇറച്ചിക്കറിയാണു നോമ്പുതുറ സമയത്ത് ഉണ്ടാവുക. അതിനായി മല്ലിയിൽ മുളകും പെരിഞ്ചീരകവും ഗരം മസാലയും മഞ്ഞളുമൊക്കെ ചേർത്തു വറുത്ത് ഇറച്ചിമസാല തയ്യാറാക്കും. അച്ചാറുകൾ നോമ്പുകാലത്തു പ്രത്യേകമുണ്ടാക്കും. പലതരം അച്ചാറുകൾ ഉണ്ടാക്കി ചീനഭരണികളിലാക്കി വെയ്ക്കും. അത്താഴത്തിനു ചോറിൽ ഒഴിച്ചു കഴിക്കാൻ പശുവിൻ നെയ്യ് മഞ്ഞളും ചെറിയ ഉള്ളിയും ചേർത്തു മൂപ്പിച്ചു കുപ്പികളിലാക്കി വെച്ചത് ഉപയോഗിക്കും. ഇവയെല്ലാം നോമ്പിനുമുമ്പേ തയ്യാറാക്കി വെക്കും. നോമ്പുതുറ സമയത്തു പ്രത്യേക പാനീയങ്ങളാണ് ഉപയോഗിക്കുന്നതെന്നു നോവലിൽ കാണുന്നു. ബദാം അരച്ചു പാലും പഞ്ചസാരയും ചേർത്ത പാനീയം ഉണ്ടായിരിക്കും. നോമ്പുതുറ സമയത്തും വലിയ നോമ്പുതുറ സമയത്തും പ്രത്യേക വിഭവങ്ങളാണ്. കാരക്കയും വെള്ളവും ബദാം അരച്ചതും ചായയും എണ്ണ പലഹാരങ്ങളുമാണു ചെറിയ നോമ്പുതുറക്ക്. വലിയ നോമ്പുതുറയ്ക്ക് അരിപ്പത്തിരി, ഇറച്ചിച്ചാറ്, കോഴിപൊരിച്ചത് എന്നിവ പ്രത്യേകം തയ്യാറാക്കുന്നുണ്ട്. പള്ളിയിലെ മുസലിയാക്കന്മാർക്കുവേണ്ടി മാത്രമായി കഞ്ഞിയും പത്തിരിയും ജീരകക്കഞ്ഞിയും പ്രത്യേകം തയ്യാറാക്കുന്നതായി കാണാം.

പെരുന്നാൾ ദിവസം നെയ്ച്ചോറും ഇറച്ചിക്കറിയും വീട്ടിൽ വിഭവസമൃദ്ധമായി ഉണ്ടാക്കുന്നതായി നോവലിൽ സൂചിപ്പിക്കുന്നുണ്ട് (1990:46,47). നബിദിന

ത്തോടനുബന്ധിച്ചു നെയ്ച്ചോറും ഇറച്ചിക്കറിയും തന്നെ. ആൺകുട്ടികൾ സുന്നത്തുകഴിഞ്ഞു കിടക്കുന്നസമയത്തു മുട്ട പുഴുങ്ങിയതും നേന്ത്രപ്പഴം പശുവിൻ നെയ്യിൽ പൊരിച്ചതും തേങ്ങാപ്പാലും നെയ്യും പുരട്ടിയ അരിപ്പത്തിരിയും കരളോ ഇറച്ചിയോ പൊരിച്ചതും പശുവിൻ നെയ്യിൽ വെച്ച നെയ്ച്ചോറും കോഴി സൂപ്പും ചായയും പലഹാരവും കോഴിപൊരിച്ചതും പത്തിരിയും തേങ്ങാപ്പാലൊഴിച്ച പൊടിയരിക്കഞ്ഞിയും സമയാസമയങ്ങളിലായി എത്തിക്കും. കുട്ടികളെക്കൊണ്ടു തീറ്റിക്കുകയും ചെയ്യും (പു.3031).

പ്രസവശുശ്രൂഷയ്ക്കായി പ്രത്യേകം ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നതായി നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. പേറ്റുമരുന്നും ലേഹ്യവും പ്രസവം കഴിഞ്ഞു മൂന്നാംപക്കം ഉണ്ടാക്കും. അതിനു പ്രത്യേക ജോലിക്കാരെയും വൈദ്യരെയും വീട്ടിൽ താമസിപ്പിക്കുന്നതായി കാണാം.

വിശേഷദിവസങ്ങളിൽ അരിയും തേങ്ങാപ്പാലും ചേർത്ത ശർക്കരപ്പായസം സ്കൂളിൽ വിളമ്പുന്നതായി സൂചനയുണ്ട്. ആഗസ്റ്റ് പതിനഞ്ച്, റിപ്പബ്ലിക്ദിനം, ഹെഡ്മാസ്റ്ററുടെ പിറന്നാൾ എന്നീ ദിവസങ്ങളിലാണു പായസം നൽകുക. അതുപോലെ സ്കൂളിൽ കുട്ടികൾക്ക് ഉച്ചയ്ക്കു കഞ്ഞിയും വൈകുന്നേരം പാലും ഉപ്പുമാവും കൊടുക്കുന്നതായി സൂചനയുണ്ട് (പു.58).

വിവാഹദിനങ്ങളിൽ പ്രത്യേകഭക്ഷണരീതിയാണു നോവലിൽ കാണുന്നത്. തികച്ചും വ്യത്യസ്തമാണു മുസ്ലിംവിവാഹദിനങ്ങളിലെ ഭക്ഷണരീതി. ഏഴുദിവസങ്ങളിലാണ് ആദ്യകാലങ്ങളിൽ സമ്പന്നമുസ്ലിംകുടുംബങ്ങളിൽ വിവാഹം ആഘോഷിച്ചിരുന്നത്. അതിൽ ഒരുദിവസം നാട്ടിലെ പാവപ്പെട്ടവർക്കു മാത്രം നെയ്ച്ചോറും ഇറച്ചിയും വിളമ്പും. മൈലാഞ്ചി, പുതുക്കം, സൽക്കാരം എന്നിവയ്ക്കു വ്യത്യസ്തവിഭവങ്ങളുണ്ടാവും. നടുവകത്തു സുപ്രയും പായും വിരിച്ചാണു പുതുക്കം വന്നവർക്കു ചോറു വിളമ്പുക. സുപ്രയുടെ ചുറ്റും വട്ടത്തിൽ പെണ്ണുങ്ങൾ ഇരുന്നാണു ഭക്ഷണം കഴിക്കുക. മുട്ടമാല

യും, പിഞ്ഞാണത്തപ്പവും, അലിസയും (ഗോതമ്പ് കുത്തിച്ചേറി ഉമികളഞ്ഞു കോഴിമുട്ടയിട്ടു വേവിക്കുന്നു. നല്ലവണ്ണം വെന്താൽ അടിച്ചു ചേർക്കുന്നു. അതാണ് അലിസ). അലിസയുടെ നടുവിൽ കുഴിയുണ്ടാക്കി പശുവിൻ നെയ്യ് ഉരുക്കിയൊഴിക്കും. ചെറിയ പിഞ്ഞാണങ്ങളിൽ പഞ്ചസാരയുമുണ്ടാകും. എല്ലാവരും ഒരുമിച്ചിരുന്നു കഴിക്കും. ഇത്തരത്തിൽ വിവാഹത്തിനും സൽക്കാര ങ്ങൾക്കും വ്യത്യസ്ത വിഭവങ്ങളാണ് ഒരുക്കുന്നത്.

സുന്നത്തുകഴിച്ചു കിടക്കുന്നകുട്ടികൾക്കു പ്രത്യേകഭക്ഷണരീതിയാ ണെന്നു നോവലിൽ പരാമർശിച്ചിട്ടുണ്ട്. രാവിലെ ചായയോടൊപ്പം മുട്ട പുഴുങ്ങി യതും നേന്ത്രപ്പഴവും നൽകും. അതിൽ പഴം പ്രത്യേകം പശുവിൻ നെയ്യിൽ പൊരിച്ചെടുത്തതായിരിക്കും. പത്തുമണിയോടെ തേങ്ങാപ്പാലും നെയ്യ് പുരട്ടിയ അരിപ്പത്തിരിയും കരളോ ഇറച്ചിയോ പൊരിച്ചതുമുണ്ടാകും. ഉച്ചയ്ക്കു പ്രത്യേക മായി പശുവിൻ നെയ്യിൽ വെച്ച നെയ്ച്ചോറും ഉണ്ടായിരിക്കും. മൂന്നു മണി യോടെ കോഴിസൂപ്പ് നൽകുന്നുണ്ട്. വൈകുന്നേരം ചായയും പലഹാരവും നൽകും. രാത്രി കോഴിപൊരിച്ചതും പത്തിരിയും ഒപ്പം തേങ്ങാപ്പാലൊഴിച്ച പൊടിയരിക്കഞ്ഞിയും നൽകും. ഇവയെല്ലാം തയ്യാറാക്കാനായി പ്രത്യേകമായി ജോലിക്കാരെ നിർത്തുന്നതായും പരാമർശമുണ്ട്. ഏഴാംദിവസം കുളിച്ചു പള്ളി യിൽ പോവുന്നു. വിഭവസമൃദ്ധമായ സൽക്കാരം നടത്തുന്നതായി നോവലിൽ പരാമർശിച്ചുകാണുന്നു (പു.30,31).

#### 3.3.1.1.2 ഇരുട്ട്

ആമിനയുടെ മകൾ മുനീറയുടെ വിവാഹത്തിനു വിഭവസമൃദ്ധമായ ഭക്ഷണം തയ്യാറാക്കുന്നതായി സൂചനയുണ്ട്. ആദ്യമായി പുതിയാപ്ല മുനീറ യുടെ വീട്ടിൽ വരുന്ന ദിവസം ഇറച്ചിയും പത്തിരിയും തേങ്ങാപ്പാലും മറ്റു വിഭവങ്ങളും ഒരുക്കുന്നതായും കാണുന്നുണ്ട്. കൂടാതെ മുനീറ ആദ്യമായി

ഭർത്തൃവീട്ടിലേക്കു വിരുന്നുപോവുമ്പോൾ ചട്ടിപ്പത്തിരിയും മറ്റു വിഭവങ്ങളും ഉണ്ടാക്കിക്കൊണ്ടുപോവുന്നതായും സൂചിപ്പിക്കുന്നുണ്ട് (1995:106,108).

#### 3.3.1.1.3 നിലാവ്

നസീമയുടെ വിവാഹവുമായിബന്ധപ്പെട്ടു നെയ്ച്ചോറും ഇറച്ചിക്കറിയും വിളമ്പുന്നതായും അതിലേക്കു പച്ചമുളകും മല്ലിച്ചപ്പും തേങ്ങയും ചേർത്തരച്ച ചട്ടിണി ഉണ്ടാക്കുന്നതായും സൂചിപ്പിക്കുന്നുണ്ട്. കോഴിയുടെ കക്കും കരളും എടുത്തു പ്രത്യേകം കറിയുണ്ടാക്കുന്നതായി പരാമർശിക്കുന്നുണ്ട് (2007:75).

#### 3.3.1.1.4 ആകാശഭൂമികളുടെ താക്കോൽ

നോമ്പുതുറസൽക്കാരത്തിന്റെ വിശദാംശങ്ങൾ നോവലിൽ പരാമർശിക്കുന്നു (2011:207-09). നോമ്പുതുറക്കായി നിറയെ ഭക്ഷണപാനീയങ്ങൾ ഒരുക്കിയിട്ടുണ്ട്. വ്യത്യസ്തനിറങ്ങളിലായി ഒരുപാടു പാനീയങ്ങൾ, ഉന്നക്കായ, സമൂസ തുടങ്ങിയ മലബാർവിഭവങ്ങൾ, പഴവർഗ്ഗങ്ങൾ നുറുക്കിവെച്ചതു തുടങ്ങി ധാരാളം വിഭവങ്ങൾ അതിനുശേഷം വിഭവസമൃദ്ധമായ നോമ്പുതുറയും ഉണ്ട്.

ഭർത്താവിന്റെ വീട്ടിലേക്കുപോവുമ്പോൾ ഭാര്യവീട്ടിൽനിന്നു വിഭവങ്ങൾ ഉണ്ടാക്കിക്കൊണ്ടുപോവുന്ന രീതി നോവലിൽ സൂചിപ്പിക്കുന്നുണ്ട്. ഹുസൈൻ ഹാജിയുടെവീട്ടിൽ പോവാൻ നിൽക്കുമ്പോൾ ചട്ടിപ്പത്തിരി കൊണ്ടുപോവാൻ മകളെ ഓർമ്മിപ്പിക്കുന്നതായി കാണാം (പു.73).

വിവാഹം, മുടികളച്ചിൽ തുടങ്ങിയ സന്ദർഭങ്ങളിൽ നെയ്ച്ചോറും കോഴിക്കറിയും ഒരുക്കുന്നതും പ്രസവവുമായിബന്ധപ്പെട്ട വിഷയങ്ങളിൽ പ്രത്യേകപലഹാരങ്ങൾ ഉണ്ടാക്കുന്നതും പരാമർശമുണ്ട്. വ്യത്യസ്തങ്ങളായ എണ്ണപ്പലഹാരങ്ങളായിരിക്കും അന്ന് ഉണ്ടാക്കുന്നത് (പു.51-53).

#### 3.3.1.1.5 നിഴൽ

നോമ്പുകാലത്തെ പ്രത്യേകഭക്ഷണരീതിയാണു *നിഴലിൽ* ചിത്രീകരിച്ചിട്ടുള്ളത്. നെയ്പ്പത്തിരി, നെയ്ച്ചോറ്, ബിരിയാണി, വ്യത്യസ്തതരം എണ്ണപ്പലഹാരങ്ങൾ, കോഴിപൊരിച്ചത്, മീൻപൊരിച്ചത്, കറിവെച്ചത് എന്നിവയെല്ലാം ഒരുക്കുന്നുണ്ട്. എണ്ണപ്പലഹാരത്തിൽ ഉന്നക്കായി എന്ന പ്രത്യേകവിഭവത്തെ പരാമർശിക്കുന്നുണ്ട്. രണ്ടുപ്രദേശത്തെയും ഭക്ഷണരീതിയിലുള്ള വൈവിധ്യം റാബിയയെ വല്ലാതെ പ്രയാസപ്പെടുത്തുന്നതായി കാണാം (2012:75,76). പെരുന്നാൾ ദിനങ്ങളിലും നബിദിനം പോലത്തെ ദിനങ്ങളിലും നെയ്ച്ചോറും ഇറച്ചിക്കറിയും ഉണ്ടാക്കുന്നതായി പരാമർശമുണ്ട്. ഓണമാഘോഷിക്കുന്നതായും അന്നു സദ്യവട്ടം ഒരുക്കുന്നതായും പറയുന്നുണ്ട് (പു.48,49).

പ്രസവവുമായിബന്ധപ്പെട്ട വയറ്റുനേർച്ചയ്ക്കു പ്രത്യേകവിഭവങ്ങൾ ഒരുക്കി എല്ലാവർക്കും നൽകുന്നതായി കാണുന്നു. വയറ്റുനേർച്ചയ്ക്കു നെയ്യപ്പമാണു പ്രധാനവിഭവം. നെയ്യപ്പം, കുഞ്ഞിക്കലത്തപ്പം, മധുരപ്പണ്ടം തുടങ്ങിയ വ്യത്യസ്ത പലഹാരങ്ങളെക്കുറിച്ചും പരാമർശമുണ്ട്. മധുരപ്പണ്ടം നോക്കി കുട്ടി ആണോ പെണ്ണോ എന്നു മനസ്സിലാക്കാൻ സാധിക്കുമെന്നുള്ള വിശ്വാസവും അവർക്കുണ്ട് (പു.150).

ഓരോ വിഭവങ്ങൾ ഉണ്ടാക്കുന്ന രീതിയും നോവലിൽ പരാമർശിച്ചിട്ടുണ്ട്. പുഴുങ്ങലരി ചേർത്തരച്ചു പഞ്ചസാര ചേർത്തു നേർപ്പിച്ച് എണ്ണയിൽ കോരി ഒഴിച്ചുണ്ടാക്കുന്ന പലഹാരമാണു കുഞ്ഞിക്കലത്തപ്പം. നെയ്യപ്പംപോലെ ആയിരിക്കും ഇതിന്റെ ആകൃതി എന്നും പഞ്ചസാര ചേർക്കുന്നതുകൊണ്ടു വെളുത്തിരിക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂട്ടിക്കഴിക്കാനായി കടലപ്പരിപ്പുവേവിച്ചു തേങ്ങയും പഞ്ചസാരയും ചേർത്തു വിളയിച്ചെടുക്കുന്ന മധുരപ്പണ്ടം നോക്കി കുട്ടി ആണോ, പെണ്ണോ എന്നു പറയാൻ സാധിക്കുമെന്നും നോവലിൽ പരാമർശിച്ചുകാണുന്നു (പു.150). കൂടാതെ ചടങ്ങിനു ക്ഷണിക്കപ്പെട്ടവർക്കു

നെയ്ച്ചോറും കോഴിക്കറിയും വയറുനിറച്ചു നൽകുന്നതായും സൂചനയുണ്ട് (പു.151).

#### 3.3.1.1.6 പ്രകാശത്തിനുമേൽ പ്രകാശം

വിദേശത്തുതാമസിക്കുന്ന സമീറയും സത്താറും നോമ്പുകാലത്തു പത്തിരിയും ഇറച്ചിക്കറിയും മീൻകറിയും പ്രത്യേകമായി ഉണ്ടാക്കുന്നതായി പറയുന്നുണ്ട്. ഉമ്മയുടെ കൈപ്പുണ്യം തനിക്കില്ലെങ്കിലും അതുപോലെ ഉണ്ടാക്കാൻ ശ്രമിക്കാമെന്നാണു സമീറ ഭർത്താവിനോടു പറയുന്നത്. വിവാഹവും വിവാഹസൽക്കാരങ്ങളും ബുഫേ സമ്പ്രദായത്തിലേക്കു മാറിയതായും വ്യത്യസ്ത നിറത്തിലും പേരിലുമുള്ള ഭക്ഷണസാധനങ്ങൾ ഒരുക്കുന്നതായും കാണുന്നുണ്ട്. ഫാസ്റ്റ്ഫുഡ് ഭക്ഷണരീതി ഇഷ്ടപ്പെടുന്നവരാണു നോവലിലെ പുതുതലമുറയിൽപ്പെട്ട കഥാപാത്രങ്ങൾ അധികവും എന്നു കാണാം (2012:113,146).

### 3.3.1.2 ചെറുകഥകളിൽ

#### 3.3.1.2.1 വത്തക്ക

നോമ്പുതുറസമയത്തു പ്രത്യേകമായി ബദാം പാലിലരച്ചു കുടിക്കാറുള്ളതായി പരാമർശിച്ചുകാണുന്നുണ്ട്. അതുപോലെ പെരുന്നാളിനു മുന്നോടിയായി അരിയും സാധനങ്ങളും പ്രത്യേകം കൊണ്ടുവന്നു സൂക്ഷിക്കുന്നതായും കാണുന്നുണ്ട് (2014:77).

#### 3.3.1.2.2 അറബിപ്പുതിയാപ്ല

സാബിറ എന്ന കഥാപാത്രത്തിന്റെ വിവാഹവുമായിബന്ധപ്പെട്ടു പ്രത്യേകവിഭവമായി നെയ്ച്ചോറും കോഴിക്കറിയും ഉണ്ടാക്കുന്നതായി കഥയിൽ പരാമർശിക്കുന്നുണ്ട്.

#### 3.3.1.2.3 കദീശുമ്മ

നോമ്പുകാലത്തു പ്രത്യേകവിഭവമായി ഉണ്ടാക്കുന്ന തരിക്കഞ്ഞിയെക്കുറിച്ചു കഥയിൽ സൂചിപ്പിക്കുന്നുണ്ട്. കദീശുമ്മയ്ക്കു സൈനു കൊടുക്കുന്ന സാധനങ്ങളിൽ പ്രത്യേകം ഉള്ളതാണ് 'ഒരു റാത്തല് തരീ' (റവ) അതുണ്ടാക്കാനായി തേങ്ങയും കൂടാതെ അരി, പഞ്ചസാര, ചായപ്പൊടി, അണ്ടിപ്പരിപ്പ്, മുന്തിരി എല്ലാം കൊടുക്കുന്നു.അതുപോലെ പ്രസവിച്ചുകിടക്കുന്ന സമയത്തു മൂന്നുനേരം പാലും രണ്ടുനേരം ചോറും ഇടയ്ക്കു തേങ്ങാപ്പാലൊഴിച്ച കുറിയരിക്കഞ്ഞിയും പേറ്റുമരുന്നും ലേഹ്യവും എല്ലാ കഴിക്കാനായി ഉണ്ടാവുമെന്നും കദീശുമ്മ ഓർമ്മിക്കുന്നുണ്ട് (പു.239).

### 3.3.1.3 അനുഭവക്കുറിപ്പുകളിൽ

#### 3.3.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

വിവാഹദിനങ്ങളിൽ നെയ്ച്ചോറും കോഴിക്കറിയും ഉണ്ടാക്കുന്നതിനെക്കുറിച്ചും നാൽപതുദിവസത്തെ അടിയന്തരത്തിനായി അയിമ്പത് ആടിനെയും നെയ്യും ജീരകശാല അരിയും ഓശാരം കിട്ടിയതിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട് (2015:29). മരണദിവസം മരിച്ച ആളുടെ മയ്യിത്തു വീട്ടിലുള്ളപ്പോൾ ആരും ഭക്ഷണം ഉണ്ടാക്കുകയോ അവിടന്നു കഴിക്കുകയോ ചെയ്യുന്നില്ല. മയ്യിത്തു മറമാടാൻ കൊണ്ടുപോയിക്കഴിഞ്ഞാൽ അവിടെക്കൂടിയവർക്കു പഴം പുഴുങ്ങിയതും ചായയും കൊടുക്കും. ഉച്ചയ്ക്കാണെങ്കിൽ നെയ്ച്ചോറും എറച്ചിക്കൂട്ടാനും പരിപ്പുതാളിച്ചതും കൊടുക്കുന്നതായി കാണുന്നു (പു.26). വിരുന്നുകാരുള്ള ദിവസങ്ങളിൽ കോഴിയെ അറുത്തു തേങ്ങയും മസാലയും വറുത്തരച്ചു കറിവെക്കും. വിരുന്നുകാർ കൂടുതൽ ഉണ്ടെങ്കിൽ ഉരുളക്കിഴങ്ങും ചേർക്കും. അതിന്റെ കൂടെ പരിപ്പു താളിച്ചതും തേങ്ങാച്ചട്ണിയും മീൻവരട്ടിയതും ഉണ്ടാവുമെന്നുള്ള പരാമർശം ഉണ്ട് (പു.51).

### 3.3.1.4 ലേഖനസമാഹാരത്തിൽ

### 3.3.1.4.1. ആരോടു ചൊല്ലേണ്ടു നാം

### 3.3.1.4.1.1 മലബാറിലെ വിവാഹം മരണം

വിവാഹത്തിന് ഏറെ പ്രാധാന്യം കൊടുക്കുന്നവരാണു മുസ്ലിങ്ങൾ. വിവാഹസൽക്കാരത്തിനും ഭക്ഷണവിതരണത്തിനുമായി ധാരാളം പണംചിലവ ഴിക്കുന്നവരുമാണ് അവർ. ഒരുപാടു ചടങ്ങുകൾ ഉണ്ട് വിവാഹത്തിന്. അതിനെല്ലാംതന്നെ ഭക്ഷണമൊരുക്കുകയും ചെയ്യും. അരി കുത്തിച്ചേറൽ, വിവാഹനിശ്ചയച്ചടങ്ങ്, മൈലാഞ്ചിക്കല്യാണം, സൽക്കാരം എന്നിവയാണവ. സൽക്കാരപ്രിയരായ വടക്കേമലബാറുകൾക്കു വിവാഹം അന്നും ഇന്നും ആഘോഷമാണെന്നും ദിവസങ്ങളോളം നീണ്ടുനിന്ന വിവാഹങ്ങൾ മൂന്നു ദിവ സമായി ചുരുങ്ങിയിട്ടുണ്ടെന്നും കാണുന്നു. വിവാഹഭക്ഷണത്തിന്റെ മുന്നോടി യായി അരി കുത്തിച്ചേറൽ എന്ന ചടങ്ങുള്ളതായി കാണുന്നുണ്ട്. മൈലാഞ്ചി, കല്യാണം, സൽക്കാരം തുടങ്ങിയ സദ്യകൾക്കു വിളമ്പാനുള്ള നെയ്ച്ചോറിനും ബിരിയാണിക്കുമുള്ള അരി കല്ലും പതിരും ചേറിപ്പാറ്റി അളന്നു ചാക്കിൽ കെട്ടി വെക്കുകയാണ് 'അരി കുത്തിച്ചേറൽ' കൊണ്ട് ഉദ്ദേശിക്കുന്നത്. ചെക്കന്റെ പിതൃ വീട്ടുകാരാണ് അരികുത്തിച്ചേറൽ ദിനത്തിലെ മുഖ്യാതിഥികൾ. അന്നേദിവസം അവരെ വിളിക്കാനായി പ്രത്യേകം ആളുകൾ പോവും. ഉപ്പയുടെ സഹോദരി (അമ്മായി) ആണ് ആദ്യത്തെ ചാക്കു പൊളിച്ചു ചേറാനുള്ള അരി മുറത്തിൽ ഇടേണ്ടത്. പിന്നീടു സ്ത്രീകളെല്ലാവരും ചേർന്നു വൃത്തിയാക്കി അളന്നു ചാക്കി ലാക്കിവെക്കും. ശേഷം അവരെല്ലാരും ചേർന്നു നെയ്ച്ചോറും പലഹാരങ്ങളും കഴിച്ചു പിരിഞ്ഞുപോവുകയും ചെയ്യും (2013.107). ഭക്ഷണം തയ്യാറാക്കുന്നതിനു മുന്നോടിയായിട്ടുള്ള രീതികളാണ് ഇവ.

### 3.3.2 ദൈനംദിന ഭക്ഷണരീതി

#### 3.3.2.1 നോവലുകളിൽ

##### 3.3.2.1.1 കിനാവ്

ഹുസൈൻകുട്ടിയുടെ ഒരു ദിവസത്തെ ഭക്ഷണത്തെക്കുറിച്ചു നോവലിൽ പരാമർശിക്കുന്നുണ്ട്. തൈര്, മോര് ആവിയിൽ പുഴുങ്ങി യെടുത്ത പച്ചക്കറികൾ, മീൻ, പൊടിയരിച്ചോറ് തുടങ്ങിയവയാണ് അദ്ദേഹ ത്തിന്റെ ഭക്ഷണം. ദിവസവും വിരുന്നുകാർ ഉണ്ടാവുന്നതുകൊണ്ട് ഇറച്ചിയും കോഴിയും പ്രത്യേകം ഉണ്ടാകും. എന്നാൽ ഹുസൈൻഹാജി അതു കഴിക്കില്ല. പ്രത്യേക ഭക്ഷണരീതിയാണുള്ളത്. രാവിലെ പാലും മുട്ടയും പഴം പുഴുങ്ങിയ തും. രാത്രി തേങ്ങാപ്പാലൊഴിച്ച പൊടിയരിക്കഞ്ഞിയും. സമ്പന്നകുടുംബാംഗ മായ ഹുസൈൻ ഹാജിയുടെ ഒരു ദിവസത്തെ ഭക്ഷണരീതിയാണ് ഇത്. (1990: 48). എന്നാൽ പാവപ്പെട്ടവർക്ക് അരിക്കും തുണിക്കും വറുതിയായിരുന്നു. മൂന്നു നേരം ആഹാരം കഴിക്കുന്നവർ ചുരുക്കം. ഉച്ചയ്ക്കു ചോറു കിട്ടുന്ന ദിവസങ്ങ ളിൽ പാവപ്പെട്ടവർക്കു പെരുന്നാളാണ്. താളും തകരയും കായും കിഴങ്ങും കഴി ച്ചകാലം കാര്യസ്ഥൻ മമ്മദ് ഓർക്കുന്നുണ്ട്. പുത്തൻവീട്ടിൽ എത്തിയതിനു ശേഷമാണു വയറുനിറയെ എന്തെങ്കിലും കഴിച്ചിരുന്നതെന്നും സൂചനയുണ്ട് (പു.64).

ബീപാത്തു ഹജ്ജുമ്മയുടെ മകൾ സൈനബയുടെ വീട്ടിൽ എന്നും വിരുന്നുകാരുണ്ടാവും. ഭർത്താവിന്റെ സുഹൃത്തുക്കൾ. അവർക്കും കുടുംബ ത്തിനും ഒരേ രീതിയിലുള്ള ഭക്ഷണമാണ് ഒരുക്കുന്നത്.

##### 3.3.2.1.2 നിലാവ്

*നിലാവെ*ന്ന നോവലിൽ വിഭവസമൃദ്ധമായ ഭക്ഷണസാധനങ്ങൾ ഉണ്ടാ കുന്നതായി പരാമർശിച്ചുകാണുന്നുണ്ട്. പല സമയങ്ങളിലായി പലതരം വിഭവങ്ങൾ. മീൻ മുളകിട്ടത്, പൊരിച്ചത്, ഞണ്ട് വറുത്തരച്ചത്, മത്തി നെല്ലി

ക്കയും കുരുമുളകും ഉണക്കി വരട്ടിയത്, പത്തിരി, മുരിങ്ങാച്ചാറ്, ബുൾസൈ, ചോറ്, മോരുകറി, തേങ്ങാചട്ടിണി തുടങ്ങിയ വിഭവങ്ങൾ എല്ലാം ഒരു ദിവസത്തെ വിഭവങ്ങളാണ്. പലതും പല സമയങ്ങളിലേക്കാണെന്നു മാത്രം. എല്ലാം തയ്യാർ ചെയ്യുന്നതു വീട്ടിലെ അടുക്കളജോലിക്കാരാണ്. എന്നാൽ അതിനുവേണ്ടുന്ന സാധങ്ങൾ തയ്യാറാക്കി കൊടുക്കുന്നതും വേണ്ടനിർദ്ദേശങ്ങൾ നൽകുന്നതും ആ വീട്ടിലെ ഉമ്മാമ്മയാണ്. ഓരോ ദിവസത്തേക്കുള്ള വസ്തുക്കൾ അളന്നു തൂക്കി തയ്യാറാക്കി പണിക്കാരികൾക്കു നൽകും. ഉണ്ടാക്കേണ്ട നിർദ്ദേശങ്ങളും അവർ തന്നെ കൊടുക്കും. തേങ്ങ ചിരവി പാത്രത്തിലിട്ടു ജോലിക്കാർ ഉമ്മാമ്മയുടെ കയ്യിൽ കൊടുക്കും. ഓരോ വിഭവങ്ങൾക്കായി തേങ്ങ ചിരകിയതു വീതിച്ചു നൽകുന്നതും ഉമ്മാമ്മ തന്നെ. കൂടാതെ ഓരോന്നിനും വേണ്ടുന്ന ചേരുവകളും താഴെ തുറന്നുവെച്ച ചെറിയ മസാലപ്പെട്ടിയിൽ നിന്നും നുള്ളിയിട്ടുകൊണ്ടിരുന്നു. അരിപ്പെട്ടിയുടെ മാതൃകയിലുള്ള കള്ളികളോടുകൂടിയ ചെറിയ മരപ്പെട്ടിയാണു മസാലപ്പെട്ടി. ഓരോ അറയിലും ഓരോന്നു വീതം സൂക്ഷിച്ചിരുന്നു. ഒരു സമ്പന്നകുടുംബത്തിലെ ഒരു ദിവസത്തെ ഭക്ഷണവും പാചകരീതിയുമാണു നോവലിലൂടെ നമ്മുക്കു മനസ്സിലാവുന്നത്(2013:27).

#### 3.3.2.1.3 പ്രകാശത്തിനുമേൽ പ്രകാശം

ഫാസ്റ്റ്ഫുഡ് ഭക്ഷണസംസ്ക്കാരത്തിലേക്ക് അമിതമായി താൽപര്യം കാണിക്കുന്നരീതി നോവലിൽ കാണുന്നുണ്ട്. പുറത്തുനിന്നും ഭക്ഷണം കഴിക്കാനാണു പലരും ഇഷ്ടപ്പെടുന്നത്. പൊറോട്ടയും കോഴിബ്രോസ്റ്റുമാണു കുട്ടികളുടെ ഇഷ്ടവിഭവം(2012:146-113). ആണുങ്ങളും പെണ്ണുങ്ങളും ഒരു പോലെ അടുക്കളയിൽ കയറുകയും ഭക്ഷണം പാകംചെയ്യുകയും ചെയ്യുന്നുണ്ട്. മകനായ റിയാസിനെ ഹോട്ടൽ മാനേജ്മെന്റു പഠിപ്പിക്കാൻ വിടാൻ വീട്ടുകാർക്കു കുറച്ചിലായിരുന്നു. ഒടുക്കം അവന്റെ ഇഷ്ടാനുസരണം പഠിക്കുകയാണു ചെയ്യുന്നത് (പു.121). ഭക്ഷണകാര്യത്തിൽ ആർക്കും ശ്രദ്ധയില്ലാത്തതുകൊണ്ടു തന്നെ

നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുന്നതായും നോവലിൽ പരാമർശിച്ചു കാണാം (പു.15)

**3.3.2.1.4** കേരളീയമുസ്ലിംജീവിതം പ്രമേയമാക്കി രചിക്കപ്പെട്ട ആദ്യകാല രചനകൾ പരിശോധിക്കുമ്പോൾ ഭക്ഷണത്തിനായി ഏറെ പ്രയാസപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. വൈക്കം മുഹമ്മദ് ബഷീറിൻറെ *പാത്തുമ്മയുടെ ആടിൽ* ഈ അവസ്ഥ വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്. ഇടത്തരം മുസ്ലിം കുടുംബത്തിന്റെ നിത്യജീവിത ചിത്രീകരണമാണു *പാത്തുമ്മയുടെ ആടിൽ* ഉള്ളത്. വീട്ടിലുള്ള പെണ്ണുങ്ങൾക്ക് എല്ലാം ഒരു നേരമെങ്കിലും വയറു നിറച്ചു ചോറു കൊടുക്കണം എന്നാണു കഥാകാരൻ ആഗ്രഹിക്കുന്നത്. എന്നാൽ കാലഘട്ടം മാറി ബി. എം. സുഹറയുടെ നോവലുകൾ പരിശോധിക്കുമ്പോഴും ആധുനികകാലത്ത് എഴുതപ്പെട്ട ഇതര രചനകൾ പരിശോധിക്കുമ്പോഴും ഭക്ഷണകാര്യത്തിൽ മുസ്ലിങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ട് എന്നു കാണാം. ഫാസ്റ്റ്ഫുഡ് ഭക്ഷണരീതിയോടാണു കഥാപാത്രങ്ങളിലധികവും ഇഷ്ടം കാണിക്കുന്നത്. എന്നാൽ ആദ്യകാല രചനകളിൽ ഭക്ഷണം കഴിക്കാനില്ലാതെ ബുദ്ധിമുട്ടുന്നവരെ കാണാം. ഭക്ഷണത്തിനായി ജോലിക്കു പോകുന്നവരെയും വറുതികാലത്തേക്കായി ഭക്ഷണസാധനങ്ങൾ പ്രത്യേകം സൂക്ഷിച്ചുവയ്ക്കുന്നതായും കാണാം. അതോടൊപ്പം ബി. എം സുഹറയുടെ രചനകളിൽ തന്നെ ഫാസ്റ്റ്ഫുഡ് ഭക്ഷണസംസ്കാരവും ഹോട്ടലുകളിൽ നിന്നു ഭക്ഷണംവരുത്തി കഴിക്കുന്നതും ബുഫേ സമ്പ്രദായവും കടന്നു വരുന്നുണ്ട്.

**3.3.2.2 ചെറുകഥകളിൽ**

**3.3.2.2.1 ബാവ**

*ബാവ* എന്ന ചെറുകഥയിൽ മലബാർമുസ്ലിം കുടുംബത്തിലെ പ്രധാന വിഭവങ്ങളായ പൊടിപ്പത്തിരിയെക്കുറിച്ചും കോഴിപൊരിച്ചത്, ഇറച്ചിസ്റ്റൂ എന്നിവ

യെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. മലയാളിയായ ബാവയ്ക്കു കന്നടക്കാരി കളായ ഇതരമത സഹോദരിമാരാണു വിഭവങ്ങൾ ഉണ്ടാക്കിനൽകുന്നത്. രണ്ടു ഭക്ഷണസംസ്കാരങ്ങൾ തമ്മിലുള്ള സമന്വയം ഈ കഥയിലൂടെ അനാവരണം ചെയ്യപ്പെടുന്നത് (2014:10).

**3.3.2.2.2 കദീശുമ്മ**

തന്റെ ഭൂതകാലജീവിതം അയവിറക്കുകയാണു *കദീശുമ്മ.* കഥയിൽ അന്നത്തെ ഭക്ഷണരീതിയെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. മുതലാളിയായ ഹാജിക്കു രാവിലെ ഗോതമ്പ് അരച്ചുകലക്കി കല്ലിൽ തേച്ചു പശുവിൻ നെയ്യുപുരട്ടി ചുട്ടെടുക്കുന്ന പത്തിരിയും മുട്ടചാപ്സും. ഉച്ചക്ക് ചെറിയരിച്ചോറും മോരുകാച്ചിയതും പരിപ്പുതാളിച്ചതും തൈരും 'പൊയമീനാണ്' (പുഴമീൻ) അവിടെ ഏറെ ഇഷ്ടമുള്ളതെന്നു സൂചിപ്പിച്ചുകാണുന്നു. പെരിഞ്ചീരകവും വെളുത്തുള്ളിയും ഉപ്പും മുളകും അരച്ചുതേച്ച മീൻ ഞെരിങ്ങനെ പൊരിച്ചതും കുടിക്കാനായി ചുടുവെള്ളവും (പു.236).

പ്രസവശുശ്രൂഷയിലും ഭക്ഷണകാര്യത്തിലും ഏറെ ശ്രദ്ധ ചെലുത്തിയി രുന്നവരായിരുന്നു മുസ്ലിംതറവാട്ടുകാരെന്നു കഥയിൽ പരാമർശിക്കുന്നുണ്ട്. വലിയവീട്ടിലെ സൈനുവെന്ന കുട്ടിക്കു മുലപ്പാൽ കൊടുക്കേണ്ടിവരുമ്പോൾ ജോലിക്കാരിയായ കദീശുമ്മയ്ക്കും മൂന്നുനേരം പാല്, പേറ്റുമരുന്ന്, ലേഹ്യം, രണ്ടുനേരം ചോറ്, ഇടയ്ക്കു തേങ്ങാപാലൊഴിച്ചു കുറിയരിക്കഞ്ഞി തുടങ്ങിയ വിഭവങ്ങൾ പ്രത്യേകമായി ലഭിച്ചിരുന്നതായി കഥയിൽ പരാമർശിച്ചുകാണു ന്നുണ്ട് (പു.237).

**3.3.2.2.3 പൊങ്ങച്ചപ്പാത്തുമ്മമാരുടെ ലോകം**

ആളുകളുടെയും ബന്ധങ്ങളുടെയും സമ്പത്തിന്റെയും ഏറ്റക്കുറച്ചിലു കൾക്കനുസരിച്ച് അവർക്കു നൽകുന്ന ഭക്ഷണത്തിന്റെ രീതിയിലും മാറ്റങ്ങളുള്ള

തായി *പൊങ്ങച്ചപ്പാത്തുമ്മമാരുടെ ലോകം* എന്ന ചെറുകഥയിൽ കാണാം. ചായയും പലഹാരവും ഇളനീരും പ്രത്യേകവിരുന്നുകാർക്കു നെയ്ച്ചോറും കോഴിക്കറിയും അപ്പത്തരങ്ങളും നൽകി ആദരവോടെ സ്വീകരിക്കും. വെറുതെ പരദൂഷണവും നാട്ടുവിശേഷങ്ങളും പറയാനെത്തുന്ന അയൽക്കാരികൾക്കു ചായയും മുറുക്കാനും. അരിയോ തേങ്ങയോ കടം വാങ്ങാനെത്തുന്നവർക്ക് അടുക്കളയിൽ കഞ്ഞിയും ഉപ്പുമാങ്ങയും കൊടുക്കും (പു.269).

**3.3.2.3 അനുഭവക്കുറിപ്പുകളിൽ**

**3.3.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

പെണ്ണുങ്ങളുടെലോകമായിരുന്നു അടുക്കള എന്നാണു പരാമർശിച്ചു കാണുന്നത്. പ്രഭാതനിസ്ക്കാരം കഴിയുന്നതോടെ അടുക്കള സജീവമാവും. അരി അമ്മിയിൽ അരച്ചുണ്ടാക്കുന്ന പലഹാരങ്ങളായിരിക്കും ഉണ്ടാവുക. അരി അരയ്ക്കുന്നതിനും മറ്റുമായി പലതരത്തിലുള്ള അമ്മികൾ ഉണ്ടായിരുന്നതായും സൂചനയുണ്ട് (2015:35).

രാവിലെ പ്രാതലിനു സ്ഥിരമായി ഉപയോഗിക്കുന്നത് അരിപ്പത്തിരിയോ പുട്ടോ ആയിരിക്കും. കുടുംബത്തിൽ കൃഷി ഉള്ളതിനാൽ രാവിലെയെന്നും ചുവന്ന കുത്തരിയുടെ പുട്ടും പത്തിരിയുമായിരിക്കും. രാത്രിയും പത്തിരിയാണ്. വ്യത്യസ്തങ്ങളായ കറികളാണ് ഉപയോഗിക്കുന്നത്. ഉള്ളിച്ചാർ, മാസുച്ചാർ, മുരിങ്ങാച്ചാർ, മുട്ടച്ചാർ എന്നിവ പ്രധാനപ്പെട്ടവയാണ്. കുറേ ചെറിയ ഉള്ളി തൊലികളഞ്ഞു ചെറുതായി അരിഞ്ഞ് എണ്ണയിൽ മൂപ്പിച്ച് അതിൽ മുളകും മഞ്ഞളുംചേർത്തു തേങ്ങയരച്ചു ചേർത്താൽ ഉള്ളിച്ചാറായി. ഉള്ളിക്കു പകരം മുരിങ്ങയില വഴറ്റിച്ചേർത്താൽ മുരിങ്ങച്ചാർ. മാസ് ഒരുതരം ഉണക്കമീനാണെന്നും അതു ലക്ഷദ്വീപിൽ നിന്നും കൊണ്ടുവരുന്നതാണെന്നും കൃതിയിൽ സൂചിപ്പിക്കുന്നുണ്ട്. ഉള്ളിച്ചാറിന്റെ അതേ ചേരുവ തന്നെയാണു മാസ്ച്ചാറിനും ഉപയോഗിക്കുന്നത്. മുട്ടച്ചാറും അവരുടെ പ്രത്യേകവിഭവമാണ്.

വിശേഷപ്പെട്ട ദിനങ്ങളിലോ, വിരുന്നുകാർ ഉണ്ടെങ്കിലോ മാത്രമേ ഭക്ഷണരീതി യിൽ മാറ്റങ്ങൾ ഉണ്ടാവുകയുള്ളൂ എന്നു പരാമർശിച്ചുകാണുന്നുണ്ട് (പു.35).

അതിരാവിലെ സുബഹിനിസ്ക്കാരം കഴിഞ്ഞാൽ കുടിക്കുന്ന ചായയോ ടൊപ്പം ഉപ്പയ്ക്കും വല്ലിപ്പയ്ക്കും മുട്ട പുഴുങ്ങിയത്. വല്ലിപ്പയ്ക്കു പകുതി വേവിച്ച മുട്ട ഉപ്പയ്ക്കു ഫുൾബോയിൽഡ് മുട്ട. പ്രമേഹരോഗിയായ വല്ലിപ്പയ്ക്ക് അരിപ്പത്തിരിക്കു പകരം തലേദിവസം വെള്ളത്തിൽ കുതിർത്തുവെച്ച ഗോതമ്പ് അമ്മിയിലിട്ട് അരച്ചു കല്ലിൽ തേച്ചുണ്ടാക്കുന്ന ഓട്ടിപ്പൊള്ളിച്ചതും (ഗോതമ്പ് ദോശ) തക്കാളിക്കൂട്ടാനും ഓട്സ് കാച്ചിയതുമാണ്. ഉപ്പയ്ക്കു പുട്ടിനാ യാലും പത്തിരിക്കായാലും മുട്ടകക്കത്തിലാക്കിയതു നിർബന്ധം. അതിഥി കൾക്കു മുട്ട ചോപ്സും (പു.36).

രാവിലെ കുട്ടികൾക്കു പുട്ടിനു മീൻ വരട്ടിയതോ മറ്റു കറികളോ ആയില്ല എങ്കിൽ പഴവും പഞ്ചസാരയും ചേർത്തു പുട്ട് കഴിക്കും. മുളംകുറ്റിയിൽ ധാരാളം തേങ്ങായിട്ടുണ്ടാക്കുന്ന നെല്ലുകുത്തരിയുടെ പുട്ട് കൂട്ടാനില്ലാതെയും കഴിക്കാൻ രുചിയുള്ളതാണെന്നു കൃതിയിൽ സൂചിപ്പിച്ചിട്ടുള്ളത് (പു.37).

രാത്രിയിലെ പത്തിരിയോടൊപ്പം തന്നെ തേങ്ങാപ്പാലൊഴിച്ച പൊടിയരി ക്കഞ്ഞിയും മഗ്‌രിബിനുശേഷം ആണുങ്ങൾ കഞ്ഞിവെള്ളത്തിൽ തേങ്ങാപ്പാ ലൊഴിച്ച് ഉപ്പിട്ടു കുടിക്കുന്ന രീതിയെക്കുറിച്ചും വിവരിക്കുന്നുണ്ട്. വിരുന്നുകാർ എത്തുമ്പോൾ വീട്ടിൽവളർത്തുന്ന കോഴികളെത്തന്നെ പിടിച്ച് അറുത്തു കറി വെച്ച് ഉപയോഗിക്കും. കൂടാതെ അതിനോടൊപ്പം പരിപ്പു താളിച്ചതു തേങ്ങാച്ച ട്ട്ണിയും മീൻ വരട്ടിയതും ഉണ്ടായിരിക്കുമെന്നും കാണുന്നു (പു.47).

വൈകുന്നേരങ്ങളിലെ ചായകുടിയെ അടിയന്തരം ആയാണു പരാമർശി ച്ചിട്ടുള്ളത്. പാൽചായയും കട്ടൻചായയും ഉണ്ടായിരിക്കും. കൂടാതെ നാലു മണി പലഹാരമായി നേന്ത്രപ്പഴം പൊരിച്ചതു, റവകേക്ക്, തരിയുണ്ട, ഗോതമ്പ്, കടലപരിപ്പ്, മമ്പയർ തുടങ്ങിയവ വേവിച്ച് അതിൽ മധുരവും തേങ്ങയും

ചേർത്തു കുഴച്ചതോ കടലയോ ചെറുപയറോ വേവിച്ചു കടുകുതാളിച്ചതായി രിക്കും ഉപയോഗിക്കുന്നത്. അതുപോലെ ഓത്തുപഠിക്കാൻ പോവുന്ന കാലത്തു കുഞ്ഞാമ്മിത്തയുടെ വീട്ടിൽനിന്നും കിട്ടുന്ന വെല്ലച്ചായയും (ശർക്കരച്ചായ) കൊള്ളിക്കിഴങ്ങു പുഴുങ്ങി കടുകുതാളിച്ച ചെറുപയറോ ഒക്കെ കൂട്ടികഴിച്ചിരുന്ന തായി എഴുത്തുകാരി ഓർമ്മിക്കുന്നുണ്ട്. ഒയിലിച്ച മുട്ടായി എന്ന പ്രത്യേക വിഭ വത്തെക്കുറിച്ചു പരാമർശിച്ചുകാണുന്നുണ്ട് (പു.51), കൂടാതെ പൊടിപ്പത്തിരി, ഗോതമ്പ് പൊറോട്ട, പുഴുങ്ങലരി വെള്ളത്തിൽ കുതിർത്ത് അരച്ചു ചുട്ടെടു ക്കുന്ന കട്ടിയുള്ള അരിപ്പത്തിരി എന്നീ വിഭവങ്ങളെക്കുറിച്ചും ഓർമ്മക്കുറി പ്പിൽ പരാമർശിക്കുന്നുണ്ട് (പു.54). പ്രത്യേകമായി പറയുന്ന രണ്ടുപായസങ്ങളും ഉണ്ട്. അരിപ്പായസവും ചെറുപയർ പരിപ്പു പായസവുമാണ് അത് (പു.104,112).

### 3.3.2.4. ലേഖനസമാഹാരത്തിൽ

#### 3.3.2.4.1 ആരോടു ചൊല്ലേണ്ടു നാം

##### 3.3.2.4.1.1 ഭക്ഷണം മരണമായെത്തുന്നു

ഒഴിവുദിവസങ്ങളിൽ അടുക്കളയ്ക്ക് അവധി നൽകിക്കൊണ്ടു പുറത്തു പോയി ഭക്ഷണംകഴിക്കുന്നരീതി പൊതുവെ കേരളത്തിൽ കണ്ടുവരുന്നു ണ്ടെന്നും ആരും അതിൽനിന്നു മാറിനിൽക്കുന്നവരല്ല എന്നും ഒരു നേരമെ ങ്കിലും ഭക്ഷണം പാകംചെയ്യാതെ പുറത്തുനിന്നു കഴിച്ചാൽ അത്രയും ഭാരം കുറയുമെന്നാണു സ്ത്രീകൾ കരുതുന്നതെന്നും ലേഖനത്തിൽ സൂചിപ്പിച്ചുകാ ണുന്നു. എന്നാൽ മാരകമായ വിഷാംശങ്ങളാണ് ഇത്തരത്തിൽ വയറ്റിലാക്കുന്നത്. അവ രോഗത്തിനും മരണത്തിനും കാരണമാവുന്നു എന്നും ലേഖിക സൂചിപ്പിക്കുന്നുണ്ട് (2013:87).

### 3.3.3 ഭക്ഷണ സൂക്ഷിപ്പുരീതികൾ

#### 3.3.3.1 നോവലുകളിൽ

##### 3.3.3.1.1 കിനാവ്

കുംഭം, മീനം മാസക്കാലത്തു ഭക്ഷണസാധനങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്ന രീതി നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. നോവലിലെ ഉമ്മാ മ്മയാണ് ഇതിനു മുന്നിട്ടിറങ്ങുന്നത്. മഴക്കാലത്തിനുമുമ്പേ അവർ നെല്ലുമുഴു വൻ പുഴുങ്ങി ഉണക്കി പത്തായത്തിലാക്കിവെക്കും. വേനലിൽ പാകമാ വുന്ന പുളി ശേഖരിച്ചു തൊലികളഞ്ഞ് ഉണക്കി കുരുകളഞ്ഞ് ഉപ്പുചേർത്ത് ഉരുളകളാക്കി ഭരണികളിൽ സൂക്ഷിച്ചുവെക്കും. മഴക്കാലം ശക്തമായാൽ കടൽക്ഷോഭമുണ്ടാവും. അപ്പോൾ മീൻ കിട്ടാതെയാവും. അതിനാൽ വേനലിൽ തിരണ്ടി, സ്രാവ്, ചെമ്മീൻ തുടങ്ങിയവ വാങ്ങി കഴുകിവൃത്തിയാക്കി ഉപ്പു പുരട്ടി ഉണക്കി കലങ്ങളിലാക്കി ഉറികളിൽ സൂക്ഷിക്കും. അതുപോലെ വെള്ളരിക്ക കലവറയിൽ തൂക്കിയിടും കേടുവരാതിരിക്കാൻ. മാങ്ങകൾ ശേഖരിച്ച് അതിന്റെ ചാറെടുത്തു പായിലൊഴിച്ച് ഉണക്കി മാങ്ങാക്കച്ചുണ്ടാക്കുന്നു. മൂത്തമാങ്ങകൾ വാട്ടി ഉപ്പിലിട്ടു സൂക്ഷിക്കും. മഴക്കാലം പഞ്ഞമാസമാണു പൊതുവെ നാട്ടിൽ ഈ സമയത്തു വെള്ളരിക്കറി, മോരുകാച്ചിയത്, ഉപ്പുമാങ്ങ, തേങ്ങാച്ചമ്മന്തി, പപ്പടം ചുട്ടത്, ഉണക്കമീൻ പൊരിച്ചത് എന്നിവയായിരിക്കും ഭക്ഷണത്തിനു വിഭവങ്ങൾ (1990 : 89).

##### 3.3.3.1.2 നിലാവ്

അരിപ്പെട്ടിയുടെ മാതൃകയിൽ കള്ളികളുള്ള ചെറിയ മരപ്പെട്ടിയിൽ മസാലപ്പൊടികൾ സൂക്ഷിച്ചുവെക്കുന്നതായി നോവലിൽ സൂചിപ്പിക്കുന്നുണ്ട്. 'മസാലപ്പെട്ടി' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. ഓരോ അറകളിലായി ഓരോന്നു. പെരിഞ്ചീരകം, നല്ലജീരകം, വെളുത്തുള്ളി, ചുവന്നുള്ളി എന്നിവ യെല്ലാം അതിലാണു സൂക്ഷിക്കുന്നത് എന്നു നോവലിൽ പരാമർശിച്ചുകാണു ന്നുണ്ട് (2013:28).

### 3.3.3.2 ചെറുകഥകളിൽ

ചെറുകഥകളിൽ പരാമർശസൂചനകൾ ഇല്ല

### 3.3.3.3 അനുഭവക്കുറിപ്പുകളിൽ

#### 3.3.3.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുന്നതിനായി പ്രത്യേക അറകൾ വീട്ടിൽ ഉണ്ടായിരുന്നതായി അനുഭവക്കുറിപ്പുകളിൽ കാണാം (2015:42). പുളി ഉപ്പുകൂട്ടി ഉരുട്ടിസൂക്ഷിക്കുന്നതും ഉപ്പുമാങ്ങ ഭരണികളിലാക്കി സൂക്ഷിക്കു ന്നതും പരാമർശിച്ചിട്ടുണ്ട് (പു.43). തിരണ്ടിമീൻ വേനൽകാലത്ത് ഉപ്പു ചേർത്തു വെയിലിൽ ഉണക്കിസൂക്ഷിക്കും. മഴക്കാലത്തു തിരണ്ടി പൊരിച്ചതും തേങ്ങാച്ചട്ണിയും വെള്ളരിമുളകിലിട്ടതുമൊക്കെ ഉണ്ടാവും (പു.45). മഴക്കാ ലത്തെ ഊണിന്റെ പ്രത്യേകവിഭവങ്ങളാണ് ഇവ എന്നു കൃതിയിൽ പരാമർശിച്ചു കാണുന്നുണ്ട് (പു.47).

വീട്ടാവശ്യത്തിനുള്ള വെളിച്ചെണ്ണക്കായി തേങ്ങാപൊളിച്ചുണക്കി കൊപ്പരയാക്കി ആട്ടി എണ്ണയെടുത്ത് ഉപയോഗിക്കുന്നതായും ആട്ടിയാൽ കിട്ടുന്ന തേങ്ങാകക്കം ചക്കരയിട്ടു കഴിക്കുന്നതായും പറയുന്നുണ്ട്. കൂടാതെ തേങ്ങാചിരകി വേവിച്ചു പാലെടുത്തു കുറുക്കി വെന്തവെളിച്ചെണ്ണ ഉണ്ടാക്കുന്ന രീതിയും അതിൽനിന്നും ലഭിക്കുന്ന 'കൽക്കം' തിന്നുന്നതായും അതിനേറെ സ്വാദാണെന്നും സൂചിപ്പിച്ചു കാണുന്നുണ്ട് (പു.44).

### 3.3.3.4 ലേഖനസമാഹാരത്തിൽ

ലേഖനസമാഹാരത്തിൽ സൂചനകൾ ഇല്ല.

# 4. ബി.എം. സുഹറയുടെ കൃതികളിലെ ബന്ധചിത്രീകരണം

ബി.എം സുഹറയുടെ കൃതികളിൽ വ്യത്യസ്തബന്ധങ്ങൾ എപ്രകാരമെല്ലാമാണു ചിത്രീകരിച്ചിരിക്കുന്നത് എന്ന സാമാന്യ അന്വേഷണമാണ് ഈ ഭാഗത്ത്.

**4.1 അച്ഛൻ-മക്കൾ ബന്ധം**

**4.1.1 അച്ഛൻ-മകൻ ബന്ധം**

**4.1.1.1 വൈവാഹികാവസ്ഥ**

**4.1.1.1.1 അച്ഛൻ-അവിവാഹിതനായ മകൻ**

**4.1.1.1.1.1 നോവലുകളിൽ**

**4.1.1.1.1.1.1 കിനാവ്**

**4.1.1.1.1.1.1.1 ആലിക്കുട്ടി ഹാജി - കരീം**

മക്കൾക്കെല്ലാം വാപ്പയെ പേടിയായിരുന്നു. ഉപ്പയും വല്ലിപ്പയും തമ്മിലുള്ള തർക്കത്തിനിടയിൽ മക്കളെ സ്നേഹിക്കാൻ ആലിക്കുട്ടിഹാജിക്കു കഴിഞ്ഞിരുന്നില്ല. മൂത്ത മകൻ കരീം ബി.എ. പരീക്ഷ ജയിച്ചതോടെ മകനെ തന്റെ കമ്പനിയിലെ ചുമതലകൾ ഏൽപിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിലും ബാപ്പയുടെ കൂടെ കൂടിയാൽ താനും നശിച്ചുപോവുമെന്നു വല്ല്യപ്പയും അമ്മാവനും പേടിപ്പിച്ചപ്പോൾ മകൻ കരീം ഉപ്പയിൽ നിന്നും ഒഴിഞ്ഞുമാറി പോവുകയാണു ചെയ്യുന്നത് (1995:39). ഉപ്പയുമായി ആത്മബന്ധം സ്ഥാപിക്കാൻ മകനു കഴിയുന്നില്ല എന്നു കാണാം.

**4.1.1.1.1.1.1.2 സെയ്തൂട്ടിഹാജി - ഹസ്സൻകുട്ടി**

സെയ്തൂട്ടിഹാജിയുടെ മൂത്തമകനാണു ഹസ്സൻകുട്ടി. തണ്ടും തടിയും ഉള്ളവൻ, രാവുംപകലുമില്ലാതെ ഉപ്പയോടൊപ്പം അദ്ധ്വാനിക്കും. സ്വത്തിന്റെ

മേൽനോട്ടം മുഴുവൻ ഹസ്സൻകുട്ടിക്കായിരുന്നു. വാപ്പയെയും അളിയനായ ആലിക്കുട്ടിയെയും ഒരുമിപ്പിക്കുന്ന കണ്ണിയായിരുന്നു ഹസ്സൻകുട്ടി. അവർക്കിട യിലെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തി ഒരുമിപ്പിക്കുന്നതു മകനായ ഹസ്സൻകുട്ടിയാണ്. ഇടക്കിടെ വരുന്ന പനി വർദ്ധിച്ചുവന്നു മകൻ മരണത്തിനു കീഴടങ്ങുകയായിരുന്നു. മകന്റെ മരണം സെയ്തൂട്ടിഹാജിയെ ഏറെ തളർത്തു ന്നുണ്ട് (1999: 39).

### 4.1.1.1.1.1.1.3 അന്ത്രുഹാജി – ആലിക്കുട്ടി ഹാജി

അന്ത്രുഹാജിക്കു രണ്ടു മക്കളായിരുന്നു. മൂത്തമകൾ നേരത്തെ മരണപ്പെട്ടു. ആലിക്കുട്ടിഹാജി ഉപ്പക്കു പ്രിയപ്പെട്ടവൻ. മകനു തിരിച്ചും അങ്ങ നെതന്നെ. മകളുടെ മരണത്തോടെ അന്ത്രുഹാജി മാനസികമായി തളർന്നിരു ന്നു. അതുകൊണ്ടുതന്നെ മകന്റെ കുടുംബജീവിതമെങ്കിലും മരണത്തിനുമുമ്പു കാണണമെന്ന ആഗ്രഹത്താൽ ചെറുപ്പത്തിലെ മകനെക്കൊണ്ടു ബീപാത്തു വിന്റെ നിക്കാഹ് കഴിപ്പിക്കുന്നുണ്ട്. വിവാഹം മാറ്റി വെച്ചു. എന്നാൽ കുറച്ചു കാലമായപ്പോഴേക്കും അന്ത്രുഹാജി മരണപെടുകയാണ്. ഉപ്പയുടെ മരണം ആലിക്കുട്ടിയെ വല്ലാതെ തളർത്തിക്കളയുന്നുണ്ട്. ആലിക്കുട്ടി ഒറ്റ മോനായതു കാരണം അല്ലലറിയാതെയാണ് അന്ത്രുഹാജി വളർത്തിയിരുന്നത്. അതു കൊണ്ടുതന്നെ വാപ്പയുടെ മരണം ആലിക്കുട്ടിയെ ഏറെ തളർത്തുകയും ഒറ്റപ്പെ ടൽ അനുഭവിക്കുന്നതായും പറയുന്നു. ആ ഒറ്റപ്പെടൽ തീർക്കാനും കൂടിയാണ് ആലിക്കുട്ടി ഹജ്ജിനു പോവുന്നത് എന്നു കാണാം (1990: 34,35).

### 4.1.1.1.1.1.2 ഇരുട്ട്

### 4.1.1.1.1.1.2.1 കുട്ട്യേമുഹാജി – ജമാൽ

കുട്ട്യേമുഹാജിയുടെ ഒറ്റ മകനാണു ജമാൽ. സമ്പത്ത് ഒരുപാടുള്ള കുടുംബത്തിലെ ഏക സന്തതി. ഉപ്പ മകനെ രാജകുമാരനെപ്പോലെയാണു

വളർത്തുന്നത് എന്നു കാണാം. അവന്റെ ഏതൊരാശയും ഉപ്പ നിറവേറ്റിക്കൊടുക്കും. മറുനാട്ടിൽ അയച്ച് ഉന്നതവിദ്യാഭ്യാസം ഉപ്പ മകനു നൽകുന്നുണ്ട്. ജമാലിന് ഉപ്പയോടും പ്രിയം തന്നെ (1995:22) എന്നു നോവലിൽ പരാമർശിച്ചു കാണുന്നു. മകന്റെ വിവാഹത്തിനുമുമ്പേ ഉപ്പ മരണപ്പെടുകയാണ്.

**4.1.1.1.1.1.3 മൊഴി**

**4.1.1.1.1.1.3.1 അബ്ദുള്ള-അഫ്സൽ**

അബ്ദുള്ളയുടെയും-ഫാത്തിമയുടെയും മകനാണു അഫ്സൽ. ഫാത്തിമയുമായി വേർപിരിഞ്ഞതിനുശേഷം അബ്ദുള്ളയാണു മകനെ വളർത്തുന്നത്. മകനെ ഉമ്മയില്ലാത്ത സങ്കടം അറിയിക്കാതെ സ്നേഹത്തോടെ വളർത്താൻ അബ്ദുള്ള ശ്രമിക്കുന്നുണ്ട്. അഫ്സലിന് ഉപ്പ പ്രിയപ്പെട്ടവനാണ്. ഉപ്പയെ വിഷമിപ്പിക്കുന്നതൊന്നും ചെയ്യാതിരിക്കാൻ അവനും ശ്രമിക്കുന്നതായി കാണാം. മാത്രമല്ല അവന്റെ ഉമ്മയെക്കുറിച്ച് അനാവശ്യമായിട്ടൊന്നും പറഞ്ഞ് അവരെ തമ്മിൽ അകറ്റാനും അയാൾ ശ്രമിക്കുന്നില്ല. അവളുടെ വീട്ടുകാരുമായി മകനെ അടുപ്പിക്കാനും ഉമ്മയെ കാണാനുമുള്ള അവസരങ്ങളും അബ്ദുള്ള അഫ്സലിനു നൽകുന്നുണ്ട്. സ്നേഹനിധിയായ ഒരു ഉപ്പ മകൻ ബന്ധമാണ് അവർക്കിടയിൽ ഉള്ളത്.

**4.1.1.1.1.1.4 നിഴൽ**

**4.1.1.1.1.1.4.1 അസൈനാരുകുഞ്ഞ് – ആൺ മക്കൾ**

അസൈനാരുകുഞ്ഞിനു നാല് ആൺമക്കളാണ്. അസീസ്, മജീദ്, ഷാഹുൽ, ഷാജി കുട്ടികളുടെ കാര്യത്തിൽ ഉപ്പാക്കു യാതൊരുശ്രദ്ധയും ഇല്ല. വീട്ടുകാര്യങ്ങളെല്ലാം ഭാര്യയെ ഏൽപിച്ചിരിക്കുകയാണ് അയാൾ. നേരാംവണ്ണം ചിലവിന് ഉപ്പ വീട്ടിലെത്തിക്കും. മക്കളെ പുലർത്താൻ ഉമ്മയുടെ ചുമതല

യാണ് എന്ന മട്ടിലാണ് ഉപ്പയുടെ പെരുമാറ്റം. ആരോടും പ്രത്യേക മമതയോ, ദേഷ്യമോ ഉപ്പാക്കില്ല. ഉപ്പാക്കും മക്കൾക്കുമിടയിൽ ഒരു വിടവ് എപ്പോഴുമുണ്ടായിരുന്നതായി കാണാം.

**4.1.1.1.1.1.5 പ്രകാശത്തിനുമേൽ പ്രകാശം**

**4.1.1.1.1.1.5.1 റഷീദ് - റയീസ്**

റഷീദിന്റെ മകനാണു റയീസ്. മക്കളോട് ഏറെ പ്രിയമുള്ളവനാണു റഷീദ്. മകന്റെ ഏത് ഇഷ്ടത്തിനും കൂടെ നിൽക്കുന്ന ഉപ്പ. എന്നാൽ മകൻ ഹോട്ടൽ മാനേജ്മെന്റിനു ചേർന്നു പഠിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഉപ്പയ്ക്ക് അതിനോടു യോജിക്കാൻ കഴിയുമായിരുന്നില്ല. പെട്ടെന്നു ദേഷ്യപ്പെടുന്നവനാണു റഷീദ്. മകന്റെ ആവശ്യം കേട്ടു ബി.പി. കൂടി പ്രയാസത്തിലാവുകയും ചെയ്തു. മകനെ ബി.കോമിനു ചേർത്തു പഠിപ്പിക്കണമെന്നായിരുന്നു റഷീദിന്റെ ആഗ്രഹം. അവസാനം മകന്റെ ആവശ്യത്തിനും ആഗ്രഹത്തിനും മുമ്പിൽ റഷീദ് മകനെ ബാംഗ്ലൂരിലയച്ചു ഹോട്ടൽ മാനേജ്മെന്റിനു ചേർത്തു പഠിപ്പിക്കാൻ തയ്യാറാവുന്നതായി കാണാം (2012:121,122). മകന്റെ കല്യാണകാര്യത്തിനും റഷീദ് ആശങ്കയുണ്ടായിരുന്നു. എന്നാൽ റയീസിനു പെൺകുട്ടിയെ ഏറെ ഇഷ്ടപ്പെട്ടതുകൊണ്ടുമാത്രമാണു പെൺവീട്ടുകാരോടുള്ള അനിഷ്ടം ഉണ്ടായിട്ടും റയീസും റുബീനയും തമ്മിലുള്ള വിവാഹം നടക്കുന്നത്. മകനെ ഏറെ സ്നേഹിക്കുന്ന ഉപ്പയെയും - ഉപ്പയെ ഏറെ സ്നേഹിക്കുന്ന മകനെയും കഥയിൽ കാണാം (2012: 122).

**4.1.1.1.1.1.5.2 ഷംസുദ്ദീൻ - ആൺമക്കൾ**

ഷംസുദ്ദീൻ വക്കീലിനു മൂന്ന് ആൺമക്കളാണ്. സത്താർ, റഫീഖ്, ഷിഹാബ്. ഉപ്പയും മക്കളും വളരെ നല്ല സൗഹൃദത്തിലാണു കഴിയുന്നത്. പ്രശ്നങ്ങൾ, സന്തോഷങ്ങൾ എല്ലാം പരസ്പരം പങ്കുവെക്കുന്നവർ. റഫീഖിന്റെ വിവാഹവുമായി ബന്ധപ്പെട്ടു മിശ്രവിവാഹിതരുടെ മകളാണു മകൻ

വിവാഹം കഴിക്കാൻ പോവുന്ന കുട്ടിയെന്നു മനസ്സിലാക്കുമ്പോൾ വീട്ടുകാർക്ക് ഉൾക്കൊള്ളാൻ കഴിയാതെ വരുന്നു. ഈ അവസരത്തിൽ വീട്ടുകാരെയും ഭാര്യ യെയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതും മകന്റെ സന്തോഷത്തിനൊപ്പം നിൽക്കുന്നതും ഉപ്പയാണ്. മക്കളുടെ സന്തോഷത്തിനുവേണ്ടി എന്തു വിട്ടുവീഴ്ചക്കും തയ്യാറുള്ള ഉപ്പയെയാണു കാണാൻ കഴിയുന്നത് (2012: 185–192).

#### 4.1.1.1.1.5.3 ഷംസുദ്ദീൻ – ഷിഹാബ്

'ബാപ്പയുടെ മോൻ' എന്നാണു നോവലിൽ ഷിഹാബിനെ പരാമർശിച്ചി ട്ടുള്ളത് (2012: 195). ഷിഹാബ് വാപ്പയുടെ എല്ലാ സ്വഭാവഗുണങ്ങളോടും കൂടിയ വനാണെന്നാണ് അവന്റെ ഉമ്മയുടെ പക്ഷം. പ്രത്യേകിച്ചു ഭക്തിപരമായ കാര്യ ത്തിൽ ഭക്തി മനസ്സിലുണ്ടാകേണ്ടതാണ് ആളുകളെ കാണിക്കാൻവേണ്ടി ഉള്ള തല്ല എന്നാണു രണ്ടുപേരുടെയും പക്ഷം (2012:197). ഷിഹാബിന്റെ മനസ്സിലെ ആദർശപുരുഷനാണ് അവന്റെ ഉപ്പ (2012:234). ''കുട്ടാ, ആൺകുട്ടികൾ ദു:സ്വപ്നം കണ്ടാലും പേടിക്കാറില്ല'' എന്ന ഉപ്പയുടെ വാക്കുകൾകൊണ്ടു വലിയ ശക്തിയായിരുന്നെന്നു പരാമർശിച്ചുകാണുന്നു. തമാശക്കാണെങ്കിലും മറ്റു രണ്ടു മക്കൾ ഉമ്മയുടെ പക്ഷം ചേർന്ന് ഉപ്പയെ കുറ്റം പറയുമ്പോഴും ശിഹാബ് ഉപ്പയുടെ പക്ഷമാണു നിൽക്കുന്നത്.

#### 4.1.1.1.1.2 ചെറുകഥകളിൽ

അവിവാഹിതനായ മകനും അച്ഛനും തമ്മിലുള്ള ബന്ധം ചിത്രീകരിച്ചു കാണുന്നില്ല.

#### 4.1.1.1.1.3 അനുഭവക്കുറിപ്പുകളിൽ

#### 4.1.1.1.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

എഴുത്തുകാരിയുടെ കുഞ്ഞീക്ക എന്നു വിളിക്കുന്ന സഹോദരൻ ഉപ്പക്കു ട്ടിയായിരുന്നു എന്ന സൂചനയുണ്ട് (2015:112). മറ്റുള്ളവരെല്ലാം ഉമ്മയുടെ ഭാഗം

നിന്നു സംസാരിക്കുമ്പോൾ കുഞ്ഞീക്ക ഉപ്പയുടെ പക്ഷമാണു നിൽക്കാറെന്നു സ്മരിക്കുന്നുണ്ട്.

**4.1.1.1.1.4 ലേഖനസമാഹാരങ്ങളിൽ സൂചനകൾ ഇല്ല**

**4.1.1.1.2 അച്ഛൻ - വിവാഹിതനായ മകൻ**

**4.1.1.1.2.1 നോവലുകളിൽ**

**4.1.1.1.2.1 കിനാവ്**

**4.1.1.1.2.1.1.1 കരീം - സക്കീർ**

കരീമിന്റെ ഒറ്റ മകനാണു സക്കീർ. വിവാഹിതനാവുന്നതോടെ സക്കീർ ഭാര്യയുമൊത്തു മാറിത്താമസിക്കുകയാണു ചെയ്യുന്നത്. അതിനുകാരണം അമ്മായിയമ്മയും സക്കീറിന്റെ ഭാര്യയും (ശാഹിദ) തമ്മിൽ ചേർച്ചയില്ല എന്ന തായിരുന്നു. 'മരുമകൾ അമ്മായിയെ വിലവെക്കുന്ന ടൈപ്പല്ല' എന്നതാണു നോവലിൽ പരാമർശിച്ചിട്ടുള്ളത് (1990: 77).

**4.1.1.1.2.1.2 ഇരുട്ട്**

**4.1.1.1.2.1.2.1 ഉപ്പ - കരീം**

സഫിയയുടെ വീട്ടിലെ സ്വത്തും പണവും കണ്ടാണു തന്റെ മകനെ ക്കൊണ്ടു വിവാഹം കഴിപ്പിക്കുന്നത്. ഉപ്പയുടെ ഇഷ്ടത്തിന് എതിരു നിൽക്കാ ത്തവനാണു കരീം. വിവാഹിതനായതിനുശേഷവും അതിനു മാറ്റമില്ല. ഭാര്യവീ ട്ടിൽനിന്നും അയാൾക്ക് ഇടയ്ക്കു കാണിക്ക കിട്ടണം. അതു ചെറിയ സംഖ്യ യൊന്നും പോര. വലിയ സംഖ്യ തന്നെ വേണം. കിട്ടിയില്ലെങ്കിൽ മകനെ ഭാര്യ വീട്ടിലേക്കയക്കില്ല. കുത്തിത്തിരുപ്പുണ്ടാക്കി മകനെയും ഭാര്യയെയും തെറ്റിക്കും അയാൾ. മകളുടെ കണ്ണീരു കാണാൻ ഹസ്സനാജിക്കു കഴിയില്ലെന്നു കരീമിനും

വാപ്പയ്ക്കും അറിയാം. അതുകൊണ്ട് അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കും (1905: 39).

**4.1.1.1.2.1.2.2 ഉപ്പ- മുഹമ്മദലി**

മുനീറയുടെ ഭർത്താവാണു മുഹമ്മദലി. മുഹമ്മദലി ഉപ്പയുമായി സൗഹാർദ്ദപരമായി ജീവിക്കുന്നവനാണ്. ഉപ്പയ്ക്ക് അർഹിക്കുന്ന ബഹുമാനവും സ്നേഹവും നൽകുന്ന മകൻ. വിവാഹിതനായതിനുശേഷവും എല്ലാ കാര്യ ങ്ങളും ഉപ്പയുടെ അനുമതിയോടെയും ഇഷ്ടത്തോടെയും ചെയ്യുന്നവൻ. ഉപ്പയും അങ്ങനെത്തന്നെ. കുടുംബത്തിനകത്തുതന്നെ പരസ്പരധാരണയോടെ കഴിയുന്ന ഉപ്പ മകൻ ബന്ധമാണ് ഇവർക്കിടയിൽ കാണാൻ കഴിയുന്നത്.

**4.1.1.1.2.1.3 മൊഴി**

**4.1.1.1.2.1.3.1 കോയക്കുട്ടിമാഷ് - സലാം, അഷറഫ്**

മാഷിന്റെ രണ്ട് ആൺമക്കൾ വിവാഹിതരാണ്. മാഷിന്റെ ലോകം തന്റെ ഭാര്യ വീട്, മക്കൾ എന്ന രീതിയിലാണു മക്കൾക്കും അങ്ങനെത്തന്നെ. വിവാഹിതരായ രണ്ട് ആൺ മക്കളും ഉപ്പയ്ക്കു പ്രിയപ്പെട്ടവരാണ്. തിരിച്ചും അങ്ങനെത്തന്നെ. സന്തോഷത്തോടെ പരസ്പരം കാര്യങ്ങൾ കൂടി ആലോചന യിലൂടെ മാത്രമേ അവർ ചെയ്യുകയൊള്ളൂ എന്നു കാണാം (1999: 66).

**4.1.1.1.2.1.4 നിലാവ്**

സൂചനകൾ ഇല്ല

**4.1.1.1.2.1.5 ആകാശഭൂമികളുടെ താക്കോൽ**

**4.1.1.1.2.1.5.1 ഉപ്പയും ജഹാംഗീറും**

നൂർജഹാന്റെ വീട്ടിലെ വരുമാനത്തിന്റെ സ്രോതസ്സ് ആദ്യത്തിൽ ഉപ്പ മാത്രമായിരുന്നു. തന്നാൽ കഴിയും തരത്തിൽ ഉപ്പ മക്കളെ പുലർത്തി.

മകളെ പണക്കാരനായ ഹുസൈൻഹാജിയെക്കൊണ്ടു വിവാഹം കഴിപ്പിച്ചു. മകന് അയാളുടെ കമ്പനിയിൽ ജോലിയും ലഭിച്ചു വിവാഹവും കഴിച്ചു സന്തോഷത്തോടെ ജീവിക്കുന്നു. വിവാഹത്തോടെ മകൻ ഭാര്യയുടെ വാക്കുകൾ കേട്ട് അനുസരിക്കുന്നവനായി മാറിയതു നോവലിൽ സൂചനയുണ്ട് (2011: 69).

#### 4.1.1.1.2.1.6 നിഴൽ

##### 4.1.1.1.2.1.6.1 അസൈനാരുകുഞ്ഞ് – ആൺമക്കൾ

അസീസ്, ഷാഹുൽ, മജീദ്, ഷാജഹാൻ എന്നിവർ വിവാഹിതരാണ്. ഉപ്പയ്ക്കു മക്കളുമായി പ്രത്യേകബന്ധമൊന്നും ഇല്ല. മക്കൾക്കു തിരിച്ചും അങ്ങനെതന്നെ. ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി അസീസും സീനത്തും വീടുമാറി താമസിക്കാൻ നിൽക്കുമ്പോൾ അവർക്ക് അനുകൂലമായാണ് ഉപ്പ നിലകൊള്ളുന്നത്. മക്കളെ അവരുടെ ഇഷ്ടത്തിനു വിടണമെന്നാണ് അസൈനാരു കുഞ്ഞിന്റെ പക്ഷം. കഴിയുമെങ്കിൽ ഷാഹുലും മജീദും മാറി താമസിച്ചോട്ടെ എന്നാണ് അയാൾക്കു പറയാനുണ്ടായിരുന്നത് (2012: 86).

#### 4.1.1.1.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

##### 4.1.1.1.2.1.7.1 ഷംസുദ്ദീൻ – സത്താർ, റഫീഖ്

ഷംസുദ്ദീൻ വക്കീലിന്റെ രണ്ട് ആൺമക്കൾ വിവാഹിതരാണ്. രണ്ടു പേരും കുടുംബസമേതം വിദേശത്താണു താമസം. ഉമ്മയെപ്പോലെ ഉപ്പ സെന്റിമെന്റൽ അല്ലെങ്കിലും മക്കളുടെ കാര്യത്തിൽ വിവാഹശേഷവും വിട്ടു വീഴ്ചയില്ല. മക്കൾ വരുന്ന ദിവസം നേരത്തെ വിവരമറിയിക്കുകയും മക്കൾക്കു വേണ്ടി ഉപ്പ സമയം കണ്ടെത്തുകയും ചെയ്യും. ഏതു പ്രതിസന്ധിഘട്ടത്തിലും മക്കളും ഉപ്പയും ഒറ്റക്കെട്ടാണ്. അതിനു വിവാഹശേഷവും യാതൊരു തടസ്സവും ഇല്ല എന്നു കാണാം (2012: 153).

#### 4.1.1.1.2.1.7.2 റഷീദ് - റയീസ്

റഷീദിന്റെ മകനാണു റയീസ്. ഭാര്യയും കുട്ടികളുമായി ബാംഗ്ലൂരി ലാണു താമസം. സ്നേഹനിധികളായ ഉപ്പയും മകനുമാണ് അവർ. വിവാഹ ശേഷവും അതിനു യാതൊരു മാറ്റവും ഇല്ല. മകന് ഇഷ്ടമുള്ള സാധനങ്ങൾ ഭാര്യ ഉണ്ടാക്കിനൽകുന്നതു മകനു കൊണ്ടുകൊടുക്കുന്നത് ഉപ്പയാണ്. ആത്മബന്ധത്തിൽ കഴിയുന്നുവെങ്കിലും മക്കളുടെ ജീവിതം അവർ ജീവിക്കട്ടെ എന്നാണ് അയാളുടെ പക്ഷം. 'അവരുടെ ജീവിതം അവർ ജീവിക്കട്ടെ നമ്മള തിൽ ഇടക്കോലിടാൻ പോവണ്ട' എന്ന നിലപാടാണു റഷീദിനുള്ളത് (2012:123).

#### 4.1.1.1.2.2 ചെറുകഥകളിൽ

ചെറുകഥകളിൽ പരാമർശസൂചനകൾ കാണാൻ കഴിയുന്നില്ല.

#### 4.1.1.1.2.3 അനുഭവക്കുറിപ്പുകളിൽ

പരാമർശസൂചനകൾ ഇല്ല

#### 4.1.1.1.2.4 ലേഖനസമാഹാരത്തിൽ പരാമർശസൂചനകൾ ഇല്ല

#### 4.1.1.1.3 അച്ഛൻ - വിവാഹമോചിതനായ മകൻ

#### 4.1.1.1.3.1 നോവലുകളിൽ

#### 4.1.1.1.3.1.1 പ്രകാശത്തിനുമേൽ പ്രകാശം

#### 4.1.1.1.3.1.1.1 ഷംസുദ്ദീൻ- ഷിഹാബ്

ഷംസുദ്ദീൻ വക്കീലിന്റെ ഇളയമകനാണു ഷിഹാബ്. ഉപ്പയുമായി വളരെ നല്ല ആത്മബന്ധം കാത്തുസൂക്ഷിക്കുന്നവനാണു ശിഹാബ്. വീട്ടുകാരുടെയും തന്റെയും ഇഷ്ടപ്രകാരം ഷബാനയെ വിവാഹം കഴിച്ചു. ആദ്യരാത്രി തന്നെ ഭാര്യ മാനസികരോഗിയാണെന്ന യാഥാർത്ഥ്യം അവർ തിരിച്ചറിയുകയാണ്. ശിഹാബ് പകച്ചു പോവുന്നുണ്ട്. ഇനി ഒരു ദിവസംപോലും അവളോടൊപ്പം കഴിയാൻ സാധിക്കില്ലെന്നു പറഞ്ഞു ഷിഹാബ് പൊട്ടിക്കരയുകയാണ്. അന്നു

തന്നെ നിയമപരമായി വിവാഹം വേർപ്പെടുത്താനുള്ള നടപടികളും ആ ഉപ്പ ചെയ്തു. മാത്രമല്ല മകന് എല്ലാതരത്തിലുള്ള പരിഗണനയും ശ്രദ്ധയും സ്നേഹവും മനക്കരുത്തും ആ ഉപ്പ നൽകുന്നതായും കാണാം (2012: 242).

**4.1.1.1.3.1.2.** *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിൽ മാത്രമാണു വിവാഹമോചിതനായ അച്ഛൻ മകൻ ബന്ധം കാണാൻ കഴിയുന്നത്. മറ്റു നോവലുകളിൽ പരാമർശസൂചനകൾ ഇല്ല.

**4.1.1.1.3.2 ചെറുകഥകളിൽ**

പരാമർശസൂചനകൾ ഇല്ല

**4.1.1.1.3.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശ സൂചനകൾ ഇല്ല

**4.1.1.1.3.4 ലേഖനസമാഹാരത്തിൽ**

പരാമർശ സൂചനകൾ ഇല്ല

**4.1.1.2.1 ആരോഗ്യാവസ്ഥ**

**4.1.1.2.1.1 അച്ഛൻ - ഭിന്നശേഷിക്കാരനായമകൻ**

**4.1.1.2.1.1.1 നോവലുകളിൽ**

**4.1.1.2.1.1.1.1 നിഴൽ**

**4.1.1.2.1.1.1.1.1 അസൈനാർ - ഷാഹുൽ**

മക്കളോടു പ്രകടമായ സ്നേഹംകാണിക്കാത്ത വ്യക്തിയാണ് അസൈനാർ. മകൻ ഷാഹുൽ വാഹനമിടിച്ചു പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുമ്പോൾ കൂടെനിന്നു ശുശ്രൂഷിക്കാൻ ഉപ്പ തയാറാവുന്നുണ്ട്. മകനെ ഓർത്തു സങ്കടപ്പെടുന്ന ഒരു ഉപ്പയെ നോവലിൽ കാണാം. മകന്റെ ഒരു

കാലിന്റെ സ്വാധീനം പൂർണ്ണമായും ഇല്ലാതാവുമെന്നറിയുമ്പോൾ അവന്റെ ജീവിതത്തെ കുറിച്ചോർത്ത് ആ ഉപ്പ തകർന്നു പോവുന്നുണ്ട് (2012:215,18). മകനോടൊപ്പം നിന്ന് അവനെ ജീവിതത്തിലേക്കു കൊണ്ടുവരാൻ ആ ഉപ്പ ശ്രമിക്കുന്നുണ്ട്.

**4.1.1.2.1.1.1.1.2.** മറ്റു നോവലുകളിൽ അച്ഛൻ - ഭിന്നശേഷിക്കാരായ മകൻ ബന്ധം കാണാൻ കഴിയുന്നില്ല.

**4.1.1.2.1.1.2 ചെറുകഥകളിൽ**

ചെറുകഥകളിലൊന്നും തന്നെ പരാമർശസൂചനകൾ കാണാൻ കഴിയുന്നില്ല.

**4.1.1.2.1.1.3** അനുഭവക്കുറിപ്പുകളിൽ സൂചനകൾ ഇല്ല.

**4.1.1.2.1.1.4 ലേഖനസമാഹാരത്തിലും സൂചനകൾ ഇല്ല**

**4.1.2 അച്ഛൻ-മകൾ ബന്ധം**

**4.1.2.1 വൈവാഹികാവസ്ഥ**

**4.1.2.1.1 അച്ഛൻ-അവിവാഹിതയായ മകൾ**

**4.1.2.1.1.1 നോവലുകളിൽ**

**4.1.2.1.1.1.1 കിനാവ്**

**4.1.2.1.1.1.1.1 സൈതൂട്ടി ഹാജി - ബീപാത്തു**

സൈതൂട്ടിഹാജിക്കു രണ്ടു പെൺമക്കളാണ്. രണ്ടാമത്തെ മകളായ ബീപാത്തുവിനോടു സൈതൂട്ടിഹാജിയ്ക്കു പ്രത്യേക ഇഷ്ടമാണ്. മകൾക്കു തിരിച്ചങ്ങോട്ടും അങ്ങനെതന്നെ. സ്നേഹനിധികളായ അച്ഛനും മകളുമാണ് അവർ രണ്ടുപേരും. ഭാര്യ ജീവിച്ചിരുന്നപ്പോഴും എന്താവശ്യത്തിനും ഉപ്പാക്കു മകൾ വേണം. തന്റെ മകൾ എന്നും തന്നോടൊപ്പം ഉണ്ടാവണം എന്ന ആഗ്രഹ

ത്തിന്റെ പുറത്തു മകളെ മരുമകനെകൊണ്ടു വിവാഹം കഴിപ്പിക്കാൻ വരെ അയാൾ തീരുമാനിക്കുകയാണ്. എന്തിന്റെപേരിലായാലും തന്റെ മകൾ കരയുന്നതിനോട് അയാൾക്ക് ഒരിക്കലും യോജിക്കാൻ കഴിയുമായിരുന്നില്ല (1990:16, 17).

#### 4.1.2.1.1.1.2 ഇരുട്ട്

#### 4.1.2.1.1.1.2.1 ജമാൽ-നസീറ

ലഹരിക്കും മയക്കുമരുന്നിനും അടിമപ്പെട്ടുകഴിയുന്ന ജമാലിനു തന്റെ കുടുംബത്തിന്റെ കാര്യങ്ങൾ നോക്കാൻ സാധിക്കുന്നില്ല. പിതാവെന്ന നിലയിൽ അയാൾ പരാജിതനായിരുന്നു. മക്കളെ സ്നേഹിക്കാൻ അയാൾക്കു സാധിച്ചിരുന്നില്ല. എന്നാൽ മക്കൾക്ക് ഉപ്പയോടു സഹതാപമായിരുന്നു. അനുകമ്പയും. ഉപ്പയെ കാണാൻ ആശ്വസിപ്പിക്കാൻ ആഗ്രഹിക്കുന്നതായി നോവലിൽ കാണാം. റസീന രോഗിയായി ആശുപത്രിയിൽ കിടക്കുമ്പോൾ ജമാൽ മോളെ അന്വേഷിച്ചു വരുന്നുണ്ട്. അപ്പോഴേക്കും എല്ലാം കൈവിട്ടുപോയിരുന്നു എന്നു മാത്രം (2008: 139).

#### 4.1.2.1.1.1.3 മൊഴി

#### 4.1.2.1.1.1.3.1 കോയക്കുട്ടി മാഷ് - ഫാത്തിമ

കോയക്കുട്ടിമാഷിന്റെ മകൾ ഫാത്തിമ വിവാഹിതയാകുന്നതിനു മുമ്പ് ഉപ്പയുമായി വളരെ നല്ലബന്ധം പുലർത്തിയിരുന്നു. പഠിക്കാൻ മിടുക്കിയായിരുന്നു ഫാത്തിമ. അന്നത്തെകാലത്തു നാട്ടിനുപുറത്തയച്ചു പെൺകുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതു പതിവില്ലായിരുന്നു. എന്നാൽ കോയക്കുട്ടിമാഷ് മകളെ നല്ല രീതിയിൽ വിദ്യാഭ്യാസം ചെയ്യിപ്പിച്ചു. ഉപ്പാക്കു മക്കളും ഭാര്യയുമായിരുന്നു ലോകം. മോൾക്ക് എന്തും തുറന്നു പറയാനുള്ള അന്തരീക്ഷം വീട്ടിൽ ഉണ്ടായിരുന്നു എന്നും പരാമർശിക്കുന്നുണ്ട് (2007:66).

#### 4.1.2.1.1.1.4 ആകാശഭൂമികളുടെ താക്കോൽ

##### 4.1.2.1.1.1.4.1 ഉപ്പ - നൂർജഹാൻ

രാവന്തിയോളം പണിയെടുത്തു കുടുംബംപുലർത്തുന്ന പിതാവിനെ യാണു നോവലിൽ കാണാൻ കഴിയുന്നത്. മകൾക്ക് ഉപ്പയും ഉപ്പാക്കു മകളും പ്രിയപ്പെട്ടവരാണ്. കുടുംബത്തിന്റെ പ്രയാസങ്ങളാണു മകളെ നാൽപതു വയസ്സുപ്രായമുള്ള ഒരാളെകൊണ്ടു വിവാഹം കഴിപ്പിച്ചയക്കാൻ ആ പിതാവിനെ നിർബന്ധിക്കുന്നത്. സ്നേഹനിധിയായ മകൾ തന്റെ കടമ നിർവ്വഹിക്കും പോലെ ഉപ്പയുടെ ആവശ്യം നിറവേറ്റി കൊടുക്കുന്നതായും നോവലിൽ പരാ മർശിച്ചു കാണാം (2008: 28).

##### 4.1.2.1.1.1.4.2 ഉപ്പ - ഐഷ

ഹുസൈൻഹാജിയുടെ ആദ്യഭാര്യയാണ് ഐഷ. ഐഷയുടെ ഓർമക ളിലൂടെ അവരുടെ ഉപ്പയുമായുള്ള ആത്മബന്ധം അവതരിപ്പിക്കുന്നുണ്ട് നോവലിൽ. മക്കളിൽ ഏറ്റവും ഇളയവളായിരുന്നു ഐഷു. ഉപ്പാക്കു പ്രിയപ്പെ ട്ടവൾ എന്റെ പേരമക്കളെ കൂട്ടത്തിൽ മൊഞ്ചത്തി എന്റെ അയിച്ചക്കുട്ടിയാ . . . ഓളെ ഉമ്മാനെപ്പോലെ (2008:44). മകൾക്കു പുതുമാരനെത്തിരയുമ്പോൾ ഉപ്പാക്ക് ആരെയും ഇഷ്ടപ്പെടുന്നില്ല. തന്റെ മകളുടെ സൗന്ദര്യത്തിനും തറവാ ടിനും ഒത്ത പുതിയാപ്ല വേണമെന്നാണ് ആ ഉപ്പയുടെ ആഗ്രഹം (പു.43, 44).

#### 4.1.2.1.1.1.5 നിലാവ്

##### 4.1.2.1.1.1.5.1 മൂസഹാജി - നസീമ

മൂസഹാജിയുടെ ചെറിയമകളാണു നസീമ. മകളെ ഏറെ ഇഷ്ടമാണു മൂസഹാജിക്ക്. മകളുമായി സംസാരിക്കാൻ ഉപ്പ സമയം കണ്ടെത്താറുണ്ട്. നസീമക്കും ഉപ്പ ഏറേ പ്രിയപ്പെട്ടതാണ്. മകളെ നേരത്തെ വിവാഹ കഴിപ്പിച്ചയ ക്കാൻ ഇഷ്ടമില്ലെങ്കിലും തന്റെ കടമ നിർവ്വഹിക്കണം എന്നാണു ഹാജി പറയുന്നത്. മകളുടെ മനസ്സു വായിച്ചിട്ടെന്നപോലെയാണു ഹാജി

യുടെ പ്രതികരണം. സഹോദരങ്ങൾ, അനിയത്തിയെ കെട്ടിക്കാനായി ല്ലെന്നു പറയുമ്പോഴും മകൾക്കു വിവാഹത്തിനു താൽപര്യമില്ലെന്ന് അറിയുമ്പോഴും ഉപ്പ ഇപ്രകാരം പ്രതികരിക്കുന്നതായി കാണാം.

'അവര് പറേന്നതിലും കാര്യണ്ട്. അമ്മായിക്കു വയ്യാണ്ടായി. നെച്ചി യുടെ മംഗലം കൂടണമെന്നു വലിയ പൂതി. പിന്നെ ഞാനും മൂലക്കലായില്ലേ? എന്റെ കണ്ണൊന്നു ചിമ്മിയാ ആരുണ്ട് ഓക്കൊരു തുണ?' മൂസ്സഹാജിയുടെ കണ്ണു നിറഞ്ഞു (2007:64). മകളോടുള്ള സ്നേഹവും അലിവും ആ വാക്കുക ളിൽ കാണാം.

**4.1.2.1.1.1.6 നിഴൽ**

**4.1.2.1.1.1.6.1 അസൈനാർ – മുംതാസ്**

നാല് ആൺമക്കൾക്കിടയിൽ ഒറ്റ മോളാണു മുംതാസ്. മക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയൊന്നും ചെലുത്താത്ത പിതാവാണു കഥയിലുട നീളം അസൈനാർ. എന്നാൽ മകളോടു പ്രത്യേകം വാത്സല്യം കാണിക്കുന്ന തായി പരാമർശമുണ്ട്. മക്കളുടെ കാര്യങ്ങൾ ഭാര്യയുടെ ചുമതലയാണ് എന്ന ചിന്തയാണ് അസൈനാരുകുഞ്ഞിന്. ഒറ്റ മകളായതുകൊണ്ടാവാം ഏറെ വാൽസല്യത്തോടെയാണു മുംതാസിനെ ഉപ്പയും ഉമ്മയും നോക്കിയിരുന്നതെന്ന സൂചനമാത്രം നോവലിൽ ഉണ്ട് (2012 : 37)

**4.1.2.1.1.1.7 പ്രകാശത്തിനുമേൽ പ്രകാശം**

**4.1.2.1.1.1.7.1. മജീദ് – റോഷീന**

ഡോക്ടറായമജീദിന്റെ മകളാണു റോഷീന. ഒറ്റ മകൾ. വിദ്യാസമ്പന്ന. മകളെ എല്ലാം സ്വാതന്ത്ര്യത്തോടും കൂടിയാണു മജീദ് വളർത്തുന്നത്. ഏതുകാ ര്യത്തിലും പിതാവ് മകളുടെ അഭിപ്രായം ചോദിക്കും. തിരിച്ചും അങ്ങനെതന്നെ. ഉപ്പ-മകൾക്കിടയിൽ നല്ല ആത്മബന്ധം പുലർത്തുന്നതായി കാണാം. തന്റെ ഇഷ്ടാനിഷ്ടങ്ങൾ യാതൊരു ഭയവും കൂടാതെ ഉപ്പയുമായി പങ്കുവെക്കാനുള്ള

സ്വാതന്ത്ര്യവും അവൾക്കുണ്ട്. വിവാഹം, വിദ്യാഭ്യാസം, ജോലി എല്ലാം മകളുടെ താൽപര്യത്തിനനുസരിച്ചാണു വേണ്ടത് എന്നു മനസ്സിലാക്കാനുള്ള മനസ്സും ഉപ്പയ്ക്ക് ഉണ്ട് (2012 : 178).

#### 4.1.2.1.1.2 ചെറുകഥകളിൽ

##### 4.1.2.1.1.2.1 പാവം അതൃമാൻകുട്ടി

അവിവാഹിതകളും വിവാഹപ്രായം എത്തിയവരുമായ പെൺമക്കളുടെ പിതാവാണ് അതൃമാൻകുട്ടി. മക്കളുടെ കാര്യത്തിൽ ഏറെ ശ്രദ്ധാലുവാണ് അയാൾ. കാലം മോശമാണെന്നും തന്റെ പെൺമക്കളെ എല്ലായിപ്പോഴും ശ്രദ്ധിക്കണമെന്നുമാണ് അയാളുടെ പക്ഷം. മക്കളോട് അമിതമായ സ്നേഹവും കരുതലുമാണ് ആ പിതാവിന്. അവരുടെ ഓരോ ചലനവും അയാൾ ശ്രദ്ധിക്കുകയും നിരീക്ഷിക്കാൻ ആളെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്. ബസ്സിൽ മക്കളെ യാത്ര ചെയ്യാൻപോലും അയാൾ സമ്മതിക്കുന്നില്ല (2014:243).

##### 4.1.2.1.1.2.2. കെട്ട്യോൻ

സ്വന്തം ഉമ്മയെ കണ്ണീരിലാഴ്ത്തി രണ്ടാമതും വിവാഹം കഴിച്ചു വരുന്ന ഉപ്പയോടു മകൾക്കു ദേഷ്യമാണ്. മകൾ സൈനബ ശക്തിയുക്തം ഉപ്പയെ എതിർത്തു സംസാരിക്കുന്നതു കാണാം.

'തന്തക്കിളവാ പുത്തൻ പെണ്ണിനെയും കൊണ്ടു വിരുന്നുപാർക്കാൻ വന്നതാ? ഇപ്പം പായ വിരിച്ച് അവുത്തിരുത്തി തക്കരിക്കാം. ഇങ്ങക്ക് ഉളുപ്പുണ്ടോന്ന്?' (2014:82). തന്റെ ഉപ്പയാണ് അയാളെന്നും വിവാഹം കഴിപ്പിച്ചയക്കാൻ ഉപ്പയുടെ സഹായം വേണ്ടിവരുമെന്നും ഉമ്മ പറയുമ്പോൾ ഉപ്പയുടെ സഹായം തനിക്കാവിശ്യമില്ലെന്നും 'ഞാൻ രയിസ്ത്രറ് വിവാഹം കയിച്ചോളാം' (2014:83, 84) എന്നുമാണു മകൾ പ്രതികരിക്കുന്നത്.

'എടി' നാവടക്കീല്ലെങ്കിൽ അന്നെ ഞാൻ അറുത്തോളും ഞാൻ പെണ്ണ് ബേറെകെട്ടീത് നേരാ. പക്കേകില് അന്റെ ഉമ്മാനെ ഞാൻ മൊയിച്ചൊല്ലിക്കില്ല. ഓളിപ്പളും എന്റെ ബീടര് തന്നെ. രണ്ടീനേം ഞാൻ കൊല്ലും' (2014:84).

എന്നാൽ മകൾ അതിനു നല്ലമറുപടി തന്നെ നൽകുന്നു. ''ഇമ്പിടന്ന് ഇറങ്ങുമ്പം ആലോയിക്കീനും അക്കാരം ഇന്നോ ഇന്റെ ഉമ്മാനേം തൊട്ടാൽ ഞാൻ രണ്ടിനേം വെട്ടും'' മകളുടെ ഉറച്ച നിലപാടിനു മുമ്പിൽ ഉപ്പ തലകുനിച്ചു വീടുവിട്ട് ഇറങ്ങിപ്പോവുകയാണു ചെയ്യുന്നത് ( പു.85).

**4.1.2.1.1.3 അനുഭവക്കുറിപ്പുകളിൽ**

**4.1.2.1.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

എഴുത്തുകാരിയും ഉമ്മയും കുടുംബവും ഉമ്മയുടെ വീട്ടിലാണു താമസിച്ചിരുന്നത്. വല്ലപ്പോഴുമാണ് ഉപ്പ വീട്ടിലേക്കു വരാറുണ്ടായിരുന്നത്. ഉപ്പയെ തനിക്കു പേടിയായിരുന്നു എന്ന സൂചന ഉണ്ട്. ഉപ്പയെ കാണുമ്പോൾ ഉറക്കെ കരയാറായിരുന്നുപതിവെന്നും സംസാരിക്കാറുണ്ടായിരുന്നില്ല എന്നുമുള്ള സൂചന ഉണ്ട് (2015:13).

**4.1.2.1.1.4 ലേഖനസമാഹാരത്തിൽ പരാമർശ സൂചനകൾ ഇല്ല**

**4.1.2.1.2 അച്ഛൻ - വിവാഹിതയായ മകൾ**

**4.1.2.1.2.1 നോവലുകളിൽ**

**4.1.2.1.2.1.1 കിനാവ്**

**4.1.2.1.2.1.1.1 സൈതൂട്ടി ഹാജി - ബീപാത്തു**

സൈതൂട്ടിഹാജിയുടെ ഇളയമകൾ ബീപാത്തു ഹാജിക്ക് ഏറെ പ്രിയപ്പെട്ടവളാണ്. മകളെ പിരിയാൻ ഉപ്പാക്കു താൽപര്യമില്ലായിരുന്നു. മകൾക്കു തിരിച്ചും അങ്ങനെതന്നെ. അതുകൊണ്ടു തന്നെയാണു മരുമകനായ ആലിക്കുട്ടിഹാജിയെ കൊണ്ടു മകളെ അദ്ദേഹം കല്യാണം കഴിപ്പിച്ചത്.

എന്നാൽ അമ്മോസനും മരുമകനും ഇടയിലുള്ള കലഹം മോളെ വിഷമിപ്പിക്കുകയാണു ചെയ്യുന്നത്. ഉപ്പയും ഭർത്താവും തമ്മിലുള്ള പോരിനിടയിൽ ബീപാത്തു ഏറെ വിഷമം സഹിക്കുന്നുണ്ട്. മകളുടെ കണ്ണീരിനുമുന്നിൽ പല വിട്ടുവീഴ്ച്ചയ്ക്കും ഹാജി തയ്യാറാവാറുമുണ്ട്. വിവാഹിതയായിരുന്നിട്ടും തന്റെ മകളെ പിരിഞ്ഞിരിക്കാൻ കഴിയാത്ത ഒരു പിതാവിനെയാണു *കിനാവിൽ* കാണാനാവുക. മകൾക്കു വേണ്ടതെല്ലാം ഒരുക്കി കൊടുക്കുന്നതും ഉപ്പ തന്നെ. മകൾ രോഗിയായാൽ കൂട്ടിരിക്കും ശുശ്രൂഷിക്കും. ഗർഭിണിയായിരിക്കുമ്പോളും പ്രസവസമയത്തും എല്ലാം സ്നേഹനിധിയായ പിതാവു മകൾക്കുവേണ്ടി ഉറക്കമൊഴിച്ചിരുന്നു കൂട്ടിരിക്കുമെന്നും പരാമർശമുണ്ട് (1990:40).

#### 4.1.2.1.2.1.1.2 കരീം – നദീറ

ബീപാത്തുവിന്റെ മൂത്തമകനാണു കരീം. കരീമിന്റെ ഒറ്റ മകളാണു നദീറ. കരീമിന്റെ ഭാര്യയ്ക്കു ഭർത്താവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കാൻ സമയമില്ല. ക്ലബ്ബും കിറ്റി പാർട്ടിയുമൊക്കെയായി നടക്കുന്ന ശാഹിദ എപ്പോഴും പുറത്തായിരിക്കും. രോഗിയായ ഉപ്പയെ നോക്കുന്നതു മകളായ നദീറയാണ്. വിവാഹിതയായിരുന്നിട്ടും മകൾ ഉപ്പയുടെ കാര്യങ്ങളിൽ കോട്ടം വരുത്താറില്ല. ഉമ്മയുടെ തിരക്കുകൾക്കിടയിൽ ഉപ്പയെ നോക്കാൻ സമയമില്ലെന്നു നദീറക്കറിയാം. താനും കൂടി ഭർത്താവിനോടൊപ്പം വീടുമാറി പോയാൽ ഉപ്പ ഒറ്റപ്പെടുമെന്നും മകൾക്കറിയാം. അതുകൊണ്ടു ഭർത്താവിന്റെ സമ്മതത്തോടെ മകൾ ഉപ്പക്കൊപ്പം കഴിയുകയാണു ചെയ്യുന്നത് (1995:76-77).

#### 4.1.2.1.2.1.2 ഇരുട്ട്

#### 4.1.2.1.2.1.2.1 ഹസ്സനാജി – ആമിന

ഹസ്സനാജിയുടെ ഇളയമകളാണ് ആമിന. വിവാഹത്തിനുമുമ്പും ഹസ്സനാജിയും ആമിനയും നല്ല ബന്ധമാണു കാത്തു സൂക്ഷിച്ചിരുന്നത്. സുന്ദരിയായ മകളെ തറവാടിത്തവും സുന്ദരനുമായ ഒരാൾക്കു വിവാഹം കഴിപ്പിച്ചു

കൊടുക്കണമെന്ന് അയാൾ ആഗ്രഹിച്ചിരുന്നു. അതിനനുസരിച്ചു ജമാലിനെ കൊണ്ട് അവളെ വിവാഹം കഴിപ്പിക്കുകയും ചെയ്തു. എന്നാൽ ദുർനടപ്പിൽ മനംനൊന്തു സ്വന്തം വീട്ടിൽ തിരിച്ചെത്തുന്ന ആമിനക്ക് എല്ലാ നിലക്കും തുണ യാവുന്നതും ഉപ്പ തന്നെ. എല്ലാവരും അവളെ പഴിക്കുമ്പോഴും മകൾക്കു തുണ യാവുന്നത് ഉപ്പയാണ്. മകൾ വാശിക്കാരിയാണെന്നറിയാമെങ്കിലും മകളുടെ മനസ്സു മനസ്സിലാക്കിയ വണ്ണം ഉപ്പ പ്രതികരിക്കുന്നതു 'കാണാൻ പാടില്ലാത്ത തെന്തോ ഓള് കണ്ടിട്ടുണ്ടാവും. അതാ ഓക്കിത്തറവാശി' (1995:23) എന്നാണ്. മകൾക്കൊപ്പം നിൽക്കുന്ന പിതാവിനെയാണു കാണാൻ കഴിയുന്നത്.

#### 4.1.2.1.2.1.2.2 ജമാൽ – മുനീറ

നോവലിന്റെ ആദ്യഭാഗത്തു ലഹരിക്കും മയക്കുമരുന്നിനും അടിമപ്പെട്ടു കഴിയുന്ന ജമാലിനു മക്കളുടെ കാര്യങ്ങൾ ശ്രദ്ധിക്കാനോ അവരെ സ്നേഹി ക്കാനോ കഴിഞ്ഞിരുന്നില്ല. അവസാന ഭാഗത്തു മാനസാന്തരം സംഭവിക്കുന്ന ഒരു പിതാവിനെ കാണാം. മക്കളെ കാണാനും സ്നേഹിക്കാനും അയാൾ ആഗ്രഹിക്കുന്നു. മകൾ മുനീറ ഭർത്താവുമൊത്ത് ഉപ്പയെ കാണാനായി പോവു ന്നുണ്ട്. ഉപ്പയെ മനസ്സിലാക്കാൻ മകളും മകളെ മനസ്സിലാക്കാൻ ഉപ്പയും ശ്രമി ക്കുന്നതായി കാണാം (2011:3).

#### 4.1.2.1.2.1.3 മൊഴി

#### 4.1.2.1.2.1.3.1 കോയക്കുട്ടി മാഷ് – ഫാത്തിമ

കോയക്കുട്ടിമാഷിന്റെ ഇളയമകളായ ഫാത്തിമയെ വിദ്യാസമ്പന്നനും സുമുഖനുമായ അബ്ദുള്ളയെ കൊണ്ടു മാഷ് വിവാഹം കഴിപ്പിക്കുകയാണ്. മകൾക്കും വിദ്യാഭ്യാസം നൽകാനും സൽഗുണത്തോടെ വളർത്താനും ഉപ്പ ശ്രമിച്ചിരുന്നു. മാഷിന്റെ ലോകം തന്നെ മക്കളായിരുന്നു. മക്കൾക്കും അങ്ങനെ തന്നെ. വിവാഹശേഷം മകൾ ഭർത്താവിനോടൊപ്പം വിദേശത്തേക്കു പോവു

മ്പോൾ ഉപ്പയും മകളും വിഷമിക്കുന്നതായി പരാമർശമുണ്ട് നോവലിൽ. എന്നാൽ മകളുടെ നല്ലഭാവി ഓർത്തു സന്തോഷിക്കുകയാണു സ്നേഹനിധി യായ ഉപ്പ ചെയ്യുന്നത്. മകൾക്കും ഉപ്പയെയും കുടുംബത്തെയും പിരിയാൻ സങ്കടം തന്നെ (2007:24,25).

**4.1.2.1.2.1.4 നിലാവ്**

പരാമർശ സൂചന ഇല്ല

**4.1.2.1.2.1.5 ആകാശഭൂമികളുടെ താക്കോൽ**

**4.1.2.1.2.1.5.1 ഉപ്പ – നൂർജഹാൻ**

ഉപ്പയുടെ നിർബന്ധത്തിനുവഴങ്ങി മകൾ നൂർജഹാൻ ഹുസൈൻ ഹാജിയുടെ ഭാര്യയാവുകയാണ്. സ്നേഹനിധിയും നിസ്സാഹയനുമായ പിതാ വാണ് അയാൾ. ദാരിദ്ര്യംകൊണ്ടു കഷ്ടപ്പെടുന്ന തന്റെ കുടുംബത്തിൽനിന്നും ഒരു മകളെങ്കിലും രക്ഷപ്പെടട്ടെ എന്നാണ് അയാൾ ആഗ്രഹിക്കുന്നത്. മകളുടെ മനസ്സുവായിക്കാൻ പക്ഷേ അയാൾക്കു സാധിക്കുന്നില്ല. ഭർത്താവു മായി പിണങ്ങി വരുമ്പോൾ മകളെ അനുനയിപ്പിച്ചു ഭർതൃവീട്ടിലേക്കു തന്നെ അയക്കുകയാണ് അയാൾ. ബാപ്പയുടെ അഭിമാനത്തിനും കുടുംബത്തിന്റെ ദൈന്യതക്കും മുമ്പിൽ തന്റെ ജീവിതം ബലിയാടാക്കുകയാണ് അവൾ ചെയ്യുന്നത് (2011:68,69).

**4.1.2.1.2.1.6 നിഴൽ**

**4.1.2.1.2.1.6.1 അസൈനാർ – മുംതാസ്**

അസൈനാരുടെ ഒറ്റമോളാണു മുംതാസ്. മുംതാസിനെ സ്നേഹത്തോ ടെയാണ് ഉപ്പ പഠിപ്പിച്ചു വളർത്തുന്നത്. ഗവൺമെന്റ് ജോലിക്കാരനായ ഷഹീദി നെകൊണ്ടു വിവാഹം കഴിപ്പിക്കുകയും ചെയ്തു. ഒറ്റമകളായതുകൊണ്ടുതന്നെ ചോദിച്ചതിലും കൂടുതൽ സ്വർണ്ണവും പണവും നൽകിയാണു മകളെ വിവാഹം

കഴിപ്പിച്ചയക്കുന്നത്. എന്നാൽ വിവാഹത്തോടെ ഉപ്പയും മകളും തമ്മിൽ ആത്മബന്ധം ഇല്ലാതാവുന്നതായി കാണാം. ഉപ്പ മകളുടെ വീട്ടിലേക്കു പോവു ന്നതും കുറയുന്നുണ്ട്. ഭർത്താവിന്റെയും ഉമ്മയുടേയും ആവശ്യാർത്ഥം വീട്ടിൽ വന്നു പണവും സ്വർണ്ണവും ചോദിച്ചുവാങ്ങി പ്രശ്നമുണ്ടാക്കലാണു വിവാഹിത യായതിനുശേഷവും മുംതാസിന്റെ പരിപാടി. ഭർത്താവിന്റെ താളത്തിനൊത്തു തുള്ളുകയാണു മുംതാസും. അത് അയാൾക്ക് ഇഷ്ടപ്പെടുന്നില്ല. മകളിൽനിന്നും ഒഴിഞ്ഞുമാറാനാണു പലപ്പോഴും ആ ഉപ്പ ശ്രമിക്കുന്നത്. (2012:35,37). എന്നാൽ നോവലിന്റെ അവസാന ഭാഗത്തെത്തുമ്പോൾ മുംതാസ് സ്നേഹമുള്ള മകളാവു ന്നുണ്ട്. സ്വന്തംവീട്ടിലെ പ്രയാസങ്ങളിൽ ഉപ്പയെയും ഉമ്മയെയും തലോടുകയും സാന്ത്വനിപ്പിക്കുകയും ചെയ്യുന്നതും മുംതാസ് തന്നെ.

#### 4.1.2.1.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

##### 4.1.2.1.2.1.7.1 മജീദ് – റോഷീന

ഡോക്ടറായമജീദിന്റെ ഒറ്റമകളാണു റോഷീന. എല്ലാ സ്വാതന്ത്ര്യ ത്തോടും കൂടിയാണ് ഉപ്പ മകളെ വളർത്തുന്നത്. അവളുടെ വിദ്യാഭ്യാസം, ജോലി, വിവാഹകാര്യങ്ങളിലെല്ലാം മകളുടെ താൽപര്യങ്ങൾക്കു മുൻതൂക്കം നൽകിയിരുന്നു. ഉപ്പയും മകളും തമ്മിൽ ആത്മസുഹൃത്തുക്കൾ പോലുള്ള ബന്ധമാണു കാത്തു സൂക്ഷിച്ചിരുന്നത്. (2012:178). ആ ബന്ധം വിവാഹശേ ഷവും അവർ തുടർന്നിരുന്നു. ഭർത്താവായ റഫീഖുമായി പിണങ്ങുമ്പോഴെല്ലാം ഇടനിലക്കാരനായി ഉപ്പയുണ്ടാവും. മകളുടെ തെറ്റുകുറവുകൾ പറഞ്ഞു ബോധ്യപ്പെടുത്തി മരുമകനോടൊപ്പം ചേർക്കാനും ആ ഉപ്പയ്ക്കു സാധിക്കു ന്നുണ്ട്. മകളുടെ മനസ്സു വേദനിച്ചാൽ അതിനു പരിഹാരം കണ്ടെത്തിയെ വാപ്പ വിശ്രമിക്കുകയൊള്ളൂ. വിവാഹിതയായതിനുശേഷവും അങ്ങനെ തന്നെ. (2012:187,89).

#### 4.1.2.1.2.2 ചെറുകഥകളിൽ

പരാമർശ സൂചനകൾ ഇല്ല.

#### 4.1.2.1.2.3 അനുഭവക്കുറിപ്പുകളിൽ

എഴുത്തുകാരിയുടെ ഉമ്മ വിവാഹശേഷവും സ്വന്തം വീട്ടിലാണു താമസിച്ചിരുന്നത്. ഉപ്പയ്ക്ക് എന്താവശ്യത്തിനും മകൾവേണം. വിവാഹശേഷവും മകളെ പിരിയാതിരിക്കാനാണു മരുമകനെക്കൊണ്ടു വിവാഹം കഴിപ്പിച്ചതെന്നുമുള്ള സൂചനയും ഉണ്ട്. (2015:13,98).

#### 4.1.2.1.2.4 ലേഖനസമാഹാരത്തിൽ

പരാമർശ സൂചനകൾ ഇല്ല.

#### 4.1.2.1.3 അച്ഛൻ - വിവാഹമോചിതയായ മകൾ

#### 4.1.2.1.3.1 നോവലുകളിൽ

#### 4.1.2.1.3.1.1 കിനാവ്

സൂചനകൾ ഇല്ല

#### 4.1.2.1.3.1.2 ഇരുട്ട്

പരാമർശ സൂചനകൾ ഇല്ല

#### 4.1.2.1.3.1.3 മൊഴി

#### 4.1.2.1.3.1.3.1 കോയക്കുട്ടി മാഷ് - ഫാത്തിമ

വിവാഹിതയാവുന്നതിനുമുമ്പും വിവാഹശേഷവും ഏറെ സൗഹൃദത്തോടും സ്നേഹത്തോടും കഴിഞ്ഞിരുന്നവരാണു കോയകുട്ടിമാഷും ഫാത്തിമയും. എന്നാൽ സംശയത്തിന്റെപേരിൽ ഭർത്താവു തന്നെ വീട്ടിൽനിന്നു പുറത്താക്കുമ്പോൾ വാശിയോടെ വീട്ടിൽ തിരിച്ചെത്തുന്ന മകളെ

മനസ്സിലാക്കാൻ ഉപ്പയ്ക്കു കഴിയുന്നില്ല. മകളോടു സംസാരിക്കാനോ അവളുടെ മനസ്സും പ്രയാസവും മനസ്സിലാക്കാനോ അയാൾക്കു സാധിക്കുന്നില്ല. തുടർന്ന് അബ്ദുള്ളയിൽ നിന്നു വിവാഹമോചനം മകൾ തേടുമ്പോൾ അതുൾകൊള്ളാനും ഉപ്പയ്ക്കു കഴിയുന്നില്ല. കുടുംബത്തിന്റെ അവസ്ഥ ഓർത്തു സങ്കടപ്പെടുകയാണ് അയാൾ. കാമുകനായ ഷറഫിനോടൊപ്പം ജീവിക്കാനായി ഇറങ്ങി പുറപ്പെട്ടു തന്റെ മകൾ എന്നറിയുമ്പൾ ഹൃദയംപൊട്ടിമരിക്കുന്ന ഉപ്പയെയാണു പിന്നീടു നോവലിൽ കാണാൻ കഴിയുന്നത് (1999:61,62).

4.1.2.1.3.1.4 മറ്റു നോവലുകളിൽ സൂചനകൾ ഇല്ല

4.1.2.1.3.2. ചെറുകഥകളിൽ സൂചന ഇല്ല.

4.1.2.1.3.3 അനുഭവക്കുറിപ്പുകളിൽ പരാമർശ സൂചനകൾ ഇല്ല

4.1.2.1.3.4 ലേഖനസമാഹാരത്തിൽ സൂചനകൾ ഇല്ല.

**4.1.2.2 ആരോഗ്യാവസ്ഥ**

**4.1.2.2.1 അച്ഛൻ - ഭിന്നശേഷിക്കാരിയായ മകൾ**

**4.1.2.2.1.1 നോവലുകളിൽ**

നോവലുകളിൽ ഒന്നുംതന്നെ ഇത്തരം ബന്ധങ്ങൾ കാണുന്നില്ല.

**4.1.2.2.1.2 ചെറുകഥകളിൽ**

**4.1.2.2.1.2.1 ആകാശപറവകൾ**

**4.1.2.2.1.2.1.1 ഉപ്പ - ഖൈറുന്നീസ്സ**

ഏറെനാളത്തെ കാത്തിരിപ്പിനുശേഷം തനിക്കുണ്ടായമകളെ കണ്ട് ഉപ്പ അന്തംവിട്ടു പോവുന്നുണ്ട്. ഖൈറുന്നീസ - മൂത്തമകൾ ഭിന്നശേഷിക്കാരിയായിരുന്നു. അവളെ മനസ്സുകൊണ്ട് അംഗീകരിക്കാൻ ആ ഉപ്പയ്ക്കു കഴിയുന്നില്ല എന്നു കഥയിൽ സൂചിപ്പിക്കുന്നുണ്ട്. മാത്രമല്ല ഭാര്യ വിവാഹസൽക്കാരത്തിനും മറ്റും മകളുമായി പുറത്തുപോയി അവിടെവെച്ചു മകൾ എന്തെങ്കിലും പ്രശ്നമു

ണ്ടാക്കിയാലും ആ ഉപ്പയ്ക്കു കലികയറും. ഭാര്യയുമായി അതിനെചൊല്ലി വഴക്കിടുന്നുതും കാണാം (2014:138)

'എന്തിനാ ബിയ്യാത്തു നാട്ടാരെകൊണ്ടു പറയിപ്പിക്കുന്നത്? പോകുന്നിട ത്തൊക്കെ ആ പണ്ടാരത്തിനെ വലിച്ചു കെട്ടികൊണ്ടുപോകാന്നു പറഞ്ഞാൽ കേക്കില്ലാച്ചാൽ? ആകെ മാനക്കേടായി' എന്നു പറഞ്ഞു ചീത്ത പറയുന്നതായി കാണാം (2014:138). അതിനുശേഷം ഉമ്മ അവളെ പുറത്തു കൊണ്ടുപോവാറില്ല. ഭാര്യയുടെനിർബന്ധത്തിനു വഴങ്ങിയാണു മകളുടെ കല്യാണം കഴിപ്പിക്കാൻ അയാൾ മുതിരുന്നത്. എന്നാൽ കെട്ടിയവൻ ആദ്യരാത്രി തന്നെ പറ്റിച്ചു മുങ്ങിയ പ്പോൾ അതിനുള്ള അരിശം മുഴുവൻ ഉപ്പ തീർക്കുന്നതു മകളോടും ഭാര്യയോടു മാണ്. അവരെ അടിക്കുകവരെ ചെയ്യുന്നുണ്ട് ആ ഉപ്പ. (2014:141).

**4.1.2.2.1.3** അനുഭവക്കുറിപ്പുകളിൽ പരാമർശ സൂചനകൾ ഇല്ല.

**4.1.2.2.1.4** ലേഖനസമാഹാരത്തിൽ സൂചനകൾ ഇല്ല.

**4.2 അമ്മ - മക്കൾ ബന്ധം**

**4.2.1 അമ്മ - മകൻ ബന്ധം**

**4.2.1.1 വൈവാഹികാവസ്ഥ**

**4.2.1.1.1 അമ്മ - അവിവാഹിതനായ മകൻ**

**4.2.1.1.1.1 നോവലുകളിൽ**

**4.2.1.1.1.1.1 കിനാവ്**

**4.2.1.1.1.1.1.1 ബീപാത്തു - കരീം**

ബീപാത്തുവിന്റെ മൂത്തമകനാണു കരീം. വിവാഹത്തിനുമുമ്പുള്ള മകനെക്കുറിച്ച് ഉമ്മ ചിന്തിക്കുന്ന ഭാഗമുണ്ടു നോവലിൽ. വളരെ ചെറുപ്പം മുതൽ ഉമ്മയെ മാത്രം ആശ്രയിക്കുന്ന മകൻ. എപ്പോഴും അസുഖക്കാരനായതു കൊണ്ടു കൂടുതൽ ശ്രദ്ധ മകനു കൊടുത്തിരുന്നു. മതപഠനവും സ്കൂൾ

വിദ്യാഭ്യാസവും മകനു നൽകിയിരുന്നു. ചിട്ടയോടുകൂടിയാണു മക്കളെ വളർത്തിയിരുന്നത്. കോളേജടച്ചു വീട്ടിലെത്തിയാൽ ഉമ്മയോടൊപ്പം കൂടിയിരുന്നു രാത്രിസമയങ്ങളിൽ വെറ്റില മുറുക്കിയിരിക്കും. ഉമ്മയോടൊപ്പം സമയം ചിലവഴിക്കാൻ ഏറെ ആഗ്രഹിച്ചിരുന്ന മകനായിരുന്നു കരീം. (1990:83,84).

#### 4.2.1.1.1.1.1.2 ബീപാത്തു - റഷീദ്

ബീപാത്തുഹജ്ജുമ്മയുടെ മക്കളിൽ ചെറുപ്പത്തിൽ ഏറ്റവും വാശിക്കാരനായ മകനായിരുന്നു റഷീദ്. അട്ടിക്കണക്കിനു പാത്രങ്ങൾ തള്ളി താഴെ ഇട്ടു പൊട്ടിച്ചതും ഉമ്മയുമായി പിണങ്ങി നടക്കുന്നുതുമായ ഓർമ്മകൾ റഷീദ് നോവലിൽ പരാമർശിക്കുന്നുണ്ട്. ചൂരലുകൊണ്ട് അടികിട്ടുമ്പോൾ ഭക്ഷണം കഴിക്കാതെ ഉമ്മയുമായി പിണങ്ങി ഇരിക്കുന്നതും പിന്നീട് ഇണങ്ങി ഉമ്മുമ്മയുമായി കൂട്ടുകൂടുന്നതിനെകുറിച്ചും ഓർമ്മിക്കുന്നുണ്ട് (1990: 88,89).

#### 4.2.1.1.1.1.1.3 ബീപാത്തു - റസാക്ക്

മക്കളുടെ കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു ബീപാത്തുമ്മ. മക്കൾ ഉമ്മയെ വിഷമിപ്പിക്കാതിരിക്കാനും ശ്രദ്ധിക്കുന്നതായി കാണാം. റസാക്ക് ഡിഗ്രി എടുക്കാത്തതിനാൽ ഉമ്മയ്ക്കു സങ്കടമായിരുന്നു. കലാരംഗത്താണു മകന്റെ താൽപര്യം എന്നു മനസ്സിലാക്കിയ ഉമ്മ അവനെ പഠിക്കാൻ നിർബന്ധിച്ചില്ല. മാത്രമല്ല ജീവിതത്തിലേക്കു കലമാത്രം മതിയാവില്ലെന്നു മനസ്സിലാക്കിയ ഉമ്മ അവനെ കച്ചവടത്തിലേക്കു വഴിതിരിച്ചുവിട്ടു. അതുകൊണ്ടു ജീവിതം നല്ലരീതിയിൽ കഴിയുന്നു (1990:89-90).

മക്കളുടെ കാര്യത്തിൽ അണുവിടവിട്ടുവീഴ്ച്ചവരുത്താതെ അവരെ സ്നേഹിച്ച് അവർക്കുവേണ്ടതെല്ലാം ചെയ്തുകൊണ്ടു പോറ്റിവളർത്തിയ ഉമ്മയാണു ബീപാത്തുഹജുമ്മ.

**4.2.1.1.1.1.2 ഇരുട്ട്**

സൂചന ഇല്ല

**4.2.1.1.1.1.3 മൊഴി**

**4.2.1.1.1.1.3.1 ഫാത്തിമ - അഫ്സൽ**

ഫാത്തിമയുടെ ആദ്യഭർത്താവിലുള്ള മകനാണ് അഫ്സൽ. ഉമ്മയും മകനും തമ്മിൽ ചെറുപ്പം മുതലേ നല്ല ആത്മബന്ധം കാത്തുസൂക്ഷിക്കുന്നവരായിരുന്നു. വലുതായതിനുശേഷം മകൻ അഫ്സൽ ഉമ്മയയെ തേടിവരുന്നുണ്ട്. തെറ്റിദ്ധാരണയുടെ പേരിലായിരുന്നു അഫ്സലിന്റെ ഉപ്പയും ഉമ്മയും തമ്മിൽ അകന്നത്. വലുതായതിനുശേഷം ഉപ്പയിൽ നിന്നും എല്ലാം മനസ്സിലാക്കിയ മകൻ ഉമ്മയോട് അടുപ്പം കാണിക്കാനും സ്നേഹിക്കാനും തയ്യാറാവുന്നതായി കാണാം. ഫാത്തിമയ്ക്കു മകനെ ഏറെ ഇഷ്ടമാണ്. അവരിലെ മാതൃത്വം ഏറെ സന്തോഷിച്ച നിമിഷമാണു മകനെ വീണ്ടും കണ്ടുമുട്ടിയപ്പോൾ എന്നു നോവലിൽ പരാമർശിക്കുന്നുണ്ട് (പു.103-105). മകനെ സൽക്കരിക്കാനും ഇഷ്ടമുള്ള വിഭവങ്ങളൊക്കെ ഒരുക്കാനും ഉമ്മ സമയം കണ്ടെത്തുന്നതായി കാണാം.

**4.2.1.1.1.1.4 നിഴൽ**

**4.2.1.1.1.1.4.1 റാബിയ - ഷാജഹാൻ**

റാബിയയുടെ ഇളയമകനാണു ഷാജി എന്നു വിളിക്കുന്ന ഷാജഹാൻ. വീട്ടിലുള്ളപ്പോഴെല്ലാം ആവശ്യമുള്ളതിനും ഇല്ലാത്തതിനും കലഹമുണ്ടാക്കി വീട്ടിൽ എന്നും പ്രശ്നങ്ങൾ ഉണ്ടാക്കുകയാണു ഷാജിയുടെ പ്രധാന വിനോദം. പത്താം ക്ലാസു തോറ്റ മകന്റെ കാര്യത്തിൽ ഉമ്മയ്ക്കും ഏറെ ആശങ്കയായിരുന്നു. മകനെകുറിച്ച് ഉമ്മയ്ക്ക് ഒരുപാടു സ്വപ്നങ്ങളുമുണ്ടായിരുന്നു. എന്നാൽ അലസനായിരുന്ന ഷാജി പ്രവാസജീവിതത്തോടെ ആകെ മാറുന്നതാണു കാണാൻ കഴിയുന്നത്. പ്രവാസജീവിതം അവനെ മറ്റൊരാളാക്കി മാറ്റി. ഉമ്മയെ സ്നേഹിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന മോനായി അവൻ മാറുകയാണ്. പിന്നീടങ്ങോട്ട് ഉമ്മയുടെ സന്തോഷത്തിനു

വേണ്ടിയാണ് അവൻ ചെയ്യുന്നതെല്ലാം എന്നു കാണാം. (പു.239).

#### 4.2.1.1.1.5 പ്രകാശത്തിനുമേൽ പ്രകാശം

##### 4.2.1.1.1.5.1 സൈനബ - ഷിഹാബ്

സൈനബയുടെ ഇളയമകനാണു ഷിഹാബ്. ഉയർന്ന വിദ്യാഭ്യാസം നേടിയവൻ. ഉമ്മയുടെ പ്രിയപ്പെട്ടവൻ. മകനും അങ്ങനെതന്നെ. വിദേശത്തു പഠിക്കുന്ന മകന് ഒരുദിനംപോലും ഉമ്മയോടു സംസാരിക്കാതിരിക്കാനാവില്ല. മകന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരിയാണ് ഉമ്മ. എന്നാൽ വിവാഹകാര്യത്തിൽ മാത്രമാണ് അവർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ളത്. പെട്ടന്നൊന്നും വിവാഹത്തിനു താല്പര്യമില്ലാത്ത മകനെ വിവാഹം കഴിപ്പിക്കണമെന്ന ആഗ്രഹത്തിലാണ് ഉമ്മ. കാലം മോശമാണു മകൻ മറ്റെന്തെങ്കിലും പ്രയാസത്തിൽ അകപ്പെട്ടുപോകുമോ എന്നാണ് ആ ഉമ്മയുടെ ഭയം.

#### 4.2.1.1.1.2 ചെറുകഥകളിൽ

##### 4.2.1.1.1.2.1 കെട്ട്യോൻ

വീട്ടിലെദാരിദ്ര്യത്തിനും ബുദ്ധിമുട്ടുകൾക്കുമിടയിൽ പ്രയാസപ്പെടുന്ന ഉമ്മയെയും സഹോദരിമാരെയും ശ്രദ്ധിക്കുകയോ പരിഗണിക്കുകയോ ചെയ്യാത്ത മകനെയാണു *കെട്ട്യോൻ* എന്ന കഥയിൽ കാണാൻ കഴിയുന്നത്. 'മകനൊരുത്തൻ വാപ്പയെപ്പോലെ തലതിരിഞ്ഞുനടപ്പ് ഓത്തിനും എഴുത്തിനും പോവാതെ വീട്ടുകാരെ പ്രയാസപ്പെടുത്തികൊണ്ടു ജീവിതം തീർക്കുന്നവൻ' എന്നാണു മകനെകുറിച്ചു പരാമർശിച്ചുകാണുന്നത് (2014:82).

##### 4.2.1.1.1.2.2 ഒരിക്കൽക്കൂടി

ഇംഗ്ലീഷ്സംസാരിക്കാനും വൃത്തിയായി സാരിയുടുക്കാനും അറിയാത്തതിനാൽ ഉമ്മയോട് അനിഷ്ടം കാണിക്കുന്ന മകനെ കഥയിൽ കാണാം. കൂടാതെ മകനു ബൈക്കു വാങ്ങിക്കൊടുക്കാൻ സമയമാവാത്തതിനാൽ ഉപ്പ

യോടു കുറച്ചു കഴിഞ്ഞു ബൈക്കു വാങ്ങിച്ചു നൽകാം എന്നു പറഞ്ഞതിന്റെ പേരിൽ മകൻ ഉമ്മയിൽനിന്നും പൂർണ്ണമായും അകലുന്നതായും കാണാം. (2014:179).

**4.2.1.1.1.3 അനുഭവക്കുറിപ്പുകളിൽ**

**4.2.1.1.1.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

ഓർമ്മക്കുറിപ്പുകളിൽ എഴുത്തുകാരി തന്റെ ഉമ്മയും സഹോദരങ്ങളും തമ്മിലുള്ളബന്ധം പരാമർശിക്കുന്നുണ്ട്. ആൺമക്കളെല്ലാം ഉമ്മുക്കുട്ടികളായിരുന്നു എന്ന പരാമർശമുണ്ട്. ജീവിതത്തിൽ നിർണ്ണായകതീരുമാനങ്ങൾ എടുക്കുമ്പോൾ മക്കളോടുകൂടി ആലോചിക്കുന്നതിനെക്കുറിച്ചും സൂചനയുണ്ട് (2015:112).

**4.2.1.1.1.4 ലേഖനസമാഹാരത്തിൽ പരാമർശ സൂചനകൾ ഇല്ല**

**4.2.1.1.2 അമ്മ - വിവാഹിതനായ മകൻ**

**4.2.1.1.2.1 നോവലുകളിൽ**

**4.2.1.1.2.1.1 കിനാവ്**

**4.2.1.1.2.1.1.1 ബീപാത്തു - കരീം**

ബീപാത്തുവിന്റെ മൂത്തമകനായ കരീം ഉമ്മ ഏറെ സ്നേഹിച്ചു വളർത്തിയ മകനാണ്. എപ്പോഴും അസുഖക്കാരനായതുകൊണ്ടുതന്നെ ഏറെ ശ്രദ്ധ മകനു നൽകുകയും ചെയ്തിരുന്നു. എന്നാൽ വിവാഹത്തോടെ മകൻ ആളാകെ മാറുകയാണ്. ഭാര്യയുമായി മദ്രാസിൽ താമസമാക്കി. ഭാര്യ പറയുന്നതിന് എതിർവാക്കില്ല. ഭാര്യവീട്ടുകാരുടെ സ്വത്തിലും ഭാര്യയുടെ സൗന്ദര്യത്തിലും വിദ്യാഭ്യാസത്തിലും മതിമറന്നു വീട്ടുകാരെ മറന്നു ഭാര്യക്കൊപ്പം സുഖജീവിതം നയിക്കുകയാണു കരീം. എന്നാൽ ഉമ്മയ്ക്ക് ഒന്നിലുമില്ല പരാതി. കരീമിന്റെ ഭാര്യയെപോലും അവർ കുറ്റം പറയാൻ ഒരുക്കമല്ല. അവന്റെ വിധി അതാവും എന്നാണ് അവർ സമാധാനിക്കുന്നത് (1990:82).

#### 4.2.1.1.2.1.2 ഇരുട്ട്

##### 4.2.1.1.2.1.2.1 ഐഷ – ജമാൽ

മൊയ്തുഹാജിയുടെയും ഐഷയുടെയും ഒറ്റമകനാണു ജമാൽ. സമ്പത്തിന്റെ അഹങ്കാരംകൊണ്ടുതന്നെ മകനെ നേർവഴിക്കുനടത്താൻ ഉമ്മാക്കു കഴിയുന്നില്ല. മകൻ ലഹരിക്കും മയക്കുമരുന്നിനും അടിമപ്പെട്ടവനാണ്. മകനെ അതിൽനിന്നും മാറ്റിയെടുക്കാനുള്ള ശ്രമമൊന്നുംതന്നെ ഉമ്മ നടത്തുന്നില്ല. പണക്കാരുടെ മക്കൾക്ക് അതെല്ലാം യോജിക്കുമെന്നും അതിനൊത്തു ഭാര്യമാർ നിൽക്കണമെന്നുമാണ് ഉമ്മയുടെ പക്ഷം. മകനെ നേർവഴിക്കു നടത്താൻ ശ്രമിക്കുന്നില്ല എന്നു മാത്രമല്ല, മകനെയും ഭാര്യയെയും തമ്മിലകറ്റാൻ ശ്രമിക്കുന്നതും ഉമ്മ തന്നെ. മകൻ നശിക്കുന്നതിനുകാരണം അവന്റെ ഭാര്യയൊരുത്തിയാണെന്ന് ആക്കിത്തീർക്കാനാണ് അവർ ശ്രമിക്കുന്നത്. മകനോടു പ്രത്യേകമമതയോ സ്നേഹമോ ഉള്ളതായി അനുഭവപ്പെടുന്നില്ല. ഭാര്യയിൽ നിന്നും മകനെ അകറ്റണം എന്ന ചിന്തയോടെ പ്രവർത്തിക്കുന്നതായി തോന്നും. എന്നാൽ മകനാവട്ടെ ഉമ്മയോടു ബഹുമാനവും സ്നേഹവുമാണ്. ഉമ്മപറയുന്നതിനപ്പുറത്തേക്ക് അയാൾ ഒന്നും ചെയ്യുകയുമില്ല എന്നു കാണാം (പുറം.64, 65).

#### 4.2.1.1.2.1.3 മൊഴി

##### 4.2.1.1.2.1.3.1 അബ്ദുള്ള – ഉമ്മ

ഫാത്തിമയുടെ ഭർത്താവ് അബ്ദുള്ളയും ഉമ്മയും നല്ലസ്നേഹബന്ധ ത്തിലാണു കഴിയുന്നത്. വിവാഹിതനാണെങ്കിലും ഉമ്മയുമായി നിരന്തരം ബന്ധം നിലനിർത്താൻ ശ്രമിക്കുന്നുണ്ട്. അബ്ദുള്ള വിദേശത്താണു താമ സിക്കുന്നത്. കത്തിടപാടുകളിലൂടെ ഉമ്മയുമായി നിരന്തരം ബന്ധപ്പെടുകയും ഉമ്മയുമായി കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്യുന്ന മകനാണ് അബ്ദുള്ള. ഉമ്മയും അങ്ങനെ തന്നെ. ദൃഢമായ ഉമ്മ മകൻ ബന്ധമാണ് ഇവർക്കിടയിൽ

കാണാൻ കഴിയുന്നത്.

#### 4.2.1.1.2.1.4 നിലാവ്

സൂചന ഇല്ല.

#### 4.2.1.1.2.1.5 ആകാശഭൂമികളുടെ താക്കോൽ

#### 4.2.1.1.2.1.5.1 ഉമ്മ - ഹുസൈൻ ഹാജി

വിവാഹിതനായിരുന്നെങ്കിലും ഹുസൈൻ ഹാജിക്ക് ഉമ്മയെ ഭയമായിരുന്നു. വിവാഹശേഷവും മകൻ ലഹരി ഉപയോഗിക്കുന്നതും മറ്റുസ്ത്രീകളുമായി ഇടപെടുന്നതും മനസ്സിലാക്കിയ ഉമ്മ അവനെ താക്കീതു ചെയ്തു ജീവിതത്തിലേക്കു കൊണ്ടുവരുന്നുണ്ട്. ഉമ്മയെ ഏറെ ബഹുമാനിക്കുന്നതുകൊണ്ട് അവർ പറയുന്നത് അനുസരിക്കാൻ തയ്യാറായിരുന്നുവെങ്കിലും ഉമ്മയുടെ കണ്ണുവെട്ടിച്ചു വൃത്തികേടുകൾ കാണിക്കുക പതിവായിരുന്നു. ഉമ്മക്കും മകനുമിടയിൽ ആത്മബന്ധം നിലനിന്നിരുന്നില്ല. മകനെ വിശ്വാസമില്ലാത്തതുകൊണ്ടുതന്നെ സ്വത്തുക്കൾ മരുമകളായ ഐഷയുടെ പേരിൽ എഴുതിവെച്ചാണ് ഉമ്മ മരിക്കുന്നത് എന്നും കാണാം (പു.48,49).

#### 4.2.1.1.2.1.6 നിഴൽ

#### 4.2.1.1.2.1.6.1 റാബിയ-അസീസ്

റാബിയയുടെ മൂത്തമകനാണു അസീസ്. സീനത്ത് അവന്റെ ഭാര്യയും. വിവാഹത്തോടെ മകൻ ഭാര്യയുടെ നിർബന്ധത്താലെ മാറി താമസിക്കുകയാണ് ചെയ്യുന്നത്. എന്നാൽ തന്റെ മക്കളെല്ലാവരും തന്റെകൂടെ വേണമെന്ന് ആഗ്രഹിക്കുന്ന റാബിയക്ക് അതു സഹിക്കാൻ കഴിയുന്നില്ല. എന്നിരുന്നാലും മകനുമായുള്ള സ്നേഹബന്ധത്തിൽ വിള്ളലുകൾ വീഴ്ത്താൻ ഉമ്മ ഇഷ്ടപ്പെട്ടിരുന്നില്ല. ഉമ്മയുടെ മറ്റെന്താവശ്യത്തിനും മകനും എതിരായി നിൽക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്നില്ലെന്നും സൂചനയുണ്ട് (2012:86).

#### 4.2.1.1.2.1.6.2 റാബിയ – മജീദ്

നിസ്സാരകാര്യങ്ങൾക്കു വരെ സങ്കടപ്പെടുന്നവനാണു മജീദ്. ഉമ്മയെ വിഷമിപ്പിക്കാതിരിക്കാൻ അവൻ ആവുന്നത്ര ശ്രമിക്കാറുണ്ട്. ഭാര്യ നദീറക്കും ഉമ്മ പ്രിയപ്പെട്ടവരാണ്. തിരിച്ചും അങ്ങനെ തന്നെ. ഏതാവശ്യവും മകൻ അവതരിപ്പിക്കുന്നത് ഉമ്മയുടെ സമക്ഷമാണ്. നിഷ്കളങ്കമായ ഉമ്മ-മകൻ ബന്ധമാണു മജീദും റാബിയയും തമ്മിൽ ഉള്ളത് (2012:217).

#### 4.2.1.1.2.1.6.3 റാബിയ – ഷാഹുൽ

ഷാഹുലിന് ഉമ്മയേക്കാൾ പ്രിയപ്പെട്ടതു ഭാര്യയാണ്. എന്നിരുന്നാലും റാബിയക്കു ഷാഹുലിനോട് ഇഷ്ടക്കേടൊന്നും ഇല്ല. മക്കളുടെ ഇഷ്ടങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്ന റാബിയ മകന്റെയും ഭാര്യ റംലയുടെയും താൽപര്യങ്ങൾക്കു മുൻതൂക്കം നൽകാറുണ്ട്. തന്റെ ആവശ്യങ്ങൾക്കു മാത്രമാണു മകൻ ഉമ്മയെ സമീപിക്കുന്നത്. എങ്കിലും റാബിയക്കു മക്കളെല്ലാവരും ഒരുപോലെ തന്നെയാണ് (2011:128,29).

എല്ലാവരുടെയും അത്താണിയാണ് ഉമ്മയായ റാബിയ. എല്ലാവരുടെയും പ്രശ്നങ്ങൾ, സങ്കടങ്ങൾ എല്ലാം സ്വയം ഏറ്റെടുക്കും. മക്കളോട് എതിർത്തൊന്നും പറയാതെ അവരുടെ വിഷമതകൾ തന്റേതായി കണ്ടു പരിഹാരം കണ്ടെത്തുകയും മക്കളെ ചേർത്തുനിർത്തുകയും ചെയ്യും.

#### 4.2.1.1.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

#### 4.2.1.1.2.1.7.1 ബീപാത്തു ഹജ്ജുമ്മ – റഷീദ്

റഷീദും ഉമ്മയും തമ്മിൽ ആത്മാർത്ഥമായ സ്നേഹബന്ധം കാത്തുസൂക്ഷിക്കുന്നതായി കാണാം. ഉപ്പയില്ലാതെ ഉമ്മ മക്കളെ വളർത്തിയബുദ്ധിമുട്ടു റഷീദിനു നന്നായിയറിയാം. അതുകൊണ്ടുതന്നെ ഉമ്മയെ സങ്കടപ്പെടുത്തുന്ന ഒന്നും തന്നിൽ നിന്നും ഉണ്ടാവാതിരിക്കാൻ മകൻ ശ്രമിക്കുന്നുണ്ട്. റഷീദിന്റെ

ഭാര്യയാണു നബീസ. മകനും മരുമകളും ഉമ്മയുമായി ആത്മബന്ധം കാത്തുസൂക്ഷിക്കുന്നവരാണ്. വയനാട്ടിലാണു റഷീദും കുടുംബവും താമസിക്കുന്നത്. ഉമ്മയെ ഒപ്പം താമസിപ്പിക്കാനും ഉമ്മയുടെ സന്തോഷത്തിനനുസരിച്ചു പ്രവർത്തിക്കാനും മകൻ ശ്രമിക്കുന്നുണ്ട്. ഉമ്മക്കിഷ്ടമുള്ള ഭക്ഷണമൊരുക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നതായി കാണാം (2012:50,52).

#### 4.2.1.1.2.1.7.2 സൈനബ – സത്താർ

സൈനബയുടെ മകൻ സത്താർ ഭാര്യ സമീറ. ചെറുപ്പം മുതലെ ഉമ്മയുടെ സഹായിയാണു സത്താർ. ഉമ്മയെ വിഷമിപ്പിക്കുന്നതൊന്നും തന്നിൽനിന്നും ഉണ്ടാവരുതെന്ന് ആഗ്രഹിക്കുന്നവൻ. വിവാഹം കഴിഞ്ഞു ഭാര്യയും മക്കളുമായി വിദേശത്താണു താമസം. എങ്കിലും ഉമ്മയുമായി നിരന്തരം ബന്ധം നിലനിർത്താൻ ശ്രമിക്കുന്നു. ഫോൺ ചെയ്തും മെയിലുകൾ അയച്ചും ഉമ്മ അടുത്തില്ലാത്ത പ്രയാസം മകൻ നികത്തുന്നുണ്ട്. തിരക്കിനിടയിൽ ഉമ്മയെ ശ്രദ്ധിക്കാൻ മറന്നു പോയാൽ 'പെണ്ണും പിടക്കോഴിയുമായപ്പോൾ ഉമ്മയെ ഓർക്കാൻ നേരമില്ലാണ്ടായിലെ?' എന്ന് (2012:150) തമാശമട്ടിൽ ഉമ്മ ചോദിക്കുമ്പോൾ പോലും സത്താറിനു കുറ്റബോധം തോന്നുന്നതായി നോവലിൽ കാണാം. ഉമ്മ എന്തിനും മക്കളോടൊപ്പമുണ്ട്. അരുതാത്തതു കണ്ടാൽ ശാസിക്കും. പിണങ്ങും ഇടപെടും. ആത്മവിശ്വാസം നൽകും (2012:154). അതുകൊണ്ടുതന്നെ ഉമ്മ ആശുപത്രിയിലാകുമ്പോൾ ഉറക്കമൊഴിച്ചു സത്താർ കാവലിരിക്കുന്നുണ്ട്. സുഖമായി വീട്ടിലേക്കു തിരിച്ചെത്തി സത്താർ ജോലിസ്ഥലത്തേക്കുപോവാൻ നിൽക്കുമ്പോൾ ഉപ്പയോടു പറയുന്നുണ്ട്.

'ബാപ്പാനെ വിശ്വസിച്ചിട്ടാ ഞാൻ പോണത്. നമ്മുടെ അശ്രദ്ധകൊണ്ട് ഉമ്മാക്കു രോഗം കൂടുതലായെന്നു കേട്ടാൽ എനിക്കു സഹിക്കാനാവില്ല'. ഇതിൽനിന്നും വ്യക്തമാകുന്നുണ്ട് ഉമ്മയോടു മകനുള്ള സ്നേഹം (2012:246).

**4.2.1.1.2.1.7.3 സൈനബ - റഫീഖ്**

തന്റെ സന്തോഷവും സങ്കടവും പ്രശ്നങ്ങളും എല്ലാം ആദ്യം റഫീഖ് പങ്കുവെയ്ക്കുന്നത് ഉമ്മയോടാണ്. അതുകൊണ്ടു തന്നെയാണ് ഒരു പെൺകുട്ടിയെ ഇഷ്ടമാണെന്ന വിവരവും ഉമ്മയോടു തുറന്നുപറയുന്നത്. എന്നാൽ ചാറ്റിങ്ങിലൂടെ പരിചയപ്പെട്ടതുകൊണ്ടും മിശ്രവിവാഹിതരുടെ മകളായതിനാലും റോഷ്നിയെ വിവാഹം കഴിക്കുന്നതിനോട് ഉമ്മയ്ക്കു താൽപര്യമില്ലായിരുന്നു. ഉമ്മയുടെ ഇഷ്ടത്തിനനുസരിച്ചു ജീവിക്കാനും ഉമ്മയെ സങ്കടപ്പെടുത്താനും ആഗ്രഹിക്കാത്ത മകൻ അവളെ വേണ്ടെന്നു വയ്ക്കാൻ മുതിരുന്നുണ്ട്. പക്ഷെ മറ്റൊരു വിവാഹത്തിനു തന്നെ നിർബന്ധിക്കരുതെന്നും ഉമ്മ അവളെകണ്ടു സംസാരിച്ചിട്ടും ഇഷ്ടപ്പെട്ടില്ലെങ്കിൽ മാത്രം വിവാഹലോചന വേണ്ടെന്നു വയ്ക്കാമെന്നും ഉമ്മയുടെ മടിയിൽ കിടന്നു കരഞ്ഞു പറയുമ്പോൾ മകന്റെ ഇഷ്ടത്തിനു തടസ്സം പറയാതെ അവരുടെ വിവാഹം നടത്തിക്കൊടുക്കുകയാണ് അവർ. ഏറെ അഡ്ജസ്റ്റു ചെയ്യേണ്ടിവരുമെന്നു കല്യാണത്തിനു മുമ്പേ ഉമ്മ മകനോടു പറയാറുണ്ടായിരുന്നു. വിവാഹശേഷം ഭാര്യയുമായി സ്വരച്ചേർച്ചയില്ലായ്മ വരുമ്പോൾ മകൻ ഉമ്മയുടെവാക്കുകൾ ഓർമ്മിക്കാറുണ്ടെന്നു നോവലിൽ പരാമർശിക്കുന്നുണ്ട്. റോഷ്നിയുമായി പിണക്കമുണ്ടാവുമ്പോഴെല്ലാം സമാധാനം കണ്ടെത്താറ് ഉമ്മയുമായി സംസാരിക്കുമ്പോഴാണ്. ഉമ്മയുടെ ചെറിയൊരു മൗനംപോലും മകനെ വിഷമിപ്പിക്കുന്നതായി കാണാം. (2012:173,174).

#### 4.2.1.1.2.2 ചെറുകഥകളിൽ

##### 4.2.1.1.2.2.1 അദൃശ്യങ്ങളെ അറിയുന്നവൻ

സ്നേഹനിധിയായ ഉമ്മ മകൻ ബന്ധമാണ് ഈ കഥയിൽ. കഥയിലെ നായികയ്ക്ക് ഒറ്റ മകനാണ്. അപ്രതീക്ഷിതമായി രോഗിയായിത്തീരുകയാണ് ആ ഉമ്മ. ഉമ്മയ്ക്കുവേണ്ടി ജോലിപോലും മാറ്റിവെച്ചു ശുശ്രൂഷിക്കാനായി മകൻ എത്തുന്നുണ്ട്. (2014:160).

#### 4.2.1.1.2.3 അനുഭവക്കുറിപ്പുകളിൽ

##### 4.2.1.1.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

എഴുത്തുകാരി പൊന്നുക്ക എന്നുവിളിക്കുന്ന മൂത്ത സഹോദരൻ ബി.എം. അഹമ്മദും ഉമ്മയും തമ്മിൽ വളരെനല്ല ആത്മബന്ധം കാത്തുസൂക്ഷിക്കുന്നവരായിരുന്നു. വിവാഹശേഷവും ആ ബന്ധം ഉണ്ടായിരുന്നു എന്ന സൂചനയുണ്ട് (2015:106)

#### 4.2.1.1.2.4 ലേഖനസമാഹാരത്തിൽ

പരാമർശ സൂചനകൾ ഇല്ല.

### 4.2.1.1.3 അമ്മ - വിവാഹമോചിതനായ മകൻ

#### 4.2.1.1.3.1 നോവലുകളിൽ

##### 4.2.1.1.3.1.1 കിനാവ്

സൂചന ഇല്ല

##### 4.2.1.1.3.1.2 ഇരുട്ട്

സൂചന ഇല്ല

#### 4.2.1.1.3.1.3 മൊഴി

#### 4.2.1.1.3.1.3.1 ഉമ്മ – അബ്ദുള്ള

ഫാത്തിമയിൽനിന്നും വേർപിരിഞ്ഞുകഴിയുന്ന അബ്ദുള്ളയ്ക്ക് ഏക ആശ്വാസം ഉമ്മയായിരുന്നു. തണലായി ഉമ്മ അബ്ദുള്ളക്കൊപ്പം നിന്നു. നമ്മേ വേണ്ടാത്തവരെ നമുക്കും വേണ്ടെന്നു പറഞ്ഞ് ആശ്വസിപ്പിച്ചു. നിരന്തരം മകനു കത്തെഴുതി സാന്ത്വനിപ്പിച്ചുകൊണ്ടേ ഇരിക്കുന്നുണ്ട് ആ ഉമ്മ. പിന്നീടു മകന്റെയും കുട്ടിയുടെയും പ്രയാസങ്ങൾ മനസ്സിലാക്കി മറ്റൊരു പെൺകുട്ടിയെ കൊണ്ടു വിവാഹം കഴിപ്പിക്കാൻ മുൻകൈ എടുത്തതും ഉമ്മതന്നെയാണ് (പു.73 –74).

#### 4.2.1.1.3.1.4 പ്രകാശത്തിനുമേൽ പ്രകാശം

#### 4.2.1.1.3.1.4.1 സൈനബ – ഷിഹാബ്

വീട്ടുകാരുടെ പ്രത്യേകിച്ച് ഉമ്മയുടെ നിർബന്ധത്തിനു വഴങ്ങിയാണു വിവാഹത്തിനു ഷിഹാബ് സമ്മതിക്കുന്നത്. എന്നാൽ ആ പെൺകുട്ടി (ഷബാന) മാനസിക രോഗിയായിരുന്നുവെന്ന് ആദ്യരാത്രി മാത്രമാണ് അയാൾ തിരിച്ചറി യുന്നത്. അവളെ മൊഴിചൊല്ലി ഒഴിവാക്കേണ്ടിവരികയാണ് അവർക്ക്. ഈ സമയത്തു മകനേക്കാൾ കൂടുതലായി തളർന്നുപോവുന്നത് ഉമ്മയായ സൈനബയാണ്. അതവരെ മാനസികമായും ശാരീരികമായും ഏറെ തളർത്തുന്നുണ്ട്. എന്നാൽ ഷിഹാബ് തന്റെ പക്വമായ സംസാരത്തിലൂടെയും പെരുമാറ്റത്തിലൂടെയും ഉമ്മയെ സാന്ത്വനിപ്പിച്ചെടുക്കുന്നതായി നോവലിൽ കാണാം (2012:25). ആത്മബന്ധമുള്ള ഉമ്മ-മകൻ ബന്ധമാണു ഷിഹാബിലും സൈനബയിലും കാണാൻ കഴിയുന്നത്.

**4.2.1.1.3.1.5** മറ്റു നോവലുകളിൽ സൂചനകൾ ഇല്ല.

**4.2.1.1.3.2** ചെറുകഥകളിൽ സൂചന ഇല്ല.

**4.2.1.1.3.3.** അനുഭവക്കുറിപ്പുകളിൽ സൂചന ഇല്ല.

**4.2.1.1.3.4** ലേഖനസമാഹാരത്തിൽ സൂചന ഇല്ല.

#### 4.2.1.2 ആരോഗ്യാവസ്ഥ

##### 4.2.1.2.1 അമ്മ- ഭിന്നശേഷിക്കാരനായ മകൻ

###### 4.2.1.2.1.1 നോവലുകളിൽ

###### 4.2.1.2.1.1.1 കിനാവ്

###### 4.2.1.2.1.1.1.1 ബീപാത്തുഹജ്ജുമ്മ - കരീം

അപസ്മാരത്തിന്റെ അസുഖം ഉള്ളതുകൊണ്ടു മൂത്തമകനായ കരീമിനോടു ചെറുപ്പം മുതലേ ഉമ്മയ്ക്ക് ഇഷ്ടക്കൂടുതലാണ്. അവനു പ്രത്യേക ശ്രദ്ധയും കരുതലും നൽകിയിരുന്നതായി കാണാം. വലുതായപ്പോഴും അതിനു മാറ്റം വന്നിട്ടില്ല. കരീം എത്തുമ്പോൾ മാത്രമാണ് ഉമ്മ അടുക്കളയിൽ കയറുന്നത്. മകന് ഇഷ്ടപ്പെട്ട വിഭവങ്ങൾ ഉണ്ടാക്കി നൽകാൻ ശ്രദ്ധിക്കും. കരീം തിരിച്ചുപോവുംവരെ മറ്റാരുടെയും വാക്കുകൾ ഉമ്മ ചെവികൊള്ളാറില്ല. അതു മറ്റുള്ളവരുടെ മുഖംകറുക്കാനും ഇടവരുത്താറുണ്ടെന്നു നോവലിൽ കാണാം. (1990:78-79).

###### 4.2.1.2.1.1.1.2 ബീപാത്തുഹജ്ജുമ്മ - ഖാദർ

കോളേജിൽ പഠിക്കുന്ന കാലത്തു മകൻ ഖാദറിനു മോട്ടോർ സൈക്കിളിൽ നിന്നു വീണു വലതുകാലിലെ തണ്ടെല്ലു മൂന്നായി മുറിഞ്ഞു. ഉമ്മ യാണ് അവനുവേണ്ടതെല്ലാം ചെയ്യുന്നത്. മകൻ എണീറ്റു നടക്കുമെന്നു വരെ ഉറപ്പില്ലെന്നു ഡോക്ടർമാർ വിധിയെഴുതി. എങ്കിലും ഉമ്മ സധൈര്യം മകനോ ടൊപ്പംനിന്നു വേണ്ട ശുശ്രൂഷകൾ നൽകി. അവനെ മദിരാശിയിലേക്കയച്ചു ചികിത്സ നടത്തി സുഖപ്പെടുത്തി. ഇന്നു ഭാര്യയും മക്കളുമായി കഴിയുന്നതു കാണുമ്പോൾ ഉമ്മ സന്തോഷിക്കുകയാണ്(1990:53). മക്കളുടെ മനസ്സറിഞ്ഞു സ്നേഹിക്കുന്ന ഉമ്മ - മകൻ ബന്ധമാണ് ഇവിടെ കാണാൻ കഴിയുന്നത്.

#### 4.2.1.2.1.1.2 ഇരുട്ട്

##### 4.2.1.2.1.1.2.1 ഉമ്മ – ജമാൽ

ലഹരിക്കടിമപ്പെട്ടു ജീവിതം സ്വയം നശിപ്പിക്കുന്ന ജമാൽ ലഹരി ലഭിക്കാതെ വരുമ്പോൾ മാനസികരോഗിയായിത്തീരുകയാണ്. പലതവണ ഭാര്യ ആശുപത്രി ചികിത്സകൾ ചെയ്തുവെങ്കിലും അതിലൊന്നും ഉമ്മാക്കു വിശ്വാസമില്ല. മകന് ആരോ മാരണം ചെയ്തതാണെന്നും അതിനു മറുമരുന്നു ചെയ്യണമെന്നും പറഞ്ഞുതിരിച്ചുപോവുമെന്നല്ലാതെ മകനുവേണ്ടി ഒന്നും ചെയ്യാൻ ആ ഉമ്മയ്ക്കു കഴിയുന്നില്ല. മകനെ ജീവിതത്തിലേക്കു കൂട്ടികൊണ്ടു വരാനും അവർ ശ്രമിക്കുന്നില്ല. നിരന്തരം മരുമോളുടെ കുറ്റങ്ങൾ പറഞ്ഞു മകന്റെ മനസ്സ് അസ്വസ്ഥമാക്കാനാണ് അവർ എപ്പോഴും ശ്രമിച്ചിരുന്നത്. മകനെ മനസ്സിലാക്കാത്ത ഒരു ഉമ്മയെയാണ് ഇവിടെ നമുക്കു കാണാൻ കഴിയുന്നത്. സ്വന്തം കാര്യങ്ങൾക്കു മാത്രമാണ് അവർ പ്രാധാന്യം നൽകുന്നത് (2008: 68, 69).

#### 4.2.1.2.1.1.3 മൊഴി

പരാമർശ സൂചന ഇല്ല

#### 4.2.1.2.1.1.4 നിലാവ്

##### 4.2.1.2.1.1.4.1 ഉമ്മ – മമ്മദ്

നസീമയുടെ ഉമ്മയുടെ ആങ്ങളയാണു മമ്മദ്. കോളേജിൽ പഠിക്കുന്ന കാലത്തു ഹോസ്റ്റലിൽ നിന്നും തുടങ്ങിയതാണു മമ്മദിക്കക്കു മാനസികം. പഠനത്തിൽ മിടുക്കനായിരുന്ന മമ്മദ്ക്ക പരീക്ഷയിൽ തോറ്റതിലുള്ള മനോ വിഷമത്താൽ മാനസികമായതെന്നാണു പറയുന്നത്. അതല്ല വല്ല്യുപ്പയോടു ദേഷ്യമുള്ള ആരോ മാരണം ചെയ്തിട്ടാണു രോഗിയായതെന്നും സംസാരമുണ്ട്. എന്തൊക്കെയായിരുന്നാലും ഉമ്മാക്കു സങ്കടം തീർന്ന സമയമില്ല. ഒരുപാടു ചികിത്സകൾ മോൻക്കുവേണ്ടി ചെയ്തുനോക്കി. മന്ത്രവാദങ്ങളും ചെയ്യിച്ചു. ഒന്നിനും കുറവില്ല. ഇടയ്ക്കു ഭ്രാന്തിളകി വല്ലാതെ ശബ്ദമുണ്ടാക്കി

എല്ലാവരെയും പേടിപ്പെടുത്തും മമ്മദ്ക്ക. വല്ലിമ്മാക്ക് അതു കാണുമ്പോൾ കരച്ചിലാണ്. നെച്ചുവിന്റെ ഉമ്മാക്കും ഏറെ സങ്കടം തന്നെ. പണമുണ്ടാക്കി ആ ഉമ്മ മമ്മദിനെ ഇപ്പോഴും ചികിത്സിപ്പിക്കുകയാണ്. തന്റെ കാലം കഴിഞ്ഞാൽ മമ്മദിന്റെ അവസ്ഥ എന്താകുമെന്നാണ് ആ ഉമ്മയുടെ മറ്റൊരു സങ്കടം (2007:30).

#### 4.2.1.2.1.2 ചെറുകഥകളിൽ

ചെറുകഥകൾ പരിശോധിക്കുമ്പോൾ രോഗാവസ്ഥയിലുള്ള അമ്മയെ മകൻ പരിചരിക്കുന്നതാണു കാണുന്നത്.

##### 4.2.1.2.1.2.1 അദൃശ്യങ്ങളെ അറിയുന്നവൻ

തലയിൽ ട്യൂമർബാധിച്ചു പെട്ടെന്നു രോഗിയായിത്തീരുന്ന ഉമ്മയ്ക്കു തുണമകനാണ്. എന്തു വിലകൊടുത്തും തന്റെ ഉമ്മയെ രക്ഷിക്കാൻ മകൻ തുനിഞ്ഞിറങ്ങുകയാണു ചെയ്യുന്നത്. തന്റെ ജോലിപോലും മാറ്റിവെച്ച് ഉമ്മയുമായി മികച്ച ചികിത്സക്കായി വിദേശത്തേക്കു പോവുന്ന സ്നേഹ നിധിയായ മകനെ കഥയിൽ കാണാനായി സാധിക്കും (2014:160).

##### 4.2.1.2.1.2.2 ഹാജ്യാരുടെ ഭാര്യ

നിത്യരോഗിയായ ആയിഷുമ്മയെ ഹാജ്യാർ അവഗണിക്കുമ്പോൾ അയാൾ മറ്റൊരു വിവാഹം കഴിച്ചതായി അറിയുമ്പോഴും ഉമ്മ ശാരീരികമായും മാനസികമായും തളർന്നുപോവുകയാണ്. ഈ സമയത്ത് ആശുപത്രിയിൽ വന്ന് ഉമ്മയുടെ കാര്യങ്ങളെല്ലാം നോക്കുന്നതു മകനാണ്. ഉമ്മയെ സന്തോഷിപ്പി ക്കുന്നതിനായി വിദേശത്തു കൊണ്ടുപോവാനും ഹജ്ജു ചെയ്യിപ്പിക്കാനുംവരെ മകൻ ശ്രമിക്കുന്നതായി കാണാം (2014:156).

##### 4.2.1.2.1.2.3 ആകാശഭൂമികളുടെ താക്കോൽ

*ആകാശഭൂമികളുടെ താക്കോൽ* എന്ന ചെറുകഥയിൽ അമ്മയാണു രോഗി. മാനസികരോഗിയായ അമ്മയെ മകൻ പരിഗണിക്കുന്നില്ല. ഉപ്പയുടെ

അവിഹിതബന്ധം നേരിൽകണ്ടു മാനസികരോഗിയായിത്തീരുന്ന ഉമ്മ. എന്നാൽ തനിക്കെന്താണു സംഭവിച്ചതെന്ന് അവർക്ക് അറിയുമെങ്കിലും മകനോടു പറയാൻ ആ ഉമ്മ തയ്യാറാവുന്നില്ല. ഉപ്പയിൽനിന്നും മകനെ അകറ്റാൻ അവർ ആഗ്രഹിക്കുന്നില്ല. ഉപ്പയിൽനിന്നും മാറി താമസിച്ച് ഏറെ ശ്രദ്ധയോടും സന്തോഷത്തോടും കൂടി അവർ മകനെ പോറ്റിവളർത്തുന്നുണ്ട്. എന്നാൽ രോഗിയായി ആശുപത്രിയിൽ കിടക്കുമ്പോൾ മകന് ഉമ്മയെ നോക്കാൻ സമയമില്ല. ഉമ്മയോടുള്ള അമർഷവും അനിഷ്ടവും അവൻ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രകടിപ്പിക്കുന്നതായും കാണാം. (2014 :53-55).

#### 4.2.1.2.1.3 അനുഭവക്കുറിപ്പുകളിൽ

##### 4.2.1.2.1.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

എഴുത്തുകാരിയുടെ വല്ലിമ്മയും അവരുടെ മകൻ മമ്മദ്ക്കയും തമ്മിലുള്ള ബന്ധം കുറിപ്പിൽ സൂചിപ്പിക്കുന്നുണ്ട്. മമ്മദ്ക്ക മാനസികരോഗിയാണ്. ഉമ്മ അവരെ നല്ല രീതിയിലാണു പരിചരിക്കുന്നത്. ചെയ്യാത്ത ചികിത്സകൾ ഇല്ല. നല്ല ആഹാരം നൽകി പരിചരണം നൽകി ശുശ്രൂഷിക്കും. രോഗം അധികരിക്കുമ്പോൾ അക്രമാസക്തനാവുന്ന മകനെനോക്കി തേങ്ങിക്കരയാറുള്ള ഉമ്മയെക്കുറിച്ചും പരാമർശിച്ചുകാണുന്നുണ്ട് (2015 : 63-66).

#### 4.2.1.2.1.4 ലേഖനസമാഹാരത്തിൽ പരാമർശ സൂചനകൾ ഇല്ല

### 4.2.2. അമ്മ-മകൾ ബന്ധം

#### 4.2.2.1. വൈവാഹികാവസ്ഥ

#### 4.2.2.1.1. അമ്മ - അവിവാഹിതയായ മകൾ

#### 4.2.2.1.1.1 നോവലുകളിൽ

##### 4.2.2.1.1.1.1 കിനാവ്

#### 4.2.2.1.1.1.1 ബീപാത്തുഹജ്ജുമ്മ – സൈനബ

മക്കളുടെ കാര്യത്തിൽ ശ്രദ്ധാലുമായ ഉമ്മയാണു ബീപാത്തുഹജ്ജുമ്മ. താൻജീവിക്കുന്ന സാഹചര്യത്തിനനുസരിച്ചാണ് അവർ മക്കളെ വളർത്തുന്നത്. പ്രതിസന്ധികളിൽ തളരാതെ തന്റെ മക്കൾക്ക് ആവശ്യമായ വിദ്യാഭ്യാസവും പരിചരണവും ഉമ്മ നൽകുന്നുണ്ട്. പെൺമക്കളുടെ കാര്യ ത്തിൽ ഏറെ സംഘർഷമനുഭവിക്കുന്ന ഉമ്മയെയാണു കാണാനാവുക. പെൺമക്കളെ എത്രയും പെട്ടെന്നു വിവാഹം കഴിപ്പിച്ചയക്കുക എന്നതു മാത്രമാണ് ഉമ്മയുടെ ആഗ്രഹം. പെൺമക്കൾക്ക് ആവശ്യത്തിൽ കൂടുതൽ വിദ്യാഭ്യാസം നൽകേണ്ടതില്ലെന്നും അടങ്ങി ഒതുങ്ങി ജീവിക്കേണ്ടവളാ ണെന്നും പെൺമക്കളെ ബോധ്യപ്പെടുത്തികൊണ്ടേ ഇരിക്കുന്ന ഉമ്മയാണു ബീപാത്തുഹജ്ജുമ്മ. അന്നത്തെ സാമൂഹ്യസാഹചര്യമാണ് അവരെ അത്തര ത്തിൽ ചിന്തിപ്പിക്കുന്നത് (1990:60,61).

#### 4.2.2.1.1.1.2. ഇരുട്ട്

#### 4.2.2.1.1.1.2.1 ആമിന – മുനീറ

ഉപ്പയുടെ ദുർനടപ്പിൽ മനംനൊന്തു സ്വന്തം വീട്ടിലേക്കു പോവുന്ന ആമിനയോടൊപ്പം മകൾ മുനീറയും ഉണ്ട്. ഉമ്മയുടെ വേദനകൾ മനസ്സിലാക്കാൻ ആ പെൺകുട്ടിക്കു സാധിക്കുന്നതായി കാണാം. ഉമ്മയെ സങ്കടപ്പെടുത്താതിരിക്കാനും സാന്ത്വനിപ്പിക്കാനും മകളെന്ന നിലയിൽ മുനീറ ശ്രമിക്കുന്നുണ്ട് (പു.32).

#### 4.2.2.1.1.1.2.2. ആമിന–റസീന

ആമിനയുടെ ഇളയമകൾ റസീന. ഉമ്മയുടെ യാതനകളും വേദനകളും കണ്ടാണു വളരുന്നത്. ഉമ്മയെ സങ്കടപ്പെടുത്താതിരിക്കാൻ പരമാവധി ശ്രമിക്കുന്ന മകൾ. പക്ഷേ ഉമ്മയുടെ ആർഭാടജീവിതത്തോടു തീരെ താൽപര്യ

മില്ലാത്തവളാണു റസീന (1995:118). ഉമ്മയെ തിരുത്താനും അവൾക്കു സാധിക്കുന്നുണ്ട്. റസീന അസുഖബാധിതയാവുന്നതു സഹിക്കാൻ ഉമ്മാക്കു കഴിയുന്നില്ല. അവിടെയാണു നിസ്വാർത്ഥയായ ആ ഉമ്മ തളർന്നുപോവുന്നത്. ശക്തമായ ആത്മബന്ധമാണ് ആമിനയും റസീനയും തമ്മിലുള്ളത് എന്നു കാണാം.

**4.2.2.1.1.1.3 മൊഴി**

പരാമർശസൂചന ഇല്ല

**4.2.2.1.1.1.4 നിലാവ്**

**4.2.2.1.1.1.4.1. ഉമ്മ – നസീമ**

പരസ്പരസ്നേഹത്തോടെയാണു നസീമയും ഉമ്മയും കഴിയുന്നത്. നസീമയുടെ ഉമ്മ അവൾക്ക് എങ്ങും വിലക്കുകളാണ് ഏർപ്പെടുത്തുന്നത്. പ്രായ പൂർത്തിയാവുന്നതോടെ മകളെ വീട്ടിൽ അടച്ചിടാൻ ഉമ്മ ശ്രമിച്ചുകൊണ്ടേ ഇരിക്കുന്നുണ്ട്. സഹോദരങ്ങളോടൊപ്പം പോലും ഇടപഴകുന്നതിൽ തടസ്സം നിൽക്കുന്നു. പ്രായപൂർത്തിയാവുന്നതോടെ മകൾക്ക് എത്രയും പെട്ടെന്നു 'പുതിയാപ്ല'യെ കണ്ടെത്തി വിവാഹം കഴിപ്പിച്ചയക്കണമെന്നാണ് ഉമ്മ ആഗ്രഹി ക്കുന്നത്. എന്നാൽ പഠിക്കാൻ മിടുക്കിയായ നസീമയ്ക്ക് അത് ഉൾക്കൊള്ളാനാ വുന്നില്ല. ഉമ്മയോടു തന്റെ ആഗ്രഹം പറയുമ്പോഴും അവർക്കു മകളുടെ മനസ്സു കാണാൻ കഴിയുന്നില്ല. അന്നത്തെ ജീവിതസാഹചര്യത്തിനനുസരിച്ചു മകളെ എത്രയും പെട്ടന്നു വിവാഹം കഴിപ്പിച്ചയക്കാനാണ് ആ ഉമ്മ ശ്രമിക്കുന്നത്. എന്നാൽ മകൾ നസീമ എന്നും നെച്ചി ആയിരിക്കാനാണു ശ്രമിക്കുന്നത് (2007:12).

#### 4.2.2.1.1.1.5 ആകാശഭൂമികളുടെ താക്കോൽ

##### 4.2.2.1.1.1.5.1 ഉമ്മ – നൂർജഹാൻ

നൂർജഹാനും ഉമ്മയും നല്ലബന്ധം കാത്തുസൂക്ഷിക്കുന്നവരാണ്. ഉമ്മ യെന്ന നിലയിൽ മകളുടെ കാര്യത്തിൽ വ്യാകുലപ്പെടുന്ന സ്ത്രീ. ദാരിദ്ര്യ ത്തിനു നടുവിലും മകളെ പഠിപ്പിക്കാനും അവർ തയ്യാറാവുന്നുണ്ട്. മകളെ പെട്ടെന്നു വിവാഹം കഴിപ്പിക്കണമെന്നുതന്നെയാണ് ഉമ്മയും ആഗ്രഹിക്കുന്നത്. ബാല്യം തികഞ്ഞ പെണ്ണിനു വിലക്കുകൾ സമൂഹം ഏർപ്പെടുത്തുന്നതുപോലെ തന്റെ മകൾക്കും അവർ എന്തിനും വിലക്കുകളാണ് ഏർപ്പെടുത്തുന്നത്. 'എന്തി നാണ്ടീ ഇങ്ങനെ ചിരിച്ചുമറയണത്? ബാല്യം തെകഞ്ഞ പെണ്ണാണെന്നു മറക്കണ്ട!' (2008:24). പെൺകുട്ടികൾ അടക്കത്തിലും ഒതുക്കത്തിലും കഴിയേണ്ടവരാണെന്ന് ഉമ്മ അവളെ ഓർമ്മിപ്പിച്ചുകൊണ്ടേ ഇരിക്കുന്നുണ്ട്. നാൽപതു വയസ്സായ ഹുസൈൻഹാജിയുടെ വിവാഹാലോചന മോൾക്കു വരുമ്പോൾ പതിനെട്ടു തികയാത്ത മോളെ അയാളെ കൊണ്ടു വിവാഹം കഴിപ്പി ക്കുന്നതിൽ ഉമ്മയ്ക്കു സങ്കടമുണ്ട്. ആ സങ്കടം ഭർത്താവിനോടു പങ്കുവെക്കു ന്നുണ്ടെങ്കിലും നിസ്സഹായതയ്ക്കു മുമ്പിൽ തളരുന്ന ഉമ്മയെയും നോവലിൽ കാണാം. ഉമ്മയുടെവേദന മനസ്സിലാക്കി മകൾ മൗനാനുവാദം നൽകുകയും ചെയ്യുന്നുണ്ട്. (പു.25,26).

##### 4.2.2.1.1.1.5.2 റംലത്ത്-സുൽഫത്ത്

നോവലിലെ മറ്റൊരു കഥാപാത്രമാണു സുൽഫത്തും റംലത്തും. പുതിയ തലമുറയിൽപെട്ട മകളാണു സുൽഫത്ത്. കോളേജിൽ പഠിച്ചുകൊണ്ടി രിക്കുന്നു. ഉമ്മയുടെ പ്രയാസങ്ങൾ മനസ്സിലാക്കൻ അവൾക്കു കഴിയുന്നില്ല. മകളുടെ ഭാവി സുരക്ഷിതമാക്കാനും അവരെ പഠിപ്പിക്കാനും വിവാഹം കഴിപ്പി ക്കാനും ജോലി നേടികൊടുക്കുന്നതിനുമെല്ലാമാണു റംലത്ത് ഹുസൈൻഹാജി യുടെ മൂന്നാംഭാര്യയായി ചോനക്കാപറമ്പിൽ എത്തുന്നത്. എന്നാൽ മകൾക്ക് ഉമ്മയുടെ മനസ്സു കാണാൻ കഴിയുന്നില്ല. ഉമ്മ തന്റെ സുഖം മാത്രം നോക്കി

പോയി എന്ന ചിന്തയാണു മകൾക്കുള്ളത്. മകളുടെ ഏതൊരാവശ്യവും നിറവേറ്റി കൊടുക്കുന്നുണ്ട് ഉമ്മ. അത് മനസ്സിലാക്കാൻ അവൾക്കു സാധിക്കു ന്നില്ല. കൂടെപഠിക്കുന്ന മെഹറൂഫുമായി ഇഷ്ടത്തിലാവുന്ന മകൾ അവനെ മാത്രമെ വിവാഹം കഴിക്കൂ എന്നു വാശിപിടിക്കുന്നതായി കാണാം (2008:183). സ്ത്രീധനം ആവശ്യപ്പെടുമ്പോൾ അതു നൽകാനില്ലാതെ ബുദ്ധിമുട്ടുന്ന ഉമ്മയെ അവൾ മനസ്സിലാക്കുന്നില്ല.

**4.2.2.1.1.1.6 നിഴൽ**

**4.2.2.1.1.1.6.1. റാബിയ-മുംതാസ്**

റാബിയയുടെ ഏകമകളാണു മുംതാസ്. ഒറ്റ മോൾ ആയതുകൊണ്ടു തന്നെ എല്ലാലാളനകളോടെയും സുഖസൗകര്യത്തോടെയുമാണ് അവർ അവളെ വളർത്തുന്നത്. അവൾ ആവശ്യപ്പെടുന്നതെല്ലാം നിർവ്വഹിച്ചു കൊടുക്കാൻ ആ ഉമ്മ ശ്രമിക്കുന്നുണ്ട്. പഠനത്തിൽ പിറകിലായതുകൊണ്ടുമാ ത്രമാണു വേഗത്തിൽ കല്യാണം കഴിപ്പിച്ചയക്കുന്നതെന്നു നോവലിൽ പരാമർശ മുണ്ട്. മക്കളെയെല്ലാം നന്നായി പഠിപ്പിച്ചു നല്ലനിലയിൽ കല്യാണം കഴിപ്പിച്ചയ ക്കണമെന്നായിരുന്നു റാബിയയുടെ ചിന്ത. എന്നാൽ ഉമ്മയുടെ ചിന്തക്കനുസരിച്ച് ഉയരാൻ മകൾക്കു കഴിയുന്നില്ല. മാത്രമല്ല മറ്റുമക്കളെക്കാൾ വാശിക്കാരി കൂടിയായിരുന്നു മുംതാസെന്നു റാബിയ ചിന്തിക്കുന്നുണ്ട് (2012:37).

**4.2.2.1.1.1.7 പ്രകാശത്തിനുമേൽ പ്രകാശം**

**4.2.2.1.1.1.7.1 സാറ – റോഷ്നി**

വിദ്യാസമ്പന്നയായ സാറയുടെ മകളാണു റോഷ്നി. മകൾക്കും വിദ്യാഭ്യാസം നൽകുന്നതിനും അവളെ അവളുടെ ആഗ്രഹങ്ങൾക്കനുസരിച്ചു വളർത്തുന്നതിനും ഉമ്മ ശ്രമിക്കുന്നുണ്ട്. മകളെ സ്വന്തമായി വ്യക്തിത്വ മുള്ളവളായി കാണാനാണ് അവർ ആഗ്രഹിക്കുന്നത്. സത്യക്രിസ്ത്യാനിയായ അവർ മതംമാറിയാണു സാറയാവുന്നത്. തന്റെ മകളെ പുതു ഇസ്ലാമിന്റെ മോളെന്നു വിളിക്കരുതെന്നും ഇസ്ലാമിക ചിട്ടവട്ടങ്ങൾക്കനുസരിച്ചു ജീവിക്കുന്ന

വരാണു തങ്ങളെന്നും കാണിക്കാൻ അവർ ആഗ്രഹിച്ചിരുന്നു. തന്റെ പേരിലുള്ള കറുത്തപാടു തന്റെ മകൾക്ക് ഉണ്ടാവരുതെന്ന് അവൾ ആഗ്രഹിച്ചു. മകളെ ഇസ്ലാമികചിട്ടയോടെയും വസ്ത്രധാരണത്തോടെയും വളർത്താൻ അവർ ശ്രമിക്കുന്നതായും കാണാം. (പു.178,79).

#### 4.2.2.1.1.1.7.2. ബീപാത്തുഹജ്ജുമ്മ-സൈനബ

ബീപാത്തുഹജ്ജുമ്മയും സൈനബയും ദൃഢമായ ഉമ്മ മകൾ ബന്ധം കാത്തുസൂക്ഷിക്കുന്നവരാണ്. ചെറുപ്പം മുതലേ ഉമ്മയുടെ നിഴലായിട്ടാണു സൈനബ വളരുന്നത്. പത്തു വയസ്സുകഴിഞ്ഞിട്ടും ഉമ്മയോടൊപ്പമായിരുന്നു കിടപ്പ്. ആങ്ങളമാർ സൈനബയെ പരിഹസിക്കാറുള്ളത്, 'ഉമ്മാന്റെ മോളല്ലേ സൈനുക്കുട്ടി, പുന്നാരമോളല്ലേ പൂമക്കുട്ടി' എന്നായിരുന്നു. ആ പാട്ട് വലിപ്പ ത്തിലും പാടി നടക്കാൻ അവൾ ഇഷ്ടപ്പെട്ടിരുന്നു. കൂടാതെ വിവാഹശേഷവും ഉമ്മയോടൊപ്പം കഴിയാൻ സാധിക്കണേ എന്നു സൈനബയും തന്റെ മോളെ വിവാഹശേഷവും പിരിയാൻ ഇടവരുത്തരുതേ എന്നു ബീവാത്തുഹജ്ജുമ്മയും പ്രാർത്ഥിച്ചിരുന്നതായി നോവലിൽ കാണാം (1990:83).

#### 4.2.2.1.1.1.7.3 ശംസൂന - സാബിറ

ശംസൂനയുടെ മകളാണു സാബിറ. വിദ്യാസമ്പന്ന. ഉമ്മയും മകളും പരസ്പരസ്നേഹത്തിലും ബഹുമാനത്തിലും തന്നെ. എന്നാൽ മകളുടെ വിവാഹകാര്യത്തിൽ ഏറെ സംഘർഷത്തിലാണ് അവർ. മകളുടെ തന്നെ വിവാഹകാര്യത്തിൽ അഭിപ്രായം പറയുമ്പോൾ അത് ഉൾക്കൊള്ളാനുള്ള മനസ്സ് ഉമ്മാക്കില്ല. തലമുറകൾ തമ്മിലുള്ള അന്തരം ഇവിടെ കാണാം. തന്നെ പെണ്ണുകാണാൻവന്ന കൂട്ടരെ തനിക്ക് ഇഷ്ടമായില്ലെന്ന് മകൾ പറയുമ്പോൾ അവർക്ക് അത്ഭുതവും ദേഷ്യവും വരുന്നതായി കാണാം. മകൾ 'ഇബ്‌ലീസിന്റെ ചെങ്ങായ്ച്ചി'യാണെന്നാണ് അവർ പറയുന്നത് (2015:26).

മാത്രമല്ല പെൺകുട്ടികൾക്ക് അടക്കവും ഒതുക്കവും വേണമെന്നാണ് ഉമ്മയുടെ പക്ഷം. ഉപ്പയും ആങ്ങളയും തലയിൽ കയറ്റിവച്ചിട്ടാണു മകൾ എതിർത്തു സംസാരിക്കുന്നതെന്നും ഉമ്മ ആരോപിക്കുന്നുണ്ട് (2015:25). മകളുടെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കാൻ ഉമ്മയ്ക്കു കഴിയുന്നില്ല.

**4.2.2.1.1.2 ചെറുകഥകളിൽ**

**4.2.2.1.1.2.1 കെട്ട്യോൻ**

**4.2.2.1.1.2.1.1 ഉമ്മ - നബീസ**

കുടുംബത്തിനുവേണ്ടി പണിയെടുത്തു പ്രയാസപ്പെടുന്ന ഉമ്മയെ മനസ്സിലാക്കാൻ പെൺമക്കൾക്കു മാത്രമാണു കഴിയുന്നതെന്ന സൂചന കഥയിൽ ഉണ്ട് (പു.82). ഉമ്മയെ സഹായിക്കാനായി മകൾ വീട്ടുജോലിക്കുവരെ പോവാൻ തയ്യാറാവുന്നുണ്ട്. മാത്രമല്ല ഉമ്മയോടു പിണങ്ങി മറ്റൊരു വിവാഹം കഴിച്ചു കുടുംബത്തിലേക്കു കയറിവരുന്ന ഉപ്പയോടു കയർത്തു സംസാരിക്കുകയും ചെയ്യുന്നുണ്ട് അവൾ. ഉമ്മയുടെ മാനസികാവസ്ഥ മനസ്സിലാക്കാനുള്ള കഴിവുണ്ട് അവൾക്ക്.

**4.2.2.1.1.3 അനുഭവക്കുറിപ്പുകളിൽ**

**4.2.2.1.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

എഴുത്തുകാരിയുടെ ജീവിതം ഉമ്മയെചുറ്റിപ്പറ്റി ഉള്ളതാണെന്ന സൂചനയുണ്ട്. ഉമ്മക്കുട്ടി എന്നായിരുന്നു വീട്ടിലുള്ളവർ അവരെ കളിയാക്കി വിളിച്ചിരുന്നതെന്നും അതവർക്ക് ഏറെ ഇഷ്ടമുള്ളതായിരുന്നുവെന്നും പരാമർശിച്ചു കാണുന്നുണ്ട് (2015:10).

**4.2.2.1.1.4.** ലേഖനസമാഹാരത്തിൽ പരാമർശ സൂചനകൾ ഇല്ല.

**4.2.2.1.2 അമ്മ - വിവാഹിതയായ മകൾ**

**4.2.2.1.2.1. നോവലുകളിൽ**

**4.2.2.1.2.1.1 കിനാവ്**

**4.2.2.1.2.1.1.1 ബീപാത്തുഹജ്ജുമ്മ - സൈനബ**

വിവാഹശേഷവും ഉമ്മയോടൊപ്പം കഴിയാൻ ആഗ്രഹിക്കുന്ന മകളായിരുന്നു സൈനബ. ഉമ്മാക്കും പ്രിയപ്പെട്ടമകൾ തന്നെ അവൾ. അവരുടെ പ്രാർത്ഥനയെന്നോണം ഉമ്മയും മകളും ഒരുമിച്ചാണു ഭർത്തൃവീട്ടിൽ കഴിയുന്നത്. ഉമ്മയുടെ ഓരോ കാര്യത്തിലും ശ്രദ്ധിക്കാൻ സൈനുവിനു കഴിയുന്നുണ്ട്. പ്രായമായ ഉമ്മയെ പ്രത്യേകം ശുശ്രൂഷിക്കാനും അവർക്കു വേണ്ടുന്നതെല്ലാം ചെയ്തു കൊടുക്കാനും അവരെ ഏറെ സന്തോഷിപ്പിക്കാനുമാണു മകൾ ശ്രദ്ധിക്കുന്നത്. ഉമ്മയുടെ ജീവിതത്തിൽ നിന്നും ഏറെ പാഠങ്ങൾ പഠിച്ച അവർ വാർദ്ധക്യത്തിൽ ഉമ്മയെ പരിപാലിക്കാൻ സമയം കണ്ടെത്തുന്നു. 'ആവും കാലം മക്കൾക്കുവേണ്ടി ജീവിച്ച ഉമ്മ ഇനി കുറച്ചു വിശ്രമിക്കൂ' എന്നാണ് അവർ ഉമ്മയോടു പറയുന്നത് (1990:60,61).

**4.2.2.1.2.1.2 ഇരുട്ട്**

**4.2.2.1.2.1.2.1 ആമിന - മുനീറ**

ഉപ്പയിൽനിന്നും സ്നേഹമോ പരിലാളനയോ ലഭിക്കാതെവളർന്ന മകൾ മുനീറ. ഉമ്മയോട് അവൾക്ക് ഏറെ പ്രിയമാണ്. വിവാഹത്തോടെ ഉമ്മയിൽനിന്നും പിരിയേണ്ടിവരുന്നതു സങ്കടകരമാണെങ്കിലും ചെന്നുകയറിയ വീട്ടിൽ ഏറെ സ്വാതന്ത്ര്യവും സ്നേഹവും പരിഗണനയും ലഭിക്കുന്നുണ്ട് അവൾക്ക്. ഉമ്മയുമായുള്ള ആത്മബന്ധത്തിൽ വിള്ളൽ തീർക്കാൻ അവൾ ഇഷ്ടപ്പെടുന്നില്ല. ഭാർത്താവിനോടൊപ്പം വീട്ടിൽപോയി ഉമ്മയെ കാണാനും സംസാരിക്കാനും അവർക്കു സ്നേഹവും സ്വസ്ഥതയും നൽകാനും ആ മകൾ ശ്രമിക്കുന്നുണ്ട്. ഉപ്പയെ കാണാൻ ആഗ്രഹിക്കുന്നുവെങ്കിലും ഉമ്മയ്ക്കു പ്രയാസമാവുമെന്നതിനാൽ അതു വേണ്ടെന്നു വെക്കാനും അവൾ തയ്യാറാവുന്നുണ്ട്. ഉമ്മയെ ഏറെ അറിയുന്ന മുനീറ ഉമ്മക്കൊപ്പം നിൽക്കാനും പ്രവർത്തിക്കാനും താൽപര്യം കാണിക്കുന്നതായി കാണാം (2005: 106-08).

**4.2.2.1.2.1.3 മൊഴി**

**4.2.2.1.2.1.3.1 ഉമ്മ – ഫാത്തിമ**

വിവാഹത്തിനുശേഷവും മുമ്പും ഉമ്മയും മകളും ഏറെ സ്നേഹത്തോടെയാണു കഴിയുന്നത്. മകൾ ഭർത്താവിനോടൊപ്പം വിദേശത്തു പോവുന്നതു വിഷമമുണ്ടാക്കുന്നതാണെങ്കിലും ഭർത്താവിനോടൊപ്പം അയക്കാൻ അവർക്ക് ഇഷ്ടമുണ്ടായിരുന്നു. പരിചയമില്ലാത്ത നാട്ടിൽ മകൾ പ്രയാസപ്പെടുമോ എന്നായിരുന്നു ആ ഉമ്മയുടെ ആവലാതി. മകളെയും ഭർത്താവിനെയും സൽക്കരിക്കാനും പരിഗണിക്കാനും സ്നേഹിക്കാനും തന്നാൽ കഴിയുംപോലെ ശ്രമിക്കുന്ന ഉമ്മയായിരുന്നു അവർ. ഫാത്തിമയും അങ്ങനെതന്നെ. ഉമ്മയ്ക്കുവേണ്ടി പ്രത്യേകം സാധനങ്ങൾ വിദേശത്തുനിന്നു വരുമ്പോൾ കൊണ്ടുവരാനും ഉമ്മയെ സന്തോഷിപ്പിക്കാനും ഫോൺ ചെയ്തും കത്തുകളയച്ചും ഉമ്മയുടെ സുഖവിവരങ്ങൾ അന്വേഷിക്കാനും മകൾ സമയം കണ്ടെത്തുന്നു.

**4.2.2.1.2.1.4 നിലാവ്**

**4.2.2.1.2.1.4.1 വല്ലിമ്മയും – നസീമയുടെ ഉമ്മയും**

നസീമയുടെ ഉമ്മയും ഉപ്പയും നസീമയുടെ ഉമ്മയുടെ വീട്ടിൽതന്നെ ആയിരുന്നു താമസിച്ചിരുന്നത്. ഉമ്മയും മകളും തമ്മിൽ നല്ലബന്ധത്തിലായിരുന്നു എന്നു കാണാം. വിവാഹിതയായതിനുശേഷവും ഉമ്മയോടൊപ്പം കഴിയാൻ സാധിച്ചതിൽ അവർ സന്തോഷിക്കുന്നുണ്ട്. എല്ലാ കാര്യങ്ങൾക്കും അവൾക്ക് ഉമ്മ വേണം. ഉമ്മാമ്മക്കും അങ്ങനെ തന്നെ. മക്കളുടെ കാര്യത്തിലായാലും സ്വന്തംകാര്യത്തിലായാലും ഉമ്മയുടെ അഭിപ്രായം ചോദിച്ചു മാത്രമെ ഉമ്മ എന്തുകാര്യവും ചെയ്യുമായിരുന്നുള്ളൂ എന്നു നോവലിൽ പരാമർശിച്ചു കാണുന്നുണ്ട്. വല്ല്യുപ്പയുടെ മരണശേഷം വല്ലിമ്മയ്ക്കു നെച്ചുവിന്റെ ഉമ്മയായിരുന്നു തുണ. കൂടാതെ സഹോദരൻ മമ്മദിന്റെ കാര്യത്തിൽ വല്ലിമ്മയെ സമാശ്വസിപ്പിക്കുന്നതും ഉമ്മ തന്നെ (2007:28,30).

#### 4.2.2.1.2.1.5 ആകാശഭൂമികളുടെ താക്കോൽ

##### 4.2.2.1.2.1.5.1 ഉമ്മ – നൂർജഹാൻ

മകളുടെ ഇഷ്ടമോ സമ്മതമോ ഇല്ലാതെയാണു ഹുസൈൻഹാജിയെക്കൊണ്ടു മകളെ കല്യാണം കഴിപ്പിക്കുന്നത്. ഉമ്മ നിസ്സഹായയാണെന്നു നൂറുവിനറിയാം. ഉമ്മയെ വിഷമിപ്പിക്കാതിരിക്കാൻ മകൾ ശ്രമിക്കാറുമുണ്ട്. ഭർത്താവുമായി വഴക്കിട്ടു ആശുപത്രിയിൽ കഴിയുമ്പോൾ ആദ്യമായാണ് അവൾ ഉമ്മയോടു കയർത്തു സംസാരിക്കുന്നത്. ഏറെ സങ്കടത്തോടെ മകളുടെ അവസ്ഥ കണ്ടു കരയുന്ന ഉമ്മയോട് അവൾ കയർത്തു സംസാരിക്കുന്നുണ്ട് (2008:160). അവളുടെ ഉള്ളിൽ അടക്കിവെച്ച സങ്കടമാണ് ഉമ്മയോടു പറയുന്നത്. മകളെ ആശ്വസിപ്പിക്കാനും സ്നേഹിക്കാനുമാണ് ഉമ്മ ശ്രമിക്കുന്നത്.

##### 4.2.2.1.2.1.5.2 റംലത്ത് – സുൽഫത്ത്

മകളുടെ നിർബന്ധത്തിനു വഴങ്ങിയാണു റംലത്ത് സുൽഫത്തിനെ മെഹ്റൂഫിനെക്കൊണ്ടു വിവാഹം കഴിപ്പിച്ചയക്കുന്നത്. അവർ ചോദിച്ച സ്വർണ്ണവും പണവും മരുമകനു ഗൾഫിൽ പോകുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും റംലത്ത് ചെയ്തുകൊടുക്കുന്നുണ്ട്. മകളുടെ സന്തോഷമായിരുന്നു അവൾക്കു വലുത്. എന്നാൽ വിവാഹശേഷവും മകൾ ഭർത്തൃവീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ഓരോ ആവശ്യങ്ങളുമായി ഉമ്മയെ സമീപിക്കും. ഉമ്മയുടെ മാനസികാവസ്ഥ മനസ്സിലാക്കാൻ സുൽഫത്തു ശ്രമിക്കുന്നില്ലെന്നു കാണാം. ഉമ്മയുടെ പേരിൽ ഉണ്ടായിരുന്ന ഭൂമി അവളുടെ പേരിലാക്കി നൽകണമെന്നായിരുന്നു അവളുടെ അവസാനത്തെ ആവശ്യം. വിദേശത്തു ജോലിക്കയറ്റം ലഭിച്ച ഭർത്താവിനു ഫാമിലിവിസ ലഭിച്ചതിനാൽ മരുമോളെ മകന്റെ അടുത്തേക്ക് അയക്കണമെങ്കിൽ ഭൂമി മകളുടെ പേരിൽ ആക്കി നൽകണമെന്നായിരുന്നു വീട്ടുകാരുടെ ആവശ്യം. മകളോടുള്ള സ്നേഹം കാരണം അതും ചെയ്യാൻ റംലത്തു തയ്യാറാവുന്നുണ്ട്.

#### 4.2.2.1.2.1.6 നിഴൽ

#### 4.2.2.1.2.1.6.1 റാബിയ-മുംതാസ്

റാബിയ എന്ന ഉമ്മയുടെ സഹനത്തിന്റെയും സ്നേഹത്തിന്റെയും കഥ പറയുന്ന നോവലാണു *നിഴൽ*. ഉമ്മ സർവ്വം സഹയാണ്. മക്കൾക്കും ഭർത്താവിനും കുടുംബത്തിനും വേണ്ടി മാത്രമാണ് അവർ ജീവിക്കുന്നത്. അവരുടെ ഏക മകളാണു മുംതാസ്. ഒറ്റ മകളായതുകൊണ്ടു തന്നെ ഏറെ വാൽസല്യത്തോടുകൂടിയാണു മകളെ റാബിയ വളർത്തിയിട്ടുള്ളത്. മകൾക്കു വേണ്ടതെല്ലാം നൽകി വിവാഹം കഴിപ്പിച്ചയക്കുകയും ചെയ്തു. എന്നാൽ മകൾക്കു തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപാധിമാത്രമായിരുന്നു 'ഉമ്മ'. ആവശ്യത്തിനും അനാവശ്യത്തിനും അവൾ ഉമ്മയെ പ്രയാസപ്പെടുത്തും. ഭർത്താവിന്റെയും ഉമ്മയുടെയും ആവശ്യാനുസരണം വീട്ടിലെത്തി പണം ചോദിക്കലാണു മുംതാസിന്റെ പ്രധാനപണി. ഇല്ലെങ്കിൽ അവൾക്കവിടെ സ്വസ്ഥതയും സമാധാനവും ഉണ്ടാകില്ലെന്ന് അവൾക്കറിയാം. ഉപ്പ ഇടഞ്ഞാലും ഉമ്മയിലൂടെ കാര്യം സാധിച്ചിട്ടേ അവൾ ഭർത്താവിന്റെ വീട്ടിലേക്കു മടങ്ങൂ. ഉമ്മയോടു സ്നേഹക്കുറവൊന്നും മകൾക്കില്ല. രോഗബാധിതയാവുമ്പോൾ ഉമ്മയെ ശുശ്രൂഷിക്കാനും മുംതാസ് മുമ്പിൽതന്നെ ഉണ്ട് (2012:202).

#### 4.2.2.1.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

#### 4.2.2.1.2.1.7.1 ബീപാത്തുഹജ്ജുമ്മ-കദീജ

ബീവാത്തുഹജ്ജുമ്മയ്ക്കു രണ്ടു പെൺമക്കളാണ് ഉള്ളത്. മൂത്തമകൾ കദീജ. വിവാഹത്തോടെ അവൾ പൂർണ്ണമായും ഉമ്മയിൽനിന്നും അകലുകയാണ്. എന്നാൽ ഭർത്താവിന്റെ ആവശ്യാനുസരണം സ്വത്തും പണവും ആവശ്യപ്പെടാനായി മാത്രം ഉമ്മയുടെ അടുത്തു വരും. മരുമകൻ ഉമ്മറിനു ഭാര്യയുടെ സ്വത്തിലായിരുന്നു കണ്ണ്. സഹോദരങ്ങൾ ഉമ്മയുടെ സ്വത്തുകൈക്കലാക്കുന്നു എന്നായിരുന്നു അയാളുടെ പരാതി. പതുക്കെ മകളും അത് ഏറ്റെടുത്തു. കുടുംബവുമായി സ്വത്തിന്റെ

കാര്യം പറഞ്ഞു  പിണക്കവും തർക്കവും പതിവായിരുന്നു.  എന്നാലും ഉമ്മക്കു മകളോടു പ്രിയം തന്നെ.  തന്റെ മരണശേഷവും മക്കൾ ഒരുമിച്ചു വേണമെന്നും സ്വത്തിന്റെ പേരിൽ നിങ്ങൾ അടിപിടി കൂടരുതെന്നും മകളെയും ചേർത്തുപിടി ക്കണമെന്നും ഉമ്മ മറ്റു മക്കളോടു പറയുന്നതായും കാണാം (2012:41,42).

**4.2.2.1.2.2 ചെറുകഥകളിൽ**

**4.2.2.1.2.2.1 വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു.**

**4.2.2.1.2.2.1.1 ഉമ്മ – ഹസ്നബി**

വിവാഹിതയായഹസ്നബിയെ ഓർത്ത് ഉമ്മാക്ക് എപ്പോഴും ആധിയാണ്. മകൾ ലോകകാര്യങ്ങൾ ചിന്തിക്കുന്നു. സമൂഹത്തിലെ അനീതികളും അക്രമ ങ്ങളും ഓർത്തു സങ്കടപ്പെടുന്നു. അതിനെതിരെ സംസാരിക്കുന്നു എന്ന താണുപ്രശ്നം. അതു പാടില്ല. മരുമകൻ വീട്ടിൽ കൊണ്ടാക്കുകയാണു ചെയ്യുന്നത്.  ഉമ്മയ്ക്കു മകളെകുറിച്ചോർത്തു വിഷമമാണ് എപ്പോഴും.

'മൊഞ്ചും സീനത്തും മാലും മൊതലുമുള്ള പുതിയാപ്ലാനെ കിട്ടിയ തിൽ പടച്ചോനെ ശുക്റ് ചെയ്യ് ഹസ്നാ. ഇനിക്കെന്താ ഒരു കുറവ്? ചോയിക്കുന്നതെല്ലാം തരുന്ന ഒരു പുതിയാപ്ലയല്ലേ നിന്റേത്.  എന്നിട്ട് നീയെ ന്തിനാ മൂപ്പരെ മേണ്ടാത്ത കാര്യങ്ങള് പറഞ്ഞ് ബെറുപ്പിക്കണത്?' എന്നു പറഞ്ഞു മകളെ ഉപദേശിക്കുകയാണ് ഉമ്മ ചെയ്യുന്നത്. മോളുടെ ഈ സ്വഭാവം കാരണം മരുമകൻ മറ്റൊരു വിവാഹം കഴിക്കുമോ എന്നുകൂടി ഉമ്മ ഭയപ്പെടുന്നതായി കഥയിൽ സൂചനയുണ്ട് (2014:303,304).

**4.2.2.1.2.3 അനുഭവക്കുറിപ്പുകളിൽ**

**4.2.2.1.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

വിവാഹിതകളായ മക്കളെ കാണാൻ പലഹാരങ്ങളുണ്ടാക്കി ഉമ്മയോ ടൊപ്പം വിരുന്നുപോവാറുണ്ടെന്ന പരാമർശസൂചനയും അതുമായി ബന്ധപ്പെട്ട അനുഭവങ്ങളും കുറിപ്പിൽ സൂചിപ്പിച്ചു കാണുന്നുണ്ട്.  (2015:126)

**4.2.2.1.2.4** ലേഖനസമാഹാരത്തിൽ പരാമർശസൂചനകൾ ഇല്ല.

**4.2.2.1.3 അമ്മ - വിവാഹമോചിതയായ മകൾ**

**4.2.2.1.3.1 നോവലുകളിൽ**

**4.2.2.1.3.1.1 കിനാവ്**

പരാമർശസൂചനകൾ ഇല്ല

**4.2.2.1.3.1.2. ഇരുട്ട്**

സൂചനകൾ കാണാൻ കഴിയുന്നില്ല

**4.2.2.1.3.1.3 മൊഴി**

**4.2.2.1.3.1.3.1 ആയിശുമ്മ-ഫാത്തിമ**

ഭർത്താവിൽനിന്നും മൊഴി ആവശ്യപ്പെട്ടു സ്വന്തം വീട്ടിൽ തിരിച്ചെത്തുന്ന ഫാത്തിമയ്ക്ക് ഉമ്മയിൽനിന്നും ശകാരമാണു കേൾക്കേണ്ടി വരുന്നത്. വിവരമറിഞ്ഞു ഉപ്പ കുഴഞ്ഞുവീണു മരണത്തിനു കീഴടങ്ങുമ്പോൾ മകൾ ഒരിക്കലും ഗുണം പിടിക്കില്ലെന്നു പറഞ്ഞു മകളെ ശപിക്കുന്ന ഉമ്മയെ നോവലിന്റെ ആദ്യഭാഗത്തു കാണാം. കുടുംബമഹിമയും ആളുകൾ എന്തു വിചാരിക്കും എന്ന ചിന്തയാണ് ഉമ്മയെ സങ്കടപ്പെടുത്തുന്നത്. അത് ഉമ്മ ചോദിക്കുന്നുമുണ്ട് മകളോട്. എന്നാൽ കാലക്രമേണ ആയിശുമ്മയ്ക്കു മകളെ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അവളെ ചേർത്തുപിടിക്കാനും സാധിക്കുന്നുണ്ട് (1999:109)

**4.2.2.1.3.1.4 നിലാവ്**

സൂചന ഇല്ല

**4.2.2.1.3.1.5 ആകാശഭൂമികളുടെ താക്കോൽ**

സൂചന ഇല്ല

**4.2.2.1.3.1.6 നിഴൽ**

സൂചന ഇല്ല

#### 4.2.2.1.3.1.7 പ്രകാശത്തിനുമേൽ പ്രകാശം

സൂചന ഇല്ല

#### 4.2.2.1.3.2 ചെറുകഥകളിൽ

ചെറുകഥകളിൽ അമ്മയും വിവാഹമോചിതയായ മകളും തമ്മിലുള്ള ബന്ധം പരാമർശിച്ചുകാണുന്നില്ല.

#### 4.2.2.1.3.3 അനുഭവക്കുറിപ്പുകളിൽ

അനുഭവക്കുറിപ്പുകളിലും ഇത്തരം ബന്ധങ്ങൾ കാണുന്നില്ല.

#### 4.2.2.1.3.4 ലേഖനസമാഹാരത്തിൽ

പരാമർശ സൂചനകൾ ഇല്ല.

#### 4.2.2.2 ആരോഗ്യാവസ്ഥ

#### 4.2.2.2.1 അമ്മ - ഭിന്നശേഷിക്കാരിയായ മകൾ

#### 4.2.2.2.1.1 നോവലുകളിൽ

#### 4.2.2.2.1.1.1 ഇരുട്ട്

#### 4.2.2.2.1.1.1.1 ആമിന-റസീന

സ്കൂളിൽപോയ മകൾ റസീന തലചുറ്റി വീണ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടതറിയുമ്പോൾ ഉമ്മയുടെ വേവലാതി എത്രത്തോളമാണെന്നു നോവലിൽ സൂചിപ്പിക്കുന്നുണ്ട്. ഉറക്കമൊഴിച്ചു തന്റെ മകൾക്കായി പ്രാർത്ഥനയോടെ കാത്തിരിക്കുന്നതും ഉമ്മ തന്നെ. സ്നേഹനിധിയായ ഉമ്മ മകൾ ബന്ധമാണു കാണാൻ കഴിയുന്നത് (പു.136,38).

#### 4.2.2.2.1.1.2 ആകാശഭൂമികളുടെ താക്കോൽ

#### 4.2.2.2.1.1.2.1 ഉമ്മ - നൂർജഹാൻ

വീണ് ഇടുപ്പെല്ലിനു പരിക്കുപറ്റി ആശപത്രിയിലും തുടർന്നു വീട്ടിലും

കഴിയുന്ന നൂർജഹാനു താങ്ങാവുന്നത് അവളുടെ ഉമ്മയാണ്. വളരെ ചെറുപ്പ ത്തിലെ മകൾക്കു സംഭവിച്ച ദുരിതമോർത്ത് ഉമ്മ ഏറെ സങ്കടപ്പെടുന്നുണ്ട്. മകളെ ശരിയായ ജീവിതത്തിലേക്കു കൊണ്ടുവരാൻ പ്രാർത്ഥനയും ശാരീരിക വുമായി മകളോടൊപ്പം നിൽക്കാൻ ഉമ്മയ്ക്കു മാത്രമാണു സാധിക്കുന്നത് (2011:156,60).

#### 4.2.2.2.1.1.3 കിനാവ്

##### 4.2.2.2.1.1.3.1 ബീപാത്തുഹജ്ജുമ്മ-സൈനബ

*കിനാവ്* എന്ന നോവലിൽ ശാരീരികമാനസികപ്രയാസം അനുഭവിക്കുന്ന ഉമ്മയെ മകൾ പരിചരിക്കുന്നതാണു കാണുന്നത്. വാർദ്ധക്യകാല പ്രയാസങ്ങൾ അനുഭവിക്കുന്ന ഉമ്മയെ ഏറെ സ്നേഹത്തോടെ വാത്സല്യത്തോടെ ശുശ്രൂഷി ക്കുന്നതു സൈനബയാണ്. എല്ലായ്പ്പോഴും ഉമ്മയ്ക്ക് ഒരു തുണ വേണമെന്നു സൈനബക്കറിയാം. എല്ലാം കണ്ടറിഞ്ഞു നിർവ്വഹിച്ചു കൊടുക്കുന്നതും മകൾ തന്നെ. ഉമ്മയുടെ കാലിലെ നഖം മുറിച്ചുകൊടുക്കുന്നതും മകളാണ്. ശാരീ രികപ്രയാസമനുഭവിക്കുന്ന ഉമ്മയ്ക്കു തണലാണു സൈനബ. ചെറുപ്പത്തിൽ ഉമ്മ ഏറെ ദുരിതങ്ങൾ സഹിച്ചതല്ലേ ഇനി ഉമ്മ വിശ്രമിക്കൂ എന്നാണു മകൾ ഉമ്മയോടു പറയുന്നത് (1990:16,17).

#### 4.2.2.2.1.1.4 മൊഴി

##### 4.2.2.2.1.1.4.1 ആയിശുമ്മ-ഫാത്തിമ

*മൊഴി* എന്ന നോവലിലും ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഉമ്മയെ മകൾ ശ്രുശ്രൂഷിക്കുന്നതാണു കാണുന്നത്. വാർദ്ധക്യാവസ്ഥയിലെ ത്തിയ ഉമ്മയെ ശുശ്രൂഷിക്കുന്നതു മകളായ ഫാത്തിമയാണ്. സ്ട്രോക്കു വന്നു കിടപ്പിലാവുന്ന ആയിശുമ്മയെ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരുന്നതു മകളാണ്. ഉറക്കമൊഴിച്ചിരുന്ന് ഉമ്മയുടെ ഓരോ കാര്യങ്ങളും നിറവേറ്റികൊടു ക്കാൻ മകൾ പ്രത്യേകം ശ്രദ്ധിക്കുന്നതായി കാണാം. വിദേശത്തായതിനാൽ

ഉപ്പയെ ശുശ്രൂഷിക്കാനോ മരണസമയത്ത് എത്തിച്ചേരാനോ തനിക്കായില്ലെന്നും ഉമ്മയുടെ കാര്യങ്ങൾ താൻ തന്നെ നോക്കി ഉമ്മയെ ജീവിതത്തിലേക്കു കൊണ്ടുവരാൻ ശ്രമിക്കുമെന്നും ഫാത്തിമ ചിന്തിക്കുന്നുണ്ട് (പു.124,26)

4.2.2.2.1.1.5 മറ്റു നോവലുകളിൽ പരാമർശ സൂചനകൾ ഇല്ല

**4.2.2.2.1.2 ചെറുകഥകളിൽ**

**4.2.2.2.2.1.2.1 ആകാശപ്പറവകൾ**

**4.2.2.2.2.1.2.1.1 ബിയ്യാത്തു-ഖൈറുന്നീസ**

ഭിന്നശേഷിക്കാരിയായ ഒരു മകളുടെ വേദനകൾ സ്വയം ഏറ്റുവാങ്ങി ആ മകൾക്കുവേണ്ടി മാത്രം തന്റെ സമയവും സ്നേഹവും കരുതലും നൽകുന്ന ഒരു ഉമ്മയെയാണ് *ആകാശപ്പറവകൾ* എന്ന കഥയിൽ കാണാനാവുക. 'ഖൈറു' എന്ന തന്റെ ഭിന്നശേഷിക്കാരിയായ മകളുടെ ശരീരവും മനസ്സും അവളുടെ വികാരവിചാരങ്ങളും മനസ്സിലാക്കാൻ ആ ഉമ്മയ്ക്കു മാത്രമാണു കഴിയുന്നത്. ഏറെ വർഷത്തെ കാത്തിരിപ്പിനു ശേഷം തനിക്കു പിറന്ന മകളെ കണ്ട് ഉമ്മ അന്താളിച്ചു പോവുന്നുവെങ്കിലും തന്റെ മാറു ചുരന്നപ്പോൾ ആ ഉമ്മയുടെ മനസ്സ് ആർദ്രമായിപ്പോവുന്നതിനെകുറിച്ചു കഥയിൽ അവതരിപ്പിച്ചിരിക്കുന്നു (2014:134).

**4.2.2.2.1.2.2 നേർച്ചക്കാള**

**4.2.2.2.1.2.2.1 ഇയ്യാത്തുമ്മ-കുഞ്ഞിപ്പാത്തു**

മാനസികവിഭ്രാന്തിയനുഭവിക്കുന്ന മകളെ എന്തുവിലകൊടുത്തും സംരക്ഷിക്കുന്ന ഉമ്മയെ *നേർച്ചക്കാള* എന്ന കഥയിൽ കാണാം. മാനസിക വിഭ്രാന്തിയൊന്നും ഇല്ലാതെ കുടുംബത്തെ നല്ല നിലയിൽ പുലർത്തിയിരുന്ന മകൾ ഒരു സുപ്രഭാതത്തിൽ മുഴുഭ്രാന്തിയായിത്തീരുന്നു. അവളുടെ വികൃതിത്തരങ്ങൾ സങ്കടത്തോടെ നോക്കിക്കാണാൻ മാത്രമാണ് ആ ഉമ്മയ്ക്കു സാധിക്കുന്നത്. നിവർത്തികേടുകൊണ്ടു മകളെ അടിക്കേണ്ടി വരുന്നു. ആ

സന്ദർഭങ്ങളിൽ മാറി നിന്നു പൊട്ടിക്കരയുന്ന നിസ്സഹായയായ ഉമ്മയെ നേർച്ച ക്കാളയിൽ കാണാം (2014:32).

**4.2.2.2.1.3** അനുഭവക്കുറിപ്പുകളിൽ പരാമർശ സൂചനകൾ ഇല്ല.

**4.2.2.2.1.4.** ലേഖനസമാഹാരത്തിൽ പരാമർശ സൂചനകൾ ഇല്ല.

**4.3 സാഹോദര്യബന്ധം**

**4.3.1 സഹോദരിമാർ തമ്മിലുള്ള ബന്ധം**

**4.3.1.1 സാഹോദര്യതലത്തിൽ**

**4.3.1.1.1 നോവലുകളിൽ**

**4.3.1.1.1.1 നിലാവ്**

**4.3.1.1.1.1.1 നസീമ – ആയിശ**

വളരെ ചെറുപ്പത്തിലെ വിവാഹിതയാവേണ്ടിവരികയാണു *നിലാവിലെ* നസീമയ്ക്ക്. തീരെ താൽപര്യമില്ലാതിരുന്ന അവൾക്കു വിവാഹദിവസം യാതൊരു സന്തോഷവും ഉണ്ടായിരുന്നില്ല. എല്ലാവരിൽനിന്നും ഒഴിഞ്ഞുമാറി നിന്നിരുന്ന നസീമയെ ആശ്വസിപ്പിക്കാൻ ഇത്താത്തയ്ക്കു മാത്രമാണു കഴിയുന്നുത് (2007:76). ആയിശയുടെ മാറിൽ മുഖം പൂഴ്ത്തി പൊട്ടിക്കരയുക യാണ് അവൾ.

**4.3.1.1.1.2 ഇരുട്ട്**

**4.3.1.1.1.2.1 മുനീറ – നസീറ**

മുനീറയും നസീറയും സഹോദരിമാരാണ്. ഉപ്പയും ഉമ്മയും വേർപെട്ടുകഴിയുന്ന അവർക്ക് എന്നും ഉമ്മയുടെ കണ്ണീരും ജീവിതപ്രയാസങ്ങ ളുമാണു കാണാൻ കഴിയുന്നത്. സഹോദരിമാർ തമ്മിൽ നല്ല സാഹോദര്യം കാത്തുസൂക്ഷിക്കാൻ ശ്രമിച്ചിരുന്നതായി കാണാം. വല്ലിമ്മയിൽനിന്നുമുള്ള ശകാരവാക്കുകളിൽനിന്നും നസീറയെ സമാശ്വസിപ്പിച്ചിരുന്നതും മുനീറയാണ്.

ഉമ്മയുടെ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ അനിയത്തിയുടെ കാര്യങ്ങൾ ഓരോന്നും ശ്രദ്ധിച്ചിരുന്നതും അവൾക്കു വേണ്ടതു ചെയ്തു കൊടുക്കുന്നതുമെല്ലാം സഹോദരിതന്നെ. അതുകൊണ്ടു തന്നെയാണു മുനീറയുടെ വിവാഹം നസീറയെ വിഷമിപ്പിക്കുന്നതും അവൾ രോഗിയായി ത്തീരുന്നതും. തന്റെ ഭർത്തൃവീട്ടിലേക്കു കൊണ്ടുപോയി നസീറയെ അവിടെ താമസിപ്പിക്കാനും അവൾക്കു വേണ്ടി പരിചരണം നൽകാനും മുനീറ ശ്രമിക്കു ന്നതായും കാണാം (1995:114).

#### 4.3.1.1.1.3 പ്രകാശത്തിനുമേൽ പ്രകാശം

##### 4.3.1.1.1.3.1 സമീറ – സെഫീറ

ആധുനികവിദ്യാഭ്യാസം കിട്ടി കോളേജിൽ പഠിക്കുന്നവളാണു സമീറയുടെ അനിയത്തി സെഫീറ. സ്വതന്ത്ര്യമായി ചിന്തിക്കാനും തനതു വ്യക്തിത്വവും ഉള്ളവൾ. എന്നാൽ അവളുടെ ഉമ്മ സുമയ്യക്ക് എല്ലാം ഭയമാണ്. സെഫീറയുടെ സഹോദരി സമീറ നല്ല സൗഹൃദബന്ധം കാത്തുസൂക്ഷിക്കുന്ന വരാണ്. സമീറ വിദേശത്താണെങ്കിലും അനിയത്തിയുമായി കൂട്ടുകൂടാനും അവളുടെ കാര്യങ്ങൾ അന്വേഷിക്കാനും സമയം കണ്ടെത്തുവന്നവൾ. സഹോദരിമാർക്കിടയിൽ വിടവില്ല. നല്ല സുഹൃത്തുക്കളെപോലെ എല്ലാം തുറന്നുപറയാനുള്ള സ്വാതന്ത്ര്യവും അവർക്കിടയിലുണ്ടെന്നു കാണാം (2012:171).

#### 4.3.1.1.2 ചെറുകഥകളിൽ

##### 4.3.1.1.2.1 വത്തക്ക

##### 4.3.1.1.2.1.1 നസീമ – ആയിശ

നസീമയുടെ ജനനത്തോടുകൂടിയാണു കുടുംബം ദരിദ്രരായത് എന്നാണു ബന്ധുക്കൾ ചിന്തിക്കുന്നത്. എല്ലാവരും നസീമയെ പരിഹസിക്കു കയും ചീത്തപറയുകയും ചെയ്യും. എന്നാൽ മൂത്തസഹോദരി ആയിശയാണ് അവൾക്കു തണലാവുന്നത് (2014:79). സഹോദരിയുടെ മനസ്സറിഞ്ഞ് അവളെ ചേർത്തു പിടിക്കുകയും അവളെ പരിഹസിക്കുകയും ചീത്തപറയുകയും ചെയ്യു

ന്നവരോടു പ്രതികരിക്കുകയും ചെയ്യുന്നുണ്ട് ആയിശ (പു.81).

**4.3.1.1.3 അനുഭവക്കുറിപ്പുകൾ**

**4.3.1.1.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

സഹോദരിമാർക്കിടയിൽ ആത്മബന്ധം ഉണ്ടായിരുന്നതായി പരാമർശ സൂചനയുണ്ട് (2015:119). സഹോദരിമാരുടെ വീടുകളിൽ വിരുന്നിനു പോവുന്നതും അവരുടെ മക്കളോടൊപ്പം കളിക്കുന്നതുമായ ഓർമ്മകൾ പങ്കുവെയ്ക്കുന്നുണ്ട് (പു: 125).

**4.3.1.4 ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല.

**4.3.1.2 സംഘർഷതലത്തിൽ**

**4.3.1.2.1 നോവലുകളിൽ**

**4.3.1.2.1.1 ഇരുട്ട്**

**4.3.1.2.1.1.1 ആമിന - സഫിയ**

നോവലിലെ ആമിനയും സഫിയയും സഹോദരിമാരാണ്. എന്നാൽ അവർക്കു പരസ്പരം മനസ്സിലാക്കാൻ കഴിയുന്നില്ല. ഉപ്പ ആമിനയെ അതിരറ്റു സ്നേഹിക്കുന്നതും അവളുടെ കല്യാണത്തിനെക്കാൾ അധികം ആർഭാടവും സ്വർണ്ണവും പൊന്നും ആമിനയ്ക്കു കൊടുക്കുന്നതും അവൾക്ക് ഇഷ്ടപ്പെടുന്നില്ല (1995:40-41). ഉപ്പയെകൊണ്ടു നിർബന്ധിച്ച് അവൾക്കു വാങ്ങുന്നതെല്ലാം സഫിയയും വാങ്ങിപ്പിക്കുന്നതായി കാണാം. കൂടാതെ ഭർത്താവിന്റെ ദുർനടപ്പിൽ മനംനൊന്തു സ്വന്തംവീട്ടിൽ തിരിച്ചെത്തുന്ന അനിയത്തിയെ മനസ്സിലാക്കാനോ ആശ്വസിപ്പിക്കാനോ അവൾക്കു കഴിയുന്നില്ല. ആമിനയെ കുറ്റപ്പെടുത്തുകയാണ് അവൾ ചെയ്യുന്നത്. കുടുംബത്തിന്റെ മഹിമയും ആളുകൾ എന്തു പറയും എന്ന ചിന്തയുമായിരുന്നു അനിയത്തിയുടെ സമാധാനത്തെക്കാൾ പ്രധാനം (പു.41).

#### 4.3.1.2.1.2 പ്രകാശത്തിനുമേൽ പ്രകാശം

##### 4.3.1.2.1.2.1 സൈനബ - ഐഷ

സൈനബയും ഐഷയും സഹോദരിമാരാണ്. സ്വത്തിന് ആർത്തിയുള്ള ഐഷയും ഭർത്താവും സഹോദരിയുമായും ലഹളകൂടും. ഉമ്മയുടെ വാക്കു ധിക്കരിക്കാൻ സൈനബക്കു കഴിയാറില്ല. താത്തയുടെ പിടിവാശികൾക്കു മുമ്പിൽ സ്വത്തുക്കൾ പലതും അവർക്കുനൽകുകയാണു സൈനബ ചെയ്യുന്നത്. ഉമ്മയെ നല്ലരീതിയിൽ സൈനബ നോക്കുന്നുണ്ട്. അവളോടൊപ്പമാണ് ഉമ്മ താമസിക്കാറും. അതും ഐഷയെ ചൊടിപ്പിക്കാറുണ്ട്. ഉമ്മയ്ക്കു സൈനബ യോടാണു പ്രിയം എന്നാണ് അവളുടെ പരാതി. എന്നാൽ തന്റെ സ്വഭാവവും പെരുമാറ്റവും കൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നതെന്ന് ഐഷ മനസ്സി ലാക്കുന്നില്ല (2012:42).

#### 4.3.1.2.1.3 മൊഴി

##### 4.3.1.2.1.3.1 ഷരീഫ - ഫാത്തിമ

ഷരീഫയും ഫാത്തിമയും സഹോദരിമാരാണ്. ഭർത്താവിൽനിന്നും വിവാഹമോചിതയായി വീട്ടിൽ തിരിച്ചെത്തിയ അനിയത്തിയെ അംഗീകരിക്കാൻ ഷരീഫയ്ക്കു കഴിയുന്നില്ല. ഫാത്തിമയുടെ അവസ്ഥ അറിഞ്ഞ് അവരുടെ ഉപ്പ ഹൃദയംപൊട്ടി മരിക്കുകയാണ്. അതോടെ ഷരീഫ അനിയത്തി ഫാത്തിമയെ പൂർണ്ണമായും വെറുക്കുകയുമാണ്. എന്നാൽ നോവലിന്റെ അവസാനഭാഗത്ത് അനിയത്തിയുടെ ദുരവസ്ഥയോർത്തു സങ്കടപ്പെടുകയും അവളെ സഹായിക്കാൻ തയ്യാറാവുകയും ചെയ്യുന്നുണ്ട് (2007: 99).

#### 4.3.1.2.2 ചെറുകഥകളിൽ

##### 4.3.1.2.2.1 ആകാശപറവകൾ

###### 4.3.1.2.2.1.1 ഖൈറു - സഹോദരി

ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന ഖൈറുവിന്റെ കഥയാണ്

*ആകാശപറവകൾ*. ഭിന്നശേഷിയൊന്നുമില്ലാത്ത ഒരു സഹോദരി അവൾക്കുണ്ട്. എന്നാൽ ഖൈറുവിനെ സഹോദരിയായി അംഗീകരിക്കാനോ പരിഗണിക്കാനോ അവൾ തയ്യാറായിരുന്നില്ല. സമയവും സന്ദർഭവും കിട്ടുമ്പോഴെല്ലാം അവൾ സഹോദരിയെ പരിഹസിക്കുകയും പുച്ഛിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നതായി കഥയിൽ കാണാം (2014:134).

**4.3.1.2.2.2 ഒരിക്കൽകൂടി**

**4.3.1.2.2.2.1 ജമീല – സഹോദരി**

അയ്യായിരം രൂപ കടം ചോദിച്ചപ്പോൾ അതു നൽകാൻ തന്റെ കയ്യിൽ ഇല്ലാത്തതിനാൽ അറുത്ത കൈക്ക് ഉപ്പു തേക്കാത്തോളെന്നും പറഞ്ഞു സഹോദരിയെ ശാസിക്കുകയും എടുത്തു വെച്ച ചായയും പലഹാരവും കുടിക്കാതെ പിണങ്ങിപ്പോവുകയും ചെയ്ത സഹോദരി ജമീലയുടെ മരണ വിവരം അറിഞ്ഞു വന്നു പൊട്ടിക്കരയുന്നതായി കഥയിൽ സൂചനയുണ്ട് (പു.181).

**4.3.1.2.3 അനുഭവക്കുറിപ്പുകളിൽ**

**4.3.1.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

കുടുംബത്തിലെ ചെറിയ മകളാണ് എഴുത്തുകാരി. വിവാഹിതരായ സഹോദരിമാർ ഉണ്ടായിരുന്നു. ചെറുപ്പത്തിൽ ഇത്താത്തയും കുടുംബവും യാത്രപോവുമ്പോൾ കൊണ്ടുപോവാതിരിക്കുന്നതും മറ്റും ഏറെ വിഷമം ഉണ്ടാക്കുമായിരുന്നുവെന്നു സൂചിപ്പിച്ചുകാണുന്നുണ്ട് (2015: 125).

**4.3.1.2.4 ലേഖനസമാഹാരത്തിൽ പരാമർശസൂചനകൾ ഇല്ല**

#### 4.3.2 സഹോദരന്മാർ തമ്മിലുള്ള ബന്ധം

#### 4.3.2.1 സാഹോദര്യതലത്തിൽ

#### 4.3.2.1.1 നോവലുകളിൽ

#### 4.3.2.1.1.1 കിനാവ്

കരീം, ഖാദർ, റഷീദ് സഹോദരങ്ങളാണ്. സഹോദരങ്ങൾ തമ്മിലുള്ള ആത്മബന്ധത്തെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ നോവലിൽ ഇല്ല. എന്നാലും നോവലിന്റെ അവസാനഭാഗത്തു കരീമിന്റെ മരണസമയത്തു മറ്റു സഹോദര ങ്ങൾ ഏറെ വിഷമിക്കുന്നതായി സൂചിപ്പിക്കുന്നുണ്ട്. വിവാഹജീവിതത്തോടെ എല്ലാവരും മാറിത്താമസിക്കുന്നവരായിരുന്നു (1990: 104).

#### 4.3.2.1.1.2 മൊഴി

#### 4.3.2.1.1.2.1 അഷ്റഫ് - സലാം

സലാം എന്ന സഹോദരന്റെ മനസ്സു നന്നായി അറിയുന്നവനാണ് അനിയൻ അഷ്റഫ്. സലാമിനു ചെറിയ സങ്കടങ്ങൾപോലും സഹിക്കാൻ കരുത്തില്ല. സഹോദരിയും ഭർത്താവും വേർപിരിഞ്ഞു. സഹോദരി ഫാത്തിമ വീട്ടിലേക്കു തിരിച്ചു വരികയാണ്. അത് അവർക്ക് അപമാനമാണ്. അതു താങ്ങാൻപോലുമുള്ള മനക്കരുത്തു സലാമിനില്ലെന്ന് അഷ്റഫ് സൂചിപ്പിക്കു ന്നുണ്ട് (2007:11). സഹോദരന്റെ മാനസികനില മനസ്സിലാക്കാൻ അഷ്റഫിനു സാധിക്കുന്നുണ്ട്. സഹോദരന്മാർക്കിടയിലുള്ള ആത്മബന്ധമാണ് ഇവിടെ കാണാൻ കഴിയുന്നത്.

#### 4.3.2.1.1.3 ഇരുട്ട്

സഹോദരബന്ധം സൂചിപ്പിക്കുന്ന കഥാപാത്രങ്ങൾ നോവലിൽ പരാമർശിച്ചുകാണുന്നില്ല.

#### 4.3.2.1.1.4 നിലാവ്

പരാമർശസൂചനകൾ ഇല്ല.

#### 4.3.2.1.1.5 നിഴൽ

##### 4.3.2.1.1.5.1 ഷാഹുൽ – ഷാജഹാൻ

നോവലിന്റെ ആദ്യഭാഗങ്ങളിലെല്ലാം അടിപിടികൂടുന്ന സഹോദരങ്ങ ളാണു ഷാഹുലും ഷാജഹാനും. എന്നാൽ പരിക്കുപറ്റി കിടപ്പിലായതോടെ ഷാഹുൽ ആകെ മാറുന്നുണ്ട്. വിദേശയാത്ര കഴിഞ്ഞു വന്നതോടെ ഷാജഹാനും. ഷാജഹാന്റെ വിവാഹിദിനത്തിൽ എല്ലാവരും പരസ്പരം സഹകരിക്കുന്നുണ്ട്. ഷാജഹാൻ ഏറെ സ്നേഹത്തോടെ ഷാഹുലിന്റെ കാലിൽതൊട്ട് അനുഗ്രഹം വാങ്ങുകയും ചെയ്യുന്നുണ്ട്. ഷാഹുലും ആവേശ ത്തോടെ അനിയനെ കെട്ടിപ്പിടിച്ച് അനുഗ്രഹിച്ചയക്കുന്നതായും കാണാം. (2012:242).

#### 4.3.2.1.1.6 ആകാശഭൂമികളുടെ താക്കോൽ

പരാമർശസൂചനകൾ ഇല്ല.

#### 4.3.2.1.1.7 പ്രകാശത്തിനുമേൽ പ്രകാശം

സത്താറും റഫീഖും ഷിഹാബും സഹോദരങ്ങളാണ്. പരസ്പരം സ്നേഹത്തോടെയാണ് അവർ കഴിയുന്നത്. ഉമ്മയുടെ കാര്യത്തിൽ ഏറെ ശ്രദ്ധാലുക്കളാണു മൂന്നുപേരും. ഉമ്മ രോഗബാധിതയായി ആശുപത്രിയിൽ കിടക്കുമ്പോൾ സഹോദരങ്ങൾക്കിടയിലുള്ള സഹകരണം പരാമർശിച്ചുകാണു ന്നുണ്ട് (2012:241).

#### 4.3.2.1.2 ചെറുകഥകളിൽ

പരാമർശനസൂചനകൾ ഇല്ല.

#### 4.3.2.1.3 അനുഭവക്കുറിപ്പുകളിൽ

##### 4.3.2.1.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

സഹോദരന്മാർക്കിടയിൽ നല്ല ആത്മബന്ധമായിരുന്നു എന്നാണ് ഓർമ്മ ക്കുറിപ്പുകളിൽനിന്നും മനസ്സിലാവുന്നത്. പരസ്പരം സഹകരിച്ചും അറിവു കൾ പങ്കുവെച്ചും കഴിഞ്ഞിരുന്നുവെന്നു സൂചനയുണ്ട് (2015:114). മൂത്ത സഹോദരനെ എല്ലാവർക്കും ഭയമായിരുന്നു എന്നുള്ള സൂചനയും ഉണ്ട്. എന്നാൽ വെറുപ്പോ സംഘർഷമോ അവർക്കിടയിൽ ഉണ്ടായിരുന്നില്ല (പു.106).

**4.3.2.1.4** ലേഖനസമാഹാരത്തിൽ സൂചനകൾ ഇല്ല.

### 4.3.2.2 സംഘർഷതലത്തിൽ

#### 4.3.2.2.1 നോവലുകളിൽ

##### 4.3.2.2.1.1 കിനാവ്

പരാമർശസൂചനകൾ ഇല്ല.

##### 4.3.2.2.1.2 മൊഴി

സഹോദരന്മാർക്കിടയിൽ സംഘർഷപരമായ ഇടപെടലുകൾ ഇല്ല.

##### 4.3.2.2.1.3 ഇരുട്ട്

പരാമർശസൂചകൾ ഇല്ല

##### 4.3.2.2.1.4 നിഴൽ

###### 4.3.2.2.1.4.1 മജീദ് - ഷാജഹാൻ

മജീദിന്റെ ഇളയസഹോദരനാണു ഷാജഹാൻ. എല്ലായിപ്പോഴും വഴക്കു കൂടുന്ന പ്രകൃതക്കാരനാണു ഷാജി എന്നു വിളിക്കുന്ന ഷാജഹാൻ. മജീദ് എന്തു പറഞ്ഞാലും അതിനുവിപരീതമേ ഷാജി പറയൂ എന്ന സൂചന നോവലി

ലുണ്ട് (2012:.17, 18).

**4.3.2.2.1.4.2 അസീസ് - ഷാജഹാൻ**

ഷാജഹാന്റെ മൂത്ത സഹോദരനാണ് അസീസ്. ഷാജി എസ്.എസ്.എൽ.സി രണ്ടു പ്രാവശ്യം തോറ്റതിനുശേഷം അസീസുമായി അത്ര രസത്തിലല്ല. സഹോദരനെ കാണുമ്പോഴെല്ലാം ഒഴിഞ്ഞുമാറിയാണു നടപ്പ്. സഹോദരൻ തനിക്കു നല്ലജോലി വാങ്ങിച്ചുനൽകിയില്ല എന്ന പരാതിയും ഷാജിക്കുണ്ട്. അസീസിനെ വലിയ പേടിയും ബഹുമാനവുമാണു ഷാജഹാനെന്നു സൂചനയുണ്ട് (പു.22).

**4.3.2.2.1.4.3 ഷാഹുൽ - ഷാജഹാൻ**

ഷാഹുലിന്റെ സഹോദരനാണു ഷാജഹാൻ. എല്ലാ സമയത്തും രണ്ടു പേരും തർക്കത്തിലായിരിക്കും. പ്രത്യേകിച്ചു കാരണങ്ങളൊന്നുമില്ല. ഷാഹുലിന്റെ ഷർട്ടു ഷാജഹാൻ ധരിച്ചതിനാണ് ഒരിക്കൽ രണ്ടുപേരും കലഹി ക്കുന്നത്. പരസ്പരം വിട്ടുവീഴ്ച്ചാമനോഭാവം ഇല്ലാത്തവരാണെന്നു കാണാം (പു.17, 64).

**4.3.2.2.1.5** ആകാശഭൂമികളുടെ താക്കോൽ എന്ന നോവലിൽ പരാമർശ സൂചന ഇല്ല .

**4.3.2.2.1.6** പ്രകാശത്തിനുമേൽ പ്രകാശം എന്ന നോവലിൽ പരാമർശ സൂചന ഇല്ല.

**4.3.2.2.2** ചെറുകഥകളിലൊന്നും തന്നെ ഇത്തരം പരാമർശസൂചനകൾ ഇല്ല.

**4.3.2.2.3** അനുഭവക്കുറിപ്പുകളിൽ പരാമർശസൂചനകൾ ഇല്ല.

**4.3.2.2.4** ലേഖനസമാഹാരത്തിൽ പരാമർശസൂചനകൾ ഇല്ല.

#### 4.3.3 സഹോദരി - സഹോദര ബന്ധം

#### 4.3.3.1 സാഹോദര്യതലത്തിൽ

#### 4.3.3.1.1 നോവലുകളിൽ

#### 4.3.3.1.1.1 കിനാവ്

#### 4.3.3.1.1.1.1 ബീപാത്തു - ഹസ്സൻകുട്ടി

ഉപ്പ സൈതൂട്ടിഹാജിയുടെയും ഭർത്താവ് ആലികുട്ടിഹാജിയുടെയും ഇടയിൽകിടന്നു സങ്കടമനുഭവിക്കുന്ന ബീപാത്തുഹജ്ജുമ്മ. അമ്മോസനും മരുമകനും തമ്മിൽ എല്ലായിപ്പോഴും ദേഷ്യപ്പെട്ടുകൊണ്ടാണ്. ഭാര്യഭർത്തൃ ബന്ധം ഒഴിവാക്കാൻ നിൽക്കുന്ന സാഹചര്യത്തിൽ സഹോദരങ്ങളാണ് ഇടപെടുന്നത്. സഹോദരൻ ഹസ്സൻ കുട്ടി ഇടനിലകാരനായി അവരെ ഒന്നിപ്പിക്കും. സഹോദരിയുടെ കണ്ണുനീർ കാണാനുള്ള കഴിവ് ആ സഹോദരന് ഉണ്ടായിരുന്നില്ല (1990:38). കൂടാതെ ചെറുപ്പത്തിലെ ഉമ്മ മരിച്ച സഹോദരങ്ങൾക്കു സഹോദരി ബീപാത്തു ഉമ്മയുടെ സ്ഥാനത്തായിരുന്നു. സഹോദരി ഭർത്താവിന്റെ വീട്ടിലേക്കു പോവാൻ നിൽക്കുമ്പോൾ സഹോദരൻ മൊയ്തു കെട്ടിപ്പിടിച്ചു കരയുന്നതായി നോവലിൽ പരാമർശിച്ചുകാണാം (1990:35).

സഹോദരിയെ (സൈനബ) ചെറുപ്പത്തിലെ വിവാഹം കഴിപ്പിച്ചയക്കാൻ മുതിരുമ്പോൾ സഹോദരങ്ങളാണ് അവളുടെ മനസ്സറിഞ്ഞു വിദ്യാഭ്യാസം നൽകാൻ വീട്ടുകാരെ പ്രേരിപ്പിക്കുന്നത്. സഹോദരിയുടെ ഇഷ്ടാനിഷ്ടങ്ങൾ കണ്ടറിയാൻ ഓരോ സഹോദരങ്ങൾക്കും കഴിഞ്ഞിരുന്നു എന്നു നോവലിൽ പരാമർശിച്ചുകാണാം.

#### 4.3.3.1.1.2 ഇരുട്ട്

#### 4.3.3.1.1.2.1 ജമീല - മുഹമ്മദലി

മുനീറയുടെ ഭർത്താവു മുഹമ്മദലിയും സഹോദരിയും തമ്മിൽ വളരെ നല്ല ആത്മബന്ധം കാത്തുസൂക്ഷിക്കുന്നതായി കാണാം. സഹോദരി സഹോദര ബന്ധത്തിനപ്പുറം എന്തും പരസ്പരം പറയുന്നതിനും പങ്കുവെയ്ക്കുന്നതിനു

മുള്ള സ്വാതന്ത്ര്യം അവർക്കിടയിൽ ഉണ്ടായിരുന്നു. സഹോദരിക്കു നല്ല വിദ്യാഭ്യാസം നൽകാനും അവളെ വിദ്യാലയത്തിൽ കൊണ്ടുവിടാനും മറ്റുമെല്ലാം മുഹമ്മദലി പ്രേത്യകം ശ്രദ്ധിക്കുന്നതായി കാണാം (1995: 126-127).

#### 4.3.3.1.1.3 നിഴൽ

#### 4.3.3.1.1.3.1 ലൈല - അസൈനാരുകുഞ്ഞ്

അസൈനാരുകുഞ്ഞിന്റെ സഹോദരിയാണു ലൈല. ലൈലയും അസൈനാരുകുഞ്ഞും നല്ല ആത്മബന്ധം പുലർത്തുന്നതായി നോവലിൽ കാണാം. തന്റെ വീട്ടിലെ വിഷമഘട്ടങ്ങളിലെല്ലാം അവൾ ഓടിയെത്തും. സഹോദരനു വേണ്ടതു ചെയ്തുകൊണ്ടു കൂടെ ഉണ്ടാവുകയും ചെയ്യും (2012: 189-190) തന്റെ മക്കൾ തമ്മിൽ അനാവശ്യമായി തിരക്കുണ്ടാക്കി മരുമക്കൾ വീടു വിട്ടുപോയപ്പോഴും അസൈനാരുകുഞ്ഞിന് അസുഖമായി പ്രയാസപ്പെടു മ്പോഴും സഹോദരി ലൈല കൂട്ടിനുണ്ട്.

#### 4.3.3.1.1.4 പ്രകാശത്തിനുമേൽ പ്രകാശം

#### 4.3.3.1.1.4.1 സൈനബ - സഹോദരങ്ങൾ

കരീം, ഖാദർ, റസാഖ്, സൈനബ, ഐഷ എന്നിവർ സഹോദരങ്ങളാണ്. ഇതിൽ ഐഷ ഒഴികെ മറ്റെല്ലാവരും നല്ല സൗഹാർദത്തോടെയാണു ജീവിക്കുന്നത്. കരീം വിവാഹത്തോടെ ഭാര്യയുമൊത്തു മാറിതാമസിച്ചു വെങ്കിലും സഹോദരിയുമായി നല്ലബന്ധം കാത്തുസൂക്ഷിച്ചിരുന്നു. ഖാദറിനാ വട്ടെ എല്ലാ കാര്യങ്ങൾക്കും സൈനബ വേണം. റസാഖിനും അങ്ങനെതന്നെ. സഹോദരങ്ങൾക്ക് ഉമ്മയുടെ മരണശേഷം കുടുംബത്തെയും ബന്ധങ്ങളെയും അടുപ്പിക്കുന്ന കണ്ണിയാണു സൈനു എന്നു വിളിക്കുന്ന സൈനബ. (2012:42). കൂട്ടത്തിൽ സൈനബയും റസാഖും ഏറെ ബന്ധം പുലർത്തുന്നവരായിരുന്നു. ആങ്ങളമാരുടെയെല്ലാം മനഃസാക്ഷിസൂക്ഷിപ്പുകാരിയായിട്ടാണു സൈനബയെ നോവലിൽ പരാമർശിച്ചിട്ടുള്ളത് (പു.53).

#### 4.3.3.1.1.4.2 കുൽസു – സഹോദരൻ

റഷീദിന്റെ വീട്ടിലെ ജോലിക്കാരിയാണു കുൽസു. രോഗം വന്നു ഗർഭപാത്രം എടുത്തു മാറ്റേണ്ടിവന്നതോടെ കുൽസുവിന്റെ ഭർത്താവ് അവളെ ഉപേക്ഷിച്ചു മറ്റൊരുവിവാഹം കഴിച്ചു. രണ്ടാംഭാര്യയോടും ഭർത്താവിനോടു മൊപ്പം കുറച്ചു കാലം താമസിച്ചുവെങ്കിലും സുഖകരമല്ലാത്തതിനാൽ സ്വന്തം വീട്ടിലേക്ക് എത്തി. സഹോദരൻ സഹോദരിയെ നല്ല രീതിയിൽ പുലർത്തുന്ന തിനിടയിൽ അവൻ വിവാഹം കഴിച്ചു. നാത്തൂന്റെ വരവോടെ വീട്ടിൽ പ്രശ്നങ്ങൾ ഉടലെടുക്കുകയായിരുന്നു. സഹോദരൻ കുൽസുവിനെ നന്നായി പരിചരിക്കുകയും അവളുടെ ഓഹരിസ്ഥലത്തു വീടുണ്ടാക്കികൊ ടുക്കുകയും ചെയ്തു. അവളും കുട്ടികളും ആ വീട്ടിൽ സമാധാനത്തോടെ കഴിയുകയും ചെയ്യുന്നു. അവൾ വീടുപണി എടുത്തു കുടുംബം പുലർത്തു ന്നുണ്ട്. സ്നേഹനിധികളായ സഹോദരി സഹോദരൻ ബന്ധമാണു കുൽസുവും സഹോദരനും തമ്മിൽ ഉള്ളത് (2012:117).

#### 4.3.3.1.2 ചെറുകഥകളിൽ

പരാമർശസൂചനകൾ ഇല്ല.

#### 4.3.3.1.3 അനുഭവക്കുറിപ്പുകളിൽ

#### 4.3.3.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

സഹോദരി സഹോദരൻമാർക്കിടയിൽ നല്ല ബന്ധമായിരുന്നു ഉണ്ടായിരു ന്നത് എന്നാണു മനസ്സിലാക്കാൻ കഴിയുന്നത്. പ്രത്യേകിച്ച് എഴുത്തുകാരിയും സഹോദരങ്ങളും തമ്മിൽ. പഠനകാര്യത്തിൽ ഏറെ ശ്രദ്ധപുലർത്തിയിരുന്ന തായി കാണാം (2015:114). ബി.എം.അഹമ്മദ്, ബി.എം.ഗഫൂർ, ബി.എം.ഷരീഫ് തുടങ്ങിയ സഹോദരങ്ങളെക്കുറിച്ചു പരാമർശിക്കുന്നുണ്ട് (പു.109). വിദ്യാലയ ത്തിൽ കൊണ്ടുചെന്നാക്കുന്നതും തിരിച്ചുവരുന്നതുമായ നല്ല ഓർമ്മകൾ പങ്കു വെക്കുന്നുണ്ട്. ചെറുപ്പത്തിലെ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയക്കുന്ന

തിനോടു സഹോദരങ്ങൾക്ക് എതിർപ്പായിരുന്നു എന്നു കാണാം. സഹോദരിയെ പഠിപ്പിക്കാൻ സഹോദരനായ ബി.എം.ഗഫൂർ ഏറെ ശ്രദ്ധിച്ചിരുന്നുവെന്നും പരാമർശമുണ്ട്. (പു.114). മൂത്തസഹോദരനെ പേടിയായിരുന്നുവെങ്കിലും അവരെ ഏറെ ഇഷ്ടമായിരുന്നു എന്നുള്ള പരാമർശവും ഉണ്ട് (പു:107,108).

**4.3.3.1.4 ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല.

**4.3.3.2 സംഘർഷതലത്തിൽ**

**4.3.3.2.1 നോവലുകളിൽ**

**4.3.3.2.1.1 മൊഴി**

**4.3.3.2.1.1.1 ഫാത്തിമ – അഷ്റഫ്, സലാം**

ഫാത്തിമയുടെ സഹോദരങ്ങളായ അഷ്റഫ്, സലാം അവളുടെ വിവാഹത്തിൽ മുമ്പും ശേഷവും നല്ല ആത്മബന്ധത്തോടെയാണു കുടുംബത്തിൽ കഴിഞ്ഞിരുന്നത്. എന്നാൽ ഭർത്താവിൽനിന്നും മൊഴി വാങ്ങി വീട്ടിൽ തിരിച്ചെത്തിയ സഹോദരിയെ ഉൾക്കൊള്ളാൻ സഹോദരങ്ങൾക്കു കഴിയുമായിരുന്നില്ല (1999:62,64,65) സഹോദരങ്ങൾ അവളെ മനസ്സിലാക്കാനും ശ്രമിക്കുന്നില്ല. സമൂഹം എങ്ങനെനോക്കിക്കാണും എന്നായിരുന്നു സഹോദരങ്ങളുടെ പ്രധാന പ്രശ്നം. കാരണം ഭാര്യ ഭർത്താവിൽനിന്നു മൊഴി ആവശ്യപ്പെട്ടു വിവാഹമോചനം തേടുന്നത് അവർക്കു സങ്കൽപ്പിക്കാൻപോലും കഴിയുന്നതായിരുന്നില്ല. ആ സംഘർഷം സഹോദരന്മാർക്കും സഹോദരിക്കും ഇടയിൽ നിലനിന്നിരുന്നു (പു.65).

**4.3.3.2.1.2 ആകാശഭൂമികളുടെ താക്കോൽ**

**4.3.3.2.1.2.1 നൂർജഹാൻ – ജഹാംഗീർ**

വളരെ ചെറുപ്പത്തിലെ തന്നെ അനിയത്തിയെ നാൽപതു വയസ്സു പ്രായമുള്ള ഹുസൈൻഹാജിയെകൊണ്ടു വിവാഹം കഴിപ്പിച്ചയക്കുകയാണ്.

ഹുസൈൻഹാജിയുടെ ഓഫീസിൽ തരക്കേടില്ലാത്ത ജോലികിട്ടിയതിനാൽ നൂറുവിനെ അയാൾക്കു വിവാഹം കഴിപ്പിച്ചു നൽകുന്നതിൽ അതൃപ്തി തോന്നുന്നില്ല സഹോദരന്. മാത്രമല്ല തന്റെ ജീവിതംകൊണ്ടു ലഭിച്ച പണവുമായാണ് അയാൾ സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്നത്. പെങ്ങളുടെ ജീവിതത്തിൽ എന്താണു സംഭവിക്കുന്നതെന്ന് അറിയാനോ അന്വേഷിക്കാനോവരെ സമയമില്ലാത്തവിതം സഹോദരൻ മാറുന്നുണ്ടു നോവലിൽ. നൂർജഹാൻ വീട്ടിലേക്കു വിരുന്നുവരുന്നതുപോലും അയാൾക്കു ഭയമാണ്. ഹാജിയുമായി പ്രശ്നമുണ്ടാക്കി വന്നതാണെങ്കിൽ അതു തന്നെയും ബാധിക്കുമെന്ന് അയാൾ ഭയപ്പെടുന്നു. അല്ലാതെ സഹോദരിയോടുള്ള സ്നേഹമല്ല ആ ഭയത്തിനുകാരണം എന്നും സൂചനയുണ്ട് (2011 :71).

**4.3.3.2.1.3 നിഴൽ**

**4.3.3.2.1.3.1 മുംതാസ് – സഹോദരങ്ങൾ**

നാല് ആങ്ങളമാർക്ക് ഒറ്റസഹോദരിയാണു മുംതാസ്. പൊന്നും പണവും അവളുടെ ഇഷ്ടാനുസരണം നൽകി. ഏറെ ഇഷ്ടത്തോടെയാണ് ഉപ്പയും സഹോദരങ്ങളും ഉപ്പയും അവളെ വളർത്തിയതും കെട്ടിച്ചയക്കുന്നതും. അതിനു ശേഷവും ഭർത്താവിന്റെയും അവരുടെ വീട്ടുകാരുടെയും ഓരോ ആവശ്യങ്ങൾ പറഞ്ഞു വീട്ടിലെത്തി കരഞ്ഞു കാര്യം സാധിപ്പിക്കാൻ ശ്രമിക്കുന്ന മുംതാസിനോടു സഹോദരങ്ങൾക്ക് അതൃപ്തിയാണെന്നു നോവലിൽ പരാമർശിച്ചുകാണാം (2012: 61,62).

**4.3.3.2.1.3.2 നദീറ – സഹോദരൻ**

ഭർത്താവു വീട്ടിൽനിന്നും ഇറക്കിവിടുമ്പോൾ നദീറ സ്വന്തം വീട്ടിലേക്കാണു കയറിച്ചെല്ലുന്നത്. അവൾ പ്രതീക്ഷിക്കുന്നതു തന്റെ വീട്ടുകാർ തണലായിത്തീരുമെന്നാണ്. എന്നാൽ പ്രതീക്ഷയ്ക്കു വിപരീതമായാണ് അവളുടെ ജീവിതത്തിൽ സംഭവിക്കുന്നത്. നിസ്സഹായയായ അവളെ മനസ്സിലാക്കാൻ സഹോദരനു കഴിയുന്നില്ല. അല്ലലില്ലാതെ തനിക്കു ലഭിക്കുന്ന പൈസകൊണ്ടു

കുടുംബം പുലർത്തിപ്പോരുന്ന സഹോദരനു നദീറയുടെ വരവു വളരെ പ്രയാസം നിറഞ്ഞതായിരുന്നു. അവൻ അവളെ വഴക്കു പറയുകയാണു ചെയ്യുന്നത്. താൻ വന്നതു തന്റെ വീട്ടിലേക്കാണെന്നു നദീറ പറയുമ്പോൾ 'കെട്ടിച്ചുവിട്ടതോടെ ഇതു നിന്റെ വീടല്ലാതായി' എന്ന പ്രതികരണമാണ് അവൾക്ക് സഹോദരനിൽനിന്നു കേൾക്കേണ്ടിവരുന്നത് (2012:211) അതോടെ അവൾ തകർന്നുപോവുന്നുണ്ട്.

#### 4.3.3.2.1.4 പ്രകാശത്തിനുമേൽ പ്രകാശം

##### 4.3.3.2.1.4.1 ഐഷ – സഹോദരൻ

ഐഷ, സൈനബ, കരീം, ഖാദർ, റസാഖ്, റഷീദ് സഹോദരി സഹോദരങ്ങളാണ്. ഇതിൽ ഐഷയ്ക്ക് എപ്പോഴും സഹോദരങ്ങളുമായി വഴക്കുണ്ടാക്കലാണു പ്രധാനജോലി. സഹോദരങ്ങളുമായി ഐഷ പണ്ടുമുതൽക്കേ അകൽച്ചയിലാണ്. ഉമ്മയുടെ മരണശേഷം ആ വിടവ് ഏറുകയാണു ചെയ്യുന്നത്. ഉമ്മയുടെ സ്വത്ത് ആൺമക്കൾ തട്ടിയെടുക്കുന്നു എന്നുള്ളതാണ് അളിയന്റെയും താത്തയുടെയും പരാതി. അതിന്റെ പേരിൽ സഹോദരങ്ങളുമായി പ്രശ്നമുണ്ടാക്കുകയും ചെയ്യും. എന്നാൽ സ്വത്തിന്റെ പേരിൽ  മക്കൾക്കിടയിൽ പ്രശ്നമുണ്ടാവരുതെന്നും ഉള്ളത് ആവുംപോലെ വീതിച്ചെടുത്തു നിങ്ങൾ നല്ലരീതിയിൽ കഴിയണമെന്നും ഉമ്മ എപ്പോഴും പറയാറുള്ളതുകൊണ്ടു ബന്ധം മുറിയാതെ ഇപ്പോഴും മുന്നോട്ടു പോവുന്നു എന്നു ഖാദർ ഓർമ്മിക്കുന്നുണ്ട് (2012: 42).

### 4.3.3.2.2 ചെറുകഥകളിൽ

#### 4.3.3.2.2.1 ആകാശപറവകൾ

##### 4.3.3.2.2.1.1 ഹൈറു – സഹോദരൻ

ഭിന്നശേഷിക്കാരിയായ സഹോദരി ഹൈറുവിനു രണ്ടു സഹോദരങ്ങളുണ്ട്. അവർക്കു ശാരീരികപ്രയാസങ്ങൾ ഒന്നും തന്നെ ഇല്ല. എന്നാൽ സഹോദരങ്ങൾക്കു ഹൈറുവിനെ കാണുമ്പോൾ അറപ്പും വെറുപ്പുമാണ് (2014:

137). ഉണ്ടക്കണ്ണിച്ചി, പൊട്ടത്തിപ്പാറു എന്നൊക്കെ പറഞ്ഞ് അവർ അവളെ പരിഹസിക്കുകയും ചീത്തവിളിക്കുകയും ചെയ്യും. സുഖമില്ലാത്ത ഇത്താത്തയെ സ്നേഹിക്കാനോ പരിഗണിക്കാനോ അവർക്കു കഴിയുന്നില്ല (2014:137).

**4.3.3.2.2.2 നേർച്ചക്കാള**

**4.3.3.2.2.2.1 കുഞ്ഞിപ്പാത്തു - സഹോദരൻ**

മുപ്പത്തിയഞ്ചു വയസ്സുപ്രായമുള്ള സ്ഥിരബുദ്ധിയില്ലാത്ത കുഞ്ഞിപ്പാത്തുവിന്റെ കഥയാണു *നേർച്ചക്കാള*. തന്റെ സഹോദരങ്ങളെയും കുടുംബത്തെയും നല്ലരീതിയിൽ പുലർത്തുന്നതിനുവേണ്ടിയാണു വിദേശത്തു പോയി ജോലി നോക്കിയത്. എന്നാൽ മാനസികരോഗിയായാണ് അവൾ നാട്ടിൽ തിരിച്ചെത്തുന്നത്. തന്റെ ജീവിതകാലമത്രയും സഹോദരനു വേണ്ടി ജീവിച്ചുവെങ്കിലും സഹോദരന് അവളെ മനസ്സിലാക്കാൻ കഴിയുന്നില്ല. മാനസികരോഗിയായ അവളെ സഹോദരനു ബാധ്യതയാണ്. നാടുചുറ്റി പ്രശ്നങ്ങളുണ്ടാക്കുന്ന കുഞ്ഞിപ്പാത്തുവിനെ സഹോദരൻ അടിക്കുകയും ചീത്തവിളിക്കുകയും ചെയ്യുന്നുണ്ട് (2014:33).

**4.3.3.2.2.3 കെട്ട്യോൻ**

ഉമ്മയും സഹോദരങ്ങളും അധ്വാനിച്ചു കൊണ്ടുവരുന്നതിൽനിന്നു സുഖജീവിതം നയിച്ചുകഴിയുന്ന സഹോദരനെയാണു *കെട്ട്യോൻ* എന്ന കഥയിൽ കാണാനാവുക. സഹോദരിയോടും ഉമ്മയോടും സ്നേഹമോ വാത്സല്യമോ അവനിക്കില്ല. സ്വന്തം സുഖം മാത്രമാണ് അവനു വലുത്. വീട്ടിൽ ചടഞ്ഞിരിക്കുക മൂന്നു നേരവും ഭക്ഷണം കഴിക്കുക. അതാണു പ്രധാനപ്പെട്ട ജോലി (2014: 82).

#### 4.3.3.2.2.4 കരച്ചപ്പെട്ടി

##### 4.3.3.2.2.4.1 കുഞ്ഞിപ്പാത്തു - സഹോദരങ്ങൾ

ഏതു സമയത്തും ആവശ്യമില്ലാതെ കരയുന്ന കുഞ്ഞിപ്പാത്തുവിന്റെ കഥയാണു കരച്ചപ്പെട്ടി. കുടുംബത്തിനകത്തു ശ്രദ്ധയും പരിഗണനയും ലഭിക്കാതെ പോവുന്ന ഒരു സാധാരണ മുസ്ലിംസമുദായത്തിലെ പെൺകുട്ടി. അവളെ എല്ലാവരും ശ്രദ്ധിക്കുന്നതിനായി കരഞ്ഞുകൊണ്ടേ ഇരുന്നു. സഹോദരങ്ങൾ അവളെ ചൊടിപ്പിച്ചുകൊണ്ടേ ഇരിക്കും. അതുകൊണ്ടുതന്നെ സഹോദരങ്ങളുമായി അവൾ പരിഭവത്തിലാണ്.

''ഉമ്മാക്കും മേണ്ടാത്ത ബാപ്പാക്കും മേണ്ടാത്ത പാണ്ടിച്ചിക്കുട്ടീനെ ഓട്ട ത്തോണീലിട്ടൊയിക്കിക്കളെ'' എന്ന് സഹോദരങ്ങൾ കളിയാക്കി പാടുമ്പോൾ അവൾ കരയും (2014:40).

#### 4.3.3.2.2.5 വത്തക്ക

##### 4.3.3.2.2.5.1 നസീമയുടെ ഉമ്മയും - സഹോദരനും

നസീമയുടെ കുടുംബം എല്ലാ സുഖസൗകര്യങ്ങളോടും കൂടി ജീവിച്ചവ രായിരുന്നു. നസീമയുടെ ഉമ്മയുടെ ആങ്ങളമാർ ഭാര്യവീട്ടിൽ സ്ഥിര താമസമാക്കിയവരാണ്. ഭാര്യവീട്ടിൽ സന്തോഷത്തോടെ ജീവിക്കുന്നവർ. നസീമയുടെ ഉമ്മയുടെ സഹോദരിമാരെ കല്യാണം കഴിപ്പിച്ചയച്ചതും നസീമ യുടെ ഉപ്പയാണ്. എന്നാൽ രോഗംമൂലം നസീമയുടെ ഉപ്പ കിടപ്പിലാവുകയും കുടുംബം പട്ടിണിയാവുകയും ചെയ്യുന്നു. എന്നാൽ സഹോദരങ്ങൾ വേണ്ടപരിഗണന ആ കുടുംബത്തിനു നൽകുന്നില്ല. പെൺമക്കളുടെ കല്യാണം കഴിപ്പിച്ചയക്കാൻ സഹായിക്കണമെന്നു പറയുമ്പോൾ 'ഞാൻ ബുക്കടിച്ചു പിരിവിനിറങ്ങണം' എന്നാണോ നീ പറയുന്നതെന്നു പറഞ്ഞു കൊണ്ടു പെങ്ങളെ ശകാരിക്കുകയാണു സഹോദരൻ ചെയ്യുന്നത് (2014:80).

സഹോദരിയുടെ നിസ്സഹായാവസ്ഥ മനസ്സിലാക്കാൻ ആ സഹോദരനു കഴിയുന്നില്ല.

**4.3.3.2.2.6 ഒരിക്കൽകൂടി**

**4.3.3.2.2.6.1 ജമീല – സഹോദരൻ**

ഉറക്കത്തിൽ തന്റെ മരണം സ്വപ്നത്തിൽകാണുകയാണു ജമീല. ജമീലയുടെ മരണസമയത്തു സഹോദരൻ പൊട്ടിക്കരയുകയാണ്. ജമീലയോട് ആറു മാസത്തോളമായി പിണക്കത്തിലായിരുന്നു അയാൾ. നിസ്സാര കാര്യങ്ങൾക്കു വേണ്ടിയാണു സഹോദരൻ അവളോടു പിണങ്ങുന്നത്. ഭർത്താവിന്റെ പഴയ ഫിയറ്റ് കാർ അവൻ വാങ്ങുകയും അതു മറിച്ചു വിറ്റപ്പോൾ തനിക്കു നഷ്ടം പറ്റിയെന്നു പറഞ്ഞുമാണ് അവളോടു പിണങ്ങി ഇറങ്ങിപ്പോവുന്നത്. വഴിയിൽനിന്നു കണ്ടാൽപോലും അയാൾ സഹോദരിയോടു മിണ്ടാറില്ലായിരുന്നു എന്ന സൂചനയും കഥയിലുണ്ട് (2014:179).

**4.3.3.2.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശസൂചനകൾ ഇല്ല.

**4.3.3.2.4 ലേഖനസമാഹാരത്തിൽ**

പരാമർശസൂചനകൾ ഇല്ല.

**4.4 ഭാര്യഭർത്തൃബന്ധം**

ബി.എം.സുഹറയുടെ കൃതികളിലെ ഭാര്യഭർത്തൃബന്ധത്തെ എങ്ങനെയെല്ലാം ചിത്രീകരിച്ചിരിക്കുന്നുവെന്ന് അന്വേഷിക്കുകയാണ് ഈ ഭാഗത്ത്.

**4.4.1 പൊരുത്തമുള്ള ബന്ധങ്ങൾ**

രചനകളിൽ ചിത്രീകരിക്കപ്പെട്ട ദാമ്പത്യങ്ങളിൽ പരസ്പര സ്നേഹത്തോടെ ജീവിക്കുന്ന ഭാര്യഭർത്തൃബന്ധത്തെക്കുറിച്ചു ഇവിടെ അന്വേഷിക്കുന്നു.

#### 4.4.1.1 നോവലുകളിൽ

##### 4.4.1.1.1 കിനാവ്

###### 4.4.1.1.1.1 കുഞ്ഞാമിന - സൈതൂട്ടിഹാജി

ആദ്യഭാര്യയുടെ മരണശേഷം മക്കളുടെ നിർബന്ധത്തിനു വഴങ്ങിയാണു സൈതൂട്ടിഹാജി കുഞ്ഞാമിനയെ വിവാഹം കഴിക്കുന്നത്. വളരെ നല്ല രീതിയിലാണ് അവർ കഴിയുന്നത്. അർഹിക്കുന്ന പ്രാധാന്യത്തോടെ ഭാര്യയെ പരിഗണിക്കുന്ന ഭർത്താവാണയാൾ. വീട്ടിലെ കാരണവരത്തിയാണ് അവർ. അതിനുള്ള അധികാരവും അവകാശവും കുഞ്ഞാമിനയ്ക്കുണ്ട്. ഭർത്താവിന്റെ മക്കളെ സ്വന്തം മക്കളായിത്തന്നെ അവർ പരിപാലിക്കുന്നുണ്ട് (1990: 42,43).

###### 4.4.1.1.1.2 സൈനബ - ഷംസുദ്ദീൻ

കുടുംബകാര്യങ്ങളിൽ ഭർത്താവു നേരിട്ട് ഇടപെടാത്തതുമൂലം സൈനബയും ഷംസുദ്ദീൻ വക്കീലും ഇടയ്ക്ക് ഉരസലുകൾ പതിവുണ്ടെങ്കിലും എല്ലാ കാര്യങ്ങളും തുറന്നു സംസാരിക്കുന്നതിനുള്ള സൗഹൃദം ഇവർക്കിടയിൽ ഉണ്ട്. സ്വന്തം ഇഷ്ടവും അനിഷ്ടവും ഭാര്യഭർത്താവിനോടു തുറന്നു പറയുന്നുണ്ട്. അതിനനുസരിച്ചു മാറ്റങ്ങൾ ജീവിതത്തിൽ വരുത്താൻ ഭർത്താവു ശ്രമിക്കുന്നതുകാണാം. വക്കീൽ ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ വീട്ടുകാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാൻ ശംസുദ്ദീനു കഴിയുന്നില്ലെങ്കിലും വിട്ടുവീഴ്ച്ചാമനോഭാവത്തോടെ ജീവിതം മുന്നോട്ടു കൊണ്ടുപോവാൻ ശ്രമിക്കുന്നവരാണു സൈനബയും ശംസുദ്ദീനും. അതിനുപ്രധാനകാരണം സൈനബയുടെ തുറന്നു പറച്ചിലുകളാണ്.

##### 4.4.1.1.2 ഇരുട്ട്

###### 4.4.1.1.2.1 മുനീറ - മുഹമ്മദ്

ഇരുട്ടെന്ന നോവലിൽ മുനീറയുടെ ഉമ്മയായ ആമിനയാണു മുഖ്യകഥാപാത്രം. അവർ ദുരിതപൂർവ്വമായ ജീവിതമാണു നയിക്കുന്നതെങ്കിലും അവരുടെ

മകളായ മുനീറ ഭർത്തൃവീട്ടിലും ഭർത്താവിനോടൊപ്പവും സ്നേഹത്തോടെ യാണു വസിക്കുന്നത്. ഭർത്താവിന്റെ വീട്ടുകാർ മുനീറയെ സ്വന്തം മകളായി അംഗീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്നുണ്ട്. അവളുടെ ഭർത്താവാ കട്ടെ അവളെ ചൊൽപ്പടിക്കു നിർത്താനല്ല ശ്രമിക്കുന്നത്. അവളെ സ്വതന്ത്ര്യ വ്യക്തിയായിക്കണ്ട് അവർക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കികൊടു ക്കാൻ ശ്രമിക്കുന്നുണ്ട്. മുനീറ സമ്പന്നകുടുംബാംഗമായതിനാൽ സാമ്പത്തിക ശേഷി കുറഞ്ഞ തങ്ങളുടെ വീട്ടിൽ അവൾക്കു യാതൊരു പ്രയാസവും നേരിടാ തിരിക്കാൻ ഭർത്താവും വീട്ടുകാരും ശ്രദ്ധിക്കുന്നുണ്ട്. ഭർത്തൃവീട്ടിൽനിന്നും സ്വന്തം വീട്ടിലേക്കു വിരുന്നിനുപോവുമ്പോൾ വരെ ഭർത്താവിനെയും കുടുംബ ത്തെയും പിരിയുന്നതിലുള്ളവേദന മുനീറയുടെ കണ്ണുകളിൽ കാണാമായിരുന്നു വെന്നു നോവലിൽ പരാമർശിക്കുന്നുണ്ട് (1995: 111-14).

#### 4.4.1.1.2.2 കദീശു - ഹസ്സനാജി

ആമിനയുടെ ഉമ്മയും വാപ്പയും വളരെനല്ല ബന്ധത്തിലായിരുന്നു കഴിഞ്ഞിരുന്നത്. വീട്ടുകാര്യങ്ങളെല്ലാം നോക്കുന്നതു കദീശുവാണ്. ഭാര്യയുടെ ഇഷ്ടാനുസരണം എല്ലാ കാര്യങ്ങളും നോക്കിനടത്തിയിരുന്നു ഹസ്സനാജി. ഭാര്യയെ എല്ലാ സുഖസൗകര്യങ്ങളോടെയും പോറ്റി. ചെറിയ മകൻ അഞ്ചാം വയസ്സിൽ ടൈഫോയ്ഡ് ബാധിച്ചു മരിച്ചതോടെ കദീശുവിന് ആധിപിടിച്ച് അസുഖമാവുമ്പോൾ അവളുടെ സമാധാനത്തിനായി വലിയ വീടു വെച്ചു ആ വീട്ടിൽനിന്നും താമസം മാറി. രോഗം വരുമ്പോഴെല്ലാം അടുത്തിരുന്നു പരിപാലി ക്കുന്നതും കാണാം. എന്നാൽ പിനിപിടിച്ചു ഹസ്സനാജിക്കുമുമ്പേ കദീശു മരണപ്പെട്ടു. ഭാര്യയുടെ മരണം ഹസ്സനാജിയെ ഏറെ തളർത്തി. രണ്ടു പെൺമ ക്കളായിരുന്നിട്ടും അയാൾ മറ്റൊരു വിവാഹത്തിനു തയ്യാറാവുകയോ വിവാഹം കഴിക്കുകയോ ചെയ്യുന്നില്ല (1995:38-39).

#### 4.4.1.1.3 മൊഴി

##### 4.4.1.1.3.1 ആയിശുമ്മ - കോയക്കുട്ടിമാഷ്

ഫാത്തിമയുടെ ഉപ്പയും ഉമ്മയും നല്ല ഭാര്യഭർത്താക്കന്മാരായിരുന്നു. വീട്, ഭാര്യ, മക്കൾ ഇതായിരുന്നു കോയക്കുട്ടിമാഷുടെ ലോകം. ഭാര്യക്കും അങ്ങനെ തന്നെ. ഭർത്താവെന്ന ബിന്ദുവിനെ ചുറ്റിപ്പറ്റിയായിരുന്നു അവരുടെ ജീവിതം (1999:66-67) മാഷുടെ ഇഷ്ടാനിഷ്ടങ്ങൾക്കും മക്കളുടെ താൽപര്യത്തിനുമനുസരിച്ചാണ് അവർ ജീവിക്കുന്നത്. പരസ്പര സഹകരണത്തോടെ സന്തോഷങ്ങളും വിഷമതകളും പങ്കുവെച്ചു ജീവിക്കുന്നതായി നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (പു.67).

#### 4.4.1.1.4 നിഴൽ

##### 4.4.1.1.4.1 റാബിയ-അസൈനാരുകുഞ്ഞ്

റാബിയ-അസൈനാരുകുഞ്ഞ് ദമ്പതികളുടെ കുടുംബജീവിതകഥയാണു *നിഴൽ*. പരസ്പരസ്നേഹത്തോടും ബഹുമാനത്തോടുംകൂടിയാണ് അവരുടെ ഭാര്യഭർത്തൃബന്ധം മുന്നോട്ടു പോവുന്നത്. നോവലിലുടനീളം ആ ബന്ധം സുദൃഢവുമാണ്. അസൈനാരുകുഞ്ഞിനു രാവിലെ സുബ്ഹിക്കു കണ്ണു തുറക്കുമ്പോൾ ഭാര്യയുടെ ചായ നിർബന്ധമാണ്. കുളിയും നിസ്ക്കാരവും കഴിഞ്ഞിറങ്ങുന്ന റാബിയയുടെ മുഖത്ത് ഉദയസൂര്യന്റെ തിളക്കം അസൈനാരുകുഞ്ഞിന് അനുഭവപ്പെടാറുണ്ട്. അവളെ കണികണ്ടിറങ്ങിയാൽ അന്നേദിവസം ഒന്നിനും മുട്ടില്ല എന്ന് അയാൾ വിശ്വസിച്ചു. സമ്പന്നകുടുംബത്തിലെ അംഗമായ റാബിയയെ സ്വന്തം വീട്ടിൽ രാജ്ഞിയായി വാഴിക്കാൻ തരത്തിൽ സ്വത്തു സമ്പാദിക്കാൻ അയാൾ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. വിവാഹം ഒരു നറുക്കെടുപ്പാണെന്നാണു റാബിയയുടെ പക്ഷം. ഭാഗ്യമുള്ളവർക്കു നല്ല നറുക്കു വീഴുന്നു. മനപ്പൊരുത്തമാണു മറ്റെന്തിനെക്കാളും പ്രധാനം എന്നാണ് അവർ ചിന്തിക്കു

ന്നത്. ഭാര്യയെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും വിഷമിപ്പിക്കാതിരിക്കാൻ അസൈനാരുകുഞ്ഞു ശ്രമിക്കുന്നുണ്ട്. വീട്ടിൽ സ്ത്രീ ചെയ്യുന്ന ഉത്തരവാദിത്വത്തിന് എപ്പോഴും വിലകൽപ്പിക്കാൻ അയാൾ ശ്രമിക്കുന്നുണ്ട്. ഭർത്താവു കൊണ്ടുവരുന്ന പണം എണ്ണിതിട്ടപ്പെടുത്തി സൂക്ഷിക്കുന്നതും അവരാണ് (2012:26).

#### 4.4.1.1.4.2 സീനത്തും - അസീസും

റാബിയയുടെയും അസൈനാരുകുഞ്ഞിന്റെയും മകനും മരുമകനുമാണ് അസീസും സീനത്തും. തന്റെ സ്വപ്നങ്ങൾക്കനുസരിച്ചു കുടുംബജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന സീനത്ത് വിവാഹശേഷം വീടുമാറി താമസിക്കുകയാണു ചെയ്യുന്നത്. സീനത്തും അസീസും മാതൃകാദമ്പതികളായിത്തന്നെ ജീവിക്കുന്നതായി നോവലിൽ പരാമർശിക്കുന്നുണ്ട് (പു.110-113).

#### 4.4.1.1.4.3 റംലത്ത് - ഷാഹുൽ

നോവലിലെ തന്നിഷ്ടക്കാരിയും എടുത്തുചാട്ടക്കാരിയുമായ കഥാപാത്രമാണു റംലത്ത്. ഷാഹുലിന്റെ ഭാര്യ. റംലത്തും ഷാഹുലും തമ്മിൽ സ്നേഹത്തോടെയാണു ജീവിക്കാൻ ശ്രമിക്കുന്നത്. 'നേരോം കാലോം നോക്കാതെ വായിൽ വരുന്നതു വിളിച്ചുപറയുന്ന സ്വഭാവമാണു ഷാഹുലിനുള്ളത്. എന്നാൽ റംലത്തു തെളിച്ച വഴിയേ നടക്കുന്ന കുഞ്ഞാടാണു ഷാഹുൽ. എടുത്തപടി ചീത്തവിളിക്കുകയും കലികയറുമ്പോൾ തല്ലുകയും ഒക്കെ ചെയ്യുമെങ്കിലും റംലത്തിന് ഷാഹുലിനോടു മനസ്സുനിറയെ സ്നേഹമാണ്. കടിഞ്ഞാൺ എവിടെ അയയ്ക്കണം എവിടെ മുറുക്കണം എന്നൊന്നും അവളെ ആരും പഠിപ്പിക്കേണ്ട ആവശ്യമില്ല. ഭർത്താവിനെ ചൊൽപ്പടിക്കു നിർത്താൻ കഴിവുള്ളവളും തന്റേടിയുമാണു റംലത്ത്. ഭർത്താവിനെ പാട്ടിലാക്കി ആവശ്യങ്ങൾ ഓരോന്നായി നിറവേറ്റാൻ റംലത്തിനു സാധിക്കുന്നുണ്ട്. അവർ ഒത്തൊരുമയോടെ ജീവിക്കുന്നതായാണു നോവലിൽ ചിത്രീകരിച്ചിട്ടുള്ളത് (പു.107).

#### 4.4.1.1.5 പ്രകാശത്തിനുമേൽ പ്രകാശം

*പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലും പൊരുത്തമുള്ള ദാമ്പത്യജീവിതം നയിക്കുന്നവരെ കാണാം.

##### 4.4.1.1.5.1 റസീന-റസാഖ്

നോവലിലെ രണ്ടു പ്രധാനകഥാപാത്രങ്ങളാണു റസീനയും റസാഖും. എല്ലാറ്റിനും ഭർത്താവിനു ഭാര്യവേണം. സ്വന്തമായിട്ടൊന്നിനും ശ്രമിക്കുകയോ എന്തെങ്കിലും ചെയ്യുകയോ ചെയ്യാത്ത ഭർത്താവാണു റസാഖ്. എന്നാലും സ്നേഹത്തോടെ കുടുംബജീവിതം നയിക്കാൻ അവർക്കു സാധിക്കുന്നുണ്ട്. കല്യാണത്തിന്റെ ആദ്യനാളുകളിൽ ഏറെ ബഹളക്കാരനായിരുന്ന റസാഖിന്റെ പ്രവൃത്തികൾ റസീന പിന്നീട് ആസ്വദിച്ചു തുടങ്ങുകയായിരുന്നു. റസാഖിന്റെ അൽപനേരത്തെ മൗനംപോലും പിന്നീടു റസീനക്ക് അസ്വസ്ഥതയാണ് ഉളവാക്കുന്നത്. റസാഖാവട്ടെ ഭാര്യയുടെ ഓരോ ആവശ്യങ്ങളും കണ്ടറിഞ്ഞുനിറവേറ്റിക്കൊടുക്കാനും ശ്രമിച്ചുകൊണ്ടേ ഇരുന്നു. പരസ്പരസഹവർത്തിത്വത്തോടെയുള്ള ഭാര്യഭർത്തൃബന്ധമാണ് ഇവർക്കിടയിൽ കാണാൻ കഴിയുന്നത് (2012: 50 –51).

##### 4.4.1.1.5.2 റുബീന-റയീസ്

നോവലിലെ മറ്റു കഥാപാത്രങ്ങളാണു റുബീനയും റയീസും. പുതിയ തലമുറയിലെ ഏറ്റവും ഇളയ ദമ്പതികൾ. ഇഷ്ടാനുസരണം ജീവിക്കാൻ ആഗ്രഹിക്കുന്നവരാണു രണ്ടുപേരും. അവർക്കു ജീവിതത്തിൽ അവരവരുടെതായ താൽപര്യങ്ങൾ ഉണ്ട്. രണ്ടുപേരും പരസ്പരം അതിനു വേണ്ടി കലഹിക്കാനോ പരിഭവിക്കാനോ നിൽക്കുന്നില്ല. പരസ്പരംമനസ്സിലാക്കി ജീവിതം മുന്നോട്ടു കൊണ്ടുപോവുന്നുണ്ട്. റയീസിന്റെ വീട്ടിലെ ചിട്ടകളോടു പൊരുത്തപ്പെടാൻ റൂബീനയ്ക്കു വലിയ പ്രയാസമായിരുന്നു.

സ്വന്തം വീട്ടിൽ അടുക്കും ചിട്ടയുമില്ലാതെ വളർന്നവർ. ഭർത്താവിന്റെ വീട്ടിലാണെങ്കിൽ എല്ലാറ്റിനും സമയം നോക്കിയുള്ള ചിട്ടവട്ടങ്ങളായിരുന്നു എന്നാലും പരസ്പരം മനസ്സിലാക്കി അവർ ഒത്തൊരുമയോടെ ജീവിക്കുന്നു (2012:133).

#### 4.4.1.1.5.3 സമീറ - സത്താർ

സത്താറും സമീറയും ഉയർന്ന വിദ്യാഭ്യാസമുള്ളവരും വിദേശത്തു ജോലിചെയ്തു ജീവിക്കുന്നവരുമാണ്. ഭർത്താവിന്റെ ഇഷ്ടങ്ങൾക്ക് എതിർവാക്കില്ല സമീറയ്ക്ക്. എഞ്ചിനീയറിങ്ങു പാസ്സായവളാണു സമീറയും. പരസ്പരം മനസ്സിലാക്കി കുടുംബജീവിതത്തിലും ധാരണയോടെ സഹകരിച്ചു ജീവിക്കുന്നു. മക്കൾക്കുവേണ്ടി ജോലി വേണ്ടെന്നു വെച്ചു ജീവിക്കുകയാണു സമീറ. ഭാര്യ ഭർത്താവിനും ഇടയിൽ രഹസ്യങ്ങൾ ഒന്നുംതന്നെ ഇല്ല (പു.157 -63).

#### 4.4.1.1.5.4 റോഷീന-റഫീഖ്

റോഷീനയും റഫീഖും തിരക്കുപിടിച്ച ജീവിതത്തിനിടയിലും പരസ്പരം മനസ്സിലാക്കി ജീവിക്കാൻ ശ്രമിക്കുന്നവരാണ്. എന്നാൽ കുട്ടികളെ പ്രസവിച്ച് അതിനായി ജോലി ഉപേക്ഷിച്ചു സാധാരണ വീട്ടമ്മയായി ജീവിക്കാൻ റോഷീന ഇഷ്ടപ്പെടുന്നില്ല. തന്റെ കരിയർ അവൾക്കു മുഖ്യമാണ്. 'റഫീഖിന്റെ ആഗ്രഹം പോലെ അയാളുടെ കുട്ടികളെ പ്രസവിച്ചു നല്ലൊരു വീട്ടമ്മയെന്ന ലേബലിനുവേണ്ടി ഇപ്പോൾ മനസ്സ് ഒരുങ്ങിയിട്ടില്ല. കുട്ടികൾ വേണ്ടന്നല്ല, ആലോചിച്ചു സാവകാശം പോരെ?' എന്ന പ്രതികരണം ഭർത്താവായ റഫീഖിന് അസ്വസ്ഥയും അമ്പരപ്പും ഉളവാക്കിയതായി നോവലിൽ പരാമർശിക്കുന്നുണ്ട് (2012:173). എങ്കിലും പരമാവധി വിട്ടുവീഴ്ച്ചാമനോഭാവത്തോടെ അവർ ജീവിതം മുന്നോട്ടു കൊണ്ടുപോവുന്നതായി കാണാം. മാത്രമല്ല, അവരുടെ വിവാഹവും

അവരാണു തീരുമാനിക്കുന്നത്. ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട ബന്ധം പിന്നീടു വിവാഹത്തിലേക്ക് എത്തുകയാണു ചെയ്യുന്നത്.

#### 4.4.1.1.5.5 റുക്സാന - ഷിഹാബ്

രണ്ടു ദേശത്തു ജീവിച്ചു രണ്ടു സംസ്ക്കാരത്തോടൊപ്പം വളർന്നവരാണു റുക്സാനയും ഷിഹാബും. പരസ്പരം അറിഞ്ഞ് ഇഷ്ടപ്പെട്ടു മനസ്സിലാക്കി യാണ് അവരു ജീവിതത്തിലേക്കു പ്രവേശിക്കുന്നത്. ഭാഷയിലും വേഷത്തിലു മൊന്നുമല്ല കാര്യം മനപ്പൊരുത്തമുണ്ടാകണം എന്നവർ വിശ്വസിച്ചു (2012:270). മനസ്സുകൊണ്ടു യോജിച്ച് ഒന്നായി അവർ ജീവിതത്തിലേക്കു പ്രവേശിക്കുകയാണ്.

#### 4.4.1.1.5.6 സാറ - അബ്ദുള്ള

അവിചാരിതമായി അബ്ദുള്ളയ്ക്കു ക്രിസ്ത്യാനിയായ സാറയെ പരിച യപ്പെടേണ്ടിവരികയാണ്. ആ ബന്ധം വിവാഹത്തിലേക്കെത്തിച്ചേരുന്നു. അന്യമതക്കാരിയാണെങ്കിലും ഒന്നിനും ഭാര്യയെ നിർബന്ധിക്കുന്ന പ്രകൃതക്കാ രനല്ല അബ്ദുള്ള. സാറ സ്വന്തം ഇഷ്ടപ്രകാരം മതംമാറി അബ്ദുള്ളക്കൊപ്പം സന്തോഷത്തോടെ ജീവിക്കുന്നതായി കാണാം. സാറയ്ക്ക് അബ്ദുള്ള ഭർത്താവും തന്റെ രക്ഷകനുമായിരുന്നുവെന്നു നോവലിൽ പ്രതിപാദിക്കുന്നുണ്ട് (2012:173-76).

### 4.4.1.2 ചെറുകഥകളിൽ

#### 4.4.1.2.1 നരകവാതിലുകൾ

#### 4.4.1.2.1.1 സാബിറ - ഹുസൈൻകുട്ടി

സാബിറ എന്ന മാനസികരോഗിയായ പെൺകുട്ടിയുടെ കഥയാണു *നരകവാതിലുകൾ.* ഉപ്പയ്ക്കും ഉമ്മയ്ക്കും ഒറ്റമോളാണു സാബിറ. ഹുസൈൻകുട്ടിയുടെ ഭാര്യയാവുന്നതോടെ മകളുടെ മാനസികപ്രയാസങ്ങൾ

സുഖപ്പെടുമെന്നു വിശ്വസിച്ച മാതാപിതാക്കൾക്കു തെറ്റുപറ്റുന്നു. സ്വപ്നങ്ങളോടെ ആദ്യരാത്രി കിടപ്പറയിലേക്കു കടന്നുചെന്ന ഹുസൈന് ഭാര്യ യിൽനിന്നും നല്ല പ്രതികരണമല്ല ലഭിക്കുന്നത്. എന്നാലും ഹുസൈൻകുട്ടിക്കു സാബിറയോടും സാബിറയ്ക്ക് ഹുസൈൻകുട്ടിയോടും ഇഷ്ടമാണ്. രണ്ടു പേർക്കും പരസ്പരം പിരിയാൻ ഇഷ്ടമില്ല. എന്നാൽ അവളുടെ രോഗത്തിനു മുമ്പിൽ രണ്ടുപേരും നിസ്സഹായരാവുകയാണ്. അവളെ ആശുപത്രിയിൽപോയി കാണാനും സമാശ്വസിപ്പിക്കാനും അയാൾ ശ്രമിക്കുന്നുണ്ട്. വീട്ടുകാരുടെ നിർബന്ധത്തിനുവഴങ്ങി അയാൾക്ക് അവളെ മൊഴിചൊല്ലേണ്ടിവരികയാണ്.

'മൂപ്പരിക്ക് ഇന്നോടിഷ്ടക്കേടൊന്നുമില്ല അല്ലേമ്മാ? ഓര് ഇന്നെവിട്ട് എങ്ങട്ടും പോവൂലാ.....?' എന്ന് സാബിറ പറയുമ്പോൾ ഏറെ വിഷമത്തോടെ ലക്ഷ്യം തെറ്റിയ അമ്പു കണക്കെ എങ്ങോട്ടോ പാഞ്ഞുപോവുകയാണ് ഹുസൈൻകുട്ടി (2014:118).

#### 4.4.1.2.2 അദൃശ്യങ്ങളെ അറിയുന്നവൻ

ഉമ്മയില്ലാതെ വളർന്ന കുട്ടിയായതിനാൽ പേരമകളെ പെൺകുട്ടികളി ല്ലാത്ത വീട്ടിലേക്കു കല്യാണം കഴിപ്പിച്ചയക്കുകയാണു വല്ല്യുപ്പ ചെയ്യുന്നത് (ഉമ്മയുടെ ഉപ്പ). തന്റെ മകളെ സ്വന്തം മകളായി കരുതി നോക്കണ മെന്നു പറഞ്ഞു ഭർത്താവിനെയും കുടുംബത്തെയും ഏൽപ്പിക്കുകയാണ് അയാൾ. അതുകൊണ്ടുതന്നെ ഭാര്യയെ എല്ലാനിലക്കും മനസ്സറിഞ്ഞു സ്നേഹി ക്കാനും പരിഗണനകൾ നൽകി കൂടെച്ചേർക്കാനും അയാൾ ശ്രമിക്കുന്നുണ്ട്. രണ്ടുപേരും പരസ്പര ഇഷ്ടത്തോടും കരുതലോടും കൂടിയാണു കുടുംബ ത്തിൽ കഴിയുന്നത് (പു. 166).

**4.4.1.2.3 പാവം അതൃമാൻകുട്ടി**

**4.4.1.2.3.1 കുഞ്ഞിബീവി - അതൃമാൻകുട്ടി**

കാലഘട്ടം മോശമായതുകൊണ്ടു ഭാര്യയെയും മക്കളെയും കരുതലോടെ സംരക്ഷിക്കുന്ന ഭർത്താവാണു *പാവം അതൃമാൻകുട്ടി* എന്ന കഥയിലുള്ളത്. രാത്രിയും പകലുമെന്നില്ലാതെ തന്റെ കുടുംബത്തിനു തണലൊരുക്കാൻ അയാൾ ശ്രമിച്ചുകൊണ്ടേ ഇരിക്കുന്നു (പു.241).

**4.4.1.3 അനുഭവക്കുറിപ്പുകളിൽ പരാമർശസൂചനകൾ ഇല്ല**

**4.4.1.4 ലേഖനസമാഹാരത്തിൽ സൂചനകൾ ഇല്ല**

**4.4.2 സംഘർഷഭരിതമായ ഭാര്യഭർത്തൃബന്ധങ്ങൾ**

ബി.എം.സുഹറയുടെ കൃതികളിലെ സംഘർഷഭരിതമായ ഭാര്യഭർത്തൃബന്ധങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്.

**4.4.2.1 നോവലുകളിൽ**

**4.4.2.1.1 കിനാവ്**

**4.4.2.1.1.1 ബീപാത്തുഹജ്ജുമ്മ - ആലിക്കുട്ടിഹാജി**

പത്തു കുട്ടികളുടെ ഉമ്മയായ ബീപാത്തു ഹജ്ജുമ്മയുടെ ജീവിതസുഖദുഃഖങ്ങളാണ് ബി.എം. സുഹറയുടെ ആദ്യനോവലായ *കിനാവിലെ* പ്രമേയം. രണ്ടുസ്ത്രീകഥാപാത്രങ്ങളാണു പ്രധാനമായും ഉള്ളത്. രണ്ടുപേരും വ്യത്യസ്ത തലമുറകളിൽപ്പെട്ടവർ തലമുറകൾ തമ്മിലുള്ള വ്യത്യാസം അവർക്കിടയിൽ ഉണ്ട്. ഉള്ളൂർക്കര ഗ്രാമത്തെ മുഴുവൻ വിറപ്പിച്ച ആളാണു ബീപാത്തുവിന്റെ ബാപ്പ സൈതൂട്ടിഹാജി. ഭർത്താവ് ആലിക്കുട്ടി ഹാജി. രണ്ടുപേരുടേയും കൂട്ടുകാർ അവർക്കിടയിൽ ശത്രുതയുണ്ടാക്കി. ഫലം അനുഭവിച്ചതു ബീപാത്തു ഹജ്ജുമ്മയായിരുന്നു. പിടിവാശിക്കുമുമ്പിൽ താഴ്ന്നു കൊടുക്കാൻ തയ്യാറാവാത്ത ആളാണു ഭർത്താവ്. സ്നേഹബന്ധങ്ങൾക്കു വിലകൽപിച്ചിരുന്ന

അവർക്ക് ആരുടെ പക്ഷത്തുനിൽക്കാനും സാധിക്കാതെ പ്രശ്നങ്ങൾക്കിടയിൽകിടന്നു വീർപ്പുമുട്ടേണ്ടിവന്നു. ജീവിതത്തിന്റെ പാതി വഴിയിൽ മാനസികപ്രയാസങ്ങൾ അവരെ നിത്യരോഗിയാക്കി മാറ്റി.

'ഓക്ക് ബാപ്പയും ആങ്ങളയുമല്ലേ എന്നേക്കാൾ വലുത്. ഓല്തന്നെ അവളെ പോറ്റട്ടെ! 'ബീപാത്തുവിന്റെ തോരാത്ത കണ്ണീരിന് ഈ വാക്കുകൾ മാറ്റാൻ ഒരിക്കലും സാധിച്ചില്ല. ആലിക്കുട്ടിഹാജി മരിക്കുന്നതുവരെ സാഹസികനും തന്റേടിയുമായി തന്നെ ജീവിച്ചു (1990: 41). ഭർത്താവ് ആലിക്കുട്ടിഹാജിയുടെ തൻപോരിമകൊണ്ടു ബിപാത്തു ഹജ്ജുമ്മയ്ക്ക് ഒരുപാടു കഷ്ടപ്പെടേണ്ടിവന്നു. അവശനായിരുന്നെങ്കിലും 'ശുജായിത്തര'ത്തിനു കുറവുണ്ടായിരുന്നില്ല. ഭാര്യ പറയുന്നതു കേട്ടുനടക്കരുത്, അത് ആണത്തമില്ലായ്മയാണ് എന്നയാൾ വിശ്വസിച്ചു (1990:72). ഭാര്യ പറയുന്നതിനെതിരു ചെയ്യണം എന്നായിരുന്നു മൂപ്പരുടെ സിദ്ധാന്തം. ഭാര്യ പറയുന്നതു കേട്ടു നടക്കുന്നതുകൊണ്ടു ചിലർക്കുണ്ടായ ദുരനുഭവങ്ങൾ ഉദാഹരണസഹിതം വിവരിക്കാനും അദ്ദേഹം മടിച്ചില്ല (1990:72). എന്നാൽ ഭാര്യപറഞ്ഞതു കേട്ടിരുന്നുവെങ്കിൽ ദുരിതങ്ങൾ ഉണ്ടാവുമായിരുന്നില്ല എന്നു പറയാൻ തോന്നാറുണ്ടെങ്കിലും പേടിച്ചിട്ടു പറയാറില്ല. പുരുഷന്റെ അധീനതയിൽമാത്രം ജീവിക്കേണ്ടവളാണുസ്ത്രീ എന്ന് അയാൾ വിശ്വസിച്ചു. സ്വന്തം ഭാര്യയെ മനസ്സിലാക്കാനോ അവരുടെ സ്നേഹം തിരിച്ചറിയാനോ അയാൾക്കു സാധിക്കുന്നില്ല. അവസാനസമയത്തു ഭാര്യമാത്രമാണ് അയാൾക്കു കൂട്ടായിട്ടുണ്ടാവുന്നത്.

#### 4.4.2.1.1.2 ശാഹിദ – കരീം

ബീപാത്തുഹജ്ജുമ്മയുടെയും ആലിക്കുട്ടി ഹാജിയുടെയും മൂത്തമകൻ കരീമും ശാഹിദയും തമ്മിൽ ഇണക്കമുള്ള ദാമ്പത്യജീവിതമല്ല നയിച്ചിരുന്നത്. സമ്പന്നതറവാട്ടിലെ ഒറ്റമോളായി പിറന്നതിനാൽ ആരെയും കൂസാതെയുള്ള പെരുമാറ്റവും പ്രകൃതവുമായിരുന്നു അവൾക്ക്. കരീമിനെ വരച്ചവരയിൽ

നിർത്തുകയും കല്യാണത്തോടെ വീടുമാറി പട്ടണത്തിലേക്കു താമസം മാറ്റുകയും ചെയ്യുന്നുണ്ട്. കരീമിന്റെ വീട്ടുകാരോട് അവൾക്കു പുച്ഛമായിരുന്നു. ആദ്യമാദ്യം ഭാര്യയുടെ താളത്തിനൊത്തു തുള്ളിയ കരീമിനു പിന്നീട് അതിൽനിന്നും മുക്തനാവാൻ സാധിച്ചില്ല. ഭാര്യയുടെ ആഗ്രഹത്തിനൊത്തു തുള്ളുന്ന വ്യക്തിയായി കരീം മാറുകയാണ്. കരീം അസുഖബാധിതനായിരിക്കുമ്പോൾപ്പോലും ഭാര്യയ്ക്കു ശുശ്രൂഷിക്കാൻ സമയമില്ല എന്നു കാണാം (1990:76,82) സംസ്ക്കാരമില്ലാത്ത നാട്ടിൻപുറത്തുകാരാണു കരീമിന്റെ വീട്ടുകാർ എന്നാണു ശാഹിദയുടെ പക്ഷം. കുടുംബമായും കരീമുമായും ഒരു ഘട്ടത്തിലും ഒരുമിച്ചുപോവാൻ ശാഹിദയ്ക്കു കഴിയുന്നില്ല.

**4.4.2.1.2 ഇരുട്ട്**

**4.4.2.1.2.1 ആമിന – ജമാൽ**

ഭർത്താവിന്റെ ദുസ്സ്വഭാവത്തിൽ മനംനൊന്തു ജീവിതം ഇരുട്ടിലായിത്തീരുന്ന ആമിനയുടെ കഥയാണു *ഇരുട്ട്*. പരസ്ത്രീബന്ധവും ലഹരിയുടെ ഉപയോഗവും മൂലം ഭാര്യയിൽനിന്നും അകലുന്ന ജമാലിനെ ആമിന ജീവിതത്തിലേക്കു കൊണ്ടുവരാൻ പലതരത്തിൽ ശ്രമങ്ങൾ നടത്തുന്നുവെങ്കിലും അയാൾക്കു മാറാൻ സാധിക്കുന്നില്ല. വളരെ പരുഷമായ തരത്തിലാണു ജമാൽ ആമിനയോടു പെരുമാറുന്നത്. വിവാഹത്തിന്റെ ആദ്യനാളുകളിൽ യാത്രകളും അവളോടൊന്നിച്ചുള്ള സല്ലാപവേളകളും ഇഷ്ടപ്പെട്ടിരുന്ന ഭർത്താവിനു ക്രമേണ യാത്രകളോ അവളോടൊന്നിച്ചു സല്ലാപവേളകളോ ഇഷ്ടമില്ലാതായിത്തീരുന്നു (1995:43). അവളെ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയുമാണു ചെയ്യുന്നത്. അവളെയൊന്നു കേൾക്കാനോ മനസ്സിലാക്കാനോ അയാൾ ശ്രമിക്കുന്നേയില്ല. ലഹരിക്കടിമപ്പെട്ടു ദുർനടപ്പിലൂടെ ജീവിതം നയിക്കുന്ന ഭർത്താവ്. യാതനയും ഒറ്റപ്പെടലും സഹിക്കവയ്യാതെ വീടുവിട്ടിറങ്ങുകയാണ് അവൾ. ഒരിക്കൽപ്പോലും ഭാര്യയുടെ മനസ്സു കാണാൻ അയാൾക്കു കഴിയുന്നില്ല.

#### 4.4.2.1.2.2 സഫിയ – കരീം

ആമിനയുടെ ഇത്താത്തയായ സഫിയയുടെയും കരീമിന്റെയും ദാമ്പത്യ ബന്ധം അത്ര സുഖകരമല്ല. പണത്തിന് ആവശ്യം വരുമ്പോഴെല്ലാം അയാൾ ഭാര്യയെ വീട്ടിലേക്കയക്കും. അനിയത്തിയുടെ കല്യാണത്തിനു സഫിയക്കു കൊടുത്തതിലേറെ പൊന്നു നൽകിയെന്നു പറഞ്ഞു കരീം ലഹളകൂടുകയും അവൾക്കുള്ളത്ര വാങ്ങിവരാൻ ആവശ്യപ്പെടുകയും ചെയ്യുന്നു (1995:41). സദാ അയാൾ അവളെ കുറ്റപ്പെടുത്തിക്കൊണ്ടേ ഇരിക്കും. ഭാര്യവീട്ടിലെ സമ്പത്തിൽ മാത്രമായിരുന്നു അയാൾക്കു താൽപര്യം. അതുകൊണ്ടുതന്നെ ആ ബന്ധം സംഘർഷഭരിതമായിരുന്നു.

#### 4.4.2.1.3. മൊഴി

#### 4.4.2.1.3.1 ഫാത്തിമ – അബ്ദുള്ള

*മൊഴി*യെന്ന നോവലിലും പൊരുത്തക്കേടോടുകൂടിയ ഭാര്യഭർത്തൃ ബന്ധമാണുള്ളത്. തിരക്കുപിടിച്ച ഭർത്താവിനെ ജീവിതത്തിനിടയിൽ ഒറ്റപ്പെട്ടു പോവുകയാണു ഫാത്തിമ. ഭർത്താവിനോടൊപ്പം വിദേശത്തു താമസിക്കുന്ന ഫാത്തിമ തീർത്തും വീട്ടിൽ ഒറ്റപ്പെട്ടുപോവുകയാണ്. പണം സമ്പാദിക്കാനും ജോലിയിൽ കയറ്റം ലഭിക്കാനുമുള്ള തത്രപ്പാടിനിടയിൽ ഭാര്യയെ ശ്രദ്ധിക്കാൻ കഴിയാതെ വരുന്നുണ്ടെങ്കിലും ഫാത്തിമ ഒതുക്കമുള്ള ഭാര്യയായി ജീവിക്കുക യാണു ചെയ്യുന്നത്. ഭർത്താവിന്റെ ഇഷ്ടാനുസരണം സ്വന്തം ജീവിതരീതികളും ശൈലികളും മാറ്റാൻ അവൾ നിർബന്ധിതയാവുന്നു. അവളുടെ ഇഷ്ടാനിഷ്ട ങ്ങൾക്ക് അവിടെ പ്രാധാന്യമില്ല. കൂട്ടുകാരനാൽ തെറ്റിദ്ധരിക്കപ്പെട്ടു ഭർത്താ വിൽനിന്നും മൊഴിചൊല്ലിവേർപിരിയുകയാണു ഫാത്തിമ. ആ ബന്ധം നില നിർത്താൻ വളരെയേറെ ആന്തരികസംഘർഷം സഹിച്ച് ഒറ്റപ്പെട്ടുപോയ സ്ത്രീയാണു ഫാത്തിമ.

#### 4.4.2.1.3.2 ഫാത്തിമ – ഷറഫ്

ആദ്യഭർത്താവിൽനിന്നും വിവാഹമോചിതയായ ഫാത്തിമക്കു ചതിയനായ ഷറഫിനെ ഭർത്താവായി സ്വീകരിക്കേണ്ടിവരികയാണ്. അവളുടെ ശരീരത്തോടുമാത്രമായിരുന്നു അയാൾക്കു ഭ്രമം. അതു കഴിയുന്നതോടെ ഷറഫും അവളെ കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തുകയുമാണു ചെയ്യുന്നത്. ഒടുക്കം ബന്ധം വേർപെടുത്തുന്ന അവസ്ഥയിലെത്തുന്നു. തന്റെ ശാരീരിക സുഖത്തിനുള്ള ഉപാധി മാത്രമായിട്ടാണ് അയാൾ ഭാര്യയെ കണ്ടിരുന്നത്. ആ ബന്ധത്തിലും അവൾക്കു സ്വസ്ഥയും സുരക്ഷിതയുമാകാൻ കഴിയുന്നില്ല.

#### 4.4.2.1.4 നിലാവ്

#### 4.4.2.1.4.1 നസീമ – അബ്ദുൽഖാദർ

വളരെ ചെറുപ്പത്തിലെ വിവാഹിതയായി ഭർത്തൃവീട്ടിൽ എത്തിച്ചേരുന്ന നസീമ എന്ന നെച്ചുവിനു ഭർത്താവിന്റെ ഉമ്മയിൽനിന്നും സ്നേഹവും പരിഗണനയും വേണ്ടുവോളം ലഭിക്കുന്നുണ്ട്. എന്നാൽ ഭർത്താവിന്റെ ഉമ്മയുടെ മരണശേഷം തന്റെ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവെച്ചു ഭർത്താവിന്റെ ഇഷ്ടത്തിനനുസരിച്ചു ജീവിക്കേണ്ടിവരികയാണ് അവൾക്ക്. നസീമ നച്ചുവായി ജീവിക്കാൻ ആഗ്രഹിച്ചുവെങ്കിലും ഭർത്താവിനു വഴിപ്പെട്ടവളായി നസീമയായിക്കൊണ്ടു ജീവിക്കാൻ അവൾ നിർബന്ധിതയായി. (2007:14) ആഗ്രഹിക്കുന്ന പരിഗണനയോ പരിലാളനകളോ ഭർത്താവിൽനിന്നു ലഭിക്കാത്ത നസീമ മാനസികമായി സംഘർഷത്തിലും നിരാശയിലുമാണ്.

#### 4.4.2.1.5 ആകാശഭൂമികളുടെ താക്കോൽ

#### 4.4.2.1.5.1 ഐഷാത്ത – ഹുസൈൻഹാജി

ഹുസ്സൈനാജിയുടെ ആദ്യഭാര്യയാണ് ഐഷാത്ത. സമ്പന്നകുടുംബാംഗമായതുകൊണ്ടുതന്നെ ഭാര്യയെ മൊഴിചൊല്ലാൻ ഭയപ്പെടുകയാണ് അയാൾ.

ഏകമകന്റെ മരണവും ഭർത്താവിന്റെ ദുർനടപ്പും ഐഷാത്തയെ രോഗിയാക്കി മാറ്റുന്നു. കുടുംബത്തിൽ അവൾ തീർത്തും ഒറ്റപ്പെട്ടുപോകുന്നു. ഭാര്യയോടൊപ്പം നിൽക്കാൻ ഇഷ്ടപ്പെടാതെ അയാൾ മറ്റൊരു വിവാഹം കഴിക്കുകയാണു ചെയ്യുന്നത്. അവളുടെ സമ്മതമോ ഇഷ്ടമോ അയാൾ ചോദിക്കുന്നില്ല. രണ്ടാമതും മൂന്നാമതും വിവാഹം കഴിക്കുന്നു. ഐഷാത്ത എന്ന സ്ത്രീ ഭർത്താവുള്ളപ്പോൾത്തന്നെ മാനസികവും വൈകാരികവുമായി അനാഥയും അരക്ഷിതയുമാകുന്നു.

#### 4.4.2.1.5.2 നൂർജഹാൻ – ഹുസൈൻ ഹാജി

ആദ്യഭാര്യയായ ഐഷയുടെ സമ്മതം കൂടാതെയാണു ഹുസൈൻഹാജി മകളാവാൻ മാത്രം പ്രായമുള്ള നൂർജഹാനെ വിവാഹം കഴിക്കുന്നത്. ആദ്യഭാര്യ രോഗി ആയിത്തീർന്നപ്പോൾ തന്റെ ആഗ്രഹപൂർത്തീകരണത്തിനുവേണ്ടി മാത്രം അയാൾ നൂർജഹാനെ വിവാഹം കഴിക്കുന്നു. ശരീരത്തിനോടുള്ള ഭ്രമം മാത്രമാണ് അവളെ വിവാഹം കഴിക്കാൻ അയാളെ പ്രേരിപ്പിക്കുന്നത്. നൂറുവിനു ഭർത്താവെന്ന നിലയിൽ അയാളെ അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല. അയാൾ അടുത്തു വരുമ്പോൾ പാവകണക്കേ മരവിച്ചു നിൽക്കാൻ മാത്രമായിരുന്നു നൂറുവിനു സാധിച്ചിരുന്നത് (2011-41). ചെറുത്തുനില്പുകളില്ലാതെ സാമുദായി കാചാരങ്ങൾക്ക് ഇരയാക്കപ്പെട്ട ജീവിതംതന്നെയായിരുന്നു നൂറുവിന്റേതും.

#### 4.4.2.1.5.3 റംലത്ത് – ഹുസൈൻ ഹാജി

ആദ്യഭാര്യയും രണ്ടാംഭാര്യയും കിടപ്പിലാവുന്നതോടെ സ്വന്തം പരിചരണത്തിനായി തന്റെ ബംഗ്ലാവു ജോലിക്കാരിയായ റംലത്തിനെ അയാൾ വിവാഹം കഴിക്കുന്നു. കാമം ശമിപ്പിക്കാൻ വേണ്ടി മാത്രമാണ് അയാൾ റംലത്തിനെ വിവാഹം കഴിക്കുന്നത്. റംലത്താവട്ടെ തന്റെ പ്രാരാബ്ധ ങ്ങൾക്ക് അറുതിവരുത്താനാണു ഹുസൈൻഹാജിയുടെ ഭാര്യയാവുന്നത്. നയത്തിൽ അവൾ തന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നുമുണ്ട്. ഭാര്യഭർത്തൃ

ബന്ധം എന്നതിലുപരി പരസ്പരം ആവശ്യപൂർത്തീകരണത്തിനുള്ള ഒരു സാങ്കേതിക ഉടമ്പടി മാത്രമായിരുന്നു അവരുടെ ദാമ്പത്യം.

ഹുസൈൻഹാജിയ്ക്കു ഭാര്യമാർ മൂന്നുപേരും അയാളുടെ ആജ്ഞാനു വർത്തികൾ മാത്രമാണ്. ഇഷ്ടാനിഷ്ടങ്ങൾക്കു വിപരീതമായി സംസാരിക്കു കയോ പ്രവർത്തിക്കുകയോ ചെയ്താൽ സമ്പത്തും അധികാരവും സ്വാധീനവും ഉപയോഗിച്ച് അവരെ അടിച്ചമർത്തുകയാണ് അയാൾ ചെയ്യുക.

**4.4.2.1.6 നിഴൽ**

**4.4.2.1.6.1 മുംതാസ് - ഷഹീദ്**

അസൈനാരുകുഞ്ഞിന്റെയും റാബിയയുടെയും ഒറ്റ മകളാണു മുംതാസ്. ആവശ്യത്തിൽക്കൂടുതൽ സ്വർണ്ണവും പണവും നൽകിയാണു മകളെ ഭർത്തൃവീ ട്ടിലേക്കയച്ചതെങ്കിലും ഭർത്താവിൽനിന്നും ഭർത്തൃവീട്ടുകാരിൽനിന്നും അവൾക്കു സ്നേഹമോ പരിഗണനയോ ലഭിക്കുന്നില്ല. പകൽമുഴുവൻ വീട്ടു ജോലി ചെയ്യാനുള്ള ഉപകരണമാണു മുംതാസ്. ഭാര്യവീട്ടിൽനിന്നും പണവും സ്വത്തും കൈക്കലാക്കാൻ ഭർത്താവും വീട്ടുകാരും അവളെ ഉപയോഗിക്കുന്നു. കുത്തുവാക്കുകളും അവഗണനയും സഹിച്ചു ജീവിതം തള്ളിനീക്കുകയാണു മുംതാസ്.

**4.4.2.1.6.2 നദീറ - മജീദ്**

നദീറയും മജീദും പൊരുത്തമുള്ള ദമ്പതിമാരായിരുന്നില്ല. നദീറയുടെ ഇഷ്ടപ്രകാരമോ സമ്മതപ്രകാരമോ അല്ലാതെ നടന്ന വിവാഹമായതുകൊണ്ടു തന്നെ ഇഷ്ടക്കേടുകൾ അവൾ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ഭർത്താ വിനെ അറിയിച്ചുകൊണ്ടേ ഇരുന്നു. മജീദിനാവട്ടെ രാത്രി അനുഭവിക്കാനുള്ള ഒരു സ്വകാര്യ സ്വത്തായിരുന്നു ഭാര്യ. പകൽ വീട്ടുകാര്യം നോക്കാനുള്ള യന്ത്രവും (2012:54). മാനസികമായി ഏറെ ദൂരമുള്ള ബന്ധമായിരുന്നു അവർക്കി

ടയിൽ. നദീറയെ തന്റെ ഇഷ്ടാനിഷ്ടങ്ങൾ സാധിപ്പിച്ചെടുക്കാനുള്ള ഉപാധിയായിട്ടാണു മജീദ് കാണുന്നത്. അവളുടെ മാനസികവും ശാരീരികവുമായ ഇഷ്ടാനിഷ്ടങ്ങൾ കാണാൻ അയാൾക്കു കഴിയുന്നില്ല. അയാളതിനു ശ്രമിക്കുന്നുമില്ല. ഒരു ഘട്ടത്തിൽ നിരപരാധിയായ നദീറയെ വീട്ടിൽനിന്നും ഇറക്കിവിടുകവരെ ചെയ്യുന്നുണ്ടു മജീദ്. ഒരു വ്യക്തി എന്ന നിലയിൽ തന്റെ നിരപരാധിത്വം ബോധ്യപ്പെടുത്താനുള്ള അവസരം പോലും അയാൾ അവൾക്കുനൽകുന്നില്ല (പു.180,185).

#### 4.4.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

##### 4.4.2.1.7.1 സാബിറ - ഹബീബ്

വിവാഹബന്ധം വേർപ്പെടുത്താതെ വേർപിരിഞ്ഞു കഴിയുന്നവരാണു സാബിറയും ഹബീബും. ഭർത്താവിന്റെ ഉമ്മയുടെ നിലപാടുകൊണ്ടാണു രണ്ടു പേർക്കും വേർപിരിയേണ്ടിവരുന്നത്. സാബിറ ഒറ്റയ്ക്കു ജീവിച്ചു കാണിക്കാൻ ശ്രമിക്കുന്നു. ഹബീബിന്റെ ഓർമ്മകളുമായി ഏകാന്തവാസത്തിൽ സന്തോഷവതിയാണെന്നു മറ്റുള്ളവരെ അറിയിച്ചുകൊണ്ടു ജീവിതം തീർക്കാനാണു ശ്രമിക്കുന്നത്. പെണ്ണിനു ജീവിക്കാൻ ആൺതുണ നിർബന്ധമില്ലെന്നു സമൂഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോഴും അകംനീറിപ്പുകയുന്നതായി സാബിറ നോവലിൽ പരാമർശിക്കുന്നുണ്ട് (2012:28).

##### 4.4.2.1.7.2 സുലൈഖ - ഖാദർ

പെൻഷൻപറ്റി വീട്ടിലിരിക്കുന്ന ഖാദറും സുലൈഖയും വീട്ടിൽ ഏകാന്തത അനുഭവിക്കുന്നു. ഒന്നിനും ഒരു കുറവുമില്ലെങ്കിലും സുലൈഖ ആവശ്യമുള്ളതിനും ഇല്ലാത്തതിനും ഭർത്താവുമായി കലഹിച്ചുകൊണ്ടിരിക്കും. നിസ്സാരകാര്യങ്ങൾക്കുപോലും പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരുന്ന സുലൈഖയുടെയും ഖാദറിന്റെയും ദാമ്പത്യബന്ധം സുഖകരമായിരുന്നില്ല. ഖാദറിന്റെ സഹകരണം കൊണ്ടുമാത്രമാണ് അവർ ഭാര്യഭർത്താക്കന്മാരായി തുടർന്നത്

എന്നു നോവലിൽ കാണാം. ഖാദർ പെങ്ങളെക്കുറിച്ചു പറയുന്നതു സുലൈഖയ്ക്ക് ഇഷ്ടമല്ല അതിനെചൊല്ലി എന്നും പരസ്പരം വഴക്കിടും (2012:66).

#### 4.4.2.2 ചെറുകഥകളിൽ

##### 4.4.2.2.1 കളിത്തത്ത

###### 4.4.2.2.1.1 കുഞ്ഞലീമ - കുഞ്ഞാലി

കേരളത്തിലെ മലയോരഗ്രാമത്തിൽ പാവാടയും ബ്ലൗസും തലയിൽ തട്ടവുമിട്ട് ഒരു മുസ്ലിംപെൺകുട്ടിയെപ്പോലെ നടന്നിരുന്നവളാണ് കുഞ്ഞലീമ. അവിചാരിതമായി പണക്കാരനായ കുഞ്ഞാലിയുടെ ഭാര്യ ആവേണ്ടി വരികയാണ്. വിവാഹശേഷം ഭർത്താവിനോടൊപ്പം വിദേശത്തെത്തി അവിടെ കൂട്ടിലടച്ച കിളിയെപ്പോലെ സ്വാതന്ത്ര്യമില്ലാതെ ജീവിതം കഴിച്ചുകൂടേണ്ടി വരുന്നു. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു അവൾക്കു ജീവിക്കേണ്ടിവന്നു. ഭക്ഷണത്തിലും വസ്ത്രധാരണത്തിലും പ്രസവത്തിലും ജീവിതരീതിയിലുമെല്ലാംതന്നെ ഭർത്താവിന്റെ കടുത്ത നിയന്ത്രണങ്ങൾക്കു വിധേയമാകേണ്ടിയിരുന്നു. അവർക്കു രണ്ടുപേർക്കുമിടയിൽ ഇഷ്ടക്കേടൊന്നും ഇല്ല. എന്നാൽ നാടിന്റെ സാഹചര്യത്തിനനുസരിച്ചു മാറാനാണ് അയാൾ അവളോട് ആവശ്യപ്പെടുന്നത്. പക്ഷെ അതിലവൾക്കു യുക്തി തോന്നുന്നില്ല. അതിനാൽ അയാളുടെ നിർദ്ദേശങ്ങളെ ചോദ്യം ചെയ്തു ഭർത്താവിനെ ഉത്തരം മുട്ടിക്കുയാണവൾ. ഭർത്താവിന്റെ ചിന്താഗതികളോടു യോജിച്ചു ജീവിക്കുന്നതിൽ അവൾ പരാജയപ്പെട്ടുപോകുന്നു (2014:15).

###### 4.4.2.2.2 ആകാശഭൂമികളുടെ താക്കോൽ

സമ്പന്നകുടുംബത്തിൽ ജനിച്ചുവളർന്ന കഥാനായിക ഉമ്മയുടെയും ഉപ്പയുടെയും ഏകമകളായി സ്നേഹലാളനകളേറ്റു വളർന്നു. പതിനാലു

വയസ്സായപ്പോഴേക്കും ഉമ്മ മരിക്കുന്നു. അതിനാൽ മകളെ എത്രയും പെട്ടന്നു കല്യാണം കഴിപ്പിച്ചയക്കാൻ ഉപ്പ ശ്രമിക്കുകയും ചെയ്യുന്നു. അവരുടെ കുടുംബ ത്തിനു ചേർന്ന കുടുംബത്തിൽനിന്നും പഠിപ്പും പത്രാസ്സുമുള്ള വ്യക്തിയുമായി മകളുടെ വിവാഹം കഴിപ്പിച്ചയക്കുന്നു. എന്നാൽ അവരുടെ ജീവിതത്തിലെ സന്തോഷം അധികം നീണ്ടുനിന്നില്ല. വീട്ടിലെ വേലക്കാരി കുഞ്ഞായിഷുമായി ഭർത്താവിനുള്ള അവിഹിതബന്ധം നേരിൽക്കാണുന്നതോടെ മാനസികരോഗി യായിത്തീരുകയാണ് അവൾ. ആത്മാഭിമാനത്തിനു മുറിവേറ്റതോടെ ഭർത്താവിനെ സ്നേഹിക്കാനോ അയാളുമായി പൊരുത്തപ്പെട്ടുകഴിയാനോ അവൾക്കു സാധിക്കുന്നില്ല (2014:46).

#### 4.4.2.2.3 അസ്രായിൽ

##### 4.4.2.2.3.1 ആയിശ - മുഹമ്മദ്

ആയിശ എന്ന വീട്ടമ്മയുടെ കഥയാണു *അസ്രായിൽ*. ഭർത്താവിനും കുട്ടികൾക്കും വേണ്ടി മാത്രമായി ജീവിതം മാറ്റിവെച്ചവൾ. എന്തു ചെയ്താലും പരാതികൾ മാത്രമാണ്. ഭാര്യയെ മനസ്സിലാക്കാൻ അയാൾക്കു സാധിക്കുന്നില്ല. ഒടുക്കം ഭാര്യ നിത്യരോഗിയായി തളർന്നുവീഴുമ്പോൾ മാത്രമാണു ശ്രദ്ധിക്കുന്നത്. ആശുപത്രിയിലും ഭാര്യക്കായി സമയം കണ്ടെ ത്താൻ അയാൾക്കു കഴിയുന്നില്ല. ആശുപത്രിയിൽവെച്ചു മരണത്തിന്റെ മാലാഖ അവളെ സമീപിക്കുമ്പോൾ താൻ ജീവനോടെ ഇല്ലെങ്കിൽ തന്റെ ഭർത്താവും മക്കളും ദുരിതത്തിലാകുമെന്നു വിശ്വസിച്ചു മരണദൂതനായ അസ്രായിൽനെ തിരിച്ചയക്കുകയാണ്. എന്നാൽ താൻ ഇല്ലെങ്കിലും കുടുംബത്തിലുള്ള വർക്കുയാതൊരു പ്രയാസവുമില്ലെന്ന് അവൾ ക്രമേണ മനസ്സിലാക്കുന്നു (2014:63).

#### 4.4.2.2.4 കെട്ട്യോൻ

##### 4.4.2.2.4.1 പാത്തുമ്മ - ഭർത്താവ്

ദാരിദ്ര്യത്തിന്റെ നടുവിൽ കഴിയുന്ന പാത്തുമ്മ. മഴയ്ക്കുമുമ്പു വീടു കെട്ടിമേയാൻ മുതലാളിമാരുടെ കാലുപിടിക്കുകയാണ്. മഴക്കുമുമ്പു വീടിന്റെ ഓല കെട്ടിമേയാൻ ശ്രമിക്കുന്ന പാത്തുമ്മ. ഭർത്താവു ജീവനോടെ ഉണ്ടെങ്കിലും തിരിഞ്ഞുനോക്കുന്നില്ല. പാത്തുമ്മയ്ക്കു സ്ത്രീധനമായി ലഭിച്ച ഇരുപതു സെന്റ് സ്ഥലവും ചെറ്റപ്പുരയും ഭർത്താവിന്റെ പേരിൽ രെജിസ്റ്റർ ചെയ്തുകൊടുക്കാത്തതിന്റെ പേരിൽ ഭർത്താവു വീടുവിട്ടു പോയി. ശേഷം സ്വന്തം മകളെക്കാൾ പ്രായക്കുറവുള്ള പെണ്ണിനെ വിവാഹം കഴിച്ചു കുടുംബത്തിലേക്കു കൊണ്ടുവരികയാണ്. സ്വത്തും പണവും മോഹിച്ചുമാത്രം ഭാര്യയോടൊപ്പം കഴിയുന്ന ഭർത്താവാണു *കെട്ട്യോനിലെ* പാത്തുമ്മയുടെ ഭർത്താവ് (2014:82).

#### 4.4.2.2.5 നേർച്ചക്കോഴികൾ

##### 4.4.2.2.5.1 സൈനബ - ഭർത്താവ്

സൈനബ എന്ന നാട്ടിൻപുറത്തെ സാധാരണക്കാരിയുടെ കഥയാണു നേർച്ചക്കോഴികൾ. ഊരും പേരുമറിയാത്ത ഒരുത്തനെക്കൊണ്ട് ഉപ്പ സൈനബയെ വിവാഹം കഴിപ്പിക്കുകയാണ്. ഉപ്പയുടെ മരണശേഷം സൈനബയുടെ സ്വർണ്ണാഭരണങ്ങൾ കൈക്കലാക്കി അയാൾ മുങ്ങി. ഭർത്താവിനെ അന്വേഷിച്ചു സൈനബ യാത്രതിരിക്കുന്നു. യാത്രയിൽ അയാളെ അവൾ കണ്ടെത്തുന്നു. ഒപ്പം മറ്റൊരു സ്ത്രീയും അയാളോടൊപ്പം ഉണ്ടായിരുന്നു (2014:92). ഭർത്താവിനാൽ ചതിക്കപ്പെടുകയാണ് ഇവിടെ സൈനബ.

#### 4.4.2.2.6 സാക്ഷരത

##### 4.4.2.2.6.1 ആമിന - മമ്മദ്

മീൻവിറ്റു കുടുംബജീവിതം കഴിക്കുന്ന മമ്മദിന്റെയും ആമിനയുടെയും

കഥയാണു *സാക്ഷരത*. എന്നും ദാരിദ്ര്യം മാത്രമാണ് ആ കുടുംബത്തിനു കൂട്ട്. വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്നവളാണ് ആമിന. പഠിക്കാൻ 'സെയലിറ്റും പുസ്തകോം' വാങ്ങാൻ മമ്മദിനോട് അവൾ അഞ്ചുറുപ്പിയ ചോദി ക്കുന്നു. എന്നാൽ മകനെ പഠിപ്പിച്ചാൽ മതിയെന്നും അവനെ നേരത്തിനു സ്കൂളിലയച്ച് അവന്റെ കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയെന്നും മമ്മദ് ഭാര്യയോടു പറയുന്നു. അന്യപുരുഷന്മാർ ആമിനയുടെ കൈപിടിച്ച് അക്ഷരം പഠിപ്പിച്ചുവെന്നറിയുമ്പോൾ അവളെ ആക്ഷേപിക്കുകയും അടിക്കുക യുമാണ് അയാൾ. 'ഇന്നെ കൊല്ലല്ലേ, ഞാൻ സാച്ചരതയ്ക്ക് പോവൂല (2014:115). എന്നു പറഞ്ഞുകൊണ്ട് അവൾ കുടുംബത്തിന്റെ സമാധാനത്തിനുവേണ്ടി സ്വന്തം അവകാശം - വിദ്യ അഭ്യസിക്കാനുള്ള അവകാശം ത്യജിക്കുകയാണ്.

**4.4.2.2.7 കൂഹൂ...... കൂഹൂ...........**

**4.4.2.2.7.1 കുഞ്ഞാമി - അത്യമാൻകുട്ടി**

കുഞ്ഞാമിക്കും അത്യമാൻകുട്ടിക്കും മക്കളില്ല. അത്യമാൻകുട്ടിയുടെ തകരാറുകൊണ്ടാണ് അവൾക്കു കുട്ടികൾ ഉണ്ടാവാത്തത്. എന്നാൽ ആ വിവരം അയാൾ അവളിൽനിന്നും മറച്ചുവക്കുകയാണ്. ഭാര്യയുടെ സങ്കടം മാറ്റാനായി അവളെ പൊതുരംഗത്തേക്ക് ഇറക്കുന്നു. അവളുടെ എല്ലാ ആഗ്രഹങ്ങളും സാധിപ്പിച്ചുകൊടുക്കുന്നുമുണ്ട്. എന്നാൽ വീട്ടുകാര്യങ്ങളിലൊന്നും ശ്രദ്ധയി ല്ലാതെ സാമൂഹികസേവനരംഗത്തു പ്രവർത്തിക്കുകയാണ് കുഞ്ഞാമി. 'നീ ഇങ്ങനൊന്നുമായിരുന്നില്ലല്ലോ കുഞ്ഞാമി' എന്ന അത്യമാന്റെ പരിഭവത്തിന് 'എങ്ങനെയൊന്നുമായിരുന്നില്ലെന്ന്?' എന്ന മറുചോദ്യമാണ് അവൾ ചോദിക്കു ന്നത് (2014:127). പഴയ രീതികളൊക്കെ ഭാര്യ തെറ്റിക്കുകയാണെന്നു ഭർത്താവ് ഓർമ്മിപ്പിക്കുമ്പോൾ സ്ത്രീകൾ രീതികളെല്ലാം തെറ്റിക്കണമെന്നാണു കുഞ്ഞാമി പറയുന്നത് (പു.128). റിട്ടയർമെന്റിനുശേഷം അത്യമാൻ ശരിക്കും ഏകാന്തത അനുഭവിക്കുന്നതായി കാണാം.

#### 4.4.2.2.8 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

വിവാഹിതരായി രണ്ടു വർഷം കഴിഞ്ഞപ്പോഴേക്കു മക്കളാവാത്തതിന്റെ പേരിൽ കഥയിലെ നായകൻ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരു വിവാഹം കഴിക്കാൻ മുതിരുകയാണ്. അതു സഹിക്കാനാവാതെ നായിക ആത്മഹ ത്യയ്ക്കു ശ്രമിക്കുന്നു. തുടർന്നു മരണമടയുകയും ചെയ്യുന്നു. പെണ്ണിന് എവിടെയും നീതിലഭിക്കുന്നില്ല. അയാൾക്കാണു കുഴപ്പമുണ്ടായിരുന്നതെങ്കിൽ താൻ സ്നേഹത്തിന്റെ പേരിൽ ആജീവനാന്തം കാത്തിരിക്കുമായിരുന്നു. ഞാനിരിക്കെ മറ്റൊരു പെണ്ണ് എന്റെ വീട്ടിനകത്തു കയററുതെന്നു പറയാനുള്ള അധികാരം പോലും തനിക്കില്ലെ? എന്നെല്ലാം ചോദിച്ചുകൊണ്ടു മരണത്തിനു കീഴടങ്ങുകയാണ് അവൾ (2014:169).

#### 4.4.2.2.9 ഒരിക്കൽക്കൂടി

##### 4.4.2.2.9.1 ജമീല - ഭർത്താവ്

ജമീല തന്റെ മരണം സ്വപ്നത്തിൽ കാണുകയാണ്. ജീവിതത്തിൽ ഭർത്താവ് അവളുമായി എപ്പോഴും വഴക്കിട്ടുക്കൊണ്ടാണ്. കറിക്ക് ഉപ്പില്ല, എരിവ് കൂടിപ്പോയി, വിയർപ്പു നാറുന്നുണ്ടു ജമീലയെ, ഷർട്ട് ഇസ്തിരിയിട്ടതു നന്നായിട്ടില്ല. തുടങ്ങി നിരവധി പരാതികളാണ് അയാൾക്ക്. സ്നേഹത്തോടെ പെരുമാറാനെ അയാൾക്ക് അറിയില്ല. എന്നാൽ സ്വപ്നത്തിൽ അയാൾ ഭാര്യയുടെ മരണത്തിൽ വിലപിക്കുകയും അവളെക്കുറിച്ചു നല്ലതു പറയുകയും ചെയ്യുമ്പോൾ അന്ധാളിച്ചുപോവുന്നു. ഉറക്കമുണർന്നപ്പോൾ ദേഷ്യപ്പെട്ടു നിൽക്കുന്ന ഭർത്താവിനെയാണ് അവൾ കാണുന്നത് (2014:179).

#### 4.4.2.2.10 ഹാജ്യാരുടെ ഭാര്യ

ജീവിതത്തിന്റെ ഒറ്റപ്പെടലിൽ എല്ലാ സുഖസൗകര്യങ്ങൾക്കിടയിലും വീർപ്പുമുട്ടിക്കഴിയുന്ന സ്ത്രീയുടെ കഥയാണ് *ഹാജ്യാരുടെ ഭാര്യ*. രോഗിയായ

ഭാര്യയോടു ഭർത്താവിനു സ്നേഹമോ പരിഗണനയോ ഇല്ല. സ്നേഹശൂന്യത ഭാര്യയെ നിത്യരോഗിയാക്കി മാറ്റുന്നു. ജീവിതത്തിന്റെ നല്ല കാലമത്രയും ഭർത്താവിനും കുടുംബത്തിനുംവേണ്ടി ജീവിച്ചവൾ. ഭർത്താവിന്റെ അവഗണന യിൽ മനംനൊന്തു രോഗിയായി വീടിന്റെ അകത്തളത്തിൽ അടക്കപ്പെടുന്നു (2014:154).

#### 4.4.2.2.11 കർമ്മപുസ്തകം

##### 4.4.2.2.11.1 ആയിശയും ഭർത്താവും

ആയിശയും ഭർത്താവും നിസ്സാരകാര്യങ്ങൾക്കു വഴക്കിടുന്ന ഭാര്യഭർത്താ ക്കന്മാരാണ്. മകനെ കൂട്ടിക്കൊണ്ടുവരാൻ പോവുന്ന വിഷയത്തെ ചൊല്ലി രണ്ടു പേരും വഴക്കിടുകയും ഒടുക്കം ആയിശ ബി.പി കൂടി ആശുപത്രിയിലാവുകയും ചെയ്യുന്നു. പരസ്പരം വിട്ടുവീഴ്ച്ചാമനോഭാവം ഇല്ലാത്ത ഭാര്യഭർത്താക്കന്മാ രാണ് അവർ (2014:24).

#### 4.4.2.2.12 കരച്ചപ്പെട്ടി

##### 4.4.2.2.12.1 ബീപാത്തു - ഹസ്സൻകുട്ടി

ബീപാത്തു, ഹസ്സൻകുട്ടി ഭാര്യഭർത്താക്കന്മാരാണ്. അനാവശ്യമായി കരഞ്ഞുകൊണ്ടിരിക്കുന്ന പ്രകൃതമാണു ബീപാത്തുവിന്. ചെറുപ്പം മുതൽക്കേ അവൾ അങ്ങനെയാണെന്ന പരാമർശം കഥയിലുണ്ട് (2014: 40). മറ്റുള്ളവരുടെ സ്നേഹവും പരിഗണനയും ലഭിക്കാനാണ് അവൾ അങ്ങനെ ചെയ്യുന്നത് എന്നാണു ഭർത്താവിന്റെ പക്ഷം. തന്റെ ശാരീരികപ്രയാസങ്ങൾ ഭർത്താവി നോടു പറയാൻ അവൾക്കു പേടിയാണ്. പൂങ്കണ്ണീരെന്നു പറഞ്ഞ് അവളെ കുറ്റപ്പെടുത്താനാണു ഹസ്സൻകുട്ടി ശ്രമിക്കാറ്. ഭർത്താവിന്റെ തിരക്കുകളും അക്ഷമയും അവളെ കൂടുതൽ വിഷമിപ്പിക്കും. ഭാര്യയ്ക്കു ഭർത്താവിനെയോ ഭർത്താവിനു ഭാര്യയെയോ ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ സാധിക്കുന്നില്ല (2014: 42).

#### 4.4.2.2.13 വെറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

##### 4.4.2.2.13.1 ഹസ്നബീവിയും ഭർത്താവും

വിദ്യാഭ്യാസമുള്ള കുട്ടിയാണു ഹസ്നബീവി. അവൾ തന്റെ സമൂഹ ത്തിലെ അനീതികൾകണ്ടു വിഷമിക്കുന്നു. പ്രതികരിക്കാൻ ആഗ്രഹിക്കുന്നു. നല്ലനാളുകളെ ആഗ്രഹിക്കുന്നു. ചിന്തിക്കുന്നു. എന്നാൽ ഭർത്താവു പണക്കാര നാണ്. വിദ്യാഭ്യാസമില്ല. അയാൾക്കു ഭാര്യയെ ഇഷ്ടമാണെങ്കിലും അവളുടെ ചിന്താഗതികളോടു പൊരുത്തപ്പെടാൻ കഴിയുന്നില്ല. അതിന്റെ പേരിൽ നിത്യവും വഴക്കിടുകയും പിരിഞ്ഞിരിക്കലും പതിവാണെന്നും കഥയിൽ സൂചി പ്പിക്കുന്നുണ്ട് (2014:304).

#### 4.4.2.3 അനുഭവക്കുറിപ്പുകളിൽ

##### 4.4.2.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

ഉപ്പയോടുള്ള പ്രിയം കാരണം എഴുത്തുകാരിയുടെ ഉമ്മ ഉമ്മയുടെ വീട്ടിൽ തന്നെയാണു കഴിഞ്ഞിരുന്നത്. ഉമ്മയും ഉപ്പയും അത്ര രസത്തിലായിരു ന്നില്ല. എന്നാൽ പരസ്പരം ഇഷ്ടക്കേടുമുണ്ടായിരുന്നില്ല. അമ്മോസനും മരുമ കനും തമ്മിലുള്ള പോരിൽ ഉമ്മ ബലിയാടാവുകയായിരുന്നു. ഒരുമിച്ചു സന്തോഷത്തോടെ കഴിയാനുള്ള അവസരവും നഷ്ടപ്പെട്ടിരുന്നു (2015: 93) എന്നുള്ള സൂചനകളും ഉണ്ട്.

#### 4.4.2.4 ലേഖനസമാഹാരത്തിൽ

##### 4.4.2.4.1 ആരോടുചൊല്ലേണ്ടു നാം

###### 4.4.2.4.1.1 സന്മനസ്സുള്ളവർക്ക് സമാധാനം

ഭർത്താവിന്റെ മൂന്നാം ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് ആദ്യഭാര്യ ആശുപത്രി വരാന്തയിൽ ഉണ്ട്. അവരെ എഴുത്തുകാരി പരിചയപ്പെടുന്നുണ്ട്. മക്കളില്ലാത്തതിന്റെ പേരിലാണ് അയാൾ രണ്ടാമതും മൂന്നാമതും വിവാഹം കഴി

ക്കുന്നത്. അവരെ വിവാഹം കഴിച്ചിട്ടും ആദ്യഭാര്യയെ മൊഴിചൊല്ലുന്നില്ല. അവർക്കിടയിൽ സ്നേഹബന്ധം നിലനിൽക്കുന്നില്ല എന്ന സൂചന ലേഖന ത്തിൽ നിന്നും ലഭിക്കുന്നുണ്ട് (2013:32). മറ്റുള്ളവരോടു സംസാരിക്കുന്നതിനു വരെ ഭർത്താവിന്റെ സമ്മതം വേണം എന്ന അവസ്ഥയുണ്ട് ആ സ്ത്രീക്ക്.

### 4.5. മറ്റു ബന്ധങ്ങൾ

കുടുംബത്തിനകത്തെ പ്രധാനപ്പെട്ട മറ്റു ബന്ധങ്ങൾ എപ്രകാരമെല്ലാമാണു കൃതികളിൽ അവതരിപ്പിച്ചിട്ടുള്ളത് എന്ന അന്വേഷണ മാണ് ഈ ഭാഗത്തു നടത്താൻ ഉദ്ദേശിക്കുന്നത്.

#### 4.5.1 അമ്മായിയമ്മ - മരുമകൾ ബന്ധം

##### 4.5.1.1 സാഹോദര്യതലത്തിൽ

###### 4.5.1.1.1 നോവലുകളിൽ

**4.5.1.1.1.1 കിനാവ്**

**4.5.1.1.1.1.1 ബീപാത്തുഹജ്ജുമ്മ - നഫീസ**

ബീപാത്തുഹജ്ജുമ്മയുടെ മകൻ റഷീദിന്റെ ഭാര്യയാണു നഫീസ. നഫീസയും അമ്മായിഅമ്മയായ ബീപാത്തുഹജ്ജുമ്മയും സ്നേഹത്തോടെ ജീവിക്കുന്നവരാണ്. നഫീസയ്ക്ക് അമ്മായിയമ്മയെ ജീവനാണ്. സ്വന്തം ഉമ്മ യായാണ് അവൾ അവരെ കാണുന്നത്. മകളുടെ വീട്ടിൽ കഴിയുന്ന ഉമ്മയെ നഫീസയും റഷീദും ഇടയ്ക്കു വീട്ടിലേക്കു കൊണ്ടുവരും. ഉമ്മയെ സ്വീകരിക്കാ നായി അവർക്ക് ഇഷ്ടമുള്ള സാധനങ്ങൾ ഒരുക്കിവെക്കും. നഫീസയെ എല്ലാം പഠിപ്പിച്ചതു ബീപാത്തുവാണ്. അവർക്കിടയിൽ നല്ല സൗഹൃദമാണ് ഉള്ളത് എന്ന പരാമർശവും നോവലിൽ ഉണ്ട് (1990:87).

#### 4.5.1.1.1.2 മൊഴി

##### 4.5.1.1.1.2.1 ആയിശുമ്മ - ബുഷ്റ

ആയിശുമ്മയുടെ മൂത്തമകൻ സലാമിന്റെ ഭാര്യാണു ബുഷ്റ. ആയിശുമ്മയും ബുഷ്റയും പരസ്പര ഇഷ്ടത്തോടെയും സഹകരണത്തോടെയുമാണു കഴിയുന്നത്. അമ്മായിഅമ്മയുടെ മനസ്സറിഞ്ഞു പ്രവർത്തിക്കാൻ ബുഷ്റയ്ക്കു കഴിയാറുണ്ട് (1999:118). സ്വന്തം വീട്ടുകാരുടെ പ്രശ്നങ്ങളിൽ ഇടപെടുംപോലെ അവൾ സലാമിന്റെ വീട്ടിലും ഇടപെടുന്നു. ഉമ്മയെ ആശ്വസിപ്പിക്കാനും ശുശ്രൂഷിക്കാനും അവൾ മുൻപിൽ തന്നെ ഉണ്ട്.

#### 4.5.1.1.1.3 ഇരുട്ട്

##### 4.5.1.1.1.3.1 അമ്മായിയമ്മ - മുനീറ

മുഹമ്മദലിയുടെ ഭാര്യയാണു മുനീറ. മുഹമ്മദലിയുടെ ഉമ്മയും മുനീറയും നല്ല ആത്മബന്ധം കാത്തുസൂക്ഷിക്കുന്നവരാണ്. വലിയവീട്ടിൽ എല്ലാ സുഖസൗകര്യങ്ങളോടെയും വളർന്ന മുനീറയ്ക്കു വീട്ടിൽ പ്രയാസങ്ങൾ ഉണ്ടാവാതിരിക്കാൻ ഉമ്മ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അവളെയും അവളുടെ വീട്ടുകാരെയും പരിഗണിക്കാനും വേണ്ടശ്രദ്ധ നൽകാനും ആ ഉമ്മ ശ്രമിക്കുന്നുണ്ട്. സ്വന്തം മകളെപ്പോലെകണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും ആ ഉമ്മയ്ക്കു കഴിയുന്നുണ്ട്. അവ ഉൾക്കൊള്ളാനും അതിനനുസരിച്ചു പ്രവർത്തിക്കാനും മുനീറയും ശ്രമിക്കുന്നു (പു.112-114).

#### 4.5.1.1.1.4 നിലാവ്

##### 4.5.1.1.1.4.1 അമ്മായിയമ്മ - നസീമ

വളരെ ചെറുപ്പത്തിലെ വിവാഹിതയവേണ്ടി വരികയാണു *നിലാവിലെ* നസീമയ്ക്ക്. അവൾ ഭർത്താവിന്റെ വീട്ടിലും നെച്ചിയായി ജീവിക്കാനാണ് ആഗ്രഹിച്ചത്. ഭർത്താവിന്റെ ഉമ്മ അവളെ മകളായി തന്നെ സ്വീകരിക്കു

കയും പരിചരിക്കുകയും ചെയ്തു. ഉമ്മയുള്ള കാലത്തോളം കുട്ടിത്തം വിട്ടുമാറാത്ത നസീമ, നെച്ചിയായിതന്നെ ഭർത്താവിന്റെ വീട്ടിൽ കഴിയുന്നുണ്ട്. ഭർത്താവിന്റെ ഉമ്മ സ്വന്തം മകളെപോലെ അവളെ സ്നേഹിക്കുകയും പരിഗ ണന നൽകുകയും ചെയ്യുന്നു. എന്നാൽ ഉമ്മയുടെ മരണശേഷം അവൾ ഏറെ സങ്കടപ്പെടുകയാണ്. സ്വന്തം ഉമ്മ മരണപ്പെട്ട അതേ അവസ്ഥയായിരുന്നു അവർക്ക്. അമ്മായി അമ്മ മരുമകൾ ബന്ധത്തെക്കാൾ ഉമ്മ-മകൾ ബന്ധമായി രുന്നു അവർക്കിടയിൽ ഉണ്ടായിരുന്നത് (2007:14).

#### 4.5.1.1.1.5 ആകാശഭൂമികളുടെ താക്കോൽ

##### 4.5.1.1.1.5.1 അമ്മായിയമ്മ – ഐഷ

ഐഷാത്തയും ഹുസൈൻഹാജിയുടെ ഉമ്മയും ഉമ്മ മകൾ ബന്ധം കാത്തുസൂക്ഷിക്കുന്നവരായിരുന്നു. സ്വന്തം മകളെപോലെ അവർ മരുമകളെ സ്നേഹിക്കുന്നതായി കാണാം. ഗർഭാവസ്ഥയിലും പ്രസവാനന്തരകാര്യങ്ങളിലു മെല്ലാം മരുമകൾക്കൊപ്പം നിൽക്കുകയും വേണ്ട ശുശ്രൂഷയും നൽകാൻ അവർ ശ്രമിക്കുന്നു. മരുമകളെ പിരിഞ്ഞിരിക്കാൻ അവർ ആഗ്രഹിക്കാത്തതുകൊണ്ടു തന്നെ പ്രസവത്തിനായി ഏഴാം മാസം സ്വന്തം വീട്ടിലേക്കയക്കാൻ വരെ അവർ ഇഷ്ടപ്പെട്ടിരുന്നില്ല എന്നു നോവലിൽ പരാമർശിച്ചുകാണുന്നു (2011:83).

#### 4.5.1.1.1.6 നിഴൽ

##### 4.5.1.1.1.6.1 ശരീഫ – റാബിയ

വിവാഹത്തോടെ ജനിച്ചുവളർന്ന ജീവിതചുറ്റുപാടിൽനിന്നും സംസ്കാര ത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ജീവിതപശ്ചാത്തലത്തിലാണു റാബിയ എത്തപ്പെടുന്നത്. എന്നാൽ ഭർത്താവിന്റെ ഉമ്മ അവളെ നല്ല രീതിയിൽ പരിഗ ണിക്കുന്നുണ്ട്. ഭാഷയുടെയും സംസ്കാരത്തിന്റെയും പേരിൽ വീട്ടിലെ മറ്റുള്ള വർ അവളെ പരിഹസിക്കുമ്പോൾ ഉമ്മയാണ് അവൾക്കു താങ്ങായി നിൽക്കുന്നത്. വീട്ടുകാര്യങ്ങളിലും വീട്ടിലെ ഇതരപ്രശ്നങ്ങളിലുമെല്ലാം

അമ്മായിഅമ്മ അവളെ ഏറെ സഹായിച്ചിരുന്നതായി കാണാം. എന്നാൽ ഉമ്മ യുടെ മരണശേഷം അവൾ തീർത്തും ഒറ്റപ്പെട്ടു പോവുകയും തളരുകയും ചെയ്യുന്നുണ്ട് (2012:54).

#### 4.5.1.1.1.6.2 റാബിയ – റംലത്ത്

മരുമക്കളിൽനിന്നുമുള്ള ചെറിയ തെറ്റുകളെല്ലാം ക്ഷമിച്ച് അവരോടൊപ്പം സന്തോഷത്തോടെ കഴിയാനാണു റാബിയ ശ്രമിക്കുന്നതു നോവലിൽ ഉടനീളം. റംലത്ത് എന്ന മരുമകൾ സാമർത്ഥക്കാരിയാണ്. ഭർത്താവിനെ പാട്ടിലാക്കി തന്റെ ഏതാവശ്യവും നിറവേറ്റാനുള്ള സാമർത്ഥ്യം അവൾക്കുണ്ട്. മകനെ ഉമ്മ യിൽനിന്ന് അകറ്റുമ്പോഴും റാബിയക്കു പരാതിയൊന്നും ഇല്ല. അവർ മക്കൾക്കു വേണ്ടി നിലകൊള്ളുകയാണു ചെയ്യുന്നത്.

#### 4.5.1.1.1.6.3 റാബിയ – നദീറ

ഇഷ്ടമില്ലാത്ത വിവാഹമായിരുന്നു നദീറക്ക് എങ്കിലും അമ്മായിയമ്മയു മായി ഏറെ സന്തോഷത്തോടെയാണ് അവർ കഴിഞ്ഞിരുന്നത്. റാബിയക്കു തണൽ നദീറ എന്ന മരുമകൾ തന്നെ ആയിരുന്നു. തന്റെ മരുമക്കളുടെ ഏതാവശ്യങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കും എതിരുനിൽക്കാത്ത സ്വഭാവമായി രുന്നു റാബിയ എന്ന അമ്മായി അമ്മയ്ക്ക് ഉണ്ടായിരുന്നത്. തന്റെ മരണാസന്നസമയത്തു വീടും തന്റെ ചുമതലകളും റാബിയ ഏൽപ്പിക്കുന്നത് നദീറയെ ആണ്.

### 4.5.1.1.1.7 പ്രകാശത്തിനുമേൽ പ്രകാശം

#### 4.5.1.1.1.7.1 സൈനബ – സമീറ

സത്താറിന്റെ ഭാര്യ സമീറയും അമ്മായി അമ്മയും നല്ല രീതിയിലാണു കുടുംബത്തിൽ വസിക്കുന്നത്. പെൺമക്കളില്ലാത്ത അവർക്കു മകന്റെ ഭാര്യ സ്വന്തം മകളെപോലെയാണ്. അനിയത്തിമാർക്കു സഹോദരിയാണ്. അമ്മായി അമ്മ ഏതവസരത്തിലും അഭിപ്രായം ചോദിക്കുന്നതും സമീറയോടു തന്നെ.

വിദേശത്തു നിന്നെത്തുന്ന മകനും മരുമകൾക്കും കുട്ടികൾക്കുമായി അവർക്കി ഷ്ടമുള്ളതെല്ലാം ഒരുക്കാനും അവരെ സന്തോഷിപ്പിക്കാനും ഉമ്മ ശ്രമിക്കുന്ന തായി കാണാം (2014:168).

#### 4.5.1.1.1.7.2 നബീസ – റുബീന

റയീസിന്റെ ഭാര്യ റുബീനയും അമ്മായിയമ്മയും തമ്മിൽ മാനസിക അടുപ്പം കാത്തുസൂക്ഷിക്കുന്നവരാണ്. റയീസിന്റെ വീട്ടിലെ ചിട്ടവട്ടങ്ങളുമായി പൊരുത്തപ്പെട്ടുപോവാൻ റുബീനയ്ക്കുവളരെ പ്രയാസമായിരുന്നു. നേരത്തെ ഉണരണം കാര്യങ്ങളെല്ലാം ചിട്ടയോടുകൂടി കൈകാര്യം ചെയ്യണം. ക്ലോക്കു നോക്കിയാണു വീട്ടുകാർ ഓരോകാര്യങ്ങളും ചിട്ടപ്പെടുത്തിവെക്കുന്നത്. എന്നാൽ റുബീനയുടെ വീട്ടിൽ നേരെമറിച്ചാണു സ്ഥിതിഗതികൾ. വിപരീത സാഹചര്യത്തിൽ ജീവിച്ചു വളർന്ന രണ്ടുപേർ തമ്മിൽ ഒരുമിച്ചു ജീവിതം ആരംഭിക്കുമ്പോൾ പ്രയാസങ്ങൾ ഒരുപാട് ഉണ്ടാവുന്നതാണെന്ന പേടി റുബീനക്ക് ഉണ്ടായിരുന്നു. എന്നാൽ സ്വന്തം മോളെ പോലെ റുബീനയുടെ അമ്മായിയമ്മ അവളെ ചേർത്തുപിടിച്ചതുകൊണ്ടാണു പ്രയാസങ്ങളും പ്രശ്ന ങ്ങളുമില്ലാതെ താൻ ഇന്നും റയീസിന്റെ ഭാര്യയായി ജീവിക്കുന്നതെന്നു നോവലിൽ പരാമർശിച്ചുകാണുന്നു (2012:133).

### 4.5.1.1.2 ചെറുകഥകളിൽ

#### 4.5.1.1.2.1 ഹാജ്യാരുടെ ഭാര്യ

#### 4.5.1.1.2.1.1 ആയിശുമ്മ – സൈനബ

ഹാജ്യാരുടെ ഭാര്യയായ ആയിശുമ്മ ഭർത്താവിൽനിന്നും വേണ്ട പരിഗണനയോ സ്നേഹമോ ലഭിക്കാതെ എന്നും അസുഖത്തിന് അടിമപ്പെടുകയാണ്. അതുകൊണ്ടു തന്നെ രോഗിയായ ഭാര്യയെ വിട്ട് അയാൾ മറ്റൊരു വിവാഹം കഴിക്കുന്നു. തുടർന്നു മാനസികമായും ശാരീരികമായും ആയിശുമ്മ തളർന്നുപോവുകയാണ്. അപ്പോൾ അവരെ ജീവിതത്തിലേക്കു കൂട്ടി ക്കൊണ്ടുവരുന്നതു സൈനബ എന്ന മരുമകളാണ്. വിദേശത്തേക്കു കൊണ്ടു

പോയി അവരെ പരിപാലിക്കാൻ സൈനബക്കു കഴിയുന്നുണ്ട്. വളരെനല്ല ആത്മബന്ധമുള്ള അമ്മായിഅമ്മ മരുമകൾ ബന്ധമാണു *ഹാജ്യാരുടെ ഭാര്യ* എന്ന കഥയിൽ കാണാൻ കഴിയുന്നത് (2014:156-57).

#### 4.5.1.1.2.2 ആകാശഭൂമികളുടെ താക്കോൽ

ഭർത്താവും വീട്ടുജോലിക്കാരിയും തമ്മിലുള്ള അവിഹിതബന്ധം നേരിൽ കണ്ടു രോഗിയായിത്തീരുന്ന മരുമകളെ തന്റെ മരണം വരെ ചേർത്തുപിടിക്കുന്നത് അമ്മായിയമ്മയാണ്. ഭർത്താവിനെ കാണുമ്പോഴെല്ലാം അവൾക്കു തലകറങ്ങും. അപസ്മാരമിളകും. പിന്നീടങ്ങോട്ട് അവളുടെ കിടപ്പ് അമ്മായിയമ്മയുടെ റൂമിലായി. ഭർത്താവ് അവളെ സ്വന്തം വീട്ടിലേക്ക് അയക്കാൻ തയ്യാറായതുമില്ല.

'ഉമ്മയ്ക്ക് എപ്പോഴും ആധി. ഏറെക്കാലം പിടിച്ചുനിൽക്കാൻ ഉമ്മയുടെ ദുർബല ശരീരത്തിനു കെൽപ്പുണ്ടായിരുന്നില്ല. താമസിയാതെ അവർ പോയി' (2014:57) മരുമകളെ സ്വന്തം മകളെപ്പോലെ നോക്കിയ അവർ ഒടുക്കം മരണത്തിനു കീഴടങ്ങുകയാണ്.

#### 4.5.1.1.3 അനുഭവക്കുറിപ്പുകളിൽ

പരാമർശസൂചനകൾ ഇല്ല.

#### 4.5.1.1.4 ലേഖനസമാഹാരത്തിൽ

സൂചനകൾ ഇല്ല.

#### 4.5.1.2 സംഘർഷതലത്തിൽ

#### 4.5.1.2.1 നോവലുകളിൽ

#### 4.5.1.2.1.1 കിനാവ്

#### 4.5.1.2.1.1.1 ബീപാത്തു ഹജ്ജുമ്മ - ശാഹിദ

ബീപാത്തുഹജ്ജുമ്മയുടെ മൂത്തമകൻ കരീമിന്റെ ഭാര്യ ശാഹിദ സൗന്ദര്യവും സമ്പത്തും വിദ്യാഭ്യാസംകൊണ്ടു സമ്പുഷ്ടയായിരുന്നു. ഒപ്പം

തന്നിഷ്ടക്കാരിയും. പട്ടണത്തിൽ പത്രാസോടെ കഴിഞ്ഞ ശാഹിദയ്ക്ക് ഉള്ളൂർക്കരയിൽ കഴിയാൻ പ്രയാസമായിരുന്നു. ഭർത്താവിന്റെ ഉമ്മയോടും കുടുംബത്തോടും അവൾക്കു പുച്ഛമായിരുന്നുവെന്നു നോവലിൽ പരാമർശിച്ചു കാണുന്നുണ്ട്. ഭർത്താവിന്റെ വീട്ടുകാരുമായി അകന്നിരിക്കാനാണ് അവർ ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടു തന്നെ അമ്മായിയമ്മയിൽനിന്നും കുടുംബത്തിൽനിന്നും മാറി പട്ടണത്തിൽ വീടുവെച്ച് അങ്ങോട്ടുമാറിതാമസിക്കുകയാണ് അവർ (1990 : 76-79).

#### 4.5.1.2.1.1.2 ശാഹിദ - മരുമകൾ

ശാഹിദയുടെ മകൻ സക്കീറിന്റെ ഭാര്യയും ശാഹിദയും തമ്മിൽ സ്വരച്ചേർച്ചയിലല്ല കഴിയുന്നത്. അമ്മായിയമ്മയുടെ ചൊൽപടിക്കുനിൽക്കാൻ താൽപര്യമില്ലാത്തവളാണ് അവൾ. മകനും മരുമകളും വേറെയാണു താമസം. 'മരുമകൾ അമ്മായിയെ വിലവെയ്ക്കുന്ന ടൈപ്പല്ല. ഈ ശിക്ഷ അവൾ തീർച്ചയായും അർഹിക്കുന്നതുതന്നെ.' എന്നാണു ശാഹിദയും മരുമകളും തമ്മിലുള്ള ബന്ധത്തെ നോവലിൽ അവതരിപ്പിച്ചിട്ടുള്ളത് (പു. 77).

#### 4.5.1.2.1.2 ഇരുട്ട്

#### 4.5.1.2.1.2.1 ഐഷ - ആമിന

*ഇരുട്ടിലെ* ആമിനയും അമ്മായിയമ്മയും തമ്മിൽ യാതൊരുതരത്തിലുള്ള സ്നേഹബന്ധവും ഇല്ല. ഭർത്താവിന്റെ ദുർനടപ്പിൽ ജീവിതം ഇരുട്ടിലായിത്തീരുന്ന ആമിനയുടെയും കുടുംബത്തിന്റെയും കഥ പറയുന്ന നോവലായ *ഇരുട്ടിൽ* ആമിനയുടെ ജീവിതം നശിക്കുന്നതിൽ അമ്മായി അമ്മയ്ക്കു നല്ലൊരു പങ്കുണ്ട്. അവർ തമ്മിൽ യാതൊരുതരത്തിലുള്ള ആത്മബന്ധമോ പരസ്പരസഹകരണമോ ഇല്ല. സ്വന്തം മകൻ വഴിതെറ്റിപ്പോവുന്നതിനു കാരണം മരുമകളാണെന്നു വരുത്തിത്തീർക്കാനാണ് അമ്മ ശ്രമിക്കുന്നത്. എന്നാൽ വിവാഹത്തിനുമുമ്പേ മകന്റെ ദുർനടത്തിപ്പ് അറിയാവുന്ന അമ്മ

മകനെ നേർവഴിക്കു നയിച്ചില്ല. മാത്രമല്ല മകന്റെ എല്ലാ തോന്നിവാസങ്ങൾക്കും കൂട്ടുനിൽക്കുന്നതായി കാണാം. വിവാഹജീവിതത്തിന്റെ ആദ്യനാളുകളിൽ തന്നെ ഭർത്താവിനെ മനസ്സിലാക്കുന്ന ആമിന എല്ലാ കാര്യങ്ങളും അമ്മായി അമ്മയോടു പറയുന്നുണ്ട്. പണക്കാരായ ചെറുപ്പക്കാർക്കു ചെറിയ ചുറ്റിക്കളിക ളൊക്കെ ഉണ്ടാവുമെന്നും ഭാര്യമാർ അതൊക്കെ മനസ്സിലാക്കി തഞ്ചത്തിൽ ഭർത്താവിനൊപ്പം നിൽക്കുകയാണു വേണ്ടതെന്നാണ് അവർ മറുപടി പറയു ന്നത്. താനും അങ്ങനെയാണു ഭർത്താവിനോടൊപ്പംനിന്നിരുന്നതെന്നും അവർ പറയുന്നുണ്ട്. എന്നാൽ ആമിക്ക് അത് ഉൾക്കൊള്ളാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. അവൾ ആ വലിയ വീട്ടിൽ തീർത്തും ഒറ്റപ്പെട്ടു പോവുക യാണു ചെയ്യുന്നത്. മരുമകളെയും മകനെയും തെറ്റിക്കാനും പരസ്പരം വിദ്വേഷം വരുത്തിത്തീർക്കാനുമാണ് അമ്മായി അമ്മ ഓരോഘട്ടത്തിലും ശ്രമി ക്കുന്നത് (1995: 93). കൂടാതെ പഠിപ്പും പണവും പത്രാസുമുള്ള മരുമകൾ മകനു സ്വസ്ഥതയും മനസ്സമാധാനവും നൽകാത്തതുകൊണ്ടാണു മകൻ മയക്കുമരു ന്നിന് അടിമയായതെന്നും അവർ വരുത്തിത്തീർക്കാനും ശ്രമിക്കുന്നുണ്ട് (1999:93 –45).

#### 4.5.1.2.1.3 മൊഴി

##### 4.5.1.2.1.3.1 അമ്മായിയമ്മ – ഫാത്തിമ

മകൻ അബ്ദുള്ളയുടെ ഇഷ്ടത്തിനനുസരിച്ചാണു ഫാത്തിമയെ മരുമകളായി അബ്ദുള്ളയുടെ ഉമ്മ സ്വീകരിച്ചത്. ഏറെ സന്തോഷത്തിൽ തന്നെയായിരുന്നു അവരുടെ കുടുംബജീവിതവും. എന്നാൽ തന്റെ മകനെ വിട്ട് ഇഷ്ടാനുസരണം പോയത് ആ ഉമ്മയ്ക്കുതാങ്ങാൻ കഴിയുന്നതിലും അപ്പുറമാ യിരുന്നു. 'ആകുരുത്തം കെട്ടോള് ഓളെ പാട്ടിനു പോട്ടെ. അതു നല്ലതിനാണു കരുതി സമാധാനിക്കാം. നിനക്കു നല്ല തങ്കം പോലത്തെ കുട്ടീനെ ഉമ്മ കണ്ടു വെച്ചിട്ടുണ്ട്. ഞമ്മളെ കാദരാജിന്റെ മോള്. പഠിപ്പും പത്രാസും കൊറവാണെ

ങ്കിലും മുന്തിയ തറവാട്ടുകാരാ. പൈശക്കും കൊറവില്ല'. എന്നായിരുന്നു അവരുടെ പ്രതികരണം (1999:73). മരുമകളെക്കാൾ തന്റെ മകന്റെ ജീവിതത്തി നാണ് ആ ഉമ്മ പ്രാധാന്യം നൽകുന്നത്.

#### 4.5.1.2.1.4 ആകാശഭൂമികളുടെ താക്കോൽ

##### 4.5.1.2.1.4.1 അമ്മായിയമ്മ -സാജിദ

*ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിലെ ഹുസൈൻ ഹാജിയുടെ മൂന്നാംഭാര്യയായ റംലത്തിന്റെ സഹോദരന്റെ മകൾ സാജിദയും അമ്മായി അമ്മയും തമ്മിലുള്ള ബന്ധം നോവലിൽ പരാമർശിച്ചുകാണുന്നുണ്ട് (2011:184). തന്റെ മകനു ഗൾഫിൽ നല്ല ജോലി ലഭിക്കാത്തതും തലവര നേരെ യാവാത്തതും മരുമകൾ കാരണമാണെന്നാണ് ആ ഉമ്മയുടെ പക്ഷം. മരുമകളുടെ വീട്ടിൽ നിന്നും ഓരോ ആവശ്യങ്ങൾക്കായി അവരു പണം കൈപറ്റും. നൽകിയില്ലെങ്കിൽ മകനെ മറ്റൊരു പെണ്ണുകെട്ടിക്കുമെന്നും അവർ ഭീഷണിപ്പെടുത്തുന്നതായും കാണാം. സഹികെട്ടു സാജിദ ഉപ്പയോടൊപ്പം കുടുംബത്തിൽ കഴിയുകയാണ് ചെയ്യുന്നത്.

#### 4.5.1.2.1.5 നിഴൽ

##### 4.5.1.2.1.5.1 റാബിയ - സീനത്ത്

അമ്മായിയമ്മയിൽനിന്നും നല്ല പരിചരണം ലഭിച്ചിരുന്ന റാബിയ തന്റെ മരുമക്കളെയും സ്നേഹിച്ചിരുന്നു. എന്നാൽ തന്റെ വലിയ മരുമകൾ അവളുടെ സ്വാർത്ഥതാൽപര്യാർത്ഥം മകനെയുംകൊണ്ടു വീടു മാറിതാമസിച്ചത് ആ ഉമ്മയ്ക്കു താങ്ങാൻ കഴിയുമായിരുന്നില്ല. തന്റെ മക്കളെല്ലാം തന്നോടൊപ്പം വേണമെന്നായിരുന്നു അവരുടെ ആഗ്രഹം. ആദ്യ മരുമകൾ മാത്രമാണ് അതു തെറ്റിച്ചത്. അതുകൊണ്ട് ആ നീരസം റാബിയക്ക് അവളോടുണ്ടെന്നു കാണാം. എന്നിരുന്നാലും സ്നേഹത്തിനും പരിഗണനക്കും കുറവൊന്നും വരുത്തുന്നില്ല അവർ. അവർക്കിടയിൽ ഒരു വിടവ് എപ്പോഴും ഉണ്ടായിരുന്നു (2012:86).

#### 4.5.1.2.1.5.2 അമ്മായിയമ്മ – മുംതാസ്

നോവലിലെ കഥാപാത്രമായ മുംതാസിനു ഭർത്താവിന്റെ വീട്ടിൽനിന്നും യാതൊരു പരിഗണനയും ലഭിക്കുന്നില്ല. അമ്മായിയമ്മയ്ക്കു മുംതാസി നോടു പുച്ഛമാണ്. അതിനു പ്രത്യേകിച്ചു കാരണമൊന്നും ഇല്ല. ഒറ്റമോളായതു കൊണ്ടു തന്നെ മുംതാസിനെ വളരെ നല്ലരീതിയിൽ ആവശ്യമായ സ്വർണ്ണവും പണവും നൽകിയാണു ഭർത്തൃവീട്ടിലേക്ക് അയക്കുന്നത്. വീട്ടിലെ എല്ലാകാര്യങ്ങളും മുംതാസ് നല്ലരീതിയിൽ കൈകാര്യം ചെയ്യുന്നുമുണ്ട്. എന്നാലും അമ്മായി അമ്മക്കു മരുമകളോട് അവഗണനയും പരിഹാസവുമാ ണ്. പലതരത്തിലുള്ള കുറ്റപ്പെടുത്തലുകളും അവൾക്ക് അമ്മയിൽനിന്നും കേൾക്കേണ്ടിവരുന്നു. ആവശ്യാനുസരണം പണം മരുമോളുടെ വീട്ടിൽനിന്നും കൈവശപ്പെടുത്താൻ ആ സ്ത്രീ ശ്രമിക്കുന്നുണ്ട്. അതിനുമാത്രമാണ് അവൾക്ക് അവളെ ആവശ്യം. അമ്മായി അമ്മയ്ക്കു മുംതാസ് ഒരു കറവപശുവിനെപോലെ ആണെന്നു നോവലിൽ പരാമർശിച്ചു കാണുന്നുണ്ട് (2012:57-59).

### 4.5.1.2.1.6 പ്രകാശത്തിനുമേൽ പ്രകാശം

#### 4.5.1.2.1.6.1 അമ്മായിയമ്മ – സാബിറ

സാബിറയും അമ്മായിയമ്മയും തമ്മിൽ വളരെ സംഘർഷത്തിലൂടെ യാണു ജീവിതം കഴിക്കുന്നത്. ഹബീബുമായി വളരെ നല്ല ആത്മബന്ധവും സ്നേഹവും പുലർത്തിയിരുന്ന ദാമ്പത്യജീവിതമായിരുന്നു. എന്നാൽ ഭർത്താ വിന്റെ അമ്മ കാരണം അവർക്കു പിരിയേണ്ടിവരികയാണ്. വിവാഹാലോചന സമയത്തെ അവർക്കു സാബിറയെ പിടിച്ചിരുന്നില്ല എന്നതാണ്. ഹബീബ് ഇന്റർനെറ്റിലൂടെ പങ്കാളിയെ കണ്ടെത്തിയതായിരുന്നു അതിനു മുഖ്യകാരണം (2012: 25) 'ഇപ്പളത്തെ ഓരോ പരിഷ്കാരങ്ങള്. കമ്പ്യൂട്ടറില് ഫോട്ടവുമിട്ട് ആങ്കു ട്ട്യേളെ ചാക്കിട്ട് പിടിക്കാൻ പെങ്കുട്ട്യേള് തുനിഞ്ഞിറങ്ങിയിരിക്കയല്ലേ. ഇന്റെ ഹബീബാണെങ്കിൽ ഒരു പോയത്തക്കാരൻ അതല്ലേ പെണ്ണിന്റെ ചേലുകണ്ട് ഇക്കല്യാണം മതീന്നും പറഞ്ഞു വാശിപിടിച്ചത്. ഓന്റെ ബാപ്പ ഉണ്ടായിരുന്നെ

ങ്കില് ഓനിതിന് ധൈര്യമുണ്ടാകോ? ഉമ്മാക്ക് പറ്റീതാണെങ്കില് മതീന്ന് ഓൻ വാക്കുതന്നതോണ്ടാ ഒന്നു കണ്ടുനോക്കാമെന്ന് വിചാരിച്ചത്.''(2012:25).

ആ അനിഷ്ടം എന്നും സാബിറയോട് അമ്മായി അമ്മക്ക് ഉണ്ടായിരുന്നു. അവർ ദുബായിൽവന്ന് അവരോടൊപ്പം താമസിച്ചതോടെ അവർക്കിടയിലെ വഴക്കു വർദ്ധിക്കുകയും പിരിയുകയുമാണ് ഉണ്ടായത്.

#### 4.5.1.2.1.6.2 അമ്മായി അമ്മ - സുമയ്യ

സത്താറിന്റെ ഭാര്യ - സമീറയുടെ അമ്മ - സുമയ്യയും അമ്മായി അമ്മയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു നോവലിൽ പരാമർശിക്കുന്നുണ്ട്. സുമയ്യയുടെ വീട്ടുകാർ ഗൾഫു പണംകൊണ്ടു ജീവിതം മെച്ചപ്പെടുത്തി എടുത്തവരായിരുന്നു. അതുകൊണ്ടു തന്നെയാണു തന്റെ മകനെകൊണ്ട് അവരെ വീട്ടുകാർ വിവാഹം കഴിപ്പിക്കുന്നതും. എന്നാൽ മകനെ ഗൾഫിലേക്കു കൊണ്ടുപോയി ജോലിയൊന്നും ശരിയാക്കി കൊടുത്തില്ലെന്നു പറഞ്ഞായി രുന്നു അമ്മായിയമ്മയുടെ ആദ്യപരാതികൾ. അതിനവൾ നിരന്തരം കുറ്റപ്പെടു ത്തലുകൾ കേൾക്കേണ്ടിവരുന്നുണ്ട്. ഗൾഫിൽ പോയി മകൻ പച്ചപിടിച്ചതിനു ശേഷം ഭാര്യയെയും മക്കളെയും അങ്ങോട്ടു കൊണ്ടുപോയതും ഉമ്മയ്ക്കു രസിക്കുന്നില്ല. തന്റെ മകനെ തന്നിൽനിന്നും അകറ്റി എന്നു പറഞ്ഞായിരുന്നു അടുത്ത കുറ്റപ്പെടുത്തലുകൾ. ആദ്യമാദ്യം പ്രതികരിക്കാതിരുന്ന മരുമകൾ സുമയ്യ പിന്നീടു ശക്തമായി അവരുടെ പറച്ചിലുകൾക്കു പ്രതികരിക്കുന്നതായി കാണാം (2012:167).

#### 4.5.1.2.1.6.3 സൈനബ - റോഷീന

റോഷീനയും ഭർത്താവിന്റെ ഉമ്മയായ സൈനും തമ്മിൽ അത്ര സ്വരച്ചേർച്ചയിലല്ല ഉള്ളത്. പുരോഗമനചിന്താഗതിക്കാരിയാണ് സൈനബ. എങ്കിലും തന്റെ മകൻ ഫെയ്സ്ബുക്കിലൂടെ പരിചയപ്പെട്ട പെണ്ണിനെയാണു വിവാഹം കഴിക്കാൻ പോവുന്നതെന്നറിഞ്ഞപ്പോൾ മുതൽ അവർ അസ്വസ്ഥയാ

യിരുന്നു. അത് അവർക്കു താന്തോന്നിത്തരമായിരുന്നു. മൂത്ത മരുമകൾ സമീറ യോടുള്ളത്ര അടുപ്പവും സ്നേഹവും തന്നോടില്ല എന്ന ചിന്തയും റോഷീനയ്ക്ക് ഉണ്ടായിരുന്നു. പ്രത്യക്ഷത്തിൽ അവർക്കിടയിൽ പ്രശ്നങ്ങളില്ലെ ങ്കിലും എന്തോ ഒരു വിടവ് അവർക്കിടയിലുള്ളതായി റോഷീന ചിന്തിക്കു ന്നുണ്ടു നോവലിൽ (2012:73-74).

കൂടാതെ മിശ്രവിവാഹിതരായ ദമ്പതികളുടെ മകളാണു റോഷീന എന്ന റിയുമ്പോൾ അത്തരക്കാരുടെ മകളെ തന്റെ മകൻ കല്യാണം കഴിക്കേണ്ടിവരു ന്നല്ലോ എന്ന ചിന്തയും സൈനുവിനുണ്ട്. അതു പ്രത്യക്ഷത്തിൽ അവർ പ്രകടമാക്കുന്നുമുണ്ടു നോവലിൽ. ഭർത്താവിന്റെയും മകന്റെയും വാക്കുകൾക്കു മുമ്പിൽ സൈനു മൗനം പാലിക്കുകയാണു ചെയ്യുന്നത് (പു.74).

#### 4.5.1.2.1.6.4 അമ്മായിയമ്മ - സാറ

മിശ്രവിവാഹിതരാവുന്ന സാറയും അബ്ദുള്ളയും തമ്മിലുള്ള ബന്ധം അബ്ദുള്ളയുടെ ഉമ്മയ്ക്കു സഹിക്കാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. അത് അംഗീകരിക്കാൻ അബ്ദുള്ളയുടെ അമ്മയ്ക്കു കഴിഞ്ഞിരുന്നില്ല. അതിന്റെ വിടവ് എന്നും അവർക്കിടയിൽ ഉണ്ടായിരുന്നതായി നോവലിൽ പരാമർശിച്ചു കാണാം (2012:177). മരുമകളെ നാട്ടിൽ കൊണ്ടുവന്ന് ഇസ്ലാമും ഈമാനും പഠിപ്പിച്ചു ദീൻ കൂട്ടാം എന്ന ഭർത്താവിന്റെയും പള്ളിഖാളിയു ടെയും അഭിപ്രായത്തിൽ യോജിച്ചുകൊണ്ടാണു സാറയെ അംഗീകരിക്കാൻ ആ അമ്മ തയ്യാറാവുന്നത് (2012:178).

### 4.5.1.2.2 ചെറുകഥകളിൽ

### 4.5.1.2.2.1 നേർച്ചക്കാള

#### 4.5.1.2.2.1.1 ഇയ്യാത്തുമ്മ - ജമീല

കുടുംബത്തിനുവേണ്ടി ജീവിച്ച മകൾ മാനസികരോഗിയായി ത്തീരുകയാണു *നേർച്ചക്കാളയിൽ*. കുഞ്ഞിപ്പാത്തുവാണ് ആ മകൾ. ഇയ്യാത്തു

മ്മയ്ക്കു മകളുടെ കാര്യത്തിൽ എന്നും സങ്കടമാണ്. തന്റെ കാലം കഴിഞ്ഞാൽ ആരായിരിക്കും സുഖമില്ലാത്ത മകൾക്കു കൂട്ടെന്നാണ് അവരുടെ എപ്പോഴെത്തേയും ചിന്ത. മരുമകൾ ജമീല സ്നേഹമില്ലാത്തവളും ദുഷ്ടയുമാണ്. അമ്മായിയമ്മയും നാത്തൂനും അവൾക്കു വീട്ടുജോലിക്കാർ മാത്രമാണ്. തരം കിട്ടുമ്പോഴെല്ലാം കുത്തുവാക്കുകൾ പറഞ്ഞ് അവൾ അമ്മായിയമ്മയെ നോവിക്കുന്നതായും കഥയിൽ കാണാം (2014: 34-39).

#### 4.5.1.2.2.2 ആകാശഭൂമികളുടെ താക്കോൽ

അമ്മായിയമ്മ രോഗിയായി ആശുപത്രിയിൽ കിടക്കുന്നതറിഞ്ഞിട്ടും തിരിഞ്ഞുനോക്കാൻ സമയമില്ലാത്തവളാണ് *ആകാശഭൂമികളുടെ താക്കോലിലെ* മരുമകൾ. മരുമകൾക്കു ക്ലബ്ബും കിറ്റി പാർട്ടിയുമായി അണിഞ്ഞൊരുങ്ങി നടക്കാനാണ് ഇഷ്ടം. അവരെ നോക്കുന്നതും പരിപാലിക്കുന്നതും റസിയ എന്ന അകന്ന ബന്ധത്തിലെ സ്ത്രീയാണ്. അമ്മയ്ക്ക് എന്തെങ്കിലും ആവശ്യം വരുമ്പോഴെല്ലാം തനിക്ക് 'ബാക്ക് പെയിനാ' വെയിറ്റ് എടുക്കരുതെന്നു ഡോക്ടർ പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞ് ഒഴിഞ്ഞുമാറുകയാണു മരുമകളുടെ സ്വഭാവം. പരസ്പരം യാതൊരു സ്നേഹബന്ധവുമില്ലാത്ത അമ്മായിയമ്മയും മരുമകളുമാണ് അവർ (2014: 52-53).

#### 4.5.1.2.3 അനുഭവക്കുറിപ്പുകളിൽ

പരാമർശസൂചനകൾ ഇല്ല.

#### 4.5.1.2.4 ലേഖനസമാഹാരത്തിൽ

പരാമർശസൂചനകൾ ഇല്ല.

## 4.5.2 അമ്മായിയമ്മ - മരുമകൻ ബന്ധം

### 4.5.2.1 സാഹോദര്യതലത്തിൽ

#### 4.5.2.1.1 നോവലുകളിൽ

#### 4.5.2.1.1.1 കിനാവ്

#### 4.5.2.1.1.1 അമ്മായിയമ്മ - ആലിക്കുട്ടിഹാജി

ബീപാത്തുവിന്റെ ഉമ്മയ്ക്കു മരുമകൻ ആലിക്കുട്ടിയെ ബഹുമാനവും ഇഷ്ടവുമായിരുന്നു. തന്റെ മരണസമയത്തും ആലിക്കുട്ടിഹാജി അടുത്തുവേണ മെന്ന് അവർ ആഗ്രഹിച്ചു. തന്റെ മകളുടെ കാര്യമായിരുന്നു ഉമ്മക്കു മരുമകനോടു പറയാനുണ്ടായിരുന്നത്.

'പിയ്യാപ്ലേ, എന്റെ മോക്ക് ബകതരിവായിട്ടില്ല. ഇനി നിങ്ങളാ ഓക്ക് തുണ! ആലിക്കുട്ടിഹാജിയോട് പറഞ്ഞപ്പോൾ ആലിക്കുട്ടി ഹാജി വിതുമ്പികര യുകയാണ് ചെയ്യുന്നത്. ഒരു ഉമ്മ മകൻ ബന്ധം അവർക്കിടയിൽ ഉണ്ടായിരുന്നു (1990: 66).

#### 4.5.2.1.1.2 ഇരുട്ട്

#### 4.5.2.1.1.2.1 ആമിന - മുഹമ്മദ്

ആമിനക്കു മരുമകൻ മുഹമ്മദ് മകനെപ്പോലെയാണ്. ആമിനയും ജമാലും തമ്മിലുള്ള പ്രശ്നങ്ങളും തുടർന്നുള്ള എല്ലാകാര്യങ്ങളും മരുമക നോടു പറയുന്നുണ്ട്. മക്കളെ സൽക്കരിക്കാനും അവരുടെ ഇഷ്ടാനിഷ്ട ങ്ങൾക്കനുസരിച്ചു പെരുമാറാനും അവർ ശ്രമിക്കുന്നുണ്ട്. മറ്റെന്തിനെക്കാളും മകളുടെയും മരുമകന്റെയും സന്തോഷത്തിന് അവൾ പ്രാധാന്യം നൽകുന്നതായി കാണാം (1995: 106-107).

#### 4.5.2.1.1.3 മൊഴി

#### 4.5.2.1.1.3.1 ആയിശുമ്മ - അബ്ദുള്ള

ഫാത്തിമയുടെ ഭർത്താവ് അബ്ദുള്ള ഭാര്യവീട്ടുകാരുമായി നല്ല ആത്മ ബന്ധമുള്ള മരുമകനായിരുന്നു. ഉമ്മയോടും വാപ്പയോടും ആദരവിലും ബഹുമാനത്തിലും സ്നേഹത്തിലും ഇടപെടുന്ന മരുമകൻ. ഫാത്തിമ യിൽനിന്നു പിരിഞ്ഞു കഴിയുമ്പോഴും അബ്ദുള്ള ഉമ്മയെക്കാണാൻ

വീട്ടിലേക്കു പോവാറുണ്ടെന്നു നോവലിൽ കാണാം. ഉപ്പയുടെ മരണ സമയത്തും മറ്റു പ്രയാസഘട്ടങ്ങളിലും ആദ്യ ഭാര്യയുടെ ഉമ്മയെ സമാശ്വസിപ്പിക്കാൻ അബ്ദുള്ള പോവാറുണ്ടായിരുന്നു. ഫാത്തിമയുമായുള്ള ബന്ധം മുറിഞ്ഞെങ്കിലും ഉമ്മ - മരുമകൻ ബന്ധം കാത്തുസൂക്ഷിക്കാൻ അബ്ദുള്ള ശ്രമിച്ചിരുന്നു (1999: 120, 121).

**4.5.2.1.2 ചെറുകഥകളിൽ**

സൂചന ഇല്ല.

**4.5.2.1.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശനസൂചനകൾ ഇല്ല.

**4.5.2.1.4** ലേഖനസമാഹാരത്തിൽ സൂചനകൾ ഇല്ല.

**4.5.2.2 സംഘർഷതലത്തിൽ**

**4.5.2.2.1 നോവലുകളിൽ**

**4.5.2.2.1.1 പ്രകാശത്തിനുമേൽ പ്രകാശം**

**4.5.2.2.1.1.1 സുമയ്യ - സത്താർ**

സത്താറിന്റെ അമ്മായിയമ്മയുമായി സത്താർ അത്ര സുഖകരമായ ബന്ധമല്ല ഉള്ളത്. ചെറുപ്പം മുതലേ സമ്പത്തിന്റെ നെറുകയിൽ വളർന്ന അമ്മായിയമ്മ. ഭാര്യ സുമയ്യക്കു വീട്ടുകാര്യങ്ങളിലൊന്നും ശ്രദ്ധയില്ലായിരുന്നു. എല്ലാ ജോലികൾക്കും ആളുകൾ ഉണ്ട് അവർക്ക്. പണത്തിന്റെ പത്രാസുകാട്ടി നടക്കുന്നവർ, തന്റെ മക്കളെ അവരെ ഏൽപ്പിച്ചു പുറത്തു പോവാൻവരെ സത്താറിനു ഭയമായിരുന്നു എന്നു പരാമർശിച്ചുകാണുന്നുണ്ട് (2012: 168-69).

**4.5.2.2.1.2** മറ്റു നോവലുകളിൽ സൂചനകൾ ഇല്ല.

**4.5.2.2.2 ചെറുകഥകളിൽ**

ചെറുകഥകളിലും സൂചനകൾ ഇല്ല.

#### 4.5.2.2.3 അനുഭവക്കുറിപ്പുകളിൽ

പരാമർശസൂചനകൾ ഇല്ല.

#### 4.5.2.2.4 ലേഖനസമാഹാരത്തിൽ

സൂചനകൾ ഇല്ല.

### 4.5.3 അമ്മായിയച്ഛൻ - മരുമകൾ ബന്ധം

#### 4.5.3.1 സാഹോദര്യതലത്തിൽ

#### 4.5.3.1.1 നോവലുകളിൽ

#### 4.5.3.1.1.1 ഇരുട്ട്

#### 4.5.3.1.1.1.1 അമ്മായിയച്ഛൻ - മുനീറ

മുനീറയ്ക്കു ഭർത്താവിന്റെ ഉപ്പയിൽനിന്നും സ്വന്തം ഉപ്പയുടെ സ്ഥാനത്തുനിന്നുമുള്ള പരിഗണനയും സ്നേഹവും ലഭിക്കുന്നതായി കാണാം. അവരുടെ സന്തോഷത്തിലും സങ്കടത്തിലും ഉപ്പയും പങ്കുകൊള്ളുന്നുണ്ട്. (പു.130) മരുമകൾക്കു വീട്ടിൽ യാതൊരു പ്രയാസവും ഉണ്ടാവാതിരിക്കാൻ അയാൾ ശ്രദ്ധിക്കുന്നതായി സൂചനയുണ്ട്.

#### 4.5.3.1.1.2 നിഴൽ

#### 4.5.3.1.1.2.1 അസൈനാരുഞ്ഞും - മരുമക്കളും

അസൈനാരുകുഞ്ഞെന്ന അമ്മായിയച്ഛനു തന്റെ മൂന്നു മരുമക്കളോടും പ്രത്യേക അടുപ്പമോ അകൽച്ചയോ ഇല്ല. അവരെ അവരുടെ ഇഷ്ടാനുസരണം ജീവിക്കാൻ അനുവദിക്കണമെന്നാണ് അസൈനാരുകുഞ്ഞ് വിശ്വസിക്കുന്നത്. വീട്ടിലേയ്ക്കു വേണ്ട എല്ലാ കാര്യങ്ങളും ആ ഉപ്പ ചെയ്തുകൊടുക്കുന്നുണ്ട്. എന്നാൽ മരുമക്കളുടെ ഇഷ്ടാനിഷ്ടങ്ങളിലോ അവരുടെ ജീവിതത്തിലോ ഇടപെടലുകൾ നടത്താതെ വളരെ സൗഹൃദപരമായ ബന്ധം എല്ലാവരുമായി കാത്തുസൂക്ഷിക്കാനാണ് അയാൾ ശ്രമിക്കുന്നത്. സീനത്ത്, റംലത്ത്, നദീറ എന്നീ മൂന്നു മരുമക്കളാണ് അയാൾക്ക് ഉള്ളത്.

#### 4.5.3.1.1.3 പ്രകാശത്തിനുമേൽ പ്രകാശം

##### 4.5.3.1.1.3.1 ഷംസുദ്ദീൻ – സമീറ

സത്താറിന്റെ ഭാര്യ സമീറയെ വീട്ടിലെല്ലാവർക്കും ഇഷ്ടമാണ്. അമ്മായി അച്ഛനും സമീറയും തമ്മിൽ വളരെ നല്ലബന്ധം കാത്തുസൂക്ഷിക്കുന്നവരാണ്. പെൺമക്കളില്ലാത്ത അവർക്കു മരുമകൾ സമീറ മകളെപ്പോലെയാണ് (2012: 168) എന്ന് സൂചനയുണ്ട് നോവലിൽ.

##### 4.5.3.1.1.3.2 ഷംസുദ്ദീൻ – റോഷീന

റഫീഖിന്റെ ഭാര്യ റോഷീനയും ഉപ്പയും തമ്മിൽ സൗഹൃദം നോവലിലുണ്ട്. റഫീഖും റോഷീനയും ഫെയിസ് ബുക്കിലൂടെ പരിചയപ്പെട്ടാണു വിവാഹജീവിതത്തിലേക്കു കടക്കുന്നത്. അത് അംഗീകരിക്കാൻ റഫീഖിന്റെ വീട്ടുകാർക്കു പ്രയാസമായിരുന്നു. എന്നാൽ പുരോഗമനചിന്തയുള്ള ഉപ്പമാത്രമാണ് അവളെ അംഗീകരിക്കാൻ തയ്യാറുള്ളത്. മറ്റുള്ള പലരുമായും ആ വിടവ് ഉണ്ടെങ്കിലും ഉപ്പയുമായി അവൾ ആത്മബന്ധം കാത്തുസൂക്ഷിക്കുന്നതായി കാണാം (2012:173-74).

##### 4.5.3.1.1.3.3 റഷീദ് – റുബീന

റുബീനയും റയീസിന്റെ ഉപ്പയും തമ്മിൽ നല്ല ബന്ധം കാത്തുസൂക്ഷിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. റുബീനയുടെ ഉപ്പയും ഉമ്മയുമായി റയീസിന്റെ ഉപ്പയ്ക്ക് അത്ര അടുപ്പമില്ല. ഗൾഫ് പണംകൊണ്ടു പെരുമ കാണിക്കുന്നവരാണു തന്റെ വീട്ടുകാരെന്ന ആക്ഷേപമാണ് ഉപ്പയ്ക്ക് ഉള്ളത്. റയീസിന്റെ വീട്ടുകാർക്കു നാടെങ്ങും അറിയപ്പെടുന്ന പ്രമാണിമാരും വിദ്യാസമ്പന്നരുമാണ്. വീട്ടുകാർക്കിടയിൽ പ്രശ്നങ്ങളുണ്ടെങ്കിലും മരുമകളെ സ്വന്തം മകളായിക്കണ്ടു പരിപാലിക്കുന്നതായി റുബീന തന്നെ നോവലിൽ പരാമർശിക്കുന്നുണ്ട് (2012:139). റഷീദ് മകൾക്കു വാങ്ങിനൽകുന്നതെല്ലാം മരുമോൾക്കും നൽകും. മക്കൾക്കിടയിൽ വേർതിരിവു വരുത്താതിരിക്കാൻ റഷീദ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

**4.5.3.1.2 ചെറുകഥകളിൽ**

ചെറുകഥകളിൽ പരാമർശ സൂചനകൾ ഇല്ല.

**4.5.3.1.3 അനുഭവക്കുറിപ്പുകളിൽ**

സൂചനകൾ ഇല്ല.

**4.5.3.1.4 ലേഖനസമാഹാരത്തിൽ**

സൂചന ഇല്ല.

**4.5.3.2 സംഘർഷതലത്തിൽ**

**4.5.3.2.1 നോവലുകളിൽ**

പരാമർശസൂചനകൾ ഇല്ല.

**4.5.3.2.2 ചെറുകഥകളിൽ**

പരാമർശസൂചനകൾ ഇല്ല

**4.5.3.2.3 അനുഭവക്കുറിപ്പുകളിൽ**

സൂചനകൾ ഇല്ല.

**4.5.3.2.4 ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല.

**4.5.4 അമ്മായിയച്ഛൻ - മരുമകൻ ബന്ധം**

**4.5.4.1 സാഹോദര്യതലത്തിൽ**

**4.5.4.1.1 നോവലുകളിൽ**

**4.5.4.1.1.1 കിനാവ്**

**4.5.4.1.1.1.1 കരീം - മരുമകൻ**

ഭാര്യയിൽനിന്നും ആൺമക്കളിൽനിന്നും വേണ്ടത്ര പരിഗണനയോ ശുശ്രൂഷയോ രോഗിയായ കരീമിനു ലഭിക്കുന്നില്ല. എന്നാൽ സുഹൃത്തിന്റെ മകനും മകൾ നദീറയുടെ ഭർത്താവുമായ മരുമകൻ ഉപ്പയുടെ നിസ്സഹായാവസ്ഥ മനസ്സിലാക്കുന്നു. ഭാര്യയെ ഉപ്പയുടെ കാര്യങ്ങൾ അന്വേഷി ക്കുന്നതിനായി അവളുടെ വീട്ടിൽ നിർത്തുകയും ഉപ്പയോടൊപ്പം താമസിക്കു

കയും ചെയ്യുന്നുണ്ട്. മകളെക്കൂടി താൻ കൊണ്ടുപോയാൽ ഉപ്പ ആ വീട്ടിൽ തീർത്തും ഒറ്റപ്പെട്ടുപോവുമെന്ന് അയാൾ മനസ്സിലാക്കുന്നുണ്ട്. അതിനനുസ രിച്ചു പെരുമാറാനും അയാൾ ശ്രമിക്കുന്നുണ്ട് (1990:76-77).

#### 4.5.4.1.1.2 മൊഴി

##### 4.5.4.1.1.2.1 കോയക്കുട്ടിമാഷ് - അബ്ദുള്ള

ഫാത്തിമയുടെ ഭർത്താവും അവളുടെ ഉപ്പയും തമ്മിൽ വളരെനല്ല ആത്മ ബന്ധം കാത്തുസൂക്ഷിക്കുന്നവരായിരുന്നു. വിദ്യാസമ്പന്നനും വിദേശിയുമായ മരുമകനെ ലഭിച്ചതിൽ അയാൾ അതിരറ്റു സന്തോഷിക്കുകയും ചെയ്തിരുന്നു. നാട്ടിൽ വരുമ്പോഴെല്ലാം സ്വന്തം മകനെപ്പോലെ അയാൾ മരുമകനെ സ്നേഹി ക്കുകയും പരിഗണിക്കുകയും ചെയ്യുന്നതായി കാണാം. ഉപ്പാക്കു വേണ്ട വിദേശ വസ്തുക്കൾ കൊണ്ടുവരാൻ മരുമകനും ശ്രദ്ധിക്കുമായിരുന്നു. മകളെ നല്ലനില യിൽ മരുമകൻ അന്വേഷിക്കുന്നതു കണ്ട് അവർ ഏറെ സന്തോഷിക്കുകുയും ചെയ്തിരുന്നു. അതുകൊണ്ടു തന്നെയാണ് മകൾ ഭർത്താവുമായി പിരിഞ്ഞു വിവാഹബന്ധം വേർപെടുത്തിയത് ആ ഉപ്പായ്ക്കു താങ്ങാൻ കഴിയാതെ വന്നതും ഹൃദയംപൊട്ടി മരിക്കുന്നതും.

#### 4.5.4.1.1.3 നിഴൽ

##### 4.5.4.1.1.3.1 പോക്കരാജി - അസനാര്കുഞ്ഞ്

അസനാരുകുഞ്ഞും റാബിയയുടെ ഉപ്പയും തമ്മിൽ വളരെ നല്ല ആത്മ ബന്ധം കാത്തുസൂക്ഷിക്കുന്നവരാണ്. തന്റെ മകളെ നല്ലനിലയിൽ പുലർത്തും അസനാരുകുഞ്ഞ് എന്ന ഉത്തമബോധ്യമുള്ളതുകൊണ്ടാണു വഴിദൂരമായിരു ന്നിട്ടും റാബിയയെ അസനാരുകുഞ്ഞുമായി വിവാഹം കഴിപ്പിച്ചയക്കുന്നത്. അതിനു തെറ്റൊന്നും വരാതിരിക്കാൻ അസനാരുകുഞ്ഞു ശ്രമിക്കാറുമുണ്ട്. ഭാര്യയെ രാജകുമാരിയെപ്പോലെ വാഴിക്കണമെന്നാണ് അയാളും ആഗ്രഹിക്കു

ന്നത്. ഭാര്യയുടെ പിതാവിനോടുള്ള ഇഷ്ടവും ബഹുമാനവും അസനാരുകുഞ്ഞ് ഭാര്യയോടും കാണിക്കുന്നതായും സൂചനയുണ്ട് (പു.53, 54).

**4.5.4.1.1.4 മറ്റു നോവലുകളിൽ സൂചനകൾ ഇല്ല.**

**4.5.4.1.2 ചെറുകഥകളിൽ**

പരാമർശസൂചനകൾ ഇല്ല.

**4.5.4.1.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശസൂചനകൾ ഇല്ല

**4.5.4.1.4 ലേഖന സമാഹാരത്തിൽ**

സൂചനകൾ ഇല്ല.

**4.5.4.2 സംഘർഷതലത്തിൽ**

**4.5.4.2.1 നോവലുകളിൽ**

**4.5.4.2.1.1 കിനാവ്**

**4.5.4.2.1.1.1 സൈതൂട്ടി ഹാജി – ആലിക്കുട്ടി**

ആദ്യമാദ്യം മരുമകനും അമ്മോശനും തമ്മിൽ വളരെ അടുത്ത ബന്ധമായിരുന്നു ഉണ്ടായിരുന്നത്. തന്റെ മകൾ തന്നോടൊപ്പം എന്നുമുണ്ടാവണം എന്ന ആഗ്രഹവും സ്വത്തുക്കൾ പുറത്തു പോവാതിരിക്കാനും കൂടിയാണു സൈതൂട്ടി ഹാജി മരുമകനായി ആലിക്കുട്ടിയെകൊണ്ടു മകൾ ബീപാത്തുമ്മയെ കല്യാണം കഴിപ്പിച്ചത്. അമ്മാവൻ മരുമകൻ ബന്ധം സ്വത്തിന്റെ വിഷയം പറഞ്ഞു പിരിയുകയായിരുന്നു (1990:38) അന്നു തൊട്ടു മരണം വരെ രണ്ടുപേരും പരസ്പരം പോരടിച്ചു ജീവിക്കുന്നതാണു നോവലിലുടനീളം കാണാൻ കഴിയുന്നത്.

**4.5.4.2.1.2 ഇരുട്ട്**

**4.5.4.2.1.2.1 ഹസ്സൻ – ജമാൽ**

ആമിനയുടെ പിതാവും മരുമകൻ ജമാലും തമ്മിൽ തുടക്കത്തിൽ വളരെ

നല്ല ആത്മബന്ധത്തിലൂടെയാണു നോവലിൽ കടന്നു പോയിരുന്നത്. ബാപ്പ വീട്ടിൽവരുമ്പോഴും അയാൾ അവളുടെ വീട്ടിൽ പോവുമ്പോഴുമെല്ലാം വളരെ നല്ല ആത്മബന്ധം കാത്തുസൂക്ഷിക്കാൻ അയാൾ ശ്രമിച്ചിരുന്നു. വീട്ടിൽ വരുമ്പോൾ സൽക്കാരത്തിനും കുറവില്ലായിരുന്നു. തന്റെ പതിവുകളെല്ലാം മാറ്റിവച്ചു നല്ല മരുമകനായി അമ്മോസന്റെ മുമ്പിൽ എത്തുമായിരുന്നു (1999 : 29). എന്നാൽ തന്റെ മകളുമായിട്ട് ഉള്ള പ്രശ്നങ്ങൾ അറിഞ്ഞതുകാരണം മരുമകനുമായി ചേർന്നുപോവാൻ അയാൾക്കു കഴിയുന്നില്ല. അവൻ മൊഴി ചൊല്ലിയാൽ നാളെ പിറ്റന്നു മകളെ മറ്റൊരുത്തനു വിവാഹം ചെയ്തയക്കും എന്നായിരുന്നു അയാളുടെ പക്ഷം. പിന്നീടൊരിക്കലും മരുമകനുമായി ഒത്തുപോവാൻ അയാൾക്കു സാധിച്ചിട്ടില്ല.

#### 4.5.4.2.1.2.2 ഹസ്സൻഹാജി – കരീം

ഹസ്സനാജിയുടെ രണ്ടാമത്തെ മകൾ സഫിയയുടെ ഭർത്താവാണു കരീം. കരീമിനു ഭാര്യ വീട്ടുകാർ പണം നേടാനുള്ള ഒരു വഴിമാത്രമാണ്. കരീമിനും അമ്മോസൻ ഹസ്സനാജിക്കും ഇടയിൽ വലിയ പ്രശ്നങ്ങളൊന്നുമില്ലെങ്കിലും അത്ര അടുപ്പവും ഇല്ല. മകളുമായി അടിപിടികൂടുന്നതും അവളെ വെച്ചു പണം ചോദിക്കുന്നതുമൊന്നും അയാൾക്ക് ഇഷ്ടമല്ല. അതുതന്നെയാണ് അവർക്കിടയിലുള്ള വിടവിനു കാരണവും എന്നു കാണാം (1995:39-40).

#### 4.5.4.2.1.3 ആകാശഭൂമികളുടെ താക്കോൽ

#### 4.5.4.2.1.3.1 ഉപ്പ – ഹുസൈൻഹാജി

ഹുസൈൻഹാജിയും നൂറുവിന്റെ വാപ്പയും മരുമകൻ ഉപ്പ ബന്ധത്തെക്കാൾ മുതലാളി തൊഴിലാളി ബന്ധമായിരുന്നു. ഉപ്പയ്ക്കു മരുമകനെ ഭയമായിരുന്നു. സമ്പത്തിലുള്ള ഏറ്റക്കുറച്ചിലാണ് അതിനുകാരണം. മരുമകനു മുമ്പിൽ നിവർന്നു നിൽക്കാനുള്ള കരുത്തുപോലും നൂറുവിന്റെ ഉപ്പാക്ക് ഇല്ലായി

രുന്നു. എപ്പോഴും ഭവ്യതയോടെ മാത്രമാണ് അയാൾ മരുമകനോട് ഇടപെട്ടിരുന്നത് (2011-70).

**4.5.4.2.1.4 നിഴൽ**

**4.5.4.2.1.4.1 അസൈനാരുകുഞ്ഞ് - ഷഹീദ്**

റാബിയയുടെയും അസൈനാരുകുഞ്ഞിന്റെയും ഒറ്റമകളാണു മുംതാസ്. അവളുടെ ഭർത്താവ് ഷഹീദ്. വളരെ സന്തോഷത്തോടെ തന്റെ മകളെ കല്യാണം കഴിപ്പിച്ചയച്ചുവെങ്കിലും ഭർത്താവിൽനിന്നും കുടുംബത്തിൽനിന്നും തങ്ങളുടെ മകൾക്കു സ്നേഹമോ പരിഗണനയോ ലഭിക്കുന്നില്ല എന്ന വാസ്തവം അസൈനാരുകുഞ്ഞു മനസ്സിലാക്കുന്നുണ്ട്. പണം സമ്പാദിക്കാനുള്ള ഒരു ഉപാധി ആയിട്ടുമാത്രമാണു ഷഹീദ് തന്റെ മകളെ കാണുന്നതെന്ന് ഉപ്പ മനസ്സിലാക്കുന്നു. മകളുടെ ഭർത്താവായതുകൊണ്ടു മാത്രമാണ് ഇഷ്ടമില്ലാഞ്ഞിട്ടുകൂടി അസൈനാർകുഞ്ഞു മരുമകനെയും കുടുംബത്തെയും പരിഗണിക്കുന്നത്. അവർക്കിടയിൽ മാനസികമായ ഐക്യമോ ആത്മബന്ധമോ ഇല്ല എന്നു കാണാം (2012:61,62).

**4.5.4.2.1.5** മറ്റു നോവലുകളിൽ സൂചനകൾ ഇല്ല

**4.5.4.2.2 ചെറുകഥകളിൽ**

സൂചനകൾ ഇല്ല.

**4.5.4.2.3 അനുഭവക്കുറിപ്പുകളിൽ**

**4.5.4.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ**

**4.5.4.2.3.1.1 മൊയ്തുഹാജി - മമ്മദ്കുട്ടിഹാജി**

മൊയ്തുഹാജിയുടെ മകളുടെ ഭർത്താവാണു മമ്മദ്ഹാജി. രണ്ടുപേർക്കുമിടയിൽ എല്ലായിപ്പോഴും പ്രശ്നങ്ങളായിരുന്നു. സ്വരച്ചേർച്ചയോടെ ആയിരുന്നില്ല അവർ കഴിഞ്ഞിരുന്നത്. രണ്ടുപേർക്കും മൂക്കത്തായിരുന്നു

അരിശം. സ്വത്തുമായി ബന്ധപ്പെട്ട് എന്നും കോടതിയും കേസുമായി നടക്കുക യായിരുന്നു പതിവ് എന്നെല്ലാമുള്ള സൂചനകൾ ഉണ്ട് (2015: 14, 15).

**4.5.4.2.4 ലേഖനസമാഹാരത്തിൽ**

പരാമർശസൂചനകൾ ഇല്ല.

**4.5.5 നാത്തൂൻമാർ തമ്മിലുള്ള ബന്ധം**

**4.5.5.1 സാഹോദര്യതലത്തിൽ**

**4.5.5.1.1 നോവലുകളിൽ**

**4.5.5.1.1.1 കിനാവ്**

**4.5.5.1.1.1.1 ബീപാത്തു – കുഞ്ഞിബീവി**

*കിനാവിൽ* ബീപാത്തുവിന്റെ സഹോദരൻ മൊയ്തുവും ഭാര്യ കുഞ്ഞി ബീവിയും കഥാപാത്രങ്ങളാണ്. കുഞ്ഞിബീവി പാത്തുവിന്റെ നാത്തൂനാണ്. സഹോദരന്റെ ഭാര്യ. മൊയ്തു വിവാഹം കഴിക്കുന്നതിനു മുമ്പേ സഹോദരിയു മായി വളരെ നല്ല ആത്മബന്ധമായിരുന്നു പുലർത്തിയിരുന്നത്. എന്നാൽ വിവാഹശേഷം 'ഞാനും എന്റെ ഓളും തട്ടാനും' എന്ന രീതിയിലാണ് അവർ കഴിയുന്നതെങ്കിലും ബീപാത്തുവുമായി നല്ല ബന്ധത്തിലാണു നാത്തൂനും സഹോദരനും കഴിയുന്നത് എന്ന സൂചനയുണ്ട് (1996 : 92,93).,

**4.5.5.1.1.2 മൊഴി**

**4.5.5.1.1.2.1 ഫാത്തിമ – ബുഷ്റ**

ഭർത്താവിനാൽ മൊഴിചൊല്ലപ്പെട്ടു വീട്ടിലെത്തിയ ഫാത്തിമയ്ക്കു തുണയാവുന്നതു നാത്തൂനായ ബുഷ്റയാണ്. ബുഷ്റക്കു ഫാത്തിമയുടെ ദുസ്സഹാവസ്ഥ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഫാത്തിമയ്ക്കുപലപ്പോഴും ആശ്വാസമാവുന്നതും ബുഷ്റ തന്നെ (1999:139) സഹോദരങ്ങൾ ഫാത്തിമയെ

ചീത്ത പറയുമ്പോൾ മൗനമായി ബുഷ്റ ഫാത്തിമയെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

#### 4.5.5.1.1.3 ആകാശഭൂമികളുടെ താക്കോൽ

##### 4.5.5.1.1.3.1 റംലത്ത് – നാത്തൂൻ

സ്വന്തം കുടുംബത്തിന്റെയും കുട്ടികളുടെയും ജീവിതം കരുപിടിപ്പിക്കാൻ വേണ്ടിയാണു റംലത്ത് ഹുസൈൻ ഹാജിയുടെ മൂന്നാംഭാര്യയായി ചോനക്കാ പറമ്പിലേക്ക് എത്തുന്നത്. എന്നാൽ മക്കൾക്കടക്കം ഉമ്മ സുഖം തേടിപ്പായ താണ് എന്നാണു ചിന്ത. എല്ലാവർക്കും പണം മാത്രം മതി. മക്കൾ കിട്ടുന്ന പണം കൊണ്ടു ധൂർത്തടിച്ചു കഴിയുന്നു. സഹോദരനെയും നാത്തൂനേയുമാണു തന്റെ മക്കളെ ഏൽപ്പിച്ചു റംല ഭർത്തൃവീട്ടിലേക്കു പോവുന്നത്. എന്നാൽ നാത്തൂനു മക്കളെ നേർവഴിക്കാക്കാൻ കഴിയുന്നില്ല. മക്കളുടെ ദുർനടപ്പിൽ സഹോദരൻ സങ്കടം പറയുമ്പോഴും നാത്തൂനെ സമാധാനിപ്പിക്കാനാണു നാത്തൂൻ ശ്രമിക്കുന്നത്. തന്റെ നിസ്സഹായാവസ്ഥ ഏറ്റവും കൂടുതൽ അറിയുന്നതും സഹോദരഭാര്യയായ നാത്തൂനാണ്. പ്രശ്നങ്ങൾക്കു നടുവിൽ ഭർത്താവിനോട് 'ഇങ്ങള് അതുമിതും പറഞ്ഞ് ഓളെ വെശമിപ്പിക്കണ്ട' എന്നു പറഞ്ഞു സമാശ്വസിപ്പിക്കുന്നുണ്ട് (2008:181).

#### 4.5.5.1.1.4 നിഴൽ

##### 4.5.5.1.1.4.1 റാബിയ–ലൈല

വീട്ടിൽ മക്കളും മരുമക്കളും തമ്മിലുള്ള പ്രശ്നങ്ങളും ശാരീരികാസ്വാസ്ഥതകളും കൊണ്ടു പൊറുതിമുട്ടുമ്പോൾ റാബിയക്ക് അത്താണിയായി അവളെ സമാശ്വസിപ്പിക്കുന്നതു നാത്തൂനായ ലൈലയാണ് (2012: 89–190). തന്റെ സങ്കടങ്ങൾ റാബിയ ആരോടും പങ്കുവെക്കുന്നില്ലെങ്കിലും ലൈല എന്ന നാത്തൂനോട് എല്ലാം തുറന്നു പറഞ്ഞു മനസ്സൊന്നാശ്വസിക്കാൻ അവർക്കു കഴിയുന്നുണ്ട്. വളരെ നല്ല ആത്മബന്ധമുള്ള നാത്തൂൻമാരെയാണു നോവലിൽ കാണാൻ കഴിയുന്നത്.

#### 4.5.5.1.1.5 ഇരുട്ട്

##### 4.5.5.1.1.5.1 മുനീറ - ജമീല

ആമിനയുടെ മകൾ മുനീറയെ വിവാഹം കഴിച്ചയക്കുന്നത്. തങ്ങളെക്കാൾ സാമ്പത്തികശേഷികുറഞ്ഞ കുടുംബത്തേക്കാണ്. അവിടെ അവൾക്ക് ഒറ്റ നാത്തൂന്നാണ് ഉള്ളത് ജമീല. സമ്പന്നകുടുംബത്തിൽനിന്നും വന്ന മുനീറയ്ക്കു ഭർത്താവിന്റെ വീട്ടിൽ പൊരുത്തപ്പെട്ടു പോവാൻ ഏറെ പ്രയാസമുണ്ടെങ്കിലും ആ കുടുംബത്തിലെ ഓരോ അംഗത്തിന്റെയും സ്നേഹ പൂർവ്വമായ പെരുമാറ്റം അവളെ മാറ്റിയെടുക്കുകയാണ്. ജമീല അവളെ നാത്തൂ നായിട്ടല്ല കാണുന്നത്. അവർ തമ്മിൽ നല്ല സുഹൃത്തുക്കളും സഹോദരിബന്ധം കാത്തുസൂക്ഷിക്കാനും അതിനനുസരിച്ച് ഇടപെടലുകൾ നടത്താനുമാണു ശ്രമിക്കുന്നത്. രണ്ടുപേരും വളരെ സ്നേഹത്തോടെ മുന്നോട്ടുപോവുന്നതായി നോവലിൽ കാണാം (1995: 125-126).

#### 4.5.5.1.2 ചെറുകഥകളിൽ

സൂചനകൾ ഇല്ല

#### 4.5.5.1.3 അനുഭവക്കുറിപ്പുകളിൽ

സൂചനകൾ ഇല്ല.

#### 4.5.5.1.4 ലേഖനസമാഹാരത്തിൽ

സൂചനകൾ ഇല്ല.

### 4.5.5.2 സംഘർഷതലത്തിൽ

#### 4.5.5.2.1 നോവലുകളിൽ

#### 4.5.5.2.1.1 ആകാശഭൂമികളുടെ താക്കോൽ

##### 4.5.5.2.1.1.1 നൂർജഹാൻ - റസീന

നൂറുവിന്റെ നാത്തൂൻ റസീനയ്ക്കും നൂറുവീട്ടിലേക്കു വരുന്നത് അതൃപ്തിയാണ്. ഭർത്താവുമായി നാത്തൂൻ പിണങ്ങിവന്നാൽ പ്രയാസത്തിലാ

വുന്നത് താനും ഭർത്താവുമാണെന്ന് അവൾ ചിന്തിക്കുന്നു. നൂറുവിന്റെ ഭർത്താവിന്റെ കാരുണ്യം കൊണ്ടാണു ഭർത്താവു മെച്ചപ്പെട്ടതെന്നു റസീനക്കറിയാം. അതുകൊണ്ടുതന്നെ നൂറു പിണങ്ങി സ്വന്തം വീട്ടിലേക്കു വരുമ്പോൾ റസീന നല്ല സ്വീകരണമല്ല നൂറുവിനു നൽകുന്നത്. എന്നാൽ അവൾ തിരിച്ചുപോവുന്നുവെന്നറിയുമ്പോൾ സന്തോഷത്തോടെ ഇടപെടാനും അവൾക്കറിയാം. സ്വന്തം നിലനിൽപ്പു മാത്രമാണു റസീനക്കു നാത്തൂന്റെ ജീവിതത്തെക്കാളും സന്തോഷത്തെക്കാളും വലുത് (2008:70, 73).

#### 4.5.5.2.1.2 നിഴൽ

##### 4.5.5.2.1.2.1 നദീറ - നാത്തൂൻ

ഒരുതെറ്റുംചെയ്യാതെ ഭർത്താവിന്റെ വീട്ടിൽനിന്നും ആട്ടിയിറക്കുന്ന നദീറ സ്വന്തം വീട്ടിൽ അഭയം പ്രാപിക്കുമ്പോൾ അവളുടെ നാത്തൂന് അത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. നാത്തൂനും മക്കളും വീട്ടിൽ വന്നതു തങ്ങളുടെ സ്വകാര്യജീവിതം തകർക്കുമെന്ന് അവർ ചിന്തിക്കുകയും നാത്തൂന് അവരുടെ ഭർത്താവിനെ ഇഷ്ടമില്ലെന്നും അനാവശ്യമായി പ്രശ്നങ്ങളുണ്ടാക്കി വന്നിരിക്കയാണെന്നും പറഞ്ഞു സഹോദരനെയും അവൾക്കെതിരെ തിരിക്കുകയും ചെയ്യുന്നു. നദീറയോടു ഭർത്തൃവീട്ടിലേക്കു മടങ്ങിപ്പോവാൻ നിർബന്ധിക്കുകയും ചെയ്യുന്നുണ്ട് അവർ. നാത്തൂന്റെ പ്രശ്നമെന്തെന്നു ചോദിച്ചറിയാനോ സമാശ്വസിപ്പിക്കാനോ അവർ ശ്രമിക്കുന്നില്ല (2012:211).

#### 4.5.5.2.1.3 പ്രകാശത്തിനുമേൽ പ്രകാശം

##### 4.5.5.2.1.3.1 സൈനബ- സുലേഖ

സൈനബയുടെ സഹോദരൻ ഖാദറിന്റെ ഭാര്യ സുലേഖയും സൈനബയും തമ്മിൽ അത്ര രസത്തിലല്ല. അതിനുകാരണം സൈനബയും ഖാദറും തമ്മിലുള്ള ആത്മബന്ധമാണ്. സൈനബ സഹോദരങ്ങൾക്കു പ്രിയപ്പെട്ടവളാണ്. സൈനബയുടെ ഗുണഗണങ്ങൾ പറയുന്നതു സുലേഖ

സൈനബയെ കാണുമ്പോൾ എല്ലാം തന്നെ കുത്തുവാക്കുകൾ പറഞ്ഞു സങ്കടപ്പെടുത്തുകയും അവസാനം സങ്കടപ്പെടുകയും ചെയ്യും (2012: 44, 45) സുലേഖ ആരുമായും ചേർന്നുപോവുന്ന സ്വഭാവക്കാരിയല്ലാത്തതുകൊണ്ടു തന്നെ ഭർത്താവും മക്കളുമായി കുടുംബത്തിൽനിന്നും പെട്ടെന്നു മാറി താമസി ക്കുകയും ചെയ്യുന്നുണ്ട് (2012: 55).

#### 4.5.5.2.1.3.2 കുൽസു – നാത്തൂൻ

റഷീദിന്റെ വീട്ടിലെ വേലക്കാരിയായാണു കുൽസു എന്ന കഥാപാത്രം കടന്നു വരുന്നത്. കുൽസു ഭർത്താവിൽനിന്നും വിവാഹമോചിതയായി സ്വന്തം വീട്ടിലെത്തുമ്പോൾ സഹോദരൻ നല്ല രീതിയിൽ അവളെ പുലർത്തുന്നുണ്ട്. എന്നാൽ വിവാഹത്തോടെ അവർക്കിടയിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നതായും. നാത്തൂനു കുൽസുവിനോട് അനിഷ്ടമുള്ളതായും കാണുന്നു. പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാൻ സഹോദരൻ അവൾക്കുള്ള ഓഹരിയിൽ വീടു വെച്ചു കൊടുത്ത് അവളെ അവിടെ താമസിപ്പിക്കുകയാണ് ചെയ്യുന്നത് (2012: 117).

#### 4.5.5.2.2 ചെറുകഥകളിൽ

#### 4.5.5.2.2.1 നേർച്ചക്കാള

#### 4.5.5.2.2.1.1 ജമീല – കുഞ്ഞിപ്പാത്തു

കുടുംബത്തിന്റെ നിലനിൽപ്പിനുവേണ്ടി വിദേശത്തു പോയി ജോലിനോ ക്കുന്നതിനിടയിൽ മാനസികവിഭ്രാന്തി പിടിപെട്ടു നാട്ടിൽ തിരിച്ചെത്തിയ കുഞ്ഞിപ്പാത്തു. ഉമ്മ ഒഴികെ മറ്റുള്ളവർക്കെല്ലാം അവൾ പരിഹാസകഥാപാത്ര മാണ്. സഹോദരനെ പഠിപ്പിച്ചതും അവനു ജോലി വാങ്ങിക്കൊടുത്തതുമെല്ലാം കുഞ്ഞിപ്പാത്തുവാണ്. എന്നാൽ സ്നേഹമോ പരിഗണനയോ ഒന്നും സഹോദരനോ ഭാര്യ ജമീലക്കോ ഇല്ല. ജമീല എന്ന നാത്തൂനു വീട്ടുജോലി എടുക്കാനും കളിയാക്കി പരിഹസിച്ചു ചിരിക്കാനുമുള്ള ഒരു വസ്തുമാത്രമാണു കുഞ്ഞിപ്പാത്തു (2014: 32, 39).

#### 4.5.5.2.2.2 ഒരിക്കൽകൂടി

തന്റെ മരണം സ്വപ്നത്തിൽ കാണുന്ന ജമീല. തന്നോടു പകയോടെ കഴിയുന്ന നാത്തൂൻ തന്റെ മരണസമയത്തു കരഞ്ഞു നിലവിളികൂട്ടുന്നതാണു കാണുന്നത്. സഹോദരൻ തന്നെ വിവാഹം കഴിച്ചതിനുശേഷം നാത്തൂന് എന്നും പരാതിയാണ്. അവരെ വിവാഹത്തിനുമുമ്പു നോക്കിയിരുന്നതുപോലെ ഇക്കാക്ക നോക്കുന്നില്ല. സ്നേഹിക്കുന്നില്ല. വേണ്ട പരിഗണന നൽകുന്നില്ല എന്നതാണു പരാതി. എന്നാൽ മരണപ്പെട്ടപ്പോൾ സ്നേഹം പ്രകടിപ്പിച്ചു നാത്തൂൻ അടുത്തു വന്നിരിക്കയാണ് (2014 : 179).

#### 4.5.5.2.3 അനുഭവക്കുറിപ്പുകളിൽ

പരാമർശസൂചനകൾ ഇല്ല.

#### 4.5.5.2.4 ലേഖനസമാഹാരത്തിൽ

സൂചനകൾ ഇല്ല.

### 4.5.6 സ്ത്രീ സാഹോദര്യതലങ്ങൾ

#### 4.5.6.1 നോവലുകളിൽ

#### 4.5.6.1.1 ആകാശഭൂമികളുടെ താക്കോൽ

#### 4.5.6.1.1.1 ഐഷ, നൂറു, റംലത്ത്

സ്ത്രീസാഹോദര്യത്തിന്റെ വ്യത്യസ്തമാതൃകകൾ ബി.എം.സുഹറയുടെ രചനകളിൽ കാണാം. *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിൽ ഒരു പുരുഷനു മൂന്നു ഭാര്യമാരുണ്ട്. തന്റെ സമ്മതമോ അറിവോ കൂടാതെ രണ്ടാമതും മൂന്നാമതും വിവാഹം കഴിക്കുന്ന തന്റെ ഭർത്താവായ ഹാജിയോട് ഐഷാത്തയ്ക്ക് അനിഷ്ടമാണ്. പക്ഷെ അവയോടു പ്രതികരിക്കാൻ ആ സ്ത്രീക്കു കഴിയുന്നില്ല. എന്നാൽ ആദ്യകാലങ്ങളിൽ ഭർത്താവിന്റെ രണ്ടാംഭാര്യ യോടും മൂന്നാംഭാര്യയോടും എതിർപ്പു പ്രകടിപ്പിച്ചിരുന്ന ഐഷ എന്ന കഥാ പാത്രം ക്രമേണ അവരോട് അടുത്തിടപെഴകാൻ ശ്രമിക്കുന്നുണ്ട്. ഐഷാത്ത

ഭർത്താവിന്റെ മറ്റു രണ്ടു ഭാര്യമാരോടും കാണിക്കുന്നതു മതമനുശാസിക്കുന്ന നിലയിലുള്ള ഒരു സൗഹാർദ്ദമാണ്. കൂടാതെ നൂറുവിന്റെ സ്വഭാവസവിശേഷത കൊണ്ടും പെരുമാറ്റം കൊണ്ടുമാണ് ഐഷാത്ത സഹിഷ്ണുത ഉള്ളവളായിതീരുന്നത്. എന്നാൽ നൂറു എന്ന കഥാപാത്രം ഐഷാത്തയോടും റംലത്തിനോടും കാണിക്കുന്നത് ഒരു സ്വതന്ത്രസ്ത്രീയുടെ സാഹോദര്യബന്ധമാണ്. സ്വന്തം വർഗത്തെ സ്ത്രീ എന്ന നിലയിൽ കണ്ടു മറ്റു സ്ത്രീകളെ സ്വന്തം വർഗമായി തിരിച്ചറിയുന്നതിന്റെ കൂടി ഭാഗമാണു നൂറുവിൽ കാണുന്ന ഈ സ്ത്രീ സാഹോദര്യഭാവം. കൂടാതെ, സുലേഖ, നൂർജഹാൻ, സുലോചന, രാധ തുടങ്ങിയ സ്ത്രീ സുഹൃത്തുക്കൾ അവരാൽ കഴിയും തരത്തിൽ സമൂഹത്തിലെ സ്ത്രീ സുഹൃത്തുക്കളുടെ സംരക്ഷണത്തിനും സുരക്ഷക്കും വേണ്ടി ലാഭേച്ഛയൊന്നും കൂടാതെ പ്രവർത്തിക്കുന്നവരാണ്.

#### 4.5.6.1.2 നിഴൽ

#### 4.5.6.1.2.1 റാബിയ - പാർവ്വതി, സൈനബ

നോവലിലെ മുഖ്യകഥാപാത്രമായ റാബിയ എല്ലാവർക്കും പ്രിയപ്പെട്ടവളാണ്. ജാതിമതഭേദമന്യേ എല്ലാ സ്ത്രീകളോടും സ്നേഹത്തോടെയും സാഹോദര്യത്തോടെയും ഇടപഴകുന്നവൾ. അമ്മായിയമ്മ സ്നേഹിച്ചു വളർത്തിയ ഇതരമതക്കാരി പാർവ്വതിയെ അവളും സ്നേഹിക്കുകയും അവളാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നതായി നോവലിൽ പരാമർശിക്കുന്നുണ്ട് (2012: 138-140). റാബിയയെക്കുറിച്ചു സുഹൃത്തുകൂടിയായ ഹമീദ അവളുടെ കുറ്റങ്ങൾ പറയുന്ന സന്ദർഭമുണ്ടു നോവലിൽ. അവർ ചീത്ത സ്ത്രീയാണെന്നാണു ഹമീദ പറഞ്ഞു ഫലിപ്പിക്കാൻ ശ്രമിക്കുന്നത്. ഈ സമയത്തു പാർവ്വതിയും വീട്ടുജോലിക്കാരിയായ സൈനബയും ഹമീദയോടു വഴക്കിടുന്നതായി കാണാം. സ്ത്രീ സാഹോദര്യ

ത്തിന്റെ മറ്റൊരു ഉദാഹരണമാണു റാബിയ, പാർവ്വതി, സൈനബ ഇവരിലൂടെ കാണാൻ കഴിയുന്നത് (2012: 100, 101).

#### 4.5.6.1.3 പ്രകാശത്തിനുമേൽ പ്രകാശം

#### 4.5.6.1.3.1 സൈനബ - സീമ

*പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലും പരസ്പര സഹവർത്തിത്വത്തോടെ കഴിയുന്ന സ്ത്രീസുഹൃത്തുക്കളെ കാണാം. ജോലിക്കു പോവുന്ന സീമ എന്ന കഥാപാത്രം. തന്റെ ഭർത്താവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഏർപ്പാടാക്കുന്നത് അടുത്ത വീട്ടിലെ ഇതര മതസഹോദരിയായ സൈനുവിനെയാണ്. പരസ്പരം എന്തും തുറന്നുപറയാനുള്ള സ്വാതന്ത്ര്യം ആ കോളനിയിലെ സ്ത്രീ സുഹൃത്തുക്കൾ തമ്മിലുണ്ട്. അവർ പരസ്പരം സ്നേഹവും വിഷമതകളും പങ്കുവെച്ചാണു ജീവിക്കുന്നത്.

#### 4.5.6.1.3.2 സാബിറ - സൈനബ

ഭർത്താവിൽനിന്നും പിരിഞ്ഞു കഴിയുന്ന സാബിറ ഒറ്റക്കാണു താമസി ക്കുന്നത്. ഒരു പെണ്ണിനു കഴിയാൻ ആൺതുണ ആവശ്യമില്ലെന്നു കാണിക്കാൻ തന്റേടത്തോടെ ജോലി ചെയ്ത് ഒറ്റക്കു താമസിക്കുന്നവൾ. എന്നിരുന്നാലും മാനസികമായി പ്രയാസം വരുമ്പോഴും രോഗങ്ങൾ  വരുമ്പോഴും അവൾക്ക് കൂട്ട് സൈനബയാണ്. ഭക്ഷണം ഉണ്ടാക്കി കൊടുക്കാനും അവളെ സമാശ്വസി പ്പിക്കാനും സൈനബ ശ്രമിക്കുന്നുണ്ട്. (2012 : 23) കൂടാതെ ഹബീബിനെയും സാബിറയെയും വീണ്ടും ജീവിതത്തിലേക്ക് ഒന്നിപ്പിക്കുന്നതും സൈനുതന്നെ. സ്ത്രീ സഹോദര്യത്തിന്റെ ഉദാത്ത മാതൃകയാണു സാബിറ - സൈനബ ബന്ധ ത്തിൽ കാണാൻ കഴിയുന്നത് (2012: 261).

### 4.5.6.2 ചെറുകഥകളിൽ

#### 4.5.6.2.1 ആകാശഭൂമികളുടെ താക്കോൽ

##### 4.5.6.2.1.1 റസിയ

*ആകാശഭൂമികളുടെ താക്കോൽ* എന്ന ചെറുകഥയിൽ റസിയ എന്ന വേലക്കാരിയിൽ പ്രകടമാവുന്നതു സാഹോദര്യസ്നേഹമാണ്. ഭർത്താവിന്റെ അവിഹിതബന്ധം മനസ്സിലാക്കി അത് ആരോടും തുറന്നു പറയാൻ കഴിയാതെ മാനസികമായും ശാരീരികമായും തളർന്നു രോഗിയായിത്തീരുമ്പോൾ കഥയിലെ നായികയുടെ മക്കൾക്കോ ഭർത്താവിനോ അവരെ മനസ്സിലാക്കാനോ ഉൾക്കൊള്ളാനോ കഴിയുന്നില്ല. വീട്ടുജോലിക്കാരിയായ അകന്ന ബന്ധത്തിലെ റസിയ എന്ന സ്ത്രീ മാത്രമാണ് അവൾക്കു കൂട്ടായിത്തീരുന്നത്. അവരുടെ മനസ്സും ശരീരവും ചിന്തയും മനസ്സിലാക്കാൻ കഴിയുന്ന രക്തബന്ധം പോലുമി ല്ലാത്ത സ്ത്രീ സഹോദരിയാണ് റസിയ.

#### 4.5.6.2.2 നേർച്ചക്കോഴികൾ

##### 4.5.6.2.2.1 സൈനബ - മാമി

ഊരും പേരുമറിയാത്ത ഒരാളെക്കൊണ്ടു സ്വന്തം മകളെ വിവാഹം കഴി പ്പിച്ചയക്കുകയും അയാൾ ചതിച്ചു കടന്നുകളയുകയും ചെയ്യുമ്പോൾ ഒറ്റപ്പെട്ടു പോവുന്ന ഒരു പാവം പെൺകുട്ടിയുടെ കഥയാണിത്. സൈനബ എന്ന സ്ത്രീയെ ഭർത്താവു ചതിച്ചു കടന്നു കളയുമ്പോൾ ആരോരുമില്ലാതെ അനാഥ യായ അവൾക്കു തുണയാവുന്നതു തന്റെ ഏതോ ബന്ധത്തിൽപെട്ട മാമി എന്ന സ്ത്രീ മാത്രമാണ്. സൈനബയുടെ ദുരിതങ്ങൾ കാണാനും മനസ്സു മനസ്സിലാ ക്കാനും ആ സ്ത്രീക്കു മാത്രമാണു സാധിക്കുന്നത്. സാഹോദര്യസ്നേഹ ത്തിന്റെ ഉദാത്ത മാതൃകയാണ് ഇവിടെ സൈനബയും മാമിയും തമ്മിൽ കാണാൻ കഴിയുന്നത്. കൂടാതെ ഭർത്താവിനെ മറ്റൊരു സ്ത്രീയോടൊപ്പം ട്രെയിനിൽ കണ്ടുമുട്ടുമ്പോൾ ആദ്യം അയാളെ പോവാൻ അനുവദിക്കുന്നുവെ

ങ്കിലും പിന്നീട് അയാൾ വീണ്ടും വിവാഹം കഴിച്ച സ്ത്രീയോടു തന്റെ സ്വർണ്ണവും പണവും സൂക്ഷിക്കണേ എന്നു പറയാൻ അവൾ ആഗ്രഹിക്കുക യാണ്. താൻ വഞ്ചിക്കപ്പെട്ടപോലെ ഇനിയും ഒരു സ്ത്രീ വഞ്ചിതയാവരുതെന്നു സൈനബ ആഗ്രഹിക്കുന്നു.

**4.5.6.2.3 പേറ്റിച്ചി**

**4.5.6.2.3.1 മാത – കുഞ്ഞിപ്പാത്തു**

മാതയുടെയും കുഞ്ഞിപ്പാത്തുവിന്റെയും സാഹോദര്യ സ്നേഹത്തിന്റെ കഥ പറയുകയാണ് *പേറ്റിച്ചി*യിൽ. നാട്ടിലെ പേറ്റിച്ചിയാണു മാത. അച്ഛനില്ലാത്ത കുട്ടിയെ പ്രസവിച്ചവൾ. സമാന അനുഭവമുള്ള കുഞ്ഞിപാത്തു. സംരക്ഷക വേഷത്തിലെത്തിയ തന്റെ മുതാലളിയായ ഹാജിയാരിൽനിന്നും ഗർഭിണിയാവു കയാണ്. എന്നാൽ അത് ആരോടും തുറന്നു പറയാൻ അവൾക്കു കഴിയുന്നില്ല. ആരോരുമില്ലാത്തവളാണു കുഞ്ഞിപ്പാത്തു. തുണയില്ലാതെ പ്രയാസപ്പെടു മ്പോൾ അവൾക്കു സഹായിയായിത്തീരുന്നത് മാത എന്ന സ്ത്രീ മാത്രമാണ്. സ്ത്രീസാഹോദര്യത്തിന്റെ മുഖമാണു മാത-കുഞ്ഞിപാത്തു ബന്ധത്തിൽ കാണാൻ കഴിയുന്നത്.

**4.5.6.2.4 ഹാജ്യാരുടെ ഭാര്യ**

**4.5.6.2.4.1 ആയിശുമ്മ – സിസ്റ്റർ**

ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആയിശുമ്മയുടെയും കുടുംബത്തി ന്റെയും അവരെ പരിചരിക്കുന്ന നെഴ്സിന്റെയും ചിന്താഗതിയിലൂടെ മുന്നോട്ടു പോവുന്ന കഥയാണ് *ഹാജ്യാരുടെ ഭാര്യ*. രോഗിയായി ആശുപത്രിയിൽ എത്തുന്ന അവരുടെ രോഗം ശരീരത്തിനല്ല മനസ്സിനാണെന്നു സിസ്റ്റർ തിരിച്ചറി യുന്നു. ഭർത്താവിന്റെ സ്നേഹവും പരിഗണനയും ലഭിക്കാത്തതും തന്നെ പൂർണ്ണമായും അവഗണിക്കുന്നതുമാണ് അവരെ രോഗിയാക്കിത്തീർക്കു ന്നത്. അതു മനസ്സിലാക്കാൻ സിസ്റ്റർക്കു സാധിക്കുന്നുണ്ട്. ഒരുസ്ത്രീ എന്ന

നിലയിൽ അവർക്ക് ആയിശുമ്മയോടു സഹാനുഭൂതിയാണ് ഉടലെടുക്കുന്നത്. അവരെ മാനസികമായി സന്തോഷിപ്പിക്കാനും ശുശ്രൂഷിക്കാനും അവർ ശ്രമിക്കുന്നതായി കാണാം.

**4.5.6.2.5 കദീശുമ്മ**

**4.5.6.2.5.1 കദീശു - ബീപാത്തു**

പെറ്റിട്ടില്ലേലും താൻ മുലപ്പാൽ നൽകി വളർത്തിയ മോളെ കാണാൻ കോഴിക്കോട്ടേക്കു പോവുന്ന കദീശുമ്മയെ *കദീശുമ്മ* എന്ന ചെറുകഥയിൽ കാണാം. ഇരുപതു കൊല്ലത്തോളം ബീപാത്തു ഹജ്ജുമ്മാനെയും ഭർത്താവിനെയും കുട്ടികളെയും കുടുംബത്തെയും കദീശുമ്മ നല്ലനിലയിൽ സേവിച്ചു. അവരുടെ വീട്ടിലെ ഒരംഗത്തെപോലെ അവർ അവിടെ വസിച്ചു. ഹാജിയുടെ മരണശേഷം സാമ്പത്തികപരാധീനതകൾ കാരണം കുടുംബത്തോടെ കോഴിക്കോട്ടേക്കു മാറിയെങ്കിലും എല്ലാവർഷവും നോമ്പിന്റെ മുന്നോടിയായി ആ സ്ത്രീ തന്റെ മകളെ കാണാൻ കാൽനടയായി കോഴിക്കോടെത്തും പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മബന്ധം ഈ കഥയിൽ കാണാൻ കഴിയും.

**4.5.6.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശസൂചനകൾ ഇല്ല.

**4.5.6.4 ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല.

# 5. ബി.എം. സുഹറയുടെ കൃതികളിലെ ഭാഷയും അധികാരവും

ഭാഷ അധികാരത്തിന്റെ ഉപാധിയായി മാറാറുണ്ട്. കൃതികളിലെ ഭാഷാ പ്രയോഗത്തിന്റെ പ്രത്യേകതകൾ അന്വേഷിക്കുകയാണ് ഇവിടെ.

## 5.1 സ്ത്രീപുരുഷഭാഷകൾ

കൃതികളിലെ സ്ത്രീപുരുഷ ഭാഷകൾ തമ്മിലുള്ള വ്യത്യാസമാണ് ഈ ഭാഗത്ത് അന്വേഷിക്കുന്നത്.

### 5.1.1 നോവലുകളിൽ

#### 5.1.1.1 കിനാവ്

രണ്ടു തലമുറയിൽപ്പെട്ട രണ്ടുസ്ത്രീകളുടെ ചിന്താഗതികളിലൂടെയാണു നോവൽ മുന്നോട്ടുപോവുന്നത്. ആദ്യതലമുറയിൽപ്പെട്ട ബീപാത്തു ഹജ്ജുമ്മയും അവരുടെ മകളായ സൈനബയും. ഭർത്താവിനോടുതന്റെ ഇഷ്ടാനിഷ്ടങ്ങൾ തുറന്നുപറയാൻ ധൈര്യമുള്ളവളാണു സൈനബ.

'നിങ്ങളെ ചങ്ങായിമാർക്ക് എന്നുമെന്നും ഇങ്ങനെ വെച്ചുവിളമ്പാൻ എനിക്കാവൂലാ. നേരോം കാലോം നോക്കാതെയാ ഓരോരുത്തരെ കഞ്ഞിക്കും ചോറിനും ക്ഷണിക്കുന്നത്. ബാപ്പക്കും മക്കൾക്കും ഒരുക്കാൻ തന്നെ എനക്കാവുന്നില്ല. ഇത്തലവേദനയും കൊണ്ടുമാർക്കറ്റിൽ പോയി സാധനം വാങ്ങി വരുമ്പളത്തിനു നേരം ഉച്ചകഴിയും. അപ്പളേക്ക് വന്നോല് വെശന്ന് വലയും. അത്തറ സാമർത്ഥ്യം നിങ്ങൾക്ക് നന്നല്ല. ചെന്ന് സാധനങ്ങൾ വാങ്ങിച്ച് കൊടുത്തയച്ചാ ചോറ് ഇതാന്ന് പറയുമ്പളത്തിന് റെഡിയാക്കിത്തരാം' (1990:15). സൈനബ ഭർത്താവിനോടിങ്ങനെ സംസാരിക്കുന്നതുകേട്ടു ബീപാത്തുഹജ്ജുമ്മ അത്ഭുതപ്പെട്ടു സ്വയം ചിന്തിക്കുന്നത് ഇങ്ങനെയാണ്: ''ഞമ്മളെ കാലത്ത്

പെണ്ണുങ്ങള് ആണുങ്ങളോട് ഇങ്ങനെ കയർത്ത് വർത്താനം പറയ്യോ? പറഞ്ഞാ വായിൽ പല്ലും കാണൂലാന്ന് കൂട്ടിക്കോളീ'' (പു.15) എന്നാണ്.

നോവലിലെ മറ്റൊരു ഭാഗത്തു നബീസയും ഭർത്താവ് റഷീദും തമ്മിലുള്ള സംസാരമുണ്ട്. നബീസ എന്ന കഥാപാത്രം തന്റെ ഭർത്താവി നോടുവളരെ ഭവ്യതയോടെയാണു സംസാരിക്കുന്നത്. എന്നാൽ ഭർത്താവു തിരിച്ച് അങ്ങനെയല്ല സംസാരിക്കുന്നത്. പെങ്ങൾ ഫോൺ ചെയ്തിരുന്നു വെന്നു ഭർത്താവിനോടു പറയുമ്പോൾ ''ഇപ്പളാ ശൈത്താനേ പറേണത്? എത്ര പറഞ്ഞാലും നീ നന്നാകൂലാ'' എന്നാണ് അയാൾ പ്രതികരിക്കുന്നത്. ഭർത്താവിന്റെ സ്വഭാവം അറിയുന്ന നഫീസ മിണ്ടാതിരിക്കുകയാണു ചെയ്യുന്നത് (പു.85). അതുപോലെ റഷീദ് ഭാര്യയോട് ആജ്ഞാപിക്കുകയാണുചെയ്യുന്നത്. ''നബീസാ, ചായ'' (പു.91). വിളിപ്പുറത്തുഭാര്യ ഉണ്ടാവണം അയാൾക്ക്. അയാളുടെ ആജ്ഞാനുവർത്തിയാണു ഭാര്യ.

പുരുഷന്റെ ഭാഷയിൽ പൊതുവെ അധികാരസ്വരമാണ്. സ്ത്രീകൾ പൊതുവേ നിശ്ശബ്ദരാണ്. അല്ലെങ്കിൽ വിധേയതയുടെ ഭാഷയിൽ പ്രതികരിക്കു ന്നവരാണ്. മേലുകീഴുബന്ധം വ്യക്തമാക്കുന്ന ഭാഷാപ്രയോഗമാണ് ഇവർക്കിടയിൽ.

**5.1.1.2 മൊഴി**

നാട്ടിൻപുറത്തു ജനിച്ചുജീവിച്ചുവളർന്ന ഫാത്തിമയ്ക്കു വിവാഹ ത്തോടെ ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു മാറേണ്ടിവരികയാണ്.

''പഴയതുപോലെ നാണംകുണുങ്ങി അകത്തിരുന്നാൽ ശരിയാവില്ല. കമ്പനി പാർട്ടികളിലൊക്കെ പങ്കെടുക്കേണ്ടിവരും. മാനേജരുടെ ഭാര്യയാണ്. മനുഷ്യരുമായി മിങ്കിൾ ചെയ്യണം'' എന്ന് ആജ്ഞാസ്വരത്തിലാണ് അബ്ദുള്ള ഫാത്തിമയോടു പറയുന്നത് (പു.40). ഭർത്താവിന്റെ സുഹൃത്തായ ഷറഫ് വളരെ

മോശമായരീതിയിലാണു ഫാത്തിമയോടുപെരുമാറുന്നതും സംസാരിക്കുന്നതും. അവളുടെ ശരീരത്തിൽ ആകൃഷ്ടനായ അയാൾ കള്ളുകുടിച്ച് അവളോടുപറയുന്നത്. 'എനിക്ക് നിന്നെ വേണം' എന്നാണ് (പു.46). ഭർത്താവിനോട് എതിർത്തൊന്നും പറയാൻ പലപ്പോഴും ഫാത്തിമയ്ക്കു കഴിയുന്നില്ല. കൂട്ടുകാരനെ സ്വന്തം വീട്ടിൽ പാർപ്പിക്കുന്നതിൽ ഫാത്തിമ എതിർപ്പു പറയുന്നുണ്ട്. ആ സമയം ഭർത്താവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു.

'കുറച്ച് ദിവസത്തേക്ക് സഹിച്ചേ പറ്റൂ. അവന്റെ ഫ്ളാറ്റ് ഞാൻ നിർബന്ധിച്ചിട്ടാണ് തല്ക്കാലം വേറൊരാൾക്കു കൊടുത്തത്.''(പു.46). ഭർത്താവിന്റെ അധികാരസ്വരം ഈ വാക്കുകളിലും കാണാം. ഷറഫിനും തനിക്കും 'ചായ വേണം' എന്നാണ് അബ്ദുള്ള ഫാത്തിമയോടുകല്പിക്കുന്നത് (പു.47).

തെറ്റൊന്നും ചെയ്യാതെ ശിക്ഷിക്കപ്പെടുകയാണു ഫാത്തിമ. ഭർത്താവായ അബ്ദുള്ള അവളെ സംശയിക്കുകയാണ്. എന്നിട്ട് ഇപ്രകാരം അവളോടു കൽപ്പിക്കുന്നതായി കാണാം.

''എടീ തേവിടിശ്ശികൾക്ക് രാപാർക്കാനുള്ളതല്ല എന്റെ വീട്. എന്റെ മോനെക്കരുതി മാത്രമാണ് ഞാൻ ഇത്രയുംനാൾ ക്ഷമിച്ചത്. ഇനി ക്ഷമിച്ചാൽ ചാവുന്നത് എന്റെ പുരുഷത്വമാണ്. മതി നാളെ നാട്ടിലേക്കു തിരിച്ചോളൂ. നിന്റെ വീട്ടുകാരുടെ സമ്മതത്തോടെ എന്തു വേണമെങ്കിലും ആയിക്കോ. ഇവിടെ വേണ്ട'' (പു.77).

രണ്ടാം ഭർത്താവായ ഷറഫിൽനിന്നും അവൾക്കു സ്വസ്ഥത ലഭിക്കുന്നില്ല. എന്തിനും ഏതിനും ആജ്ഞ മാത്രമാണ് അയാൾ പുറപ്പെടുവിക്കുന്നത്. സ്വന്തം ഉപ്പയുടെ മരണവാർത്ത കേട്ടുവിഷമിച്ചിരിക്കുമ്പോഴും അയാൾ അവളോടു കൽപ്പിക്കുകയാണ്.

''ആയുസ്സെത്തിയാൽ ആരായാലും മരിക്കും. അതിനുനിമിത്തങ്ങളുണ്ടാ യേക്കാം. അതോർത്തുകരയാൻ തുടങ്ങിയാൽ അതിനേ നേരമുണ്ടാവുകയുള്ളൂ. എനിക്കുകരച്ചിൽ ഇഷ്ടമില്ല. മതി. നല്ല വിശപ്പുണ്ട്. കുളിച്ച് അടുക്കളയിൽ കയ റാൻ നോക്ക്'' (പു.83).

സ്വന്തം മകനെ കാണാനോ സംസാരിക്കാനോ ഷറഫ് സമ്മതിക്കുന്നില്ല. 'വീട്ടിന്റെ അകത്തുകയറാൻ സമ്മതിക്കില്ല ഞാൻ കൊല്ലും.....' (പു.107) എന്നാണ് അയാളുടെ ഭീഷണി. ഒപ്പം 'മകനാണെന്നും പറഞ്ഞ് അവനേയും എഴുന്നള്ളിച്ച് എന്റെ പരിചയക്കാരുടെ ഇടയിലൊന്നും ചെല്ലരുത്.' എന്ന കൽപനയും അയാൾ പുറപ്പെടുവിക്കുന്നുണ്ട് (പു.107). ഏകപക്ഷീയമായ ആജ്ഞാസ്വരത്തിലാണു നോവലിലെ പുരുഷന്മാർ സംസാരിക്കുന്നത്.

#### 5.1.1.3 ഇരുട്ട്

ഭർത്താവിനു മറ്റൊരു സ്ത്രീയുമായുള്ള ബന്ധം അറിഞ്ഞ് അതിനെക്കു റിച്ചു ഭാര്യയായ ആമിന അന്വേഷിക്കുമ്പോൾ ''എന്നെ ഭരിക്കാൻ വരരുത്. എന്റെ കോലം മാറും'' (പു.47) എന്നാണ് അധികാരസ്വരത്തിൽ അയാൾ പറയു ന്നത്. അതുപോലെ പണം അനാവശ്യമായി കൈകാര്യം ചെയ്യുമ്പോൾ ഭാര്യ അതിനെക്കുറിച്ച് അന്വേഷിക്കുന്നുണ്ട്. ഈ സമയം അയാളുടെ മറുപടി ഇപ്രകാ രമാണ്.''എന്നെ വിസ്തരിക്കണ്ട. എന്റെ സ്ഥലം എനിക്കിഷ്ടമുള്ളപ്പോൾ വിൽക്കും. പണം എനിക്കുതോന്നിയതുപോലെ ചെലവാക്കും. നീയാരാ ചോദി ക്കാൻ?'' (പു.47) എന്നായിരുന്നു. അതുപോലെ ജോലിക്കാരിയായ അന്നാമ്മയെ പിരിച്ചുവിട്ടത് ഇഷ്ടപ്പെടാതിരുന്ന ജമാൽ ആമിനയോടു പറയു ന്നത്, ''എന്റെ വീട്ടിൽവെച്ച് എന്നെ മാനം കെടുത്തും അല്ലേ? എനിക്കിഷ്ടമുള്ള വരെ ഞാൻ പണിക്കുനിർത്തും. നീയാരാ ചോദിക്കാൻ? എന്നാണ്'' (പു.50).

#### 5.1.1.4 നിഴൽ

ഷാഹുൽ എന്ന കഥാപാത്രത്തിന് എല്ലാ കാര്യങ്ങൾക്കും ഭാര്യ വേണം. തനിക്കുവേണ്ടതെല്ലാം ഭാര്യ ചെയ്തുകൊടുക്കണം എന്നാണ് അയാളുടെ പക്ഷം. വിളിച്ചാൽ വിളിപ്പുറത്തുണ്ടാവുകയും വേണം. ഇല്ലെങ്കിൽ അയാളുടെ ഭാഷ കടുക്കും. അടുക്കളയിൽ മറ്റൊരു ജോലിയിൽ ഏർപ്പെട്ട റംലത്തിനോടു തന്റെ വിളികേട്ടിട്ടും വരാത്തതിനു ഷാഹുൽ പ്രതികരിക്കുന്നത് ഇങ്ങനെയാണ്.

'എത്രനേരം കൊണ്ട് വിളിക്കണ്?' ചെവി കേട്ടൂടെ? നിന്റെ ഒരുമാതിരിയുള്ള വേഷംകെട്ട് എന്നോട് കാണിച്ചാലുണ്ടല്ലോ.... ഒറ്റച്ചവിട്ടിന്......'' (പു.64) എന്നാണ്. ഭാര്യയോട് ഉപയോഗിക്കുന്ന ഭാഷയാണ് ഇത്. തന്റെ അധികാര പരിധിയിൽ നിൽക്കേണ്ടവളാണ് എന്ന് അയാൾ അവളെ ഈ ഭാഷയിലൂടെ ഓർമ്മിപ്പിക്കുന്നു.

അതുപോലെ ആവശ്യത്തിനും അനാവശ്യത്തിനും സ്വന്തം വീട്ടിൽനിന്നും പണം കൊണ്ടുവരാൻ ഭർത്താവു സീനത്തിനെ നിർബന്ധിക്കുന്നുണ്ട്. ഒരിക്കൽ വിമുഖത പ്രകടിപ്പിക്കുമ്പോൾ ''അധികം വെളച്ചില് കാണിക്കല്ലേ. ചവിട്ടി എല്ല് ഞാനൂരും. പിന്നെ വീട്ടിച്ചെന്നു കിടക്കാം.'' എന്നാണു ഷഹീദ് പറയുന്നത് (പു.57). തനിക്കു വേണ്ടതെല്ലാം ചെയ്തുതരാൻ ബാദ്ധ്യതപ്പെട്ട അടിമയായി ഭാര്യയെ കാണുന്നു. അതിനു ചേർന്ന വാക്കുകളാണു ഭാര്യയോടു പുരുഷന്മാർ ഉപയോഗിക്കുന്നതായി കാണുന്നത്.

#### 5.1.1.5 ആകാശഭൂമികളുടെ താക്കോൽ

വിവാഹം കഴിഞ്ഞതോടെ നൂറുവിനു ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചുജീവിക്കേണ്ടിവരികയാണ്. അയാളുടെ ആജ്ഞകൾക്കനുസരിച്ചു മാത്രം ജീവിക്കേണ്ടിവരികയാണ്. 'എന്റെ തുണീം കുപ്പായോം

അലമാരീലുണ്ട്. ഇങ്ങോട്ടെടുത്തോ.' 'ഉച്ചയ്ക്ക് ഞമ്മള് വരുമ്പളത്തിന് പുതിയ കുപ്പായമൊക്കെയിട്ടു മൊഞ്ചത്തിയായി നിക്കണം'(2011:41). എന്നൊക്കെയുള്ള ആജ്ഞകളാണ് അവൾക്കുകേൾക്കേണ്ടിവരുന്നത്. താൻ 'ഇരിക്കാൻ പറഞ്ഞാ ഇരിക്കണം' എന്ന് അയാൾ നൂറുവിനോടു പറയുന്നുണ്ട് (പു.76). വീട്ടിൽ പ്രശ്നങ്ങളൊന്നും ഉണ്ടാക്കാതെ 'അടങ്ങിയൊതുങ്ങി കയിഞ്ഞോളണം' എന്ന താക്കീതു ഹുസൈൻഹാജി റംലത്തിനോടു പറയുന്നുണ്ട് (പു.144). ഭാര്യമാരായ ഐഷയും നൂറുവും റംലത്തും കലഹിക്കുമ്പോൾ പിടക്കോഴികളെ കൂവാൻ താൻ സമ്മതിക്കില്ലെന്ന് ആജ്ഞാസ്വരത്തിൽ അയാൾ പറയുന്നുണ്ട് (പു.59). ഭാര്യമാർക്ക് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ ഹാജി അവസരം നൽകാറില്ല. എന്തെങ്കിലും കാര്യത്തിൽ ഭാര്യമാർ ഇടപെട്ടാൽത്തന്നെ തല ഇരിക്കുമ്പോൾ വാലാടണ്ട എന്നു പറഞ്ഞ് അവരെ അടിച്ചമർത്തുന്നതായും കാണാം (പു.142). ഭാഷ പ്രയോഗിക്കാനുള്ള അധികാരം താനെന്ന പുരുഷനു മാത്രമാണെന്നു ഹാജി എന്ന കഥാപാത്രം വിശ്വസിക്കുന്നതായും അതിനനുസരിച്ചു പെരുമാറുന്നതായും കാണുന്നു.

#### 5.1.1.6 പ്രകാശത്തിനുമേൽ പ്രകാശം

മറ്റു നോവലുകളിൽനിന്നും വ്യത്യസ്തമായി സ്ത്രീപുരുഷ സംഭാഷണ ഭാഷകളിൽ വ്യത്യാസങ്ങൾ *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിൽ കാണാം. മേശപ്പുറത്തുണ്ടായിരുന്ന തന്റെ കണ്ണടയെവിടെയെന്നു ഷംസുദ്ദീൻ ഭാര്യ സൈനബയോടു ചോദിക്കുമ്പോൾ ''രാവിലെ തുടങ്ങും കണ്ണട, വാച്ച്, തൊപ്പി, കുപ്പായം എന്നു പറഞ്ഞുവിളി. ഒരു കാര്യം ഒറ്റയ്ക്കു ചെയ്യാനാവില്ല'' എന്ന് പറയുന്നു. ഇതിനു മറുപടിയായി'' ''നിങ്ങളുടെ സഹായം വേണ്ട. ഞാൻ തന്നത്താൻ കണ്ടുപിടിച്ചോളാം''ന്ന് ഷംസുദ്ദീനും പറയുന്നുണ്ട്(2012:17). പരസ്പരം അഭിപ്രായങ്ങൾ തുറന്നുപറയാൻ ഇവർക്കു സാധിക്കുന്നുണ്ട്.

നോവലിലെ ദമ്പതികളാണു റസീനയും റഷീദും. റഷീദിന് എന്തു കാര്യത്തിനും ഭാര്യ റസീന വേണം. അടുക്കള ജോലിക്കിടയിൽ റസീ എന്നുവിളിച്ചു റഷീദ് മുറിയിലേക്കുവിളിപ്പിക്കുമ്പോൾ ''ഇതാ എത്തിപ്പോയി എനക്കും വയ്യാതായി. പണ്ടത്തെപ്പോലെ മണ്ടിപ്പാഞ്ഞ് കോണി കയറാനൊന്നും ആവുന്നില്ല.'' എന്നു റസീന പറയുമ്പോൾ, 'നീയെന്തിനാ മണ്ടാനും പറയാനും നിക്കണത്. പതുക്കെ വന്നാപ്പോരെ? താഴത്തിറങ്ങും മുമ്പേ എന്റെ സാധനങ്ങളെല്ലാം എടുത്തുവച്ചൂടെ?' എന്നുചോദിക്കുമ്പോ മറുപടിയായി 'എല്ലാം എടുത്തുവച്ചിട്ടാണല്ലോ താൻ പോയത് എന്താ കുഴപ്പമെന്ന് അവർ ധൈര്യപൂർവ്വം ഭർത്താവിനോടു പറയുന്നുണ്ട്. ''എന്റെ മുണ്ട് കണ്ടില്ലേ? അവിടവിടെ നീലം'' എന്നുഭർത്താവ് പറയുമ്പോൾ 'അലമാരീന്ന്  വേറൊന്നെടുത്താപ്പോരെ?' എന്ന് അവൾ പ്രതികരിക്കുന്നു. ''മതിയായിരുന്നു. അപ്പോ തോന്നീലാ'' എന്നാണ് ഏറ്റു പറച്ചിലെന്നോണം അയാൾ പ്രതികരിക്കുന്നത് (പു.43,44).

വീട്ടുകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്താത്ത ഭർത്താവിനോടു സൈനബ എല്ലായ്പ്പോഴും ശക്തമായ ഭാഷയിൽ കയർത്തു സംസാരിക്കുന്നുണ്ട്.

''നീ ബീപാത്തുഹജ്ജുമ്മയുടെ തൻപോരിമയുള്ള പുന്നാരമോളല്ലേ? നമ്മുടെ വീട് നിന്റെ കൈയ്യിൽ ഭദ്രമാണെന്നറിയുന്നതുകൊണ്ടല്ലേ ഞാനിങ്ങനെ നിശ്ചിന്തനായി കഴിഞ്ഞുകൂടുന്നത്'' എന്നു പറയുമ്പോൾ സൈനബ പ്രതികരിക്കുന്നത് ഇങ്ങനെയാണ്. ''എണ്ണ തേച്ച് സുഖിപ്പിക്കല്ലേ.... നിങ്ങൾക്കുമാത്രം മതിയോ സ്വസ്ഥത?'' എന്നാണ് (പു.94). ഈ ചോദ്യം അയാളെ ഉത്തരം മുട്ടിക്കുകയും അസ്വസ്ഥനാക്കുകയും ചെയ്യാറുണ്ടെന്നു നോവലിൽ പരാമർശിച്ചു കാണുന്നു.

### 5.1.2 ചെറുകഥകളിൽ

#### 5.1.2.1 കളിത്തത്ത

വിവാഹജീവിതത്തോടെ വിദേശത്തേക്കുപോവേണ്ടിവന്ന കുഞ്ഞലീമ ഭർത്താവു കുഞ്ഞാലിയുടെ കൽപ്പനകൾക്കനുസരിച്ചു ജീവിക്കാൻ നിർബന്ധിത യാവുകയാണ്. കുഞ്ഞലീമയോടു പർദ്ദ ഇട്ടുവീട്ടിലും പുറത്തും നടക്കാൻ ഭർത്താവു നിർബന്ധിക്കുമ്പോൾ അവർ എതിർത്തു സംസാരിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഭാര്യയോടുതന്റെ അധികാരഭാഷ ഉപയോഗി ക്കുകയാണ് അയാൾ. ''ഇക്കാര്യത്തില് ഇയ്യിന്നോടു തർക്കിച്ചാ എന്റെ സ്വഭാവം മാറും. പിന്നെ ഞാൻ മുന്നും പിന്നും നോക്കൂലാ'' (പു.17) എന്നായിരുന്നു.

#### 5.1.2.2 കർമ്മപുസ്തകം

യാത്രയ്ക്കൊരുങ്ങിയിറങ്ങിയപ്പോൾ കാറു കേടായതിനെച്ചൊല്ലി ഭാര്യയും ഭർത്താവും തമ്മിൽ തർക്കത്തിലേർപ്പെടുന്നുണ്ട്. പഴയ കാറുമാറ്റാൻ താൻ പലപ്പോഴായി പറഞ്ഞതാണെന്നു ഭാര്യ പറയുമ്പോൾ ''ഇക്കണക്കിന് ഞാൻ പഴയതായിപ്പോയെന്നു പറഞ്ഞ് നീ എന്നേയും മാറ്റുമല്ലോ?'' (പു:28) എന്നാണു ഭർത്താവു പ്രതികരിക്കുന്നത്. ഭാര്യയും വിട്ടുകൊടുക്കുന്നില്ല. ''മാറ്റണമെന്നുണ്ട്. പക്ഷെ. നിവൃത്തിയില്ലല്ലോ...'' എന്നായിരുന്നു അവരുടെ മറുപടി. ഭാര്യാസഹോദരൻ വാഹനം തയ്യാറാക്കിയപ്പോഴേക്കു ഭർത്താവു മറ്റൊരു വാഹനത്തിൽ പോവാൻ പുറപ്പെടുകയും 'നിങ്ങടെ സഹായമൊന്നും ഇവിടാർക്കും വേണ്ടന്ന്'' (പു.28) കയർക്കുകയും ചെയ്യുന്നുണ്ട്. ആയിശയെ യാത്രയ്ക്കു ക്ഷണിക്കുമ്പോൾ അതേതരത്തിൽ അവൾ ഭർത്താവിനോടു കയർത്തുസംസാരിക്കുകയാണ് ''ഒറ്റയ്ക്കങ്ങുപോയാ മതി'' (പു.28).

### 5.1.2.3 കരച്ചപ്പെട്ടി

തലവേദന കാരണം രാവിലെ എഴുന്നേൽക്കാൻ കഴിയാത്ത ഭാര്യയെ നോക്കി ഹസ്സൻകുട്ടി കയർത്തുക്കൊണ്ട് ഇപ്രകാരം പറയുന്നതായി കഥയിൽ കാണുന്നു. 'രാവിലെ തുടങ്ങിയല്ലോ നാശം ഒരു വഴിക്കിറങ്ങുമ്പോഴാ അവളുടെ പൂങ്കണ്ണീര്' (2014:40). എന്നാൽ ഭർത്താവിന്റെ ആക്ഷേപത്തിനു മുമ്പിൽ പ്രതികരിക്കാനാവാതെ കരയുകയാണ് അവൾ.

### 5.1.2.4 അസ്രായിൽ

ഭർത്താവിന് എല്ലാ ആവശ്യങ്ങൾക്കും ഭാര്യ ആയിശ വേണം. നിസ്സാര കാര്യങ്ങൾക്ക് വരെ അയാൾ ഭാര്യയെ വഴക്കുപറയുകയും കുറ്റപ്പെടുത്തുകയും ചെയ്യും. എന്നാൽ അവയോടൊന്നും പ്രതികരിക്കാതെ മിണ്ടാതിരിക്കുക മാത്ര മാണ് ആയിശ ചെയ്യുന്നത്. അവൾക്കു ഭർത്താവിനെ പേടിയാണ്. അയാളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനുള്ള ഉപകരണം മാത്രമാണ് ആയിശ (2014:67).

### 5.1.2.5 കെട്ട്യോൻ

ഭാര്യയുമായി പിണങ്ങി ഭർത്താവു രണ്ടാം വിവാഹം കഴിച്ചു വീട്ടിലേക്കു വരികയാണ്. അവളെ വീട്ടിൽ കയറ്റിപ്പാർപ്പിക്കാൻ ആദ്യഭാര്യയോടു കൽപിക്കു കയാണ് അയാൾ. എന്നാൽ ഭാര്യയ്ക്കു പ്രതികരിക്കാൻ കഴിയുന്നില്ല. അയാളുടെ ആജ്ഞകൻ അനുസരിക്കാൻ വിധിക്കപ്പെട്ടവളാണ് അവർ (2014:85).

### 5.1.2.6 നേർച്ചക്കോഴികൾ

മുൻപരിചയമില്ലാത്ത ഒരാളെ കൊണ്ടുവന്നു സൈനബയും മാമിയും ഉള്ളിടത്തു താമസിപ്പിക്കുകയാണു സൈനബയുടെ ഉപ്പ. മകളോട് അധികാരസ്വ രത്തിൽ ഉപ്പ ഇങ്ങനെ പറയുന്നുണ്ട്. ''ഇവനങ്ങ് ക്വാഴിക്കോട്ടുള്ളതാ. ഉറ്റവരും

ഉടയവരുമൊന്നുമില്ല. മാമീടെ ചായ്പ്പ് ഒഴിഞ്ഞുകിടക്കേല്ലേ. അവിടെ താമസിക്കട്ട്. നിങ്ങളനത്തുന്നതിന്റെ ഒരു പങ്ക് അവനും കൊടുത്തേക്ക്. വാടകതരും. ചെലവിനും തരും. കണ്ടും കേട്ടും നിന്നോണം കെട്ടോടേയ്.'' (2014:95) എന്നാൽ മറുത്തൊന്നും പറയാതെ എല്ലാം മൂളിക്കേൾക്കുകയാണു സൈനബയും മാമിയും.

### 5.1.2.7 സാക്ഷരത

എഴുത്തും വായനയും പഠിക്കാനായി തനിക്കു 'സെലയിറ്റും പൊസ്തകോ' വേണമെന്നു മമ്മതിനോട് ആവശ്യപ്പെടുന്നു ആമിന. എന്നാൽ 'എടീ, ഇഞ്ഞി ആനേരംകൊണ്ട് ആ ചെക്കനെ മരിയാദിക്ക് ഇഷ്കോളിൽ അയയ്ക്കാൻ നോക്ക്. ഒനിക്ക് നാലച്ചരം തിരിഞ്ഞാൽ മീനിന്റെ കണക്കെങ്കിലും കൂട്ടാം. നീ പഠിച്ചിട്ടെന്താ കാര്യം?' എന്നാണു മമ്മതിന്റെ അഭിപ്രായം (പു.117). അതുപോലെ ചെറുപ്പക്കാർ ചെക്കന്മാരാണു പഠിപ്പിക്കാനായി എത്തുന്നതെന്നു പറയുമ്പോൾ അയാൾ പ്രതികരിക്കുന്നത് ഇങ്ങനെയാണ്.

''ഹറമ്പറന്നോളെ, ഇപ്പളല്ലേ അന്റെ പടിച്ചാൻ പോവാനുള്ള പൂതി മനസിലായത്. ആണുങ്ങള് കടപ്പുറത്തില്ലാത്ത നേരം നോക്കി കണ്ട ബാല്യക്കാര് വന്ന് പെണ്ണുങ്ങള് കൈപുടിച്ചും അല്ലേടീ? അന്റെ പടിപ്പു ഞാനിന്ന് നിറുത്തും''(പു.117). എന്നു പറഞ്ഞു തല്ലുകയും ചെയ്യുന്നുണ്ട്.

### 5.1.2.8 നരകവാതിലുകൾ

വിവാഹം കഴിഞ്ഞു രണ്ടാംദിനം സാബിറയോടു ഹുസൈൻകുട്ടി തന്റെ അധികാരം ഉപയോഗിക്കുന്നതായി കാണാം. ''ഞാൻ വൈകുന്നേരം നേരത്തെ വരും. ഒരുങ്ങിനിൽക്കണം. ഒരു സ്ഥലംവരെ പോകാനുണ്ട്.'' അവൾ നാണത്തോടെ തലകുലുക്കുകയാണു ചെയ്യുന്നത് (പു.2014).

#### 5.1.2.9 കൂഹൂ........ കൂഹൂ.......

പുരോഗമന ചിന്താഗതിക്കാരിയായ ഭാര്യയുടെ നടപടികളിൽ മാറ്റങ്ങൾ കാണുന്ന ഭർത്താവ് അതിനെക്കുറിച്ച് അവളോടു ചോദിക്കുന്നുണ്ട്.

''നീ ഇങ്ങനൊന്നുമായിരുന്നില്ലല്ലോ കുഞ്ഞാമീ'' (2014:128). അതിനു മറുപടിയായി ''എങ്ങനെയൊന്നുമായിരുന്നില്ലെന്ന്?'' ചോദിക്കാനുള്ള തന്റേടം അവൾക്കുണ്ട് (പു.128).

#### 5.1.2.10 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

കല്യാണം കഴിഞ്ഞു നാളുകൾക്കുശേഷം കുട്ടികളില്ലാതെയിരിക്കുമ്പോൾ ഭർത്താവു രണ്ടാം വിവാഹത്തിനു തയ്യാറാവുകയാണ് കഥയിൽ. ഇപ്പത്തുടങ്ങിയ ചികിത്സ കഴിയട്ടെ എന്നാണല്ലോ ഡോക്ടർ കുട്ടികളുണ്ടാവുന്നതിനെക്കുറിച്ചു പറഞ്ഞതെന്നു പറയുമ്പോൾ ഭർത്താവു പറയുന്നത് ഇപ്രകാരമാണ്. എന്നോടങ്ങനെയല്ല പറഞ്ഞത്. ''ഞാനൊന്നിനിറങ്ങിയാൽ മടക്കം പതിവില്ല'' (പു.169). ഭർത്താവിന്റെ അധികാരസ്വരമാണ് ഈ വാക്കുകളിൽ പ്രകടമാവുന്നത്.

#### 5.1.2.11 ഒരിക്കൽക്കൂടി

സ്വന്തമായി തൊഴിലോ വരുമാനമാർഗമോ ഇല്ലാത്ത ജമീലക്ക് എല്ലാം ഭർത്താവിനോട് ആവശ്യപ്പെടണം. ''നോക്കീന്നും, എനക്കൊരു അയമ്പത് ഉറുപ്യ വേണ്ടീനും'' ''നിനക്കിപ്പോ എന്തിനാ പൈസ? എന്താ വേണ്ടതെന്നു വച്ചാ പറ. ഞാൻ വാങ്ങിത്തരാം.'' എന്നാണ് അയാൾ പറയുക. അതോടെ ''എനക്കൊന്നും വേണ്ട എന്നു പറഞ്ഞ് അവൾ ഒഴിഞ്ഞുമാറുകയും ചെയ്യുന്നുണ്ട് (പു.181).

#### 5.1.2.12 പാവം അതൃമാൻകുട്ടി

അതിരാവിലെ ഉണർത്തുന്നതു കുഞ്ഞീബീവിക്ക് ഇഷ്ടമുള്ള കാര്യമല്ല. ''കുഞ്ഞീബീ എണീക്ക് നേരം വെളുത്തു.'' ''ഇങ്ങക്ക് എന്താ ബ്യേണ്ടത് മനിശാ? പാരം ഉറങ്ങാനും സമ്മതിക്കൂല''. എന്നു ചോദിക്കാൻ കുഞ്ഞീബീക്കു കഴിയുന്നുണ്ട് (പു.241). ഏതൊരാവശ്യത്തിനും 'കുഞ്ഞീബീ' എന്നു വിളിച്ചോണ്ടിരിക്കുന്ന ഭർത്താവിനോട് ''എന്താ കുഞ്ഞീബി മേണ്ട്യത്? നേരം വെളുത്താത്തൊടങ്ങും മടക്ക് കസാലമ്മലിരുന്ന് കുഞ്ഞിബീന്ന് കുഞ്ഞിബീന്ന് ആർക്കാൻ'' എന്ന് ഭർത്താവിനോടു പ്രതികരിക്കുന്നുണ്ട് (പു.243). ഭർത്താവായ അതൃമാൻകുട്ടി ഭാര്യയോടു 'ഒരു ചായ വേണ്ടി നീ' എന്നാണു പറയുന്നത് (പു.244).

#### 5.1.2.13 ഇണ്ണേക്കൻ

വീട്ടുകാര്യങ്ങളിൽ ഒരുശ്രദ്ധയുമില്ലാത്ത ഭർത്താവിനോടു ''നിങ്ങളിനി പുസ്തകം മാത്രം കൊണ്ടന്നാമതി. കുട്ട്യേക്ക് തിന്നാനുള്ളത് ഞാൻ വാങ്ങിക്കൊടുത്തോളാം.'' എന്നു ഭാര്യ പറയുന്നുണ്ട് (പു.253). ഭർത്താവിനോടു തന്റെ അനിഷ്ടം പ്രകടിപ്പിക്കാൻ ഭാര്യയ്ക്കു കഴിയുന്നുണ്ട്

#### 5.1.2.14 യാത്രയിലെ ദുരിതങ്ങൾ

തനിക്കിഷ്ടമുള്ള വസ്ത്രം വാങ്ങിത്തരാൻ ഭർത്താവിനോടു ഹൈറു ആവശ്യപ്പെടുന്നുണ്ട്. ''ദോക്കീന്നും പെരുന്നാളിനു കോടിയെടുക്കുമ്പം ഇനിക്ക് അരികിനു പൂപ്പണിയുള്ള മക്കന മറക്കല്ലേ. ഇന്റെ കാര്യം വരുമ്പം ഇങ്ങക്ക് മറതി ജാസ്തിയാ (പു.293). എങ്ങോട്ടെങ്കിലും യാത്രക്കിറങ്ങുമ്പോൾ പറഞ്ഞ സമയത്തിന് ഇറങ്ങാൻ ഭാര്യയോട് ആജ്ഞാപിക്കുന്നുണ്ട് അൻവർ (പു.293). താൻ വിചാരിച്ച സമയത്തു വീട്ടിൽനിന്ന് ഇറങ്ങണമെന്നും അയാൾ ശാഠ്യം പിടിക്കുന്നുണ്ട്.

### 5.1.2.15 വേറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു....

രാത്രി ഉറക്കത്തിൽ സ്വപ്നം കണ്ടു നിലവിളിക്കുകയാണ് ഹസ്നബി. ഈ ലോകത്തെ അനീതി ആക്രമണങ്ങളോടെല്ലാം പ്രതികരിക്കണമെന്നുണ്ട് അവൾക്ക്. പക്ഷേ കഴിയാറില്ല. രാത്രി സ്വപ്നത്തിൽ നിലവിളിക്കുന്ന അവൾക്കു മാനസികവിഭ്രാന്തിയാണെന്നാണു ഭർത്താവിന്റെ പക്ഷം. ''എടീ, നിന്റെ സ്വപ്ന സഞ്ചാരം, നിർത്തിയിട്ടേ ഇനി കാര്യമുള്ളൂ. നാളെ രാവിലെ പുറപ്പെട്ടോളൂ.....'' (പു.299). ഭർത്താവു തന്റെ അരിശം മുഴുവൻ അവളോടു തീർക്കുകയാണു ചെയ്യുന്നത്.

### 5.1.3 അനുഭവക്കുറിപ്പുകളിൽ

സൂചനകൾ ഇല്ല

### 5.1.4 ലേഖനസമാഹാരത്തിൽ

### 5.1.4.1 ആരോടു ചൊല്ലേണ്ടു നാം

### 5.1.4.1.1 സന്മനസ്സുള്ളവർക്ക് സമാധാനം

ആശുപത്രിയിൽവെച്ചു ഭർത്താവിന്റെ മൂന്നാം ഭാര്യയുടെ പ്രസവ ശുശ്രൂഷയ്ക്കു വന്ന ഒന്നാം ഭാര്യയെ എഴുത്തുകാരി പരിചയപ്പെടുന്നുണ്ട്. അവർ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ആ സ്ത്രീയുടെ ഭർത്താവു കടന്നുവരികയും ആജ്ഞാസ്വരത്തിൽ ഇതാസ്പത്രിയാ, നാവൊന്നടക്ക് (2013:32). എന്നു കൽപ്പിക്കുന്നതായി കാണാം. ആജ്ഞ അനുസരിക്കുന്നതു പോലെ ആ സ്ത്രീ ചുണ്ടുകൾ പൂട്ടി പേടിച്ച് ഒഴിഞ്ഞ കസേരയിൽ പോയി ഇരിക്കുന്നതായും സൂചിപ്പിച്ചിട്ടുണ്ട്. പുരുഷന്റെ ആജ്ഞയ്ക്കു മുമ്പിൽ അനുസരിക്കുന്ന പാവം സ്ത്രീയെയാണ് ഇവിടെ കാണാൻ കഴിയുന്നത്.

### 5.2 ഭാഷയിലെ സാമ്പത്തികാധികാരം

### 5.2.1 മുതലാളി-തൊഴിലാളി ഭാഷ

### 5.2.1.1. സാമ്പത്തികാധികാരം ഭാഷയിൽ പ്രയോഗിക്കുന്നവർ

### 5.2.1.1.1. നോവലുകളിൽ

### 5.2.1.1.1.1. കിനാവ്

വയനാട്ടിൽ കൃഷിക്കാരനാണു റഷീദ്. റഷീദിനു ധാരാളം ജോലിക്കാരുണ്ട്. 'മൊതലാളി' എന്നാണുതൊഴിലാളികൾ അയാളെ അഭിസംബോധന ചെയ്യുന്നത് (1990-86). തൊഴിലാളികളെ പേരെടുത്തുവിളിക്കുന്നതായും കാണാം. ആജ്ഞകൾ മാത്രമാണുതൊഴിലാളികളോടു റഷീദ് പുറപ്പെടുവിക്കുന്നത് (പു.86,87). ജോലിസമയങ്ങളിൽ വേണ്ട നിർദ്ദേശം നൽകിക്കൊണ്ടു റഷീദ് ജോലിക്കാർക്കൊപ്പം ഉണ്ടാകും. തെറ്റുകണ്ടാൽ തൊഴിലാളികളെ നന്നായി ചീത്ത പറയുകയും ചെയ്യും എന്ന സൂചനയുണ്ട് (പു. 91).

### 5.2.1.1.1.2 ആകാശഭൂമികളുടെ താക്കോൽ

ധനികരായ ഹുസൈൻഹാജിക്കു ധാരാളം ജോലിക്കാർ ഉണ്ട്. ജോലിക്കാരെല്ലാം തന്റെ വാക്കുകൾ കേട്ട് ഓച്ചാനിച്ചുനിൽക്കേണ്ടവരാണ് എന്ന ധാരണയാണ് അയാൾക്ക്. 'മൊയലാളീ' എന്നാണു പണിക്കാർ അയാളെ വിളിക്കുന്നത്. ആജ്ഞാസ്വരം മാത്രമാണു തൊഴിലാളികളോട് അയാൾ പുറപ്പെടുവിക്കുക (2011:33). പണിക്കാരെ ഹിമാറ്, ശൈത്താൻ എന്നീ വിളിപ്പേരുകൾ കൂടുതലായി വിളിക്കുന്നുണ്ട് (പു. 33,34).

**5.2.1.1.1.3** മറ്റു നോവലുകളിൽ പരാമർശസൂചനകൾ കാണുന്നില്ല

### 5.2.1.1.2 ചെറുകഥകളിൽ

പരാമർശസൂചനകൾ ഇല്ല

**5.2.1.1.3അനുഭവക്കുറിപ്പുകളിൽ**

സൂചനകൾ ഇല്ല

**5.2.1.1.4ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല

**5.2.1.2 സാമ്പത്തികാധികാരം ഭാഷയിലൂടെ പ്രയോഗിക്കാത്തവർ**

**5.2.1.2.1 നോവലുകളിൽ**

**5.2.1.2.1.1 മൊഴി**

ഭാര്യയുമായി പിരിഞ്ഞതിനുശേഷം അബ്ദുള്ളയും മകനും ആയയും മാത്രമാണുവീട്ടിലുള്ളത്. മലയാളി അല്ലാത്ത വീട്ടുജോലിക്കാരിയാണ് അവർ. അവർക്കിടയിൽ ആജ്ഞാഭാഷകൾ ഇല്ല. കുടുംബത്തിലെ ഒരു അംഗത്തെപ്പോ ലെയാണ് അവർ കഴിയുന്നത്. മുതലാളിയും ജോലിക്കാരിയും തമ്മിൽ സൗമ്യവും സൗഹൃദപരവുമായ ബന്ധം കാത്തുസൂക്ഷിക്കുന്നുണ്ട് (പു. 71).

**5.2.1.2.1.2 നിഴൽ**

അസനാരുകുഞ്ഞിന്റെ വീട്ടിലെ ജോലിക്കാരിയാണു സൈനബ. വീട്ടു ജോലിക്കാരിയായിട്ടല്ല കുടുംബത്തിലുള്ളവർ സൈനബയെ കാണുന്നത്. കുടുംബത്തിലെ ഒരു അംഗമാണ് അവർ. മറ്റു അംഗങ്ങളെപ്പോലെത്തന്നെ സൈനബയോടും സൗഹൃദവും സ്നേഹത്തോടുകൂടിയാണ് എല്ലാവരും പെരുമാറുന്നത് (പു. 29).

**5.2.1.2.1.3** മറ്റു നോവലുകളിൽ പരാമർശ സൂചനകൾ ഇല്ല

**5.2.1.2.2 ചെറുകഥകളിൽ**

**5.2.1.2.2.1 പാവം അത്യമാൻകുട്ടി**

പലചരക്കു കച്ചവടക്കാരനാണ് അത്യമാൻകുട്ടി. കൂടെ സഹായത്തിന് ഒരു ചെറുക്കനുണ്ട്. ‘മൊലാളി’ എന്നു തന്നെയാണ് അവൻ അത്യമാൻ

കുട്ടിയെ വിളിക്കുന്നത് (2014:248). എങ്കിലും മൊതലാളി തൊഴിലാളി ബന്ധത്തേക്കാൾ നല്ല സൗഹൃദമാണ് ഇവർക്കിടയിൽ (പു:248).

**5.2.1.2.2.2** മറ്റു ചെറുകഥകളിൽ പരാമർശ സൂചനകൾ ഇല്ല

**5.2.1.2.3 അനുഭവക്കുറിപ്പുകളിൽ**

പരാമർശ സൂചനകൾ ഇല്ല

**5.2.1.2.4 ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല

**5.2.2 വീട്ടമ്മയും ജോലിക്കാരും തമ്മിലുള്ള ഭാഷ**

**5.2.2.1 സാമ്പത്തിക അധികാരം പ്രയോഗിക്കുന്നവർ**

**5.2.2.1.1നോവലുകളിൽ**

**5.2.2.1.1.1മൊഴി**

വീട്ടുകാര്യങ്ങളും വീടിനോടുചേർന്ന പറമ്പിലെ കാര്യങ്ങളുമെല്ലാം ആയിശുമ്മയാണു നോക്കുന്നത്. പുറം ജോലിക്കുതൊഴിലാളികളെത്തിയാൽ അവർക്കു നിർദ്ദേശം നൽകിക്കൊണ്ട് ആയിശുമ്മ ഉണ്ടാവും (പു.7). 'ഉമ്മ്യേറ്റാറ്' എന്നാണ് ആയിശുമ്മയെ ജോലിക്കാർ വിനയത്തോടെ വിളിക്കുന്നത് (പു.8).

**5.2.2.1.1.2 ഇരുട്ട്**

സാമ്പത്തികാധികാരം തന്റെ ജോലിക്കാരോടുകാണിക്കുന്നവളാണ് ഐഷക്കുട്ടി. ജോലിക്കാരെ പ്രായത്തിൽ മുതിർന്നവരായാലും പേരെടുത്തേ വിളിക്കൂ. എല്ലാവരും തന്റെ ചൊൽപ്പടിക്കു നിൽക്കണമെന്നാണ് അവർക്ക്. തന്റെ ആവശ്യങ്ങൾ അപ്പപ്പോൾ നടക്കണം. ആജ്ഞാസ്വരത്തിൽ മാത്രമാണ് എല്ലാവരോടും പെരുമാറുന്നത് (പു.23). എല്ലായ്പ്പോഴും രണ്ടു ജോലിക്കാർ കൂടെ ഉണ്ടാവും. ഐഷക്കുട്ടി എന്തു പറഞ്ഞാലും തലയാട്ടി ശരിവക്കണമെന്നാണ് (പു.86).

#### 5.2.2.1.1.3 നിലാവ്

നസീമയുടെ ഉമ്മയുടെ ഉമ്മയാണ് ആ കുടുംബത്തിലെ മുതിർന്ന സ്ത്രീ. അവരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചു മാത്രമാണ് അടുക്കളക്കാര്യങ്ങൾ നടക്കുക. പണിക്കാരിയായ കദീശുവിന് അവർ നിർദ്ദേശങ്ങൾ നൽകും. ഭക്ഷണംകഴിക്കാൻ സമയമായാൽ കദീശു ഭക്ഷണസാധനങ്ങളും ഇരിക്കാനുള്ള പലകയും തയ്യാറാക്കിവെക്കും. 'അമ്മായി' എന്നാണു ജോലി ക്കാർ അവരെ വിളിക്കുന്നത് (പു.27). ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ നിങ്ങള് ചെന്ന് തിന്നോളീം. ചോറ്റിന്റെ പണിക്കിറങ്ങണ്ടേ? എന്നു പറഞ്ഞു ഭക്ഷണം കഴിക്കാൻ അനുമതി നൽകും (പു.126). വീട്ടിൽ വച്ചുണ്ടാക്കേണ്ട സാധനങ്ങൾ എന്തൊക്കെയാണെന്നും അവ അളന്നു തിട്ടപ്പെടുത്തി കദീശുവിനെ ഏൽപ്പിക്കു ന്നതും അവരാണ് (പു.27).

#### 5.2.2.1.1.4 ആകാശഭൂമികളുടെ താക്കോൽ

ജോലിക്കാരികൾ മുതലാളിയുടെ ഭാര്യയെ 'ബീവി' എന്നാണു വിളിക്കു ന്നത്. ബീവിമാര് ദേഷ്യം വന്നാൽ ജോലിക്കാരികളോട് അരിശപ്പെടുന്നതായി കാണാം. 'സൂറാ.... ഏടെപ്പോയി ബലാല്..... എന്താണ്ടീ ഹിമാറുകളെ.... എനക്ക് നേരത്തിനു ബെള്ളം തരാൻ നിങ്ങക്ക് സമയമില്ലാണ്ടായോ' (2011:35) എന്ന് ഐഷ സൂറ എന്ന ജോലിക്കാരിയോടു ചോദിക്കുന്നുണ്ട്. ജോലിചെയ്യാൻ സമയം വൈകിയാലും ഐഷാത്ത ഉച്ചത്തിൽ ജോലിക്കാരെ ചീത്ത പറയുന്ന തായും കാണാം (പു.200).

#### 5.2.2.1.1.5 മറ്റു നോവലുകളിൽ പരാമർശസൂചനകൾ ഇല്ല

#### 5.2.2.1.2 ചെറുകഥകളിൽ

പരാമർശസൂചനകൾ ഇല്ല

**5.2.2.1.3 അനുഭവക്കുറിപ്പുകളിൽ**

**5.2.2.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

അടുക്കളജോലിക്കു മാത്രമായി ധാരാളം ജോലിക്കാരുണ്ട് അവരുടെ വീട്ടിൽ. അടുക്കളയിൽ പലകയിട്ടാണ് ഉമ്മാമ്മയും മറ്റും ഭക്ഷണം കഴിക്കുക. മറ്റുള്ള ജോലിക്കാർ വെറും നിലത്തിരുന്നും. 'മീൻ മുളകിട്ടതിന്നു പുളികൂടിപ്പോയി, പത്തിരി വെന്തില്ല' എന്നൊക്കെ പറഞ്ഞുകൊണ്ടും നിർദ്ദേശങ്ങൾ നൽകിക്കൊണ്ടുമാണു വീട്ടുകാരണത്തിയായ ഉമ്മാമ്മ ഭക്ഷണം കഴിക്കുക (2015:38). പ്രായത്തിനനുസരിച്ചാണു ജോലിക്കാരികൾ വീട്ടിലുള്ള സ്ത്രീകളെ വിളിക്കുന്നത്. വലിയമ്മായി, ചെറിയമ്മായി എന്നിങ്ങനെ. വളരെ താഴ്മയോടു കൂടിയാണ് അവർ മുതലാളിമാരോടു പെരുമാറുന്നതും (പു.39).

**5.2.2.1.4 ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല

**5.2.2.2 സാമ്പത്തിക അധികാരം പ്രയോഗിക്കാത്തവർ**

**5.2.2.2.1 നോവലുകളിൽ**

**5.2.2.2.1.1 കിനാവ്**

**5.2.2.2.1.1.1. ബീപാത്തുഹജ്ജുമ്മ - മമ്മദ്**

സൈതൂട്ടിഹാജിയുടെ കാര്യസ്ഥനായിരുന്നു മമ്മദ്. വീട്ടിൽ എല്ലാ കാര്യങ്ങളിലും പ്രധാന കൈകാര്യം മമ്മദിനായിരുന്നു. ബീപാത്തു ഹജ്ജുമ്മക്കും മമ്മദ് ഏറെ പ്രിയപ്പെട്ട ജോലിക്കാരനാണ്. ഏറെ നാളുകൾക്കുശേഷം ഹജ്ജുമ്മയെയും മക്കളെയും കാണാൻ വന്നിരിക്കയാണു മമ്മദ്. പരസ്പരം സ്നേഹത്തോടും ബഹുമാനത്തോടും കൂടി മമ്മദിനെ ബീപാത്തുഹജ്ജുമ്മയും സൈനബയും സ്വീകരിച്ചു ഭക്ഷണം നൽകുന്നതായി കാണാം (1990:69).

#### 5.2.2.2.1.2 മൊഴി

##### 5.2.2.2.1.2.1 ആയിശുമ്മ - പാത്തു

ആയിശുമ്മയുടെ വീട്ടിലെ ജോലിക്കാരിയാണു പാത്തു. പാത്തു ആ വീട്ടിലെ ഒരു അംഗത്തെപ്പോലെയാണ്. ആയിശുമ്മയ്ക്കുതന്റെ സങ്കടങ്ങൾ ഇറക്കിവെക്കാനുള്ള അത്താണി കൂടിയാണ് അവർ. മുതലാളിയുടെ മനസ്സറിഞ്ഞു സംസാരിക്കാനും പ്രവർത്തിക്കാനും പാത്തുവിനു കഴിയുന്നുണ്ട് (പു.12). ഭക്ഷണസാധനങ്ങൾ ഒരുക്കി ഒരുമിച്ചിരുന്നുകഴിക്കാൻ കാത്തിരിക്കുന്ന പാത്തുവിനെയും നോവലിൽ പരാമർശിക്കുന്നുണ്ട് (പു.12).

#### 5.2.2.2.1.3 ഇരുട്ട്

##### 5.2.2.2.1.3.1 ആമിന - ആലി

ആമിനയുടെ വീട്ടിലെ ജോലിക്കാരനാണ് ആലി. വിശ്വസ്തനായ ജോലിക്കാരൻ എന്നാണ് ആമിനയ്ക്ക് ആലിയെക്കുറിച്ചു സൂചിപ്പിക്കാനുള്ളത്. 'മൊലാളിച്ചി' എന്നാണ് ആലി ആമിനയെ വിളിക്കുന്നത് (പു.44). പരസ്പരം കാര്യങ്ങൾ തുറന്നു പറയാൻ രണ്ടുപേർക്കും സ്വാതന്ത്ര്യമുണ്ട്. ആമിനയ്ക്കു പലപ്പോഴും തുണ ആലിയാണ്.

##### 5.2.2.2.1.3.2 ബിയ്യാത്തുട്ടി-ആമിന

വിവാഹം കഴിഞ്ഞ നാൾ മുതൽ ആമിനയുടെ കൂടെയുള്ള സ്ത്രീയാണു ബിയ്യാത്തുട്ടി. ആമിനയുടെ എല്ലാ കാര്യങ്ങളും നോക്കുന്നത് അവരാണ്. ആമിനയുടെ വേദനയിൽ ആശ്വസിപ്പിക്കാനും വേണ്ടതു ചെയ്തുകൊടുക്കാനും ബീയ്യാത്തുട്ടിക്കു കഴിയുന്നുണ്ട്. 'ഇത്താത്ത' എന്നാണു ബിയ്യാത്തുട്ടി ആമിനയെ വിളിക്കുന്നത്. സഹോദരിമാർ തമ്മിലുള്ള ആത്മബന്ധമാണ് ഇവർക്കിടയിൽ കാണാൻ കഴിയുന്നത് (പു.77).

#### 5.2.2.2.1.4 മറ്റു നോവലുകളിൽ സൂചന ഇല്ല

**5.2.2.2.2.2 ചെറുകഥകളിൽ**

**5.2.2.2.2.1 കദീശുമ്മ**

ഹജ്ജുമ്മയുടെ വീട്ടിലെ ജോലിക്കാരികളായിരുന്നു കദീശുമ്മ, ആമിന, കുഞ്ഞാമിന. എല്ലാവരോടും നല്ല രീതിയിലാണ് അവർ പെരുമാറിയിരുന്നത്. 'കദീശു, മൂപ്പരെ തുണീം കുപ്പോയോം നീ തന്നെ തിരുമ്പ്യാമതി' (2014:236) എന്നു ഹജ്ജുമ്മ പറയും. അതു കദീശുവിനും ഏറെ പ്രിയമാണെന്ന സൂചനയും ഉണ്ട്. വീട്ടിലെ എല്ലാ കാര്യങ്ങളും കുടുംബത്തിലെ ഒരു അംഗത്തെ പ്പോലെ കദീശു ചെയ്യുമായിരുന്നു. എന്നും എല്ലാവർക്കും അവർ പ്രിയപ്പെട്ടവളാ യിരുന്നുവെന്ന സൂചനയും കഥയിലുണ്ട് (പു.237).

**5.2.2.2.2.2** മറ്റു ചെറുകഥകളിൽ സൂചന ഇല്ല

**5.2.2.2.3 അനുഭവക്കുറിപ്പുകളിൽ**

സൂചന ഇല്ല

**5.2.2.2.4 ലേഖനസമാഹാരത്തിൽ**

സൂചന ഇല്ല

## 5.3 ശൈലികൾ, പഴഞ്ചൊല്ലുകൾ

ശൈലികളും പഴഞ്ചൊല്ലുകളും കൃതികളിൽ അവതരിപ്പിച്ചിട്ടുള്ള തെങ്ങനെ എന്നുള്ള അന്വേഷണമാണ് ഈ ഭാഗത്തു നടത്തുന്നത്.

### 5.3.1 നോവലുകളിൽ

**5.3.1.1 കിനാവ്**

*കിനാവെ*ന്ന നോവലിൽ ബീപാത്തുഹജ്ജുമ്മയും കാര്യസ്ഥൻ മമ്മദും തമ്മിൽ പഴയ കാര്യങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ 'കാലത്തി നനുസരിച്ചു കോലം കെട്ടണമെന്ന്' ഉപയോഗിച്ചതായി കാണുന്നു (പു.63). പുത്തൻ പണക്കാരനായ തോണിക്കാരൻ അതൃമാൻകുട്ടിയെ

ക്കുറിച്ചു പരാമർശിക്കുന്നിടത്തു മമ്മദു സൂചിപ്പിക്കുന്നതു 'കാക്ക കുളിച്ചാൽ എങ്ങനെയാ കൊക്കാകുന്നത്?' എന്നാണ് (പു.67). ഭാര്യ ശാഹിദയുടെ പ്രവർത്തനങ്ങൾ കണ്ടു ഭർത്താവു കരീം മനസ്സിൽ 'ഉപ്പു തിന്നവൻ വെള്ളം കുടിക്കാതിരിക്കുമോ?' എന്നുചിന്തിക്കുന്ന ഭാഗമുണ്ടു നോവലിൽ (പു.80). ബീപാത്തുഹജ്ജുമ്മ തന്റെ സഹോദരൻ മൊയ്തുവിനെക്കുറിച്ചു ചിന്തിക്കുന്ന ഭാഗത്തു 'ഞാനും എന്റെ ഓളും തട്ടാനും' എന്ന മൊയ്തുവിന്റെ സ്വഭാവത്തെ ക്കുറിച്ചു പരാമർശിക്കുന്നതായി കാണാം (പു.93).

#### 5.3.1.2 മൊഴി

ജോലിക്കാര്യത്തിൽ മാത്രം ശ്രദ്ധിക്കുന്ന അബ്ദുള്ളയെ സുഹൃത്തു ഷറഫ് ഉപദേശിക്കുമ്പോൾ 'കാറ്റുള്ളപ്പോ തൂറ്റണ'മെന്നും ഇപ്പോഴത്തെ ജി.എം.നു തന്നെ പ്രിയമാണെന്നും ഒത്തുനിന്നാൽ കുറെ നേടാനുണ്ടെന്നുമാണ് അയാൾ പറയുന്നത്. ഫാത്തിമ എന്ന കഥാപാത്രത്തിന്റെ സഹോദരൻ അഷ്റഫിന്റെ സ്വഭാവത്തെക്കുറിച്ചു ചിന്തിക്കുന്നിടത്ത് അയാൾ 'വെട്ടൊന്ന് തുണ്ടം രണ്ട്' എന്ന പ്രകൃതക്കാരനാണെന്നു പരാമർശിച്ചുകാണുന്നുണ്ട് (പു. 84). മറ്റൊരു സഹോദരനായ സലാം അനിയത്തിയെ ഉപദേശിക്കുമ്പോൾ 'വേലി ചാടിയ പശു മതിലുചാടി' എന്നു പറയിക്കാൻ ഇടവരുത്തരുതെന്നു പറ യുന്നുണ്ട് (പു.85-90). ഷറഫ് തന്നെ 'വലവീശി' പിടിച്ചതായിരുന്നുവെന്നു ഫാത്തിമ ചിന്തിക്കുന്നതായി കാണാം (പു.85). അതുപോലെ ഷറഫിനോ ടൊപ്പമുള്ള ജീവിതം 'ഇറക്കാനും തുപ്പാനും' പറ്റാത്ത അവസ്ഥയാണു തനിക്കു നൽകിയിട്ടുള്ളതെന്നും ഫാത്തിമ ചിന്തിക്കുന്നുണ്ടു നോവലിൽ (പു.85). തന്റെ ദുർവിധിയോർത്തുകരയുമ്പോൾ സഹോദരനായ അഷറഫ് ഫാത്തിമയോടു 'കുരുത്തക്കേടുകൾ കാണിച്ചിട്ട്' കരയുന്നതു കണ്ടില്ലെന്നു പറയുന്ന സംഭാഷ ണമുണ്ടു നോവലിൽ (പു.135). ഭർത്താവിൽനിന്നും പിരിഞ്ഞുവീട്ടിലെത്തിയ മോളെ നന്നാക്കാൻ 'ഒരത്തപെണ്ണിന് പരത്ത വടി' മതിയെന്നു ഫാത്തിമയുടെ

ഉപ്പ പറയുന്നുണ്ട് (പു.29). ഷറഫ് ഫാത്തിമയുമായി കടന്നുകളയുമ്പോൾ 'മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി' എന്ന പ്രയോഗവും നോവലിൽ ഉണ്ട് (പു. 76).

### 5.3.1.3 ഇരുട്ട്

ആമിനയെ സഫിയ സമാധാനിപ്പിക്കുമ്പോൾ 'തർക്കത്തിനു വർക്കത്തില്ലാന്ന്' ഉപദേശിക്കുന്നത് (പു.35). ഭർത്താവിനോടു 'പത്തിവിടർത്തി ആടാൻ' പാടില്ലെന്ന ഉപദേശവും സഫിയ നൽകുന്നതായി കാണാം (പു.35).

### 5.3.1.4 നിലാവ്

വീട്ടിലെത്തിയ കൈനോട്ടക്കാരി തറവാടിനെയും തറവാട്ടുകാരെയും കുറിച്ചു പറയുന്നുണ്ട്. അപ്പോൾ എല്ലാം 'അച്ചട്ടായിട്ടാണ്' പറയുന്നതെന്നു കദീശു പറയുന്നതായി നോവലിൽ സൂചനയുണ്ട് (2007:136). അടുക്കളപ്പടിയിൽ ഇരിക്കുന്ന അവുള്ളാക്ക 'കുന്തിച്ചിരിക്കു'കയാണെന്നു പറയുന്നുണ്ട്(പു:50-54). നസീമയോട് അവളുടെ ഉമ്മ 'അന്യനൊരുത്തന്റെ കൂടെ' കഴിയേണ്ടവളാണെന്ന് ഇടയ്ക്കിടയ്ക്കു പറയുന്നുണ്ട് നോവലിൽ (പു.53). 'ബാല്യക്കാരത്തിയാവുക' എന്ന പ്രയോഗവും നോവലിൽ കാണുന്നു (പു.54). കദീശുവിനെയും അവുള്ളാക്കയെയും നോവലിലെ വലിയ മൂപ്പർ ചീത്ത പറയുന്നിടത്തു 'വകതിരിവ് കെട്ട ജാത്യേള്' എന്നും 'ചെപ്പക്കിട്ട്' രണ്ടുകൊടുക്കുകയാണു വേണ്ടതെന്നും പറയുന്നുണ്ട് (പു.57). നസീമയോട് അവളുടെ ഉമ്മ 'കുന്തം മിണുങ്ങിയമാതിരി നിക്കാണ്ട്' അകത്തുപോവാൻ പറയുന്നതായി നോവലിൽ കാണുന്നു (പു.59). മാനസികരോഗിയായ മകനെക്കുറിച്ചു ചിന്തിക്കുന്നിടത്തു 'തലേലെയ്ത്ത് മാച്ചാ മായോ?' എന്നാണു നസീമയുടെ ഉമ്മയുടെ ഉമ്മ ചിന്തിക്കുന്നത് (പു.60). രാത്രി ആയപ്പോൾ 'ഇരുട്ടുകുത്തി' എന്ന പ്രയോഗം ഉപയോഗിച്ചതായി കാണുന്നുണ്ട് (പു.42).

#### 5.3.1.5 നിഴൽ

നോവലിലെ സൈനബ എന്ന കഥാപാത്രം തന്റെ ഭർത്താവിനെ ക്കുറിച്ചു നദീറയോടു പറയുമ്പോൾ 'ചക്കയാണോ ചൂഴ്ന്നുനോക്കാൻ' എന്ന് ഉപയോഗിച്ചതായി കാണുന്നുണ്ട് (പു. 95). റാബിയയെക്കുറിച്ചു സ്വന്തത്തിൽപ്പെട്ടവർ തെറ്റായ കാര്യങ്ങൾ അവർ കേൾക്കാതെ പറയുമ്പോൾ ജോലിക്കാരി സൈനബ അവരോടായി പറയുന്നുണ്ട്. 'തോളിലിരുന്ന് ചെവികടി ക്കണ' ഏർപ്പാട് തനിക്കില്ലെന്ന് (പു.100). 'പുലമ്പാണ്ടിരിക്ക' എന്ന പ്രയോഗം നോവലിൽ കാണുന്നുണ്ട് (പു.164). റംലത്തിന്റെ പ്രസവത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ റംലത്തിന്റെ ഉമ്മ പുറത്തിരുന്ന് ഓരോന്നു പറയുമ്പോൾ ഭർത്താവ് അവരെ വിളിച്ച് ഉപദേശിക്കുന്ന ഭാഗത്താണ് ഈ പ്രയോഗം കാണാൻ കഴിയുന്നത്. 'വറുതിക്ക് പൊറുതിയാവുക' എന്ന പ്രയോഗവും നോവലിൽ കാണുന്നുണ്ട് (പു.142). പാർവ്വതിയുടെ ചിന്തകളിലാണ് ഇത് ഉപയോഗിച്ചുകാണുന്നത്. ഇളയ മകൾ ഷാജിയെ ഭാര്യ 'ചെല്ലം കൊടുത്ത് വഷളാക്കു'കയാണെന്നാണു ഭർത്താവിന്റെ പരാതി (പു.135). ഷാജി തന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ചിന്തിച്ചിരിക്കുമ്പോൾ ഇനി അതിനെക്കുറിച്ചോർത്തു 'മനസ്സ് പുണ്ണാക്കി'യിട്ട് കാര്യമില്ലെന്നു സ്വയം പറയുന്നുണ്ട് (പു.135).

#### 5.3.1.6 ആകാശഭൂമികളുടെ താക്കോൽ

'പാലുകൊടുത്തത് പാമ്പിനാണ്' എന്നു ഹാജിയാർ നൂറുവിനെ പരാ മർശിച്ചു കൊണ്ടു നോവലിൽ പറയുന്നുണ്ട്. അതുപോലെ 'ഉറയുമ്പം ബെട്ടണം' എന്നുജോലിക്കാരി നബീസ നൂറുവിനെ ഉപദേശിക്കുന്നുണ്ട് (2011:66). നൂറു തന്റെ ജീവിതത്തെക്കുറിച്ച് ഉമ്മയോടുസങ്കടം പറയുന്നിടത്തു 'പൂച്ചന്റെ കണ്ണില് മുളകു തേച്ചു വിട്ടതുപോലെ' തന്നെ വിട്ടത് എന്നു പറയുന്നുണ്ട് (പു.62). അതുപോലെ ഉമ്മ മകളെക്കുറിച്ചു വേവലാതിപ്പെടുമ്പോൾ നൂറുവിന്റെ

ഇക്കാക്ക 'പുണ്ണിക്കുത്തി പഴുപ്പിക്കണ്ട'എന്നാണ് ഉമ്മയോടു പറയുന്നത് (പു:62). 'പിടക്കോയികളെ കൂവാൻ' സമ്മതിക്കില്ലെന്നു ഹാജിയാർ ഭാര്യമാരോടു പറയുന്നുണ്ടു നോവലിൽ (പു.59). ഹുസൈൻഹാജിയുടെ ഉമ്മ മകനെയും ഭാര്യയെയും കുറിച്ച് 'ഈച്ചേം ചക്കരേം പോലെ'യാണെന്നുചിന്തിക്കുന്നതായി നോവലിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.54). ഹുസൈൻഹാജിയുടെ ദയനീയ സംസാരം കേട്ടു 'സ്വയം കുഴിച്ച കുഴിയല്ലേ' അനുഭവിച്ചോ എന്നു പറയാൻ നൂറു ചിന്തിക്കുന്നതായി പരാമർശമുണ്ട് (പു.168). നൂറുവിന്റെ പ്രവർത്തനങ്ങൾ ഹാജ്യാർക്കു സഹിക്കാൻ കഴിയുന്നതിലും അപ്പുറത്തായിരുന്നു. ദേഷ്യത്തോടെ നൂർജഹാനോടു ഹാജ്യാർ പറയുന്നതു 'കൊഞ്ചൻ തുള്ള്യാ മുട്ടോളം പിന്നെത്തുള്ളിയാ ചട്ട്യോളം' എന്നാണ് (പു.256). 'ഒരത്തപെണ്ണിന് പരുത്ത വടി' എന്നു ഹുസൈൻഹാജി ചിന്തിക്കുന്നതായി നോവലിൽ കാണുന്നു (പു.259). ഹാജി തന്റെ ഭാര്യമാരോടു 'തലയിരിക്കുമ്പം വാലാടണ്ട' എന്നു ശാസിക്കുന്നതായി നോവലിൽ കാണുന്നുണ്ട് (142).

#### 5.3.1.7 പ്രകാശത്തിനുമേൽ പ്രകാശം

ഷംസുദ്ദീൻ വക്കീൽ ഭാര്യയുടെ നിറുത്തം കണ്ടു നീയെന്താടീ 'കുറ്റിയടിച്ചപോലെ' നിൽക്കുന്നത് എന്നു ചോദിക്കുന്നുണ്ട്. അവളുടെ അവസ്ഥ കണ്ടു സഹോദരനും ഇവളെന്താ 'പന്തം കണ്ട പെരുച്ചായിയെ'പ്പോലെ എന്നു ചോദിക്കുന്നതായും കാണുന്നു (2012:17). മകൻ ഹബീബിനു വേണ്ടി സാബിറയെ പെണ്ണുകണ്ടുവന്നതിനുശേഷം ഹബീബ് ഉമ്മയോടു പറയുന്നു 'ചൂന്നുനോക്കാൻ ചക്കയൊന്നുമല്ലല്ലോ' എന്ന് (പു.27). റസീന എന്ന കഥാപാത്രത്തിന്റെ പെണ്ണുകാണൽ ചടങ്ങു രഹസ്യമായി കടപ്പുറത്തുവെച്ചാണു വീട്ടുകാർ നടത്താൻ ഉദ്ദേശിച്ചത്. മക്കൾ പറഞ്ഞാലും പുറത്തുകൊണ്ടു പോവാത്ത ഉപ്പ പെട്ടെന്നു നമുക്കു കടൽ കാണാൻ പോയാലോ എന്നുചോദിച്ചപ്പോൾ മകൾ റസീന അമ്പരന്ന് ഇതെന്താ 'വെള്ളക്കാക്കച്ചി മലർന്നു പറക്കാൻ തുടങ്ങിയോ' എന്നു പറയുന്നുണ്ട് (പു.52). റോഷീന എന്ന കഥാപാത്രം

'വാശിക്കു നാശമാണെന്നാണല്ലോ ചൊല്ല്' എന്നു ചിന്തിക്കുന്ന സന്ദർഭമുണ്ടു നോവലിൽ (പു.187).

### 5.3.2 ചെറുകഥകളിൽ

#### 5.3.2.1 നേർച്ചക്കാള

കുഞ്ഞിപ്പാത്തുവിനെക്കുറിച്ചുനാത്തൂൻ ജമീല എല്ലായിപ്പോഴും 'കുത്തു വാക്കുകൾ' പറയുന്നതായി ചെറുകഥയിൽ സൂചനയുണ്ട് (പു.35).

#### 5.3.2.2 കരച്ചപ്പെട്ടി

ചെറിയ അനിയത്തിക്കുട്ടിയെ ഉമ്മ 'നായിത്തവിടും നാലണേം' കൊടുത്തു പാണ്ടിച്ചിന്റെ അടുത്തുനിന്നും വാങ്ങിയതാണെന്നു കഥയിൽ സൂചിപ്പിക്കുന്നു (പു.44).

#### 5.3.2.3 വത്തക്ക

'കാടി ആയാലും മൂടി കുടിക്കണം' എന്ന് ഉമ്മ പറയാറുള്ളതായി നസീമ കഥയിൽ ചിന്തിക്കുന്നുണ്ട് (പു.78).

#### 5.3.2.4 കദീശുമ്മ

'പെണ്ണുകെട്ടിയാ കണ്ണു കെട്ടീന്നുള്ള' ശൈലി കഥയിൽ പരാമർശിച്ചുകാണുന്നുണ്ട് (പു.239). അതുപോലെ മകളുടെ 'മൊകം തൊറക്കാൻ' തന്നെ സഹായിക്കണമെന്നു നസീമയുടെ ഉമ്മ സഹോദരങ്ങളോട് ആവശ്യപ്പെടുന്നുണ്ട് (പു.79).

#### 5.3.2.5 കളിത്തത്ത

'ചേരേനെ തിന്നുന്ന നാട്ടിൽച്ചെന്നാൽ ചേരേന്റെ നടുക്കണ്ടം തിന്നണം' എന്നു കുഞ്ഞാലി കുഞ്ഞലീമയോടു പറയുന്നുണ്ട് (പു.19). പർദ്ദയും ബുർഖയു

മിട്ടു പ്രയാസപ്പെടുന്ന കുഞ്ഞലീമ 'കാക്ക കുളിച്ചാ കൊക്കാക്ക്യോന്ന്' കുഞ്ഞാലിയോടു ചോദിക്കുന്നുണ്ട് (പു.20).

### 5.3.2.6 വെറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

'നാടോടുമ്പോൾ നടുവേ ഓടണം' എന്നചൊല്ലു ഹസ്നബിയുടെ ഉമ്മ അവളുടെ ഉപ്പയോടു പറയാറുണ്ടായിരുന്ന കഥയിൽ പരാമർശിച്ചുകാണുന്നുണ്ട് (പു:301).

### 5.3.3 അനുഭവക്കുറിപ്പുകളിൽ

### 5.3.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

കാരണോരും മരുമോനും തമ്മിൽ 'കീരീം പാമ്പും' പോലെയാണെന്ന പരാമർശം കൃതിയിലുണ്ട് (പു.22). 'ആന മെലിഞ്ഞൂന്നെച്ചിട്ട് ആലയിലാരും കെട്ടലില്ല' എന്ന ശൈലി കൃതിയിൽ ഉപയോഗിച്ചതായി കാണുന്നു (പു.62). ആവശ്യമുള്ളതിനും ഇല്ലാത്തതിനും കരഞ്ഞുകൊണ്ടിരിക്കുന്ന എഴുത്തുകാരിയെ സഹോദരങ്ങൾ 'തൊട്ടാൽ പെട്ടി' എന്നു വിളിക്കുന്നതായും 'തൊട്ടാപ്പെട്ടീ, തീപ്പെട്ടി-തൊടുമ്മം പെട്ടീ താപ്പട്ടി' എന്നു വിളിച്ചു പരിഹസിക്കുന്നതായും പരാമർശമുണ്ട് (പു.118). 'ഒരുമയുണ്ടേൽ ഉലക്കമേലും കിടക്കാം', 'താൻ പാതി ദൈവം പാതി' തുടങ്ങുന്ന സാരാംശം വരുന്ന ചൊല്ലുകളടങ്ങിയ കഥകൾ മക്കൾക്ക് ഉപ്പ പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു എന്ന സൂചനയുണ്ട് (പു.92).

### 5.3.4 ലേഖനസമാഹാരത്തിൽ

### 5.3.4.1 ആരോടു ചൊല്ലേണ്ടു നാം

'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന ശീർഷകത്തിൽ ഒരു ലേഖനമുണ്ട് (2013:57). ഗൾഫു ജീവിതവും ഗൾഫു പണവും കൊണ്ടു മലയാളി ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങളുമാണു ലേഖനത്തിൽ പരാമർശിച്ചിട്ടുള്ളത്. അതു

പോലെ 'കോരനു കഞ്ഞി കുമ്പിളിലുമില്ല' എന്ന ശീർഷകത്തിലും ഒരു ലേഖനമുണ്ട് (പു.79). ഈ ലേഖനത്തിൽ വിമാനക്കമ്പനികൾ വിലകൂട്ടി പ്രവാസികളോടുചെയ്യുന്ന അനീതിയെക്കുറിച്ചും മറ്റുമാണു പരാമർശിച്ചതായി കാണുന്നത്.

## 5.4 ഒപ്പനപ്പാട്ടുകൾ

### 5.4.1 നോവലുകളിൽ

#### 5.4.1.1 കിനാവ്

ബീപാത്തുഹജ്ജുമ്മയുടെ മൂത്തമകൻ കരീമിന്റെ വിവാഹവുമായി ബന്ധപ്പെട്ട് ഒപ്പന നടക്കുന്നതായി നോവലിൽ പരാമർശമുണ്ട്. പെണ്ണിന്റെ വീടായ തലശ്ശേരിയിൽ വെച്ചായിരുന്നു വിവാഹം. പൊന്നാനിയിൽ നിന്നാണു ബാൻഡും സംഘവും ഒപ്പനയും കോൽക്കളിയും എന്നും സൂചന യുണ്ട് (1990:24) ഒപ്പനപ്പാട്ടിന്റെ വരികൾ.

മേനീനല്ലഴകുള്ള പുതുനാരിനാ,
മികവോടെ കസാലമ്മൽ ഇരുന്തശകായി
അശഹദുൽ അറഫും ശ്രുകികളനകം
അസ്തകൾ സുഫ്ത്തും പല പല രാഗം (1990:25).

#### 5.4.1.2 നിലാവ്

നസീമയുടെ കല്യാണദിനത്തിൽ പണ്ടങ്ങൾ അണിയുന്ന സമയത്ത് ഒപ്പനക്കാരികൾ ഒപ്പനപ്പാട്ടുപാടി പുതുപ്പെണ്ണിനെ ആനയിക്കുന്നുണ്ട്.

നാരി നല്ല ശകുള്ള പുതുനാരീനാ....
അഴകോടെ കസേരമ്മൽ ഇരുന്തശകായ്
അരയീലരഞ്ഞാണം, കാതിലലിക്കത്തും (2007:79)

അതുപോലെ മൈലാഞ്ചി അണിയിക്കുന്നതിനായി സമ്മതം ചോദിക്കുന്നുണ്ട്. കൂടാതെ ബന്ധുക്കളെ ഓരോരുത്തരെ വിളിച്ചു മൈലാഞ്ചി അണിയിക്കാനായി ആവശ്യപ്പെടുന്നുണ്ട്. വരികൾ മാറുന്നതിനനുസരിച്ചു പാട്ടിന്റ ഗതിയും മാറുന്നുണ്ട് എന്ന സൂചനയും നോവലിൽ ഉണ്ട് (പു:79).

''ബാപ്പാന്റെ പെങ്ങളും മൊയിലാഞ്ചി ഇട്ടാട്ടെ

അമ്മായിമാരെല്ലാം മൊയിലാഞ്ചി ഇട്ടാട്ടെ

കുട്ടീന്റെ ഉമ്മയും.....

ഇളയമ്മ മൂത്തമ്മമാരെല്ലാം വന്നാട്ടെ..... '' (പു:79).

**5.4.1.3** മറ്റു നോവലുകളിലൊന്നും ഒപ്പനപ്പാട്ടിന്റെ വരികൾ സൂചിപ്പിച്ചതായി കാണുന്നില്ല

**5.4.2 ചെറുകഥകളിൽ**

ചെറുകഥകളിലൊന്നും തന്നെ ഒപ്പനപ്പാട്ടിന്റെ വരികൾ ഇല്ല.

**5.4.3 അനുഭവക്കുറിപ്പുകളിൽ**

ഒപ്പനപ്പാട്ടിന്റെ വരികൾ സൂചിപ്പിച്ചുകാണുന്നില്ല

**5.4.4 ലേഖനസമാഹാരത്തിൽ**

സൂചന ഇല്ല

**5.5 താരാട്ടുപാട്ട്**

**5.5.1 നോവലുകളിൽ**

**5.5.1.1 നിലാവ്**

നസീമയുടെ താത്തയുടെകുട്ടിയെ ഉറക്കുന്നതിനായി പണിക്കാരി പാത്തുമ്മ താരാട്ടുപാട്ടുപാടുന്നതായി നോവലിൽ സൂചിപ്പിക്കുന്നുണ്ട്.

''ലാഹിലാഹ ഇല്ലള്ളഹ് മുഹമ്മദ്-

റസൂലുള്ളാഹ് കുഞ്ഞിമോനുറങ്ങിക്കോ...'' (പു. 43)

5.5.1.2 മറ്റു നോവലുകളിലോ ചെറുകഥകളിലോ അനുഭവക്കുറിപ്പുകളിലോ ലേഖനസമാഹാരത്തിലോ താരാട്ടുപാട്ടുകൾ കാണുന്നില്ല.

## 5.6 മൗലൂദ് പാരായണം

### 5.6.1 നോവലുകളിൽ

#### 5.6.1.1 കിനാവ്

നബിദിനത്തോടനുബന്ധിച്ചു മൗലൂദു പാരായണം വീട്ടിൽവെച്ചുനടത്തു ന്നതായി നോവലിൽ സൂചനയുണ്ട്. നബിയെ പ്രകീർത്തിച്ചുകൊണ്ടുള്ള വന്ദന ങ്ങളാണ് ഇവ. പ്രത്യേക ഈണത്തിലും താളത്തിലും പാതിരാവരെ തുടർന്നു കൊണ്ടിരിക്കുമെന്നും നോവലിൽ പരാമർശിച്ചുകാണുന്നുണ്ട്. വരികൾ;

യാ നബീ സലാം അലൈക്കും
യാറസൂൽ സലാം അലൈക്കും
യാ ഹബീബ് സലാം അലൈക്കും
സലവാത്തുള്ളാ അലൈക്കും (1990:32).

5.6.1.2 മറ്റു നോവലുകളിൽ സൂചന ഇല്ല

### 5.6.2 ചെറുകഥകളിൽ

സൂചന ഇല്ല

### 5.6.3 അനുഭവക്കുറിപ്പുകളിൽ

*ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ* എന്ന ഓർമ്മക്കുറിപ്പിൽ തറവാട്ടിൽ നബിദിനവുമായി ബന്ധപ്പെട്ടു റബിയുൽ അവ്വൽ മാസത്തിൽ കുഞ്ഞമ്മോട്ടിസീതിയും കുട്ടികളും മൗലൂദ് ഓതുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

''അസ്സലാത്തു അലനബീ,
വസ്സലാമുഅലൽ റസൂൽ

അശ്ശഫീ ഉൽ അസ്ത്വഹീ

വൽ ഹബീബുൽ യാറബീ'' (2015:37).

**5.6.4 ലേഖനസമാഹാരത്തിൽ**

സൂചന ഇല്ല

## 5.7 മതപരമായ പദങ്ങൾ, അറബിപ്പദങ്ങൾ, സാമുദായിക സാങ്കേതിക പദങ്ങൾ

മുസ്ലിംസമുദായത്തിനകത്തു ധാരാളം സാമുദായിക പദങ്ങൾ ഉപയോഗത്തിലുള്ളതായി കാണാം. കൃതികളിൽ ഉപയോഗിച്ചിട്ടുള്ള സാമുദായിക സാങ്കേതികപദങ്ങൾ അന്വേഷിക്കുകയാണ് ഈ ഭാഗത്ത്.

### 5.7.1 നോവലുകളിൽ

**5.7.1.1 കിനാവ്**

കിയാമത്ത്നാൾ, വഅള്, ദജ്ജാൽ (1990:15,16) ഓത്ത്, മുസഅബ് (പു.20) ഒളു (പു.28), മൗലൂദ്, ഖുർആൻ (പു.34), ഹൗള് (പു.44), ഫിത്വർസക്കാത്ത് (പു.46), ഒളിഹിയ്യത്ത് (പു.47) ശുഹദാക്കൾ (പു.51), ഫക്കീർ (പു.67) എന്നീ  പദങ്ങൾ നോവലിൽ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു.

**5.7.1.2 മൊഴി**

മുസീബത്ത് (1999:11), ബാങ്ക്, സുബഹി, മുസഅബ്, ഒളു (പു.15), റൂഹ് (പു.21) ദുആ (പു.35), ഖൽബ് (പു.64), കാഫർ (പു.65), ഖബറിടം (പു.87), ബേജാറ് (പു.121).

**5.7.1.3 ഇരുട്ട്**

അബൂജാഹില്, മുസലിയാക്കന്മാർ, തങ്ങൾമാർ (1995:22), ഫസാദ് (പു.4),

ഫിത്ത്ന (പു.55), മുസഅബ് (പു.68), അസത്ത് (പു.83), സിൽബന്തികൾ (പു.85), ശുജായിത്തരം, അജബാക്കുക (പു.86), സബൂർ (പു.103) മയ്യിത്ത്, ബേജാറ്, ഫാത്തിഹ, ദിക്കറ് (പു.104,105).

### 5.7.1.4 നിലാവ്

മുസഅബ് (2007:16,38), ഖുർആൻ (പു.18) മഅന (പു.35), ഒളു (പു.38), മക്ബറ, ദ്വാ, തങ്ങന്മാർ (പു.40), ദിക്കറു ചൊല്ലുക, മൊയിലാര് (പു.44),ഖാസി, ഹംക്ക്, ഹലാക്ക് (പു.57,59), ദുനിയാവ് (പു.61), ഖൽബ് (പു.68), മയ്യിത്ത് (പു.79) തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചതായി കാണുന്നു.

### 5.7.1.5 നിഴൽ

മയ്യം, ഖബർ, ഖത്തീബ്, ഖുർആൻ ഓതുക, കഫം ചെയ്യുക (2012:43,44) മുസലിയാർ, ഖൽബ്, മുസ്അബ് (പു.48,49), ഹമുക്ക് (പു.126).

### 5.7.1.6 ആകാശഭൂമികളുടെ താക്കോൽ

ഖാസി (2008:83), മുസ്അബ്, ദുആ (പു.89), ഫർള് (പു.93), മൊയില്യാര്, മുസലിയാർ (പു.94), ബാത്തിലാവുക (പു.97), കഅബ, മൗലവി, ഇഹ്റാം കെട്ടുക (പു.98-100), ഉസ്താദ്, സബൂർ, സ്വഫ്ഫില്, ഖിബില, റൗള, മുസ്ദലിഫ, ജംറ, തങ്ങൾ, ത്വവാഫ്, സഇയ്, തസ്ബീഹ്, ജബലുറഹ്മ, ളുലുമ്, അദാബ് (പു.101-16) കിതാബ്, ഹയാത്ത്, മൗത്ത് (പു.137-159), ഇബാദത്ത്, ജുമുഅ (പു.168-69) എന്നീ പദങ്ങളും ഉപയോഗിച്ചാതായി കാണുന്നു.

### 5.7.1.7 പ്രകാശത്തിനുമേൽ പ്രകാശം

ഫത്വ (2012:22), ഫസാദ്, ഫിത്ത്ന (പു.38), ഒസ്യത്ത് (പു.42), ഹയാത്ത്, സബൂർ (പു.67), ഉസ്താദ്, മൊയില്യാര് (പു.137).

### 5.7.2 ചെറുകഥകളിൽ

#### 5.7.2.1 അറബിപുതിയാപ്ല

കബൂൽ (2014:196) ബേജാറാക്ക (പു.197).

#### 5.7.2.2 കദീശുമ്മ

ഖൽബ് (2014:238) കിബറ് (പു.239)

#### 5.7.2.3 പാവം അതൃമാൻകുട്ടി

സുബഹി, ഒളു (പു.243), ഹിമാറ് (പു.249), ഫാത്തിഹ (പു.250)

#### 5.7.2.4 പൊങ്ങച്ചപ്പാത്തുമാരുടെ ലോകം

ളൊഹ്റ, ബാങ്ക്, ഹമുക്ക് (പു.270-71)

#### 5.7.2.5 യാത്രയിലെ ദുരിതങ്ങൾ

ഹലാക്ക്, മയ്യിത്ത് (പു.293), മൊയിലാ്യാര്, മക്കന, മൗലവി, മഹ്ശറാ, വഅള്, മാപ്പള (പു.62,94-95), മുസ്ല്യാർ, ശരീഅത്ത് (പു.297).

#### 5.7.2.6 വെറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

കാഫിർ, ഇസ്ലാം, മുസ്ലിം, കാഫ്രിച്ചി, ദീന്, ദുനിയാവ് (പു.302,303).

#### 5.7.2.7 കർമപുസ്തകം

കലിമ, മുൻകർ, നകീർ, ഖുർആൻ, ഇസ്ലാം, ദീൻ, മൻ റബ്ബുക്ക, മൻ റസൂലുക്ക, മൻഇമാമുക്ക, മൻദീനുക്ക (പു.25,30).

#### 5.7.2.8 വത്തക്ക

ളഹറിട, അസ്തഅഫിറുള്ളാഹുൽഅളീം, ദുനിയാവ്, ആഖിറം (പു:77,81).

#### 5.7.2.9 ആകാശഭൂമികളുടെ താക്കോൽ

ബുലൂഖ്, (പു.55), യാഇലാഹ്, യാറസൂൽ (പു.58)

### 5.7.3 അനുഭവക്കുറിപ്പുകളിൽ

#### 5.7.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

ഹാജി(2015:14), മഗ്‌രിബ്, ഇശാ, ഒളു, ഔള് (പു.16,17), മൊയില്യാർ, ബദ്‌രീങ്ങൾ, സംസം (പു.18), മയ്യിത്ത് (പു.20), ഏശാ, സബൂർ, മൊല്ലാക്ക, കബറ്, (പു.23,26) കഫം ചെയ്യുക, ശറഅ്, ഓത്ത്, ബൈത്ത് (പു.28,30) ളുലുമ്, മൗലൂദ്, റാത്തീബ്, ഖുദ്റത്ത് (പു.37-38), ഉസ്ദാത് (പു.45), ഒളു, ഹൗള്, ബലാല് (പു.63-64), കിയാമം, സൂറ്, യാനഫ്സി (പു.74), അസ്തഅഫിറുള്ള(പു.79), വഅള്, മുസലിയാർ (പു.85-88), ദജ്ജാൽ, ബങ്കീശം, തഹജ്ജുദ്, ശൈത്താൻ, ദുനിയാവ്, മഅന, അസ്സലാമു അലൈക്കും, ജിന്ന്, വഅലൈക്കുമുസ്സലാം, മഗ്‌രിബ്, ഇൻസ് (പു.90-99), ഫാഹിള്, മുസീബത്ത്, മഹ്ശറ, ബുലൂഖ്, ദുആ, ബുർഖ, ളൊഹറ്, ദുനിയാവ് (പു.101,149) തുടങ്ങിയ പദങ്ങൾ പ്രയോഗിച്ചതായി കാണുന്നു.

### 5.7.4 ലേഖനസമാഹാരത്തിൽ

#### 5.7.4.1 ത്യാഗത്തിന്റെ നാളുകൾ

ഹജ്ജ്, ഇഹ്റാം (2013:102), ഖിയാമം, മഹ്ശറ, ദുൽഹജ്ജ് (പു.103), ത്വവാഫ്, സഇയ്, ഉംറ, സഫ, മർവ, സംസം (പു.105).

#### 5.7.4.2 മലബാറിലെ വിവാഹം മരണം

മെഹറ്, മഹല്ല്, നിക്കാഹ്, ഹലാൽ, മയ്യിത്ത്, ദുആ, ശിർക്ക് (പു:107-108)

## 5.8 ചാർച്ചാപേരുകൾ

ബന്ധത്തെ സൂചിപ്പിക്കുന്ന വാക്കുകൾക്കാണു ചാർച്ചാപേരുകൾ എന്നു പറയുന്നത്. മുസ്ലിങ്ങൾക്കിടയിൽ ചാർച്ചാപേരുകൾ ധാരാളമായി ഉപയോഗിച്ചുകാണുന്നുണ്ട്. ലിംഗം, പ്രായം, വിദ്യാഭ്യാസം എന്നീ ഘടകങ്ങൾ അവർക്കിടയിലുള്ള ചാർച്ചാപേരുകളിൽ വ്യത്യാസം വരുത്തുന്നുണ്ട്.

കൃതികളിൽ പരാമർശിച്ചിട്ടുള്ള ചാർച്ചാപേരുകൾ പരിശോധിക്കുകയാണ് ഈ ഭാഗത്ത്.

### 5.8.1 നോവലുകളിൽ

#### 5.8.1.1 കിനാവ്

മാതാപിതാക്കളെ 'ഉമ്മ', 'ബാപ്പ' എന്നാണുവിളിക്കുന്നത്. സൈനബ എന്ന കഥാപാത്രം ബീപാത്തുഹജ്ജുമ്മയുടെ ബാപ്പയെയും ഉമ്മയെയും 'വല്യുപ്പ', 'ഉമ്മാമ്മ' എന്നാണു സംബോധന ചെയ്യുന്നത്. കൂടാതെ ഉമ്മയുടെ മുതിർന്ന സഹോദരിയെ ' മൂത്തമ്മ' എന്നാണു വിളിക്കുന്നത്. സൈനബ അവരുടെ വലിയ സഹോദരനെ 'വല്യക്കാക്ക' എന്നാണുവിളിക്കുന്നത്. മുതിർന്ന സഹോദരിയെ 'ഇത്താത്ത' എന്നും, വടക്കേ മലബാറുകാർ സഹോദര ന്റെ ഭാര്യയെ 'അമ്മായി'- എന്നു വിളിക്കുന്നതായി നോവലിൽ പരാമർശിച്ചു കാണുന്നു (പു.26). പ്രായത്തിൽ മൂത്തവരെ സൂചിപ്പിക്കാൻ 'മൂപ്പർ' എന്നു പ്രയോഗിക്കുന്നതായും കാണുന്നു (പു.26, 34). പേരുകൾക്കൊപ്പം 'കുട്ടി' എന്നു ചേർത്തതായി നോവലിൽ കാണുന്നുണ്ട്. ആലിക്കുട്ടി, സെയ്തൂട്ടി, ഹസ്സൻകുട്ടി, പോക്കർകുട്ടി എന്നിവ ഉദാഹരണമാണ്. അതുപോലെ പേരുകൾ ചെറുതാക്കി വിളിക്കുന്ന രീതിയും ഉണ്ട്. സൈനബയെ 'സൈനു' എന്നുവിളിക്കുന്നു.

മകളുടെ ഭർത്താവിനെ 'മരുമകൻ' എന്നാണു പറയുന്നത് (പു.66). അതു പോലെ പ്രായത്തിൽ മുതിർന്ന രക്തബന്ധമില്ലാത്ത ആണുങ്ങളായാലും 'കാക്ക' എന്നു ചേർത്തുപറയുന്നു. പേരിനോടൊപ്പമാണ് അതുചേർക്കുന്നത് (ഉദാ: മമ്മത്ക്ക, മമ്മത്ക്കാക്ക). പെൺമക്കളെ 'പെണ്ണേ' എന്ന് ഉമ്മമാർ വിളിക്കു ന്നതായും കാണാം (പു.70). ഭർത്താവിനെക്കുറിച്ചുമറ്റുള്ളവരോടു പറയുമ്പോൾ 'കെട്ടിയവൻ' എന്നു പറയുന്നതായി കാണുന്നു (പു.72). മകന്റെ ഭാര്യ 'മരുമക'ളാണ്. അതുപോലെ ഭർത്താവിന്റെ ഉമ്മ 'അമ്മായി'യും. മകളുടെ ഭർത്താവിനെ 'പുതിയാപ്ല' എന്നാണു വിളിക്കുന്നത് (പു.77). ഭർത്താക്കന്മാർ

ഭാര്യമാരെ പേരാണുവിളിക്കുന്നത്. (പു.92). മൂത്തസഹോദരിമാരെ 'ഇത്താത്ത' എന്നാണു സഹോദരങ്ങൾ വിളിക്കുന്നത് (പു.93).

ഉപ്പയുടെ സഹോദരിയെ മക്കൾ ഇത്താത്ത എന്നുതന്നെയാണു വിളിക്കുന്നത്. അവരുടെ ഭർത്താവിനെ 'അങ്കിൾ' എന്നും വിളിക്കുന്നതായി കാണുന്നു. അതുപോലെ ഉപ്പയുടെ ഉമ്മയെ 'ഉപ്പൂമ' എന്നുവിളിക്കുന്നതായും പരാമർശമുണ്ട് (പു.101).

**5.8.1.2 മൊഴി**

മാതാപിതാക്കളെ 'ഉമ്മ', 'ഉപ്പ' എന്നുതന്നെയാണു കഥാപാത്രങ്ങളായ ഫാത്തിമ, അബ്ദുള്ള, ഷറഫ് തുടങ്ങിയവരെല്ലാം വിളിക്കുന്നത്. എന്നാൽ ഷറഫിനെയും ഫാത്തിമയെയും അവരുടെ മക്കൾ ഡാഡി', 'മമ്മി'(പു.116) എന്നാണ് അഭിസംബോധന ചെയ്യുന്നത്. മുതിർന്ന സഹോദരങ്ങളെ 'ഇക്കാക്ക' എന്നും സഹോദരിമാരെ 'ഇത്താത്ത' എന്നും വിളിക്കുന്നു (പു.39). അതുപോലെ സഹോദരി ഭർത്താവിനെ അളിയൻ എന്നാണുസഹോദരങ്ങൾ വിളിക്കുന്നത്. (പു.10,28,128). ഉമ്മയുടെ ആങ്ങളമാരെ/സഹോദരങ്ങളെ 'അമ്മാമൻ' എന്നു വിളിക്കുന്നു (പു.137). അതുപോലെ സഹോദരിയുടെ മക്കളെ സഹോദരങ്ങൾ 'മരുമക്കൾ' എന്നാണു വിളിക്കുന്നത് (പു.115). മുതിർന്നസ്ത്രീകളെ അവരുടെ പേരിനോടൊപ്പം 'ഇത്ത' ചേർത്തു വിളിക്കുന്നുണ്ട്. രക്തബന്ധം ഉള്ളവരെയും ഇല്ലാത്തവരെയും അങ്ങനെയാണു വിളിക്കുന്നത്. ഉദാഹരണമായി ഫാത്തിമയുടെ വീട്ടിലെ സഹായിയായ പാത്തുമ്മയെ 'പാത്തൂത്ത' എന്നാണ് എല്ലാരും വിളിക്കുന്നത് (പു.96). അതുപോലെത്തന്നെ ഭാര്യയുടെ മുത്തസഹോദരിയെ 'ഇത്താത്ത' എന്നു തന്നെയാണുവിളിക്കുന്നത് (പു.100). ഉമ്മയുടെ ഉമ്മയെ 'ഉമ്മാമ്മ' എന്നാണുകുട്ടികൾ വിളിക്കുന്നത്. എന്നാൽ ഉപ്പയുടെ ഉമ്മയെ 'വല്യുമ്മ'/'വല്ലിമ്മ' എന്നുമാണുവിളിക്കുന്നത് (പു.72). ഭർത്താവു ഭാര്യയുടെ അസാന്നിധ്യത്തിൽ മറ്റുള്ളവരോടു പറയുമ്പോഴുറ്റ 'ബീടര്' എന്നു പ്രയോഗി

ക്കുന്നു. അതുപോലെ ഭാര്യ ഭർത്താവിനെ മൂപ്പര് എന്നു പ്രതിപാദിക്കുന്നുണ്ട് (പു.31,34,74). അയൽവാസിയായ കദീശു ആയിശുമ്മയെ 'ഇച്ചാച്ചാ' എന്നുവിളിക്കുന്നതായി കാണുന്നു. (പു.35). പെൺമക്കളുടെ ഭർത്താക്കന്മാരെ കെട്ടിയ മാപ്പള, പിയ്യാപ്ല, പുതിയാപ്ല എന്നിങ്ങനെയാണുവിളിക്കുന്നത് (പു.10,11,61). കുട്ടികൾ മാതാപിതാക്കളുടെ ആൺസുഹൃത്തുക്കളെ 'അങ്കിൾ' എന്നു വിളിക്കുന്നതായി നോവലിൽ കാണുന്നു (പു.41).

#### 5.8.1.3 ഇരുട്ട്

മൂത്തസഹോദരിയെ 'ഇത്താത്ത' എന്നാണുവിളിക്കുന്നത്. അതുപോലെ ഉമ്മയുടെ അനിയത്തിമാരെ 'എളാമ' എന്നാണു വിളിക്കുന്നത് (പു.16). മാതാപിതാക്കളെ 'ഉമ്മ', 'ബാപ്പ' എന്നും വിളിക്കുന്നു (പു.16). പെൺമക്കളുടെ ഭർത്താക്കന്മാരെ മരുമക്കൾ/മരുമകൻ/പിയാപ്ല എന്നൊക്കെ വിളിക്കുന്നു (പു.15,22). ജമാലിന്റെ ഉമ്മ മകനെ 'ജമാലൂട്ടി' എന്നു ചേർത്തുവിളിക്കുന്നതായി നോവലിൽ കാണുന്നു (പു.23). വയസ്സിനു മൂത്ത സ്ത്രീകളെ പേരിനോടൊപ്പം താത്ത ചേർത്താണുവിളിക്കുന്നത്. ബിയ്യാത്ത, ആയിശുത്ത എന്നിവ ഉദാഹരണങ്ങളാണ്(പു.33). കൂടാതെ മൂത്ത സഹോദരിയുടെ ഭർത്താവിനെ 'അളിയങ്ക' എന്നാണു വിളിക്കുന്നത് (പു.33). ഉമ്മയുടെ ഉപ്പയെ 'വല്ലിപ്പ' എന്നാണുകുട്ടികൾ വിളിക്കാറ് (പു.34). ഭർത്താവിനെ ഭാര്യ 'മൂപ്പര്' എന്നു സംബോധന ചെയ്യുന്നുണ്ട്. ഭർത്താവിനെക്കുറിച്ചു മറ്റുള്ളവരോടു പറയുമ്പോഴാണു പേരിനു പകരം 'മൂപ്പർ' എന്നു പ്രയോഗിക്കുന്നത് (പു.40,49).

ഉപ്പയുടെ മൂത്ത സഹോദരനെ മൂത്താപ്പ എന്നാണു വിളിക്കുന്നത് (പു.87). അതുപോലെ ഭാര്യയുടെ സഹോദരി ഭർത്താവിനെ അളിയൻ എന്നാണു പറയുക (പു.89). ഉമ്മയുടെ ഉപ്പയെ വല്യുപ്പ/വല്ലിപ്പ എന്നാണു കുട്ടികൾ വിളിക്കുന്നത് (പു.95). ഭാര്യയുടെ ഉമ്മ 'അമ്മായി' ആണ് (പു.106). ഉപ്പയുടെ ഉമ്മയെ വല്യുപ്പ/വല്ലിമ്മ എന്നുമാണുവിളിക്കുന്നത് (പു.128).

#### 5.8.1.4 നിലാവ്

മാതാപിതാക്കളെ ഉമ്മ, ബാപ്പ എന്നാണു മക്കൾ വിളിക്കുന്നത്. ഉമ്മയുടെ ഉപ്പയെ 'വല്യുപ്പ/വല്ലിപ്പ' എന്നും വിളിക്കുന്നു. മൂത്തസഹോദരിയെ ഇത്താത്ത എന്നും സഹോദരനെ ഇക്കാക്ക എന്നുമാണുവിളിക്കുന്നത്. കൂടാതെ സഹോദ രനെ ഇക്കാക്ക എന്നുമാണുവിളിക്കുന്നത്. കൂടാതെ സഹോദരി-സഹോദരങ്ങൾ തമ്മിൽ ഓമനപ്പേരുവിളിക്കുന്നതായി നോവലിൽ സൂചനയുണ്ട്. നസീമയെ 'നെച്ചു' എന്നാണുസഹോദരനും സഹോദരിമാരും ഉമ്മയും ബാപ്പയും വല്ലി പ്പയും എല്ലാം വിളിക്കുന്നത്. അതുപോലെ നെച്ചു തന്റെ സഹോദരങ്ങളെ പ്രായത്തിനനുസരിച്ചു വല്ലിക്ക/കുഞ്ഞിക്ക എന്നും വിളിക്കുന്നതായി കാണുന്നു (പു:164). മുതിർന്ന സ്ത്രീകളെ 'താത്ത' എന്നു ചേർത്താണുവിളിക്കുന്നത്. വീട്ടു ജോലിക്കാരായ സ്ത്രീകളെയും പേരിനോടൊപ്പം 'താത്ത' ചേർത്തുവിളിക്കുന്നു. 'പാത്തുമ്മാത്ത' ഉദാഹരണമാണ് (പു.19). അതുപോലെ പ്രായത്തിൽ മൂത്ത ആണുങ്ങളെ 'കാക്ക' കൂട്ടിച്ചേർത്താണുവിളിക്കുന്നത്. കാര്യസ്ഥൻ 'അവുള്ളാക്ക'യാണ് എല്ലാർക്കും (പു.21). ഉമ്മയുടെ ഉമ്മ 'ഉമ്മാമ'യാണ് (പു.25). മുതിർന്നവർ കുട്ടികളെ 'കുഞ്ഞാ' എന്നുവിളിക്കുന്ന രീതി കാണുന്നു (പു.26). ഭർത്താവിനെ 'മാപ്പള', 'മൂപ്പര്' എന്നുസംബോധന ചെയ്യുന്നുണ്ട്(പു.68). പെൺമ ക്കളുടെ ഭർത്താക്കന്മാർ 'പുതിയാപ്ല'യാണ്. ഉപ്പയുടെ പെങ്ങന്മാർ 'അമ്മായി'മാരാണ് (പു.78). അതുപോലെ വീട്ടിലെ ജോലിക്കാരായ സ്ത്രീകൾ സൈനുവിന്റെ ഉമ്മയെ 'ബലിയമ്മായി', 'വലിയമ്മായി' എന്നാണുവിളിക്കുന്നത് (പു.21). ജോലിക്കാർ തമ്മിൽ സംസാരിക്കുമ്പോഴും 'വല്യമൂപ്പര്', 'വല്യമൂപ്പത്തി' എന്നാണു മുതലാളിമാരെക്കുറിച്ചു പറയുന്നത് (പു.22). ബഹുമാനപൂർവ്വം സ്ത്രീകളെ 'മൂപ്പത്തി' എന്നും മുതിർന്ന സ്ത്രീകളെ വിളിക്കുന്നതായി കാണുന്നു (പു.38).

#### 5.8.1.5 നിഴൽ

മക്കൾ ഉമ്മ, വാപ്പ എന്നാണുമാതാപിതാക്കളെ വിളിക്കുന്നത്. ഭർത്താവിന്റെ ഉപ്പയെ 'മാമ' എന്നും ഉമ്മയെ 'മാമി' എന്നുമാണ് വിളിക്കുന്നത്. മൂത്ത സഹോദരങ്ങളുടെ ഭാര്യമാരെ 'മയിനി'(പു.17) എന്നാണുവിളിക്കുന്നത്. ഭാര്യമാർ ഭർത്താക്കന്മാരെ 'മച്ചാ' എന്നാണുവിളിക്കുന്നത് (പു.17). ആൺമക്കളുടെ ഭാര്യമാർ 'മരുമക്കളാ'ണ് (പു.20). മകളുടെ ഭർത്താവിനെ 'പുതിയാപ്ല' എന്നുതന്നെയാണു വിളിക്കുന്നത് (പു.22). മൂത്ത സഹോദരങ്ങളെ 'വലിയാക്ക' എന്നാണു വിളിക്കുന്നത് (പു.23). പ്രായക്കൂടുതലുള്ള സ്ത്രീകളം 'താത്ത' എന്നാണു വിളിക്കുന്നത്. പുരുഷന്മാരെ 'കാക്ക' എന്നും പരിചയമുള്ളവരും ഇല്ലാത്തവരും അങ്ങനെ തന്നെയാണു വിളിക്കുന്നത്. മകളുടെ ഭർത്താവ് എത്ര കാലം കഴിഞ്ഞാലും 'പുതിയാപ്ല'യാണ് (പു.32).

മുംതാസ് എന്ന കഥാപാത്രം മാതാപിതാക്കളെ ഉമ്മ, ഉപ്പ/വാപ്പ എന്നൊക്കെ വിളിക്കുമ്പോൾ മുംതാസിന്റെ മക്കൾ ഇമ്മച്ചി/ഉമ്മച്ചി, ഉപ്പയെ വാപ്പച്ചി എന്നുമാണുവിളിക്കുന്നത് (പു.34). മുംതാസിന്റെ മക്കൾ അവളുടെ ഉപ്പയെ 'ഉപ്പൂപ്പ' എന്നും ഉമ്മയെ ഉമ്മൂമ്മ എന്നുമാണു വിളിക്കുന്നത് (പു.34). ഭർത്താവിന്റെ പെങ്ങൾ നാത്തൂനാണ് (പു.35) സഹോദരിമാരുടെ ഭർത്താക്കന്മാർ 'അളിയന്മാ'രാണ്. അളിയൻ എന്നാണു വിളിക്കുന്നതും. സഹോദരങ്ങൾ തമ്മിൽ പേരിനോടൊപ്പം 'കാക്ക' ചേർത്താണുവിളിക്കുന്നത്. ഉദാഹരണമായി 'അസീസ് കാക്ക', 'മജീദ് കാക്ക' എന്നിങ്ങനെ. ഉമ്മയുടെ മൂത്ത സഹോദരിമാരെ 'മൂത്തമ്മ' എന്നാണുവിളിക്കുന്നത് (പു.82). അതുപോലെ ഉപ്പയുടെ സഹോദരഭാര്യമാരെ 'മൂത്തമ്മ' എന്നാണുവിളിക്കുക (പു.105). കൂടാതെ ഉപ്പയുടെ അനിയന്മാരെ 'കൊച്ചപ്പാ' എന്നാണുവിളിക്കുന്നത് (പു.106). ഇതരമതവിഭാഗത്തിൽപ്പെട്ടവർ സ്ത്രീകളെ താത്ത, ചേച്ചി, കാക്ക, അണ്ണൻ എന്നൊക്കെ വിളിക്കുന്നതായും നോവലിൽ കാണാം (പു.138,223). കുട്ടികളെയും പ്രായ

ത്തിൽ ഇളയവരെയും 'പിള്ളേ' എന്നുവിളിക്കുന്ന രീതിയും നോവലിലുണ്ട്. അതുപോലെ ഉപ്പയുടെ സഹോദരിയെയും 'മാമി' എന്നാണുവിളിക്കുന്നത് (പു.148).

### 5.8.1.6 ആകാശഭൂമികളുടെ താക്കോൽ

മാതാപിതാക്കളെ ഉമ്മ/ബാപ്പ/ഉപ്പ എന്നൊക്കെയാണുവിളിക്കുന്നത്. സഹോദരങ്ങളെ 'ഇക്കാക്ക' എന്നും മൂത്ത സഹോദരിമാരെ 'ഇത്താത്ത' എന്നും വിളിക്കുന്നു. മകളുടെ ഭർത്താവിനെ മരുമകൻ/പുതിയാപ്ല എന്ന പേരുകളിലാണു വിളിക്കുന്നത്. ഭർത്താവിനെ ഭാര്യ പേരു വിളിക്കുന്നില്ല. 'മൂപ്പര്' എന്നാണു പറയുന്നത്. സംസാരിക്കുമ്പോൾ 'ഇങ്ങള്' എന്നാണ് ഉപയോഗിക്കുന്നത്. ഉമ്മയുടെ മൂത്ത സഹോദരിയുടെ മകന്റെ ഭാര്യ 'അമ്മായി'യാണു കുട്ടികൾക്ക്. മുതിർന്ന ആണുങ്ങളെ 'ഇക്ക' ചേർത്താണു വിളിക്കുന്നത്. ഉദാഹരണമായി ഹുസൈൻക്ക, ബീരാൻക്ക എന്നിങ്ങനെ

ഉമ്മയുടെ അനിയത്തിമാരെ 'എളേമ', 'എളാമ' എന്നാണുവിളിക്കുന്നത് (പു.47). മകന്റെ ഭാര്യയെ അമ്മായി ഉമ്മ 'മോളെ' എന്നാണുവിളിക്കുന്നത്. അതുപോലെ അമ്മായി ഉമ്മയെ 'ഉമ്മ' എന്നുമാണ് ഐഷ വിളിക്കുന്നത്. ഭാര്യയുടെ ഉപ്പ 'അമ്മോശൻ' ആണ് ഉമ്മ 'അമ്മായി ഉമ്മയും'. സഹോദരങ്ങളുടെ ഭാര്യമാരെ 'നാത്തൂൻ' എന്നാണുവിളിക്കുന്നത് (പു.109).

### 5.8.1.7 പ്രകാശത്തിനുമേൽ പ്രകാശം

രണ്ടു തലമുറയിൽപ്പെട്ട ആളുകളുടെ കഥ പറയുന്ന നോവലാണു *പ്രകാശത്തിനുമേൽ പ്രകാശം* ആളുകൾ തമ്മിൽ വിളിക്കുന്നതിലും ആ മാറ്റം പ്രകടമാവുന്നുണ്ട് നോവലിൽ. ആദ്യതലമുറയിൽപ്പെട്ടവർ ഉമ്മ, ഉപ്പ, ബാപ്പ, ഇമ്മച്ചി, വാപ്പച്ചി (പു.17,166) എന്നൊക്കെയാണുമാതാപിതാക്കളെ വിളിക്കുന്നത്. എന്നാൽ പുത്തൻ തലമുറയിൽപ്പെട്ടവർ, മമ്മ, മമ്മി, ഡാഡി, പപ്പ (പു.133)

എന്നൊക്കെയായി മാറുന്നു. ഭർത്താവു ഭാര്യയെ പേരു ചൊല്ലിവിളിക്കുന്ന രീതി യായിരുന്നു ആദ്യത്തിൽ പിന്നീടു ഭാര്യയുടെ പേരുചുരുക്കി വിളിക്കുന്ന രീതി യായി കാണുന്നു (ഉദാഹരണമായി സൈനബ-സൈനു, റോഷീന-റോഷി...). പുത്തൻതലമുറയിൽ ഭാര്യയും ഭർത്താവും പേരു ചുരുക്കിവിളിക്കുന്ന രീതിയാണു കാണുന്നത്. പേരിനോടൊപ്പം ഇക്ക, കാക്ക എന്നൊന്നും ചേർക്കു ന്നില്ല. മകളുടെ ഭർത്താവിനെ പിയ്യാപ്ള, പുതിയാപ്ല എന്നാണു സംബോധന ചെയ്യുന്നത് (പു.41-85). എന്നാൽ പുത്തൻ തലമുറയിൽ മരുമകൻ, മകളുടെ ഭർത്താവ് എന്നു പറയുന്നതായി കാണാം. ഉപ്പയുടെ ഉമ്മയെയും ഉപ്പയെയും ഉപ്പാപ്പ, ഉപ്പൂപ്പ എന്നാണുവിളിക്കുന്നത്. എന്നാൽ ഉമ്മയുടെ ഉമ്മയെ വല്ലിമ്മ എന്നും ഉപ്പയെ വല്ലിപ്പ എന്നുമാണുവിളിക്കുന്നത് (പു.127,169). പ്രായത്തിൽ മൂത്ത ആണുങ്ങളെ അടുത്തുള്ളവരും അകന്ന ബന്ധുക്കാരും ‘അങ്കിൾ’ എന്നു വിളിക്കുന്ന രീതിയും സ്ത്രീകളെ ‘ആന്റി’ എന്നുവിളിക്കുന്ന രീതിയും കാണുന്നു (പു.22,23).

ഭാര്യയുടെ ഉപ്പയെ ‘അങ്കിൾ’ എന്നുവിളിക്കുന്നുണ്ട്. ഭാര്യാ സഹോദരങ്ങളെ ‘അളിയൻ’ എന്നാണുവിളിക്കുന്നത്. സഹോദരിയുടെ ഭർത്താവ് ‘അളിയാക്ക’യാണ്. സഹോദരങ്ങളെ ഇക്ക, കാക്ക, വല്ലിക്ക, ചെറിക്ക എന്നും, സഹോദരിമാരെ ഇത്താത്ത, ഇത്ത, താത്ത എന്നൊക്കെ വിളിക്കുന്ന രീതിയുമുണ്ട് (പു.91,45). ഉപ്പയുടെ സഹോദരിമാരെ അമ്മായി എന്നും ഉമ്മയുടെ മൂത്തസഹോദരിയെ ‘മൂത്തമ്മ’ എന്നും ഇളയ സഹോദരിയെ ‘എളാമ’ എന്നും വിളിക്കുന്നു (പു.53,133). ആദ്യതലമുറയിൽപ്പെട്ടവർ ചെറിയ കുട്ടികളെ ‘കുട്ട്യേള്’, ‘പിള്ളേര്’ എന്നു പറയുമ്പോൾ പുതിയ തലമുറക്കാർ ‘ബേബി’ എന്നാണു പറയുന്നത് (പു.125). ഭർത്താവിനെ മൂപ്പര്, മാപ്പിള എന്നും ഭാര്യയെ ‘കെട്ടിയോള്’, ‘ബീടര്’ എന്നും ആദ്യകാലത്തുള്ളവർ പറയുന്നുണ്ട് (പു.42,68). അതുപോലെത്തന്നെ പുതിയതലമുറയിൽപ്പെട്ട ചില കുട്ടികൾ അവരുടെ സഹോദരി ഭർത്താവിനെ ‘ജീജു’ എന്നു വിളിക്കുന്ന രീതിയുണ്ട്. വടക്കേ

ഇന്ത്യക്കാരെ അനുകരിച്ചു സഹോദരഭാര്യയെ 'ഭാഭി' എന്നും സഹോദരീ ഭർത്താവിനെ ജീതാജിയുടെ ചുരുക്കപ്പേരായി 'ജീജു' എന്നാക്കി വിളിക്കുന്ന രീതിയും നോവലിൽ കാണുന്നുണ്ട് (പു.162).

**5.8.1.8** എല്ലാ നോവലുകളിലും പൊതുവായി കാണുന്ന ഒന്നാണു പഹ യൻ, പഹച്ചി, പഹയത്തി, കള്ളഹിമാറ്, തള്ള, ശൈത്താൻ, ദജ്ജാൽ, ഹമുക്ക്/ഹംക്ക്, ബലാല്, ഹിമാറ്, ഹിമാറുകൾ എന്നീ പ്രയോഗങ്ങൾ പേരിനു പകരവും വിളിക്കാനും ദേഷ്യപ്പെട്ടു വിളിക്കുമ്പോഴെല്ലാം ഇത്തരം വാക്കുക ളാണ് ഉപയോഗിക്കുന്നത്.

### 5.8.2 ചെറുകഥകളിൽ

#### 5.8.2.1 ബാവ

സഹോദരങ്ങളെ ഭായി, ഏട്ടൻ, ഇക്ക എന്നു വിളിക്കുന്നതായി ചെറുകഥ യിൽ പരാമർശിക്കുന്നുണ്ട് (പു.14). മാതാവിനെ 'ഉമ്മ' എന്നാണുവിളിക്കുന്നത്.

#### 5.8.2.2 കളിത്തത്ത

ഉമ്മ, ബാപ്പ എന്നാണു മാതാപിതാക്കളെ വിളിക്കുന്നത്. ഭാര്യ ഭർത്താ വിനെ പേരുചൊല്ലി വിളിക്കുന്നില്ല. 'ഇങ്ങള്', 'ഇങ്ങക്ക്' എന്നിങ്ങനെയാണു പറ യുന്നത്. ഭർത്താവു ഭാര്യയെ പേരാണുവിളിക്കുന്നത് (പു.15).

#### 5.8.2.3 കർമ്മപുസ്തകം

മക്കൾ - ഉമ്മ, ഉപ്പ എന്നുതന്നെയാണു മാതാപിതാക്കളെ വിളിക്കുന്നത്. മകനെ 'മോനെ' എന്നുമാണു വിളിക്കുന്നത്. ഭാര്യ ഭർത്താവിനെ 'അദ്ദേഹം', 'ഇങ്ങൾ'(പു.29) എന്നൊക്കെ പരാമർശിക്കുന്നുണ്ട്. സഹോദരനെ 'ഇക്ക' എന്നാണു വിളിക്കുന്നത്. കുട്ടികൾ മുതിർന്ന ആണുങ്ങളെ 'അങ്കിൾ' എന്ന്

വിളിക്കുന്നതായും കാണുന്നു (പു.27). ഭർത്താവു ഭാര്യയെ പേരുചൊല്ലിയാണു വിളിക്കുന്നത്.

#### 5.8.2.4 നേർച്ചക്കാള

മാതാവിനെ ഇമ്മച്ചി/ഇമ്മ/ഉമ്മ എന്നിങ്ങനെ വിളിക്കുന്നതായി കാണുന്നുണ്ട് (2014:32,39). ഭർത്താവിനെ 'മാപ്പള' (പു.34). എന്നാണു പറയുന്നത്. ഭാര്യയെ 'ബീടർ' എന്നും പരാമർശിച്ചുകാണുന്നു (പു.36). പെൺമക്കളെ 'മോൾ' (പു.34). എന്നു വിളിക്കുന്നുണ്ട്. പ്രായത്തിൽമൂത്ത സ്ത്രീകളെ പേരിനോടൊപ്പം 'ഉമ്മ' ചേർത്തു വിളിക്കുന്നുണ്ട്. ഉദാഹരണമായി 'ഇയ്യാത്തുമ്മ' എന്നാണു കുഞ്ഞിപ്പാത്തുവിന്റെ ഉമ്മയെ ഉമ്മയെക്കാൾ പ്രായം കുറഞ്ഞവർ വിളിക്കുന്നത് (പു.37).

#### 5.8.2.5 കരച്ചപ്പെട്ടി

ഉമ്മ, ബാപ്പ/ഉപ്പ എന്നിങ്ങനെയാണു മാതാപിതാക്കളെ വിളിക്കുന്നത് (പു.40,42). ഉമ്മയുടെ ഉമ്മയെ 'ഉമ്മാമ' എന്നും മൂത്ത സഹോദരനെ 'ഇക്കാക്ക', സഹോദരിയെ 'ഇത്താത്ത' എന്നും വിളിക്കുന്നുണ്ട്. (പു.44). മകളുടെ ഭർത്താവിനെ 'പുതിയാപ്ല' എന്നാണു വിളിക്കുന്നത് (പു.43). കുട്ടികളെ 'കുഞ്ഞൻ' എന്നു വിളിക്കുന്നു (പു.45). കുട്ടികളെ ഓമനപ്പേരുവിളിക്കുന്ന രീതിയും കാണുന്നുണ്ട്. 'പാത്തുട്ടി' എന്നാണുബീപാത്തുവിന്റെ വിളിപ്പേര് (പു.44).

#### 5.8.2.6 ആകാശഭൂമികളുടെ താക്കോൽ

ഉമ്മ, ബാപ്പ എന്നാണു മക്കൾ മാതാപിതാക്കളെ വിളിക്കുന്നത് (പു.46, 48). ഇതരമതത്തിൽപ്പെട്ടവരും പ്രായമായ മുസ്ലിംസ്ത്രീകളെ 'ഉമ്മ' എന്നുവിളിക്കുന്നതായി കാണുന്നുണ്ട് (പു.52). പ്രായത്തിൽമൂത്ത സ്ത്രീകളെയും സഹോദരിമാരെയും 'ഇത്താത്ത' എന്നാണു വിളിക്കുന്നത് (പു.47). ഉപ്പയുടെ സഹോദരിയെ 'അമ്മായി' എന്നാണുവിളിക്കുന്നത് (പു.49). മകന്റെ

ഭാര്യയെ മരുമോൾ/മരുമകൾ എന്നും മകളുടെ ഭർത്താവിനെ പിയ്യാപ്ല/പുതി യാപ്ല എന്നും വിളിക്കുന്നതായി കാണാം (പു.49). ഭർത്താവിനെ മൂപ്പര് എന്നു സംബോധന ചെയ്യുന്നുണ്ട്. (പു.50).

**5.8.2.7 അസ്രായിൽ**

ഉമ്മ/ഉപ്പ എന്നാണുമക്കൾ മാതാപിതാക്കളെ വിളിക്കുന്നത്. അതു പോലെ ആശുപത്രിയിലെ സിസ്റ്റർമാർ ആയിശയെ 'ഉമ്മ' എന്നാണു വിളിക്കുന്നത് (പു.66). പരിശോധനയ്ക്കെത്തുന്ന ചെറുപ്പക്കാരായ ഡോക്ടർമാരും 'ഉമ്മ' എന്നു തന്നെയാണു വിളിക്കുന്നത് (പു.65).

**5.8.2.8 ചോയിച്ചി**

മാതാവിനെ 'ഉമ്മ' എന്നു തന്നെയാണുവിളിക്കുന്നത്. ഉമ്മയുടെ ഉമ്മയെ 'ഉമ്മാമ' എന്നു വിളിക്കുന്നതായി കാണുന്നു (പു.71). മൂത്തസഹോദരങ്ങളെ 'കാക്ക' ചേർത്താണു പറയുന്നത്. ഉദാ: 'മൊയ്തീൻ കാക്ക' എന്ന് വിളിക്കു ന്നുണ്ട് (പു.73). കുട്ടികളെ പൊതുവിൽ എല്ലാരും 'കുഞ്ഞൻ' എന്നാണു വിളിക്കുന്നത് (പു.73,75).

**5.8.2.9 വത്തക്ക**

കുട്ടികൾ ഉമ്മ, ഉപ്പ എന്നു തന്നെയാണുമാതാപിതാക്കളെ വിളിക്കുന്നത്. മക്കളെ മോൻ/മോൾ എന്നും ഓമനപ്പേരും വിളിക്കുന്നതായി കഥയിൽ കാണു ന്നുണ്ട് (പു.76, 77,79). ഉമ്മയുടെ ഉമ്മയെ ഉമ്മാമ്മ എന്നാണുവിളിക്കുന്നത് (പു.77). ഉമ്മയുടെ അനിയത്തിയെ 'എളാമ' എന്നും എളാപ്പ എന്നും വിളിക്കുന്നു (പു.78). മുതിർന്ന സഹോദരിയെ ഇത്താത്ത എന്നും സഹോദരനെ ഇക്കാക്ക എന്നുമാണു വിളിക്കുന്നത്. പ്രായവ്യത്യാസമനുസരിച്ചു വലിയക്കാക്ക, ചെറിയക്കാക്ക എന്നിങ്ങനെ വിളിക്കുന്നതായി കാണുന്നു (പു.79). സഹോദരി യുടെ ഭർത്താവിനെ 'അളിയൻ' എന്നാണു വിളിക്കുന്നത്. (പു.78-79). ഉപ്പയുടെ

അനിയനും 'എളാപ്പ'യാണ്. എളാപ്പയുടെ ഭാര്യയെ 'എളാമ' എന്നുമാണു വിളിക്കുന്നത് (പു.78).

#### 5.8.2.10 കെട്ട്യോൻ

ഉമ്മ, ബാപ്പ എന്നാണു മാതാപിതാക്കളെ വിളിച്ചുകാണുന്നത്. ഭാര്യ ഭർത്താവിനെ കുട്ടികളുടെ ബാപ്പ എന്നും ഭർത്താവു ഭാര്യയെ 'ബീടർ' എന്നും സംബോധന ചെയ്യുന്നതായി കാണുന്നു (പു.82-85).

#### 5.8.2.11 നേർച്ചക്കോഴികൾ

പിതാവിനെ വാപ്പ/ബാപ്പ എന്നുവിളിക്കുന്നു. ഉപ്പയുടെ ബന്ധത്തിൽപ്പെട്ട സഹോദരിയെ 'മാമി' എന്നാണുവിളിക്കുന്നത് (പു.93). ഉപ്പയുടെ സഹോദരനെ 'മൂത്താപ്പ' എന്നുവിളിക്കുന്നതായി കഥയിൽ സൂചനയുണ്ട് (പു.497).

#### 5.8.2.12 നരകവാതിലുകൾ

ഉമ്മ, ബാപ്പ എന്നാണു മാതാപിതാക്കളെ വിളിക്കുന്നതായി കാണുന്നത്. മകളുടെ ഭർത്താവിനെ പുതിയാപ്ല/പിയ്യാപ്ല എന്നിങ്ങനെയാണുവിളിക്കുന്നത് (പു.121).

#### 5.8.2.13 ആകാശപ്പറവകൾ

ഉമ്മ/ഉപ്പ എന്നുതന്നെയാണു മാതാപിതാക്കളെ വിളിക്കുന്നത്. അതു പോലെ മൂത്തസഹോദരിയെ 'ഇത്താത്ത' എന്നും വിളിക്കുന്നു. മരുമകൻ 'പുതിയപ്ല'യാണ്. കൂടാതെ ഭർത്താവിനെ മാപ്പിള എന്നും വിളിക്കുന്നതായി കാണുന്നു (പു.139).

#### 5.8.2.14 ഹാജ്യാരുടെ ഭാര്യ

ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുള്ള ആയിശുമ്മയെ എല്ലാവരും 'ഉമ്മ' എന്നാണു വിളിക്കുന്നത്. ഇതരമതത്തിൽപ്പെട്ട സിസ്റ്ററും ഉമ്മ എന്നുതന്നെ

യാണുവിളിക്കുന്നത് (പു.154). ആയിശുമ്മ തന്നെക്കാൾ പ്രായംകുറഞ്ഞ പെൺകുട്ടികളെയെല്ലാം 'മോൾ' എന്നുമാണുവിളിക്കുന്നത്.

**5.8.2.15 അദൃശ്യങ്ങളെ അറിയുന്നവൻ**

മാതാവിനെ 'ഉമ്മ' എന്നുതന്നെയാണുമകനും മരുമകളും വിളിക്കുന്നത്. എന്നാൽ പിതാവിനെ ഉപ്പ/ഉപ്പച്ചി/ബാപ്പ എന്നിങ്ങനെവിളിക്കുന്നതായി കാണുന്നുണ്ട് (പു.161,163). മരുമകളെയും മകനെയും മോൾ/മോൻ എന്നാണ് വിളിക്കുന്നത് (പു.162). ഉമ്മയുടെ ഉമ്മ 'വല്യുമ്മയും' ഉമ്മയുടെ ഉപ്പ 'വല്യുപ്പ'യുമാണ്. (പു.161).

**5.8.2.16 അവനെ നരകാഗ്നിയിൽ എരിക്കുവിൻ**

സഹോദരങ്ങളെ 'ഇക്കാക്ക' എന്നാണു പ്രതിപാദിച്ചുകാണുന്നത് (പു.170).

**5.8.2.17 ഒരിക്കൽക്കൂടി**

മക്കൾ ഉമ്മ, ബാപ്പ എന്നാണുവിളിക്കുന്നത് (പു.183). മകളുടെ ഭർത്താവ് 'പിയ്യാപ്ല, മാപ്പിള' എന്നിങ്ങനെ അറിയപ്പെടുന്നു (പു.180,181,182). സഹോദരങ്ങളെ 'ഇക്ക' എന്നാണ് ഇക്കാക്ക എന്നൊക്കെ വിളിക്കുന്നുണ്ട് (പു.181). മൂത്ത സഹോദരി ഇത്താത്തയാണ്. ഉമ്മയുടെ മൂത്തസഹോദരിയെ മൂത്തമ്മ എന്നാണു വിളിക്കുന്നത്. മൂത്തമ്മയുടെ ആൺമക്കളെയും ഇക്ക എന്നു തന്നെയാണു വിളിക്കുന്നത് (പു.181). ഭർത്താവിന്റെ സഹോദരിമാർ 'നാത്തൂനാണ്'. പ്രായംകൂടിയ സ്ത്രീകളെ പേരിനോടൊപ്പം 'ഉമ്മ' എന്നു ചേർത്തുവിളിക്കുന്നുണ്ട്. 'കദീശുമ്മ' എന്ന കഥാപാത്രത്തെ കാണാം (പു.183).

**5.8.2.18 അറബി പുതിയാപ്ല**

'ഉമ്മ', 'ബാപ്പ' എന്നാണുമാതാപിതാക്കളെ മക്കൾ എല്ലാവരും വിളിക്കുന്നത്. മൂത്ത സഹോദരിയെ ഇത്താത്ത എന്നുതന്നെയാണുവിളിക്കുന്നത് (പു.198). മകളുടെ ഭർത്താവിനെ പുതിയാപ്ല/പിയ്യാപ്ല എന്നു വിളിക്കുന്നതായി

കാണാം (പു.198). പ്രായത്തിൽമൂത്ത അടുത്തവീട്ടിലെ സ്ത്രീകളെയെല്ലാം 'താത്ത' എന്നു പേരിനോടൊപ്പം ചേർത്താണുവിളിക്കുന്നത്. 'ബിച്ചായിശാത്ത' ഒരു കഥാപാത്രമാണ് (പു.194).

#### 5.8.2.19 കദീശുമ്മ

പിതാവിനെ 'ബാപ്പ' എന്നാണുവിളിച്ചിരുന്നത്. കദീശു എന്നു പരമാർശ മുണ്ട് കഥയിൽ (പു.238). ഭർത്താവിനെ മാപ്പിള, പുതിയാപ്ല എന്നുമാണുവിളിക്കു ന്നത്. (പു.238,240). പ്രായക്കൂടുതലുള്ള ആണുങ്ങളെ 'ഇക്ക' ചേർത്താണ് എല്ലാ വരും വിളിക്കുന്നത്. അതുപോലെത്തന്നെ കദീശുവിനെ 'കദീശുമ്മ' എന്നാണുവിളിക്കുന്നത്. കദീശു സൈനബയുടെ പോറ്റുമ്മയാണ്. ചെറുപ്പത്തിൽ സൈനബ കദീശുവിന്റെ മുലപ്പാൽ കുടിച്ചിട്ടുണ്ട്. അതുകൊണ്ടു'പോറ്റുമ്മ' എന്നും കദീശുവിനെ പറയുന്നതായി കഥയിൽ സൂചിപ്പിക്കുന്നുണ്ട് (പു.240).

#### 5.8.2.20 പാവം അതൃമാൻകുട്ടി

ഉപ്പ/ബാപ്പ/ഉമ്മ എന്നിങ്ങനെയാണുമാതാപിതാക്കളെ മക്കൾ വിളിക്കു ന്നത്. കുട്ടികളെ 'മോൾ' എന്നാണു വിളിച്ചുകാണുന്നത് (പു.242). ഭർത്താവു ഭാര്യയെ പേരെടുത്തുവിളിക്കുന്നുണ്ട്. എന്നാൽ ഭാര്യ പേരു വിളിക്കുന്നില്ല. 'ഇദോക്കി', 'ഇങ്ങള്' എന്നൊക്കെയാണു പറയുന്നത് (പു.244). ഇളയ കുട്ടികൾ മുതിർന്ന സഹോദരിമാരെ 'ഇത്താത്ത' എന്നാണ് വിളിക്കുന്നത് (പു.248).

#### 5.8.2.21 പൊങ്ങച്ചപ്പാത്തുമ്മമാരുടെ ലോകം

ഉപ്പ, ഉമ്മ എന്നാണുമാതാപിതാക്കളെ വിളിക്കുന്നതെന്ന സൂചന കഥയിലുണ്ട് (പു.69). അതുപോലെ ഉമ്മയുടെ ഉമ്മയെ ഉമ്മാമ എന്നും ഉമ്മ യുടെ ഉപ്പയെ വല്ലിപ്പ എന്നുമാണുവിളിക്കുന്നത് (പു.269). ജോലിക്കാരികൾ വീട്ടിലെ മുതിർന്ന സ്ത്രീയെ 'അമ്മായി' എന്നാണുവിളിക്കുന്നതെന്നു പരാ മർശിച്ചു കാണുന്നു (പു.270). മൂത്തസഹോദരങ്ങളെ 'ഇക്കാക്ക' എന്നാണുവിളി

ക്കുന്നത് (പു.271).ഭർത്താവിന്റെ പെങ്ങന്മാരെ 'നാത്തൂൻ' എന്നാണുവിളിക്കുന്നത് (പു.270).

### 5.8.2.22 യാത്രയിലെ ദുരിതങ്ങൾ

മകൻ ഉമ്മ എന്നാണു മാതാവിനെ വിളിച്ചതായി കാണുന്നത് (പു.295). ഭാര്യ ഭർത്താവിനെ മറ്റുള്ളവരോടു പറയുമ്പോൾ ഇന്റെ 'മാപ്പള' എന്നാണു പറയുന്നത്. അതുപോലെ ഭർത്താവിനെ പേരെടുത്തുവിളിക്കുന്നില്ല. 'ദോക്കീന്നും' എന്നുസംബോധന ചെയ്യുന്നുണ്ട്. എന്നാൽ ഭർത്താവു ഭാര്യയെ 'റംലാബി' എന്ന പേരാണുവിളിക്കുന്നത് (പു.293).

### 5.8.2.23 വെറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

മാതാപിതാക്കളെ ഉമ്മച്ചി/ഉമ്മ/ഉപ്പച്ചി എന്നൊക്കെയാണുവിളിക്കുന്നത്. ഉപ്പയുടെ ഉപ്പയെ വല്യുപ്പച്ചി എന്നും (പു.301). മകളുടെ ഭർത്താവിനെ 'പുതിയാപ്ല' എന്നാണുവിളിക്കുന്നത്. ഭാര്യ ഭർത്താവിനെ 'മൂപ്പർ' എന്നാണു പറയുന്നത്. ഭാര്യയുടെ സഹോദരങ്ങളെ ഭർത്താവ് അളിയൻ എന്നാണുവിളിക്കുന്നത് (പു.303). അതുപോലെ സഹോദരിമാരുടെ ഭർത്താക്കന്മാരെയും 'അളിയൻ' എന്നാണു വിളിക്കുന്നത് (പു.303).

### 5.8.2.24 ഇണ്ണേക്കൻ

മാതാപിതാക്കളെ 'ഉമ്മ', 'ബാപ്പ' എന്നാണു മക്കൾ വിളിക്കുന്നത്. ഇളയ സഹോദരങ്ങൾ മൂത്ത സഹോദരങ്ങളെ 'ഇക്കാക്ക' (പു.252). എന്നും വിളിക്കുന്നു. വീട്ടുജോലിക്കാരി മുതലാളിയുടെ ഭാര്യയെ 'ഇത്താത്ത' എന്നാണു വിളിക്കുന്നത്. സുബൈദ അയൽവാസി ശാരദയെ 'ശാരദേടത്തി' എന്നുവിളിക്കുന്നതായി പരാമർശമുണ്ട് (പു.254). അയൽവാസികളായ സ്ത്രീപുരുഷന്മാരെ കുട്ടികൾ 'ആന്റി', 'അങ്കിൾ' എന്നാണുവിളിക്കുന്നത് (പു.253-254).

**5.8.2.25** നോവലുകളിലുള്ളതുപോലെ ചെറുകഥകളിലും പഹച്ചി, ഹമുക്കീങ്ങൾ, ഹിമാറ്, ബലാല്, പഹയൻ, ശൈത്താൻ, പഹയന്മാർ ഹമുക്ക്, മദഹേ, തള്ള,

ബലാല് ഹിമാറുകൾ എന്നിങ്ങനെയുള്ള വാക്കുകൾ വിളിക്കുന്നതായി കാണുന്നുണ്ട്. പ്രധാനമായും ദേഷ്യപ്പെടുന്ന സന്ദർഭങ്ങളിലാണ് ഈ വാക്കുകൾ ആളുകൾ തമ്മിൽ പ്രയോഗിക്കുന്നത്. സ്ഥിരമായി ഉപയോഗിക്കുന്ന വിളിപ്പേരുകൾ അല്ല.

**5.8.3 അനുഭവക്കുറിപ്പുകളിൽ**

**5.8.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

എഴുത്തുകാരി മാതാപിതാക്കളെ ഉമ്മ ഉപ്പ എന്നു തന്നെയാണു വിളിക്കുന്നത്. ഉമ്മയുടെ ഉപ്പയെ 'വല്ലിപ്പ' എന്നും ഉമ്മയെ 'ഉമ്മാമ' എന്നും വിളിക്കുന്നുണ്ട് (2014:12). പെൺമക്കളുടെ ഭർത്താക്കന്മാർ 'മരുമക്ക'ളാണ്. ഇളയ സഹോദരിമാർ മുതിർന്ന സഹോദരങ്ങളെ 'ഇക്കാക്ക' എന്നാണ് വിളിക്കുന്നത്. മരുമക്കളെ 'പിയ്യാപ്ല'/'പുതിയാപ്ല' എന്നും വിളിക്കുന്നുണ്ട് (പു.16). രക്തബന്ധത്തിൽ ഉള്ളവരാണെങ്കിലും ഇല്ലാത്തവരാണെങ്കിലും മുതിർന്ന ആളുകളെയെല്ലാം 'ഇക്ക' എന്നു പേരിനോടു ചേർത്താണുവിളിക്കുക. ജോലിക്കാരികൾ വീട്ടിലെ മുതിർന്ന സ്ത്രീകളെ വലിയമ്മായി എന്നും പ്രായം കുറഞ്ഞവരെ ചെറിയമ്മായി എന്നുമാണുവിളിക്കുന്നത് (പു.23). ഉമ്മയുടെ ഇളയ സഹോദരിമാരെ 'എളാമ' എന്നാണു വിളിക്കുന്നത് (പു.24). കുട്ടികളെ കുഞ്ഞൻ എന്നും ഓമനപ്പേരുകളും വിളിക്കുന്നതായി കാണുന്നു. ബന്ധത്തിൽപ്പെട്ട മുതിർന്ന സ്ത്രീകളെ എല്ലാം 'താത്ത' എന്നു ചേർത്താണു വിളിക്കുന്നത്. ഉപ്പയുടെ പെങ്ങമ്മാരെ 'അമ്മായി' എന്നും വിളിക്കുന്നു (പു.24). ഉമ്മാമ്മയുടെ മൂത്തസഹോദരിയെ 'ഉമ്മാത്തൂത്ത' എന്നു വിളിക്കുന്നുണ്ട്.(പു.26). സഹോദരങ്ങൾക്കു ഓമനപ്പേരുള്ളതായും പേരിനോടൊപ്പം 'കുട്ടി' എന്നു ചേർത്തുവിളിക്കുന്നതായും പരാമർശിച്ചുകാണുന്നു (പു.26).

**5.8.4 ലേഖനസമാഹാരത്തിൽ**

സൂചനകൾ ഇല്ല.

# 6. ബി.എം. സുഹറയുടെ കൃതികളിലെ സ്ത്രീസ്വത്വാവിഷ്കാരം

ബി.എം. സുഹറയുടെ കൃതികളിൽ സ്ത്രീസ്വത്വം എങ്ങനെയെല്ലാമാണു ചിത്രീകരിച്ചിരിക്കുന്നതെന്ന സാമാന്യ അന്വേഷണമാണ് ഈ അദ്ധ്യായം കൊണ്ട് ഉദ്ദേശിക്കുന്നത്.

## 6.1 വിധേയകളായ സ്ത്രീകൾ

### 6.1.1 നോവലുകളിൽ

#### 6.1.1.1 കിനാവ്

##### 6.1.1.1.1 ബീപാത്തുഹജ്ജുമ്മ

രണ്ടുതലമുറകളിൽപ്പെട്ട സ്ത്രീകഥാപാത്രങ്ങളുടെ കഥ പറയുന്ന *കിനാവിൽ* കുടുംബത്തിനും പുരുഷനും വേണ്ടി ജീവിതം മുഴുവൻ ജീവിച്ചു തീർക്കുന്ന ബീപാത്തുഹജ്ജുമ്മയെ കാണാം. ജീവനുതുല്യം സ്നേഹിക്കുന്ന ഭർത്താവിനെയും ബാപ്പയെയും തള്ളിപ്പറയാൻ കഴിയാതെ അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു മുമ്പിൽ ജീവിതം കഴിച്ചുകൂട്ടുകയാണ്. ബാപ്പയും ഭർത്താവും തമ്മിലുള്ള തർക്കത്തിനിടയിൽ ജീവിക്കാൻ മറന്ന സ്ത്രീ. രണ്ടു പേരെയും തൃപ്തിപ്പെടുത്താനായി സ്വന്തം ഇഷ്ടങ്ങൾ വേണ്ടെന്നു വെക്കുന്നു. മാത്രമല്ല എല്ലാ ദുഃഖങ്ങളും ഉള്ളിലൊതുക്കി നിത്യരോഗിയായിത്തീരുകയും ചെയ്യുന്നു. പുരുഷന്മാർ മരണം വരെ സാഹസികരും തന്റേടികളുമായി തന്നെ ജീവിക്കുന്നു. ആ സ്ത്രീയുടെ മനസ്സറിയാനോ സഹനം മനസ്സിലാക്കാനോ അവർക്കു കഴിഞ്ഞില്ല. എല്ലാം തന്റെ തലേലെഴുത്താണെന്നും നന്മയായാലും തിന്മയായാലും അതിനു വിധേയപ്പെട്ടുജീവിച്ചുതീർത്തോളാം എന്ന തീരുമാനത്തിലേക്ക് എത്തിച്ചേരുകയാണു ബീപാത്തുഹജ്ജുമ്മ (1999:45,55).

#### 6.1.1.2 നിലാവ്

##### 6.1.1.2.1 നസീമ

വിദ്യാഭ്യാസം നേടാനും പഠിക്കാനും ആഗ്രഹിക്കുന്നു നസീമ. എന്നാൽ വയസ്സറിയിക്കുന്നതോടെ കുടുംബത്തിന്നകത്തും വിവാഹത്തോടെ ഭർത്താവിനും ഭർത്താവിന്റെ വീട്ടിലും ഒതുങ്ങിക്കൂടേണ്ടിവരികയാണ്. പ്രായ പൂർത്തിയാവുന്നതോടെ അവർക്ക് എങ്ങും വിലക്കുകൾ മാത്രമാണ്. പ്രതികരിക്കാൻ അവൾക്ക് ആഗ്രഹമുണ്ടെങ്കിലും ഒന്നിനും സാധിക്കുന്നില്ല. എല്ലാവർക്കുമുമ്പിലും വിധേയപ്പെട്ടു ജീവിതം ജീവിച്ചുതീർക്കുകയാണു നസീമ ചെയ്യുന്നത്.

#### 6.1.1.3 ആകാശഭൂമികളുടെ താക്കോൽ

##### 6.1.1.3.1 ഐഷാത്ത

ഭർത്താവിന്റെ ദുസ്വഭാവങ്ങളോടും പ്രവൃത്തികളോടും എതിർപ്പുണ്ടെങ്കിലും പ്രതികരിക്കാനാവാതെ എല്ലാം തന്റെ വിധിയെന്നു വിശ്വസിച്ചു ജീവിക്കുന്നവളാണ് ഐഷാത്ത. ധനികയായിരുന്നിട്ടുപോലും അവർക്കുസ്വന്തം കാലിൽ നിൽക്കാൻ സാധിക്കുന്നില്ല. ഭർത്താവിന്റെയും കുടുംബത്തിന്റെയും ഇഷ്ടാനിഷ്ടങ്ങൾക്കു മുമ്പിൽ എല്ലാം ഉള്ളിലൊതുക്കി രോഗിയായിത്തീരുകയാണ്.

#### 6.1.1.4 നിഴൽ

##### 6.1.1.4.1 റാബിയ

റാബിയ എന്ന വീട്ടമ്മയുടെ കഥ പറയുന്ന നോവലാണു *നിഴൽ*. പ്രാർത്ഥന, അടുക്കള ഭരണം, കുട്ടികളെ വളർത്തൽ എന്നീ നിലകളിൽ മാത്രമാണ് അവർ ജീവിക്കുന്നത്. കുടുംബത്തിനകത്തെ എല്ലാ ദുഃഖഭാരങ്ങളും സ്വയം ഏറ്റെടുത്തു പരിഹാരങ്ങൾ കണ്ടെത്തുമ്പോഴും സങ്കടങ്ങളെല്ലാം

സഹിച്ചു കുടുംബത്തിനുവേണ്ടി ത്യാഗം സഹിക്കുന്ന റാബിയ സ്വന്തം ഇഷ്ടാനിഷ്ടങ്ങളും ദുഃഖങ്ങളും വിഷമതകളും ആരോടും പറയാതെ സ്വയം അനുഭവിക്കുകയാണു ചെയ്യുന്നത്. കുടുംബത്തിനകത്ത് എല്ലാവർക്കും താങ്ങും തണലുമായി ഭർത്താവിനും മക്കൾക്കും വിധേയപ്പെട്ടു ജീവിതം തീർക്കുന്നു.

**6.1.1.4.2 മുംതാസ്**

റാബിയയുടെ ഏക മകളാണു മുംതാസ്. സ്വന്തം വീട്ടിൽ സ്നേഹവും ലാളനയുമേറ്റു കഴിയുന്ന മുംതാസിനു ഭർത്തൃവീട്ടിൽ നിന്നും ഭർത്താവിൽനിന്നും സ്നേഹമോ പരിഗണനയോ ലഭിക്കുന്നില്ല. എന്നും യാതനകളും കുത്തുവാക്കുകളുമാണ് അവൾക്കുനേരിടേണ്ടിവന്നത്. എല്ലാ യാതനകളും സഹിച്ച് അവയ്ക്കെല്ലാം പൊരുത്തപ്പെട്ടു ജീവിതം മുന്നോട്ടു കൊണ്ടുപോവാനാണു മുംതാസ് ശ്രമിക്കുന്നത്.

'ചുമ്മാ നിന്ന് നാക്കിട്ടടിക്കാനും ആരെങ്കിലുമെന്തെങ്കിലും പറഞ്ഞാൽ നിന്നു കിണുങ്ങാനുമേ മുംതാസിനറിയൂ' എന്നാണു നോവലിൽ മുംതാസിനെക്കുറിച്ചു പരാമർശിക്കുന്നത് (2012:32).

**6.1.2 ചെറുകഥകളിൽ**

**6.1.2.1 ആകാശഭൂമികളുടെ താക്കോൽ**

ഭർത്താവിന്റെ അവിഹിതബന്ധം നേരിൽ കണ്ട് അന്ധാളിച്ചു രോഗിയായിത്തീരുന്ന സ്ത്രീയെയാണ് *ആകാശഭൂമികളുടെ താക്കോലിൽ* കാണാൻ കഴിയുന്നത്. തന്റെ ഭർത്താവിനെയും കുടുംബത്തെയും അതിരറ്റു സ്നേഹിച്ചിരുന്ന അവർക്കു തന്റെ മാനസിക അസ്വസ്ഥതയ്ക്കു കാരണമായ സംഭവം മറ്റുള്ളവരുമായി പങ്കുവെയ്ക്കാൻ സാധിക്കുന്നില്ല. ഭർത്താവിന്റെയും മക്കളുടെയും കുടുംബത്തിന്റെയും സ്വസ്ഥതയ്ക്കും സമാധാനത്തിനും വേണ്ടി അവർ എല്ലാം

ഉള്ളിലൊതുക്കി മാനസികരോഗിയായി മരണത്തിനു കീഴടങ്ങുകയാണു ചെയ്യുന്നത് (2014:46).

**6.1.2.2 അസ്രായിൽ**

**6.1.2.2.1ആയിശ**

ഭർത്താവിന്റെയും മക്കളുടെയും ഇഷ്ടാനിഷ്ടങ്ങൾക്കു മുമ്പിൽ ജീവിക്കാൻ മറന്നു സർവ്വതും അവർക്കുവേണ്ടി മാറ്റിവെച്ചുവിധേയപ്പെട്ടു ജീവിക്കാൻ മറന്നുപോയ ആയിശയുടെ കഥയാണ് *അസ്രായിൽ* (പു.63).

**6.1.2.3 വത്തക്ക**

ദാരിദ്ര്യം കാരണം കുടുംബക്കാർക്കും വീട്ടുകാർക്കുമിടയിൽ വിധേയ പ്പെട്ടു ജീവിക്കേണ്ടിവരുന്ന നസീമയുടെയും ഉമ്മയുടെയും കഥയാണു *വത്തക്ക*. രോഗബാധിതനായ ഉപ്പയും ഉമ്മയും മൂന്നു പെൺമക്കളും ദാരിദ്ര്യത്തിന്റെയും രോഗത്തിന്റെയും നിസ്സഹായതയുടെയും നടുവിൽ വീട്ടുകാരുടെയും കുടുംബ ത്തിന്റെയും കുത്തുവാക്കുകളും പരിഹാസങ്ങളും ഏൽക്കുമ്പോൾ എല്ലാം ദൈവത്തിലർപ്പിച്ചു ജീവിതം ജീവിച്ചുതീർക്കാൻ വിധിക്കപ്പെട്ടവരാണവർ (പു:70).

**6.1.2.4 പേറ്റിച്ചി**

**6.1.2.4.1 കുഞ്ഞിപ്പാത്തു**

ഉപജീവനത്തിനായി വീട്ടുജോലിക്കുപോവേണ്ടിവരുന്ന കുഞ്ഞിപ്പാത്തു വിനു മുതലാളിയിൽനിന്നും ഗർഭം ധരിക്കേണ്ടിവരികയാണ്. ഗർഭത്തിനു ഉത്തര വാദി ആരാണെന്നറിയുമെങ്കിലും മുതലാളിയോടുള്ള ഭയം കാരണം അവൾക്കു പുറത്തുപറയാൻ കഴിയുന്നില്ല. അയാൾക്ക് അടിമപ്പെട്ടു സത്യം പുറം ലോകത്തോടു വിളിച്ചുപറയാനാവാതെ നിസ്സഹായയായിത്തീരുകയാണു കുഞ്ഞിപ്പാത്തു. ഒടുക്കം പ്രസവത്തോടെ മരണപ്പെടുകയും ചെയ്യുന്നു (പു.101).

#### 6.1.2.5 ഹാജ്യാരുടെ ഭാര്യ

##### 6.1.2.5.1 ആയിശുമ്മ

ഭർത്താവിൽനിന്നും സ്നേഹമോ പരിഗണനയോ ലഭിക്കാതെ രോഗിയായിത്തീരുകയും രോഗിയായ ഭാര്യയെ ഒന്നു നോക്കാൻപോലും സമയമില്ലാതെ അയാൾ മറ്റൊരു വിവാഹം കഴിക്കുകയും ചെയ്യുന്നു. ആരോഗ്യമുള്ള കാലമത്രയും കുടുംബത്തിനും ഭർത്താവിനും വേണ്ടി ജീവിച്ചവളാണ് ആയിശുമ്മ. എന്നാൽ രോഗിയായിത്തീരുന്നതോടെ ആർക്കും അവരെ വേണ്ടാതാവുന്നു. എല്ലാവരുടെയും അവഗണനയ്ക്കു നടുവിൽ എല്ലാം തന്റെ വിധിയാണെന്നുകരുതി ജീവിതം ജീവിച്ചുതീർക്കുകയാണ് ആയിശുമ്മ എന്ന സ്ത്രീയും (പു.154).

#### 6.1.2.6 ഒരിക്കൽക്കൂടി

##### 6.1.2.6.1 ജമീല

തന്റെ കുടുംബത്തിനും വീട്ടുകാർക്കും ബന്ധുജനങ്ങൾക്കും വേണ്ടി ജീവിതം ജീവിച്ചുതീർക്കുന്ന ജമീലയ്ക്കു തിരിച്ചുകിട്ടുന്നത് അവഗണനയും പരിഹാസവും മാത്രമാണ്. ഒരിക്കലെങ്കിലും സ്നേഹിക്കപ്പെടാൻ ജമീല ആഗ്രഹിക്കുന്നുണ്ടു കഥയിൽ (2014:179). ഉറക്കത്തിൽ തന്റെ മരണം സ്വപ്നം കാണുകയും തന്റെ മയ്യിത്തുകണ്ടു വിലപിക്കുന്ന പ്രിയപ്പെട്ടവരെ കാണുകയും അവരുടെ സ്നേഹവാക്കുകൾ കേൾക്കുകയും ചെയ്യുമ്പോൾ ജമീല സന്തോഷിക്കുന്നു. എന്നാൽ ഉറക്കിൽനിന്നും ഞെട്ടിയുണരുന്ന ജമീല കാണുന്നതു ദേഷ്യത്തോടെ തന്നെ നോക്കുന്ന മകനെയും ഭർത്താവിനെയുമാണ്. സ്നേഹം കൊതിച്ചു തന്റെ ചുറ്റുമുള്ളവർക്കായി വിധേയപ്പെട്ടുജീവിക്കുന്ന ജമീല എന്ന കഥാപാത്രത്തെ *ഒരിക്കൽക്കൂടി* എന്ന കഥയിൽ കാണാം.

### 6.1.2.7 അറബിപുതിയാപ്ല

#### 6.1.2.7.1 സാബിറ

സ്വന്തം ഉമ്മയുടെയും കുടുംബക്കാരുടെയും പ്രലോഭനങ്ങൾക്കും നിസ്സഹായതയ്ക്കും മുമ്പിൽ തന്റെ ജീവിതം ബലി കഴിക്കേണ്ടിവരികയാണു കഥയിലെ സാബിറയ്ക്ക്. കുടുംബത്തിലെ ദാരിദ്ര്യത്തിനും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും അറുതി വരുത്തുന്നതിനായി ഉമ്മയുടെ നിർബന്ധപ്രകാരം അറബിയുടെ ഭാര്യയാവുകയാണു സാബിറ. എന്നാൽ ആദ്യരാത്രിതന്നെ വയസ്സനായ അറബി മരണപ്പെടുമ്പോൾ നിസ്സഹായയായി പകച്ചുനിൽക്കാൻ മാത്രമാണു സാബിറയ്ക്കു കഴിയുന്നത്. നിസ്സഹായതയുടെയും വിധേയത്വത്തിന്റെയും മറ്റൊരു മുഖമാണു സാബിറയിൽ കാണാൻ കഴിയുന്നത് (2014:198).

### 6.1.2.8 സാക്ഷരത

#### 6.1.2.8.1 ആമിന

വിദ്യാഭ്യാസം നേടണമെന്ന ആഗ്രഹത്തോടെ സാക്ഷരതാക്ലാസ്സിൽ ചേരുകയാണ് ആമിന. മീൻ വിറ്റു നടക്കുന്ന മമ്മതിന്റെ ഭാര്യയാണ് അവൾ. 'സെലയിറ്റും പൊസ്തകോം' വാങ്ങിക്കാനായി ഭർത്താവിനോടു പണം ചോദിക്കുമ്പോൾ കണ്ട ചെറുക്കൻമാർവന്നു ഭാര്യയെ പഠിപ്പിക്കേണ്ടതില്ലെന്ന് അയാൾ പറയുന്നു. എന്നാൽ വീട്ടുകാര്യങ്ങൾ നോക്കുകയും സ്വന്തം മക്കളെ പഠിപ്പിക്കുകയും ചെയ്യുന്നതാണു നല്ലതെന്നും പറഞ്ഞു ഭാര്യയെ മർദ്ദിക്കുകയാണ് അയാൾ. ഭർത്താവിന്റെ നിർബന്ധത്തിനും മർദ്ദനത്തിനും കീഴടങ്ങി വിദ്യാഭ്യാസം നേടുകയെന്ന വലിയ സ്വപ്നം ഉപേക്ഷിക്കേണ്ടിവരികയാണു *സാക്ഷരത* യിലെ ആമിനക്ക് (പു.115).

### 6.1.2.9 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

കുട്ടികളില്ലാത്തതിന്റെ പേരിൽ ഭർത്താവിൽ നിന്ന് അവഗണന നേരിടുകയാണു കഥയിലെ നായികയ്ക്ക്. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരി

ച്ചാണ് അവൾ ജീവിക്കുന്നത്. എന്നാൽ കുട്ടികളുണ്ടാവാത്തതിന്റെ പേരിൽ അയാൾ മറ്റൊരു വിവാഹം കഴിക്കാൻ തയ്യാറെടുക്കുന്നു. അതു സഹിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്യുകയും മരണത്തിനുകീഴടങ്ങുകയുമാണ് ആ സ്ത്രീ (പു.167).

**6.1.3 അനുഭവക്കുറിപ്പുകളിൽ**

**6.1.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ**

ഉപ്പയോടും ഭർത്താവിനോടുമുള്ള സ്നേഹത്തിനിടയിൽ വീർപ്പുമുട്ടി കഴിയുകയായിരുന്നു തന്റെ ഉമ്മ എന്ന സൂചന കുറിപ്പുകളിൽനിന്നും മനസ്സിലാക്കാം. രണ്ടുപേരെയും ഉമ്മാക്കുപ്രിയമാണ്. അവർക്കിടയിലുള്ള തമ്മിൽത്തല്ലൽ അവരെ ഏറെ വേദനിപ്പിച്ചിരുന്നുവെന്നും രണ്ടുപേർക്കും വിധേയപ്പെട്ടു ജീവിതം ജീവിച്ചുതീർക്കുകയായിരുന്നുവെന്നും സൂചനയുണ്ട് (2015:14,93).

**6.1.4 ലേഖനസമാഹാരത്തിൽ**

**6.1.4.1 ആരോടു ചൊല്ലേണ്ടു നാം**

**6.1.4.1.1 സന്മനസ്സുള്ളവർക്ക് സമാധാനം**

ഭർത്താവിന്റെ മൂന്നാം ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് ആശുപത്രിയിലെത്തിയ ഒരു സ്ത്രീയെ എഴുത്തുകാരി പരിചയപ്പെടുന്നുണ്ട്. അവർ ഭർത്താവിനും കുടുംബത്തിനും വേണ്ടി എല്ലാം സഹിച്ച് ഒരേ വീട്ടിൽ തന്നെ കഴിയുന്നതായാണു ലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ഭർത്താവിന്റെ ആജ്ഞ അനുസരിക്കുന്ന ഭാര്യ (2013:31,32).

**6.1.5** വൈക്കം മുഹമ്മദ് ബഷീറിന്റെ രചനകളിലെ സ്ത്രീ കഥാപാത്രങ്ങളെല്ലാം വിധേയകളായി ജീവിക്കുന്നവരാണ്. ദുരന്ത കഥാപാത്രമാണു *ബാല്യകാലസഖി*യിലെ സുഹറ. *ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു* എന്ന കൃതിയിലെ കുഞ്ഞിപാത്തുവും ആയിശയും രണ്ടു കാലഘട്ടങ്ങളെയാണു

സൂചിപ്പിക്കുന്നത്. നവോത്ഥാനാശയങ്ങൾ സമൂഹത്തിൽ എത്തിക്കാൻ ബഷീർ ആയിശ എന്ന കഥാപാത്രത്തെ ബോധപൂർവ്വം സൃഷ്ടിച്ചതാണെന്നു തോന്നും. പി. എ മുഹമ്മദ് കോയയുടെ *സുൽത്താൻ വീട്ടിലെയും സുറുമയിട്ട കണ്ണുകളിലെയും* സ്ത്രീകഥാപാത്രങ്ങൾ ഏറെ പ്രയാസം അനുഭവിക്കുന്നവരാണ്. സമ്പന്ന തറവാട്ടിലെ സ്ത്രീകളും പ്രയാസങ്ങൾ അനുഭവിക്കുന്നു. പുരുഷനു വിധേയപ്പെട്ടു ജീവിക്കുന്നവരാണ് അവർ. വി. പി. മുഹമ്മദിന്റെ *തേൻതുള്ളികൾ* എന്ന നോവലിലെ ആമിനയും മതത്തിന്റെ കെട്ടുപാടുകൾക്കിടയിൽ കിടന്നു ദുരന്തം അനുഭവിക്കുകയാണ്. യു.എ. ഖാദറിന്റെ *ചങ്ങല,* ഒരു *മാപ്പിള പെണ്ണിന്റെ ലോകം* എന്ന കൃതിയിലെയും സ്ത്രീകഥാപാത്രങ്ങൾ വിധേയകളാണ്. തങ്ങൾക്കു നേരിടേണ്ടിവരുന്ന അക്രമങ്ങൾക്കെതിരെ പ്രതികരിക്കാൻ കഴിയുന്നില്ല.

ബി. എം. സുഹറയുടെ രചനകളിലും സ്ത്രീകഥാപാത്രങ്ങൾ അധികവും വിധേയകളാണ്. പുരുഷനും കുടുംബത്തിനും വിധേയപ്പെട്ടാണ് അവർ ജീവിക്കുന്നത്. ജീവിതത്തിന്റെ ബുദ്ധിമുട്ടുകളോടു പൊരുതിജീവിക്കാൻ ചില കഥാപാത്രങ്ങൾ ശ്രമിക്കുന്നുണ്ടെങ്കിലും അവർക്ക് അതിനു കഴിയുന്നില്ല. എന്നാൽ വിദ്യാസമ്പന്നരായ ചില സ്ത്രീകൾ അതിജീവിച്ചു സ്വന്തമായിട്ട് ഒരു ജീവിതം കെട്ടിപ്പടുക്കാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്യുന്നു. ദാരിദ്ര്യം, വിദ്യാഭ്യാസമില്ലായ്മ സ്ത്രീയെ മനസ്സിലാക്കാനോ അംഗീകരിക്കാനോ തയ്യാറാവാതിരിക്കൽ എന്നിവയാണു സ്ത്രീകളുടെ ദുരന്തത്തിനു കാരണമാകുന്നത്.

## 6.2 സ്ത്രീകളുടെ സംഘർഷവും പൊരുതലും

ബി.എം. സുഹറയുടെ കൃതികളിലെ സ്ത്രീകഥാപാത്രങ്ങളിൽ പലരും കടുത്ത മാനസികസംഘർഷം അനുഭവിക്കുന്നവരും അവയോടുവിധേയപ്പെടാനാവാതെ പൊരുതിജയിക്കാൻ ശ്രമിക്കുന്നവരുമാണ്. അത്തരം കഥാപാത്രങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഇവിടെ നടത്താൻ ഉദ്ദേശിക്കുന്നത്.

### 6.2.1 നോവലുകളിൽ

#### 6.2.1.1 ഇരുട്ട്

##### 6.2.1.1.1ആമിന

*ഇരുട്ടെ*ന്ന നോവലിലെ ശക്തയായ കഥാപാത്രമാണ് ആമിന. സംഘർഷ ങ്ങളിലൂടെയാണ് ആമിനയുടെ ഓരോ ദിനവും കടന്നുപോവുന്നത്. വിവാഹ ജീവിതത്തോടെ ജീവിതമാകെ താളം തെറ്റിപ്പോവുകയാണ് ആമിനയ്ക്ക്. ലഹ രിക്കടിമപ്പെട്ട ഭർത്താവിനെ പലതരത്തിലും ജീവിതത്തിലേക്കു കൊണ്ടുവരാൻ അവൾ ശ്രമിച്ചുവെങ്കിലും അതിനവൾക്കുസാധിക്കുന്നില്ല. ഭർത്തൃവീട്ടിൽനിന്നും അനുഭാവപൂർവ്വമായ ഇടപെടലുകൾ അല്ല അവൾക്കുലഭിക്കുന്നത്. ഭർത്താവിന്റെ ദുർനടപ്പിൽ മനംനൊന്ത് എന്നന്നേക്കുമായി ഭർത്തൃവീട്ടിൽ നിന്നും ഇറങ്ങുകയാണ് ആമിന ചെയ്യുന്നത്. ഭർത്താവിൽനിന്നു പിരിഞ്ഞു ജീവിത യാഥാർത്ഥ്യങ്ങളോടുപൊരുതി ജീവിക്കാൻ അവൾ തയ്യാറാവുകയും ചെയ്യുന്നു. കച്ചവടം നടത്തി സ്വയം പര്യാപ്തയായി തന്റെ മക്കൾക്കു വിദ്യാഭ്യാ സവും നൽകി അവരെ നല്ലനിലയിൽ വളർത്തി വലുതാക്കി വിവാഹം കഴിപ്പിച്ച യയ്ക്കുകയും ചെയ്യുന്നുണ്ട് അവൾ. സ്വന്തം വീട്ടിൽനിന്നും സമൂഹ ത്തിൽനിന്നും കുടുംബക്കാരിൽനിന്നും കുറ്റപ്പെടുത്തലുകൾ ഉണ്ടാവുമ്പോഴും സർവ്വംസഹയായി തനിക്കും മക്കൾക്കും വേണ്ടി ജീവിതം പൊരുതിജീവിക്കാൻ അവൾ വാശി കാണിക്കുന്നതായി കാണാം.

#### 6.2.1.2 മൊഴി

##### 6.2.1.2.1 ഫാത്തിമ

മൊഴിയിലെ ഫാത്തിമ ജീവിതദുരിതങ്ങളോടു പൊരുതി ജീവിക്കാൻ ശ്രമിക്കുന്നവളാണ്. ഭർത്താവിനെയും മകനെയും സ്നേഹിച്ചു കുടുംബിനി യായി വിദേശത്തുതാമസിക്കുന്ന ഫാത്തിമയുടെ ജീവിതത്തിലേക്കു ഷറഫ് കടന്നുവരികയും തെറ്റിദ്ധാരണകളുടെ പേരിൽ ജീവിതം ദുരിതപൂർവ്വമാവു

കയും ചെയ്യുന്നതാണു കാണാൻ കഴിയുന്നത്. മൊഴിചൊല്ലപ്പെട്ടു സ്വന്തം വീട്ടിൽ തിരിച്ചെത്തുന്ന അവൾക്കു ദുരിതങ്ങളാണു നേരിടേണ്ടിവരുന്നത്. വാശി യോടെ ഷറഫിന്റെ ജീവിതപങ്കാളിയായ അവർക്ക് അയാളിൽനിന്നും പീഡന ങ്ങൾ ഏൽക്കേണ്ടിവരികയാണ്. പൊരുതിനിൽക്കാൻ ശ്രമിക്കുമ്പോഴും ഉപ്പയേയും ഉമ്മയേയും മക്കളേയും ഭർത്താവിനേയും നഷ്ടപ്പെട്ടു ജീവിതത്തിൽ ഒറ്റപ്പെട്ടുപോവുന്ന അവസ്ഥയാണു വന്നുചേരുന്നത്.

#### 6.2.1.3 ആകാശഭൂമികളുടെ താക്കോൽ

##### 6.2.1.3.1 റംലത്ത്

ഹുസൈൻഹാജിയുടെ മൂന്നാം ഭാര്യയായ റംലത്ത് നിവൃത്തികേടു കൊണ്ടുമാത്രമാണ് അയാളെ വിവാഹം കഴിക്കുന്നത്. കുടുംബ പ്രാരാബ്ധങ്ങളും സാമ്പത്തികപരാധീനതകളുമാണ് അതിനു കാരണം. എന്നാൽ സ്വന്തം വീട്ടിലും ഭർത്താവിന്റെ വീട്ടിലും അവൾക്കുസംഘർഷങ്ങൾ അനുഭവിക്കേണ്ടിവരുന്നു. മക്കൾക്ക് ഉമ്മ സ്വന്തം സുഖം നോക്കിപ്പോയ സ്ത്രീയാണ്. മക്കളെ പഠിപ്പിക്കാനും അവരെ ഒരു കരക്കെത്തിക്കാനു മാണുതാൻ ഹുസൈൻഹാജിയുടെ ഭാര്യ ആയതെന്നു കുട്ടികളും മനസ്സിലാക്കു ന്നില്ല. ഭർത്തൃവീട്ടിൽ ഒന്നാംഭാര്യയായ ആയിശയ്ക്കു റംലത്തിനെ കണ്ടുകൂട. അതിന്റെ പ്രയാസങ്ങളും അവൾ അനുഭവിക്കുന്നതായി കാണാം. എന്നാലും പ്രതിസന്ധികളോടു പൊരുതി മക്കളെ പുലർത്താൻ അവർക്കു കഴിയുന്നുണ്ട്. എന്നാൽ ഭർത്താവുതന്നെ മൊഴിചൊല്ലി എന്നതറിയുമ്പോൾ അവൾ തളർന്നു പോവുന്നു. യാതൊരു കാരണവും കൂടാതെ തന്നെ മൊഴിചൊല്ലിയതിനെ അവൾ ചോദ്യം ചെയ്യാൻ തയ്യാറാവുന്നതായും കാണാം.

#### 6.2.1.4 നിഴൽ

##### 6.2.1.4.1 നദീറ

റാബിയയുടെ രണ്ടാം മരുമകൾ നദീറ. അവളുടെ ഇഷ്ടപ്രകാരമല്ല

മജീദിനെ ഭർത്താവായി സ്വീകരിച്ചത്. ആ അനിഷ്ടം അവൾ ഭർത്താവിനോടു കാണിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ കുടുംബത്തിനകത്ത് അവൾ എല്ലാവരെയും സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്യുന്നവളാണ്. അവിചാരിതമായി ജീവിതത്തിൽ സംഭവിക്കുന്ന ചില തെറ്റിദ്ധാരണകളിലൂടെ ഭർത്താവിന്റെ വീട്ടിൽനിന്നും ഇറങ്ങിപ്പോവേണ്ടിവരികയാണു നദീറയ്ക്ക്. അന്നുമുതൽ ജീവിതത്തോടു പൊരുതിയാണ് അവൾ ജീവിക്കുന്നത്. ഭർത്താവിന്റെ വീട്ടിൽനിന്നും ഇറങ്ങിയ അവൾക്കു സ്വന്തം വീട്ടിലും ഇടമില്ലാതാവുകയാണ്. കെട്ടിച്ചയച്ചതോടെ അതു തന്റെ വീടല്ല എന്ന് അറിയുന്നതോടെ വീട്ടിൽനിന്ന് ഇറങ്ങുകയും സ്വന്തമായി വീടുവെച്ചു കൃഷിയും പശുവളർത്തലുമായി തന്റെ മക്കളെ പുലർത്തി ജീവിക്കാനുള്ള കരുത്താർജ്ജിക്കുകയാണു ചെയ്യുന്നത്. കാലക്രമേണ അവൾ ഭർത്താവിന്റെ വീട്ടിലേക്കുതന്നെ തിരിച്ചു പോവുന്നതായും കാണാം.

### 6.2.2 ചെറുകഥകളിൽ

#### 6.2.2.1 കളിത്തത്ത

##### 6.2.2.1.1 കുഞ്ഞലീമ

ആകാശം കാണാനും മണ്ണിലൂടെ നടക്കാനും സ്വതന്ത്ര്യയായി ജീവിക്കാനും കൊതിച്ച കുഞ്ഞലീമ ഭർത്താവിന്റെ ഉമ്മയുടെ മരണത്തോടെ ഭർത്താവിനോടൊപ്പം വിദേശത്തെത്തി അവിടെ അറബിനാട്ടിലെ നിയമങ്ങൾക്കു വിധേയമായി ജീവിക്കാൻ നിർബന്ധിതയാവുകയാണ്. ഭർത്താവിന്റെയും ആ നാട്ടിലെയും നിയമത്തിനനുസരിച്ചു ജീവിക്കാൻ അവൾ ഏറെ പ്രയാസപ്പെടുന്നുണ്ട്. അവ എതിർക്കാനും ഭർത്താവിന്റെ അന്യായമായ ഇടപെടലുകൾ തിരുത്താനും അവൾ ശ്രമിക്കുന്നുണ്ടെങ്കിലും കുഞ്ഞലീമ പരാജയപ്പെടുകയാണു ചെയ്യുന്നത്. കൂട്ടിനുള്ളിലകപ്പെട്ട കിളിയെപ്പോലെ സംഘർഷങ്ങൾക്കു

നടുവിൽ എല്ലാ സുഖസൗകര്യങ്ങൾക്കുമിടയിൽ കിടന്നു കുഞ്ഞലീമ പ്രയാസ പ്പെടുന്നതായി കഥയിൽ കാണാനായി സാധിക്കും (2014:15).

#### 6.2.2.2 നേർച്ചക്കോഴികൾ

##### 6.2.2.2.1 സൈനബ

ഊരും പേരുമറിയാത്ത ഒരുവനെകൊണ്ടു നിർബന്ധിച്ചു വിവാഹം കഴിപ്പിച്ചയയ്ക്കുകയാണു സൈനബയുടെ ഉപ്പ. വാപ്പയുടെ മരണശേഷം സൈനബയെ തനിച്ചാക്കി സ്വർണ്ണാഭരണവുമായി ഭർത്താവു നാടുവിടുന്നു. തളർന്നുപോവുന്ന സൈനബ പൂർവ്വാധികം ശക്തിയോടെ തിരിച്ചുവന്നുതന്റെ ഭർത്താവിനെ അന്വേഷിച്ചിറങ്ങുകയാണ്. എന്നാൽ ഭർത്താവിനെ മറ്റൊരു പെണ്ണുമായി കാണേണ്ടിവരുമ്പോൾ അവളാകെ തളർന്നുപോകുന്നു. ഒന്നും മിണ്ടാനാവാതെ തളർന്നു നാട്ടിലേക്കു തിരിച്ചുപോരാൻ നിൽക്കുന്നു. എന്നാൽ തന്നെപ്പോലെ ദുരിതമനുഭവിക്കാൻ പോവുന്ന അയാളുടെ രണ്ടാം ഭാര്യയെ രക്ഷിക്കാനും അവളെ കാര്യം ഗ്രഹിപ്പിക്കാനും ട്രെയിനിൽനിന്നും സൈനബ രണ്ടും കൽപ്പിച്ചിറങ്ങുന്നു. അപ്പോൾ കാൽ തട്ടിവീണ് അവളുടെ കൈവശമുള്ള തെല്ലാം നിലത്തുടഞ്ഞുപോവുകയാണ് (2014:32).

#### 6.2.2.3 കെട്ട്യോൻ

കുടുംബം പുലർത്താതെ തോന്നിയതുപോലെ നടക്കുന്ന ഭർത്താ വിൽനിന്നും അകലം പാലിച്ചു ജീവിക്കുകയാണു *കെട്ട്യോൻ* എന്ന കഥയിലെ സൈനബയുടെ ഉമ്മ. മക്കൾക്കുവേണ്ടി ജീവിക്കുന്ന ആ സ്ത്രീ തന്റെ പേരിലുള്ള പുരയും സ്ഥലവും ഭർത്താവിന്റെ പേരിൽ എഴുതി കൊടുക്കാത്തതി നാൽ നിരന്തരം അയാളിൽനിന്നും പീഡനം അനുഭവിക്കുന്നുണ്ട്. അതുകൂടി നഷ്ടപ്പെട്ടാൽ തന്റെ പെൺമക്കളെക്കൊണ്ടു വീടുവിട്ടിറങ്ങേണ്ടിവരുമെന്ന് അറിയുന്ന ഉമ്മ ഭർത്താവിന്റെ പീഡനങ്ങൾ ഏറ്റുവാങ്ങുകയാണു ചെയ്യുന്നത്. ഒടുക്കം ഭർത്താവു രണ്ടാമതും വിവാഹം കഴിച്ചുവരുമ്പോൾ നിസ്സഹായയായി

നോക്കിനിൽക്കാൻ മാത്രമാണ് അവർക്കുസാധിക്കുന്നത് (2014:82).

**6.2.2.3.1 സൈനബ**

*കെട്ട്യോൻ* എന്ന കഥയിലെ സൈനബ എന്ന കഥാപാത്രം ഉമ്മയെക്കാൾ ശക്തയാണ്. ഉമ്മയെ സഹായിക്കുന്നതിനായി അന്യവീടുകളിൽ ജോലി ചെയ്താണ് അവൾ ജീവിക്കുന്നത്. ഉപ്പ രണ്ടാം ഭാര്യയുമായി വീട്ടിലേക്കു കയറിവരുമ്പോൾ അതിനോടു പ്രതികരിക്കാൻ സൈനബയ്ക്ക് കഴിയുന്നുണ്ട്.

'തന്തക്കിളവാ പുത്തൻ പെണ്ണിനെയും കൊണ്ട് വിരുന്നുപാർക്കാൻ വന്നതാ. ഇപ്പം പായവിരിച്ച് അവുത്തിരുത്തി തക്കരിക്കാം' (2014:85) എന്ന് പറഞ്ഞുചീത്തവിളിച്ച് ഉപ്പയെയും രണ്ടാം ഭാര്യയെയും വീട്ടിൽനിന്നും ഇറക്കിവിടാനുള്ള തന്റേടം സൈനബയ്ക്ക് ഉണ്ട്.

**6.2.2.4 വെറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു**

**6.2.2.4.1 ഹസ്നബി**

തന്റെ ചുറ്റിലും നടക്കുന്ന സംഭവവികാസങ്ങൾ ഹസ്നബിയെ ചിന്തിപ്പിക്കുകയാണ്. സമൂഹത്തിൽ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അവളെ വല്ലാതെ വിഷമത്തിലാക്കുന്നു. അവൾ അതിൽ ദുഃഖിതയാണ്. സമൂഹത്തിലെ വേവലാതികൾ തന്റേതായി കാണുകയാണ് അവൾ. അത് ഇഷ്ടപ്പെടാത്ത ഭർത്താവു താൻ സാധാരണ സ്ത്രീയാണെന്നും അവർ കാണുന്ന തരത്തിൽ ഉള്ള സ്വപ്നങ്ങൾ ആഗ്രഹങ്ങൾ മതി തനിക്കെന്നും ഉപദേശിക്കുകയാണു ചെയ്യുന്നത്. എന്നാൽ അവൾക്കു മാറാൻ കഴിയുന്നില്ല. ഗത്യന്തരമില്ലാതെ ഭർത്താവ് അവളെ സ്വന്തം വീട്ടിലാക്കുകയാണ്. വീട്ടിലെത്തിയ ഉമ്മ അവളെ ഉപദേശിക്കുന്നുണ്ട്. അയാൾക്ക് എത്ര വേണമെങ്കിലും വിവാഹം കഴിക്കാം. നീ അവനു വഴിപ്പെട്ട് ഒതുങ്ങി ജീവിക്കണം. വിവാഹം കഴിപ്പിച്ചുകൊടുക്കാൻ ഒരുപാടുപേർ സമൂഹത്തിൽ ഉണ്ടെന്നും മകളെ ഓർമ്മി

പ്പിക്കുന്നുണ്ട് (2014:303,304). അതുകേട്ടു മകൾ ഭയപ്പെടുന്നുവെങ്കിലും ധൈര്യത്തോടെ എനിക്കു പറയാനുള്ളതു പറയുമെന്നും തന്റെ വ്യക്തിത്വവും അഭിപ്രായസ്വാതന്ത്ര്യവും ആരുടെ മുമ്പിലും അടിയറവു പറയാൻ തയ്യാറ ല്ലെന്നും ഹസ്നബി പ്രതികരിക്കുന്നുണ്ട് (പു.304).

#### 6.2.2.5 ഭ്രാന്ത്

*ഭ്രാന്ത്* എന്ന ചെറുകഥയിലെ നായിക കുടുംബത്തിനകത്തു സംഘർഷം അനുഭവിക്കുന്നവളാണ്. ദിനചര്യകളിൽനിന്നും ഒരു ദിവസം മാറിചിന്തിക്കു കയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴേക്ക് അവളെ ഭ്രാന്തിയായി മുദ്ര കുത്തു കയാണു ഭർത്താവ്. ഭർത്താവിനെ ഭയന്ന് എന്നെ തുറന്നുവിടൂ എനിക്കൊന്നു മില്ല എന്നു നിലവിളിക്കുന്ന സ്ത്രീയെ ഭ്രാന്തിൽ കാണാം (2010:22).

### 6.2.3 അനുഭവക്കുറിപ്പുകളിൽ

#### 6.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

ആങ്ങളമാരെപ്പോലെ പഠിക്കാനും വക്കീലാവാനും എഴുത്തുകാരിയാ വാനും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ സ്വന്തം ഉമ്മയിൽനിന്നുപോലും എതിർപ്പാണ് അവൾക്കു നേരിടേണ്ടിവരുന്നത്. എന്നാലും പഠിക്കാൻ സാധിക്കു ന്നതായി പരാമർശ സൂചനയുണ്ട്. ആണുങ്ങൾ കറുത്തവരായാലും പ്രശ്നമി ല്ലെന്നും സ്ത്രീകൾ കറുപ്പുനിറമാവുന്നതു പ്രശ്നമാണെന്നു കുടുംബത്തിലു ള്ളവർ സൂചിപ്പിക്കുമ്പോൾ ആണിനും പെണ്ണിനും എന്താ രണ്ടുരീതിയെന്നു ചോദിക്കാൻ ആഗ്രഹിക്കാറുണ്ടെങ്കിലും ഉമ്മയെ പേടിച്ചുചോദിക്കാറില്ലെന്ന സൂചനയുണ്ട് (2015:30,32). ആങ്ങളമാരെപ്പോലെ തനിക്കും കളരിപ്പയറ്റു പഠിക്ക ണമെന്ന ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ആണുങ്ങൾ മാത്രമാണു പയറ്റു പഠിക്കുക എന്നു പറഞ്ഞ് ഉമ്മ അവളെ എതിർക്കുന്നു. ഉണ്ണിയാർച്ച പയറ്റു പഠിച്ച് ആണുങ്ങളോട് എതിരിടുന്നതും താനും അതു പോലെ ആവുമെന്നുള്ള സൂചന കുറിപ്പിൽ കാണാം (പു.41). ആൺകുട്ടികൾ

നടക്കുംപോലെ പെൺകുട്ടികൾക്കു തോന്നിയപോലെ നടക്കാൻ പാടില്ലെന്നു വീട്ടിൽനിന്നും നിർദ്ദേശം ലഭിക്കുമ്പോൾ 'ആ കുട്ട്യേക്ക് തോന്ന്യോണം നടക്കാന്നാ.......?' (പു.82) എന്നു ശക്തമായി സൂറ ചോദിക്കുന്നുണ്ട്. പെൺകുട്ടികൾ അങ്ങാടിയിൽ പോവാൻ പാടില്ലെന്നു പറയുമ്പോൾ (പു.112) അതിനെയും എതിർക്കാനുള്ള ശ്രമം നടത്തുന്നതായി കാണാം. പഠിച്ച് ഉയർന്നു സ്വന്തം കാലിൽ നിൽക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് ഉറക്കെ പറയാനുള്ള തന്റേടം എഴുത്തുകാരിക്ക് ഉണ്ട് (പു.150).

**6.2.4 ലേഖനസമാഹാരത്തിൽ**

പരാമർശസൂചനകൾ ഇല്ല.

**6.2.5** മുസ്ലിംസ്ത്രീയുടെ ജീവിതചിത്രീകരണം ഉറൂബിന്റെ *ഉമ്മാച്ചു* എന്ന നോവലിലും കാണാം. ഏറെ സംഘർഷം അനുഭവിക്കുന്ന സ്ത്രീ കഥാപാത്രമാണ് ഉമ്മാച്ചു. ദുരന്തങ്ങളെ തള്ളിനീക്കാൻ ശ്രമിക്കുന്ന മുസ്ലിം പെണ്ണിന്റെ കരുത്തുറ്റ ചിത്രമാണ് ഉമ്മാച്ചുവിനുള്ളത്. എന്നാലും അവൾക്കു തന്റെ കെട്ടുപാടുകളിൽ നിന്നും മോചിതയാവാൻ കഴിയുന്നില്ല. അതുപോലെ സമകാലിക മുസ്ലിംസാമൂഹ്യപശ്ചാത്തലത്തിൽ നിന്നുകൊണ്ടു രചന നടത്തിയ എഴുത്തുകാരിയാണു സഹീറ തങ്ങൾ. സഹീറ തങ്ങളുടെ *റാബിയ* എന്ന കൃതിയിലെ സ്ത്രീകഥാപാത്രങ്ങളും സംഘർഷം അനുഭവിക്കുന്നവരാണ്. നിസ്സഹായരായ സ്ത്രീകഥാപാത്രങ്ങളാണ് അവരുടെ രചനകളിൽ ഉള്ളത്. ലിംഗനീതിക്കുവേണ്ടിയുള്ള സ്ത്രീശബ്ദം ഇവരുടെ രചനകളിൽ കാണാം. കൂടാതെ ബഹുഭാര്യത്വം ഇന്നും സമൂഹത്തിൽ നിലനിന്നു പോരുന്നതായും അതു സ്ത്രീകളിൽ ഉണ്ടാക്കുന്ന ദുരിതങ്ങളും അവർ ചിത്രീകരിച്ചിരിക്കുന്നു. ബി. എം. സുഹറയുടെ രചനകളിലെ സ്ത്രീകഥാപാത്രങ്ങൾ മിക്കവരും സന്തോഷമുള്ള ജീവിതം നയിക്കുന്നവരല്ല. അവർ മറ്റുള്ളവരുടെ സന്തോഷത്തിനായി ജീവിക്കുകയാണു ചെയ്യുന്നത്. എന്നാൽ ചില കൃതികളിൽ

ബോധപൂർവം തന്നെ സ്ത്രീകൾ അവരുടെ സംഘർഷങ്ങളോടു പൊരുതി മുന്നേറാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ അവർക്ക് അതിനു കഴിയുന്നില്ല. *ഇരുട്ടിലെ* ആമിന, *മൊഴി*യിലെ ഫാത്തിമ, *ആകാശഭൂമികളുടെ താക്കോലിലെ* റംലത്ത്, *നിഴലിലെ* നദീറ, *കളിത്തത്തയിലെ* കുഞ്ഞലീമ, *നേർച്ചക്കോഴികളിലെ* സൈനബ, *വെറുതെഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു* എന്ന കഥയിലെ ഹസ്നബി എന്നീ കഥാപാത്രങ്ങൾ ഉറൂബിന്റെ ഉമ്മാച്ചുവിനെപ്പോലെ ചെറുത്തു നിൽപ്പുശേഷി പ്രകടിപ്പിക്കുന്നവരാണ്.

## 6.3 സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ

### 6.3.1 നോവലുകളിൽ

#### 6.3.1.1 കിനാവ്

##### 6.3.1.1.1കുഞ്ഞാമിന

*കിനാവിലെ* കുഞ്ഞാമിന-സൈതൂട്ടിഹാജിയുടെ രണ്ടാം ഭാര്യയാണ്. നോവലിലെ ഇതര സ്ത്രീകഥാപാത്രങ്ങളിൽനിന്നും വ്യത്യസ്തയാണു കുഞ്ഞാമിന. ഉള്ളൂർകരയുടെ കോടതിയായിരുന്നു പുത്തൻപുര. സൈതൂട്ടി യാണു ജഡ്ജി. പണമായിരുന്നു ഈ പ്രതാപത്തിന് ആധാരം. രണ്ടാം ഭാര്യാ യിരുന്ന കുഞ്ഞാമിനയായിരുന്നു അവിടത്തെ 'കാര്യക്കാരത്തി'. നാട്ടിലെ സ്ത്രീകളുടെ പ്രശ്നങ്ങളിൽ കഴിയും തരത്തിൽ ഇടപെടലുകൾ നടത്തുന്നു. അവർക്കുവേണ്ടതു ചെയ്തുകൊടുക്കുന്നു. ഒപ്പം വീട്ടിലെ എല്ലാ കാര്യങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും അവർതന്നെ. അകത്തള ത്തിൽ അവരുടെ ഭരണമായിരുന്നു. കുടുംബത്തിനകത്തു സ്വാതന്ത്ര്യത്തോടെ ഇടപെടാനും തന്റേതായ വ്യക്തിത്വം സ്ഥാപിച്ചെടുക്കാനും കുഞ്ഞാമിനയ്ക്കു സാധിക്കുന്നുണ്ട്.

#### 6.3.1.2 നിഴൽ

##### 6.3.1.2.1 റംലത്ത്

നിലാവിലെ റംലത്തെന്ന കഥാപാത്രം തന്റെ ചിന്താഗതിക്കനുസ രിച്ചുകുടുംബത്തിൽ ജീവിക്കാൻ ഇഷ്ടപ്പെടുന്നവളാണ്. തന്റെ അഭിപ്രായങ്ങൾ എവിടെയും തുറന്നുപറയാനുള്ള സ്വാതന്ത്ര്യം അവൾ കാണിക്കുന്നുണ്ട്. എന്നാൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തനങ്ങൾ അവ രിൽനിന്നും ഉണ്ടാവുന്നുമില്ല. തന്റെ ജീവിതം അതുതാൻ തന്റെ ഇഷ്ടപ്രകാര മാണു ജീവിക്കേണ്ടതെന്ന ആത്മവിശ്വാസമുള്ള സ്ത്രീയാണു റംലത്ത്.

#### 6.3.1.3 ആകാശഭൂമികളുടെ താക്കോൽ

##### 6.3.1.3.1 നൂർജഹാൻ

വളരെ ചെറുപ്പത്തിലെ ഹുസൈൻ ഹാജിയുടെ ഭാര്യയാവേണ്ടിവന്ന 'നൂറു' എന്നുവിളിക്കുന്ന നൂർജഹാൻ *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിലെ ശക്തയായ കഥാപാത്രമാണ്. നോവലിന്റെ തുടക്കത്തിൽ തന്റെ ജീവിതമോർത്തു സങ്കടപ്പെടുന്ന നൂറു പിന്നീടു ശക്തിയാർജ്ജിക്കുകയാണ്. സാമൂഹ്യപ്രവർത്തനങ്ങളിൽ സജീവമാകാൻ അവസരം ലഭിച്ച നൂറു വഴി പിഴച്ചുപോകുന്നവർക്കും വിവാഹ തട്ടിപ്പിന്നിരയായവർക്കും ആശ്രയം നൽകുന്നു. നൂറുവിന്റെ പ്രവർത്തനങ്ങൾ ഹാജിയാരിലും സമുദായത്തിലും ഭാവ പ്പകർച്ചയുണ്ടാക്കുന്നു. രാധേടത്തിയുടെയും കടപ്പുറത്തെ കോളനിയിലെ സാമൂഹ്യപ്രവർത്തകയായ സുലേഖയുടെയും വനിതാസംഘടനാപ്രവർത്തക സുലോചനയുടെയും പിൻബലത്തോടെ നൂറു പുതിയ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുന്നു. ഭർത്താവിന്റെ സുഹൃത്തിന്റെ രണ്ടാം വിവാഹം മുടക്കിയ പേരിൽ ഹാജിയുമായി തർക്കിക്കാനും പ്രതികരിക്കാനും നൂറുവിനു കഴിയുന്നുണ്ട്. രാധേടത്തിയുടെ ശരണാലയം വീട് വിട്ടുപോകുന്നവർക്ക് ആശ്ര യമാണെന്ന ചിന്ത ഹാജിയാർക്കെതിരെ പ്രതികരിക്കാൻ നൂറുവിനു ശക്തി

നൽകുന്നു. എന്നാൽ കോയസാഹിബ് എന്ന സുഹൃത്തിനെ കൊണ്ടു മഹിളസഭാ കെട്ടിടം അടിച്ചുതകർക്കാനും ലഹള ഉണ്ടാക്കാനും ഹാജിയാർ ശ്രമം നടത്തുന്നതും റംലത്ത് എന്ന മൂന്നാം ഭാര്യയെ അവരുടെ പോലും സമ്മതമോ അറിവോ കൂടാതെ മൊഴിചൊല്ലി എന്ന വിവരം ലഭിക്കുകയും ചെയ്യുന്നതോടെ നൂറു എന്ന കഥാപാത്രം കുടുംബത്തിനകത്തുനിന്നും സമൂഹത്തിലേക്ക് ഉറച്ച കാൽവെയ്പ്പോടെ ഇറങ്ങുന്നതായി കാണാം. നോവലിലെ ആദ്യത്തിൽ ഭർത്താവുമായി പിണങ്ങിപ്പോവുന്നതുപോലെയല്ല അവസാനത്തിലെ അവളുടെ ഇറങ്ങിപ്പോക്ക്. സ്വന്തം ഗൃഹത്തിലേക്കുമല്ല അവൾ ഇറങ്ങുന്നത്. ആകാശത്തിനും ഭൂമിക്കും തുല്യ അവകാശിയാണുതാൻ എന്ന തിരിച്ചറിവോടെ വീടുവിട്ടിറങ്ങുന്ന ഈ സ്ത്രീകഥാപാത്രം സമൂഹത്തി ന്റെയും സമുദായത്തിന്റെയും ആചാരങ്ങളെയും വിലക്കുകളെയും അതിലംഘിച്ചു വികസിതവും സ്വതന്ത്ര്യവുമായ ഒരു സ്ത്രീകർതൃത്വ മായി പരിണമിക്കുന്നതായി കാണാം.

#### 6.3.1.3.2 റുഖിയ്യ

ജോനക്കാപ്പറമ്പുതറവാട്ടുവീട്ടിലെ വേലക്കാരിയാണു റുഖിയ്യ. മുതലാളിയായ ഹുസൈൻഹാജി ഇഷ്ടാനുസരണം വിവാഹം കഴിക്കുന്നതി നോട് അവർക്ക് എതിർപ്പാണ്. ആ എതിർപ്പ് അവൾ തന്റെ ഒപ്പമുള്ള ജോലി ക്കാരോടു പങ്കുവെയ്ക്കുന്നുമുണ്ട്. തന്റെ ജീവിതാനുഭവം കൊണ്ടാണു റുഖിയയ്ക്ക് അത്തരത്തിൽ പ്രതികരിക്കാൻ കഴിയുന്നത്. 'ഇന്നെ നോക്കി മാപ്പള രണ്ടാമത് കെട്ടീന്നു കേട്ടപ്പം ഇരുപത്തിനാലാമത്തെ വയസ്സിൽ അക്കുടി വിട്ട് എറങ്ങീതാ ഞാൻ. കൊല്ലം പത്തിരുപതായി. ഒരാളേം എടങ്ങാറാക്കാണ്ടെ ഞാൻ കയിഞ്ഞുകൂടണില്ലേ? അതിനു കരളൊറപ്പുമേണം' റുഖിയ്യ (2008:31). ഒരു സ്ത്രീയുടെ ശക്തമായ പ്രതികരണമാണ് ഇത്.

#### 6.3.1.4 പ്രകാശത്തിനുമേൽ പ്രകാശം

##### 6.3.1.4.1 സാബിറ

വിവാഹത്തിനു മുമ്പ് തന്റെ ഇഷ്ടാനിഷ്ടങ്ങളെല്ലാം തുറന്നുപറഞ്ഞു വിവാഹജീവിതത്തിലേക്കു നല്ല സുഹൃത്തുക്കളായി ഭാര്യാഭർത്താക്കന്മാരായി പ്രവേശിപ്പിച്ചവരാണു ഹബീബ്-സാബിറയും. എന്നാൽ അമ്മായിയമ്മയുടെ ഇടപെടലുകൾ ഭാര്യാഭർത്താക്കന്മാർക്കിടയിൽ വിള്ളലുകൾ സൃഷ്ടിക്കുകയും അവർ വേർപിരിയുകയുമാണു ചെയ്യുന്നത്. ഉമ്മയുടെ നിർബന്ധത്തിനു വഴങ്ങി ഹബീബു മറ്റൊരു വിവാഹം കഴിച്ചുവെങ്കിലും സാബിറയ്ക്ക് അതിനു കഴിയുന്നില്ല. മാത്രമല്ല ഭർത്താവില്ലാതെയും ഒരു പെണ്ണിനു സമൂഹത്തിൽ ഒറ്റയ്ക്കു കഴിയാനാവുമെന്നു കാണിച്ചുകൊടുക്കാനുള്ള വാശിയോടെയുമാണു സാബിറ ജീവിക്കുന്നത്.

##### 6.3.1.4.2 റോഷീന

മിശ്രവിവാഹിതരായ ദമ്പതികളുടെ മകളാണു റോഷീന. പഠിച്ചതും വളർന്നതും വിദേശത്ത്. തന്റേതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നവൾ. പഠനത്തിലായാലും ജോലിയിലായാലും ജീവിതത്തിലായാലും വസ്ത്രധാരണരീതിയിലായാലും തന്റെ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിലായാലും തന്റേതായ തീരുമാനങ്ങളും അഭിപ്രായങ്ങളുമുള്ളവളാണുറോഷീന.

'ഞാൻ എന്റെ ജീവിതം വിധിക്ക് അടിയറവ് വെയ്ക്കാൻ ഒരുക്കമല്ല. കുടുംബത്തിനകത്തും പുറത്തും ഒരുപോലെ തിളങ്ങണം' (2012:181) എന്നാണു റോഷീനയുടെ കാഴ്ചപ്പാട്. തന്റെ ജീവിതത്തെക്കുറിച്ചു സ്വതന്ത്രവും വ്യക്തവുമായ കാഴ്ചപ്പാടുള്ളവളാണു റോഷീന എന്നു കാണാം.

### 6.3.2 ചെറുകഥകളിൽ

#### 6.3.2.1 കൂഹൂ.....കൂഹൂ

##### 6.3.2.1.1 കുഞ്ഞാമി

കഥയിലെ കുഞ്ഞാമി സ്വന്തം വ്യക്തിത്വം പ്രകടിപ്പിക്കാൻ ശ്രമിക്കുന്ന വളാണ്. മക്കളില്ലാത്ത സങ്കടം തീർക്കാൻ ഭാര്യയെ പൊതുപ്രവർത്തനത്തി നിറങ്ങാൻ അനുവദിക്കുന്ന കുഞ്ഞാമിയോട് അവളുടെ പ്രവർത്തനങ്ങളിലും രീതികളിലും മാറ്റങ്ങൾ കണ്ട അതൃമാൻ നീ ഇങ്ങനെയൊന്നും ആയിരുന്നി ല്ലെന്നു പറയുമ്പോൾ സ്ത്രീകളും അവരവരുടെ രീതികൾ മാറ്റേണ്ടകാലം ആയിരിക്കുന്നുവെന്നും സ്ത്രീകൾ സ്വയം മാറേണ്ടവരാണെന്നും അവർ മറുപടി പറയുകയാണ്. സമൂഹത്തിനകത്തു സ്വതന്ത്ര്യവ്യക്തിത്വമായി പരിണമി ക്കാൻ ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നവളാണു കുഞ്ഞാമി.

#### 6.3.2.2 അറബി പുതിയാപ്ല

##### 6.3.2.2.1 ബിച്ചായിശാത്ത

വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി അറബിയെ വിവാഹം കഴിക്കേ ണ്ടിവരികയും അതിലൂടെ ജീവിതം ദുരന്തത്തിലേക്കുവഴിമാറുകയും ചെയ്യുന്ന സാബിറ എന്ന പെൺകുട്ടിയുടെ കഥയാണ് *അറബിപുതിയാപ്ല.* എന്നാൽ കഥയിലെ ബിച്ചായിശാത്ത എന്ന കഥാപാത്രം ശക്തയാണ്. നിസ്സഹായയായ സാബിറയെ അവർ ആശ്വസിപ്പിക്കുന്നതു സ്വന്തം ജീവിതയാഥാർത്ഥ്യങ്ങൾ നിര ത്തിയാണ്.

'മോളെ, സാബിറ ഇയ്യ് ബിച്ചായിശാത്താനെ നോക്കുമൂന്നുമാപ്പി ളാർക്കുബാണു. മൂന്നും കരിമുരിക്കുപോലത്തെ ബാല്യക്കാരെയിനും. എന്നിട്ടോ ബിച്ചായിശാത്ത ഇപ്പളും ഒറ്റയ്ക്ക്. ഉളുപ്പില്ലാത്ത പഹയന്മാർ കിന്നാരം പറഞ്ഞും മുത്തിമണത്തും കാതിലത്തും കയ്ത്തിലത്തും കൊണ്ടേയിതിന്നു. പിന്നെ

ഓലിക്ക് ബിച്ചായിശാനെ മാണ്ട.' തടിക്ക് ആബദുള്ളതുകൊണ്ട് ഇപ്പളും നയിച്ചു കഴിയുന്നു (2012:194). സ്വന്തം ജീവിതത്തിലൂടെ കരുത്തു നേടി സ്വയം അധ്വാനിച്ചു ജീവിക്കുന്ന വ്യക്തിയാണു ബിച്ചായിശാത്ത.

### 6.3.3 അനുഭവക്കുറിപ്പുകളിൽ

#### 6.3.3.1 ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ

വിവാഹം കഴിക്കാതെ തന്റെ കുടുംബത്തിനു വേണ്ടി ജോലിചെയ്തു ജീവിക്കുന്ന മറിയടീച്ചർ എന്ന കഥാപാത്രം അനുഭവക്കുറിപ്പുകളിൽ കടന്നു വരുന്നുണ്ട് (2015:149). പെൺകുട്ടികൾ വിവാഹം കഴിക്കുകയും പ്രസവിക്കു കയും ചെയ്യേണ്ടവരാണ് എന്ന് എഴുത്തുകാരിയുടെ ഉമ്മ ഇടക്കിടയ്ക്ക് ഓർമ്മി പ്പിക്കുമ്പോൾ താനും മറിയടീച്ചറെപ്പോലെ ആയിത്തീരാൻ ഇഷ്ടപ്പെടുന്നു എന്നും പ്രതികരിക്കുന്നതായി കാണുന്നു (പു.149).

### 6.3.4 ലേഖനസമാഹാരത്തിൽ

#### 6.3.4.1 ആരോടു ചൊല്ലേണ്ടു നാം

##### 6.3.4.1.1 ഗൾഫ് രാജ്യങ്ങളിലെ എഴുത്തുകാരികൾ

യുണൈറ്റഡ് അറബ് എമിറേറ്റ്സിലെ (യു.എ.ഇ) എഴുത്തുകാരികളെക്കു റിച്ചും അവരുടെ വിദ്യാഭ്യാസത്തെക്കുറിച്ചും ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. എമിറേറ്റ്സ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനമാണു സ്ത്രീകളിൽ സ്വതന്ത്രചി ന്തയും മാറ്റങ്ങളും വരുത്തിയത് (2013:62). ഭരണരംഗത്തും ശാസ്ത്രസാങ്കേതിക രംഗത്തും മികവു തെളിയിക്കുന്ന സ്ത്രീകൾ അവിടെയുണ്ട്. ശക്തവും ദിശാ ബോധവുമുള്ള സ്ത്രീരചനകൾ ഗൾഫുനാടുകളിൽ ഉണ്ടാവുന്നുണ്ട്. അസ്മ എന്ന എഴുത്തുകാരിയെക്കുറിച്ചു പരാമർശിച്ചുകാണുന്നുണ്ട് ലേഖനത്തിൽ (പു.63,64). 'എമിറേറ്റ് റൈറ്റേഴ്സ് യൂണിയൻ' എന്ന എഴുത്തുകാരുടെ സംഘടന യെക്കുറിച്ചും പരാമർശമുണ്ട് (പു.64).

### 6.3.5 കേരളീയമുസ്ലിംജീവിതം പ്രമേയമാക്കിയുള്ള രചനകൾ പരിശോധി

ക്കുമ്പോൾ സ്വാതന്ത്ര്യംപ്രഖ്യാപിക്കുന്ന സ്ത്രീ കഥാപാത്രങ്ങൾ വളരെ കുറവാണ് ആദ്യകാല രചനകളിൽ. വൈക്കം മുഹമ്മദ് ബഷീറിന്റെ *ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു* എന്ന കൃതിയിലെ ആയിശ സ്വന്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ളവളാണ്. സ്വന്തം സമുദായ ത്തിനകത്തെ അനാചാരങ്ങളും അനീതികളും തെറ്റാണെന്നും കാലത്തി നനുസരിച്ചു മാറ്റം സംഭവിക്കണമെന്നും സ്ത്രീവിദ്യാഭ്യാസം നേടണമെന്നും അവർ ആഗ്രഹിക്കുന്നു. ആയിശ വിദ്യാസമ്പന്നയാണ്. അതുകൊണ്ടുതന്നെ അവളുടെ ചിന്തയിലും പ്രവൃത്തികളിലും മാറ്റങ്ങൾ കാണാം. ബി. എം. സുഹറ യുടെ സ്ത്രീകഥാപാത്രങ്ങളിൽ വളരെ കുറച്ചുപേർ മാത്രമാണു സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നത്. *കിനാവിലെ* കുഞ്ഞാമിന *നിഴലിലെ* റംലത്ത്, *ആകാശഭൂമികളുടെ താക്കോലിലെ* നൂർജഹാൻ, റുഖിയ്യ, *പ്രകാശത്തിനുമേൽ പ്രകാശത്തിലെ* സാബിറ, റോഷീന, *കുഹു... കുഹു...* എന്ന ചെറുകഥയിലെ കുഞ്ഞാമി, *അറബിപുതിയാപ്ലയിലെ* ബിച്ചായിശാത്ത എന്നിവർ ഉദാഹരണങ്ങളാണ്. ജീവിതസാഹചര്യങ്ങളും വിദ്യാഭ്യാസത്തിന്റെ കരുത്തുമാണ് ഇവരെ മാറ്റിയെടുക്കുന്നത്. നിലവിലെ സാഹചര്യങ്ങളോടും പ്രതിസന്ധികളോടും അടിയറവു പറയാത്തവരാണവർ. ഇസ്ലാമിക കാഴ്ചപ്പാടിൽ ജീവിതത്തെ ആവിഷ്കരിക്കാനാണു ബി. എം സുഹറയ്ക്കു ശേഷം വന്ന ഖദീജമുംതാസ് *ബർസ* എന്ന നോവലിലൂടെ ശ്രമിക്കുന്നത്. മുസ്ലിംസ്ത്രീകളുടെ വികാരവിചാരങ്ങൾ *ബർസ*യിലൂടെ അവതരിപ്പിച്ചിരിക്കുന്നു. മതത്തെ സമകാലികമാക്കാനും അവർ ശ്രമിക്കുന്നു. സ്ത്രീക്ക് ഇസ്ലാമിലുള്ള സ്ഥാനത്തെകുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. മുസ്ലിംസ്ത്രീയുടെ ജീവിതത്തെ രാഷ്ട്രീയവും സാമൂഹികവും ലിംഗപരവുമായ തലങ്ങളിൽ അന്വേഷണ വിധേയമാക്കുന്ന ഖദീജാമുംതാസിന്റെ മറ്റൊരു നോവലാണു *നീട്ടിയെഴുത്തുകൾ.* അതിലെ ശക്തമായ സ്ത്രീകഥാപാത്രമാണ് ആയിശു. സ്വന്തം വ്യക്തിത്വമുള്ളവൾ. സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നവളാണവൾ.

# 7. നിരീക്ഷണങ്ങളും നിഗമനങ്ങളും

ആറ് അദ്ധ്യായങ്ങളായി വിഭജിക്കപ്പെട്ട ഈ അന്വേഷണത്തിൽനിന്ന് ഉരുത്തിരിഞ്ഞ നിരീക്ഷണങ്ങളും നിഗമനങ്ങളുമാണ് ഏഴാം ഭാഗത്തു ക്രോഡീകരിച്ചിരിക്കുന്നത്.

**7.1** ബി. എം സുഹറയുടെ രചനകൾ പരിശോധിക്കുമ്പോൾ അഞ്ച് അടിസ്ഥാന തത്ത്വങ്ങളിലും ആറ് വിശ്വാസപ്രമാണങ്ങളിലും വിശ്വസിക്കുന്നവരാണു മുസ്ലിങ്ങൾ. കാലഘട്ടങ്ങളിലെ മാറ്റങ്ങൾ ഈ വിശ്വാസങ്ങളെ മാറ്റം വരുത്തിയിട്ടില്ല എന്നു പൊതുവേ പറയാമെങ്കിലും ആദ്യകാല രചനകളിൽ നിന്നും വിഭിന്നമായി *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലെത്തുമ്പോൾ സ്ത്രീകൾ നിസ്കരിക്കാനായി പള്ളിയിലേക്കു പോകുന്നതായി കാണുന്നു. വിശ്വാസപ്രമാണങ്ങളിൽ മാറ്റങ്ങൾ ഇല്ലെങ്കിലും മതപരമായ ആചാരാനുഷ്ഠാനങ്ങളുടെ കാര്യത്തിൽ കേരളീയമുസ്ലിം ജീവിതത്തിൽ ചില മാറ്റങ്ങൾ വന്നതായാണു കൃതികൾ സൂചന നൽകുന്നത്. മതാത്മകമായും വിശ്വാസപരമായും ജീവിക്കുമ്പോഴും ഇതര മതസ്ഥരോടും വിശ്വാസികളോടും കൃതികളോ കഥാപാത്രങ്ങളോ അസഹിഷ്ണുത പുലർത്തുന്നതായി കാണുന്നില്ല. അങ്ങനെ മതേതര ജീവിതത്തിന്റെ ഉദാഹരണങ്ങൾ കൂടിയായി കൃതികളിലെ പല ജീവിതങ്ങളും മാറുന്നുണ്ട്. പ്രത്യേകിച്ചു സ്ത്രീകഥാപാത്രങ്ങൾക്കിടയിലെ ബന്ധങ്ങൾ. *നിഴലിലെ* റാബിയ, *പ്രകാശത്തിനുമേൽ പ്രകാശത്തിലെ* സൈനബ, *പേറ്റിച്ചി* എന്ന ചെറുകഥയിലെ മാത, കുഞ്ഞിപ്പാത്തു എന്നിവ ചില ഉദാഹരണങ്ങളാണ്. മതവ്യത്യാസങ്ങൾക്കുപരിയായി മനുഷ്യജീവിതങ്ങൾ ഇടകലർന്നുവെന്നതിന്റെ സൂചനയാണിത്. അതുകൊണ്ടുതന്നെ ആചാരരീതികളിലും ആ

കൂടിക്കലരലുകൾ നടന്നുവെന്നാണു ബി. എം. സുഹറയുടെ രചനകൾ വ്യക്തമാക്കുന്നത്.

**7.2** മുസ്ലിങ്ങളുടെ വിശ്വാസപരമായ ആഘോഷങ്ങൾ പ്രധാനമായും രണ്ടെണ്ണമാണ്. ചെറിയപെരുന്നാളും ബലിപെരുന്നാളും. പെരുന്നാളുമായി ബന്ധപ്പെട്ട ആചാരങ്ങളിലും വിശ്വാസങ്ങളിലും മാറ്റങ്ങൾ ഇല്ല. എന്നാൽ കാലക്രമേണ ആഘോഷപരിപാടികളിൽ മാറ്റം വരുന്നതായി കാണുന്നു. പ്രധാനമായും വസ്ത്രധാരണത്തിലും ഭക്ഷണരീതിയിലും. അതുപോലെ ആദ്യകാലത്തു നിന്നും വിഭിന്നമായി കുട്ടികളും സ്ത്രീകളും ഈദ്ഗാഹുകളിൽ പോയി പെരുന്നാൾ നിസ്കാരം നിർവഹിക്കുന്നുണ്ട്. വിശ്വാസപരമായ ആഘോഷങ്ങൾ നിലനിൽക്കുമ്പോഴും അവയിൽ കാലത്തിനനുസരിച്ച ചില മാറ്റങ്ങൾ സംഭവിച്ചതായി കൃതികളിൽ നിന്നും വ്യക്തമാകുന്നുണ്ട്. വിശ്വാസപരമായ ആഘോഷമല്ലെങ്കിലും അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെ ജന്മദിനം വിശ്വാസികൾ ആഘോഷിക്കുന്നതായി കാണുന്നു. അഷ്ടമിരോഹിണി, ക്രിസ്തുമസ് എന്നീ ഇതര മതസ്ഥരുടെ ആഘോഷങ്ങൾ ഇങ്ങനെയൊരു ജന്മദിനാഘോഷത്തിന് അബോധപ്രേരണയായിരിക്കാം. ലോകത്താകമാനമുള്ള ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ജന്മദിനമായ ക്രിസ്തുമസ് ആഘോഷിക്കുന്നു. ഇന്ത്യയിലെ ഹിന്ദുമതവിഭാഗങ്ങൾ കൃഷ്ണന്റെ ജന്മദിനമായ അഷ്ടമിരോഹിണി ആഘോഷിക്കുന്നു. ബുദ്ധമത വിശ്വാസികൾ ബുദ്ധപൂർണിമ കൊണ്ടാടുന്നു.

മതപരമായ വിശ്വാസങ്ങൾക്കു പുറമെ മറ്റു വിശ്വാസങ്ങളും ആചാരങ്ങളും കേരളീയമുസ്ലിങ്ങൾക്കുള്ളതായി കാണാം. കണ്ണേറ്, ശകുനം, മാരണം ചെയ്യൽ, മന്ത്രിച്ച് ഊതൽ, ചരട് ഊതിക്കെട്ടുക, കരിനാക്കും നാവേറും തട്ടുമെന്നു വിശ്വസിക്കുക, ജിന്നു പോലുള്ള അദൃശ്യ ശക്തികളോടു സഹായങ്ങൾ അഭ്യർത്ഥിക്കുക തുടങ്ങിയവ അത്തരം ചില വിശ്വാസങ്ങളിൽ പെട്ടതാണ്. വ്യത്യസ്തങ്ങളായ നേർച്ചകൾ കൊണ്ടാടുന്നവരാണിവർ.

ജീവിതകാലത്ത് അമാനുഷികമായ കാര്യങ്ങൾ ചെയ്തവരുടെ പേരിൽ നേർച്ചകളും ആഘോഷങ്ങളും നടത്തുന്നുണ്ട്. മതത്തിനു പുറത്തുള്ള പല പ്രാദേശിക ജീവിതാചാരങ്ങളെയും ആഘോഷങ്ങളെയും കേരളീയമുസ്ലിങ്ങൾ സ്വാംശീകരിച്ചു എന്നാണ് ഇതു വ്യക്തമാക്കുന്നത്. തദ്ദേശീയ സമുദായങ്ങളുമായി ഇടകലർന്നു ജീവിച്ചതിന്റെ തെളിവു കൂടിയായി ഇത്തരം കാര്യങ്ങളെ അടയാളപ്പെടുത്താം. ജനനം മുതൽ മരണം വരെ നിരവധി ചടങ്ങുകളും ആചാരങ്ങളും ഇവർ കൊണ്ടാടുന്നുണ്ട്.

**7.3** ബി. എം. സുഹറയുടെ നോവലുകളിൽ ആർത്തവസമയങ്ങളിൽ സ്ത്രീകൾ വീട്ടിനുള്ളിൽ ഒതുങ്ങി കഴിയേണ്ടവരാണ് എന്ന സൂചനയുണ്ട്. *നിലാവ്* എന്ന നോവലിലെ നസീമ എന്ന കഥാപാത്രം പ്രായപൂർത്തിയാവുന്നതോടെ ഇരുട്ടുമുറിയിലേക്കു പ്രവേശിപ്പിക്കപ്പെടുകയാണ്. എന്നാൽ *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലെത്തുമ്പോൾ അതിനു മാറ്റം സംഭവിക്കുന്നു. സ്ത്രീകൾ വിദ്യാഭ്യാസത്തിനും ജോലിക്കുമായി യഥേഷ്ടം സമൂഹവുമായി ഇടപഴകുന്നുണ്ട്. കേരളീയസ്ത്രീജീവിതത്തിനു സംഭവിച്ച കാലപരമായ ഈ മാറ്റങ്ങൾ ഇവിടെ ജീവിച്ച മുസ്ലിംസ്ത്രീകളുടെ ജീവിതത്തിലുമുണ്ടായി എന്നാണു കൃതികളിലെ ഇത്തരം സൂചനകൾ വ്യക്തമാക്കുന്നത്.

**7.4** വൈവാഹിക ജീവിതത്തിനും അതിന്റെ ചടങ്ങുകൾക്കും ഏറെ പ്രാധാന്യം നൽകുന്നുണ്ടു മുസ്ലിങ്ങൾ. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ ആഘോഷപൂർവ്വം വിവാഹച്ചടങ്ങുകൾ നടത്തുന്നുണ്ട്. ആദ്യകാലരചനകൾ പരിശോധിക്കുമ്പോൾ വിവാഹിതരാവാൻ പോകുന്ന ആണിനും പെണ്ണിനും തമ്മിൽ കാണാൻ അവസരം ഉണ്ടായിരുന്നില്ല. അവിടെ മുതിർന്ന ആണുങ്ങളാണു കാര്യങ്ങൾ തീരുമാനിക്കുന്നത്. എന്നാൽ *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലെത്തുമ്പോൾ ആണിനും

പെണ്ണിനും തമ്മിൽ കാണാനും സംസാരിക്കാനും കഴിയുന്നുണ്ട്. റുക്സാനയും ശിഹാബും വിവാഹജീവിതത്തിലേക്കു കടക്കുന്നതു പരസ്പരം എല്ലാം തുറന്നു സംസാരിച്ചുകൊണ്ടാണ്. കാലഘട്ടത്തിന്റെ മാറ്റമാണ് ഇവിടെയും കാണാൻ കഴിയുന്നത്. കാലം മാറുന്നതിനനുസരിച്ചു സ്ത്രീകളുടെ ജീവിതത്തിലും മാറ്റം വന്നു. കൃതികളിലെ മുസ്ലിംസ്ത്രീകൾ പൊതുസമൂഹത്തിൽ നിന്ന് ഒരപരമായി മാറ്റിനിർത്തപ്പെടുകയുണ്ടായില്ല.

**7.5** സ്ത്രീധനസമ്പ്രദായത്തിന്റെ പ്രയാസങ്ങൾ മുസ്ലിംസ്ത്രീകളും അവരുടെ കുടുംബവും അനുഭവിച്ചിരുന്നു. സമ്പന്ന കുടുംബങ്ങൾക്ക് അതൊരു പ്രശ്നമായിരുന്നില്ല. പുരുഷൻ നല്ലൊരു സംഖ്യ സ്ത്രീധനം വാങ്ങും. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ പെൺമക്കളെ വിവാഹം കഴിപ്പിച്ചയക്കാൻ ഏറെ പ്രയാസപ്പെട്ടിരുന്നു. സ്ത്രീധന സമ്പ്രദായത്തിനെതിരായ അതിനിശിത വിമർശനമായി സുഹറയുടെ കൃതികൾ മാറുന്നുണ്ട്.

**7.6** ബഹുഭാര്യത്വവും ഇഷ്ടാനുസരണം മൊഴിചൊല്ലി ഭാര്യയെ ഒഴിവാക്കുന്ന രീതിയും കൃതികളിൽ കാണാം. നിസ്സാരപ്രശ്നങ്ങളുടെ പേരിൽ പുരുഷൻ ഭാര്യയെ ഉപേക്ഷിക്കുന്നു. പണത്തിനും സ്വർണത്തിനും വേണ്ടി മാത്രം പെൺകുട്ടികളെ വിവാഹം കഴിച്ചു ചതിച്ചുകളയുന്നു. സ്ത്രീകഥാപാത്രങ്ങൾ വലിയ ദുരിതമാണ് അനുഭവിക്കുന്നത്. ബി. എം. സുഹറയുടെ ആദ്യകാലരചന കളിൽ ഇത്തരം സംഭവങ്ങൾ വളരെ കൂടുതലാണ്. എന്നാൽ കാലഘട്ടത്തിന്റെ മാറ്റം സ്ത്രീജീവിതത്തിലും ചിന്തകളിലും മാറ്റം വരുത്തിയതായി ഹസ്നബി എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നതായി കാണാം. *വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു* എന്ന കഥയിലെ ഹസ്നബി സമൂഹത്തിലെ തിന്മകളെ കുറിച്ചു പറയുകയും പ്രതികരിക്കുകയും ചെയ്യുന്നു.

എന്തുതന്നെ സംഭവിച്ചാലും തനിക്കു പറയാനുള്ളതു പറയുമെന്നു ഹസ്നബി പറയുന്നുണ്ട് (2014:304).

ബഹുഭാര്യത്വത്തിന്റെ ദുരന്തം അനുഭവിക്കുന്ന ധാരാളം സ്ത്രീ കഥാപാത്രങ്ങൾ ബി. എം സുഹറയുടെ രചനകളിൽ ഉണ്ട്. വിവാഹം, വിവാഹമോചനം, ബഹുഭാര്യത്വം തുടങ്ങിയവയിലെല്ലാം തന്നെ മതത്തെ ഉപയോഗിച്ചു പുരുഷൻ തന്റെ അധികാരമുപയോഗിക്കുന്നു. എല്ലായിടങ്ങളിലും സ്ത്രീ നിശ്ശബ്ദയാണ്. എങ്കിലും ബഹുഭാര്യത്വത്തിനെതിരായ ഭാവുകത്വം സൃഷ്ടിക്കാൻ കൃതികൾക്കു സാധിച്ചിട്ടുണ്ട് എന്ന് ഈ പ്രബന്ധം അടിവരയിടുന്നു.

**7.7** ബി. എം. സുഹറയുടെ കൃതികളിൽ പൊതുവെ ഭക്ഷണപ്രിയരാണു മുസ്ലിങ്ങൾ എന്നു കാണാം. കഴിക്കുന്ന ഭക്ഷണത്തെ അടിസ്ഥാനമാക്കി സമ്പന്ന തറവാട്ടുകാരാണോ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണോ എന്നു മനസ്സിലാക്കാൻ കഴിയും. നോമ്പ്, വിവാഹം, മറ്റു വിശേഷങ്ങൾ അവസരങ്ങളിൽ പ്രത്യേകവിഭവങ്ങൾ ഒരുക്കുന്നുണ്ട്. സമ്പത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ചു വിഭവങ്ങളിലും മാറ്റം സംഭവിക്കും. എന്നാൽ അടുത്തകാലത്തായി എഴുതപ്പെട്ട രചനകൾ പരിശോധിക്കുമ്പോൾ ഫാസ്റ്റ് ഫുഡ് ഭക്ഷണ സമ്പ്രദായവും ബുഫേ സമ്പ്രദായവും വ്യാപിച്ചതായി അവതരിപ്പിച്ചിട്ടുണ്ട്. ഭക്ഷണ രീതിയിലും ഉപയോഗരീതിയിലുമെല്ലാം കാലം വരുത്തിയ മാറ്റങ്ങൾ കൃതികൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാം.

**7.8** വസ്ത്രധാരണ രീതിയിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഗൾഫ് സംസ്കാരത്തിന്റെ സ്വാധീന ഫലമായി പർദ്ദയുടെ ഉപയോഗം സ്ത്രീകൾക്കിടയിൽ വ്യാപകമായി. ചുരിദാർ, സാരി, നൈറ്റി തുടങ്ങിയവയും ഹിജാബും ധരിക്കാൻ തുടങ്ങി. തുണിയും കുപ്പായം തട്ടവും ധരിച്ചിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും പരിവർത്തനങ്ങൾ ഉണ്ടായി. വിശേഷാ

വസരങ്ങളിലെ പുരുഷന്മാരുടെ വസ്ത്രധാരണ രീതിയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. പുരുഷന്മാർ പാന്റ്, ഷർട്ട് എന്നിവ ധരിക്കാൻ തുടങ്ങി.

**7.9.** ബി. എം. സുഹറയുടെ ആദ്യകാല നോവലുകൾ പരിശോധിക്കുമ്പോൾ മാതാപിതാക്കളും മക്കളും തമ്മിലുള്ള തുറന്നുള്ള സംസാരങ്ങളും സ്നേഹപ്രകടനങ്ങളും കുറവാണ്. എന്നാൽ *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിൽ എത്തുമ്പോൾ ക്രമേണ മാതാപിതാക്കളും മക്കളും തമ്മിൽ സൗഹൃദപരമായ ഇടപെടലുകളാണു കാണാൻ കഴിയുന്നത്. മക്കളെ അവരുടെ ഇഷ്ടത്തിനനുസരിച്ചു ജീവിക്കാൻ അനുവദിക്കുന്നു. കാലം മാറി മക്കളെ അവരുടെ ഇഷ്ടാനുസരണം ജീവിക്കാൻ അനുവദിക്കണമെന്നാണു കഥാപാത്രങ്ങൾ ചിന്തിക്കുന്നത്. അതുപോലെ കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്കുള്ള മാറ്റവും പ്രതിപാദിച്ചു കാണുന്നുണ്ട്. ഫ്ളാറ്റുജീവിതസംസ്കാരവും കൂടുതലായി കടന്നുവരുന്നുണ്ട്.

**7.10.** വിവാഹമോചനം നേടി സ്വന്തംവീട്ടിൽ തിരിച്ചെത്തുന്ന *മൊഴിയിലെ* ഫാത്തിമയും ഭർത്താവുമായി പിണങ്ങിവീട്ടിൽ എത്തുന്ന *ഇരുട്ടിലെ* ആമിനക്കും *നിഴലിലെ* നദീറക്കും തറവാട്ടു മഹിമയ്ക്കു കളങ്കം സംഭവിക്കുമെന്ന നിലപാടുകൊണ്ടു വിഷമതകൾ നേരിട്ടതായി കാണാം. എന്നാൽ *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലെത്തുമ്പോൾ ഭർത്താവിൽ നിന്നു വേർപെട്ടു കഴിയുന്ന പെൺകുട്ടികൾ മാതാപിതാക്കളെ ആശ്രയിക്കാൻ ഇഷ്ടപ്പെടാതെ സ്വന്തമായി അധ്വാനിച്ചു ജീവിക്കാൻ താല്പര്യം കാണിക്കുന്നു. കുടുംബത്തെ ബുദ്ധിമുട്ടിക്കാൻ അവർ ആഗ്രഹിക്കുന്നില്ല. നോവലിലെ സാബിറ എന്ന കഥാപാത്രം ഉദാഹരണമാണ്. അവർ വിദ്യാസമ്പന്നയാണ്. വിദ്യാഭ്യാസം നേടിയതിലൂടെ സ്ത്രീകൾക്കു സ്വയം പര്യാപ്തത നേടാൻ സാധിച്ചു എന്നതാണ് ഈ മാറ്റത്തിനു കാരണം.

**7.11** ബി. എം സുഹറയുടെ കൃതികളിൽ സാഹോദര്യബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സമ്പത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്നവരായിരുന്നു *കിനാവിലെയും നിലാവിലെയും* കുടുംബങ്ങൾ. സമ്പത്തിന്റെ ഏറ്റക്കുറവുകൾക്കനുസരിച്ചു സഹോദരി സഹോദരന്മാർക്കിടയിലെ ബന്ധങ്ങൾക്കിടയിലും മാറ്റങ്ങൾ ഉള്ളതായി കാണാം. *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിലെ നൂർജഹാനും ജഹാംഗീറും തമ്മിലുള്ള ബന്ധത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നതു പണമാണ്.

**7.12.** സമൂഹത്തിലെന്നപോലെ വ്യത്യസ്തതരത്തിലുള്ള ഭാര്യഭർത്തൃ ബന്ധങ്ങൾ കൃതികളിൽ കാണാം. പൊരുത്തമുള്ള ബന്ധവും പൊരുത്തമില്ലാത്ത ബന്ധവും ഉണ്ട്. പൊരുത്തമില്ലാത്ത ബന്ധങ്ങളിൽ എല്ലാം തന്നെ പുരുഷന്മാരാണു പ്രശ്നക്കാരായിട്ടുള്ളത്. അവർക്കു ഭാര്യയെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. സ്ത്രീകൾ അവരുടെ ചൊൽപ്പടിക്കു നിൽക്കേണ്ടവരാണെന്നാണു ചിന്ത. ഭാര്യയെ കേൾക്കാനും മനസ്സിലാക്കാനും മുതിരുന്നില്ല. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാൻ മാത്രം ശ്രമിക്കുന്നു.

**7.13** *കിനാവ്, നിലാവ്, ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ* എന്നീ കൃതികൾ പരിശോധിക്കുമ്പോൾ ഭക്ഷണസാധനങ്ങൾ വറുതി കാലത്തേക്കായി സൂക്ഷിച്ചുവെക്കുന്ന രീതി ഉണ്ടായിരുന്നതായി കാണുന്നുണ്ട്. *കിനാവി*ലെ ബീപാത്തു ഹജ്ജുമ്മ, ഭക്ഷ്യവസ്തുക്കൾ ഉപ്പിലിട്ടും ഉണക്കിയും പാത്രങ്ങളി ലാക്കി പ്രത്യേക മുറിയിൽ സൂക്ഷിക്കുന്നു. എന്നാൽ *ആകാശഭൂമികളിലുടെ താക്കോൽ, പ്രകാശത്തിനുമേൽ പ്രകാശം* എന്നീ നോവലുകൾ പരിശോധിക്കു മ്പോൾ ഫാസ്റ്റ്ഫുഡ് ഭക്ഷണരീതിയോടാണു കൂടുതൽ താൽപ്പര്യം കാണിക്കു ന്നത്. കാലഘട്ടത്തിന്റെ മാറ്റം ഇവിടെ പ്രകടമായി കാണുന്നു.

**7.14.** കാലാനുസൃതമായ മാറ്റം മുസ്ലിങ്ങളുടെ ദൈനംദിന വസ്ത്രധാരണരീതി യിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കാച്ചിയും കുപ്പായവും തട്ടവും ധരിച്ചിരുന്ന

സ്ത്രീകഥാപാത്രങ്ങളാണ് *കിനാവ്, നിലാവ്* എന്നീ നോവലുകളിൽ കാണാനാവുക. അതുപോലെ ഒറ്റമുണ്ടു മാത്രം ധരിച്ചിരുന്ന പുരുഷന്മാരെയും. എന്നാൽ *ആകാശഭൂമികളുടെ താക്കോൽ, മൊഴി, ഇരുട്ട്, പ്രകാശത്തിനുമേൽ പ്രകാശം, കളിത്തത്ത, അറബി പുതിയാപ്ല, ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ* എന്നീ രചനകളിൽ പാവാടയും കുപ്പായവും സാരിയും ബ്ലൗസും ചുരിദാറും പാന്റും പർദ്ദയും ധരിക്കുന്ന സ്ത്രീകളെ കാണുന്നു. പുരുഷൻ ഷർട്ടും മുണ്ടും പാന്റും ധരിക്കുന്നതായും അവതരിപ്പിച്ചിട്ടുണ്ട്. കാലഘട്ടത്തിന്റെ മാറ്റം ദൈനംദിന വസ്ത്രധാരണരീതിയിലും മാറ്റം വരുത്തി. കാലദേശങ്ങളുമായി ഇടകലർന്നു സൗഹാർദപരമായി ജീവിക്കുന്ന മുസ്ലിംസമുദായത്തെയാണു കൃതികൾ അടയാളപ്പെടുത്തിയിട്ടുള്ളതെന്നു കാണാം.

**7.15.** വിശേഷാവസരങ്ങളിലെ വസ്ത്രധാരണ രീതിയിലും മാറ്റം വന്നിട്ടുണ്ട്. *ഇരുട്ടെ*ന്ന നോവലിൽ ഒന്നാം അധ്യായത്തിൽ മുനീറ എന്ന കഥാപാത്രത്തിന്റെ വിവാഹവുമായി ബന്ധപ്പെട്ട വേഷവിധാനങ്ങൾ വിവരിക്കുന്നുണ്ട്. മിന്നുന്ന കുപ്പായവും കസവുതട്ടവുമാണു മണവാട്ടിമാരുടെ വേഷം. എന്നാൽ *ആകാശ ഭൂമികളുടെ താക്കോൽ, പ്രകാശത്തിനുമേൽ പ്രകാശം* എന്നീ നോവലുകളിലെത്തുമ്പോൾ വിവാഹദിനത്തിൽ സാരി ധരിക്കുന്നുണ്ട്. കൂടാതെ *പ്രകാശത്തിനു മേൽ പ്രകാശ*ത്തിലെ റുക്സാന എന്ന കഥാപാത്രം വിവാഹദിനത്തിൽ ലാച്ചയാണ് ഉപയോഗിക്കുന്നത്. വിവാഹത്തിൽ പങ്കെടുക്കുന്ന സ്ത്രീകളും സാരിയും ലാച്ചയും ചുരിദാറും സിൽക്കിന്റെ സാരിയും ലഹങ്കയും ഉപയോഗിച്ചിരുന്നു. പുരുഷവേഷത്തിലും മാറ്റം വന്നിട്ടുണ്ട്. വലിയ മാറ്റമാണു വസ്ത്രധാരണ രീതിയിൽ മുസ്ലിങ്ങൾക്കിടയിൽ സംഭവിച്ചിട്ടുള്ളത്.

**7.16.** അമ്മായിയമ്മയും മരുമകളും തമ്മിലുള്ളബന്ധത്തിൽ സംഘർഷം കാണുന്നു. എന്നാൽ പരസ്പരസ്നേഹത്തോടെ സഹവസിക്കുന്ന അമ്മായിയമ്മയും മരുമക്കളുമുണ്ട്. *കിനാവ്, ഇരുട്ട്, നിഴൽ, ആകാശഭൂമികളുടെ*

*താക്കോൽ* എന്നീ കൃതികളിലെ അമ്മായിഅമ്മയും മരുമക്കളും തമ്മിൽ എപ്പോഴും സംഘർഷത്തിലാണ്. മകനെ തന്നിൽനിന്നും അകറ്റുന്നു എന്ന താണു കാരണം. മരുമകളുടെ വീട്ടിൽനിന്നും പണം തട്ടിയെടുക്കാനാണ് *ആകാശഭൂമികളുടെ താക്കോലി*ലെ സാജിദയുടെ അമ്മായിയമ്മ ശ്രമിക്കുന്നത്. *നിഴലി*ലെ മുംതാസിനും അമ്മായിയമ്മയിൽനിന്നും വഴക്കുകേൾക്കേണ്ടി വരുന്നുണ്ട്. പണത്തിന്റെകാര്യം പറഞ്ഞുകൊണ്ടാണ് (2012:57,59). എന്നാൽ *കിനാവി*ലെ ബീപാത്തുഹജ്ജുമ്മ-നഫീസ, *മൊഴി*യിലെ ബുഷ്റ-ആയിശുമ്മ, *ഇരുട്ടി*ലെ മുനീറയും അമ്മായിയമ്മയും, *നിലാവി*ലെ നസീമയും അമ്മായിയമ്മ യും, *നിഴലി*ലെ റാബിയയും മരുമക്കളായ റംലത്ത്, നദീറ, *പ്രകാശത്തിനുമേൽ പ്രകാശത്തി*ലെ സൈനബയും മരുമക്കളായ സമീറയും റുബീനയും ഏറെ സ്നേഹത്തോടെയാണുകഴിയുന്നത്.

**7.17.** അമ്മായിയച്ഛൻ മരുമകൾ ബന്ധത്തിൽ പൊരുത്തമുള്ള ബന്ധം മാത്രമാണു കാണാൻ കഴിയുന്നത്. സംഘർഷഭരിതമായ ബന്ധങ്ങൾ ഒരു രചന കളിലും ഇല്ല. അമ്മായിയമ്മ മരുമകൻ ബന്ധത്തിലും കാര്യമായ സംഘർഷ ങ്ങൾ കാണുന്നില്ല. അമ്മായിയച്ഛൻ മരുമകൻബന്ധം സംഘർഷഭരിതമാ ണ്. പണത്തിന്റെ പേരിലാണവ. *കിനാവി*ലെ ആലിക്കുട്ടിയും സൈതൂട്ടിയും *ഇരുട്ടി* ലെ ഹസ്സനാജിയും കരീമും *നിഴലി*ലെ അസ്സനാർകുഞ്ഞും ഷഹീദും *ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകളി* ലെ മൊയ്തുഹാജിയും മമ്മദ് ഹാജിയും തമ്മിലെല്ലാം പണത്തിന്റെയും സമ്പത്തിന്റേയും പേരിലാണു കലഹിച്ചിരുന്നത്. എന്നാൽ മകൾക്കു സമാധാനം നൽകാത്തതിന്റെ പേരിലാണു *ഇരുട്ടി*ലെ ഹസ്സനും മരുമകനായ ജമാലും തമ്മിൽ സംഘർഷത്തിലാവുന്നത്.

**7.18.** നാത്തൂൻമാർ തമ്മിലുള്ള ബന്ധങ്ങൾ കൃതകളിൽ കാണാം. ആങ്ങളമാ രുടെ ഭാര്യയും സഹോദരിമാരും തമ്മിൽ സാഹോദര്യതലത്തിലും സംഘർഷ ത്തിലും ഉള്ള ബന്ധങ്ങൾ ഉണ്ട്. *മൊഴി* എന്ന നോവലിൽ ഫാത്തിമയും ബുഷ

റയും നാത്തൂന്മാരാണ്. മൊഴിചൊല്ലപ്പെട്ടുസ്വന്തം വീട്ടിലെത്തുന്ന ഫാത്തിമയെ സമാശ്വസിപ്പിക്കാൻ നാത്തൂനായ ബുഷറക്കു കഴിയുന്നുണ്ട്. അതുപോലെ *ആകാശഭൂമികളുടെ താക്കോലി*ലെ റംലത്തും സഹോദരന്റെ ഭാര്യയും പരസ്പരം സഹകരണത്തോടെയാണു വസിക്കുന്നത് (2008:181). *നിഴലി*ലെ റാബിയ എന്ന കഥാപാത്രത്തിനു കൈത്താങ്ങും ആശ്വാസവുമാവുന്നതു നാത്തൂനായ ലൈലയാണ് (2012:89,190). *ഇരുട്ടി*ലെ നാത്തൂൻ കഥാപാത്രങ്ങളായ മുനീറയും ജമീലയും വിദ്യാസമ്പന്നരാണ്. നല്ല കൂട്ടുകാരികളായാണ് അവർ കഴിയുന്നത്.

നാത്തൂന്മാർക്കിടയിലും സംഘർഷങ്ങൾ ഉണ്ട്. *ആകാശകഭൂമികളുടെ താക്കോലി*ലെ നൂർജഹാനും റസീനയും *നിഴലി*ലെ നദീറയും നാത്തൂനും *പ്രകാശത്തിനുമേൽ പ്രകാശ*ത്തിലെ കുൽസുവും നാത്തൂനും *നേർച്ചക്കാള*യിലെ ജമീലയും കുഞ്ഞിപ്പാത്തുവും തമ്മിൽ അത്ര രസത്തിലല്ല. ആങ്ങളമാർ സഹോദരിമാരെ പരിചരിക്കുന്നതിലൂടെ തങ്ങളുടെ സമ്പത്തുകുറയുമോ എന്നാണുനാത്തൂന്മാരെ ഭയപ്പെടുത്തുന്നതെന്നു കാണാം. സഹോദരിമാർ ഭർത്താവിനോടൊപ്പം കഴിയുമ്പോൾ നാത്തൂന്മാർക്കുപ്രശ്നമില്ല. *ആകാശഭൂമികളുടെ താക്കോലി*ലെ റസീനയും നൂർജഹാനും ഉദാഹരണമാണ്.

**7.19.** സ്ത്രീസാഹോദര്യത്തിന്റെ വ്യത്യസ്തതലങ്ങൾ ബി.എം. സുഹറയുടെ കൃതികളിൽ കാണാം. *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിലെ ഐഷയും നൂറുവും റംലത്തും ഹുസൈൻഹാജിയുടെ ഭാര്യമാരാണ്. നൂറു എന്ന കഥാപാത്രം സഹസ്ത്രീകളോടു കാണിക്കുന്നതു സാഹോദര്യ ബന്ധമാണ്. മറ്റു സത്രീകളെയും സ്ത്രീയായികണ്ട് അവരുടെ വേദനകൾ മനസ്സിലാക്കാൻ ശ്രമിക്കുന്നവളാണു നൂർജഹാൻ. ഭർത്താവിന്റെ മൂന്നാംഭാര്യയായ റംലത്തിനെ സഹായിക്കാൻ നൂർജഹാനുകഴിയുന്നുണ്ട്. നോവലിലെ ഇതര കഥാപാത്രങ്ങളായ സുലേഖ, സുലോചന, രാധ തുടങ്ങിയ സ്ത്രീകളും

സ്ത്രീകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കുംവേണ്ടി പ്രതിഫലം ആഗ്രഹിക്കാതെ പ്രവർത്തിക്കുന്നവരാണ്. *നിഴലി*ലെ റാബിയയും സ്ത്രീകളോട് അനുകമ്പയും സ്നേഹവും ഉള്ളവളാണ്. (2012:138,140). *പ്രകാശത്തിനുമേൽ പ്രകാശത്തി*ലെ സൈനബ എന്ന കഥാപാത്രം വ്യത്യസ്തയാണ്. കുടുംബത്തിനകത്തും സമൂഹത്തിലും അവർ ഒരുപോലെ പ്രവർത്തിക്കുന്നു. അയൽവാസിയായ ഇതരമതക്കാരി സീമയെയും കുടുംബത്തെയും സംരക്ഷിക്കുന്നു. കുടുംബബന്ധം പോലുമില്ലാതെ ഒറ്റയ്ക്കു താമസിക്കേണ്ടി വരുന്ന സാബിറയ്ക്കു കൈത്താങ്ങാവുന്നതും സൈനബ തന്നെ (2012:23,261). അതുപോലെ *പേറ്റിച്ചി* എന്ന കഥയിൽ തന്തയില്ലാത്ത കുട്ടിക്കുജന്മം നൽകേണ്ടിവരുന്ന കുഞ്ഞിപ്പാത്തുവിന് ആശ്രയമാവുന്നതു മാത എന്ന സ്ത്രീയാണ്. *ഹാജ്യാരുടെ ഭാര്യ* എന്ന കഥയിൽ ഹാജ്യാരുടെ ഭാര്യയുടെ സങ്കടങ്ങൾ തന്റേതുകൂടിയായിക്കണ്ടു വിഷമിക്കുന്ന സിസ്റ്ററെ കാണാം. പുരുഷന്മാരെ അപേക്ഷിച്ചു സാമൂഹികവും മാനസികവുമായി വികാസം പ്രാപിച്ചവരാണു കൃതികളിലെ അധികപങ്കു സ്ത്രീകഥാപാത്രങ്ങളും. അതുകൊണ്ടുതന്നെ അവർക്കിടയിൽ പരസ്പരം ഉൾക്കൊള്ളാവുന്ന സൗഹൃദങ്ങളും സാഹോദര്യമനോഭാവവും നിലനില്ക്കുന്നു.

**7.20.** ഭാഷ അധികാരത്തിന്റെ ഉപാധിയായി മാറുന്നതു കൃതികളിൽ വ്യക്തമാവുന്നുണ്ട്. പുരുഷൻ സ്ത്രീക്കുമേൽ ഭാഷയിലൂടെ അധികാരം പ്രയോഗിക്കുന്നുണ്ട്. പുരുഷൻ സ്ത്രീയോട് ആജ്ഞയും കല്പനയുമാണു പുറപ്പെടുവിക്കുന്നത്. സ്ത്രീക്ക് അഭിപ്രായസ്വാതന്ത്ര്യം പോലും നൽകുന്നില്ല. പുരുഷനുമാത്രമാണ് അധികാരം. ഉദാഹരണമായി *ആകാശഭൂമികളുടെ താക്കോലിൽ* ഭാര്യമാർക്ക് അവരുടെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം പോലും ഹുസൈൻ ഹാജി നൽകുന്നില്ല. പിടക്കോഴികളെ കൂവാൻ താൻ സമ്മതിക്കില്ലെന്നാണ് ആജ്ഞാസ്വരത്തിൽ അയാൾ തന്റെ ഭാര്യമാരോടു പറയുന്നത് (2011:59). അതുപോലെ ഏകപക്ഷീയമായ ആജ്ഞാസ്വരമാണു *മൊഴിയിലെ* ഷറഫിനും തന്റെ ഭാര്യയോട്. സ്വന്തം ഉപ്പയുടെ മരണത്തിൽ വിലപിച്ചിരിക്കുമ്പോഴും ഫത്തിമക്ക്

അയാളുടെ ഇഷ്ടത്തിനനുസരിച്ചു പ്രവർത്തിക്കേണ്ടി വരുന്നു. ആയുസ്സെത്തിയാൽ ആരായാലും മരിക്കും അതിനു നിമിത്തങ്ങൾ ഉണ്ടായേക്കാം. അതോർത്തുകരയാൻ തുടങ്ങിയാൽ അതിനേ നേരമുണ്ടാവുകയുള്ളൂ. എനിക്ക് കരച്ചിൽ ഇഷ്ടമില്ല. മതി. നല്ല വിശപ്പുണ്ട്. കുളിച്ച് അടുക്കളയിൽ കയറാൻ നോക്ക്' (പു.83) എന്ന് ആജ്ഞാസ്വരത്തിലാണ് അവർ പറയുന്നത്. തന്റെ അധികാരപരിധിയിൽ മാത്രം വരുന്നവളാണുഭാര്യ എന്നാണ് 'നിഴലെ'ന്ന നോവലിൽ കാണാൻ കഴിയുന്നത്. അത്തരം ഭാഷയാണുനോവലിൽ ഷാഹുൽ പ്രയോഗിക്കുന്നത് (2012:64). സ്ത്രീപുരുഷന്മാർക്കിടയിൽ ജനാധിപത്യപരമായ ഭാഷാരീതിയല്ല ഉള്ളത്. പുരുഷനാണ് അധികാരി. പുരുഷൻ സ്ത്രീക്കുമേൽ അധികാരഭാഷയാണ് ഉപയോഗിക്കുന്നത്. ആജ്ഞാസ്വരം മാത്രമാണുകാണാൻ കഴിയുന്നത്. പരസ്പര ബഹുമാനത്തോടും സ്നേഹത്തോടുമുള്ള സമീപനങ്ങൾ കുറവാണ്.

**7.21.** ലിംഗപദവിക്കുപുറമെ ധനപദവിയും ഭാഷയിൽ അധികാരം നിർണയിക്കുന്ന മറ്റൊരു ഘടകമായി മാറുന്നു. സമ്പന്നന്റെ വാക്കാണുസമൂഹത്തിലെ അവസാനവാക്ക്. സാമ്പത്തികാധികാരം ഭാഷയിലും മറ്റും പ്രകടമായി കാണുന്നു. *കിനാവി*ലെ സൈതൂട്ടിഹാജി, ഉള്ളൂർക്കരയിലെ കിരീടം വെക്കാത്ത രാജാവായിരുന്നു. പണമായിരുന്നു അതിനു കാരണം. പണത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ചുപെരുമാറ്റത്തിലും ഭാഷാപ്രയോഗത്തിലും സംബോധനരീതിയിലും മാറ്റമുണ്ട്. സാമ്പത്തികാധികാരം തൊഴിലാളി-മുതലാളി ബന്ധത്തിലും കടന്നുവരുന്നുണ്ട്. *കിനാവ്, ആകാശഭൂമികളുടെ താക്കോൽ* എന്നീ നോവലുകളിൽ മുതലാളിമാർ തൊഴിലാളികളോട് ആജ്ഞാപിക്കുകയാണു ചെയ്യുന്നത്. എന്നാൽ *മൊഴി, നിഴൽ, പാവം അതൃമാൻകുട്ടി* എന്നീ കൃതികളിലെ മുതലാളിമാർ സഹാനുഭൂതിയോടെ തൊഴിലാളികളോട് ഇടപെടുന്നുണ്ട്. സമ്പന്നകുടുംബത്തിലെ സ്ത്രീകളും തൊഴിലാളികളോട് അധികാരസ്വരത്തിൽ സംസാരിക്കുന്നുണ്ട്. *മൊഴി, ഇരുട്ട്, നിലാവ്, ആകാശഭൂമികളുടെ താക്കോൽ*

എന്നിവയിലെല്ലാം അത്തരം പ്രയോഗങ്ങളും സംസാരങ്ങളും കാണാം. എന്നാൽ മുതലാളിമാരായ സ്ത്രീകൾ അധികവും തങ്ങളുടെ ജോലിക്കാരോടു സ്നേഹപൂർവ്വം പെരുമാറുന്നവരാണ്. *കിനാവി*ലെ ബീപാത്തുഹജ്ജുമ്മ- മമ്മദ്, *മൊഴി*യിലെ ആയിശുമ്മ-പാത്തു, *ഇരുട്ടി*ലെ ആമിന-ആലി, ബീയ്യാത്തുട്ടി-ആമിന, കദീശുമ്മ തുടങ്ങിയവരെല്ലാം ആത്മബന്ധം ഉള്ളവരാണ്.

**7.22.** ബി.എം. സുഹറയുടെ കൃതികളിൽ ശൈലികൾ, പഴഞ്ചൊല്ലുകൾ, ഒപ്പനപ്പാട്ടുകൾ, താരാട്ടുപാട്ടുകൾ, മൗലൂദിന്റെ ഈരടികൾ എല്ലാം ഉൾപ്പെടുന്നുണ്ട്. *കിനാവ്, ഇരുട്ട്, മൊഴി* എന്നീ നോവലുകളിൽ ഉദാഹരണങ്ങളുണ്ട്. എന്നാൽ അതിനുശേഷം എഴുതപ്പെട്ടവയിൽ കുറവാണ്. സാമുദായികപദപ്രയോഗങ്ങൾ കൃതികളിൽ ഉണ്ട്. അതുപോലെ അറബിപദങ്ങളുടെ ഉപയോഗവുമുണ്ട്. അവ എല്ലാ രചനകളിലും കാണാൻ കഴിയുന്നുണ്ട്. അന്യം വന്നു പോകാൻ സാധ്യതയുള്ള സാമുദായിക പദപ്രയോഗങ്ങൾ ധാരാളമായി കൃതികളിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി ഹലാക്ക്, സിൽബന്തികൾ, ഉഹറിട, ബുലൂഖ് തുടങ്ങിയവ. കാലഹരണപ്പെട്ടു പോയേക്കാവുന്ന പല ശൈലികളും വാക്കുകളും കൃതികൾ സംരക്ഷിച്ചുപോന്നതുകൊണ്ടു ഭാഷാപരമായ ഉപരിപഠനത്തിന്റെ മികച്ച ദത്തങ്ങളായി പരിഗണിക്കപ്പെടാൻ അവയെ അർഹമാക്കുന്നു.

**7.23.** മുസ്ലിംസമുദായത്തിനുള്ളിൽ ചാർച്ചാപേരുകൾ പ്രത്യേകമായിട്ടുണ്ട്. കൃതികളിൽ അവ കാണുന്നുണ്ട്. ബന്ധങ്ങളെ സൂചിപ്പിക്കാൻ ചാർച്ചാപേരുകൾ ഉപയോഗിക്കുന്നു. പേരിനുപുറമെ ഓമനപ്പേരുകളും (വിളിപ്പേര്) ഉപയോഗിക്കുന്നുണ്ട്. മറ്റു നോവലുകളെ അപേക്ഷിച്ചു *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലെത്തുമ്പോൾ ചാർച്ചാപേരുകളിൽ ആംഗലേയപദങ്ങൾ കടന്നുവരുന്നതായി കാണുന്നുണ്ട്. വിദ്യാസമ്പന്നർക്കിടയിലാണ് ഇതു കൂടുതലായി കാണുന്നത്.

**7.24.** മാപ്പിളപ്പെണ്ണിന്റെ ജീവിതത്തെക്കുറിച്ചു മാപ്പിളപ്പെണ്ണുതന്നെ രചന നടത്തുമ്പോൾ മുസ്ലിംസ്ത്രീയുടെ ജീവിതത്തിന്റെ എല്ലാവശങ്ങളും അവതരിപ്പിക്കാൻകഴിയും. പുരുഷനും കുടുംബത്തിനും വിധേയപ്പെട്ടുജീവിക്കുന്ന സ്ത്രീകളുണ്ട്. സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീകളുമുണ്ട്. പുരുഷാധിപത്യത്തോടുപൊരുതാൻ ശ്രമിക്കുന്ന സ്ത്രീകളും ഉണ്ട്. പക്ഷെ പൊരുതി വിജയിക്കാൻ അവർക്കുകഴിയുന്നില്ല. പുരുഷനു കീഴ്പ്പെട്ടുജീവിക്കേണ്ടി വരികയാണ്. *കിനാവിലെ* ബീപാത്തുഹജ്ജുമ്മ, *നിലാവിലെ* നസീമ, *ആകാശഭൂമികളുടെ താക്കോലി*ലെ നൂറു, ഐഷ, റംലത്ത് എന്നിവർ ഉദാഹരണങ്ങളാണ്. സ്ത്രീകൾ സർവ്വംസഹയാവുന്നതുകൊണ്ടു മാത്രമാണു ചില കുടുംബബന്ധങ്ങൾ നിലനിൽക്കുന്നത്. *നിഴലെ*ന്ന നോവലിലെ റാബിയ, മുംതാസ്, നദീറ, *കിനാവി*ലെ ബീപാത്തുഹജ്ജുമ്മ, *ആകാശഭൂമികളുടെ താക്കോലി*ലെ ഐഷ, നൂറു എന്നിവരും *ഒരിക്കൽകൂടി, ഹാജ്യാരുടെ ഭാര്യ, സാക്ഷരത, ആകാശഭൂമികളുടെ താക്കോൽ* എന്നീ ചെറുകഥകളിലെ സ്ത്രീകഥാപാത്രങ്ങളെല്ലാം ഉദാഹരണങ്ങളാണ്. കുടുംബത്തിനകത്തു സ്ത്രീയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് അവളെ സഹനത്തിന്റെ പ്രതീകമായിക്കണ്ടു പുരുഷാധിപത്യതാൽപ്പര്യത്തെ സംരംക്ഷിച്ചു നിർത്തുന്നതാണു *കിനാവ്, നിലാവ്, നിഴൽ, ആകാശഭൂമികളുടെ താക്കോൽ* എന്നീ നോവലുകളിലും *കളിത്തത്ത, കെട്ട്യോൻ, നേർച്ചക്കോഴികൾ, പേറ്റിച്ചി, സാക്ഷരത, വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു* എന്നീ ചെറുകഥകളിലും കാണുന്നത്. നോവലിന്റെ തുടക്കത്തിൽ പുരുഷനു വിധേയപ്പെട്ടു സർവ്വംസഹയായി ജീവിക്കുന്നവളാണ് *ആകാശഭൂമികളുടെ താക്കോലി*ലെ നൂർജഹാൻ. എന്നാൽ ക്രമേണ അവൾ ശക്തി നേടുന്നുണ്ട്. സാമൂഹികപ്രവർത്തനവും അവളുടെ വിദ്യാഭ്യാസവുമാണ് അതിനവൾക്ക് ഉൾക്കരുത്തു നൽകുന്നത്. ജീവിതത്തിലെ എല്ലാ പ്രതിസന്ധികളെയും തരണംചെയ്യുന്ന സ്ത്രീകഥാപാത്രങ്ങളാണ് *ആകാശഭൂമികളുടെ താക്കോൽ* എന്ന നോവലിലെ നൂർജഹാനും *പ്രകാശത്തിനുമേൽ പ്രകാശ*'ത്തി

ലെ സാബിറ, റോഷീന എന്നിവർ. അവരെല്ലാം വിദ്യാസമ്പന്നരാണ്. *വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു* എന്ന കഥയിലെ ഹസ്നബിയെ പ്രതികരിക്കാൻ പ്രാപ്തയാക്കുന്നതും അവളുടെ വിദ്യാഭ്യാസമാണ്.

**7.25.** പുരുഷനാണു സ്ത്രീ വിദ്യാഭ്യാസംനേടണമോ വേണ്ടയോ എന്നുതീരുമാനിക്കേണ്ടത് എന്ന അവസ്ഥ ഉണ്ട്. *ആകാശഭൂമികളുടെ താക്കോലി*ലെ നൂർജഹാൻ പതിനെട്ടാമത്തെ വയസ്സിൽ വിവാഹിതയാവുകയാണ്. തുടർന്നു പഠിക്കാനാഗ്രഹിക്കുന്നുവെങ്കിലും ഭർത്താവിന്റെ സമ്മതം ഇല്ലാത്തതിനാൽ ആഗ്രഹം ഉപേക്ഷിക്കേണ്ടി വരുന്നു. *നിലാവി*ലെ നസീമ എന്ന കഥാപാത്രത്തിന്റെയും അവസ്ഥ അതുതന്നെയാണ്. ദാരിദ്ര്യത്തിനിടയിലും വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന ഒരു സ്ത്രീയുടെ കഥയാണു *സാക്ഷരത*. ഭർത്താവിന്റെ മർദ്ദനം ഭയന്നു തന്റെ സ്വപ്നം അവളുപേക്ഷിക്കുകയാണ്.

**7.26.** *മൊഴി* എന്ന നോവലിലെ ഫാത്തിമ എന്ന സ്ത്രീകഥാപാത്രം വ്യത്യസ്തയാണ്. കുടുംബത്തിൽ ഒതുങ്ങിജീവിക്കാൻ ആഗ്രഹിച്ചവളായിരുന്നു. വിദ്യാസമ്പന്ന ആയിരുന്നിട്ടും ഭർത്താവിനെ അനുസരിച്ചുജീവിക്കാനാഗ്രഹിച്ചു. എന്നാൽ വിവാഹത്തോടെ അവളുടെ ജീവിതസാഹചര്യം മാറി. പരിഷ്കാരിയും തന്റേടിയുമായി. ഭർത്താവിന്റെ ഇഷ്ടത്തിനനുസരിച്ചു പ്രവർത്തിച്ച അവൾ അയാളുടെ കൂട്ടുകാരനു വഴിപ്പെടേണ്ടി വരുന്നു. അതോടെ ഭർത്താവിനാലും മക്കളാലും അവഗണിക്കപ്പെട്ടു. മുസ്ലിംസ്ത്രീയുടെ മറ്റൊരു ദുസ്സഹമായ ചിത്രീകരണമാണു *മൊഴി*യിൽ കാണുന്നത്. അതുപോലെ ഭർത്താവിനൊതുങ്ങി ജീവിക്കാൻ ആഗ്രഹിച്ച ഐഷാത്ത (*ആകാശഭൂമികളുടെ താക്കോൽ*), ആമിന (*ഇരുട്ട്*) തുടങ്ങിയ സ്ത്രീകൾക്കും ജീവിതാനുഭവങ്ങൾ മറ്റൊന്നാവുകയാണ്. ഭർത്താവിന്റെ ദുർനടപ്പാണ് ആമിനയെ തന്റേടിയാക്കുന്നത് (*ഇരുട്ട്*). വ്യക്തിത്വവും സ്വപ്രത്യയശേഷിയുമുള്ള സ്ത്രീകഥാപാത്രങ്ങളാണു മിക്ക കൃതികളെയും മുമ്പോട്ടു നയിക്കുന്ന ചാലകശക്തിയെന്നു കാണാം.

**7.27.** പ്രണയബന്ധങ്ങളുടെ ചിത്രീകരണം ബി.എം. സുഹറയുടെ രചനകളിൽ ഇല്ല. ഭാര്യാഭർത്താക്കന്മാർക്കിടയിൽപോലും പ്രണയസല്ലാപങ്ങൾ കുറവാണ്. ദൈനംദിന കുടുംബജീവിതചുറ്റുപാടിൽ ജീവിക്കാനാഗ്രഹിക്കുന്നവരാണു പൊതുവെകഥാപാത്രങ്ങൾ. കടമയുടെ പേരിൽ മാത്രമായി സ്നേഹബന്ധങ്ങൾ മാറുന്നു. വിവാഹത്തിനുമുമ്പോ ശേഷമോ ഉള്ള പ്രണയബന്ധങ്ങൾക്കു രചനകളിൽ പ്രസക്തിയുള്ളതായി കാണുന്നില്ല.

**7.28.** സ്ത്രീയുടെ അനുഭവപരിസരങ്ങളിലൂടെയാണു മിക്ക കൃതികളും കടന്നു പോകുന്നത്. ജീവിതം അനുഭവിക്കുന്നതും പറയുന്നതും ചിന്തിക്കുന്നതും സ്ത്രീകഥാപാത്രങ്ങളാണ്. പ്രത്യക്ഷതലത്തിൽ അങ്ങനെയല്ലാത്ത കൃതികളിൽപോലും ധ്വന്യാത്മകവും ഭാവാത്മകവുമായ തലങ്ങളിൽ സ്ത്രീകളുടെ ചിന്തകളിലൂടെയും അനുഭവങ്ങളിലൂടെയുമാണു സംഭവങ്ങൾ കടന്നുപോകുന്നതെന്നു സൂക്ഷ്മപരിശോധനയിൽ കാണാം. സ്ത്രീധനം, ബഹുഭാര്യത്വം, മൊഴിചൊല്ലൽ ഗാർഹികപീഡനം എന്നിവ ചിത്രീകരിക്കപ്പെടുന്ന ഭാഗങ്ങൾ വിശകലനം ചെയ്യുന്നിടങ്ങളിൽ ഇതു വ്യക്തമാണ്. വാച്യമായി കുറ്റപ്പെടുത്തപ്പെടാത്ത പുരുഷന്മാരെപ്പോലും കൃതികൾ പ്രശ്നവത്കരിക്കുന്നത് അധികാരം ഉപയോഗിക്കുന്നിടത്താണ്. വ്യക്തിപരമായ പുരുഷവിരോധമല്ല കൃതികളിൽ കാണുന്നത്. കഥാപാത്രങ്ങളായ സ്ത്രീകൾ നിശ്ശബ്ദരായിരിക്കുന്ന സന്ദർഭങ്ങളിൽപ്പോലും ഏകപക്ഷീയമായ അധികാരപ്രയോഗങ്ങളിലൂടെ ആൺകോയ്മ അക്രമാസക്തവും ഹിംസാത്മകവും ആകുന്നിടത്തു കൃതികളുടെ ഭാവുകത്വം സ്ത്രീയനുകൂലനിലപാടു സ്വീകരിക്കുന്നതായി കാണാം. *ആകാശഭൂമികളുടെ താക്കോലി*ലെ നൂർജഹാൻ, റംലത്ത്, *നിഴലി*ലെ റാബിയ, മുംതാസ്, *കെട്ട്യോൻ* എന്ന ചെറുകഥയിലെ നബീസ, *വത്തക്ക*യിലെ നസീമ, *മൊഴി* എന്ന നോവലിലെ ഫാത്തിമ, *കിനാവി*ലെ സൈനബ, *ഇരുട്ടി*ലെ മുനീറ, ആമിന, *വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു* എന്ന ചെറു

കഥയിലെ അസ്നബീവി, *ഭ്രാന്തി*ലെ സ്ത്രീ കഥാപാത്രം, *പ്രകാശത്തിനുമേൽ പ്രകാശം* എന്ന നോവലിലെ സൈനബ, റോഷ്ന, സമീറ തുടങ്ങിയവരും ചില ഉദാഹരണങ്ങൾ മാത്രമാണ്. അതതു ഖണ്ഡങ്ങളിൽ അവ വിശദമായി വിശക ലനം ചെയ്തിട്ടുണ്ട്. മുദ്രാവാക്യങ്ങളുടെയും സ്ത്രീവാദസിദ്ധാന്ത അവതരണ ങ്ങളുടെയും കൃത്രിമമായ അന്തരീക്ഷം കൃതികളിലൊന്നും തന്നെ ഇല്ല. എന്നാൽ സ്ത്രീയുടെ നിശ്ശബ്ദതകൾകൊണ്ടുപോലും ആൺകോയ്മയെ ചോദ്യം ചെയ്യാൻ പല കൃതികൾക്കും സാധിച്ചിട്ടുണ്ട്. അതിനാൽ കൃത്യമായ സ്ത്രീരാഷ്ട്രീയം കൃതികൾക്ക് ഉന്നയിക്കാൻ കഴിയുന്നു. അതുകൊണ്ടുതന്നെ കൃതികളിലെ സ്ത്രീജീവിതചിത്രീകരണം കേരളത്തിലെ മുസ്ലിംസ്ത്രീകളുടെ ചരിത്രവും വർത്തമാനവും ആകുന്നു.

**7.29.** കേരളീയമുസ്ലിംജീവിതം പ്രമേയമാക്കിക്കൊണ്ട് എഴുതിയ കൃതികളിൽ ഭൂരിപക്ഷവും മുസ്ലിംകഥാപാത്രങ്ങൾ ആണുള്ളത്. ചുരുക്കം ചില നോവലുകളിലും ചെറുകഥയിലും കടന്നുവരുന്ന അമുസ്ലിംകഥാപാത്രങ്ങളെ ഈ സാമാന്യ പ്രവണതയുടെ അപവാദങ്ങളായെ കണക്കാക്കാൻ പറ്റൂ. ഈ ഒറ്റപ്പെട്ട അമുസ്ലിംജീവിതചിത്രീകരണം വ്യക്തമാക്കുന്നത് മുസ്ലിംജീവിതത്തെ തന്നെയാണു ബി. എം സുഹറയുടെ കൃതികൾ സാമാന്യമായി അടയാളപ്പെടുത്തുന്നത് എന്നാണ്.

**7.30.** ബി.എം സുഹറ എന്ന എഴുത്തുകാരിക്കു മുമ്പ് ഇതേ പ്രമേയം വെച്ചു രചനനടത്തിയ കൃതികൾ പരിശോധിക്കുമ്പോൾ അവയെല്ലാം തന്നെ പുരുഷന്റെ ചിന്താമണ്ഡലത്തിലൂടെയാണു കടന്നുപോയിട്ടുള്ളത്. എന്നാൽ ബി. എം സുഹറ സ്ത്രീകളെ മുഖ്യകഥാപാത്രം ആക്കികൊണ്ട് അവരുടെ ചിന്താമണ്ഡലത്തിലൂടെ കഥാവതരണം നടത്തുന്നു. സമൂഹത്തിലും സമുദായത്തിലും അവർ അനുഭവിക്കുന്ന അവസ്ഥകൾ ചിത്രീകരിക്കുന്നു. ഇതിന്റെ പിന്തുടർച്ചയിലാണു ബി. എം സുഹറക്കു ശേഷമുള്ള

എഴുത്തുകാരികളായ സഹിറാതങ്ങൾ, ഖദീജ മുംതാസ് എന്നിവർ സ്വന്തം രചനാരീതിയിലും പ്രമേയപരിചരണവും സ്ത്രീപുരുഷബന്ധ ചിത്രീകരണങ്ങളും നടത്തിയത് എന്നാണ് ഈ പ്രബന്ധത്തിന്റെ നിലപാട്. അതു വിശദമായി മറ്റൊരു പഠനത്തിനു വിധേയമാക്കേണ്ടതാണ്.

ഹലീമാബീവിക്കു ശേഷം മുസ്ലിംസ്ത്രീകളുടെ യഥാർത്ഥജീവിത ചിത്രീകരണത്തിലൂടെയും കേരളീയപൊതുമണ്ഡലവുമായുള്ള കൂടിക്കലരലുകളിലൂടെയും മുസ്ലിംസമുദായത്തിന്റെ നവോത്ഥാനത്തിന്റെ ചരിത്രപരമായ അടയാളപ്പെടുത്തൽ കൂടിയാണു ബി. എം സുഹറയുടെ കൃതികൾ എന്ന് ഈ പ്രബന്ധം വിലയിരുത്തുന്നു.

## ഗ്രന്ഥസൂചി


അച്യുതൻ, എം. 1973 *ചെറുകഥ ഇന്നലെ ഇന്ന്*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം

_________. 1983 *നോവൽ പ്രശ്നങ്ങളും പഠനങ്ങളും*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം

അച്യുതൻ, എം. 1987 *വിമർശലോചനം*

കോഴിക്കോട്: മലയാളം പബ്ലിക്കേഷൻസ്.

_________. 1991 *പാശ്ചാത്യസാഹിത്യദർശനം.*

കോട്ടയം: സാഹിത്യസഹകരണസംഘം.

_________. 1991 *സുൽത്താൻ വീട്* (അവതാരിക)

കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

_________. 1994 *സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും*

തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി

അച്യുതവാര്യർ, എസ്. 2003 *കേരള സംസ്കാരം*

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അജയ്, പി. മങ്ങാട്ട്. 2004 (അവതാരിക) *സുൽത്താൻ വീടിന്റെ അറപ്പുരകൾ,* മുഹമ്മദ്

കോയ പി.എ. സുൽത്താൻ വീട്

കോട്ടയം: ഡി.സി.ബുക്സ്

അനിൽ കുമാർ, എ.വി. 2007 *സ്ത്രീകളുടെ കഥകളും, കഥകളിലെ സ്ത്രീകളും, ഇന്ദു ലേഖയുടെ അനുജത്തി*

കോഴിക്കോട് : മാതൃഭൂമി ബുക്സ്,

അപ്പൻ, കെ.പി. 1988 *മാറുന്ന മലയാള നോവൽ*

ആലപ്പുഴ: ഗൗതമ പബ്ലിക്കേഷൻ,

അബു, ഒ. 1970 *അറബിമലയാള സാഹിത്യചരിത്രം*

കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ.

അബ്ദുള്ള കെ.സി.,(?) *വേട്ടയാടപ്പെടുന്നവൻ*

പരിയാരം: വികേന്ദ്രീകരണം പബ്ലിക്കേഷൻസ്

അബ്ദുൽ അഅ്‌ലാ മൗദൂദി. 2017 *ഇസ്ലാമും ജാഹിലിയ്യതും*

കോഴിക്കോട് : ജമാഅത്തെ ഇസ്ലാമി കേരള പ്രസാധനം വിതരണം.

അബ്ദുള്ള അഞ്ചിലത്ത്. 2015 *മലബാറിലെ ഇസ്ലാമിന്റെ ആധുനിക പൂർവ്വ ചരിത്രം,*

കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം,

അബ്ദുൽ കരീം, കെ.കെ. (സമ്പാ.) 1981 മക്തി തങ്ങൾ,

*മക്തിതങ്ങൾ സമ്പൂർണ്ണകൃതികൾ*

കോഴിക്കോട്: വചനം ബുക്സ്.

അബ്ദുൾ ഗഫൂർ, പി. 2017 *ബഷീറിലെ സൂഫി*

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അബ്ദുറഹ്മാൻ, പി.കെ. 2015 *ഇസ്ലാമിക സ്ത്രീവാദം: പാഠവും പാരായണവും ഖുർ ആൻ ഒരു പെൺവായന, ആമിന വദൂദ്,*

കോഴിക്കോട് :വി.വ.ഹഫ്സഅദർ ബുക്സ്,

അബ്ദുറഹ്മാൻ, മൂന്നൂര്. 2019 *ഇസ്ലാമിക സമൂഹം ചരിത്രസംഗ്രഹം*

കോഴിക്കോട് : ഇസ്ലാമിക് പബ്ലിംങ്ങ് ഹൗസ്,

അബ്ദുൽകലാം ഫൈസി. 2006 *അൽവാഫി.അറബിമലയാളം നിഘണ്ടു*

തിരൂരങ്ങാടി, മലപ്പുറം : അശ്റഫി ബുക്ക്സെന്റർ.

അലി, കെ.കെ. 2004 *മൂന്ന് പരിഷ്കർത്താക്കൾ*

കോഴിക്കോട് : ഇസ്ലാമിക് പബ്ലിഷിംങ്ങ് ഹൗസ്.

അശ്റഫ്, കീഴുപറമ്പ്.(വിവ.) 2010 *സ്ത്രീ ഖുർആനിലും മുസ്ലിം ജീവിതത്തിലും*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംങ്ങ് ഹൗസ്.

അശോകൻ, കെ. 1989 *നോവൽ മലയാളത്തിൽ*

കോട്ടയം :സാഹിത്യ പ്രവർത്തക സഹകരണസംഘം.

അഷിത. 1998 *ഒരു സ്ത്രീയും പറയാത്തത്*

തിരുവനന്തപുരം : പ്രഭാത് ബുക്സ്.

അഷ്റഫ്, ഇ.എം. 1990 *ബഷീറിന്റെ ഐരാവതങ്ങൾ*

കോട്ടയം: കറന്റ് ബുക്സ്.

__________. 1994 *വൈക്കം മുഹമ്മദ് ബഷീർ*

കോട്ടയം: ഡി.സി. ബുക്സ്.

അസ്ഗർ അലി എഞ്ചിനീയർ. 2015 വിവ. യഹ്യ ശിബിലി, *ഇസ്ലാമിക ഫെമിനിസം,*

തൃശ്ശൂർ: ഒലീവ് പബ്ലിക്കേഷൻ.

അഹമ്മദ്, എ.പി. (?) *മുസ്ലിം നവോത്ഥാനം ചില കേരളീയ ചിത്രങ്ങൾ.*

എടപ്പാൾ: നൗൺബുക്സ്.

അൻസാരി, എം.ടി. 2008 *മലബാർ ദേശീയതയുടെ ഇടപാടുകൾ.*

കോട്ടയം: ഡി.സി. ബുക്സ്.

ആദർശ് സി, രാജേഷ് എം.ആർ. (എഡി.) 2020 *സൂത്രവാക്കുകൾ, കലാസൗ*
*ന്ദര്യശാസ്ത്രത്തിലേക്കൊരു പദകോശം*

തൃശൂർ: ഫ്രണ്ട്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്.

ആനന്ദ്, 1995 *ഗോവർദനന്റെ യാത്രകൾ*

കോട്ടയം: ഡി.സി.ബുക്സ്.

ആമിന വദൂദ്, വിവ. ഹഫ്സ. 2015 *ഖുർആൻ ഒരു പെൺ വായന*

കോഴിക്കോട്: അദർ ബുക്സ്,

ആഷർ, ഇ. റൊണാൽഡ്. 1989 *മലയാള ഭാഷാ സാഹിത്യ പഠനങ്ങൾ*

കോട്ടയം: ഡി.സി. ബുക്സ്

__________. 1999 *മലയാളത്തിന്റെ സർഗ്ഗ വിസ്മയം*

കോട്ടയം: ഡി.സി.ബുക്സ്.

ഇബ്രാഹീം ബേവിഞ്ച. 1996 *മുസ്ലിം സാമൂഹികജീവിതം മലയാളത്തിൽ*

കോഴിക്കോട് : യുവത ബുക്സ്

ഇബ്രാഹീം മൗലവി, ഇ.എൻ. 2014 *ഇമാം അബൂ ഹനീഫ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

ഇല്യാസ് മൗലവി. 2014 *ഇമാം മാലിക്*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്,

__________. *2019 മയ്യിത്ത് സംസ്കരണമുറകൾ,*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്,

ഉണ്ണി, കെ.പി. 2000 *ചരിത്രത്തിൽ ഇടപെടുമ്പോൾ*

തൃശ്ശൂർ: കറന്റ് ബുക്സ്.

ഉമ്മുൽ ഫായിസ്, 2020 *ഇസ്ലാമികഫെമിനിസം,വൈവിധ്യം, സങ്കീർണ്ണത, ഭാവി*

കോഴിക്കോട്: അദർ ബുക്സ്.

ഉഷാകുമാരി, ജി. (എഡി.) 2018 *സ്ത്രീ ആത്മകഥകളെ മുൻനിർത്തിയുള്ള പഠനങ്ങൾ*

കണ്ണൂർ: കൈരളി ബുക്സ്.

ഉഷ നമ്പൂതിരിപ്പാട്. 1994 *സാമൂഹിക ഭാഷാവിജ്ഞാനം*

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഉള്ളൂർ, എസ്. പരമേശ്വരയ്യർ. 1957 *കേരളസാഹിത്യചരിത്രം* (വാല്യം 1)

തിരുവനന്തപുരം:

എരുമേലി പരമേശ്വരൻപിള്ള. 2003 *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ*

കോട്ടയം: കറന്റ് ബുക്സ്.

ഏലിയാമ്മ. 1995 *സ്ത്രീയും സമൂഹവും ഒരു ലിംഗപദവി കാഴ്ചപ്പാട്*

തിരുവനന്തപുരം: പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ.

ഏംഗൽസ്, ദാമോദരൻ പിള്ള, പി.എൻ. (വിവ.) 1975 *കുടുംബം സ്വകാര്യ സ്വത്ത് ഭര ണകൂടം എന്നിവയുടെ ഉത്ഭവം*

കോഴിക്കോട് : പ്രോഗ്രസ്സ് പബ്ലിക്കേഷൻ.

കബീർ, എം.കെ. 2019 *ഈ മൗ വാ*

തൃശൂർ: ജി മോട്ടിവേഷൻ

കരോൾ, എൽ. ആൻവി., റശീദുദ്ദീൻ, എ.(വിവ.) 2016 *ഇസ്ലാം എന്റെ ലോകത്തേക്ക്*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്.

കാരശ്ശേരി, എം.എൻ. (എഡി.) 1979 *പുലിക്കോട്ടിൽ കൃതികൾ. പുലിക്കോട്ടിൽ ഹൈദർ*

തൃശൂർ: കേരള സാഹിത്യ അക്കാദമി.

__________. 2006 *ആകാശവും ഭൂമിയും ഇല്ലാത്തവർ.പാഠാന്തരം*

തൃശൂർ: കറന്റ് ബുക്സ്.

__________. 2010 *ഉമ്മമാർക്ക് വേണ്ടി ഒരു സങ്കടഹരജി,*

കോട്ടയം: ഡി.സി.ബുക്സ്.

__________. 2015 *പദവിയുടെ പുറം പോക്കുകൾ, പിടക്കോഴി കൂവരുത്*

കോഴിക്കോട് : മാതൃഭൂമി ബുക്സ്

__________.*കേരളത്തിലെ മുസ്ലിം സ്ത്രീ ഒരു നൂറ്റാണ്ടിന്റെ ചരിത്രം*

കുറുപ്പ്, കെ.കെ.എൻ. 1995 *ആധുനിക കേരളം, ചരിത്ര ഗവേഷണ പ്രബന്ധങ്ങൾ*

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുറുപ്പ്, കെ.എൻ, പോക്കർ, വി.കെ (എഡി.). 2006 *മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ, അധിനിവേശ വിരുദ്ധ ചരിത്രത്തിലെ നിത്യസാന്നിദ്ധ്യം*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.

കുട്ടികൃഷ്ണൻ, പി.സി. 1967 *ഉറൂബിന്റെ തെരഞ്ഞെടുത്ത കഥകൾ*

തൃശൂർ: കറന്റ് ബുക്സ്.

__________. 1993 *സുന്ദരികളും സുന്ദരന്മാരും*

തൃശ്ശൂർ: കറന്റ് ബുക്സ്, .

__________. 1998 *മിണ്ടാപ്പെണ്ണ്*

തിരുവനന്തപുരം: പൂർണ പബ്ലിക്കേഷൻസ്

__________. 1999 *ഉമ്മാച്ചു*

കോട്ടയം: ഡി.സി ബുക്സ്.

__________. 2011 *ഉറൂബിന്റെ കൃതികൾ.* വാ. 2, രണ്ടാം പതിപ്പ്

കോട്ടയം: ഡി.സി ബുക്സ്.

കുട്ടികൃഷ്ണമാരാർ, 1980 *കല ജീവിതംതന്നെ*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

കുഞ്ഞിക്കണ്ണൻ, വാണിമേൽ. 2014 *മലയാള സാഹിത്യത്തിലെ 30 സ്ത്രീ കഥാപാത്ര ങ്ങൾ*

കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

കുഞ്ഞബ്ദുള്ള പുനത്തിൽ, 2000 *സ്മാരകശിലകൾ*

കോട്ടയം: ഡി.സി.ബുക്സ്.

കുഞ്ഞാമു, എം.വി. 2008 *മുസ്ലിം സ്ത്രീ ഇസ്ലാമിനെ വായിക്കുന്നു, ജീവിതത്തെയും ബർസ, ഖദീജ മുംതാസ്*

കോട്ടയം: ഡി.സി.ബുക്സ്.

കുഞ്ഞിരാമൻ, ടി.എച്ച്. (സമ്പാ.). 2007 *മാപ്പിള രാമായണം*

കോട്ടയം: ഡി.സി.ബുക്സ്.

കൃഷ്ണൻ, കെ.എസ്. 1988 *സി.വി.ചരിത്രാഖ്യായികകളിലൂടെ*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം

കൃഷ്ണൻപിള്ള, എൻ. 1992 *കൈരളിയുടെ കഥ*

കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം.

കെ.ഇ.എൻ. 2012 *കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും*

കോഴിക്കോട്: ലീഡ് ബുക്സ്.

കൊച്ചുത്രേസ്യാ തോമസ്. 2003 *സ്ത്രീശക്തിയുടെ മനഃശാസ്ത്രം*

കോട്ടയം: നാഷണൽ ബുക്സ്.

ഖദീജാ മുംതാസ്, 2004 *ആത്മതീർത്ഥങ്ങളിൽ മുങ്ങിനിവർന്ന്.*

തൃശൂർ: കറന്റ് ബുക്സ്.

__________. 2008 *ബർസ*

കോട്ടയം: ഡി.സി.ബുക്സ്.

__________. 2011 *ആതുരം*

കോട്ടയം: ഡി.സി.ബുക്സ്.

__________. 2016 *നീട്ടിയെഴുത്തുകൾ*

കോഴിക്കോട്: ഡി.സി. ബുക്സ്.

ഖാദർ, യു.എ. 2012 *യു.എ.ഖാദറിന്റെ തെരെഞ്ഞെടുത്ത കഥകൾ - വാ.1,2*

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻ.

ഖാദർ ഫൈസി, കെ.എ. 2014 *ഇമാം അഹ്മദുബ്നു ഹമ്പൽ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

ഗണേഷ്, കെ.എൻ. 1990 *കേരളത്തിന്റെ ഇന്നലെകൾ*

*തിരുവനന്തപുരം:* സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് കേരള സർക്കാർ.

__________. 2002 *മലയാളസാഹിത്യത്തിന്റെ സാംസ്കാരിക ഭൂമിശാസ്ത്രം, നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം, 1901-2000*

തൃശൂർ: കേരളസാഹിത്യ അക്കാദമി.

__________. 2018 *ആചാരം ജനാധിപത്യം ലിംഗനീതി*

തൃശ്ശൂർ: ഗയ പുത്തകച്ചാല

ഗിരീഷ്, പി.എം. 2001 *അധികാരവും ഭാഷയും*

കോഴിക്കോട്: പാപ്പിയോൺ

ഗീത, 1997 *കണ്ണാടികൾ ഉടയ്ക്കുന്നത് എന്തിന്*

തൃശ്ശൂർ: കറന്റ് ബുക്സ്.

__________. 1999 *ദേവദൂതികൾ മാഞ്ഞുപോവത്*

കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

__________. 2000 *സ്ത്രീവിമോചനമെന്നാൽ മനുഷ്യ വിമോചനം*

തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

__________. 2005 *സ്ത്രീവാദത്തിന്റെ കേരളപരിസരം*

തിരുവനന്തപുരം : മൈത്രി ബുക്സ്.

__________. 2006 *പ്രണയം ലൈംഗികത അധികാരം*

തൃശ്ശൂർ : കറന്റ് ബൂക്സ്.

__________. 2006 *ആര്യമാകിലുമനാര്യമാകിലും*

തിരുവനന്തപുരം: പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ്

__________. 2014 *എഴുത്തമ്മമാർ*

തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗുപ്തൻനായർ, എസ്. 1996 *സൃഷ്ടിയും സ്രഷ്ടാവും*

കോട്ടയം: ഡി.സി.ബുക്സ്.

__________. 2001 *ഗദ്യം പിന്നിട്ട വഴികൾ*

കോട്ടയം: ഡി.സി.ബുക്സ്.

ഗോപാലൻ, എ.കെ. 2002 *കേരളം ഇന്നലെ ഇന്ന്*

തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്.

ഗോപാലൻകുട്ടി, കെ. 2007 *മലബാർ പഠനങ്ങൾ*

തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലകൃഷ്ണൻ, പി.കെ. 1974 *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*

തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലകൃഷ്ണൻ, നടുവട്ടം 2002 *ഗവേഷണ രീതിശാസ്ത്രം*

തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോവിന്ദപിള്ള, പി. 2011 *സംസ്കാരവും നവോത്ഥാനവും* (വിവ. സത്യൻ പി.),

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

ഗംഗാധരൻ, എം. 2007 *മാപ്പിള പഠനങ്ങൾ*

കോട്ടയം: ഡി.സി.ബുക്സ്.

__________. 2012 *ഉണർവ്വിന്റെ ലഹരിയിലേക്ക്*

കോട്ടയം: ഡി.സി.ബുക്സ്.

__________. 2013 *മുസ്ലിം നവോത്ഥാനവും മക്തി തങ്ങളും, കേരളീയ മുസ്ലിം നവോത്ഥാനം*

കോഴിക്കോട്: മുസ്ലിം സർവ്വീസ് സൊസൈറ്റി.

ചന്തുമേനോൻ, 1989 *ഇന്ദുലേഖ*

കോട്ടയം: ഡി.സി.ബുക്സ്.

ചന്ദ്രിക, സി.എസ്. 2008 *ആർത്തവമുള്ള സ്ത്രീകൾ*

മാവേലിക്കര: ഫേബിയൻ ബുക്സ്

__________. 2016 *കേരളത്തിന്റെ സ്ത്രീ മുന്നേറ്റ ചരിത്രങ്ങൾ*

കോട്ടയം: ഡി.സി. ബുക്സ്.

ചെറുകാട്, 1996 *ചെറുകാടിന്റെ ചെറുകഥകൾ. രണ്ടാംപതിപ്പ്*

തൃശ്ശൂർ: കറന്റ് ബുക്സ്.

ജമാൽ, കൊച്ചങ്ങാടി. 1998 *മുസ്ലിം സാമൂഹിക ജീവിതം മലയാള നോവലിൽ*

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

__________. 2003 *കേരളസംസ്കാരത്തിന്റെ ആദാനപ്രദാനങ്ങൾ*

കോഴിക്കോട്: വചനം ബുക്സ്

ജമാൽ മുഹമ്മദ്, ടി. 2013 *സ്വദേശാഭിമാനി വക്കം മൗലവി*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്.

ജമീൽ അഹമ്മദ്, 2012 *ഫെമിനിസം ഇസ്ലാമിക ഫെമിനിസം*

കോഴിക്കോട് : ഇസ്ലാമിക് അക്കാദമിക് കോൺഫെറൻസ് പ്രബന്ധ സമാഹാരം വിദ്യാർത്ഥി ഭവനം (പുറം: 150).

ജയൻ, ജി. 1987 *സ്ത്രീവിമോചനത്തിന്റെ വീരകഥ:* മല്ലാദിസുബ്ബമ്മ (പരിഭാഷ),

ന്യൂഡൽഹി: ഇന്ത്യൻ എതിസ്റ്റ് പബ്ലിഷേഴ്സ്.

ജയകൃഷ്ണൻ, എൻ. 2000 *ഫെമിനിസം - പഠനസമാഹരണം*

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________. 2000 (എഡി.), *പെണ്ണെഴുത്ത്*

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജാൻസി, ജയിംസ്. (ചീഫ് എഡി.) 2000 *ഫെമിനിസം* - ഒരു സംഘം ലേഖകർ

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോർജ്, കെ.എം. 1994 *ഭാരതീയ സാഹിത്യസമീക്ഷ*

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________. 1998 (എഡി.), *ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ*

കോട്ടയം: ഡി.സി.ബുക്സ്.

ജോർജ് ഇരുമ്പയം. 1982 *ആദ്യകാല മലയാള നോവൽ*

തൃശൂർ: കറന്റ് ബുക്സ്.

__________. 1997 *മലയാള നോവൽ 19-ാം നൂറ്റാണ്ടിൽ*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

__________. 1998 *സി.വി. മുതൽ ബഷീർ വരെ*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

തരകൻ, കെ.എം. 1978 *മലയാള നോവൽ സാഹിത്യചരിത്രം*

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

__________. 1982 *ആധുനിക നോവൽ ദർശനം*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

__________. 1999 *ഉത്തരാധുനികതയും മറ്റും*

തൃശ്ശൂർ: *കറന്റ് ബുക്സ്.*

*തഹിർ മഹമൂദ്,* 1978 *മുസ്ലിം ലോകത്തിലെ കുടുംബ നിയമപരിഷ്കാരം*

തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

തോമസ് തുമ്പമൻ, 1983 *മലയാള നോവലിന്റെ വേരുകൾ*

കോട്ടയം: സാഹിത്യ പ്രവർത്തന സഹകരണസംഘം.

ദീപ, പി.എം. 2017 *ആത്മഛായ*

കേരളം: ഐ ബുക്സ്

ദേവിക, ജെ. 2010 (അവതാരിക) *എം.എൻ.കാരശ്ശേരി, ഉമ്മമാർക്കുവേണ്ടി ഒരു സങ്കട ഹരജി*

കോട്ടയം: ഡി.സി.ബുക്സ്.

നസീറ, എം.എസ്. 2020 *മക്കുവള്ളി*

പാലക്കാട്: ലോഗോസ് ബുക്സ്.

നമ്പൂതിരി, എൻ.എം. 2002 *കേരള സംസ്കാരം അകവും പുറവും*

കാലിക്കറ്റ് യൂണിവേഴ്സിറ്റി : സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

നമ്പൂതിരി, എൻ.എം, ശിവദാസ് പി.കെ. (എഡി.) 2018 *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ*

കോട്ടയം*:* ഡി.സി. ബുക്സ്

നമ്പൂതിരിപ്പാട്, ഇം.എം.എസ്. 1948 *കേരളം: മലയാളികളുടെ മാതൃഭൂമി*

തിരുവനന്തപുരം : ചിന്താ പബ്ലിക്കേഷൻസ്.

നാരായണൻ, എം.ജി.എസ്. 2000 *കേരള ചരിത്രത്തിന്റെ അടിസ്ഥാനശിലകൾ*

കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

നാസർ, മുതുകാട്. 2019 *പെണ്ണൊരുത്തി*

കോഴിക്കോട്: ഇങ്ക് ബുകസ്

പണിക്കർ, കെ.എൻ. *സംസ്കാരവും ദേശീയതയും,* (വിവ.) ഗോപികൃഷ്ണൻ പി.എൻ, മനോജ് കുമാർ പി.എസ്, തൃശ്ശൂർ: കറന്റ് ബുക്സ്.

പരമേശ്വരൻപിള്ള എരുമേലി. 1988 *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ*

തൃശ്ശൂർ: കറന്റ് ബുക്സ്,

__________. 1991 *സുൽത്താൻ വീട് (പ്രസാധക കുറിപ്പ്)*

തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

പരമേശ്വരൻ നായർ, പി.കെ. 1982 *സി.വി.രാമൻപിള്ള (ജീവചരിത്രം)*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

പവിത്രൻ, എ.വി. (എഡി.) 1988 *എം.ടിയുടെ ലോകങ്ങൾ*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

പവിത്രൻ, പി. 2000 *ആധുനികതയുടെ കുറ്റസമ്മതം*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

__________. 2014 *മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം*

എറണാകുളം : അനശ്വര ഓഫ്സൈറ്റ് പ്രിന്റേഴ്സ്, മലയാളം ഐക്യവേദി.

പോക്കർ, പി.കെ. 2004 *ആധുനികോത്തരതയുടെ കേരളീയ പരിസരം*

കോഴിക്കോട്: ലിപി പബ്ലിക്കേഷൻ.

പോൾ എം.പി. 1963 *നോവൽസാഹിത്യം*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

__________. 1984 *ചെറുകഥാപ്രസ്ഥാനം*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

പോൾ, മണലിൽ. 1988 *മലയാളത്തിന്റെ ബഷീർ*

കോട്ടയം: ഡി.സി.ബുക്സ്

__________. 1995 *മുൻപേ നടന്ന ബഷീർ*

തൃശ്ശൂർ: കറന്റ് ബുക്സ്.

പ്രശാന്ത് കുമാർ, എൻ. 1998 *സ്ത്രീരചനാദർശനം: ഒരു അവലോകനം*

കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

പ്രിയദർശൻ ലാൽ. 2007 (അവതാരിക) *മനോമണ്ഡലത്തിന്റെ അനന്യയ ദൃശ്യങ്ങൾ,*

ബി.എം.സുഹറ, കൂഹൂ..... കൂഹൂ......

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

ഫാത്തിമ മെർനിസ്സി. 2009 *ഇസ്ലാമും സ്ത്രീകളും* (വിവ.), കെ.എം. വേണുഗോപാലൻ

കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്.

ഫൗസിയ ഷംസ്. 2015 *മുസ്ലിം വനിതാ മാസികകൾ* (കേരള മുസ്ലിം ഹിസ്റ്ററി കോൺഫറൻസ്, പ്രബന്ധ സമാഹാരം)

കോഴിക്കോട്: ഇസ്ലാമിക് പബ്ലിക്കേഷൻ ഹൗസ്.

__________. 2020 *മുസ്ലിം സ്ത്രീ സംഭാഷണത്തിന്റെ അകവും പുറവും*

കോഴിക്കോട്: പെൻഡുലം ബുക്സ്.

ബാലകൃഷ്ണക്കുറുപ്പ്, കെ. 2000. *കോഴിക്കോടിന്റെ ചരിത്രം (മിത്തുകളും യാഥാർത്ഥ്യങ്ങളും)*

കോഴിക്കോട്: മാതൃഭൂമി പ്രിന്റിംങ് ആന്റ് പബ്ലിഷിംങ് കമ്പനി ലിമിറ്റഡ്.

ബാലചന്ദ്രൻ, ബി. 2013 *കേരളീയ വസ്ത്ര പാരമ്പര്യം*

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബിജീഷ് ബാലകൃഷ്ണൻ. 2014 *അവർ എന്നെ കൊന്നോട്ടെ വിദ്യാഭ്യാസം ഞങ്ങളുടെ അവകാശം*

*കോട്ടയം: ഡി.സി. ബുക്സ്*

ബഷീർ, എം.എം. 1985 *ബഷീറിന്റെ ലോകം*

കോട്ടയം: ഡി.സി.ബുക്സ്.

__________. 1996 *എം.ടി. കഥയും പൊരുളും*

തൃശ്ശൂർ: കറന്റ് ബുക്സ്.

__________. 2002 *മലയാള ചെറുകഥാ സാഹിത്യ ചരിത്രം*

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

__________. 2004 *ആദ്യകാല സ്ത്രീ കഥകൾ*

കോഴിക്കോട്: ലിപി പബ്ലിക്കേഷൻ.

__________. 2008 *മലയാള ചെറുകഥാ സാഹിത്യചരിത്രം. 1950–2007.*

തൃശൂർ : കേരള സാഹിത്യ അക്കാദമി.

ബഷീർ സലഫി പുളപ്പൊയിൽ. 2014 *കേരള മുസ്ലിം നവോത്ഥാനം ചരിത്രവും വർത്ത മാനവും*

കോഴിക്കോട്: അഹ്ലുസുന്ന ബുക്സ്.

ബഹാവുദ്ദീൻ, കെ.എം. 1995 *കേരള മുസ്ലിംകൾ പോരാട്ടത്തിന്റെ ചരിത്രം*

കോഴിക്കോട് : ഇസ്ലാമിക് പബ്ലിഷിംഗ്, ഹൗസ്.

ബാബു, കെ. ചെറിയാൻ. 2003 *മലയാളനോവൽ സാഹിത്യവിമർശനം*

കോട്ടയം: ബുക്ക് ഡൈജസ്റ്റ്.

ബാബു, ഭരദ്വാജ്. 2000 *പ്രവാസിയുടെ കുറിപ്പുകൾ, പ്രണയത്തിന്റെയും വിരഹത്തി ന്റെയും വാങ്മയചിത്രങ്ങൾ*

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

ബാലകൃഷ്ണൻ കൽപ്പറ്റ. 1986 *ചരിത്രനോവൽ മലയാളത്തിൽ*

തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

ബാലകൃഷ്ണൻ. പി.കെ. 2008 *ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും*

കോട്ടയം: ഡി.സി. ബുക്സ്.

__________. 2000 *ചന്തുമേനോൻ ഒരു പഠനം*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

ബാലകൃഷ്ണമേനോൻ, നെടിയംവീട്ടിൽ. 1986 *നോവൽ പഠനങ്ങൾ*, സമാ:വത്സ ലൻ പുതുശ്ശേരി

കോട്ടയം: ഡി.സി.ബുക്സ്.

ബാലകൃഷ്ണൻ, വള്ളിക്കുന്ന്. 2000 *മാപ്പിള സംസ്കാരത്തിന്റെ കാണാപ്പുറങ്ങൾ*

കോഴിക്കോട്: കാപ്പിറ്റൽ ഇന്റർനാഷണൽ പബ്ലിഷേഴ്സ്.

__________. 2008 *മാപ്പിള സാഹിത്യവും മുസ്ലിം നവോത്ഥാനവും,*

കോഴിക്കോട്: യുവത ബുക്സ്.

__________. 2012 *സ്ത്രീപക്ഷ വായനയുടെ മാപ്പിള പാഠങ്ങൾ*

കോഴിക്കോട്: വചനം ബുക്സ്.

ബിന്ദു തിരൂർക്കാട്. 2022 *വെള്ളിവെയിലിലെ പകലുച്ചകൾ*

കോഴിക്കോട്: പേരക്ക ബുക്സ്.

ബെഞ്ചമിൻ, ഡി. 2013 *നോവൽ സാഹിത്യ പഠനങ്ങൾ*

കോട്ടയം: കറന്റ് ബുക്സ്.

ഭാസ്കരൻനായർ, കെ. 1987 *കലയും കാലവും*

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

__________. 1989 *ദൈവനീതിക്ക് ദാക്ഷിണ്യമില്ല*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

മക്തിതങ്ങൾ. 2010 *മക്തിതങ്ങൾ സമ്പൂർണ്ണ കൃതികൾ* (സമ്പാ: കെ.കെ.അബ്ദുൽ കരീം)

കോഴിക്കോട്: യുവത ബുക്സ്.

മാത്യു മണർക്കാട്. 2011 *എഴുത്തിൽ ഇടപെടുമ്പോൾ ഒരു പത്രപ്രവർത്തകന്റെ ഓർമ്മചിത്രങ്ങൾ*

തൃശൂർ: കറന്റ് ബുകസ്.

മിനിപ്രസാദ്. 2012 *മലയാളത്തിന്റെ അനശ്വരകഥകൾ* (പഠനങ്ങൾ)

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

മീരാകുട്ടി, പി. 1998 *ബഷീർകാലത്തിന്റെ കനൽ*

തൃശൂർ:കറന്റ് ബുക്സ്.

മുഇൗനുദ്ദീൻ. 2012 *സ്ത്രീകളോട്*

കണ്ണൂർ: റിനയ്സൻസ് ബുക്സ്

മുജീബ് റഹ്മാൻ, കിനാലൂർ. 2010 *കേരള മുസ്ലിം നവോത്ഥാനം: പ്രത്യയശാസ്ത്രവും പ്രേരണകളും, മുസ്ലിം നവോത്ഥാനവും ആധുനികതയും*

കോഴിക്കോട്: യുവത ബുക്സ്.

__________. 2013 *സ്ത്രീ സുരക്ഷ സമാധാനത്തിലേക്കുള്ള സാധ്യതകൾ*

കോഴിക്കോട്: റിനയ്സൻസ് ബുക്സ്.

മുസ്തഫ കളത്തിൽ 2016 *ഒരു വിഷാദരോഗിയുടെ കുമ്പസാരം*

കോഴിക്കോട്: എമ്പയിർ ബുക്സ്.

മുഹമ്മദ്, എൻ.പി. 1993 *ദൈവത്തിന്റെ കണ്ണ്*

തൃശൂർ: കറന്റ് ബുക്സ്.

__________. 2002 *എൻ.പി. മുഹമ്മദിന്റെ കഥകൾ*

കോട്ടയം: ഡി.സി.ബുക്സ്.

__________. 2007 *ഇന്ത്യൻ മുസ്ലീങ്ങളും സെക്യുലറിസവും*

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

__________. 2007 *ഉൾവെളിച്ചം*

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

മുഹമ്മദ്, കാടേരി. 2017 *ഇമാം ശാഫി ഈ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്.

മുഹമ്മദ് കുഞ്ഞി, പി.കെ. 1982 *മുസ്ലീങ്ങളും കേരളസംസ്കാരവും*

തൃശൂർ: കേരള സാഹിത്യ അക്കാദമി.

മുഹമ്മദ് കോയ, പി.എ. 1991 *സുൽത്താൻ വീട്*

തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

മുഹമ്മദ് ബഷീർ, വൈക്കം. 1989 *പ്രത്യക്ഷവൽക്കരണം നോവലിൽ*

തൃശൂർ: കറന്റ് ബുകസ്.

__________. 1991 *നോവലിലേക്കൊരു കിളിവാതിൽ*

തൃശ്ശൂർ: കറന്റ് ബുക്സ്,

__________. 1994 *ബഷീർ സമ്പൂർണ്ണ കൃതികൾ.* (വാ.1)

കോട്ടയം: ഡി.സി. ബുക്സ്.

__________. 1994 *ഞാനെങ്ങനെ എഴുത്തുകാരനായി, നേരും നുണയും, ബഷീർ സമ്പൂർണ്ണ കൃതികൾ വാല്യം-2*

കോഴിക്കോട്: ഡി.സി.ബുക്സ്.

__________. 1994 *ന്റുപ്പൂപ്പാക്കൊരാനേണ്ടായിരുന്നു* ബഷീർ സമ്പൂർണ്ണ കൃതികൾ വാല്യം-2

കോട്ടയം: ഡി.സി.ബുക്സ്.

__________. 1994. *ബാല്യകാലസഖി*

കോട്ടയം: ഡി.സി. ബുക്സ്

__________. 2006 *പാത്തുമ്മായുടെ* ആട്

കോട്ടയം: ഡി.സി. ബുക്സ്.

മുഹമ്മദ് മൗലവി മാറാഞ്ചേരി, കെ.സി. 2008 *സ്ത്രീ സ്വാതന്ത്ര്യം ഇസ്ലാമിൽ*

കോഴിക്കോട്: കെ.എൻ.എം. പബ്ലിഷിംഗ് വിംഗ്.

മുഹമ്മദ് ഹമീദുല്ലാ. 2019 *ഇസ്ലാം ചരിത്രം സംസ്കാരം, നാഗരികത*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്.

മുഹമ്മദലി, വി.പി. 2007 *മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ* കോട്ടയം: കറന്റ് ബുക്സ്.

മുഹമ്മദ്, കെ.ടി, 2010 *കെ.ടിയുടെ നാലു നാടകങ്ങൾ*

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

മുഹമ്മദ്, ടി. 2006 *സിഹ്റ്*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

__________. 2009 *ഇസ്ലാമിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

__________. 2013 മാപ്പിള സമുദായം ചരിത്ര സംസ്കാരം

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

മുഹമ്മദലി, വി.പി. 2007 *മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ*

കോട്ടയം: കറന്റ് ബുക്സ്.

മൊയ്തു മൗലവി, കെ. 2001 *ഓർമ്മക്കുറിപ്പുകൾ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്.

മൊറെ ജെ.ബി.പി. 2021 *കേരളത്തിലെമുസ്ലീങ്ങൾ ആവിർഭാവവും ആദ്യകാല ചരിത്രവും* (വിവ: ഷിബു മുഹമ്മദ്)

കോഴിക്കോട്: ലീഡ് ബുക്സ്.

മൈന, ഉമൈബാൻ. 2012 *പെൺനോട്ടങ്ങൾ*

കോട്ടയം : ശ്രീ കണ്ഠമംഗലം പാപ്പിറസ് ബുക്സ്.

രമ മേനോൻ, 2011 *ഞാൻ നുജൂദ് വയസ്സ് 10 വിവാഹമോചിത*

കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്

രമേഷ്, കെ.പി. 1998 *ആധുനികാനന്തര മലയാളനോവൽ*

തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

രവിവർമ്മ, കെ.ടി. 2004 *മരുമക്കത്തായം 1, ഗോത്രമരുമക്കത്തായവും വടക്കൻ സമ്പ്രദായങ്ങളും*

തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

രവികുമാർ, കെ.എസ്. 2002 കഥയും ഭാവുകത്വപരിണാമവും

കോട്ടയം: കറന്റ് ബുക്സ്.

രവീന്ദ്രൻ, പി.പി. 1999 *ആധുനികാനന്തരം, വിചാരം, വായന*

തൃശ്ശൂർ: കറന്റ് ബുക്സ്.

__________. 2002 *സംസ്കാരപഠനം ഒരു ആമുഖം*

കോട്ടയം: ഡി.സി.ബുക്സ്.

രാഘവവാരിയർ, രാജൻ ഗുരുക്കൾ. 2002 *കേരളചരിത്രം ഭാഗം 2*

കോട്ടയം: നാഷണൽ ബുക്സ് സ്റ്റാൾ

രാജഗോപാലൻ, സി.ആർ. 2008 *നാട്ടുചരിത്രം നാട്ടറിവുകൾ, കൊണ്ടോട്ടിയുടെ നാട്ടുചരിത്രം*, (എം.സി.അബ്ദുൽ നാസർ)

കോട്ടയം: ഡി.സി. ബുക്സ്.

രാജശേഖരൻ, എസ്. 1994 *നോവലിന്റെ വിതാനങ്ങൾ*

കോട്ടയം: വിദ്യാർത്ഥിമിത്രം.

രാജശേഖരൻ, പി.കെ. 1992 *നോവൽബോധവും പ്രതിബോധവും*

കോട്ടയം: ഡി.സി.ബുക്സ്.

__________. 1999 *അന്ധനായ ദൈവം മലയാളനോവലിന്റെ 100 വർഷങ്ങൾ*

കോട്ടയം: ഡി.സി.ബുക്സ്

രാജ്മോഹൻ ഗാന്ധി., ഉമ്മർകുട്ടി, എ.എൻ.പി. (പരി.) 2010 *മുസ്ലിം മനസ്സിനെ കണ്ടെത്തൽ*

രാമകൃഷ്ണൻ എ.കെ., വേണുഗോപാലൻ, കെ.എം. 1989 *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം*, സമീപനം
പയ്യന്നൂർ : നയന ബുക്സ്.

രാമകൃഷ്ണൻ, ഇ.വി, 1997 *ദേശീയതകളും സാഹിത്യവും*
കോട്ടയം: ഡി.സി.ബുക്സ്.

__________. 1997 *വാക്കിലെ സമൂഹം*
കോട്ടയം: ഡി.സി.ബുക്സ്.

രാമൻപിള്ള, സി.വി. 1992 *മാർത്താണ്ഡവർമ്മ*
കോട്ടയം: ഡി.സി.ബുക്സ്.

രാമചന്ദ്രൻ, ടി.എം. 2007 (എഡി.) *മലയാളി നാൾവഴികൾ*
കോഴിക്കോട്: ഐ ബുക്സ്.

രാധാകൃഷ്ണൻ നായർ, ഡി. 2000 *ആഖ്യാനവിജ്ഞാനം*
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ലളിതാംബിക അന്തർജനം. 2009 *ലളിതാംബിക അന്തർജനത്തിന്റെ കഥകൾ സമ്പൂർണ്ണം*
കോട്ടയം: ഡി.സി.ബുക്സ്.

ലക്ഷ്മി, എൽ.ആർ.എസ്. (പരിഭാഷ) ഉമർകുട്ടി എ.എൻ.പി. 2013 *മലബാർ മുസ്ലീങ്ങൾ ഒരു വ്യത്യസ്ഥ കാഴ്ചപ്പാട്*
കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻ.

ലിസി മാത്യു, പി. 2012 *ഇവൾ പൂക്കും ഇലഞ്ഞിമരങ്ങൾ*
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ലീലാകുമാരി, എം. 2000 *സ്ത്രീ സങ്കൽപ്പം മലയാള നോവലിൽ*
കോട്ടയം: ഡി.സി.ബുക്സ്.

ലീലാവതി, എം. 2000 *ഫെമിനിസം ചരിത്രപരമായ അന്വേഷണം*
തിരുവനന്തപുരം: പ്രഭാത് ബുക്ക്ഹൗസ്.

__________. 2002 *സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള സ്ത്രീസ്വത്വാവിഷ്കാരം മലയാള സാഹിത്യത്തിൽ, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, 1901-2000*

തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

__________. 2008 *ആകാശഭൂമികളുടെ താക്കോൽ* (അവതാരിക), ബി.എം.സുഹറ

കോട്ടയം: ഡി.സി.ബുക്സ്.

__________. 2008 *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ,*

തൃശൂർ: കേരള സാഹിത്യ അക്കാദമി.

ലൈല അബൂലുഗുദ്. 2018 *മുസ്ലിം സ്ത്രീക്ക് രക്ഷകരെ ആവശ്യമുണ്ടോ?* (വിവ. ബിജു രാജ് ആർ.കെ.)

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്

വസന്തൻ, എസ്.കെ. 2014 *കേരള സംസ്കാര ചരിത്ര നിഘണ്ടു-1*

തൃശൂർ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വള്ളത്തോൾ നാരായണമേനോൻ. 2003 *സാഹിത്യമഞ്ജരി*

കോട്ടയം: ഡി.സി. ബുക്സ്.

വാസുദേവൻപിള്ള, എ.എം. 1991 *നോവലും രാഷ്ട്രീയവും*

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

വാസുദേവൻ നായർ, എം.ടി. 1996 *എം.ടി.യുടെ തിരഞ്ഞെടുത്ത കഥകൾ*

തൃശ്ശൂർ: കറന്റ് ബുക്സ്.

വിജയൻ, എം.എൻ. 2003 *മരുഭൂമികൾ പൂക്കുമ്പോൾ*

കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

__________. (ജനറൽ എഡി.). 2008 *കഥയുടെ നൂറ്റാണ്ട്*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

വിജയൻ കുന്നിൽ. 2014 *ബഷീർ കഥകളുടെ സുൽത്താൻ*

തൃശൂർ: എച്ച്.ഡി. ബുക്സ്.

വിജയൻ കോടഞ്ചേരി. 2006 *മലയാളത്തിലെ ആദ്യകാല കഥകൾ*

കോഴിക്കോട്: ദ്രോണാചാര്യ പബ്ലിക്കേഷൻസ്.

വിജയലക്ഷ്മി, എം. 2014 *മലബാറിലെ ആദ്യകാല മുസ്ലിം സമൂഹം, മലബാർപൈതൃകവും പ്രതാപവും.*

കോഴിക്കോട് : മാതൃഭൂമി ബുക്സ്.

വെൻജീനിയ വൂൾഫ്. 2004 *എഴുത്തുകാരിയുടെ മുറി* (വിവ: മൂസക്കുട്ടി)

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വേലായുധൻ പണിക്കശ്ശേരി. 2001 *സഞ്ചാരികൾ കണ്ട കേരളം*

കോട്ടയം: കറന്റ് ബുക്സ്.

വേലായുധൻപിള്ള, പി.വി. 1990 (എഡി.), *ഇന്ദുലേഖാ പഠനങ്ങൾ*

തിരുവനന്തപുരം: പ്രഭാത് ബുക്സ്.

__________. 1991 (എഡി.), *സി.വി.യുടെ സാഹിത്യലോകം*

തിരുവനന്തപുരം: പ്രഭാത് ബുക്സ്.

__________. 1998 (എഡി.), *കേരളപഠനം 1: നവോത്ഥാനസംസ്കാരം കേരളത്തിൽ*

തിരുവനന്തപുരം: കേരള സർവ്വകലാശാല.

ശരചന്ദ്രൻ, കെ.പി. 1987 *നോവലുകളിലൂടെ*

കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

ശശിധരൻ, എൻ. 1994 *പെണ്ണെഴുത്ത്, പെൺവഴികൾ സ്ത്രീപക്ഷകവിതകൾ*

കാസർഗോഡ്: കലാക്ഷേത്രം.

ശാരദക്കുട്ടി, എസ്. 2007 *പെൺവിനിമയങ്ങൾ*

കോട്ടയം: ഡി.സി. ബുക്സ്.

ശാരദാമണി, കെ. 1999 *സ്ത്രീ സ്ത്രീവാദം സ്ത്രീവിമോചനം*

കോട്ടയം: ഡി.സി. ബുക്സ്.

__________. (എഡി.) സഞ്ജീവ്, *മലയാളിസ്ത്രീകളും പൊതു സ്വകാര്യ മണ്ഡലങ്ങളും, കഥ ഇതുവരെ, കേരള വികസന സംവാദങ്ങൾ*

കോട്ടയം: ഡി.സി. ബുക്സ്.

ശിവദാസ്, കെ.കെ. 2013 എഡി. *മലയാള ചെറുകഥയിലെ പെൺകാലങ്ങൾ, പെൺകഥയുടെ വർത്തമാനം*

മഞ്ചേരി: ശിഖ ഗ്രന്ഥവേദി.

ശ്രീകുമാർ, ടി.ടി. 2001 *ചരിത്രവും ആധുനികതയും - പഠനം*

കോട്ടയം: കറന്റ് ബുക്സ്.

ശ്രീജൻ, വി.സി. 2003 *നോവൽ വായനകൾ*

കോട്ടയം: ഡി.സി.ബുക്സ്.

ശ്രീദേവി, കെ.നായർ. 2002 *മലയാളത്തിന്റെ കഥാകാരികൾ*

കോട്ടയം: ഡി.സി.ബുക്സ്.

ശ്രീധരമേനോൻ, എ.1996 *കേരള സംസ്കാരം*

മദ്രാസ് : എസ്.വിശ്വനാഥൻ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.

ശൈഖ് മുഹമ്മദ് കാരക്കുന്ന്. 1986 *വൈവാഹിക ജീവിതം ഇസ്ലാം വീക്ഷണത്തിൽ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

__________. 2017 *ആത്മഹത്യ ഭൗതികത,* ഇസ്ലാം

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

__________. 2017 *ഖുർആനിലെ സ്ത്രീ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

ശൈഖ് സൈനുദ്ദീൻ മഖ്ദൂം. 1991 *തുഹ്ഫത്തുൽ മുജാഹിദ്ദീൻ* (വിവ: ഹംസ സി. 2-ാം പതിപ്പ്)

കോഴിക്കോട്: അൽഹുദാ ബുക്സ്റ്റാൾ.

ഷബിത. 2018 *മൊലപ്പാമ്പ്*

കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്കേഷൻ

ഷാജി ജേക്കബ്, 2003 *നോവൽ ചരിത്രത്തിന്റെ പാഠഭേദം*

തൃശ്ശൂർ: കറന്റ് ബുക്സ്

ഷാഹിന, കെ. റഫീക്ക്. 2017 *ലേഡീസ് കൂപ്പെ അഥവാ തീണ്ടാരിവണ്ടി*

കോഴിക്കോട്: മാതൃഭൂമി ബുക്സ്

ഷംഷാദ്, ഹുസൈൻ. 2009 *ന്യൂനപക്ഷത്തിനും ലിംഗ പദവിക്കുമിടയിൽ കേരള ത്തിലെ മുസ്ലിം സ്ത്രീകളെക്കുറിച്ചുള്ള പഠനം*

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________. 2015 *മുസ്ലിമും സ്ത്രീയും അല്ലാത്തവൾ*

കോഴിക്കോട്: റോസ്ചെറി ബുക്സ്.

ഷെമി. 2019 *മലപ്പുറത്തിന്റെ മരുമകൾ*

കോട്ടയം: ഡി.സി. ബുക്സ്.

സഅദ് സൻമി (എഡി). 2016 *അപകോളനീകരണ വായനയിലെ ഇസ്ലാമും മുസ്ലിംകളും*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

സച്ചിദാനന്ദൻ. 1990 *സ്ത്രീപഠനങ്ങൾ*

കോഴിക്കോട്: ബോധിവിമൻസ് ലൈബ്രറി

__________. 1993 *സൗന്ദര്യവും അധികാരവും*

കോഴിക്കോട്: മൾബറി ബുക്സ്

സയ്യിദ് സആദത്തുല്ലാ ഹുസൈനി. 2018 *മാറുന്ന ലോകവും ഇസ്ലാമിക ചിന്തയും*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

__________. 2019 *പുതിയ കാലത്തെ ഇസ്ലാമികപ്രസ്ഥാനം*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിങ്ങ് ഹൗസ്.

സയ്യിദ് ഹുസൈൻ നസ്റ്. 2009 *ഇസ്ലാം ചരിത്രവും നാഗരികതയും*

കോഴിക്കോട്: പൈതൃകം പബ്ലിക്കേഷൻ.

സലീം പി.ബി., ഹാഫിസ് മുഹമ്മദ് എൻ.പി., വസിഷ്ഠ് എം.സി. (എഡി.), 2011 *മല ബാർ പൈതൃകവും പ്രതാപവും*

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

സഹീറാ, തങ്ങൾ. 2007 റാബിയ, *ഞാനെന്ന ഒറ്റവര*

തൃശൂർ: കറന്റ് ബുക്സ്

__________. 2008 *റാബിയ*

തൃശൂർ: കറന്റ് ബുക്സ്

__________. 2008 *റാബിയ ഉയർത്തുന്ന കുറേ ചോദ്യങ്ങൾ*

തൃശൂർ: കറന്റ് ബുക്സ്

__________. 2013 *പ്രാചീനമായൊരു താക്കോൽ,*

കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്

__________. 2019 *വിശുദ്ധ സഖിമാർ*

കോട്ടയം : ഡി.സി. ബുക്സ്

സർ തോമസ്, ആർണാൾഡ്. 1985 കലിം (വിവ.)., *ഇസ്ലാം പ്രബോധനവും പ്രചാരവും*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

സാം, എൻ. 2014 *സമകാല മലയാളസാഹിത്യം*

കോട്ടയം: ഡി.സി.ബുക്സ്.

സാനു, എം.കെ.1994 *ബഷീർ വർത്തമാനത്തിന്റെ ഭാവി*

ആശയം ബുക്സ്.

സാറാ ജോസഫ്. 2004 (അവതാരിക) *അഗ്നിയും, കഥകളും,* സിതാര എസ്.

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

__________. 2010 *സാറാജോസഫിന്റെ സമ്പൂർണ്ണകഥകൾ 1998-2000,*

തൃശൂർ: കറന്റ് ബുക്സ്.

സിതാര, എസ്. 2000 *അഗ്നിയും കഥകളും*

കോഴിക്കോട്: മാതൃഭൂമി ബുക്സ്

സുജഭാരതി (എഡി.). 2019. *ആർത്തവത്തിന്റെ രാഷ്ട്രീയം*

എറണാകുളം: കബനി ബുക്സ്

സുധീഷ്. 2012 *നോവൽ വെളിച്ചങ്ങൾ*

കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

സുരേന്ദ്രൻ, കെ. 1968 *നോവൽ സ്വരൂപം*

കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

സുഹറ, ബി.എം. 1990 *കിനാവ്*

കോഴിക്കോട്: പി.കെ.ബ്രദേഴ്സ്.

__________. 1995 *ഇരുട്ട്*

കോട്ടയം: ഡി.സി.ബുക്സ്.

__________. 1999 *മൊഴി*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

__________. 2002 *മലയാളത്തിന്റെ കഥാകാരി* (അഭിമുഖം)

കോട്ടയം: ഡി.സി.ബുക്സ്.

__________. 2007 *കൂഹൂ..... കൂഹൂ.....*

കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻ.

__________. 2007 *നിലാവ്*

തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻ.

__________. 2009 *ഒരു നോവലിന്റെ അന്ത്യം*

തൃശൂർ: എച്ച്.സി.ബുക്സ്.

__________. 2010 *ഭ്രാന്ത്*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

__________. 2010 *ഞാൻ കഥാകാരിയായ കഥ, ഭ്രാന്ത്*, തിരുവനന്തപുരം: ചിന്താ പബ്ലി

ക്കേഷൻ.

__________. 2010 *ചോയിച്ചി, ഭ്രാന്ത്*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

__________. 2011 *ആകാശഭൂമികളുടെ താക്കോൽ*

കോഴിക്കോട്: മാതൃഭൂമി ബുക്സ്.

__________. 2012 *നിഴൽ*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

__________. 2012 പ്രകാശത്തിനുമേൽ പ്രകാശം

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

__________. 2013 *ആരോടു ചൊല്ലേണ്ടു നാം*

കോഴിക്കോട് : ലീഡ് ബുക്സ്.

__________. 2014 *സുഹറയുടെ കഥകൾ*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.

__________. 2015 *ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

സുഹ്റ വി.പി. 2020 *ജോറയുടെ കഥ  വി.പി. സുഹ്റയുടെ ആത്മകഥ*

കോഴിക്കോട്: നിസ പബ്ലിക്കേഷൻസ്

സേതു. 2008 *റാബിയ ഉയർത്തുന്ന കുറേ ചോദ്യങ്ങൾ, റാബിയ സഹീറ തങ്ങൾ,*

തൃശൂർ: കറന്റ് ബുക്സ്.

സെയ്തു മുഹമ്മദ്, പി.എ. 1951 കേരള മുസ്ലിം ചരിത്രം

കോഴിക്കോട്: അൽഹുദാ ബുക്സ്റ്റാൾ.

ഹംസ, സി. (?) *പരിഭാഷ, തുഹ്ഫത്തുൽ മുജാഹിദീൻശൈഖ് സൈനുദ്ദീൻ മഖ്ദൂം.പരിഭാഷയും വിശദീകരണവും,*

കോഴിക്കോട്: അൽഹുദാ ബുക്സ്റ്റാൾ

ഹരികുമാർ, എൻ.കെ. 2000 *സ്ത്രൈണതയുടെ നഗരവിശേഷം, കഥ ആധുനികത യ്ക്കുശേഷം*

തിരുവനന്തപുരം: പ്രഭാത് ബുക്സ്.

ഹരിദാസ്, വി.വി. 2009 *സാമൂതിരി കാലത്തെ കോഴിക്കോട്:കഥയും ചരിത്രവും*

തിരുവനന്തപുരം:  സൈൻ ബുക്സ്.

ഹാജിറ കെ.എം. 2017 *കാണാച്ചിറക്*

കോഴിക്കോട് : ലിവ ബുക്സ്.

ഹാരിഫ, ഹൈദർ. 2018 *ഉള്ളാഴങ്ങളിൽ കാത്തുവെച്ചത്*

കോഴിക്കോട്: പേരക്ക ബുക്സ്.

ഹാഫിസ് മുഹമ്മദ്, എൻ.പി. 2013 *കേരളത്തിലെ മുസ്ലിം സ്ത്രീകളുടെ വർത്തമാനം,*

കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്.

__________. 2021 *കേരളത്തിലെ മുസ്ലീങ്ങൾ ഒരു വിമർശനവായന*

കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്.

ഹുസൈൻ, കെ.ടി. 2008 *കേരള മുസ്ലിങ്ങൾ അധിനിവേശ വിരുദ്ധ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രം*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

__________. 2013 *കേരള മുസ്ലിം നവോത്ഥാനം: സാമൂഹിക രാഷ്ട്രീയമാനങ്ങൾ*

കോഴിക്കോട്: മുസ്ലിം സർവ്വീസ് സൊസൈറ്റി.

__________. 2017 *കേരളമുസ്ലിങ്ങൾ-അധിനിവേശനവിരുദ്ധ സമരത്തിലെ പണ്ഡിതസാന്നിധ്യം*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

ഹുസൈൻ, രണ്ടത്താണി. 2014 *മലബാറിലെ മുസ്ലിങ്ങളും ഇടതുപക്ഷവും*

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

__________. 2015*മാപ്പിള മലബാർ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ബ്യൂറോ

__________. 2017 *മുസ്ലിം ഇന്ത്യയുടെ ചരിത്രവായന*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ബ്യൂറോ

__________. 2018 *അിറയപ്പെടാത്ത ഇന്ത്യ*

കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ബ്യൂറോ

റീജ, വി. (എഡി.) 2018 *മലയാളഭാഷയിലെ പെൺ പ്രരൂപങ്ങൾ*

സൈകതം ബുക്സ്.

റൂബി, നിലമ്പൂർ. 2017 *പാതി പെയ്ത നിലാവ്*

പെരുമ്പാവൂർ: യെസ്പ്രസ് ബുക്സ്.

## ഗവേഷണ പ്രബന്ധങ്ങൾ

ജലാലുദ്ദീൻ കുഞ്ഞ്, എം. 1991 *വൈക്കം മുഹമ്മദ് ബഷീറിന്റെ ദർശനവും കലയും*

മലയാള കേരളപഠനവിഭാഗം : കാലിക്കറ്റ് സർവ്വകലാശാല.

മുംതാസ്, പി.കെ. 2018 *കേരളത്തിലെ മുസ്ലിം എഴുത്തുകാരികളുടെ പാരമ്പര്യവും പ്രതിനിധാനവും: ഒരു വിമർശനാത്മക സമീപനം*

മലയാള കേരളപഠനവിഭാഗം: കാലിക്കറ്റ് സർവ്വകലാശാല.

ഷഹന, വി.എ. 2019 *മുസ്ലിം സ്ത്രീ പ്രതിനിധാനങ്ങളും സ്വത്വസങ്കൽപ്പങ്ങളും മലയാള സിനിമയിൽ (തെരഞ്ഞെടുത്ത സിനിമകളെ ആസ്പദമാക്കി വിമർശനാത്മക അന്വേഷണം)*

മലയാള കേരളപഠനവിഭാഗം : കാലിക്കറ്റ് സർവ്വകലാശാല.

ഷംഷാദ് ഹുസൈൻ, കെ.ടി. 2005 *മലബാർ കലാപത്തിന്റെ വാമൊഴി പാരമ്പര്യം*

മലയാളവിഭാഗം : ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

റുദൈഫ റഹ്മാൻ, കെ. 2016 *നവീന മാധ്യമീകൃത വാങ്മയകാലത്തെ മുസ്ലിം ആവിഷ്കാരങ്ങൾ സൈദ്ധാന്തിക പര്യാലോചനകൾ*

മലയാള കേരളപഠനവിഭാഗം : കാലിക്കറ്റ് സർവ്വകലാശാല.

## English Reference

Balakrishnan, P.V, 1981, *Matrilineal System in Malabar,*

Cannanore: Sathyavani Prakasan.

Bequviour Desimone, 1972, *The Second sex.*Penguin: Harmonds Worth.

Bhabha, K. 1994, *Homi Ed. Nation and narration,*

Routledge London and New York.

Culler Jonathan, 1995, *Literary Theory*

Oxford University Press, New Delhi.

David Daiches, 1970, *The Novel & the modern World,*

The University of Chicago Press, Chicago & London.

Galit Minault, 1998, *Secluded Scholars: Womens Education and Muslim Social reform in colonial India*

Oxford University, New Delhi.

Goudie Andrew, S. (ed), 2002, *Encyclopedia of Global Change and Human Society*

Oxford University Press, Oxford.

Hallstuart, 2010, *Representation: Cultural Representation and signifying practices,* London: Sage.

Hussain Randathani, 2016 *Mappila Muslims A Study on Society and Anticolonial Struggles*

Other books, Kozhikode.

Juergensmieyer Mark, 1997, *Religious Nationalism Confronts the Secular State.*

Oxford University Press, New Delhi.

Kunjan Pillai, P.N, Elamkulam, 1970, *Studies in Kerala History*

National Book stall, Kottayam.

Minault Gali, 1998, *Selected Scholars Women's Education and Muslim Social Reform in Colonial India,* Oxford University Press, Delhi.

Panikkar, K.M. 1990, *A History of Kerala*

The Annamalai University, Annamalai Nagar.

Panikker, K.N, 2002, *Cultural ideology Hegemony Intellectual and Social consciousness in India,* Anthen press.

Paze David, 1982, *Prelude to Partition, The Indian Muslims and the Imperial system of control- 1920-1932*

Oxford University Press, New Delhi.

Shurmersmith, Pamela (ed.), 2000, *Doing Culture Geography,*

Sage Publication, London.

Sivadasan, S. 2015, *Vakkom Abdul Moulavi and the moulding of Muslim Modernity,*
Thiruvananthapuram, Kerala.

Ward and corner, 1995, *A descriptive memoir of Malabar*
Kerala Gazetteers, Thiruvananthapuram.

Wood Cock, George, 1967, *Kerala Portrait and the Malabar Coast*
Faber and Faber, London.

Wood Condrad, 1987, *The Moplab Rebelion and it's Genesis*
Peoples Publishing House, New Delhi.

Woolf Virginia, 1998, *Women and fiction Ed: Cameran Deborah,*
The feminist Critique of Language, A reader, Routledge, London and New York.

## ആനുകാലികങ്ങൾ

അഷ്ടമൂർത്തി: *ഒരെഴുത്തുകാരിയുടെ സ്വയം വിമർശനം*, സാഹിത്യലോകം, മാർച്ച്-ഏപ്രിൽ, പുസ്തകം: 26, ലക്കം 2.

ഉമ്മുൽ ഫായിസ: *ഇസ്ലാമിക സ്ത്രീവാദം, വായനയിലെ സംഘർഷങ്ങൾ*, പച്ചക്കുതിര പുസ്ത.12, ലക്കം 7 (ഫെബ്രുവരി 2016) പു: 47-53.

കാരശ്ശേരി എം.എൻ: *കേരളത്തിലെ മുസ്ലിംസ്ത്രീ ഒരു നൂറ്റാണ്ടിന്റെ ചരിത്രം,* സംഘടിത മാസിക, വ. 2, ല. 2 (നവംബർ 2011)

കാസിംബി, വി.എസ്: *നമ്മുടെ സ്ത്രീകൾ,* മിസ്ത്രസ്സ് മുസ്ലിം മിത്രം മാസിക, പുസ്ത:1, ലക്കം 7, (1927 പു:214).

ഖദീജ മുംതാസ്: *സപത്നിയായിരിക്കാൻ നിനക്കിനിയും കഴിയുമോ?* മാതൃഭൂമി ആഴ്ചപതിപ്പ്, ലക്കം 39 (നവംബർ 2008).

ഖദീജ മുംതാസ്: *വൈരുദ്ധ്യങ്ങളുടെ സ്ത്രീജന്മം*, സംഘടിത മാസിക (ഡിസംബർ 2010) പു:43,44.

ഖദീജ മുംതാസ്: *ഉമ്മയുടെ നീട്ടിയെഴുത്താണ് ഞാൻ*, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്ത: 88, ലക്കം 47 (30 ജനുവരി 2011) പു:22.

ഖദീജ മുംതാസ്: *സ്വർഗ്ഗത്തിലെ ചൂടും നരകത്തിലെ തണുപ്പും*, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്ത: 89, ലക്കം. 51 (26 ഫെബ്രുവരി 2012) പു: 46.

ഖദീജ മുംതാസ്: *അറബിപ്പെണ്ണുങ്ങൾ കഥ എഴുതുമ്പോൾ, പച്ചക്കുതിര* പുസ്ത: 10, ല. 9 (ഏപ്രിൽ 2014) പു: 54.

*ഞങ്ങളുടേതു കൂടിയായ ലോകം. സംഘടിത*, ഫെബ്രുവരി 2020, വാ. 18, ല. 5.

ചന്ദ്രിക സി.എസ്: *പെണ്ണെഴുത്ത് ഒരു സന്ധിയില്ലാസമരം,* മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം: 78, ലക്കം 20, (9 ജൂലൈ 2000).

ചന്ദ്രിക സി.എസ്: *കേരളത്തിലെ സ്ത്രീ ചരിത്രം,* സമകാലിക മലയാളം, കേരളം ഇരുപതാം നൂറ്റാണ്ട്, പ്രത്യേക പതിപ്പ്, ജനുവരി 7പു: 196-226.

തരകൻ കെ.എം : *മലയാളനോവൽ എഴുപതുകളിൽ*, ഭാഷാപോഷിണി, 1983.

ദേവിക. ജെ: *മറുവായനയിലെ മുസ്ലിംസ്ത്രീ,* മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്ത:13, (19 ഏപ്രിൽ 2010) പു:43-47.

പണിക്കർ എം.പി. *സി.വിയുടെ കഥാപാത്രങ്ങൾ*, ഭാഷാപോഷിണി. 1983.

പണിക്കർ കെ.എം.: *ഇന്ത്യൻ നവോത്ഥാനത്തിന് എന്തു സംഭവിച്ചു? പച്ചക്കുതിര*, ഏപ്രിൽ 2002.

പോക്കർ പി.കെ: *സ്ത്രീ മുഖാവരണം നീക്കുമ്പോൾ,* ദേശാഭിമാനി വാരിക, പുസ്ത:40, ലക്കം.16, (14 സെപ്തംബർ 2008) പു:12-17.

ബഷീർ എം.എം. *ജീവിതത്തിന്റെ പൊരുൾ തേടി,* മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 77, ലക്കം 9, 1999.

മിനിപ്രസാദ്: *പെൺമക്കളുടെ ദയിരങ്ങളും നെലവിളികളും,* സാഹിത്യലോകം, പുസ്തകം:25, ലക്കം4, (ജൂലൈ- ആഗസ്റ്റ്).

മുഹമ്മദ്. ടി. വേളം: ബർസ, *ഒരു ഇസ്ലാംപക്ഷവായന,* പ്രബോധനം വാരിക, (11 ഒക്ടോബർ 2008).

രവികുമാർ, കെ.എസ്. *വാമൊഴിയുടെ മുഴക്കങ്ങൾ,* മാതൃഭൂമി വാർഷികപ്പതിപ്പ്, 1995

രാധിക എം.ഡി: *സ്ത്രീ വാദസിദ്ധാന്തങ്ങൾക്കൊരാമുഖം,* ഭാഷാപോഷിണി, പുസ്തകം:22, ലക്കം 5 (ഒക്ടോബർ 1995).

രാമകൃഷ്ണൻ ദേശമംഗലം: *മലയാളത്തിലെ സാഹിത്യവ്യവഹാരരീതികൾ,* വിജ്ഞാനകൈരളി, വാല്യം 31, ലക്കം 8, (2000).

വക്കം മൗലവി, *നമ്മുടെ സ്ത്രീകൾ.* അൽ ഇസ്ലാം മാസിക, ഏപ്രിൽ. 1918, പു: 1, ല.1.

ഷംഷാദ് ഹുസൈൻ. *ഇസ്ലാമിക സ്ത്രീവാദം,* മലയാളം റിസർച്ച് ജേർണൽ, വാള്യം 5, ലക്കം.2 (മെയ് - ആഗസ്റ്റ് 2012).

ഷംഷാദ് ഹുസൈൻ. *പാട്ടുകെട്ടിയ മാപ്പിളപ്പെണ്ണുങ്ങൾ,* ഞായർ പ്രഭാതം, ലക്കം 62, (15 നവംബർ 2015).

ഷംഷാദ് ഹുസൈൻ. *അവരുടെ പിന്മടക്കം*, ഞായർ പ്രഭാതം, ലക്കം: 63, (22 നവംബർ 2015).

സജ്ന സക്കീർ ഹുസൈൻ: *മുസ്ലിംവനിതയുടെ മലയാളവർഷങ്ങൾ,* പച്ചക്കുതിര, (ജനുവരി 2015) പു: 45-47.

സീതിസാഹിബ് കെ.എം: *മുസ്ലിംങ്ങളുടെ ധനസംബന്ധമായ നില,* അൽ അമീൻ വിശേഷാൽ പതിപ്പ്, 1934.

സദ്റുദ്ദീൻ വാഴക്കാട്: *മലയാളക്കരയിലെ മുസ്ലിംവനിതാസംഘടനകൾ,* ആരാമം മാസിക, (ജൂലൈ 2015) പു:21.

സാറാജോസഫ്: *പെണ്ണെഴുത്തിനോടൊപ്പം,* മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം:79, ലക്കം 49 (27 ജനുവരി 2002).

സുഹറ വി.പി : *തീക്കാറ്റിൽ ഉലയാത്ത ജീവിതം,* സമകാലിക മലയാളം വാരിക, പുസ്ത:21, ലക്കം10 (24 ജൂലൈ 2017).

സഹീറ തങ്ങൾ: *വാക്കുകളെ എടുത്തോമനിക്കാൻ വെമ്പുന്ന മനസ്സുമായി,* അഭിമുഖം: എൻ.പി.ഷഹനാസ്, മഹിളാചന്ദ്രിക, പുസ്ത: 11, ലക്കം 2, (ഫെബ്രുവരി 2016) പു:38-44.

ഹലീമാബീവി എം: *അനുഭവങ്ങളിലേക്ക് ഒരെത്തിനോട്ടം,* അൽമനാർ, പുസ്ത:9, ലക്കം 6, (5 ഒക്ടോബർ 1959) പു:88.

ഹലീമാബീവി എം: സ്ത്രീയെക്കുറിച്ചുള്ള ചിന്ത, അൽ മനാർ, റബീഉൽ അവ്വൽ വിശേഷാൽ പ്രതി, (14 സെപ്തംബർ 1960).

ഹലീമാബീവി എം: *സ്ത്രീകളെ സമുദ്ധരിക്കാതെ സമുദായം പുരോഗമിക്കുകയില്ല,* അൻസാരി, പുസ്ത: 7, ലക്കം 11 (5 ജൂലൈ 1961).

ഹലീമാബീവി എം: *മുസ്ലിംസ്ത്രീയുടെ പുരോഗതിക്ക് ആവശ്യമായി ചില പദ്ധതികൾ,* അൻസാരി, പു:7, ലക്കം 12, (5 ഓഗസ്റ്റ് 1961).

ഹലീമാബീവി എം: *മുസ്ലിംസ്ത്രീകൾ സാമൂഹ്യരംഗത്ത്,* അൻസാരി നബിദിന വിശേഷാൽ പ്രതി, ലക്കം1, (15 സെപ്തംബർ 1961) പു:8.

ഹലീമാബീവി എം: *ആധുനികവനിത* (ജൂൺ 1970), പു:1, ലക്കം.1.

ഹലീമാബീവി എം: *ഒരു പത്രാധിപയുടെ ഓർമ്മകൾ,* അഭിമുഖം: ബഷീർ രണ്ടത്താണി, ചന്ദ്രിക ആഴ്ചപ്പതിപ്പ്, പു: 41, ലക്കം 46, (8 ജൂലൈ 1995).

ഹലീമാബീവി എം: *നവോത്ഥാനപഥത്തിൽ വനിതകൾ പൊരുതണം,* ശബാബ് വാരിക, പുസ്ത:28, ലക്കം 30–31, (11 മാർച്ച് 2005), പു:30:8, പു 31:6).

ഹലീമാബീവി എം: *ഒരു സ്വാഗതപ്രസംഗം,* സമ്പാ: ജെ. ദേവിക, മാധ്യമം ആഴ്ചപതിപ്പ്, പു:8, (18 മാർച്ച് 2005).

ചർച്ച : ഗീത, ചന്ദ്രിക, സാറാജോസഫ്, ഗ്രേസി, പ്രിയ എ.എസ്, *പെണ്ണെഴുത്തിന്റെ ലേബൽ കഴിയാറായോ?* ഭാഷാപോഷിണി, പുസ്തകം 22, ലക്കം 2 (ജൂലൈ 1998).

പി.കെ: *സ്ത്രീകൾ പഠിച്ചാൽ കുടുംബോപകാരം,* മുസ്ലിംമഹിള, പുസ്ത:2, ല.1 (ജനുവരി 1927) പു:16.

## കൃതികളിൽ പൊതുവായി ഉപയോഗിച്ച സാമുദായിക പദങ്ങൾ

| | | |
|---|---|---|
| അദാബ് | : | ദുരിതം |
| അസ്രായിൽ | : | മരണത്തിന്റെ മാലാഖ |
| ആലിം | : | പണ്ഡിതൻ |
| ഇദ്ദ | : | കാലയളവു പ്രതീക്ഷിച്ചിരിക്കുക, കാത്തിരിപ്പ് |
| ഇഫ്താർ | : | നോമ്പ് തുറ സൽക്കാരം |
| ഇബാദത്ത് | : | ആരാധന, വിധേയത്വം |
| ഇമാം | : | നേതാവ്, നായകൻ |
| ഓതുക | : | പാരായണം ചെയ്യുക |
| കഅ്ബ | : | വിശുദ്ധ ഗൃഹം |
| കഫം ചെയ്യുക | : | പുടവ അണിയിക്കുക |
| കബർ | : | ശവക്കല്ലറ |
| ഖാതീം | : | മുദ്രവെക്കുന്നവൻ, അവസാനത്തേത് |
| ഖാളി | : | വിധികർത്താവ് |
| ജഹന്നം | : | നരകം |
| ജാറം | : | ശവകുടീരം |
| ജിബ്രീൽ | : | ഒരു മാലാഖ |
| ത്വലാഖ് | : | വിവാഹമോചനം |
| ത്വവാഫ് | : | പ്രദക്ഷിണം, ചുറ്റിനടക്കുക |
| ദുആ | : | പ്രാർത്ഥന |
| ദിക്റ് | : | മന്ത്രം |
| നഫ്സ് | : | മനസ്സ്, സ്വത്വം, ആത്മാവ്, വ്യക്തി, ശരീരം |
| നേർച്ച | : | വഴിപാട് |

| | | |
|---|---|---|
| ഫദ്വ | : | മതവിധി |
| ഫക്കീർ | : | ദരിദ്രൻ |
| ഫസ്ഖ് | : | സ്ത്രീകളുടെ മുൻകയ്യാൽ നടക്കുന്ന വിവാഹമോചനം |
| ഫാത്തിഹ | : | ഖുർആനിലെ ഒരദ്ധ്യായം |
| ഫിത്ന | : | കുഴപ്പം, വഴിതെറ്റിക്കുക, പരീക്ഷിക്കുക |
| ബർകത്ത് | : | അനുഗ്രഹം |
| ബുലൂഖ് | : | പ്രായപൂർത്തി |
| മഅ്‌ന | : | അർത്ഥം |
| മഹ്ശറ | : | പരലോകം |
| മർവ്വ | : | മക്കയിലെ ഒരു പർവ്വതം |
| മുസീബത്ത് | : | ദുരിതം |
| മസ്അല | : | ചർച്ചചെയ്യപ്പെട്ട വിഷയം, കാര്യം, പ്രശ്നം, വ്യാഖ്യാനം |
| മുതവ | : | മതപരമായ നിയമം |
| മുർസൽ | : | ദൂതൻ, സംരക്ഷകൻ |
| മൗത്ത് | : | മരണം |
| മൗലൂദ് | : | പ്രവാചക പ്രകീർത്തനങ്ങൾ |
| വഅ്ള് | : | മതപ്രഭാഷണം |
| വഫാത്ത് | : | മരണം |
| വസിയ്യത്ത് | : | ഉപദേശം, കൽപന, മരണപത്രം |
| ശർഅ് | : | വിശദീകരണം |
| ശരീഅത്ത് | : | മതം അനുശാസിക്കുന്ന നിയമവ്യവസ്ഥ, ദൈവികനിയമം |
| ശുഹദാക്കൽ | : | ദിവ്യയുദ്ധത്തിൽ മരണപ്പെട്ടവർ |
| ശൈത്താൻ | : | പിശാച് |
| സൗജ് | : | ഇണ, പങ്കാളി |
| സഫ | : | മക്കയിലെ ഒരു പർവ്വതം |

| | | |
|---|---|---|
| സബൂർ | : | ക്ഷമ |
| സിഹ്റ് | : | മാരണം ചെയ്യുക. |
| സംസം | : | പുണ്യജലം |
| യാസീൻ | : | ഖുർആനിലെ ഒരദ്ധ്യായം |
| ഹയാത്ത് | : | ജീവിതം, ജീവൻ |
| ഹലാൽ | : | അനുവദനീയം |
| ഘറാം | : | നിഷിദ്ധമായത് |
| ഘൗള് | : | വെള്ളം ശേഖരിച്ചുവെക്കുന്നസ്ഥലം |
| റബ്ബ് | : | രക്ഷിതാവ്, ഉടമസ്ഥൻ, പരിപാലകൻ, ദൈവത്തിന്റെ വിശേഷനാമത്തിൽ ഒന്ന് |
| ളഹറിട | : | തെല്ലിട |
| ളൂഹ് | : | ആത്മാവ് |